# പട്രോളജി

## വാല്യം – 1



ജി. ചേടിയത്ത്

ജി. ചേടിയത്ത്

# പട്രോളജി - വാല്യം 1

## (ആദിമസഭയുടെ സന്ദേശം)

(ആദ്യനൂറ്റാണ്ടുകളിലെ ദൈവശാസ്ത്രജ്ഞന്മാർ,
കൃതികൾ, ദൈവശാസ്ത്രം)

OIRSI
No. 288

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
2006


www.malankaralibrary.com

**G.CHEDIATH, PATROLOGY - 1**
(AADIMASABHAYUDE SANDĒŠAM / The Message of the early Fathers)
A publication of the Oriental Institute of Religious Studies, P.B.No.10. Vadavathoor, Kottayam. 686010. Kerala.India.

© G. Chediath, 2006.

Printed at : Bethany Press, Kalathipady, Kottayam - 686010
Ph. 0481 - 2571355

Price : Rs. 150/-

ISBN : 81 - 88456 - 25 - X

www.malankaralibrary.com

# വിഷയവിവരം


അവതാരിക 10

ആശംസ 11

ആമുഖം 12

**അധ്യായം 1 : ഡിഡാക്കെ** **23**

ഘടന 23, മാമോദീസാ 24, കുർബാന 24, സഭാധികാരികൾ 26, പ്രവാചകന്മാർ 26, സഭാശാസ്ത്രം 27, കാലാന്ത്യം 28, എഴുതിയ കാലം 28.

**അധ്യായം 2 : അപ്പസ്തോലിക പിതാക്കന്മാർ** **30**

**1. റോമിലെ വി. ക്ലെമെന്റ് (92–101)** – 32
കൊറിന്തോസുകാർക്കെഴുതിയ ലേഖനം 32, ദൈവശാസ്ത്രം 34, അയഥാർഥ കൃതികൾ 36: 1. ക്ലെമെന്റിന്റെ രണ്ടാം ലേഖനം 37; 2. കന്യകൾക്കുള്ള രണ്ടു ലേഖനങ്ങൾ 38; 3.സെവുഡോ-ക്ലെമെന്റയിൻസ് 39.

**2. അന്ത്യോകൃയിലെ വി. ഇഗ്നേഷ്യസ് (+110)** – 40
ദൈവശാസ്ത്രം 42, മിസ്റ്റിസിസം 47, ലേഖനങ്ങളുടെ വാസ്തവികത 49.

**3. സ്മിർണായിലെ വി. പോളിക്കാർപ്പ് (+ 156)** – 49
ഫിലിപ്യർക്കെഴുതിയ ലേഖനം 50, രക്തസാക്ഷിത്വം 52.

**4. ഹിയരാപ്പൊളീസിലെ പപ്പിയാസ് (+130) – 53**

**അധ്യായം 3 : മൂന്നു പ്രാചീനകൃതികൾ** **40**

**1. ബർണബാസിന്റെ ലേഖനം 56**

**2. ഹെർമാസിന്റെ ഇടയൻ 60**

**3. ഡയഗ്നേറ്റസിനുള്ള ലേഖനം 64**

**അധ്യായം 4 : സാർദിസിലെ മെലിറ്റോ (+190)** **67**

**അധ്യായം 5 : ലയൺസിലെ വി. ഐറേനിയസ് (+200)** **69**

**കൃതികൾ** 70: 1.പാഷണ്ഡതകൾക്കെതിരെ 71; 2.ശ്ലൈഹിക പ്രബോധനത്തിന്റെ തെളിവ് 72; **ദൈവശാസ്ത്രം** 73: ത്രിത്വം 73, ക്രിസ്തുശാസ്ത്രം 74, മരിയശാസ്ത്രം 74, സഭാശാസ്ത്രം 75, റോമാസഭ 75, കുർബാന 76, വേദപുസ്തകം 76, കാലാന്ത്യം 78.

**അധ്യായം 6 : അപ്പോക്രീഫൽ സാഹിത്യം** **79**

**1. പഴയനിയമത്തിലെ അപ്പോക്രീഫൽ കൃതികളിൽ ക്രൈസ്തവർ വരുത്തിയ തിരുത്തലുകൾ** – 80.

**2. അപ്പോക്രീഫൽ സുവിശേഷങ്ങൾ** – 81.

1.എബ്രായരുടെ സുവിശേഷം 81; 2.ഈജിപ്റ്റുകാരുടെ സുവിശേഷം 81; 3.എബിയോണീത്തരുടെ സുവിശേഷം 81; 4.പത്രോസിന്റെ സുവിശേഷം 82; 5.നിക്കൊദേമൂസിന്റെ സുവിശേഷം 82; 6.യാക്കോബിന്റെ പ്രാരംഭസുവിശേഷം 83; 7.തോമസിന്റെ സുവിശേഷം 84; 8.യേശുവിന്റെ ബാല്യകാല സുവിശേഷം 86; 9.ജോസഫിന്റെ അറബിഭാഷയിലുള്ള സുവിശേഷം 86; 10.ഫിലിപ്പിന്റെ സുവിശേഷം 86; 11. മത്തിയാസിന്റെ സുവിശേഷം 86; 12.ബർണബാസിന്റെ സുവിശേഷം 87; 13.ബർത്തലോമ്യയുടെ സുവിശേഷം 87; 14.മറ്റ് അപ്പോക്രീഫൽ സുവിശേഷങ്ങൾ 87.

**3. അപ്പോക്രീഫൽ നടപടികൾ** – 88.

1.വി. പൗലോസിന്റെ നടപടികൾ 88; 2.വി. പത്രോസിന്റെ നടപടികൾ 90; 3.യോഹന്നാന്റെ നടപടികൾ 92; 4.പത്രോസിന്റെയും പൗലോസിന്റെയും നടപടികൾ 92; 5.അന്ത്രയോസിന്റെ നടപടികൾ 92; 6.തോമസിന്റെ നടപടികൾ 92; 7.തദേവൂസിന്റെ നടപടികൾ 93.

**4. അപ്പോക്രീഫൽ വെളിപാടുകൾ** – 94

1.പത്രോസിന്റെ വെളിപാട് 94; 2.പൗലോസിന്റെ വെളിപാട് 95; 3.സ്റ്റീഫന്റെ വെളിപാട് 96; 4.തോമസിന്റെ വെളിപാട് 96; 5.യോഹന്നാന്റെ വെളിപാട് 96; 6.കന്യകയുടെ വെളിപാട് 97.

**5. അപ്പോക്രീഫൽ ലേഖനങ്ങൾ** – 97

1.അപ്പസ്തോലന്മാരുടെ ലേഖനം 97; 2.വി. പൗലോസിന്റെ അപ്രാമാണിക ലേഖനങ്ങൾ 98: ലവദീക്യക്കാർക്കുള്ള ലേഖനം

www.malankaralibrary.com

98, അലക്സാണ്ഡ്രിയാക്കാർക്കുള്ള ലേഖനം 99, കൊറിന്തോസു കാർക്കെഴുതിയ മൂന്നാം ലേഖനം 99, പൗലോസും സെനെക്കായും തമ്മിലുള്ള കത്തിടപാടുകൾ 100.

**അധ്യായം 7 : ക്രിസ്തീയ പദ്യസാഹിത്യത്തിന്റെ ഉദയം** **101**

1. ആദിമ ക്രൈസ്തവരുടെ സ്തുതിഗീതങ്ങൾ 101
2. സോളമന്റെ ഗീതകങ്ങൾ 102
3. സിബിലിന്റെ വെളിപാടുകൾ 103
4. സെക്സ്റ്റസിന്റെ മൊഴികൾ 105
5. ക്രിസ്തീയ പദ്യങ്ങൾ ശ്മശാന ശിലകളിൽ 106
   അബേർചിയൂസിന്റെ – 106, പെക്തോറിയസിന്റെ 108

**അധ്യായം 8 : ആദ്യകാല രക്തസാക്ഷി വിവരണങ്ങൾ** **110**

**1. കോടതി നടപടികൾ**:111: 1.വി. ജസ്റ്റിന്റേയും കൂട്ടുകാരുടേയും നടപടികൾ 111, 2.ഷില്ലിയിലെ രക്തസാക്ഷികളുടെ നടപടികൾ 111, 3. വി. സിപ്രിയാന്റെ പ്രോകോൺസുളാർ നടപടികൾ 111.

**2. ദൃക്സാക്ഷിവിവരണം:** 111: (1) പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വ വിവരണം 111; (2) വീനിലെയും ലയൺസിലെയും രക്തസാക്ഷികളുടെ നടപടികൾ 111; (3) പെർപെത്വാ, ഫെലിസിറ്റാസ് എന്നിവരുടെ രക്തസാക്ഷി വിവരണം 112; (4) കാർപ്പൂസ്, പപ്പിലൂസ്, അഗത്തോനീസ് എന്നിവരുടെ നടപടികൾ 112; (5) അപ്പൊള്ളോണിയൂസിന്റെ നടപടികൾ 112.

**3. ഊഹക്കഥകൾ** 113

**അധ്യായം 9 : രണ്ടാം നൂറ്റാണ്ടിലെ വിശ്വാസ സമർഥകർ** **114**

1.ക്വാഡ്രാത്തുസ് 117; 2.ആഥൻസിലെ അരിസ്തിദെസ് 118; 3.പെല്ലായിലെ അരിസ്തോ 119; 4.സിറിയാക്കാരൻ താസ്യൻ 119; 5.മിൽത്തിയാദെസ് 122, 6.ഹിയെരാപ്പൊളീസിലെ അപ്പൊള്ളി നാരീസ് 123, 7.ആഥൻസിലെ അത്തനാഗോറസ് 123, 8.അന്ത്യോ ക്യയിലെ തെയോഫിലസ് 126, 9.ഹെർമിയാസ് 127.

**അധ്യായം 10 : വി. ജസ്റ്റിൻ** **128**

**കൃതികൾ** 129: 1. ഒന്നാം അപ്പോളജി 129; 2. രണ്ടാം അപ്പോളജി 130; 3. ട്രീഫോയുമായുള്ള സംവാദം 131; 4. നഷ്ടപ്പെട്ട കൃതികൾ 132. **ദൈവശാസ്ത്രം** 132: ദൈവം 132, ഹവ്വായും മറിയവും 134, മാലാഖമാരും പിശാചുക്കളും 134, ഉത്ഭവപാപം 135, മാമോ ദീസായും കുർബാനയും 135, യുഗാന്ത്യം 142.

**അധ്യായം 11 : ആദ്യകാല അബദ്ധോപദേശങ്ങൾ** **143**

**1. ഗ്നോസ്റ്റിസിസം** – 144

ക്രിസ്തുമതത്തിന് മുമ്പ് 144, ആദ്യകാല ജ്ഞാനവാദികൾ 144, ക്രൈസ്തവ ജ്ഞാനവാദികൾ 145: 1.ബസിലിദെസ് 145; 2.ഇസിദോർ 146; 3.വലന്റീനസ് 146; 4.റ്റോളമി 147; 5.ഹെരാക്ലെയോൻ 147, 6.ഫ്ളോറീനുസ് 147; 7.ബർദൈസാൻ 148; 8.ഹാർമോണിയസ് 148; 9.തെയൊഡോട്ടസ് 149; 10.മാർക്കുസ് 149; 11.കർപ്പോക്രാത്തെസ് 149; 12.എപ്പിഫാനസ് 149; 13.മാർസ്യൻ 150; 14.അപ്പെല്ലെസ് 152; 15.എൻക്രത്തീത്തർ 153; 16.ജൂലിയസ് കാസിയൻ 153; 17.കായേനീത്തർ 153; 18.ചെരിന്തുസ് 154; 19.സത്തുർണീനുസ് 154; മറ്റു ചില ഗ്നോസ്റ്റിക് കൃതികൾ 154. എന്താണ് ജ്ഞാനവാദം (ഗ്നോസ്റ്റിസിസം)? 155.

**2. മോണ്ടനിസം** – 157

**അധ്യായം 12 : പാഷണ്ഡതാവിരുദ്ധ സാഹിത്യത്തിന്റെ ആരംഭം** **159**

1.സൊത്തെർ 160; 2.എലെവുത്തേരൂസ് 160; 3.വിക്ടർ 160; 4.സെഫറീനുസ് 162; 5.മറ്റുചില ആദികാല മാർപാപ്പാമാർ 163; 6.കൊറിന്തോസിലെ ദിവന്നാസ്യോസ് 164; 7.ഗ്നോസുസിലെ പിനീത്തുസ് 164; 8.അന്ത്യോകൃയിലെ സെറാപിയോൻ 164, 9.ഹെജെസിപ്പുസ് 165.

**അധ്യായം 13 : ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം** **167**

**അധ്യായം 14 : മൂന്നു റോമൻ ചിന്തകന്മാർ** **175**

**1. മിനൂചിയൂസ് ഫേലിക്സ്** 175

**2. വി. ഹിപ്പോളിറ്റസ്** 177

**കൃതികൾ 178:** 1.ഫിലൊസൊഫുമെന 178; 2. സിൻതഗ്മാ 179; 3. അന്തിക്രിസ്തു 179; 4. ഭാഷ്യങ്ങൾ 179; 5.നാളാഗമ കൃതികൾ 181; 6.പ്രസംഗങ്ങൾ 181; 7.അപ്പസ്തോലിക പാരമ്പര്യം 181; 8.നഷ്ടപ്പെട്ട കൃതികൾ 182. **ദൈവശാസ്ത്രം 183:** ക്രിസ്തുശാസ്ത്രം 183, രക്ഷാശാസ്ത്രം 184, സഭാശാസ്ത്രം 184, പാപമോചനം 185.

**3. നൊവേഷ്യൻ – 186**

**കൃതികൾ 187:** 1.ത്രിത്വത്തെക്കുറിച്ച് 187; 2.യൂദരുടെ ആഹാരത്തെപ്പറ്റി 188, 3.കാഴ്ചകൾ 189, 4.അടക്കത്തിന്റെ ഗുണങ്ങൾ 189, 5.ലേഖനങ്ങൾ 190. **ദൈവശാസ്ത്രം 190.**

**അധ്യായം 15 : തെർത്തുല്യൻ** 192

**ജീവചരിത്രം 194,** ശൈലി 195. **കൃതികൾ 196:** 1. *അപ്പോളജെറ്റിക്കൽ കൃതികൾ* 196: 1.ജാതികളോട് 196; 2.അപ്പോളജി 196; 3.ആത്മാവിന്റെ സാക്ഷ്യം 198; 4. സ്കാപ്പുളായ്ക്ക് 199; 5. യൂദന്മാർക്കെതിരെ 199. *2. താർക്കിക കൃതികൾ* 199: 1. അബദ്ധോപദേശകർക്കെതിരെ 200; 2. മാർസ്യനെതിരെ 201; 3.ഹെർമോജെനസിനെതിരെ 201; 4.വലന്റീനിയർക്കെതിരെ 202; 5.മാമോദീസായെപ്പറ്റി 202; 6.തേളിന്റെ കുത്തിനെതിരെ 202; 7.ക്രിസ്തുവിന്റെ ശരീരത്തെപ്പറ്റി 202; 8.ശരീരത്തിന്റെ ഉയർപ്പ് 203; 9.പ്രാക്സെയാസിനെതിരെ 203; 10.ആത്മാവിനെപ്പറ്റി 204; *3. ശിക്ഷണക്രമം ധാർമികക്രമം...സംബന്ധിച്ച കൃതികൾ* 204: 1.രക്തസാക്ഷികളോട് 205; 2.കാഴ്ചകളെപ്പറ്റി 205; 3. സ്ത്രീകളുടെ വസ്ത്രധാരണത്തെപ്പറ്റി 205; 4.പ്രാർത്ഥനയെപ്പറ്റി 206; 5.ക്ഷമയെപ്പറ്റി 207; 6.അനുതാപത്തെപ്പറ്റി 207; 7.ഭാര്യയോട് 207; 8.ശുദ്ധതയെ സംബന്ധിച്ചുള്ള ഉപദേശം 207; 9.ഏകഭാര്യത്വത്തെപ്പറ്റി 208; 10.കന്യകകൾ തല മൂടുന്നതിനെപ്പറ്റി 208; 11.കിരീടം 208; 12. മതപീഡനത്തിലെ ഒളിച്ചോട്ടം 209; 13.വിഗ്രഹാരാധനയെക്കുറിച്ച് 209; 14.ഉപവാസത്തെക്കുറിച്ച് 209; 15 അടക്കത്തെക്കുറിച്ച് 209; 16.പാലിയത്തെക്കുറിച്ച് 210, 4.*നഷ്ടപ്പെട്ട കൃതികൾ* 210.

**ദൈവശാസ്ത്രം 211**: തത്വശാസ്ത്രവും ദൈവശാസ്ത്രവും 211, ദൈവശാസ്ത്രവും നിയമവും 211, ത്രിത്വം 212, കന്യകമറിയം 213, സഭാശാസ്ത്രം 214.

**അധ്യായം 16 : വി. സിപ്രിയാൻ (+258)** 216

**ജീവചരിത്രം 216. കൃതികൾ 219:** *പ്രതിപാദനങ്ങൾ* 219; 1.ഡൊണാത്തുസിന് 219; 2.കന്യകകളുടെ വസ്ത്രം 220; 3.വീണവരെക്കുറിച്ച് 220; 4.സഭയുടെ ഐക്യം 221; 5. കർതൃപ്രാർഥന 221; 6.ദെമെത്രിയാന് 222; 7.മർത്യത 222; 8.സത്പ്രവൃത്തികളും ദാനധർമങ്ങളും 223; 9.ക്ഷമയുടെ ഗുണങ്ങൾ 223; 10.അസൂയയും കുശുമ്പും 223; 11.രക്തസാക്ഷിത്വത്തിനുള്ള ആഹ്വാനം 224; 12.ക്വിരീനസിന് 224; 13.വിഗ്രഹങ്ങൾ ദൈവമല്ല 224. *ലേഖനങ്ങൾ* 224. അയാഥാർഥ കൃതികൾ 227.

**ദൈവശാസ്**ത്രം 227: സഭാശാസ്ത്രം 227, റോമാസഭയുടെ അധ്യക്ഷസ്ഥാനം 228, മാമോദീസാ 230, അനുതാപം 230, ദൈവജനം ഒരു നിഗൂഢയാഥാർഥ്യം 231, സഭയും ത്രിത്വവും 231, കുർബാന 232.


www.malankaralibrary.com

**അധ്യായം 17 : അർനോബിയുസും ലക്താൻസ്യൂസും** **233**

**1. അർനോബിയുസ്** **233**

**2. ലക്താൻസ്യൂസ്** **235**

*കൃതികൾ* 235: 1.ദൈവത്തിന്റെ ശില്പവൈദഗ്ധ്യം 235; 2.ദൈവിക സ്ഥാപനങ്ങൾ 236; 3.എപ്പിറ്റോം 236; 4.ദൈവകോപം 237; 5.പീഡകരുടെ മരണം 237, 6.ഫീനിക്സ്പക്ഷി 237; 7.നഷ്ടപ്പെട്ട കൃതികൾ 237.

*ദൈവശാസ്ത്രം 238:* ദ്വൈതവാദം 238, പരിശുദ്ധാത്മാവ് 239, ആത്മാവിന്റെ സൃഷ്ടിയും അമർത്യതയും 239, യുഗാന്ത്യം 239.

**അധ്യായം 18 : പന്തേനൂസും ക്ലെമെന്റും** **241**

**പന്തേനൂസ്** **242**

**ക്ലെമെന്റ്** **243**

*കൃതികൾ* 244*:* 1.ഗ്രീക്കുകാരോടുള്ള ഉപദേശം 244; 2.ഗുരു 245; 3.സ്ട്രോമാറ്റ 246; 4.തെയോഡോട്ടസിൽ നിന്നുള്ള ഉദ്ധരണികൾ 246; 5.രക്ഷിക്കപ്പെടുന്ന ധനവാനാര് 247; 6.നഷ്ടപ്പെട്ട കൃതികൾ 247.

*ദൈവശാസ്ത്രം* 247: വചനം 248, സഭാശാസ്ത്രം 249, മാമോദീസാ 250, കുർബാന 251, പാപവും പാപമോചനവും 251, വിവാഹവും കന്യാത്വവും 252.

**അധ്യായം 19 : ഒരിജൻ (+253)** **253**

**ജീവചരിത്രം – 253**

**കൃതികൾ 256,** 1.ഹെക്സപ്ലാ 256; 2.ഭാഷ്യകൃതികൾ 256; 3. *വിശ്വാസസമർത്ഥന കൃതികൾ* 258; 4. *താത്വിക കൃതികൾ* 259: ആദ്യതത്വങ്ങൾ 259, ഹെരാക്ലിദെസുമായുള്ള ചർച്ച 260, ഉയർപ്പിനെക്കുറിച്ച് 261, കയറ്റുപായ് 261, 5. *പ്രായോഗിക കൃതികൾ* 261: പ്രാർത്ഥനയെക്കുറിച്ച് 262, രക്തസാക്ഷികളോടുള്ള ഉപദേശം 263, പെസഹായെക്കുറിച്ച് 264: കത്തുകൾ 264.

**ദൈവശാസ്ത്രം** 264: ത്രിത്വം 264, ക്രിസ്തുശാസ്ത്രം 265, കന്യകമറിയം 266, സഭാശാസ്ത്രം 266, ഉത്ഭവപാപവും മാമോദീസായും 266, പാപമോചനം 266, കാലാന്ത്യം 267, **മിസ്റ്റിസിസം** 268.

**അധ്യായം 20 : ആറ് അലക്സാണ്ഡ്രിയൻ ചിന്തകന്മാർ** 271

1. അമ്മോണിയുസ് 271
2. ദിവന്നാസ്യോസ് 271
3. തെയൊഗ്നോസ്റ്റസ് 274
4. പിയേരിയുസ് 274
5. പീറ്റർ 275
6. ഹെസീക്കിയൂസ് 276

**അധ്യായം 21 : ഒരിജന്റെ നാലു സ്നേഹിതന്മാർ** 277

1. അദ്ഭുതപ്രവർത്തകനായ ഗ്രിഗോറിയോസ് 277
2. കേസറിയായിലെ ഫിർമീലിയൻ 280
3. ജൂലിയസ് ആഫ്രിക്കാനുസ് 281
4. കേസറിയായിലെ പംഫീലുസ് 281

**അധ്യായം 22 : മൂറത്തോറിയൻ രേഖാശകലം** 283

**അധ്യായം 23 : നാലു രേഖകൾ** 287

1. ഡിഡസ്ക്കാലിയ 287
2. അപ്പസ്തോലിക സഭാക്രമം 287
3. അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷൻസ് 288
4. കർത്താവിന്റെ വിൽപ്പത്രം 288

**അനുബന്ധം** 289

1. വി. ജസ്റ്റിന്റെ രക്തസാക്ഷിത്വം 289
2. ഷില്ലിയിലെ രക്തസാക്ഷികളുടെ നടപടികൾ 292
3. വി. സിപ്രിയാന്റെ പ്രോകോൺസുളാർ നടപടികൾ 264

ആമുഖത്തിന്റെ അടിക്കുറിപ്പുകൾ 299
ടെക്സ്റ്റിന്റെ അടിക്കുറിപ്പുകൾ 300
ചുരുക്കെഴുത്തുകളുടെ പൂർണരൂപം 303
സഹായകഗ്രന്ഥങ്ങൾ 303
*General Index* 305

# അവതാരിക

ആദിമ ക്രൈസ്തവ സഭയുടെ സന്ദേശം ആധുനിക തലമുറ ഗ്രഹിക്കേണ്ടതാണ്. ശ്ളീഹന്മാർ വരച്ചുകാട്ടിയ ഈശോമിശിഹായേയും അവിടുത്തെ രക്ഷാകരസന്ദേശത്തേയും തൊട്ടടുത്ത കാലഘട്ടത്തിൽ അനുഭവിച്ചറിഞ്ഞവരാണ് ആദിമസഭയിലെ ക്രൈസ്തവർ. വിണ്ണിൽനിന്ന് മന്നിലെത്തിയ ഈ രക്ഷാകരസന്ദേശം അവരിലുളവാക്കിയ പ്രതികരണം, അവർ ഈ സന്ദേശത്തിനു നൽകിയ പ്രത്യുത്തരം മുതലായവ ഇരുപതു നൂറ്റാണ്ടുകൾക്കിപ്പുറത്തു ജീവിക്കുന്ന ആധുനികന് ആവേശം പകരുമെന്നതിനു സംശയമില്ല. ആഴത്തിൽ വേരോടിയ വൃക്ഷമാണ് ക്രിസ്തുസഭ. വേരുകളെത്തേടിയുള്ള പാച്ചിൽ ഈ തലമുറയുടെ പ്രത്യേകതയാണല്ലോ. കൈരളിയിൽ ഈ തലത്തിൽ സഹായകമായ ഗ്രന്ഥം അധികമില്ല. ആ കുറവു നികത്താനുള്ള സംരംഭത്തിന്റെ തുടക്കമാണ് ഈ കൃതി. പാശ്ചാത്യഭാഷകളിൽ ആദിമസഭയിലെ എഴുത്തുകാരെപ്പറ്റി പ്രതിപാദിക്കുന്ന നിരവധി ഗ്രന്ഥങ്ങൾ ഉണ്ട്. എന്നാൽ അപൂർവം ചിലർക്കൊഴികെ മറ്റാർക്കും അത്തരം കൃതികളെക്കുറിച്ച് ഗ്രാഹ്യമില്ല. ആദിമക്രൈസ്തവസഭയിലെ ചിന്തകരെ മലയാളികളുടെ മുൻപിൽ അവതരിപ്പിക്കുക, അവരുടെ ജീവിതം, ചിന്താരീതി, കൃതികൾ, സംഭാവനകൾ, പരാജയങ്ങൾ, ക്രിസ്ത്വനുഭവം എന്നിവ അപ്പാടെ പകർത്തുക എന്നിവയാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം. പണ്ഡിതനായ ഗ്രന്ഥകർത്താവിന്റെ പരിശ്രമം ഫലമണിയട്ടെ എന്ന് ആശംസിക്കുന്നു.

പ്രൊഫ. ഡോ. പ്ലാസിഡ് ജെ.പൊടിപാറ (+1985)

# ആശംസ

സുവിശേഷങ്ങളിൽ തെളിഞ്ഞുനിൽക്കുന്ന സഭാചിത്രം പിൽക്കാലത്ത് ഒളിമങ്ങിയിട്ടുണ്ടെന്ന് സഭാചരിത്രം തന്നെ സാക്ഷിക്കുന്നു. ശ്ലീഹന്മാരുടെ പൈതൃകം ഉറഞ്ഞുകൂടിയ ആദിമസഭയുടെ ഉറവിടങ്ങൾ പഠിക്കുന്നത് സത്യ വിശ്വാസപരിശീലനത്തിനുള്ള പ്രഥമപടികളാണ്. സുവിശേഷം ജീവിതമാക്കിയ ആദിമ ക്രൈസ്തവതലമുറകളുടെ മാർഗദീപങ്ങളായിരുന്നു സഭാപിതാക്കന്മാർ. ക്രൈസ്തവസഭയുടെ ആദ്യത്തെ എട്ടരനൂറ്റാണ്ടുകാലത്തെ സത്യവിശ്വാസപ്രഘോഷകരാണ് അവർ. പ്രേഷിതചൈതന്യഭരിതമായ അവരുടെ ജീവിതകഥ അക്കാലത്തെ സഭാജീവിത കാഴ്ചപ്പാടുകൾക്ക് ഊടും പാവും നൽകി. എക്കാലത്തെയും സഭയ്ക്ക് അഭിമാനിക്കാവുന്ന ദൈവശാസ്ത്രപാതകൾ സഭാപിതാക്കന്മാർ വെട്ടിത്തുറന്നു. പഴയനിയമകാലത്തെ പ്രവാചകന്മാരുടെയും പുതിയ നിയമകാലത്തെ ശ്ലീഹന്മാരുടെയും പ്രബോധനങ്ങളുടെ പിന്തുടർച്ചക്കാരായി സഭാപിതാക്കന്മാർ പിൽക്കാല ദൈവശാസ്ത്രജ്ഞന്മാരിൽ നിന്ന് ഉയർന്നുനിൽക്കുന്നു. സത്യവിശ്വാസത്തിന്റെ പ്രചാരത്തിനും പരിപാലനത്തിനും വേണ്ടി ജീവിതസമർപ്പണം നടത്തിയവരെന്ന നിലയ്ക്ക് പിൽക്കാലദൈവശാസ്ത്രത്തിന് അനുകരണാർഹമായ വഴി അവർ കാണിച്ചുതരുന്നു. രക്ഷാകരസംഭവങ്ങളോട് ചരിത്രപരമായ അടുപ്പം, അവർക്ക് ലഭിച്ച അനുഗ്രഹവും അവസരവുമായിരുന്നു. മിശിഹാനുഭവത്തിന്റെ തീവ്രമായ ഉൾക്കാഴ്ചകൾ അവരുടെ ദൈവശാസ്ത്രദർശനങ്ങളിൽ ത്രസിച്ചുനിൽക്കുന്നു. തികച്ചും ആവേശോജ്ജ്വലമായ തരത്തിലായിരുന്നു അവരുടെ സുവിശേഷ വ്യാഖ്യാനശൈലികൾ. ഉറവിടങ്ങളുടെ സഹായം വഴി ക്രൈസ്തവ സമൂഹത്തിന്റെ യഥാർഥ ചിത്രം തേടുന്ന ഏതൊരാൾക്കും സഭാപിതൃവിജ്ഞാനീയം അത്യന്താപേക്ഷിതമായ പഠനമേഖലയാണ്. കേവലം ഉപരിപ്ലവരീതിയിൽ ദൈവശാസ്ത്രം കൈകാര്യം ചെയ്ത് ശീലിച്ചവർക്കുപോലും തെറ്റ് തിരുത്താൻ സഹായിക്കുന്ന ശൈലിയാണ് സഭാപിതാക്കന്മാരുടെ കൃതികളിൽ കാണുക. പ്രസ്തുത പഠനമേഖലയെ മലയാളലോകത്തിന് പരിചയപ്പെടുത്തുന്നതിന് ഏറ്റവും കൂടുതൽ പരിശ്രമിച്ചിട്ടുള്ളത് ബഹുമാനപ്പെട്ട ചേടിയത്തച്ചനാണ്. എൺപതിൽപരം ഗ്രന്ഥങ്ങളിലൂടെ അദ്ദേഹം തുടങ്ങിവച്ചിരിക്കുന്ന മഹത്തായ ഈ പരിശ്രമം മലയാളത്തിലുള്ള ക്രൈസ്തവചിന്തയുടെ മാറ്റുകൂട്ടുന്നതിൽ വിജയിച്ചിട്ടുണ്ട്. നിരന്തരമായ കഠിനാധ്വാനത്തിന്റെയും ഉത്സാഹഭരിതമായ ദൈവശാസ്ത്ര തപസ്യയുടെയും പ്രതീകമായ അച്ചന്റെ തൂലികയിൽ നിന്ന് കേരളക്രൈസ്തവലോകം ഇനിയും ഇതുപോലുള്ള സദ്ഫലങ്ങൾ പ്രതീക്ഷിക്കുന്നു.

പൗരസത്യവിദ്യാപീഠം,
വടവാതൂർ, കോട്ടയം - 686010
സെപ്തംബർ 20, 006

പ്രൊഫ. ഡോ. തോമസ് കൂനമ്മാക്കൽ


www.malankaralibrary.com

# ആമുഖം

ആദിമസഭയുടെ സന്ദേശം യുഗാന്ത്യത്തോളം ദിഗന്തങ്ങളിൽ മുഴങ്ങുന്നു. വെളിപാടിന്റെ സ്വരം ശ്രവിക്കയും മാംസമെടുത്ത വചനത്തെ സ്പർശിക്കുകയും ചെയ്ത അപ്പസ്തോലിക സഭയിൽ നിന്ന് അനർഗളം നിർഗളിക്കുന്ന അരുവി കാലത്തിലൂടെ ഒഴുകി ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെത്തിയിരിക്കുന്നു. ദാഹം തീരുന്നതുവരെ തലമുറകൾ കോരിക്കോരിക്കുടിച്ചു തൃപ്തിയടഞ്ഞ ആ സ്വച്ഛന്ദ ജലപ്രവാഹം വരാനിരിക്കുന്ന നൂറ്റാണ്ടുകളിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു. മന്നിൽ നിറഞ്ഞു കവിയുവാൻ വേണ്ടി നിത്യനായ ദൈവം ലോകചരിത്രത്തിന്റെ മുഹൂർത്തവേളയിൽ സമാരംഭിച്ച നീർച്ചാൽ ശക്തിയായ വെള്ളപ്പാച്ചിലായി കാലാന്ത്യത്തിലേക്ക് കുതിച്ചുപാഞ്ഞുകൊണ്ടിരിക്കുന്നു. ഒരിക്കലും വറ്റാത്ത, തീരം തിങ്ങിക്കവിഞ്ഞൊഴുകുന്ന, സജീവ ജലപ്രവാഹത്തിൽ നിന്ന് ഇന്നലെയും ഇന്നും പ്രപഞ്ചം അന്തർദാഹം ശമിപ്പിച്ചുകൊണ്ടിരിക്കയാണ്. ഈ പ്രവാഹത്തിന്റെ തുടക്കമെവിടെ എന്നറിയാനുള്ള ഒരെളിയ സംരംഭമാണ് ഈ കൃതി.

ഈ കൃതിയിൽ ഡിഡാക്കെ മുതൽ നിഖ്യാ കൗൺസിൽ വരെ (325)യുള്ള ക്രൈസ്തവ സാഹിത്യകാരന്മാർ, കൃതികൾ, അവരുടെ ദൈവവിജ്ഞാനീയം എന്നിവ സമ്യക്കായി വിവരിക്കുന്നു. ജെ. ക്വാസ്റ്റന്റെ പട്രോളജി എന്ന കൃതിയുടെ ഒന്നും രണ്ടും വാല്യങ്ങളെ മുഖ്യമായും ആധാരമാക്കിയാണ് ഇതു തയ്യാറാക്കിയിരിക്കുന്നത്. സഭാപിതാക്കന്മാരെപ്പറ്റിയുള്ള ശാസ്ത്രത്തെക്കുറിച്ചു ചില സംഗതികൾ പൊതുവായി പറഞ്ഞുകൊള്ളട്ടെ.

**പട്രോളജി**

ആദിമ ക്രൈസ്തവ സഭയിലെ ചിന്തകന്മാരെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രം പട്രോളജി എന്നറിയപ്പെടുന്നു. രക്ഷാസന്ദേശം അവികലമായ രീതിയിൽ മനസ്സിലാക്കുകയും സ്വായത്തമാക്കുകയും പകർന്നു കൊടുക്കുകയും ചെയ്തവരുണ്ട് അക്കൂട്ടത്തിൽ; ഭാഗികമായി മാത്രം ആ സന്ദേശം മനസ്സിലാക്കിയവരുമുണ്ട്; വികലമായി പകർന്നു കൊടുത്തവരുണ്ട്; സത്യത്തിൽ മായം ചേർത്ത രാക്ഷസന്മാരുണ്ട്. പട്രോളജി ഇവരെപ്പറ്റിയെല്ലാം ചർച്ച ചെയ്യു

ന്നുണ്ടെങ്കിലും ഒന്നാമത്തെ വിഭാഗത്തിൽ പെടുന്നവരാണ് പ്രധാനമായി പ്രസ്തുത ദൈവശാസ്ത്രശാഖയുടെ കീഴിൽ വരുന്നവർ.

**സഭാപിതാക്കന്മാർ**

ഗുരുക്കന്മാരെ പിതാക്കന്മാരെന്ന് പുരാതനകാലത്തു വിളിക്കുക പതിവായിരുന്നു: 'നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഉപദേഷ്ടാക്കൾ ഉണ്ടായിരിക്കാം. എന്നാൽ പിതാക്കന്മാർ വളരെയില്ല. സുവിശേഷപ്രസംഗം വഴി യേശുക്രിസ്തുവിൽ നിങ്ങൾക്ക് ജന്മം നൽകിയത് ഞാനാണ്' എന്ന് പൗലോസ് ശ്ലീഹാ പറയുന്നു (1 കൊറി. 4:15). ശിഷ്യന്മാരുടെ പിതാക്കന്മാരായിരുന്നു ഗുരുക്കന്മാർ. പഠിപ്പിക്കുക എന്നത് മെത്രാന്മാരുടെ പ്രധാന കർത്തവ്യങ്ങളിൽ ഒന്നായിരുന്നതിനാൽ, പിതാവ് എന്ന് മെത്രാന്മാരെ വിളിക്കുന്ന പതിവ് പ്രാചീനക്രിസ്തീയ സഭയിൽ ഉടലെടുത്തു. കാലാന്തരത്തിൽ സഭയുടെ പൊതുപാരമ്പര്യത്തിന്റെ വക്താക്കളായ എഴുത്തുകാരെയെല്ലാം പിതാക്കന്മാർ എന്നു വിളിച്ചുതുടങ്ങി.

പിൽക്കാല ക്രൈസ്തവസഭ സഭാപിതാക്കന്മാരുടെ കാലഘട്ടത്തിനു അതിരും കുറിച്ചിട്ടുണ്ട്. പാശ്ചാത്യസഭയിൽ മഹാനായ ഗ്രിഗറി വരെ (+604), അഥവാ സെവിലിലെ ഇസിദോർ വരെ (+636); പൗരസ്ത്യസഭയിൽ ഡമാസ്കസിലെ യോഹന്നാൻ(ജോൺ ഡമഷീൻ) വരെ (+749). അതായത് ഈ കാലഘട്ടത്തിനു മുമ്പ് ജീവിച്ചിരുന്നവർ മാത്രമേ പട്രോളജിയിൽ ഉൾപ്പെടുന്നുള്ളു. അവരെ മാത്രമേ നിഷ്കൃഷ്ടാർഥത്തിൽ സഭാപിതാക്കന്മാരെന്നു വിളിക്കാൻ പാടുള്ളു എന്നു സാരം.

സഭാപിതാക്കന്മാർ എന്ന സംജ്ഞയ്ക്ക് അർഹരായവർ ചില സവിശേഷതകളുടെ അവകാശികളായിരിക്കണം. (1) ഒന്നാമത്തെ നിബന്ധന രക്ഷാസന്ദേശം അവികലമായും പൂർണമായും അവർ ഗ്രഹിച്ചിരിക്കണം; ജീവിതത്തിന്റെ ഭാഗമാക്കിയിരിക്കണം; കളങ്കരഹിതമായി പകർന്നു കൊടുത്തിരിക്കണം. നിർമലവും ശ്രേഷ്ഠവും ധീരോദാത്തവുമായ ക്രൈസ്തവ ജീവിതത്തിന്റെ ഉടമയെ മാത്രമേ സഭാപിതാവ് എന്നു വിളിക്കാവൂ. അദ്ദേഹം വരച്ചുകാട്ടുന്ന ക്രിസ്തുചിത്രം പൂർണമായിരിക്കണം. ജീവിതത്തിൽ ആസ്വദിച്ചറിഞ്ഞ ദിവ്യസന്ദേശം അവികലമായി കൈമാറണം. സഭാപിതാവ് സത്യവിശ്വാസത്തിന്റെ വക്താവാണ്. എന്നു പറഞ്ഞാൽ സത്യവിശ്വാസത്തോടുള്ള അദമ്യമായ ഭക്തി, സത്യസഭയോടുള്ള വിശ്വസ്തമായ ഒന്നുചേരൽ എന്നേ അർത്ഥമുള്ളു. യാതൊരു രീതിയിലുമുള്ള തെറ്റും അല്പംപോലും ഇല്ലാത്തവരായിരുന്നു എല്ലാ പിതാക്കന്മാരും എന്നു പറയുക അല്പം സാഹസമാണ്. (2) രണ്ടാമത്തെ നിബന്ധന ജീവിതവിശുദ്ധിയാണ്. അതേപ്പറ്റിയും ഇങ്ങനെ തന്നെ പറയാനാവും. അവരും തങ്ങളുടെ സാഹചര്യത്തിന്റെ സന്താനങ്ങളായിരുന്നു. ഇന്നത്തെ വിശുദ്ധരെ ബഹുമാനിക്കുന്നതുപോലെ

ആദിമസഭ അവരെ വണങ്ങി ബഹുമാനിച്ചിരുന്നു. ഏറ്റവും ശോഭയോടെ ഇന്നും ജ്വലിക്കുന്ന നക്ഷത്രങ്ങൾ പിതാക്കന്മാരിൽ നിരവധി ഉണ്ടെന്നുള്ള കാര്യം ഒരിക്കലും വിസ്മരിക്കത്തക്കതല്ല. എല്ലാ നക്ഷത്രങ്ങളും ഒരുപോലെയല്ലല്ലോ. (3) സഭാപിതാവായി ഒരാൾ അംഗീകരിക്കപ്പെടാനുള്ള മൂന്നാമത്തെ ഘടകം സഭയുടെ അംഗീകാരമത്രേ. പിൽക്കാലസഭ അംഗീകരിച്ചുകഴിയുമ്പോൾ അതു സഭയുടെ അംഗീകാരമായി മാറുകയായിരുന്നു പതിവ്. ഇന്നത്തെ മാനദണ്ഡങ്ങളൊന്നും അന്നില്ലായിരുന്നു. (4) അവർ പൗരാണികത്വം ഉള്ളവരായിരിക്കണം. അതായത് ആദ്യത്തെ എട്ടര നൂറ്റാണ്ടിനു മുമ്പ് ജീവിച്ചിരുന്നവർ ആയിരിക്കണം.

സഭാപിതാക്കന്മാർ എന്ന സംജ്ഞയുടെ കീഴിൽ വരുന്നവർ മാത്രമല്ല പട്രോളജിയിലെ ചർച്ചാവിഷയം. പിതാക്കന്മാർ അല്ലാത്തവരെയെല്ലാം കൂടി ക്രൈസ്തവസഭാ സാഹിത്യകാരന്മാർ എന്നു വിളിക്കുന്നു. പട്രോളജി പാഷണ്ഡരെപ്പറ്റിയും (ആരിയസ്:+336) ശീശ്മക്കാരെപ്പറ്റിയും (നൊവേഷ്യൻ:+257/8) പരാമർശിക്കുന്നു. എന്നാൽ ഫീലോ, ജൊസേഫൂസ് എന്നീ യൂദന്മാരുടെയും ആദിമ സഭാകാലത്തുള്ള മറ്റ് അക്രൈസ്തവരുടെയും കൃതികൾ ആദിമസഭയെപ്പറ്റി പഠിക്കാൻ സഹായകമാണെങ്കിലും, അവയൊന്നും പട്രോളജിയിൽ ഉൾപ്പെടുന്നില്ല.

സഭാപിതാവും സഭാമൽപാനും തമ്മിൽ വ്യത്യാസമുണ്ട്. എട്ടാം നൂറ്റാണ്ടിനുശേഷവും സഭാമൽപാന്മാർ ഉണ്ടായിട്ടുണ്ട്. എല്ലാ മൽപാന്മാരും പിതാക്കന്മാരല്ല; എന്നാൽ പിതാക്കന്മാരെല്ലാം മൽപാന്മാരാണ്. പിതാക്കന്മാരിൽ തന്നെ വളരെ പ്രശസ്തരായവരുണ്ട്. അത്തരത്തിൽപ്പെട്ട വലിയ സഭാപിതാക്കന്മാർ കുറച്ചേയുള്ളു. പാശ്ചാത്യലോകത്തു നാലും പൗരസ്ത്യലോകത്തു നാലും: അവർ വി. അംബ്രോസ് (+397), വി. ജറോം (+420), വി. അഗസ്റ്റിൻ (+430), മഹാനായ വി.ഗ്രിഗറി(+604) എന്നീ പാശ്ചാത്യരും മഹാനായ വി.ബേസിൽ (+379), വി. ഗ്രിഗറി നസ്യാൻസൻ (+390), വി.ജോൺ ക്രിസൊസ്തോം (+407), വി. അത്തനാസ്യോസ് (+373) എന്നീ പൗരസ്ത്യരുമാണ്. രണ്ടാമത്തെ വിഭാഗത്തിലെ ആദ്യത്തെ മൂന്നുപേരെ സാർവത്രിക മല്പാന്മാരായി ഗ്രീക്കുസഭ കണക്കാക്കുന്നു.

യൊഹാന്നെസ് ഗെർഹാർഡ് എന്നയാളാണ് പട്രോളജി എന്ന നാമം ഈ ദൈവശാസ്ത്രശാഖയെ കുറിക്കാൻ ആദ്യമായി ഉപയോഗിച്ചത്. *പത്രോളോജിയ* എന്ന പേരിൽ 1653–ൽ അദ്ദേഹം ഒരു കൃതി പ്രസിദ്ധീകരിച്ചു. പ്രാചീന ക്രൈസ്തവ സാഹിത്യകാരന്മാരെപ്പറ്റിയും അവരുടെ ദൈവശാസ്ത്ര സംഭാവനകളെപ്പറ്റിയും വിചിന്തനം ചെയ്യുന്ന രീതി വളരെ നേരത്തേയുണ്ടായിരുന്നു. സഭാചരിത്രകാരനായ എവുസേബിയസാണ് (+339) ആദ്യമായി ഇപ്രകാരം ഒരു സംരംഭത്തിന് മുതിർന്നത്. അന്നുവരെയുള്ള സഭാസാഹി

ത്യകാരന്മാരുടെ കൃതികളിൽ നിന്നുള്ള ഉദ്ധരണികൾ, അവരുടെ വിശദവിവരങ്ങൾ, കൃതികൾ എന്നിവ തന്റെ സഭാചരിത്രത്തിൽ അദ്ദേഹം നൽകി.

എങ്കിലും ആദ്യമായി ക്രൈസ്തവ ദൈവശാസ്ത്ര സാഹിത്യചരിത്രം എഴുതിയത് ജറോമാണ് (+420). *മഹദ്വ്യക്തികൾ* എന്ന തന്റെ കൃതിയിൽ അന്നുവരെയുള്ള പ്രമുഖരായ ക്രൈസ്തവ സാഹിത്യകാരന്മാരെപ്പറ്റി വിവരിക്കുന്നു. ബേത്‌ലഹേമിൽ വച്ചു 392-ൽ ഡെക്സ്ടെർ എന്ന പ്രെട്ടോറിയൻ പ്രീഫെക്ടിന്റെ ആവശ്യപ്രകാരമാണ് ജറോം ഇപ്രകാരം ചെയ്തത്. പത്രോസ് മുതൽ ജറോം വരെയുള്ളവരെല്ലാം അതിൽ ഉൾപ്പടുന്നു. 135 തലക്കെട്ടിലായിട്ടാണ് ജറോമിന്റെ വിവരണം. ഫീലോ, ജൊസേഫൂസ് എന്നീ യൂദസാഹിത്യകാരന്മാരെയും, സെനെക്കായെയും ചില അബദ്ധോപദേശകരേയും ജറോം തന്റെ കൃതിയിൽ ഉൾപ്പെടുത്തി. 78 തലക്കെട്ടുകൾ എവുസേബിയസിനെ പദാനുപദം ആശ്രയിച്ച് എഴുതിയിട്ടുള്ളതാണ്. ഈ കൃതി പ്രസിദ്ധീകൃതമായ ഉടൻ തന്നെ അഗസ്റ്റിൻ (ലേഖനം, 40) ഇതിലെ കുറവു ചൂണ്ടിക്കാട്ടി. ജറോം സത്യവിശ്വാസികളേയും അബദ്ധോപദേശകരേയും തമ്മിൽ വേർതിരിച്ചു കാണിച്ചില്ല. മിക്കയിടങ്ങളിലും വസ്തുനിഷ്ഠമല്ലാത്ത വിവരണങ്ങൾ ഇതിൽ ദൃശ്യമാണ്. ജറോമിന്റെ ഇഷ്ടാനിഷ്ടങ്ങൾ അതിൽ ഉടനീളം കാണാം. എങ്കിലും ഒരായിരം വർഷത്തേക്കു ജറോമിന്റെ ഈ കൃതിയായിരുന്നു പട്രോളജിയുടെ വലിയൊരു ഉറവിടം.

ജന്നാഡിയുസ് ഇതേ പേരിൽ 480-ൽ ഒരു കൃതി പ്രസിദ്ധീകരിച്ചു. ജറോമിന്റെ കൃതിയുടെ തുടർച്ചയായിട്ടാണ് ഇതു വിരചിതമായത്. ഇസിദോർ ഇതേ പേരിൽ 615-നും 618-നും മധ്യേ ഒന്നെഴുതി. ഇതും ജറോമിന്റെ കൃതിയുടെ തുടർച്ചയായിരുന്നു. സ്പെയിനിലെ ഗ്രന്ഥകർത്താക്കൾക്കായിരുന്നു അതിൽ മുൻതൂക്കം. തൊളേദോയിലെ ഇൽഡഫോൺസുസ് (+667) ഇതേ പേരിൽ പ്രാദേശികചായ്‌വുള്ള ഒരു കൃതി പ്രസിദ്ധീകരിച്ചു. വി. ജറോമിന്റേയും ജെന്നാഡിയുസിന്റേയും ചുവടുപിടിച്ചു മധ്യകാലഘട്ടത്തിൽ പലരും ക്രൈസ്തവസാഹിത്യചരിത്രം എഴുതാൻ ശ്രമിച്ചു.

### സഭാപിതാക്കന്മാരുടെ ഭാഷ

രണ്ടാം നൂറ്റാണ്ടിന്റെ അവസാനം വരെ ഗ്രീക്കായിരുന്നു സഭയുടെ പ്രധാനഭാഷ. റോമൻ സാമ്രാജ്യത്തിലെ നഗരങ്ങളിലെല്ലാം ഗ്രീക്കുഭാഷ പ്രചരിച്ചിരുന്നു. റോം, ഉത്തരാഫ്രിക്കാ, ഗാൾ എന്നിവിടങ്ങളും ഇതിനപവാദമായിരുന്നില്ല. അങ്ങനെ നോക്കുമ്പോൾ ഗ്രീക്കായിരുന്നു പട്രോളജിയുടെ ഭാഷ. പിന്നീട് പാശ്ചാത്യലോകത്ത് ലത്തീൻ പ്രാഗത്ഭ്യത്തിലെത്തി. പൗരസ്ത്യദേശങ്ങളിൽ സുറിയാനി, കോപ്റ്റിക്, അർമേനിയൻ എന്നീ ഭാഷകളിലും പിതാക്കന്മാർ കൃതികൾ രചിക്കുവാൻ തുടങ്ങി.എങ്കിലും ഗ്രീക്കു തന്നെ ഒന്നാം സ്ഥാനത്തുനിന്നു.

**സഭാപിതാക്കന്മാരുടെ പ്രസക്തി**

സഭാപിതാക്കന്മാരുടെ പ്രസക്തിയെന്താണ്? സഭാപിതാക്കന്മാർ വികസിപ്പിച്ചെടുത്ത ദൈവശാസ്ത്രത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം? ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ സഭാപിതാക്കന്മാരുടെ പ്രാധാന്യം എന്താണ്? നൂറ്റാണ്ടുകൾ പിന്നിട്ട സഭ പിതാക്കന്മാരെ എപ്രകാരം പരിഗണിച്ചിരുന്നു?

'സഭാപിതാക്കന്മാർ സഭയുടെ ബലിഷ്ഠസ്തംഭങ്ങളാണ്. സർവകാലിക സഭയ്ക്കുവേണ്ടി അവർ ശാശ്വത ധർമം നിർവഹിക്കുന്നു. അവരുടെ പ്രബോധനത്തോടും അധ്യാപനത്തോടും പൊരുത്തപ്പെട്ടുപോയെങ്കിലേ ഇന്നത്തെ സുവിശേഷ പ്രഘോഷണവും ഔദ്യോഗികപ്രബോധനവും അവികലമാകൂ. സഭാപിതാക്കന്മാരാകുന്ന സജീവ ഉറയിൽനിന്ന് ഉത്ഭവിക്കേണ്ടവയാണ് എല്ലാ ആധ്യാത്മിക സിദ്ധികളും സഭാശുശ്രൂഷകളും. അനുദിനം വളരുകയും വികസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന വിശുദ്ധ സഭാസൗധത്തോടു കൂട്ടിച്ചേർത്തു പണിയുന്ന ഓരോ പുതിയ കല്ലും സഭാപിതാക്കന്മാർ നേരത്തേ പണിതിട്ടുള്ളതിനോട് അനുരൂപപ്പെടുന്നതായിരിക്കണം; ഈ സൗധത്തോട് ഓരോ കല്ലും ഇളകാത്തവിധം സ്ഥാപിക്കണം.'[1]

ക്രിസ്തു മൂലക്കല്ലും വി. ശ്ലീഹന്മാർ അടിസ്ഥാനവുമായ സൗധത്തിലെ ബലമേറിയ തൂണുകളാണ് സഭാപിതാക്കന്മാർ എന്നു പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ പഠിപ്പിക്കുന്നതു തികച്ചും ശരിയാണ്. സഭയുടെ ഉത്ഭവത്തിൽ വി. ശ്ലീഹന്മാർക്കുള്ള അതുല്യസ്ഥാനം പോലൊന്നു സഭയുടെ വളർച്ചയിൽ സഭാപിതാക്കന്മാർക്കുണ്ട്. അവർ നിർവഹിച്ച ധർമം സാർവത്രിക സഭയ്ക്കുവേണ്ടിയാണ്. തങ്ങളുടെ ചുറ്റുപാടുമുള്ളവരെ മുന്നിൽ കണ്ടുകൊണ്ടാണ് അവർ വചനം പ്രസംഗിച്ചത്. എന്നാൽ ക്രിസ്ത്വനുഭവത്തോട് അടുത്തു പെരുമാറുകയും അതു സ്വാംശീകരിക്കുകയും വ്യാഖ്യാനിച്ചു കൊടുക്കുകയും ചെയ്തതുകൊണ്ട് അവരുടെ വ്യാഖ്യാനങ്ങൾക്കു സഭയിൽ സവിശേഷമായ സ്ഥാനമുണ്ട്.

ആധുനിക സഭയുടെ ആരാധനക്രമം, കാനൻനിയമം, സന്യാസപ്രസ്ഥാനം ആദിയായവയെല്ലാം സഭാപിതാക്കന്മാരാകുന്ന സജീവസ്രോതസ്സിലൂടെ വരുന്നവയാണ്. അവരുടെ പ്രാർഥനാജീവിതമാണ് പിൻതലമുറയുടെ മാതൃക. അവരുടെ പ്രാർഥനാനുഭവം പിൽക്കാല സഭയുടെ പ്രാർഥനാനിയമമായി. കെട്ടിടത്തിൽ പുതിയ കല്ലുകൾ കണക്കെ, തലമുറകൾ ഈ സഭാസൗധത്തിൽ കൂട്ടിച്ചേർക്കപ്പെടുന്നു; പണിതുയർത്തപ്പെടുന്നു; പിന്നെപ്പിന്നെ വയ്ക്കപ്പെടുന്ന കല്ലുകൾ നേരത്തെ കൂട്ടിച്ചേർക്കപ്പെട്ട കല്ലുകളോട് ചേർന്നുപോകുന്നതായിരിക്കണം. അതായത്, സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളോടു പൊരുത്തപ്പെട്ടുപോകണം. എങ്കിലേ അവ ഫലദായകമാകൂ.

സ്ഥലകാലസംസ്കാരങ്ങളുടെ കാര്യത്തിൽ കുറെയൊക്കെ വിഭിന്നമായിരുന്നെങ്കിലും സത്യവിശ്വാസ പ്രഘോഷണത്തിൽ സഭാപിതാക്കന്മാർ ഏകാഭിപ്രായക്കാരായിരുന്നു. അവികലമായും പൂർണമായും ഗ്രഹിച്ച രക്ഷാസന്ദേശം ജീവിതത്തിന്റെ ഭാഗമാക്കുകയും കളങ്കരഹിതമായി പകർന്നുകൊടുക്കുകയും ചെയ്യുന്നതിൽ അവർ ദത്തശ്രദ്ധരായിരുന്നു. സത്യവിശ്വാസത്തോടുള്ള വിശ്വസ്തമായ ഒന്നുചേരലും അവരുടെ മുഖമുദ്രയായിരുന്നു. അക്കാരണത്താൽ അവർ പിൻതലമുറയുടെ മാർഗദർശികളായി; എല്ലാക്കാലത്തുമുള്ള ക്രൈസ്തവരുടെ മാതൃകകളായി, നിയമദാതാക്കളായി.

പ്രാചീനസഭ തന്നെയും തൊട്ടുമുമ്പേ കടന്നുപോയ പണ്ഡിതരും പരിശുദ്ധരുമായ സഭാനേതാക്കന്മാരെ സഭാപിതാക്കന്മാർ എന്ന് അഭിസംബോധന ചെയ്യുകയും ആദരിക്കയും ചെയ്തു. അങ്ങനെ 'ക്രിസ്ത്യാനികളുടെ പിതാവ്', 'പിതാവ് എലവുത്തേരൂസ്', 'സിപ്രിയാൻ പാപ്പാ (പിതാവ്)' എന്നു തുടങ്ങുന്ന പദപ്രയോഗങ്ങൾ നാം ദർശിക്കുന്നു.[2] നിഖ്യാസൂനഹദോസിനു ശേഷം (325) ജീവിച്ച സഭാതനയർ നിഖ്യായിലെ '318' മെത്രാന്മാരെ 'പിതാക്കന്മാർ' എന്നു വിളിക്കുന്നു. കേസറിയായിലെ വി. ബേസിൽ(+379) എഴുതുന്നു: 'ഞങ്ങളുടെ പ്രബോധനം ഞങ്ങളുടെ ചിന്താസന്താനമൊന്നുമല്ല, പിന്നെയോ വിശുദ്ധ പിതാക്കന്മാരിൽ നിന്ന് ഞങ്ങൾക്കു ലഭിച്ചിട്ടുള്ളതാണ്.'[3] നാലും അഞ്ചും നൂറ്റാണ്ടുകളിലെ സഭാസംബന്ധമായ തർക്കങ്ങളിൽ പിതാക്കന്മാരിലേക്കു തിരിയുകയും അവരുടെ പ്രബോധനങ്ങളുമായി താരതമ്യപ്പെടുത്തി സത്യവിശ്വാസത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്തുകയും ചെയ്യുന്ന രീതി പൊതു സവിശേഷതയായിത്തീർന്നു. വിശ്വാസസത്യങ്ങളുടെ ന്യായീകരണത്തിന് പിതാക്കന്മാരിൽ നിന്നുള്ള ഉദ്ധരണികളുടെ സമാഹാരങ്ങൾ ശേഖരിക്കുന്ന പ്രവണത ഉടലെടുത്തു.

'സഭാപിതാക്കന്മാർ ഉജ്ജ്വലപ്രകാശം ലഭിച്ച ദൈവശാസ്ത്രജ്ഞന്മാരാണ്. കത്തോലിക്കാ സഭയുടെ പ്രബോധനങ്ങൾ ഉയർത്തിപ്പിടിക്കാൻ അവർ സർവാത്മനാ ശ്രദ്ധിച്ചു. ജനങ്ങളോടു അവികലമായി ദൈവവചനം പ്രസംഗിക്കാനും അവരുടെ ക്രൈസ്തവ ജീവിതത്തിന് അവ ഉപയുക്തമാക്കാനും പരിശ്രമിച്ച അജപാലകരാണവർ. അപ്പസ്തോലിക പ്രസംഗത്തിന് നിശ്ചിത രൂപഭാവങ്ങൾ നൽകാൻ ശ്രമിച്ച ആദ്യവ്യക്തികളാണവർ. അജപാലകർ എന്ന നിലയിൽ സുവിശേഷസന്ദേശം ചുറ്റുപാടുമുള്ള മനുഷ്യർക്കു മനസ്സിലാകത്തക്ക രീതിയിൽ വിവരിച്ചു കൊടുക്കാൻ പിതാക്കന്മാർ തത്രപ്പെട്ടു. വേദപാഠം, ദൈവശാസ്ത്രം, വി. ഗ്രന്ഥം, ലിറ്റർജി, അജപാലനജോലികൾ എന്നിവയെല്ലാം ഒന്നിച്ചു പോകുന്നവയായിരുന്നു; വെറും ബൗദ്ധികതലത്തിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല അവരുടെ പ്രവർത്തനം; പിന്നെയോ, സമ്പൂർണ വ്യക്തിയെ ഉന്നംവച്ചുകൊണ്ടുള്ളതായിരുന്നു.'[4]

അവർ വി. ഗ്രന്ഥം വ്യാഖ്യാനിച്ച് ദൈവശാസ്ത്രം വളർത്തിയെടുത്തു. വേദപുസ്തക വ്യാഖ്യാനത്തിൽ സഭാപിതാക്കന്മാർ നമ്മുടെ പ്രബോധകരും ഗുരുക്കന്മാരുമാണ്. അവരുടെ വ്യാഖ്യാനത്തെ മറികടന്നു വി. ഗ്രന്ഥത്തിനു സ്വതന്ത്രവ്യാഖ്യാനം നൽകുന്നതു വലിയ തെറ്റാണ്. അവരെല്ലാം സ്നാപകനെപ്പോലെ രക്ഷകനായ മിശിഹായിലേക്കു വിരൽചൂണ്ടി. നൂറ്റാണ്ടുകൾക്കിപ്പുറത്തു ജീവിക്കുന്ന നമുക്ക് അവരുടെ വ്യാഖ്യാനവും വ്യാഖ്യാനരീതികളും തള്ളിക്കളയാനാവില്ല. അവരും നാമും ഒരേ സംഗതിയെപ്പറ്റി ചിന്തിക്കുന്നു: 'നമുക്കുവേണ്ടി ദൈവം മനുഷ്യനായി നമ്മുടെയിടയിൽ അവതരിച്ചു.' അതിനപ്പുറത്തൊന്നും നമുക്കു പറയാനില്ല. സ്ഥലകാലസാഹചര്യങ്ങൾക്കനുസൃതം ഇക്കാര്യം വിവരിക്കുമ്പോൾ വ്യത്യാസം വരുമെങ്കിലും അടിസ്ഥാന തത്വം ഒന്നുതന്നെ. വി. ഗ്രന്ഥം പഠിപ്പിക്കുന്ന പ്രസ്തുത യാഥാർഥ്യം ശ്ലീഹന്മാരിൽ നിന്നും അവരുടെ പിൻഗാമികളിൽനിന്നും പിതാക്കന്മാർ ഗ്രഹിച്ചു. ആ അനുഭവം അവർ പകർന്നു കൊടുത്തു. ശാസ്ത്രസാങ്കേതിക ജ്ഞാനം പുരോഗമിച്ചെങ്കിലും പിതാക്കന്മാരുടെ അതുല്യാവസ്ഥ ഇന്നും നിലനിൽക്കുന്നു. സഭാപിതാക്കന്മാർക്കു വി. ഗ്രന്ഥത്തോടുള്ള സ്നേഹത്തെപ്പറ്റി ജോൺപോൾ രണ്ടാമൻ മാർപാപ്പാ ഇപ്രകാരം പ്രസ്താവിക്കുന്നു:[5]

'പിതാക്കന്മാർ ദൈവവചനം തങ്ങളുടെ ആധ്യാത്മിക ജീവിതത്തിന്റേയും അജപാലന ജീവിതത്തിന്റേയും ഭക്ഷണവും നിരന്തര ചിന്താവിഷയവുമാക്കി; അവർ വിശുദ്ധ ഗ്രന്ഥം പഠിക്കുകയും ഭാഷ്യങ്ങൾ രചിക്കുകയും ജനങ്ങൾക്കു വ്യാഖ്യാനിച്ചു കൊടുക്കുകയും ചെയ്തു. വി. ഗ്രന്ഥത്തിന്റെ ആഴം, പ്രസക്തി, അപ്രമാദിത്വം എന്നിവയ്ക്ക് അവർ വലിയ പ്രാധാന്യം നൽകി. 'നിങ്ങൾക്കു ദൈവവചനമുണ്ടല്ലോ. മറ്റൊരു പ്രബോധകനെ അന്വേഷിക്കേണ്ട' എന്ന് വി. ഗ്രന്ഥം വ്യാഖ്യാനിച്ചുകൊണ്ട് നിരവധി വിശിഷ്ട പ്രഭാഷണങ്ങൾ നടത്തിയ വി. ജോൺ ക്രിസൊസ്തോം പറയുന്നു.[6] 'നിന്റെ വിശുദ്ധ ലിഖിതങ്ങൾ എന്റെ കലർപ്പില്ലാത്ത ആനന്ദമാകട്ടെ; അവയുടെ പഠനത്തിൽ എനിക്കു വഞ്ചന പറ്റാതെയും, വഞ്ചനയ്ക്കു വിധേയമായി ഞാൻ അവയെ ഉപേക്ഷിച്ചു കളയാതെയുമിരിക്കട്ടെ.' എന്ന് വി. ഗ്രന്ഥം മനസ്സിലാക്കാനുള്ള കൃപയ്ക്കായി അപേക്ഷിച്ച വി. അഗസ്റ്റിന്റെ പ്രാർഥന അനുസ്മരിക്കാത്തവരില്ലല്ലോ.[7] വി. ഗ്രന്ഥത്തിൽ പൂർവാപരവിരുദ്ധമായി ഒന്നുമില്ല; വി. ഗ്രന്ഥത്തിൽ തെറ്റുകൾ ആരോപിക്കാതെ സ്വന്തം അജ്ഞത ഏറ്റുപറയുകയാണു ശരിയായ മനോഭാവം എന്നു വി. ജസ്റ്റിൻ പറയുന്നു.[8] ഇത് സഭാപിതാക്കന്മാരുടെ പൊതുവായ മനോഭാവമാണ്. ഹിപ്പോയിലെ മെത്രാൻ ഇതാവർത്തിച്ചുകൊണ്ട് വളരെ ശക്തമായ ഭാഷയിൽ പറയുന്നു. '.....വി. ഗ്രന്ഥത്തിന്റെ കർത്താവ് സത്യം പറഞ്ഞിട്ടില്ല' എന്നു നീ പറയാൻ പാടില്ല; പിന്നെയോ, 'ഈ കയ്യെഴുത്തു പ്രതിയിൽ തെറ്റുവരാം; വിവർത്തനത്തിലും തെറ്റുവരാം; നിനക്കു മനസ്സിലായില്ലെന്നു വരാം' എന്നേ പറയാവൂ.'[9]

പിതാക്കന്മാരെല്ലാവരും വി. ഗ്രന്ഥത്തിൽ അഗാധപാണ്ഡിത്യമുള്ളവരായിരുന്നു. അവരെല്ലാവരും വചനത്തിന്റെ ശുശ്രൂഷയ്ക്കായി തങ്ങളെത്തന്നെ സമർപ്പിച്ചു. ബൈബിൾ വിജ്ഞാനത്തിന്റെ മഹാസമുദ്രമാണു പിതാക്കന്മാരുടെ കൃതികൾ. ബൈബിൾ വ്യാഖ്യാനത്തിന്റെ പ്രഥമഗുരുക്കന്മാർ എന്ന് അവരെ വിളിക്കാവുന്നതാണ്.[10] ദൈവവചനാധിഷ്ഠിതമായ ദൈവരാജ്യം പടുത്തുയർത്താൻ അവർ തത്രപ്പെട്ടു. അജപാലനോന്മുഖമായിരിക്കാൻ അവർ ശ്രദ്ധിച്ചു. വിശ്വാസത്തിന്റെ വെളിച്ചത്തിൽ തങ്ങൾ വിശദീകരിച്ചു കൊടുത്തവ അതേ അരൂപിയിൽ വിശ്വാസികൾ സ്വീകരിക്കണമെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. വിവിധ രീതികളിലുള്ള വ്യാഖ്യാനങ്ങൾ പിതാക്കന്മാരിൽനിന്നു നമുക്ക് ലഭിച്ചിട്ടുണ്ട്.[11] വി. സുവിശേഷം തന്നെ വൈവിധ്യാധിഷ്ഠിതമായതിനാലും ഭാഷ്യകാരന്മാർ വൈവിധ്യമുള്ളവരാകയാലും വിവിധതരം ഭാഷ്യങ്ങൾ നമുക്ക് ലഭിച്ചിരിക്കുന്നു. അവയൊക്കെ സമഗ്ര ക്രിസ്തുരഹസ്യം നന്നായി മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.

പ്രതീകാത്മവ്യാഖ്യാനം, രൂപകാത്മവ്യാഖ്യാനം, അന്തർജ്ഞാനീയ വ്യാഖ്യാനം എന്നിങ്ങനെ വ്യാഖ്യാനരീതികളെ മൂന്നായി തിരിക്കാം.[12] എങ്കിലും ഒരു സംഗതിയിൽ അവർ യോജിക്കുന്നു. അവരുടെയെല്ലാം വ്യാഖ്യാനം, ക്രിസ്തു കേന്ദ്രീകൃതമാണ്. 'വെളിപാടിന്റെയും രക്ഷാകരപദ്ധതിയുടെയും ആരംഭവും കേന്ദ്രബിന്ദുവും അവസാനവും' ക്രിസ്തുവാണ്. വി. ഗ്രന്ഥത്തിന്റെ മൊത്തത്തിലുള്ള ഐക്യവും രക്ഷാകരപദ്ധതിയുടെ ക്രമേണയുള്ള വെളിപ്പെടുത്തലും പുരോഗതിയും രക്ഷകന്റെ ഏകത്വവും പിതാക്കന്മാരുടെ ബൈബിൾ വിജ്ഞാനീയത്തിൽ മുഴച്ചുനിൽക്കുന്നു. ഗാഢമായ വേദപുസ്തക പരിചയവും അടിയുറച്ച വിശ്വാസവും അവരെ നലംതികഞ്ഞ ബൈബിൾ ഭാഷ്യകാരന്മാരാക്കി. അതുപോലെ ക്രിസ്തീയ ജീവിതവുമായി ബന്ധപ്പെടുത്തി പഠിപ്പിച്ചതിനാൽ അവർ ശാശ്വതീകരിക്കപ്പെട്ടു.[13]

അപ്പസ്തോലിക പ്രബോധനങ്ങളിലാണു തങ്ങൾ പാദമൂന്നിയിരിക്കുന്നതെന്ന് പിതാക്കന്മാർ വിശ്വസിച്ചിരുന്നു. അവർ അത് ആവർത്തിച്ചു പ്രഖ്യാപിച്ചിരുന്നു. സൂനഹദോസുകളിൽ പാസാക്കുന്ന നിയമങ്ങൾ അപ്പസ്തോലിക പ്രബോധനത്തിൽ അധിഷ്ഠിതമായിരിക്കണമെന്ന് അവർക്കു നിർബന്ധമുണ്ടായിരുന്നു. ഇതേപ്പറ്റി ജോൺപോൾ രണ്ടാമൻ മാർപാപ്പാ പറയുന്നതു ശ്രദ്ധേയമാണ്:[14]

'പാരമ്പര്യത്തോടുള്ള അദമ്യമായ ഒന്നുചേരൽ എന്നതാണ് പിതാക്കന്മാർ നൽകുന്ന രണ്ടാമത്തെ പാഠം. നമ്മുടെ ചിന്ത പെട്ടെന്ന് ഐറേനിയസിലേക്കു തിരിയുന്നു. അതു ന്യായമാണ്. എന്നാൽ അദ്ദേഹം അനേകരിൽ ഒരുവൻ മാത്രമാണ്. പാരമ്പര്യത്തോടുള്ള അവശ്യാവശ്യമായ ഒന്നു

ചേരൽ എന്ന തത്വം ഒരിജനിലും തെർത്തുല്യനിലും വി. അത്തനാസ്യോസിലും വി.ബേസിലിലും നാം കാണുന്നു. ഈ തത്വം തന്നെ ആഴമായും സദാ ഓർമയിൽ നിലനിർത്തത്തക്ക രീതിയിലും ഒരിക്കൽക്കൂടി വി. അഗസ്റ്റിൻ ആവർത്തിക്കുന്നു: 'കത്തോലിക്കാ സഭയുടെ അധികാരം എന്നെ ആനയിച്ചില്ലായിരുന്നെങ്കിൽ ഞാൻ സുവിശേഷത്തിൽ വിശ്വസിക്കുമായിരുന്നില്ല.'[15] 'അത് ക്രിസ്തുവിൽ അധിഷ്ഠിതമാണ്; ശ്ലീഹന്മാരിലൂടെ, ഇടമുറിയാതുള്ള ശ്ലൈഹിക പിൻതുടർച്ച വഴി അത് നമ്മുടെ പക്കൽ എത്തിയിരിക്കുന്നു.'[16]

അവതരിച്ച വചനമായ മിശിഹായെ വരച്ചു കാട്ടുക എന്നത് സഭാപിതാക്കന്മാരുടെയെല്ലാം ചിന്താവിഷയമായിരുന്നു. ദൈവപുത്രൻ എങ്ങനെ മനുഷ്യപുത്രനാകും? പിതാവിന്റെ ഏകജാതൻ എങ്ങനെ കന്യകയുടെ ആദ്യജാതനാകും? ഈശോമിശിഹാ എന്ന ഏകവ്യക്തി എങ്ങനെ ഒരേ സമയം ദൈവവും മനുഷ്യനുമാകും? ഒരേ വ്യക്തിയിൽ എങ്ങനെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഒന്നിച്ചു നിലകൊള്ളും? എന്നു തുടങ്ങിയ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്താൻ സഭാപിതാക്കന്മാർ ശ്രമിച്ചു. ചിലർ മാനുഷിക വശത്തിനു കൂടുതൽ ഊന്നൽ നൽകിയെങ്കിൽ, മറ്റുചിലർ ദൈവിക വശത്തിനു ഊന്നൽ കൊടുത്തു. തൽഫലമായി തർക്കങ്ങളും വാദപ്രതിവാദങ്ങളും ഉണ്ടായി. എങ്കിലും ഇന്നത്തെ എക്യുമേനിക്കൽ വീക്ഷണത്തിൽ ചിന്തിക്കുമ്പോൾ ഈ വൈവിധ്യങ്ങളൊക്കെ പരസ്പര പൂരകങ്ങളായിരുന്നെന്ന് മനസ്സിലാക്കാവുന്നതാണ്. ക്രിസ്തുഭാഷ്യം വ്യാഖ്യാനിക്കുന്നതിൽ ചിലർ പരാജയപ്പെടുകയും പാഷണ്ഡതകളുടെ നീർച്ചുഴിയിൽ പെടുകയും സത്യവിശ്വാസത്തിൽ മായം ചേർക്കുകയും ചെയ്തു. ക്രിസ്തുവിന്റെ മനുഷ്യത്വം നിഷേധിച്ചവർ, ക്രിസ്തുവിന് മനുഷ്യാത്മാവില്ലെന്നു സങ്കൽപ്പിച്ചവർ, ക്രിസ്തുവിന്റെ ശരീരം മായയാണെന്നു കരുതിയവർ, ക്രിസ്തുവിന്റെ ദൈവസ്വഭാവത്തിൽ മനുഷ്യസ്വഭാവം ലയിച്ച് ഏകസ്വഭാവമായി തീർന്നെന്ന് വാദിച്ചവർ, രണ്ടു വ്യക്തിത്വങ്ങളുടെ ഉടമയാണു ക്രിസ്തു എന്നു കരുതിയവർ, ദത്തെടുക്കൽ വഴി യേശു ദൈവപുത്രനായി എന്നു പഠിപ്പിച്ചവർ, യേശു സ്നാനം വഴി മിശിഹായായി എന്നു വിചാരിച്ചവർ, യേശുവിലെ ബൗദ്ധികാത്മാവിനേയും ബൗദ്ധികേച്ഛയേയും നിഷേധിച്ചവർ, ക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുകയും ക്രിസ്തു ഒരു സൃഷ്ടിയും നിർമിക്കപ്പെട്ട വസ്തുവുമാണ് എന്ന് കരുതിയവർ – ഇങ്ങനെ പോകുന്നു അബദ്ധപ്രബോധകരുടെ നീണ്ട പട്ടിക. ഇവരുടെ മധ്യത്തിൽ, ശ്ലീഹന്മാരിൽ നിന്നു ലഭിച്ച സത്യവിശ്വാസം കളങ്കരഹിതമായി പിൻതലമുറയിലേക്കു പിതാക്കന്മാർ പകർന്നുകൊടുത്തു. സമ്പൂർണ മനുഷ്യനും സമ്പൂർണ ദൈവവുമായ, മനുഷ്യനുവേണ്ടി മനുഷ്യനായിത്തീർന്ന, മനുഷ്യന്റെ ദൈവമായി അവതരിച്ച വചനത്തെ അവർ

വസ്തുനിഷ്ഠമായി പഠിപ്പിച്ചു. ഇവിടേയും ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ വാക്കുകൾ ശ്രദ്ധേയമാണ്:[17]

"മനുഷ്യരക്ഷകനായ മിശിഹായെപ്പറ്റിയുള്ള പ്രതിപാദനമാണ് പിതാക്കന്മാർ നൽകുന്ന മൂന്നാമത്തെ വലിയ പാഠം. ക്രിസ്തുരഹസ്യം വിശദമാക്കാനും പാഷണ്ഡതകളെ എതിർക്കാനും ചെയ്ത പരിശ്രമത്തിനിടയിൽ മനുഷ്യനെപ്പറ്റിയുള്ള പ്രബോധനം അവ്യക്തമായി മാത്രമേ പിതാക്കന്മാർ പഠിപ്പിച്ചുള്ളു എന്നു ചിന്തിക്കുന്നവരുണ്ടാകാം. എന്നാൽ ആഴമായി വിശകലനം ചെയ്യുന്നവർക്കു മറിച്ചുതന്നെ മനസ്സിലാകും. അവർ സ്നേഹപൂർവം ബൗദ്ധികമായി ക്രിസ്തുരഹസ്യത്തെ ഉറ്റുനോക്കി. അപ്പോൾ ആ ക്രിസ്തുരഹസ്യത്തിൽ മനുഷ്യരഹസ്യം പ്രകാശിതമാകുന്നതും അർത്ഥസംപുഷ്ടമാകുന്നതും അവർ ദർശിച്ചു. മനുഷ്യരക്ഷയെ സംബന്ധിച്ചുള്ള ക്രിസ്തീയ പ്രബോധനം - അതിസ്വാഭാവിക മനുഷ്യശാസ്ത്രം - ക്രിസ്തുരഹസ്യം സംബന്ധിച്ചുള്ള പ്രബോധനത്തെ അരക്കിട്ടുറപ്പിക്കാൻ പലപ്പോഴും പര്യാപ്തമാണ്. 'ക്രിസ്തു ദൈവമല്ലെങ്കിൽ, അവിടുന്ന് നമ്മെ ദൈവങ്ങളാക്കിയിട്ടില്ല' എന്ന് ആര്യൻ തർക്കത്തിനിടയിൽ വി. അത്തനാസ്യോസ് ശക്തിയായി വാദിക്കുന്നു.[18] 'വചനം ബൗദ്ധികാത്മാവുള്ള സമ്പൂർണമനുഷ്യനെ എടുത്തിട്ടില്ലെങ്കിൽ സമഗ്രമനുഷ്യനെ അവിടുന്നു സമുദ്ധരിച്ചിട്ടില്ല. കാരണം, എടുക്കപ്പെടാത്തതു രക്ഷിക്കപ്പെട്ടിട്ടില്ല' എന്ന് അപ്പൊള്ളിനാരിയൻ തർക്കത്തിനിടയിൽ വി. ഗ്രിഗറി നസ്യാൻസൻ പറയുന്നു.[19] ക്രിസ്തു ഒരേ സമയം ദൈവവും മനുഷ്യനുമല്ലെങ്കിൽ - പൂർണമനുഷ്യനും പൂർണദൈവവും - ദൈവത്തിന്റേയും മനുഷ്യരുടേയും ഇടയ്ക്ക് മധ്യസ്ഥനായിരിക്കാൻ അവിടുത്തേക്കു സാധിക്കുകയില്ല' എന്നു 'ദൈവനഗര'ത്തിൽ വി. അഗസ്റ്റിൻ പഠിപ്പിക്കുന്നു. 'വെറുമൊരു മനുഷ്യൻ മാത്രമല്ലാത്ത ദൈവം കൂടിയായ മനുഷ്യനെ അന്വേഷിക്കുക' എന്നും അദ്ദേഹം എഴുതുന്നു."[20]

രണ്ടാം വത്തിക്കാൻ സൂനഹദോസും ഇതുതന്നെ പഠിപ്പിക്കുന്നു: അവതരിച്ച വചനത്തിന്റെ രഹസ്യത്തിൽ മാത്രമേ മനുഷ്യരഹസ്യത്തിനു യഥാർഥത്തിൽ പ്രകാശിതമാകാൻ സാധിക്കൂ. പുതിയ ആദമായ ക്രിസ്തു പിതാവിന്റേയും അവിടുത്തെ സ്നേഹത്തിന്റേയും രഹസ്യത്തെ ശരിയായി വെളിപ്പെടുത്തിക്കൊണ്ട് മനുഷ്യനു മനുഷ്യനെ പൂർണമായി വെളിപ്പെടുത്തുന്നു.[21] ക്രിസ്തു മാത്രമാണ് മനുഷ്യന്റെ യഥാർത്ഥരക്ഷ എന്നു സഭ തളരാതെ പ്രഘോഷിക്കുന്നു. ഈ പ്രഘോഷണചരിത്രമാണു പിതാക്കന്മാരുടെ പ്രബോധനം.

ഇന്നിന്റെ പ്രശ്നങ്ങളുടെ നടുവിൽ നട്ടം തിരിയുന്ന ആധുനിക മനുഷ്യനു സംഭാവന ചെയ്യാൻ സഭാപിതാക്കന്മാരുടെ പക്കലുള്ള അമൂല്യ നിക്ഷേപങ്ങൾ നാം വെളിച്ചത്തു കൊണ്ടുവരണം. അപ്പസ്തോലിക പാര

മ്പര്യത്തോട് അവർക്കുണ്ടായിരുന്ന അതേ ബഹുമാനം നമുക്കും ഉണ്ടായിരിക്കണം. അവർ ഐക്യത്തിന് കൊടുത്ത പ്രാധാന്യം നാം അംഗീകരിക്കണം. അരൂപിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തി, സമകാലീനപ്രശ്നങ്ങളെ നവംനവങ്ങളായ കാഴ്ചപ്പാടുകളിലൂടെ കാണണം. സഭാപിതാക്കന്മാരിലുണ്ടായ പാളിച്ചകൾ തിരസ്കരിച്ചുകൊണ്ട്, അവരുടെ നല്ല മാതൃക സ്വീകരിക്കാം. പുതിയ ആകാശത്തിന്റേയും പുതിയ ഭൂമിയുടേയും പൊൻപുലരിക്കായി പരിശ്രമിക്കാം.

ഈ കൃതിക്കു രൂപം നൽകുവാൻ സഹായിച്ച എല്ലാവരേയും നന്ദിപൂർവം സ്മരിക്കുന്നു. ഈ കൃതി പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയ പ്രസിദ്ധീകരണ വിഭാഗത്തിന്റെ ഡയറക്ടർ ബ. തോമസ് മണ്ണൂരാംപറമ്പിലച്ചനും സഹപ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിന്റെ ലേ ഔട്ട് ഭംഗിയായി നിർവഹിച്ച ഷാനി സി. ആഞ്ചലോസിനും ബഥനി പ്രസിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു. സന്തോഷപൂർവം ഇതു സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഫാ. ഗീവർഗീസ് ചേടിയത്ത്

തിരുവനന്തപുരം
ഒക്ടോബർ 30, 2006.

www.malankaralibrary.com

അധ്യായം 1

# ഡിഡാക്കെ

പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പ്രബോധനം (ഡിഡാക്കെ തോൻ ദോദെക്കാ അപ്പൊസ്തോളോൻ) എന്നാണ് ഈ കൃതി അറിയപ്പെടുന്നത്. എന്നാലിതിന്റെ സമ്പൂർണനാമം 'പന്ത്രണ്ട് അപ്പസ്തോലന്മാർ വഴി പുറജാതികൾക്കുള്ള കർതൃപ്രബോധനം' (ഡിഡാക്കെ തൂ കുരിയു ദിയാ തോൻ ദോദെക്കാ അപ്പൊസ്തൊളോൻ തോയിസ് എത്നേസിൻ) എന്നത്രേ. ഗ്രന്ഥത്തിന്റെ കർത്താവാരെന്നു കൃതിയിൽനിന്നു വ്യക്തമല്ല. തലക്കെട്ടിനെ ആധാരമാക്കി അപ്പസ്തോലന്മാർ ഇതെഴുതിയെന്ന് അനുമാനിക്കാനാവില്ല.

സബപ്പസ്തോലിക കാലത്തെ ഒരു പ്രധാനപ്പെട്ട രേഖയാണിത്. സഭാനിയമത്തിന്റെ ഏറ്റവും പുരാതന സ്രോതസും ഇതുതന്നെ. 1873-ൽ ഫിലോത്തെയോസ് ബ്രിയെന്നിയോസ് കോൺസ്റ്റാന്റിനോപ്പിളിലെ ഒരാശ്രമ ഗ്രന്ഥശേഖരത്തിൽനിന്ന്[1] ഇതു കണ്ടെടുത്തു. 1056-ൽ ലെയോ എന്ന എഴുത്തുകാരൻ പകർത്തി എഴുതിയതാണ് ഈ കയ്യെഴുത്തുരേഖ. സഭാരംഭകാലത്തേക്കു വളരെയധികം വെളിച്ചം വീശുന്ന ഗ്രന്ഥമാണിത്.

ധാർമിക നിയമസമാഹരണമാണിതിന്റെ ഉള്ളടക്കം. അതുപോലെ സമൂഹത്തിന്റെ ക്രമീകരണം സംബന്ധിച്ച പ്രബോധനങ്ങളും ആരാധനാനുഷ്ഠാനങ്ങൾ സംബന്ധിച്ച ചട്ടങ്ങളും ഇതിലടങ്ങിയിരിക്കുന്നു. രണ്ടാം നൂറ്റാണ്ടിലെ ക്രൈസ്തവ ജീവിതനിയന്ത്രണ സംബന്ധിയായ നിയമങ്ങളിൽ ഉൾക്കൊള്ളുന്നു. പില്ക്കാല സഭാനിയമങ്ങളുടെ മാതൃക ഇതിൽ ദൃശ്യമത്രേ.

**ഘടന**

ഈ കൃതിക്കു രണ്ടു ഭാഗങ്ങളായി പതിനാറ് അധ്യായങ്ങളാണുള്ളത്. അധ്യായം 1-10 ആരാധനക്രമാനുഷ്ഠാന നിയമങ്ങൾ; 11-15 ശിക്ഷണനിയമങ്ങൾ. കർത്തൃപുനരാഗമനം, അനുശാസിക്കുന്ന ക്രൈസ്തവ ധർമങ്ങൾ

എന്നിവ ഉൾക്കൊള്ളുന്ന അവസാനത്തെ അധ്യായം സമാഹാരം.

സ്നാനാർത്ഥികൾക്കുള്ള ഉപദേശം ഉൾക്കൊള്ളുന്ന ആദ്യഭാഗം (1–6) ലിറ്റർജിക്കൽ ഭാഗമത്രേ. ധാർമികനിയമങ്ങൾ അനുശാസിക്കുന്ന രീതി രസ കരമാണ്. 'രണ്ടു പാതകളുടെ' രീതിയാണവയ്ക്കുള്ളത്. 'ജീവന്റെ വഴി യെന്നും മരണത്തിന്റെ വഴിയെന്നും പാതകൾ രണ്ടുണ്ട്. ഈ രണ്ടു പാതകൾ തമ്മിൽ വളരെ അന്തരം ഉണ്ട്' (1:1). തുടർന്നു രണ്ടുപാതകളേയും വിശദീ കരിക്കുന്നു (1:2; 5:1). രണ്ടു പാതകളുടെ രീതിയിലുള്ള പ്രബോധനം ഗ്രീക്കു കാരിൽനിന്ന് ഹെല്ലനിസ്റ്റിക് സിനഗോഗുകൾ സ്വീകരിച്ചു. അതു യൂദയോ -ക്രൈസ്തവ മണ്ഡലങ്ങളിൽ സാധാരണയായിത്തീർന്നു (ഉദാ: ബർണാ ബാസിന്റെ ലേഖനം 18–20).

**മാമോദീസാ** (അധ്യായം 7)

ഏഴുമുതൽ പത്തുവരെയുള്ള അധ്യായങ്ങൾ ലിറ്റർജിയുടെ ചരിത്രം പഠിക്കാൻ സഹായകമാണ്. സ്നാനത്തിനുള്ള നിർദേശങ്ങൾ കൊണ്ട് അവ തുടങ്ങുന്നു: 'ജ്ഞാനസ്നാനം നൽകേണ്ടവിധം: താഴെ വരുംവിധമാണു മാമോദീസാ മുക്കേണ്ടത്. ജ്ഞാനസ്നാനത്തെപ്പറ്റി അർത്ഥിക്കു വേണ്ടത്ര ഉപദേശം നൽകിയശേഷം പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവി ന്റേയും നാമത്തിൽ ഒഴുകുന്ന ജലത്തിൽ മാമോദീസാ മുക്കണം. പ്രവഹി ക്കുന്ന ജലം സൗകര്യമായില്ലെങ്കിൽ മറ്റേതിലെങ്കിലും സ്നാനപ്പെടുത്തുക; തണുത്ത വെള്ളത്തിൽ അസാധ്യമെങ്കിൽ ചെറിയ ചൂടുള്ള വെള്ളത്തിൽ മുക്കു ക. ജലത്തിൽ മുക്കുവാൻ സൗകര്യമില്ലെങ്കിൽ പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ തലയിൽ മൂന്നു പ്രാവശ്യം ജലമൊഴി ക്കുക'(7:1 –3). ഒഴുകുന്ന ജലത്തിൽ മുക്കിയുള്ള സ്നാനമായിരുന്നു അന്നു നടപ്പിലിരുന്നതെന്നു ഇതിൽനിന്നു വ്യക്തമാണ്. അവശ്യഘട്ടങ്ങളിൽ തലയിൽ വെള്ളമൊഴിച്ചുള്ള സ്നാനവും നിലനിന്നു. തലയിൽ വെള്ളമൊഴിച്ചു നടത്തുന്ന സ്നാനത്തെപ്പറ്റിയുള്ള ആദ്യപരാമർശം ഡിഡാക്കെയിലത്രേ.

സ്നാനാർത്ഥിയും സ്നാനം നൽകുന്നയാളും സ്നാനത്തിനുമുമ്പ് ഉപ വസിക്കണമെന്ന് ഡിഡാക്കെ നിർദേശിക്കുന്നു (7:4). "ക്രിസ്ത്യാനികൾ ഉപ വസിക്കേണ്ടതു ബുധനും വെള്ളിയുമാണ്; യൂദന്മാർ തിങ്കളാഴ്ചയും വ്യാഴാ ഴ്ചയും ഉപവസിക്കുന്നു"(8:1). ദിവസത്തിൽ മൂന്നു പ്രാവശ്യം കർതൃപ്രാർഥന ചൊല്ലണമെന്നു ഡിഡാക്കെ അനുശാസിക്കുന്നു.

**കുർബാന** (9, 10, 14)

ഏറ്റവും പുരാതനമായ എവുക്കറിസ്തിയ പ്രാർഥനകൾ ഒൻപതും പത്തും അധ്യായങ്ങളിൽ ഉള്ളതിനാൽ അവ പ്രാധാന്യമർഹിക്കുന്നു: 'എവു ക്കറിസ്തിയായെ സംബന്ധിച്ച് ഇപ്രകാരമാണ് നന്ദി പറയേണ്ടത്: ഒന്നാമത്

കാസായോടനുബന്ധിച്ച്: 'ഞങ്ങളുടെ പിതാവേ, നിന്റെ പുത്രനായ യേശു വഴി നീ വെളിപ്പെടുത്തിയ നിന്റെ പുത്രൻ ദാവീദിന്റെ പരിശുദ്ധ മുന്തിരിച്ചെടിയെ പ്രതി ഞങ്ങൾ നിനക്കു നന്ദി പറയുന്നു. നിനക്ക് എന്നും മഹത്വമുണ്ടായിരിക്കട്ടെ.' അതിനുശേഷം അപ്പം മുറിക്കലിനോടനുബന്ധിച്ച്: 'ഞങ്ങളുടെ പിതാവേ, നിന്റെ പുത്രനായ യേശുവഴി നീ വെളിപ്പെടുത്തിയ ജീവനേയും വിജ്ഞാനത്തേയും പ്രതി ഞങ്ങൾ നിനക്കു നന്ദി പറയുന്നു. നിനക്ക് എന്നും മഹത്വമുണ്ടായിരിക്കട്ടെ. മുറിക്കപ്പെട്ട ഈ അപ്പം മലമുകളിൽ ചിതറപ്പെട്ടു കിടക്കുകയും ശേഖരിക്കപ്പെട്ടു കഴിഞ്ഞപ്പോൾ ഒന്നായിത്തീരുകയും ചെയ്തതുപോലെ നിന്റെ രാജ്യത്തിലേക്കു ഭൂമിയുടെ അതിർത്തികളിൽനിന്നു നിന്റെ സഭ ശേഖരിക്കപ്പെടട്ടെ. എന്തെന്നാൽ യേശുക്രിസ്തുവഴി ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. കർത്താവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കാത്തവരാരും നിങ്ങളുടെ സ്തോത്രത്തിൽ നിന്നു ഭക്ഷിക്കയോ കുടിക്കയോ ചെയ്യാൻ നിങ്ങൾ അനുവദിക്കരുത്. എന്തെന്നാൽ തൽസംബന്ധമായി നമ്മുടെ കർത്താവ് പറഞ്ഞു: 'വിശുദ്ധമായവ നായ്ക്കൾക്കു കൊടുക്കരുത്.'(9)

ഈ ഭാഗം കുർബാനയെപ്പറ്റിയാണ്; അല്ലാതെ ഭക്ഷണസമയത്തുള്ള പ്രാർഥനയെ സംബന്ധിച്ചല്ല. സ്നാനവും കുർബാനയും ഒന്നിച്ചാണിവിടെ ചർച്ച ചെയ്തിരിക്കുന്നത്. സ്നാനം സ്വീകരിക്കാത്തവൻ കുർബാന സ്വീകരണത്തിന് അണയരുതെന്നും കല്പിക്കുന്നു. പത്താം അധ്യായത്തിൽ, കുർബാന സ്വീകരണാനന്തരമുള്ള ഒരു പ്രാർഥനയുണ്ട്: ''നിങ്ങൾ തൃപ്തരായ ശേഷം ഇപ്രകാരം നന്ദി പറയുവിൻ: നിന്റെ പുത്രനായ യേശു വഴി നീ വെളിപ്പെടുത്തിയ വിജ്ഞാനത്തേയും വിശ്വാസത്തേയും അമർതൃതയേയും പ്രതിയും നിന്റെ പരിശുദ്ധനാമം ഞങ്ങളുടെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചതിനെ പ്രതിയും പരിശുദ്ധ പിതാവേ, ഞങ്ങൾ നിനക്കു നന്ദി പറയുന്നു. നിനക്ക് എന്നും മഹത്വമുണ്ടായിരിക്കട്ടെ. സർവശക്തനായ കർത്താവേ, നിന്റെ നാമത്തെപ്രതി നീ എല്ലാം സൃഷ്ടിച്ചു. നിനക്കു നന്ദി പറയുവാൻ മനുഷ്യരുടെ സന്ധാരണാർഥം നീ ഭക്ഷണവും പാനീയവും നൽകി. എന്നാൽ ഞങ്ങൾക്കു നിന്റെ പുത്രൻ വഴി ആത്മീയഭക്ഷണവും പാനീയവും നിത്യജീവനും പ്രദാനം ചെയ്തു. നീ ശക്തനായതുകൊണ്ട് എല്ലാറ്റിനേയും പ്രതി ഞങ്ങൾ നിനക്കു നന്ദി പറയുന്നു. നിനക്ക് എന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ'' (10:1-4). വിശുദ്ധ കുർബാനയെ ആത്മീയ ഭക്ഷണപാനീയങ്ങളെന്ന് ഡിഡാക്കെ വിളിക്കുന്നു. 'പരിശുദ്ധൻ സമീപിക്കട്ടെ. അല്ലാത്തവൻ അനുതപിക്കട്ടെ' എന്നും കൂട്ടിച്ചേർക്കുന്നു. ഉയർപ്പു തിരുനാളിനു തൊട്ടു മുമ്പുള്ള സ്നാനവും സ്നാനാർഥിയുടെ ആദ്യകുർബാന സ്വീകരണവുമാണ് ഇവിടെ ചർച്ച ചെയ്യുന്നതെന്ന് സാഹചര്യത്തിൽ നിന്നും മറ്റു സമാന്തരരേഖകളിൽ നിന്നും വ്യക്തമാണ്.

സാധാരണ ഞായറാഴ്ച ആരാധനയെപ്പറ്റി 14-ാം അധ്യായം ചർച്ച ചെയ്യുന്നു: 'കർത്താവിന്റെ ദിവസത്തിൽ നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ അപ്പം മുറിക്കുകയും നന്ദിപറയുകയും ചെയ്യുവിൻ. നിങ്ങളുടെ ബലി ശുദ്ധമായിരിപ്പാൻ നിങ്ങളുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്യണം. നിങ്ങളുടെ ബലി അശുദ്ധമാകാതിരിക്കാൻ, സഹോദരരോടു രമ്യതയില്ലാതിരിക്കുന്നവർ യോജിക്കുന്നതുവരെ നിങ്ങളോടുകൂടെ ചേരരുത്. കാരണം, ഈ ബലിയെപ്പറ്റിയാണ് കർത്താവ് പറഞ്ഞത്: എപ്പോഴും എല്ലായിടത്തും എനിക്ക് പരിശുദ്ധമായ ബലി അർപ്പിക്കുവിൻ; എന്തെന്നാൽ ഞാൻ മഹാരാജാവാകുന്നു. എന്റെ നാമം വിജാതിയരുടെയിടയിൽ വലുതാകുന്നു' (14:1-3).

കുർബാനയെ ബലി (തുസിയ)[2] എന്നു വിളിക്കുന്നതും മലാക്കിയുടെ പ്രവചനം (1:11) ഉദ്ധരിക്കുന്നതും. വി. കുർബാന സ്വീകരിക്കുന്നതിനുമുമ്പ് പാപമോചനം അത്യാവശ്യമാണെന്നു പറയുന്നതും ശ്രദ്ധേയമാണ്. കുർബാനയ്ക്കിടയ്ക്കുള്ള ഒരു പാപമോചനമാണ് ഇവിടെ വിവക്ഷ(10:6). ദേവാലയത്തിലെ പ്രാർഥനയ്ക്കു മുമ്പുള്ള കുമ്പസാരത്തെപ്പറ്റി 14:1-ൽ പരാമർശമുണ്ട്. 'സഭയിൽ നിന്റെ പാപങ്ങൾ ഏറ്റുപറയുക. തെറ്റായ മനസ്സാക്ഷിയോടുകൂടി പ്രാർഥിക്കാൻ ഒരുമ്പെടരുത്.'

**സഭാധികാരികൾ**

സമൂഹങ്ങളുടെ തലവന്മാരെ 'എപ്പിസ്കോപ്പോയ്' എന്നും 'ദിയാക്കൊണോയ്' എന്നും ഡിഡാക്കെ വിളിക്കുന്നു. ഈ 'എപ്പിസ്കോപ്പോയ്' വൈദികർ മാത്രമാണോ അതോ മെത്രാന്മാരാണോ എന്ന് രേഖയിൽനിന്നു വ്യക്തമല്ല. പ്രെസ്ബിറ്റർമാരെപ്പറ്റി ഡിഡാക്കെ സംസാരിക്കുന്നില്ല:

'നിങ്ങൾക്കുവേണ്ടി കർത്താവിനു യോഗ്യരായ മെത്രാന്മാരേയും ശുശ്രൂഷകരേയും നിങ്ങൾ തെരഞ്ഞെടുക്കണം. അവർ ശാന്തരും വിശാലമനസ്കരും വിശ്വസ്തരും നന്നായി പരിശോധിക്കപ്പെട്ടവരും ആയിരിക്കണം. നിങ്ങൾക്കുവേണ്ടിയുള്ള അവരുടെ ശുശ്രൂഷ പ്രവാചകന്മാരുടേയും ഉപദേഷ്ടാക്കളുടേയും പോലെയാണ്. പ്രവാചകന്മാരോടും ഉപദേഷ്ടാക്കളോടും കൂടെ അവർക്ക് നിങ്ങളുടെ ഇടയിൽ മാന്യമായ സ്ഥാനമുണ്ട്'(15:1-2).

**പ്രവാചകന്മാർ**

ആദിമസഭയിൽ പ്രവാചകന്മാർ പ്രമുഖസ്ഥാനം അലങ്കരിച്ചിരുന്നു. 'അദ്ദേഹം (പ്രവാചകൻ) നിങ്ങളുടെ മേൽപ്പട്ടക്കാരനാകുന്നു' (13,3). പ്രവാചകന്മാരെ കുർബാന അർപ്പിക്കാൻ അനുവദിക്കണം: 'അവരുടേതായ വിധത്തിൽ നന്ദി പറയുവാൻ (എവുക്കരിസ്തെയിൻ) അവരെ അനുവദിക്കുവിൻ' (10:7). അവർ ആദ്യഫലത്തിന് അർഹരാണ്: 'മുന്തിരിയുടേയും ധാന്യങ്ങളുടേയും ആദ്യഫലങ്ങൾ പ്രവാചകന്മാർക്ക് കൊടുക്കുവിൻ. അപ്പമുണ്ടാക്കുന്നെങ്കിൽ, ആദ്യത്തേത് എടുത്ത് കൽപനാനുസരണം കൊടുക്കുവിൻ. അതു

പോലെ വീഞ്ഞോ, എണ്ണയോ നിറച്ച ഭരണികൾ തുറക്കുമ്പോൾ ആദ്യമായി എടുത്ത് പ്രവാചകന്മാർക്കു നൽകുക. പണം, വസ്ത്രങ്ങൾ അതുപോലെ നിങ്ങളുടെ സമ്പാദ്യം ഒക്കെയിലും ആദ്യഫലം നിങ്ങൾക്കു കൊടുക്കണമെന്നു തോന്നുന്ന രീതിയിൽ എടുത്ത് കല്പനാനുസരണം കൊടുക്കുവിൻ' (13:3-7). പ്രവാചകന്മാരെ വിധിക്കാൻ ജനങ്ങൾക്കധികാരം ഇല്ലായിരുന്നു (11:11). പ്രവാചകന്മാരെ വിമർശിക്കുക പാപമായി കരുതപ്പെട്ടിരുന്നു: 'ഒരു പ്രവാചകൻ ഹർഷോന്മത്തമായ ഭാഷണങ്ങൾ നടത്തിയാൽ അവനെ പരീക്ഷിക്കുകയോ, പരിശോധിക്കുകയോ ചെയ്യരുത്. കാരണം, എല്ലാ പാപവും ക്ഷമിക്കപ്പെടും; ഈ പാപം ക്ഷമിക്കപ്പെടുകയില്ല' (11:7).

സഹോദര സ്നേഹത്തിനും സാമൂഹ്യപ്രവർത്തനങ്ങൾക്കും ഡിഡാക്കെ പ്രാധാന്യം കൊടുക്കുന്നു. ദാനം കൊടുക്കൽ പ്രശംസനീയമാണ്. എന്നാൽ ഓരോരുത്തരും അവനവന്റെ ആവശ്യാനുസരണം അധ്വാനിച്ചു ജീവിക്കണം. ജോലി ചെയ്യാൻ കഴിവില്ലാത്തവൻ മാത്രമാണ് ദാനം സ്വീകരിക്കുന്നതിനു അർഹൻ:

'വന്നവൻ ഒരു വഴിയാത്രക്കാരനാണെങ്കിൽ നിങ്ങളാൽ ആവുംവിധം സഹായിക്കുവിൻ. എന്നാൽ അവൻ നിങ്ങളോടൊപ്പം രണ്ടു ദിവസത്തിൽ കൂടുതൽ താമസിക്കരുത്. ഏറിയാൽ മൂന്നു ദിവസം. അവൻ നിങ്ങളോടൊത്ത് താമസിക്കാൻ ആഗ്രഹിക്കുന്ന ഒരു കൈത്തൊഴിൽ പണിക്കാരനാണെങ്കിൽ അവൻ അധ്വാനിക്കണം. അവന് ഒരു തൊഴിലും അറിയില്ലെങ്കിൽ, ക്രിസ്തുവിന്റെ ഒരു ശിഷ്യനും നിങ്ങളുടെ ഇടയിൽ അലസനായി വർത്തിക്കാതിരിക്കാൻ നിങ്ങൾ നടപടി എടുക്കണം. അവന് അതിനു സമ്മതമില്ലെങ്കിൽ, അവൻ ക്രിസ്തുവിനെ കച്ചവടം ചെയ്യുന്നു, അത്തരക്കാരെ നിങ്ങൾ സൂക്ഷിക്കണം' (12:2-5).

**സഭാശാസ്ത്രം**

സഭ സാർവത്രികമാണ്. എല്ലാം ഉൾക്കൊള്ളാൻ കഴിവുള്ള ഒരു ലോകസഭയെയാണു ഡിഡാക്കെ കാണുന്നത്. 'എക്ലേസിയാ' എന്ന പദം പ്രാർഥനയ്ക്കായി ഒന്നിച്ചുകൂടിയിരിക്കുന്ന വിശ്വാസികളുടെ സമൂഹത്തെ മാത്രമല്ല, ദൈവരാജ്യത്തിൽ സ്ഥാപിക്കപ്പെടുന്ന പുതിയ ജനത്തെ - പുതിയ ക്രിസ്തീയ വംശത്തെ - സൂചിപ്പിക്കുന്നു. സഭ ഏകവും വിശുദ്ധവുമാണ്. സഭയുടെ ഐക്യത്തിന്റെ പ്രതീകമാണ് കുർബാനയപ്പം(9:4). സഭയ്ക്കുവേണ്ടി പ്രാർഥിക്കുന്നതു ശ്രദ്ധേയമാണ്: 'കർത്താവേ നിന്റെ സഭയെ ഓർക്കണമേ. എല്ലാവിധ തിന്മകളിൽനിന്നും അവളെ രക്ഷിക്കണമേ. നിന്റെ സ്നേഹത്തിൽ അവളെ പൂർണയാക്കണമേ. വിശുദ്ധീകരിക്കപ്പെട്ട അവളെ അവൾക്കുവേണ്ടി നീ ഒരുക്കിയിരിക്കുന്ന നിന്റെ രാജ്യത്തിലേക്കു നാല് ദിക്കുകളിൽനിന്നും ഒന്നിച്ചു ചേർക്കണമേ. എന്തെന്നാൽ ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു' (10:5).

**കാലാന്ത്യം**

ഡിഡാക്കെയിൽ കാലാന്ത്യചിന്ത പ്രമുഖമായിട്ടുണ്ട്. കുർബാനയ്ക്കുള്ള പ്രാർഥനകളിൽ അതു സുതരാം വ്യക്തമാണ്: 'കൃപ വരികയും ഈ ലോകം കടന്നുപോകുകയും ചെയ്യട്ടെ.... ഞങ്ങളുടെ കർത്താവേ, വന്നാലും. മാറാനാതാ' (10:6). കർത്താവിന്റെ പുനരാഗമനം അടുത്തിരിക്കുന്നു, എന്നാൽ ആ സമയം അവ്യക്തമായി നിലകൊള്ളുന്നു. അക്കാരണത്താൽ വിശ്വാസികൾ കൂടെക്കൂടെ ഒന്നിച്ചുകൂടി, ആത്മീയ ജീവിതത്തിനുള്ള കാര്യങ്ങൾ ആരായണമെന്ന് ആദിമക്രൈസ്തവർ വിശ്വസിച്ചിരുന്നു. കാലാന്ത്യത്തിന്റെ അടയാളത്തെപ്പറ്റി ഡിഡാക്കെ മുന്നറിയിപ്പു തരുന്നു: 'അന്ത്യനാളുകളിൽ അസംഖ്യം കള്ളപ്രവാചകന്മാരും വഴിപിഴയ്ക്കുന്നവരും വർധിക്കും; ആടുകൾ ചെന്നായ്ക്കളായും സ്നേഹം വിദ്വേഷമായും മാറും. അധർമം പെരുകുന്നതോടൊപ്പം മനുഷ്യർ പരസ്പരം വെറുക്കുകയും പീഡിപ്പിക്കുകയും ഒറ്റിക്കൊടുക്കുകയും ചെയ്യും. അപ്പോൾ ലോകചതിയൻ ദൈവപുത്രന്റെ വേഷത്തിൽ പ്രത്യക്ഷപ്പെടും. അവൻ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കും. ഭൂമി അവന്റെ കൈകളിൽ നിപതിക്കും. മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത കൊടിയ ദ്രോഹം അവൻ കാട്ടിക്കൂട്ടും. അപ്പോൾ മനുഷ്യർ അഗ്നിപരിശോധനയ്ക്കു വിധേയരാക്കപ്പെടും. അനേകർ ഇടറുകയും നശിക്കുകയും ചെയ്യും. എന്നാൽ വിശ്വാസത്തിൽ നിലനിൽക്കുന്നവർ ശാപത്താൽ തന്നെ രക്ഷപ്രാപിക്കും. അപ്പോൾ സത്യത്തിന്റെ അടയാളങ്ങൾ കാണപ്പെട്ടു തുടങ്ങും' (16:3-6). അതുകൊണ്ട് ക്രിസ്ത്യാനികൾ ഒരുക്കമുള്ളവരായിരിക്കാൻ ഡിഡാക്കെ ഉപദേശിക്കുന്നു: 'നിങ്ങളുടെ ജീവിതത്തിന്മേൽ സൂക്ഷ്മതയുള്ളവരായിരിക്കുവിൻ. നിങ്ങളുടെ വിളക്കുകൾ കെട്ടുപോകുവാൻ അനുവദിക്കരുത്. നിങ്ങളുടെ അരകെട്ടി ഒരുങ്ങിയിരിക്കുവിൻ. എന്തെന്നാൽ നമ്മുടെ കർത്താവ് വരുന്ന നാഴിക നിങ്ങൾ അറിയുന്നില്ലല്ലോ' (16:1). അവസാനത്തെ അധ്യായം മുഴുവൻ യുഗാന്ത്യത്തെപ്പറ്റിയുള്ള ചർച്ചകളാണ്.

**എഴുതിയ കാലം**

എഴുതിയ കാലത്തെപ്പറ്റി കൃതിയിൽനിന്നു ഗ്രഹിക്കാനാവില്ല. ഡിഡാക്കെ തയാറാക്കിയ ആൾ അന്നു നിലവിലിരുന്ന ഗാർഹികവും ആരാധനക്രമപരവുമായ പല നിയമങ്ങളും ആചാരങ്ങളും ഒന്നിച്ചുചേർത്തു. അവയെ ഒന്നിച്ചൊരു സമാഹാരമാക്കുന്നതിന് അയാൾ തത്രപ്പെട്ടില്ല. ഡിഡാക്കെയിലെ 'ഇരുവഴി' പ്രബോധനം മറ്റു പല പ്രാചീനകൃതികളിലും കാണാം. ഇതിന്റെ മൂലരൂപം അൻപതിനും എഴുപതിനും ഇടയ്ക്ക് വിരചിതമായി. ഇപ്പോഴുള്ള രൂപം 100-നും 150-നും ഇടയ്ക്കു സിറിയായിൽവച്ച് എഴുതപ്പെട്ടെന്നു കരുതാം. പല പ്രാചീന ഗ്രന്ഥകർത്താക്കളും ഡിഡാക്കെയെ പുതിയ നിയമത്തിലുൾപ്പെടുത്തിയിരുന്നു. എന്നാൽ എവുസേബിയസ് (സഭാചരിത്രം,3,25,4), അത്തനാ

സ്യോസ് (ലേഖനം,39), റൂഫീനസ് (ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനം,38) എന്നിവർ ഇതിന്റെ കാനോനികതയെ എതിർക്കു കയും ഇതൊരു 'അപ്പോക്രീഫാ' മാത്രമായതിനാൽ ബൈബിൾ ഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് വാദിക്കുകയും ചെയ്തു.

'സുറിയാനി ഡിഡസ്കാലിയാ', 'ഹിപ്പോളിറ്റസിന്റെ അപ്പസ്തോലിക പാരമ്പര്യം', 'അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷൻസ്' എന്നിവ ഡിഡാ ക്കെയെ മാതൃകയാക്കിയിട്ടുണ്ട്. സ്നാനാർഥികളുടെ ഉപദേശാർഥം ഇത് ഉപ യോഗിക്കപ്പെട്ടിരുന്നു എന്നു വി. അത്തനാസ്യോസ് സാക്ഷിക്കുന്നു.

യൂദയോ– ക്രൈസ്തവ പശ്ചാത്തലത്തിൽ ഉരുത്തിരിഞ്ഞതാണ് ഡിഡാ ക്കെ. ഇന്നു നമുക്ക് ലഭിച്ചിരിക്കുന്ന രീതിയിൽ എത്തുന്നതിനു മുമ്പ് ഇത് പല മാറ്റങ്ങളിൽ കൂടി കടന്നുപോയിട്ടുണ്ട്. 'ഇരുപാത'ഭാഗം യൂദായിസ്റ്റി ക്കാണ്. കുംറാൻ സമൂഹത്തിൽ ഈ പ്രബോധനരീതി ദൃശ്യമത്രേ. ഡിഡാ ക്കെയുടെ സാഹിത്യരീതി മൊത്തത്തിൽ എസ്സീൻ സമൂഹത്തിന്റെ നിയമാ വലിയോടു സദൃശ്യമാണ്. ഒഴുകുന്ന വെള്ളത്തിലുള്ള മാമോദീസാ, ദിവസ ത്തിൽ മൂന്നു പ്രാവശ്യമുള്ള പ്രാർഥന (8:3) എന്നിവ എസ്സീൻ നിയമങ്ങ ളോടു സദൃശ്യമാണ്. കുർബാനയെ സംബന്ധിച്ച പ്രാർഥനകൾ യൂദ പാര മ്പര്യങ്ങളോടു ബന്ധപ്പെട്ടവയും അവയിൽ നിന്ന് ഉരുത്തിരിഞ്ഞവയുമാണ് (9–10). പ്രവാചകന്മാർക്കു ഡിഡാക്കെ നൽകുന്ന പ്രാധാന്യം യൂദ യോ–ക്രൈസ്തവ പാരമ്പര്യത്തിൽ നിന്നുള്ളതാണ്. 'ഏശായായുടെ സ്വർഗാ രോഹണം' എന്ന അപ്പോക്രീഫൽ കൃതിയും (3:27) ഹെർമാസിന്റെ ഇട യനും (കല്പന. 11:7–9) പ്രവാചകന്മാർക്ക് ഇത്തരം പ്രാധാന്യം കൊടുക്കു ന്നുണ്ട്. സുറിയാനി പശ്ചാത്തലത്തിൽ എഴുതപ്പെട്ട ഡിഡാക്കെയിൽ 'ഓശാ നാ', 'മാറാനാതാ', 'ആമ്മീൻ' എന്നീ അറമായ പദങ്ങളും കാണുന്നു.*

---

*മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *അപ്പസ്തോലിക പിതാക്കന്മാർ*, കോട്ടയം,1996,പേജ്,1–12.

അധ്യായം 2

# അപ്പസ്തോലിക പിതാക്കന്മാർ

ഒന്നാം നൂറ്റാണ്ടിലും രണ്ടാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലും ജീവിച്ചിരുന്ന ക്രൈസ്തവ സാഹിത്യകാരന്മാരെയാണ് അപ്പസ്തോലിക പിതാക്കന്മാർ എന്നു വിളിക്കുക. വി. ശ്ലീഹന്മാരുടെ പ്രബോധനരീതികളോട് അവരുടെ ഉപദേശങ്ങൾക്കു വളരെ സാമീപ്യമുള്ളതിനാൽ അവർ പ്രത്യേകം ബഹുമാന്യരായി ഗണിക്കപ്പെടുന്നു. സഭാരംഭകാലത്ത് 'അപ്പസ്തോലിക പിതാക്കന്മാർ' എന്ന സംജ്ഞ അജ്ഞാതമായിരുന്നു. 17-ാം നൂറ്റാണ്ടിലെ പണ്ഡിതന്മാരാണ് ആ പേരിനു പ്രചുരപ്രചാരം നൽകിയത്. 1672-ൽ ജെ. ബി. കൊത്തെലിയെർ ഈ സംജ്ഞയുടെ കീഴിൽ അഞ്ചു സഭാസാഹിത്യകാരന്മാരെ ഉൾപ്പെടുത്തി: ബർണബാസ്, റോമിലെ വി. ക്ലെമെന്റ്, അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്, സ്മിർണയിലെ വി. പോളിക്കാർപ്പ്, ഹെർമാസ്. ഈ പേരുകളോടു കൂടെ പിന്നീട് ഹിയെരാപ്പൊളീസിലെ പപ്പിയാസ്, ഡയഗ്നേറ്റസിനുള്ള ലേഖനത്തിന്റെ കർത്താവ് എന്നീ പേരുകളും കൂട്ടിച്ചേർക്കപ്പെട്ടു. ആധുനികകാലത്ത് ഡിഡാക്കെയുടെ കർത്താവിനെയും ഇതിൽ ഉൾപ്പെടുത്തി. ഇവരെല്ലാം ഏതാണ്ട് ഒരേ കാലഘട്ടത്തിൽ ജീവിച്ചിരുന്നതിനാൽ ഒരേ സംജ്ഞയുടെ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

യുഗാന്ത്യചിന്ത അപ്പസ്തോലിക പിതാക്കന്മാരുടെ പ്രത്യേകതയാണ്. കർത്താവിന്റെ രണ്ടാമത്തെ വരവ് ഉടനെ ഉണ്ടാകുമെന്നു പ്രതീക്ഷിച്ച് ആദിമ ക്രൈസ്തവർ അതിനായി കാത്തിരുന്നു. കർത്താവിനെക്കുറിച്ചുള്ള സ്മരണ സജീവമായി അവരിൽ നിലനിന്നു. ശ്ലീഹന്മാരിൽനിന്നു നേരിട്ടുകേട്ട കാര്യങ്ങൾ ആഴമായി അവരിൽ പതിഞ്ഞിരുന്നതിനാൽ, യേശുക്രിസ്തുവിനു വേണ്ടിയുള്ള അടങ്ങാത്ത അന്തർദാഹം അവർക്കുണ്ടായിരുന്നു. ക്രിസ്തീയ വിശ്വാസം ശാസ്ത്രീയമായി വിശകലനം ചെയ്യാൻ അവർ ഒരുമ്പെട്ടില്ല. എങ്കിലും അവരുടെ കൃതികളിലെ ക്രൈസ്തവ മാതൃക പരിഗണിക്കേണ്ടതാണ്. അന്നത്തെ ക്രിസ്തീയ സമൂഹങ്ങളുടെ ദൈനംദിന പ്രശ്ന

ങ്ങളിലേക്ക് അവർ വിരൽചൂണ്ടി. ധാർമികനിലവാരം ഉയർത്തുക, ഗ്രേക്കോ -റോമൻ സാമ്രാജ്യത്തിൽ ചിന്നിച്ചിതറിക്കിടക്കുന്ന ക്രിസ്തീയ സമൂഹങ്ങളുടെ ജീവിതം കരുപ്പിടിപ്പിക്കുക എന്നിവയായിരുന്നു അവരുടെ പ്രധാന ആവശ്യം. അവരിൽ ചിലർക്കു റോമാക്കാരുടെ മതപീഡനവും ചിലർക്ക് യഹൂദരുടെ ശക്തിയായ എതിർപ്പും നേരിടേണ്ടിവന്നു. ക്രിസ്തീയസ്നേഹം, വ്യക്തിപരമായ ചുമതലാബോധം എന്നിവ അവരുടെ പേജുകളിൽ ദൃശ്യമത്രേ.

വി. ക്ലെമെന്റ് പ്രശാന്തനും കുലീനനുമാണ്. ഇഗ്നേഷ്യസ് തീക്ഷ്ണനും രക്തസാക്ഷിത്വത്തിനു വെമ്പുന്നവനുമാണ്. മതപീഡന പരീക്ഷണത്തിൽ പോളിക്കാർപ്പ് ഉറച്ചുനിന്നു. ക്രിസ്തീയ ധാർമിക ജീവിതത്തിൽ ഉറച്ചുനിൽക്കാൻ ഇടയനും ഡിഡാക്കെയും ഉദ്ബോധിപ്പിക്കുന്നു. ബർണബാസിന്റെ ലേഖനത്തിലും ഡയഗ്നേറ്റസിനുള്ള ലേഖനത്തിലും യഥാർഥ ക്രിസ്തീയ വിശ്വാസവും അജപാലന താല്പര്യവും പ്രകടമാണ്. അപ്പസ്തോ ലിക പിതാക്കന്മാർക്കു പഴയനിയമം അവരുടെ ക്രിസ്തീയ ഗ്രന്ഥമത്രേ. പഴയനിയമത്തിനു സവിശേഷമായ സ്ഥാനം അവർ അനുവദിച്ചുകൊടുത്തു. 'ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു,' 'വി. ഗ്രന്ഥം സാക്ഷിക്കുന്നു' എന്നിപ്രകാരം പറഞ്ഞുകൊണ്ടാണ് അവർ പഴയനിയമ ഉദ്ധരണികൾ തുടങ്ങുക. അവരെ സംബന്ധിച്ച് ക്രിസ്തുവിന്റെ ജീവിതത്തിന്റെ വിശദാംശങ്ങൾ പോലും പ്രവാചകന്മാർ വരച്ചുകാണിച്ചിരുന്നു.

ത്രിത്വസംബന്ധമായ ഉപരിജ്ഞാനമൊന്നും അപ്പസ്തോലിക പിതാക്കന്മാരിൽ ദൃശ്യമല്ല. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിത്വനാമം അവർ അറിഞ്ഞിരുന്നു. ബൈബിളിൽ ഉള്ളതിനപ്പുറം ശാസ്ത്രീയമായി ത്രിത്വത്തെ വരച്ചുകാട്ടാൻ അവർ യത്നിച്ചില്ല എന്നർഥം. വളരെ ലളിതമായ ശൈലി, മതപരമായ ഉറച്ച വിശ്വാസം, ഗ്രീക്ക് താത്വിക-സാഹിത്യശൈലിയിൽനിന്ന് വിമുക്തമായ രൂപകല്പന എന്നിവ അവരുടെ പ്രത്യേകതകളാണ്. പുതിയനിയമത്തിന്റെ ആത്മീയ ഉൾക്കാഴ്ച അവരിൽ ദൃശ്യമല്ലെങ്കിലും അതിന്റെ അടിസ്ഥാന ദൗത്യത്തിൽ അവർ അതീവ ശ്രദ്ധാലുക്കളായിരുന്നു. അജപാലനദൗത്യം മുന്നിൽ കണ്ടുകൊണ്ട് എഴുതപ്പെട്ടവയാണ് അവരുടെ കൃതികൾ. അവ ശൈലിയിലും രൂപത്തിലും പുതിയനിയമ സാഹിത്യത്തോടു വളരെ അടുത്തുവരുന്നു. വെളിപാടിന്റെയും പാരമ്പര്യത്തിന്റെയും ഇടയ്ക്ക് രണ്ടിനേയും യോജിപ്പിച്ചുകൊണ്ട് അവ സ്ഥിതി ചെയ്യുന്നു. റോമാസാമ്രാജ്യത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ - ഏഷ്യാമൈനർ, ഈജിപ്ത്, സിറിയ, റോം - ഓരോരോ പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി എഴുതപ്പെട്ടവയാണവ. അവ മൊത്തത്തിൽ അക്കാലത്തെ ക്രൈസ്തവജീവിതം വരച്ചുകാട്ടുന്നു. (മലയാളവിവർത്തനത്തിന്: ജി.ചേടിയത്ത്, *അപ്പസ്തോലിക പിതാക്കന്മാർ*, കോട്ടയം, 1996)

# 1. റോമിലെ വി. ക്ലെമെന്റ് (92-101)

റോമിലെ നാലാമത്തെ മെത്രാനായിരുന്നു വി. ക്ലെമെന്റ്. പത്രോസ്, ലീനുസ്, അനാക്ലെറ്റസ്, ക്ലെമെന്റ് എന്നു തുടങ്ങുന്നു റോമിലെ മെത്രാന്മാരുടെ പട്ടിക (ഐറേനിയസ്, പാഷ. 3:3,3; എവു. സഭാ. 3:15,34). വി. പൗലോസ്, ഫിലിപ്യലേഖനത്തിൽ (4:3) പറയുന്ന 'ആയുസ്സിന്റെ പുസ്തകത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ക്ലിമ്മീസ്' ഇദ്ദേഹമാണെന്ന് ഒരിജനും (+253) എവുസേബിയസും (+339) എപ്പിഫാനിയസും (+403) ജറോമും (+420) സാക്ഷിക്കുന്നു. പത്രോസിൽനിന്ന് നേരിട്ടു ക്ലെമെന്റിനു കൈവെപ്പ് കിട്ടിയെന്ന് തെർത്തുല്യൻ പറയുന്നു (*ദെ പ്രെസ്ക്രിപ്സിയോണെ*, 32). എപ്പിഫാനിയസിന്റെ അഭിപ്രായത്തിൽ ക്ലെമെന്റ് പത്രോസിൽനിന്ന് കൈവെപ്പു സ്വീകരിച്ചെങ്കിലും അനാക്ലെറ്റസിന്റെ മരണം വരെ കാത്തിരുന്നു. 92 മുതൽ 101 വരെ റോമിലെ മെത്രാനായിരുന്ന ക്ലെമെന്റിന്റെ ബാല്യകാലത്തെ സംബന്ധിച്ചു നമുക്ക് അറിവൊന്നുമില്ല. വി. പത്രോസിനോടും പൗലോസിനോടും അദ്ദേഹം നേരിട്ട് ബന്ധപ്പെട്ടിരുന്നു.

'സെവുടോ-ക്ലെമെന്റൈൻ' സാഹിത്യത്തിൽ ക്ലെമെന്റിനെ റോമൻ രാജകുടുംബാംഗമായി ചിത്രീകരിക്കുന്നുണ്ട്. 95/96-ൽ കൊല്ലപ്പെട്ട ഒരു ക്ലെമെന്റ്, ഇദ്ദേഹമാണെന്ന് ദിയോ കാസ്സിയുസ്സ് പറയുന്നു. ക്ലെമെന്റ് രക്തസാക്ഷിയായി മരിച്ചെന്ന് ഒരു പാരമ്പര്യവുമുണ്ട്. ഇവയ്ക്കൊന്നും വേണ്ടത്ര അടിസ്ഥാനമില്ല. മലങ്കര കുർബാനയിലെ അഞ്ചാം മധ്യസ്ഥപ്രാർഥനയിൽ ക്ലെമെന്റിനെ ഓർക്കുന്നു. മലങ്കര ക്രമത്തിൽ അദ്ദേഹത്തിന്റെ പേരിൽ ഒരു കുർബാന തക്സാ അറിയപ്പെടുന്നു. റോമിലെ ക്ലെമെന്റിന്റെ ബസിലിക്ക അദ്ദേഹത്തിന്റെ വീട് ഇരുന്നിടത്താണ്.

## കൊറിന്തോസുകാർക്കെഴുതിയ ലേഖനം

ക്ലെമെന്റ് കൊറിന്തോസിലെ സഭയ്ക്ക് 95-നും 98-നും ഇടയ്ക്ക് ഒരു ലേഖനം അയച്ചു. വേദപുസ്തകത്തോടടുത്ത സ്ഥാനം ഈ ലേഖനത്തിന് ആദിമസഭ നല്കിവന്നു. ലേഖനകർത്താവിന്റെ പേരും സ്ഥാനവും കാലവും കൃത്യമായി അറിയാവുന്നതിനാൽ 'സബപ്പസ്തോലിക' കാലത്തെ ഒരു പ്രധാനപ്പെട്ട രേഖയായി ഇതിനെ കണക്കാക്കാം. ഡൊമിഷ്യന്റെ ഭരണകാലത്ത് കൊറിന്ത്യൻ സഭയിലുണ്ടായ ഒരു തർക്കമാണ് ഈ ലേഖനമെഴുതാൻ ക്ലെമെന്റിനെ പ്രേരിപ്പിച്ചത്. വി. പൗലോസ് കൊറിന്ത്യൻ തർക്കങ്ങളെ നിശ്ശിതമായി വിമർശിച്ചു. എന്നാൽ അവ വീണ്ടും നാമ്പെടുത്തു. സഭാധികാരികൾക്കെതിരെ ചിലർ മല്ലയുദ്ധത്തിന് ഇറങ്ങി. ചില അധികാരികളെ അവർ സ്ഥാനങ്ങളിൽനിന്നു മാറ്റി. ഒരു ചെറിയ കൂട്ടം മാത്രം പ്രെസ്ബി

റ്റർമാരോടു വിശ്വസ്തത കാട്ടി. അവരുടെ ഇടയിലെ കലഹം അവസാനിപ്പിച്ച് ഐക്യവും സമാധാനവും പുനഃസ്ഥാപിക്കുക എന്നതായിരുന്നു ക്ലെമെന്റിന്റെ ഉദ്ദേശ്യം. കലഹത്തെപ്പറ്റിയുള്ള വാർത്ത റോമിൽ എത്തിച്ചതു കൊറിന്തോസിൽ നിന്നു വന്ന റോമാക്കാരായിരിക്കാം.

ഒരാമുഖം (1–3), രണ്ടു പ്രധാന ഭാഗങ്ങൾ (4–36;37–61). ഒരുപസംഹാരം (62–65) എന്നിങ്ങനെ ഈ ലേഖനത്തിന് നാലു ഭാഗങ്ങളുണ്ട്. വഴക്കിനു മുമ്പുള്ള ശാന്തിനിറഞ്ഞ സഭാന്തരീക്ഷത്തെപ്പറ്റി ആമുഖം പ്രതിപാദിക്കുന്നു: 'അക്കാലത്തു നന്മ ചെയ്യാൻ സഭാംഗങ്ങൾ മുന്നിട്ടിരുന്നു; സഭ പുഷ്ടി പ്രാപിച്ചിരുന്നു; ഐക്യം പാലിച്ചിരുന്നു.' മൂന്നാം അധ്യായം ഇവയ്ക്കു കടക വിരുദ്ധമായ കലഹാന്തരീക്ഷം വിവരിക്കുന്നു. ഒന്നാമത്തെ പ്രധാന ഭാഗം പൊതുസ്വഭാവമുള്ളതാണ്. സ്പർദ്ധയും വഴക്കും കലഹവും നിന്ദാർഹവും വർജ്യവുമാണെന്ന് ഇവിടെ എടുത്തുകാട്ടുന്നു. പഴയനിയമത്തിൽ നിന്നും ക്രൈസ്തവ കാലത്തുനിന്നുമുള്ള നിരവധി ഉദാഹരണങ്ങളാൽ അതു വെളിവാക്കുന്നു (4–6). അനുതാപം, പ്രായശ്ചിത്തം, അതിഥി സൽക്കാരം, ഭക്തി, എളിമ എന്നിവയ്ക്ക് അവരെ പ്രേരിപ്പിക്കുകയും അത്തരക്കാരുടെ മാതൃക ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. ദൈവത്തിന്റെ നന്മ, സൃഷ്ടിയിൽ കാണുന്ന ഒത്തൊരുമ, ദൈവത്തിന്റെ സർവശക്തി, ഉയർപ്പ്, വിധി, താഴ്മ, മിതത്വം, വിശ്വാസം എന്നിവയെപ്പറ്റി ക്ലെമെന്റ് ചർച്ച ചെയ്യുന്നു.

രണ്ടാമത്തെ പ്രധാനഭാഗം കൊറിന്തോസുകാരുടെ ഇടയിലെ കലഹത്തെപ്പറ്റി പ്രതിപാദിക്കുന്നു. പ്രകൃതിയിലെ ക്രമത്തിന്റെ സ്രഷ്ടാവ് സൃഷ്ടിയിൽ ക്രമവും വിധേയത്വവും പ്രതീക്ഷിക്കുന്നു. റോമൻ സൈന്യത്തിന്റെയും പഴയനിയമ ഹയരാർക്കിയുടെയും അനുസരണയും ചിട്ടയും മാതൃകയായി എടുത്തുകാട്ടുന്നു. അതുപോലെ ക്രിസ്തു അപ്പസ്തോലന്മാരെയും അവർ മെത്രാന്മാരെയും ഡീക്കന്മാരെയും നിയമിച്ചു. കലഹത്തിന്റെ സ്ഥാനത്തു സ്നേഹം ഉണ്ടാകണം. ക്ഷമിക്കാൻ സ്നേഹം നമ്മെ പ്രേരിപ്പിക്കണം. കലഹത്തിനു കാരണക്കാർ അനുതപിക്കണം. കൊറിന്തോസിൽ സമാധാനം പുനഃസ്ഥാപിക്കപ്പെട്ടു എന്ന സദ്വാർത്തയുമായി ദൂതന്മാർ എത്തട്ടെയെന്നു കത്തു പ്രത്യാശ പ്രകടിപ്പിക്കുന്നു.

സഭാചരിത്രം സംബന്ധിച്ച് ഈ രേഖ പ്രാധാന്യമർഹിക്കുന്നു. പത്രോസിന്റെ റോമാവാസം, പൗലോസിന്റെ സ്പെയിൻ യാത്ര, അവരിരുവരുടേയും റോമിൽ വച്ചുള്ള മരണം എന്നിവ സ്പഷ്ടമായി ക്ലെമെന്റു വിവരിക്കുന്നു: 'നമ്മുടെ തലമുറയിലെ മഹനീയ മാതൃകകൾ നമുക്ക് പരിഗണിക്കാം. അസൂയയും വിദ്വേഷവും നിമിത്തം ശ്രേഷ്ഠതരവും അതിപരിശുദ്ധവുമായ തൂണുകൾ (ഗലാ.2:9) പീഡിപ്പിക്കപ്പെട്ടു; അവർ മരണംവരെ പൊരുതി. ശ്രേഷ്ഠരായ ശ്ലീഹന്മാരെ നമുക്ക് അനുസ്മരിക്കാം. മാരകമായ അസൂയ നിമിത്തം


www.malankaralibrary.com

പത്രോസ് ഒന്നോ രണ്ടോ അല്ല അനേകം കഷ്ടതകൾ സഹിച്ചു. എങ്കിലും സാക്ഷ്യം നൽകി അവന് അർഹമായ മഹത്വസ്ഥാനത്ത് പ്രവേശിച്ചു. അസൂയയിലും കലഹത്തിലും സഹനത്തിന്റെ പ്രതിഫലത്തിനുള്ള വഴി പൗലോസ് ചൂണ്ടിക്കാട്ടി. ഏഴുതവണ അവൻ ചങ്ങലകളാൽ ബന്ധിതനായി; നാടുകടത്തപ്പെട്ടു; കല്ലേറിയപ്പെട്ടു (2കൊറി.11:23). കിഴക്കും പടിഞ്ഞാറും സന്ദേശവാഹകനായി, വിശ്വാസത്തിന്റെ ശ്രേഷ്ഠപ്രതിഫലം നേടി. ലോകമെല്ലാം നീതി പ്രസംഗിച്ചു. പശ്ചിമദേശത്തിന്റെ അറ്റംവരെ എത്തി. രാജാക്കന്മാരുടെ മുമ്പാകെ സാക്ഷ്യം വഹിച്ചിട്ട് ലോകത്തിൽ നിന്നു കടന്നുപോയി; സഹനത്തിന്റെ വിശിഷ്ട മാതൃകയായി തീർന്നശേഷം വിശുദ്ധ സ്ഥലത്തേക്ക് എടുക്കപ്പെട്ടു' (5:1-7).

നീറോയുടെ കാലത്തുണ്ടായ മതമർദനത്തെപ്പറ്റി ആറാം അധ്യായം സൂചിപ്പിക്കുന്നു. നിരവധി ക്രൈസ്തവർ അക്കാലത്ത് രക്തസാക്ഷികളായി; അവരിൽ അനേകർ സ്ത്രീകളായിരുന്നു: 'വിശുദ്ധ ജീവിതം നയിച്ച ഇവരെ കൂടാതെ, അസൂയ നിമിത്തം അനേകം പീഡകൾ സഹിക്കുകയും ശോഭ പരത്തുന്ന മാതൃകകൾ ആയിരിക്കുകയും ചെയ്യുന്ന തെരഞ്ഞെടുക്കപ്പെട്ടവരുടെ വലിയ കൂട്ടം നമ്മുടെ ഇടയിലുണ്ട്'(6: 1). 'നമ്മുടെ ഇടയിൽ' എന്നാൽ റോമാക്കാരുടെ ഇടയിൽ എന്നു വ്യക്തം. ടാസിറ്റസ് തന്റെ കൃതിയിൽ (15:44) നീറോ കൊന്ന വലിയൊരു കൂട്ടത്തെപ്പറ്റി പറയുന്നത് ക്ലെമെന്റിന്റെ പരാമർശവുമായി ഒത്തുപോകുന്നു.

## ദൈവശാസ്ത്രം

(1) ഡോഗ്മാകളുടെ ചരിത്രം പഠിക്കുന്നവർക്ക് ഈ രേഖ വളരെ പ്രധാനപ്പെട്ടതാണ്. 'സഭാഭരണാധികാരത്തിന്റെ മാനിഫെസ്റ്റോ' എന്നു ക്ലെമെന്റിന്റെ ലേഖനത്തെ വിളിക്കാം. അപ്പസ്തോലിക പിൻതുടർച്ചയെപ്പറ്റി വ്യക്തമായും സ്പഷ്ടമായും സംസാരിക്കുന്ന ആദ്യത്തെ രേഖയാണിത്. പ്രെസ്ബിറ്റർമാരെ ജനങ്ങൾക്കു മാറ്റാൻ അധികാരമില്ല; കാരണം, ജനങ്ങളിൽ നിന്നല്ല അവർ അധികാരം സ്വീകരിച്ചിരിക്കുന്നത്. ഭരിക്കാനുള്ള അധികാരം അവർ അപ്പസ്തോലന്മാരിൽ നിന്നാണ് പ്രാപിച്ചത്; അപ്പസ്തോലന്മാർ ക്രിസ്തുവിൽനിന്നും ക്രിസ്തു ദൈവത്തിൽനിന്നും (42,1-5;44,1-3).

(2) റോമാസഭയുടെ അധ്യക്ഷസ്ഥാനം സംബന്ധിച്ച് സംശയാതീതമായ തെളിവാണ് ഈ ലേഖനം. റോമൻ സഭയുടെ പരമാധികാരത്തെപ്പറ്റി രേഖ സംസാരിക്കുന്നില്ല. എന്നാൽ കൊറിന്തോസിലെ പ്രശ്നം ക്ലെമെന്റ് കൈകാര്യം ചെയ്ത രീതി റോമാസഭയുടെ അധികാരത്തെ പ്രകടമാക്കുന്നു. ഒരധികാരി കീഴുള്ളവരോടു സംസാരിക്കുന്ന മട്ടിലാണ് റോമാസഭ കൊറിന്തോസിലെ സഭയോടു സംസാരിക്കുന്നത്. ദൂരെ സ്ഥിതി ചെയ്യുന്ന കൊറി

ന്തോസിലെ പ്രശ്നങ്ങളിൽ നേരത്തേ തന്നെ ഇടപെടാൻ സാധിക്കാത്തതിൽ ക്ലെമെന്റ് കുറ്റം ഏറ്റുപറയുന്നു. അവരെ ശാസിക്കയും തിരുത്തുകയും ചെയ്യുക തന്റെ കടമയായി അദ്ദേഹം കരുതി. പിണക്കവും കലഹവും പിളർപ്പും പാപ മാണെന്ന് സ്പഷ്ടമായി അവർക്കെഴുതി (59:1–2). പരിശുദ്ധാത്മാവിന്റെ പ്രേര ണയാലാണ് താനിതെഴുതുന്നതെന്ന് ക്ലെമെന്റിന് ബോധ്യം ഉണ്ടായിരുന്നു: 'പരിശുദ്ധാത്മാവിനാൽ നാം നിങ്ങൾക്കെഴുതിയത് നിങ്ങൾ അനുസരിച്ചാൽ നിങ്ങൾ നമുക്ക് ആനന്ദവും സന്തോഷവും പകർന്നുതരും'(63:2).

(3) മരിച്ചവരുടെ ഉയിർപ്പിനെപ്പറ്റി 24, 25 അധ്യായങ്ങൾ ചർച്ച ചെയ്യു ന്നു. ഫീനിക്സ് കഥയും ഈ ഭാഗത്താണ് വരുന്നത്. സഭാരേഖകളിൽ ആ ദ്യമായി ഈ കഥ പരാമർശിക്കുന്നത് ക്ലെമെന്റാണ്. പിൽക്കാല ക്രൈസ്തവ സാഹിത്യത്തിലും കലയിലും ഇത് സ്വാധീനം ചെലുത്തിയിട്ടുണ്ട്.

(4) ലോകത്തിൽ ദൃശ്യമാകുന്ന ഐക്യം ഇരുപതാം അധ്യായത്തിൽ ചർച്ചയ്ക്ക് വിഷയമാകുന്നു. സ്റ്റോയിക് തത്വശാസ്ത്ര സ്വാധീനത്തിലാണ് ഇതെഴുതിയിരിക്കുന്നത്.

(5) ആരാധനക്രമം: (a) ഹയരാർക്കിയും അൽമായരും തമ്മിലുള്ള വ്യത്യാസം ഈ ലേഖനം വ്യക്തമാക്കുന്നു: പഴയനിയമ ഹയരാർക്കിയിൽ വിവിധ തരക്കാരുണ്ടായിരുന്നു. എന്നിട്ട് പറയുന്നു: 'അൽമായർ അൽമാ യർക്കു വേണ്ടിയുള്ള നിയമത്താൽ ബന്ധിതരാണ്'(40:5). ദൈവം ക്രമീക രിച്ചവയിൽ നിന്ന് വഴുതി മാറാൻ ആരും പരിശ്രമിക്കാതെ, ഓരോരുത്തരും സ്വന്തം മനസ്സാക്ഷിക്കനുസരണം തങ്ങളുടെ സ്ഥാനത്തുനിന്ന് ദൈവത്തെ പ്രസാദിപ്പിക്കണമെന്ന് ക്ലെമെന്റ് ഉപദേശിക്കുന്നു (41:1). (b) ക്രിസ്തീയ ഹയ രാർക്കിയിലെ അംഗങ്ങളെ 'എപ്പിസ്ക്കോപ്പോയ്' എന്നും 'ദിയാക്കൊണോയ്' എന്നും അദ്ദേഹം വിളിക്കുന്നു. ചിലയിടങ്ങളിൽ അവരെ മൊത്തത്തിൽ 'പ്രെസ്ബിത്തെറോയ്' എന്നാണു വിളിക്കുക (44:5;57:1). വി. കുർബാന അർപ്പണമാണ് അവരുടെ പ്രധാന ജോലി (44:4). (c) അവസാന ഭാഗത്തുള്ള പ്രാർഥന (59:4–61:3) റോമാസഭയ്ക്ക് മറ്റു സഭകളുടെ ഐശ്വര്യത്തിലുള്ള താല്പര്യം പ്രകടമാക്കുന്നു.

(6) പ്രയാസപൂർണവും അപകടം നിറഞ്ഞതുമായ സാഹചര്യത്തിൽ പോലും ക്രിസ്ത്യാനികൾ പൗരധർമം വെടിഞ്ഞ് തികച്ചും ആന്തരിക ജീവിതം മാത്രം നയിക്കാൻ പാടില്ലെന്നു ക്ലെമെന്റ് അനുശാസിക്കുന്നു. ക്രൈസ്തവ വിരുദ്ധവും ക്രൂരവുമായാലും സാമൂഹ്യമോ, രാഷ്ട്രീയമോ ആയ സംഘടനകളെ ബലപ്രയോഗത്താൽ അട്ടിമറിക്കാൻ ക്രിസ്ത്യാനികൾ കൂട്ടു നിൽക്കരുത്. പ്രത്യുത, മനുഷ്യഹൃദയങ്ങളിൽ പരിവർത്തനം സൃഷ്ടിക്കു കയും അതുവഴി സമൂഹത്തിൽ ചലനമുളവാക്കുകയും ചെയ്യത്തക്ക ഒരു

പുളിപ്പായി ക്രിസ്ത്യാനികളും സഭയും വർത്തിക്കണം. അങ്ങനെ ധർമസമര പാതയിലൂടെ അന്തിമവിജയം കൈവരിക്കുകയാണ് ക്രൈസ്തവധർമം. മത പീഡനത്തിന്റെ തീച്ചൂളയിൽ കിടന്നുകൊണ്ടുള്ള ക്ലെമെന്റിന്റെ ഈ ഉപദേശം ഏറ്റവും ശ്രദ്ധേയമാണ് (37:1-3).

ആദിമസഭയിലെ മഹനീയ വ്യക്തികളിൽ ഒരാളായിരുന്നു ക്ലെമെന്റ്. ലേഖനത്തിൽ ക്ലെമെന്റിന്റെ പേരില്ല. 'റോമിലുള്ള ദൈവത്തിന്റെ സഭയാണ്' കത്തയക്കുന്നത്. തന്നെപ്പറ്റി പറയുമ്പോൾ 'നാം' എന്ന ബഹുവചനമാണ് ലേഖനകർത്താവ് ഉപയോഗിക്കുക. ഒരാൾ തന്നെ ആദ്യവസാനം എഴുതി. ആരാധനയുടെ അവസരം കൊറിന്തോസ് സഭയിൽ പരസ്യമായി ഈ ലേഖനം വായിച്ചിരുന്നെന്ന് കൊറിന്തോസിലെ ദിവന്നാസ്യോസ് 170-ൽ സാക്ഷിക്കുന്നു. കൊറിന്തോസ് കൂടാതെ മറ്റു പല സഭാകേന്ദ്രങ്ങളിലും ആരാധനയ്ക്കിടയിൽ ഈ ലേഖനം വായിച്ചിരുന്നെന്ന് എവുസേബിയസ് എഴുതുന്നു (സഭാ. 4:23.11;3,16). യൂദമതത്തിൽ നിന്നുള്ള ആളായിരുന്നു ക്ലെമെന്റ് എന്നു വേണം കരുതാൻ. പഴയനിയമത്തിൽ നിന്നുള്ള ഉദ്ധരണികളും 'യൂദയോ-ക്രൈസ്തവ' ശൈലിയും ഇത് തെളിയിക്കുന്നു. പുതിയനിയമത്തിൽ നിന്ന് വളരെക്കുറച്ച് ഉദ്ധരണികൾ മാത്രമേ ലേഖനത്തിലുള്ളൂ. ഒരു 'യൂദയോ- സ്റ്റോയിക്' പശ്ചാത്തലമാണ് ലേഖനത്തിന്റേത്. ക്രിസ്തുവിനെ 'നാമം' എന്നും (59:3) 'പ്രിയൻ' എന്നും (59:3) 'പ്രിയകുട്ടി' എന്നും (61:2-3) വിളിക്കുന്നു. ഈ പ്രയോഗങ്ങൾ 'യൂദയോ -ക്രൈസ്തവ'സാഹിത്യ പശ്ചാത്തലത്തിൽ ഉള്ളവയാണ്. അവസാന പ്രാർഥനയ്ക്ക് പഴയനിയമ പശ്ചാത്തലമാണ് (59-61). ക്രൈസ്തവസഭയുടെ പുരാതനരേഖകളുമായി ക്ലെമെന്റിനു പരിചയമുള്ളതായി തോന്നുന്നു. ക്ലെമെന്റിന്റെ 'ഹോമിലെറ്റിക് ഹഗ്ഗാദ' ശൈലി യൂദപാരമ്പര്യത്തിൽ നിന്നുള്ളതാണ് (4:1-12;9:3-4;10:1-7;12:1-7). പഴയനിയമത്തിലെ നിയമസംബന്ധമായ ഭാഗങ്ങളുടെ യഹൂദ വ്യാഖ്യാനങ്ങൾ ഹലാക്കാ (മിഷ്ണ)എന്നും മറ്റു ഭാഗങ്ങളുടെ വ്യാഖ്യാനങ്ങൾ ഹഗാദാ (മിദ്രാഷ്) എന്നും അറിയപ്പെടുന്നു. ഹഗാദായിൽ ഉപമകൾ, കഥകൾ, വിവരണം, നാടോടിപ്പാട്ടുകൾ ആദിയായവ ഒക്കെ കാണാം. ഹഗാദായുടെ ശൈലിയാണ് ക്ലെമെന്റ് ഉപയോഗിച്ചിരിക്കുന്നത്. ഹോമിലെറ്റിക് എന്നു പറഞ്ഞാൽ പ്രസംഗശൈലി എന്നർഥം. (ഈ ലേഖനത്തിന്റെ മലയാള വിവർത്തനത്തിന്, ജി.ചേടിയത്ത്, *അപ്പസ്തോലിക പിതാക്കന്മാർ,* കോട്ടയം,1996, പേജ്,13-54)

## അയഥാർഥ കൃതികൾ

ക്ലെമെന്റിനു സഭയിലുണ്ടായിരുന്ന പ്രാമാണികത്വത്തിന്റെ പേരിൽ പല കൃതികളും അദ്ദേഹത്തിന്റേതായി പ്രചരിക്കാൻ തുടങ്ങി.

## 1. ക്ലെമെന്റിന്റെ രണ്ടാം ലേഖനം

ക്ലെമെന്റിന്റെ ഒന്നാം ലേഖനത്തിന്റെ കയ്യെഴുത്ത് പ്രതികളോടൊപ്പം രണ്ടാം ലേഖനവും കാണപ്പെടുന്നു. ഇതൊരു ലേഖനമല്ല; ക്ലെമെന്റ് എഴുതിയതുമല്ല. വളരെ പുരാതനമായ ഒരു ക്രൈസ്തവ പ്രസംഗമാണിത്. അതുകൊണ്ട് ഇതിന് പ്രാധാന്യം ഉണ്ട്. ലേഖനശൈലിയല്ല. പ്രസംഗശൈലിയാണ് ഇതിനുള്ളത് (17:3;19:1). നാം എന്ന ബഹുവചനത്തിൽ സംസാരിക്കുന്നുമില്ല. ഈജിപ്തുകാരുടെ സുവിശേഷത്തിൽ നിന്ന് ഈ കൃതി ഉദ്ധരിക്കുന്നു. കൊറിന്തോസിൽ തന്നെ എഴുതപ്പെട്ടതും ക്ലെമെന്റിന്റെ ലേഖനത്തോടുകൂടെ സൂക്ഷിക്കപ്പെട്ടിരുന്നതും ആയിരിക്കാം ഇതും. ഇതെഴുതിയത് 150–നോടടുത്ത കാലത്തായിരിക്കാം. സിറിയൻ സഭ ഈ ലേഖനവും വേദപുസ്തകത്തിൽ ഉൾപ്പെടുത്തിയിരുന്നു. എവുസേബിയസും (സഭാ.3,38,4) ജറോമും (മഹദ്.15) ഇത് അപ്പോക്രീഫൽ കൃതിയായി കരുതി.

യേശുക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും ഈ രേഖ വ്യക്തമായി പഠിപ്പിക്കുന്നു. അവൻ ജീവിക്കുന്നവരുടേയും മരിച്ചവരുടേയും വിധികർത്താവാണ് (1:1;9:5). ക്രിസ്തു നമുക്കുവേണ്ടി നിരവധി പീഡകൾ സഹിച്ചു (1:2). നമ്മിൽ ദയതോന്നി, കരുണയാൽ നമ്മെ രക്ഷിച്ചു (1 :7). അവൻ അഴിവില്ലാത്ത രാജകുമാരനാണ്. അവനിലൂടെ ദൈവം സത്യവും നിത്യജീവനും നമുക്ക് വെളിപ്പെടുത്തിത്തന്നു (20:5).

സഭ കാലസൃഷ്ടിക്കും ലോകസൃഷ്ടിക്കും മുമ്പേ ഉണ്ടായിരുന്നു. സൂര്യചന്ദ്രാദികൾക്കു മുമ്പേ സഭ ഉണ്ടായിരുന്നു. അന്നു സഭ തികച്ചും അദൃശ്യവും ആത്മീയവും വന്ധ്യയുമായിരുന്നു. ഇപ്പോൾ അവൾ മാംസം ധരിച്ചു; അവൾ ക്രിസ്തുവിന്റെ ശരീരമാണ്. അവൾ അവന്റെ വധുവാണ്. നാമെല്ലാവരും സഭയുടെ മക്കളാണ്. സഭ കാലസൃഷ്ടിക്കുമുമ്പ് ഉണ്ടായിരുന്നുവെന്നത് ഒരു 'യൂദയോ–ക്രിസ്ത്യൻ' ആശയമാണ്. (14:1–4).

സഭ ക്രിസ്തുവിന്റെ മൗതിക ശരീരമാണ്. അവൾ യഥാർഥ മണവാട്ടിയാണ്. പൗലോസ് ശ്ലീഹായുടെ എഫേസ്യലേഖനത്തോട് ഈ ലേഖനം വളരെ കടപ്പെട്ടിട്ടുണ്ട് (1:4.22; 5:23.32). സഭയെ മാതാവായി കാണുന്നു. 'പ്രസവിക്കാത്ത വന്ധ്യയെ ആനന്ദിക്കുക' എന്നു പറയുന്നതിൽ നിന്ന് അവൾക്കു മക്കൾ ഉണ്ടാകുന്നതിനു മുമ്പ് അവൾ വന്ധ്യയായിരുന്നുവെന്ന് തെളിയുന്നു (2:1).

മാമോദീസായെ മുദ്രയെന്ന് വിളിക്കുന്നു. സ്നാനമുദ്ര അഭംഗുരം കാത്തുസൂക്ഷിക്കണമെന്നും അനുശാസിക്കുന്നു(7:6; 8:6). പൗലോസ് ശ്ലീഹായുടെ സ്വാധീനം ഇവിടെയും കാണാം (എഫേ.4 2കൊറി.1:21–22). മാമോദീസായ്ക്കു ശേഷമുള്ള അനുതാപത്തെപ്പറ്റിയും പരാമർശമുണ്ട്. ഹെർമാ

സിന്റെ ഇടയനിൽ അനുതാപവും ഏറ്റുപറച്ചിലും പാപമോചനവും സുപ്രധാന ഘടകങ്ങളാണല്ലോ. അതേ ശൈലിയാണ് ഇവിടേയും (8:2–3;16:1; 13:1–2). സത്പ്രവൃത്തികൾ രക്ഷയ്ക്ക് അത്യാവശ്യമാണെന്ന് ഈ ലേഖനം കരുതുന്നു. ദാനം പാപത്തെ മോചിക്കുന്നു. ദാനം പ്രാർഥനയെക്കാളും ഉപവാസത്തേക്കാളും ശ്രേഷ്ഠമാണ് (16:4). (മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *പ്രാചീന സന്യാസനിയമങ്ങൾ*, കോട്ടയം,2006,പേജ്,156–166).[3]

## 2. കന്യകൾക്കുള്ള രണ്ടു ലേഖനങ്ങൾ

കന്യാത്വത്തെപ്പറ്റി ചർച്ച ചെയ്യുന്നതും കന്യകൾക്കും ബ്രഹ്മചാരികൾക്കുമായി എഴുതപ്പെട്ടതുമായ രണ്ടു കത്തുകൾ ക്ലെമെന്റിന്റെ പേരിൽ പ്രചരിച്ചിട്ടുണ്ട്. മൂന്നാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലാണ് ഈ കൃതികൾ വിരചിതമായത്. എപ്പിഫാനിയസും ജറോമും ആണ് ആദ്യമായി ഇവയെപ്പറ്റി പരാമർശിക്കുന്നത്. സുറിയാനിയിലാണ് ഈ കൃതിയുടെ കയ്യെഴത്തുപ്രതി പൂർണമായി കണ്ടെടുക്കപ്പെട്ടത്. പുതിയനിയമത്തിന്റെ ഒരു പ്ശീത്താ വിവർത്തനത്തോടൊപ്പം 1470–ൽ ഇതു കണ്ടുകിട്ടി. അധ്യായം 1–8 ഒരു കോപ്റ്റിക് വിവർത്തനത്തിലും കണ്ടെത്തപ്പെട്ടു. അത്തനാസ്യോസാണ് കർത്താവെന്ന് അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രണ്ടു കത്തുകളും ഒരു കൃതിയുടെ തന്നെ രണ്ടു ഭാഗങ്ങളാണ്. കാലക്രമത്തിലാണ് അവ രണ്ടായി വേർതിരിക്കപ്പെട്ടതെന്ന് ചിലർ കരുതുന്നു.

ഒന്നാം ലേഖനം: കന്യാത്വത്തിന്റെ മഹത്വം വർണിക്കുന്നു. കന്യാത്വത്തിന്റെ സ്വഭാവവും അർഥവും വ്യക്തമാക്കുന്നു: അടക്കം ദൈവികമാണ്. അത് അതിസ്വാഭാവിക ജീവിതമാണ്: കന്യകയും ബ്രഹ്മചാരിയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അവർ ക്രിസ്തുവിന്റേയും ശ്ലീഹന്മാരുടേയും മാതൃക അനുകരിക്കുന്നവരത്രേ. അവർ ധരയിലാണെങ്കിലും ധരയിലല്ല; മറ്റു ക്രിസ്ത്യാനികളേക്കാൾ ഉപരിയായൊരു സ്ഥാനം അവർക്കു സ്വർഗത്തിൽ ഉണ്ട്. സത്പ്രവൃത്തികൾ കൂടാതെയുള്ള കന്യാത്വം ഫലരഹിതമാണ്. രോഗികളെ ശുശ്രൂഷിക്കൽ, ദാനധർമം ആദിയായ സത്പ്രവൃത്തികൾ അവശ്യാവശ്യമാണ്. കന്യാത്വം വലിയ ചുമതലകളുള്ള ഒന്നാണ്. അർപ്പിതരായ സ്ത്രീപുരുഷന്മാർ ഒന്നിച്ച് ഒരേ കെട്ടിടത്തിൽ താമസിക്കുന്ന രീതിയെ രേഖ ശാസിക്കുന്നു (10–13).

രണ്ടാം ലേഖനം: ഇത് ഒന്നാമത്തേതിന്റെ ശൈലിതന്നെ തുടരുന്നു. പ്രത്യേക ആമുഖം ഒന്നും കൂടാതെ തന്നെ തന്റെ നാട്ടിലെ സന്യാസികളുടെ ജീവിതരീതികൾ ലേഖനകർത്താവ് വിശദീകരിക്കുന്നു. അവിവാഹിതരായ സ്ത്രീപുരുഷന്മാർ ആശ്രമ പ്രസ്ഥാനത്തിന്റെ പേരിൽ ഒന്നിച്ചു താമസിക്കുന്ന രീതിയെ ഇതും അപലപിക്കുന്നു. മൂന്നാം നൂറ്റാണ്ടിന്റെ മധ്യകാ

ലത്താണ് ഈ രീതി ഉടലെടുത്തത്. 'സിനെയ്സാക്തൊയ്' അഥവാ 'വിർജി നെസ് സുബിൻത്രൊദുക്തെ' എന്ന പേരിൽ ഇവർ അറിയപ്പെട്ടു. മൂന്നാം നൂറ്റാണ്ടിൽ പലസ്തീനായിലെ ഒരു താപസവര്യനാണ് ഈ കത്തുകൾ രചിച്ചത്. ക്രൈസ്തവ സന്യാസത്തിന്റെ ആദ്യകാല രേഖകളിലൊന്ന് എന്ന നിലയ്ക്ക് ഇതിന് പ്രാധാന്യമുണ്ട്. (മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *പ്രാചീന സന്യാസനിയമങ്ങൾ*, കോട്ടയം, 2006, പേജ്,134-155).[4]

**3. സെവുഡോ-ക്ലെമെന്റയിൻസ്**

റോമിലെ ക്ലെമെന്റിന്റെ പേരിൽ അറിയപ്പെടുന്ന പ്രബോധക പ്രധാനമായ ഒരു നോവലിനാണ് സെവുഡോ-ക്ലെമെന്റയിൻസ് എന്ന് പേര് കൊടുത്തിരിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ കർത്താവാരെന്ന് നിശ്ചയമില്ല. റോമൻ രാജകുടുംബത്തിൽപ്പെട്ട ക്ലെമെന്റ് സത്യം തേടിയിറങ്ങുന്നു. താത്വികരാരും അവനെ തൃപ്തനാക്കിയില്ല. ആത്മാവിന്റെ അമർത്യത, ലോകോല്പത്തി ആദിയായ പ്രശ്നങ്ങൾ അവനെ നിരന്തരം അലട്ടിക്കൊണ്ടിരുന്നു. കിഴക്ക് പലസ്തീനായിൽ ദൈവപുത്രൻ ഉദയം ചെയ്തിരിക്കുന്നു എന്ന വാർത്ത അവൻ കേൾക്കുന്നു. അവൻ ഉടനെ ഇറങ്ങി പുറപ്പെടുകയായി. കേസറിയയിൽ വച്ച് പത്രോസിനെ കണ്ടുമുട്ടുന്നു. തുടർന്നു പത്രോസിന്റെ കൂടെ ചുറ്റി നടക്കുന്നു. യാത്രയ്ക്കിടയിലുള്ള അനുഭവങ്ങളാണ് കൃതിയുടെ മിക്ക ഭാഗവും. ദൈവശാസ്ത്രപരമായി ഈടുറ്റ കാര്യങ്ങളൊന്നും ചർച്ചചെയ്യാതെ, രസകരമായ വിവരണങ്ങളാണിതിലുള്ളത്.

താഴെപ്പറയുന്ന സെവുഡോ-ക്ലെമെന്റയിൻസ് നമുക്കിന്ന് ലഭ്യമാണ്.

(1) ഇരുപത് പ്രസംഗങ്ങൾ (ഹോമിലികൾ): പത്രോസിന്റെ മിഷനറി പ്രസംഗങ്ങളാണിവ; ക്ലെമെന്റ് ഇവ 'എഴുതി' നമ്മുടെ കർത്താവിന്റെ സഹോദരനായ യാക്കോബിന് അയച്ചുകൊടുത്തു. യൂദായിസ്റ്റിക് - എബിയൊണൈറ്റ് എൽക്കസൈറ്റ് ചിന്താഗതികൾ ഈ ഹോമിലികളിൽ ധാരാളം കാണാം. അവരുടെ ക്രിസ്തുമതം 'ശുദ്ധീകരിക്കപ്പെട്ട'യൂദമതം തന്നെ. അതിനപ്പുറത്തൊന്നുമില്ല. പ്രവാചകന്മാർ വഴി ദൈവം പഠിപ്പിച്ചു. മോശ ഏകദൈവവിശ്വാസത്തിൽ ഉറപ്പിച്ചു. യേശുക്രിസ്തുവും അതുതന്നെ ആവർത്തിച്ചുറപ്പിച്ചു.[5]

(2) 'തിരിച്ചറിയലിന്റെ പത്തു പുസ്തകങ്ങൾ':[6] റൂഫീനസിന്റെ ലത്തീൻ വിവർത്തനത്തിലൂടെ ഇത് നമുക്ക് കരഗതമായിട്ടുണ്ട്. 'പ്രസംഗങ്ങൾ' പോലെ ഇവയും മറ്റൊരു രീതിയിൽ ക്ലെമെന്റിന്റെ ജീവചരിത്രമാണ്. ക്ലെമെന്റിന്റെ കുടുംബാംഗങ്ങൾ ചിതറിപ്പോയി. പത്രോസിന്റെ സഹായത്താൽ ഇവരെ ക്ലെമെന്റ് വീണ്ടും തിരിച്ചറിയുന്നു. അതിൽ നിന്നാണ് ഈ ഗ്രന്ഥത്തിന് ഈ പേരുണ്ടായത്.[7]

'ഹോമിലി'കളിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തമാണ് 'തിരിച്ചറിയൽ.' യൂദമതത്തോടുള്ള പ്രതിപത്തി ഇവിടെ വളരെ കുറഞ്ഞിട്ടുണ്ട്. യൂദമതത്തെ ക്രിസ്തുമതത്തിന്റെ ഒരുക്കമായി മാത്രമേ ഇതിൽ പരിഗണിക്കുന്നുള്ളു. ത്രിത്വരഹസ്യം വ്യക്തമായി പഠിപ്പിക്കുന്നു. ഒരുപക്ഷേ റുഫീനസ് തന്റെ വിവർത്തനത്തിൽ ഇത്തരം പ്രയോഗങ്ങൾ കുത്തിച്ചെലുത്തിയതാകാം. 'ഹോമിലികളും' 'തിരിച്ചറിയലുകളും' ഒരു പൊതുരേഖയെ ആധാരമാക്കി എഴുതിയിരിക്കുന്നു. ഏതാണ് ഈ പൊതുരേഖ എന്നതിനെക്കുറിച്ച് അഭിപ്രായൈക്യമില്ല. ക്ലെമെന്റിന്റെ ജീവചരിത്രം ആയിരിക്കാം ഇതിന്റെ ന്യൂക്ലിയസ്. ഹെരട്ടിയൽ യൂദയോ-ക്രിസ്ത്യൻ ബന്ധമുള്ള ഒരാളായിരിക്കാം ഇതെഴുതിയത്. അതായത് ഈ കൃതികളുടെ കർത്താവ് തികച്ചും സത്യവിശ്വാസി അല്ലായിരുന്നെന്നർത്ഥം. മൂന്നാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ സിറിയായിൽ വച്ച് ഇതിന്റെ അടിസ്ഥാനരേഖ എഴുതപ്പെട്ടെന്നു കരുതാം.

## 2. അന്ത്യോകൃയിലെ വി. ഇഗ്നേഷ്യസ് (+110)

അന്ത്യോകൃയിലെ മൂന്നാമത്തെ മെത്രാനായിരുന്നു വി. ഇഗ്നാത്യോസ് (ഇഗ്നേഷ്യസ്). പത്രോസ്, ഏവോദിയോസ്, ഇഗ്നേഷ്യസ് എന്ന് തുടങ്ങുന്നു അന്ത്യോകൃയിലെ മെത്രാന്മാരുടെ പട്ടിക (എവു.സഭാ.3:36). മർക്കോസിന്റെ സുവിശേഷത്തിൽ (9:33-36) പറയപ്പെടുന്ന ശിശു ഇഗ്നേഷ്യസ് ആയിരുന്നെന്ന് ഒരു പാരമ്പര്യം ഉണ്ട്. ഇഗ്നേഷ്യസിന് ശ്ലീഹന്മാരെ അടുത്ത് പരിചയമുണ്ടായിരുന്നെന്നും സ്നേഹിതനായ പോളിക്കാർപ്പിനോടുകൂടെ വി. യോഹന്നാൻ ശ്ലീഹായുടെ പ്രസംഗങ്ങൾ കേട്ടിരുന്നെന്നും പറയപ്പെടുന്നു. ശ്ലീഹന്മാരുടെ കൈകളിൽ നിന്ന് കൈവയ്പു ലഭിച്ച ആളാണ് അദ്ദേഹമെന്ന് വി.ജോൺ ക്രിസൊസ്തോം സാക്ഷിക്കുന്നു.

ട്രാജൻ ചക്രവർത്തിയുടെ കാലത്ത് (98-117) വന്യമൃഗങ്ങൾക്ക് എറിയപ്പെടാനായി ഇഗ്നേഷ്യസ് അന്ത്യോകൃയിൽവച്ച് ബന്ധിതനായി. പട്ടാളക്കാർ സിറിയായിൽനിന്നു റോമിലേക്ക് അദ്ദേഹത്തെ കൊണ്ടുപോയി. ക്രിസ്തീയ വിശ്വാസത്തിനുവേണ്ടി നാഥനെ അനുഗമിച്ചു ജീവൻ ഹോമിക്കുന്നതു മഹാഭാഗ്യമായി അദ്ദേഹം കരുതി. റോമിലേക്കുള്ള യാത്രാമദ്ധ്യേ ഏഷ്യാമൈനറിലെ സഭകൾക്കും പോളിക്കാർപ്പിനും റോമാസഭയ്ക്കുമായി അദ്ദേഹം ഏഴു ലേഖനങ്ങളെഴുതി. എഫേസോസ്, മഗ്നേഷ്യ, ത്രാള്ളിയ, ഫിലാഡെൽഫിയ, സ്മിർണാ എന്നീ ഏഷ്യാമൈനറിലെ സഭാകേന്ദ്രങ്ങൾക്കാണ് അദ്ദേഹം അഞ്ചു ലേഖനങ്ങൾ അയച്ചത്. എഫേസോസ്, മഗ്നേഷ്യ, ത്രാള്ളിയ, റോം എന്നിവിടങ്ങളിലെ സമൂഹങ്ങൾക്കുള്ള കത്തുകൾ സ്മിർണായിൽനിന്നും, പോളിക്കാർപ്പിനും ഫിലാഡെൽഫിയ, സ്മിർണാ എന്നിവിടങ്ങളിലെ

സമൂഹങ്ങൾക്കും ത്രോവാസിൽ നിന്നുമാണ് എഴുതിയത്.

ഈ കത്തുകൾവഴി ഈ സഭാസമൂഹങ്ങൾക്ക് ഇഗ്നേഷ്യസ് നന്ദിപറയുകയും, അവർ തന്നോടു കാട്ടിയ ഔദാര്യത്തെ പുകഴ്ത്തുകയും ചെയ്യുന്നു. സഭാധികാരികളോടു വിധേയത്വമുള്ളവരായിരിക്കാനും അബദ്ധാഭിപ്രായങ്ങളിൽനിന്ന് അകന്നിരിക്കാനും അദ്ദേഹം അവരെ ഉപദേശിക്കുന്നു. രക്തസാക്ഷിത്വത്തിൽ നിന്നു തന്നെ പിന്തിരിപ്പിക്കുന്ന ഒന്നും ചെയ്യാൻ ഇടയാകരുതെന്ന് റോമിലെ സമൂഹത്തോട് അപേക്ഷിക്കുന്നു. യേശുക്രിസ്തുവിനുവേണ്ടി മരിക്കുക എന്നതിനേക്കാൾ അഭികാമ്യമായി അവന് ഒന്നുമില്ല – മരണം അവനു യഥാർഥ ജീവിതത്തിന്റെ ആരംഭം മാത്രമാണ്: 'അടുത്തൊരൾത്താര ഒരുക്കപ്പെട്ടിരിക്കുമ്പോൾ ദൈവത്തിനൊരു യാഗമായിത്തീരുക എന്നതിലുപരിയായൊന്നും നിങ്ങൾ എനിക്കനുവദിക്കേണ്ട....' (റോമ. 2:2). 'തടസ്സം കൂടാതെ എന്റെ അവകാശത്തെ പ്രാപിക്കാനുള്ള ഭാഗ്യം എനിക്കുണ്ടാകട്ടെ; നിങ്ങളുടെ മഹാമനസ്കത എനിക്ക് ഹാനികരമായി നിൽക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു. ദൈവത്തെ പ്രാപിക്കാൻ എനിക്ക് ഇനിയൊരിക്കലും ഇതുപോലൊരവസരം കിട്ടുകയില്ല. ഞാൻ ദൈവത്തിന്റെ ഗോതമ്പാണ്. ക്രിസ്തുവിന് പാവനമായ അപ്പം നിർമിക്കാൻ ഞാൻ വന്യമൃഗങ്ങളുടെ ദംഷ്ട്രങ്ങളാൽ പൊടിക്കപ്പെടട്ടെ'(റോമ.1:2;2:1;4:1).

സഭയിലെ ഐക്യം അഭംഗുരം കാത്തുപരിപാലിക്കാൻ കത്തുകളിലുടനീളം അദ്ദേഹം ആഹ്വാനം ചെയ്യുന്നു. ഉറച്ച വിശ്വാസവും പരിശുദ്ധാത്മശക്തിയും ധരിച്ച ഒരു യഥാർഥ ഇടയനെയത്രേ അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ നാം കാണുക. രക്തസാക്ഷിത്വത്തിനുവേണ്ടി തീക്ഷ്ണതാപൂർവം ആഗ്രഹിക്കുന്ന ഒരു ധീരനേതാവിനെയാണ് ഇവിടെ നാം ദർശിക്കുക. ക്രിസ്തുവിനും ക്രിസ്തീയവിശ്വാസത്തിനും വേണ്ടി കൊലയ്ക്കു വിധിക്കപ്പെട്ടവന്റെ ദൈവികധീരതയും നാഥനോടൊന്നിക്കാനുള്ള അടങ്ങാത്ത ദാഹവുമത്രേ ഈ കത്തുകളിൽ കണ്ടെത്തുക.

യാത്രയ്ക്കിടയിൽ പട്ടാളക്കാരുടെ മധ്യത്തിൽ എഴുതപ്പെട്ടവയാകയാൽ ലേഖനങ്ങൾക്കു ഒരേ പ്രതിപാദനരീതിയാണ്. മെത്രാനോടും വൈദികരോടും സഹകരിച്ച് സ്നേഹത്തിലും യോജിപ്പിലും ജീവിക്കാൻ തുടരെത്തുടരെ ഉദ്ബോധിപ്പിക്കുന്നു. ഈ ലോകത്തിലാണു ജീവിക്കുന്നതെങ്കിലും അദ്ദേഹം സ്വർഗീയജീവിതം ആരംഭിച്ചു കഴിഞ്ഞു. നമുക്കുവേണ്ടി ജനിക്കയും ജീവിക്കയും മരിക്കയും ഉയർക്കുകയും ചെയ്ത യേശുക്രിസ്തു ഇഗ്നേഷ്യസിന്റെ ഓരോ നാഡിയിടിപ്പിലും ജീവിച്ചു.

അന്ത്യോക്യയിലെ മെത്രാൻ എന്ന നിലയിൽ അവിടെ ഉണ്ടായിരുന്ന ക്രിസ്തീയസമൂഹമത്രേ ഇഗ്നേഷ്യസിന്റെ പശ്ചാത്തലം. 'യൂദയോ-ക്രി

സ്ത്യൻ' ശൈലി ലേഖനങ്ങളിൽ വ്യക്തമാണ്. യേശുക്രിസ്തുവിന്റെ ശരീരം യഥാർഥമല്ലെന്നും മായയാണെന്നും 'ഡോസെറ്റിസ്റ്റുകൾ' വാദിച്ചിരുന്നു. അദ്ദേഹം തന്റെ കത്തുകളിൽ ഈ അബദ്ധസിദ്ധാന്തക്കാരെ എതിർത്തു. പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ മരിച്ച നസ്രായനേശു സത്യമായും മനുഷ്യനായിത്തീർന്ന ദൈവമാണെന്ന് ഉറക്കെ പ്രഖ്യാപിച്ചു. 'ക്രിസ്തുവിന്റെ ശരീരം മായയാണെന്നു ഡോസെറ്റിസ്റ്റുകൾ വാദിച്ചപ്പോഴും, യൂദയാനാട്ടിൽ അവന്റെ രക്തം തളംകെട്ടിക്കിടക്കുകയായിരുന്നു' എന്നു ജറോം (+420) പറഞ്ഞത് ഇത്തരുണത്തിൽ സ്മർത്തവ്യമാണ് (ലൂസിഫറിനെതിരെ, 23).

അന്ത്യോക്യയിൽ ഉരുത്തിരിഞ്ഞ ഒരു സിറിയൻ ക്രിസ്ത്യൻ സമൂഹമാണ് ഇഗ്നേഷ്യൻ കത്തുകളിൽ പ്രത്യക്ഷപ്പെടുക. അതോടൊപ്പം 'ഡോസെറ്റിക്' പ്രശ്നങ്ങൾ നിറഞ്ഞ ഏഷ്യാമൈനർ സഭയേയും നമുക്കു കാണാം. ലത്തീൻ ചുവ കലർന്നതാണ് എഗ്നാത്തുസ് എന്ന പേരെങ്കിലും അദ്ദേഹം ചിന്തയിലും വാക്കിലും തികച്ചും പൗരസ്ത്യനായി നിലകൊണ്ടു. ഏഴു ലേഖനങ്ങൾക്കു പുറമേ ഇഗ്നേഷ്യസിന്റേതായി അറിയപ്പെടുന്ന വേറെ ചില കൃതികളുമുണ്ട്. അവ അദ്ദേഹത്തിന്റേതല്ല എന്നത്രേ പണ്ഡിതമതം. മലങ്കര സഭ ഇഗ്നേഷ്യസിനെ അഞ്ചാം മധ്യസ്ഥ പ്രാർഥനയിൽ ഓർക്കുന്നു.

## ദൈവശാസ്ത്രം

ദൈവത്തിന്റെ രക്ഷണീയ വ്യാപാരവേദിയാണ് ഈ പ്രപഞ്ചം. ഇഗ്നേഷ്യസിന്റെ ഒരു അടിസ്ഥാന ചിന്തയാണിത്. ഈ ലോകത്തിന്റെ അധികാരികളുടെ ക്രൂരതകളിൽനിന്നു ലോകത്തേയും മനുഷ്യകുലത്തേയും രക്ഷിക്കാൻ ദൈവം തിരുമനസ്സായി. പ്രവാചകന്മാർ വഴി യൂദമതത്തിലൂടെ രക്ഷയ്ക്കുവേണ്ടി മനുഷ്യകുലത്തെ ദൈവമൊരുക്കി. അവരുടെ പ്രതീക്ഷ ക്രിസ്തുവിൽ പൂവണിഞ്ഞു. 'ദിവ്യപ്രവാചകന്മാർ തന്നെയും യേശുക്രിസ്തുവിന്റെ പാതയിൽ ജീവിച്ചു' (മഗ്നേ. 9:2). മിശിഹായുടെ ദൈവത്വവും മനുഷ്യത്വവും സ്പഷ്ടമായി അദ്ദേഹം പഠിപ്പിച്ചു: 'ശാരീരികനും ആത്മീയനും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, ദൈവം മനുഷ്യനായവനും മൃത്യുവിന്റെ മധ്യത്തിലുള്ള യഥാർഥജീവനും, മറിയത്തിൽ നിന്നും ദൈവത്തിൽ നിന്നും ജനിച്ചവനും, ആദ്യം സഹനാധീനനും പിന്നെ സഹനാതീതനുമായ നമ്മുടെ കർത്താവേശുക്രിസ്തു എന്ന ഒരേയൊരു വൈദ്യൻ മാത്രമേ നമുക്കുള്ളു' (എഫേ. 7:2). 'ശാരീരികമായി അവൻ ദാവീദിന്റെ വംശാവലിയിൽ നിന്നാണ്; ദൈവേച്ഛയാലും ദൈവികശക്തിയാലും അവൻ ദൈവപുത്രനത്രേ: അവൻ സത്യമായും കന്യകയിൽ നിന്നു പിറന്നു. എല്ലാം പൂർത്തിയാക്കുവാൻ അവൻ യോഹന്നാനിൽനിന്നു സ്നാനമേറ്റു' (സ്മിർണാ. 1:1).

ക്രിസ്തു സമയാതീതനും അദൃശ്യനുമാണ്: പോളിക്കാർപ്പിനെഴുതുന്നു:

'കാലാതീതനും കാലരഹിതനും അദൃശ്യനുമായ ഏകനെപ്പറ്റി ചിന്തിക്കുക. അവൻ നമുക്കുവേണ്ടി ദൃശ്യനായി. സ്പർശനത്തിനും സഹനത്തിനും അതീതനായ അവൻ നമുക്കുവേണ്ടി എല്ലാം സഹിക്കുകയും ചെയ്തു'(3:2).

ക്രിസ്തുവിന്റെ മനുഷ്യത്വത്തെയും സഹനങ്ങളെയും നിഷേധിച്ച ഡോസെറ്റിസ്റ്റുകളെ ഇഗ്നേഷ്യസ് നിശിതമായി വിമർശിക്കുന്നു: 'ചില നിരീശ്വരന്മാർ, അതായത് അവിശ്വാസികൾ, ജൽപ്പിക്കുന്നതുപോലെ, അവന്റെ പീഡാനുഭവം വെറുമൊരു കാപട്യമായിരുന്നെങ്കിൽ - അവരാണ് യഥാർഥത്തിൽ ജാലവിദ്യക്കാർ - ഞാനെന്തിനാണ് തടവുകാരനായിരിക്കുന്നത്? ഞാനെന്തിന് വന്യമൃഗങ്ങളോടു യുദ്ധം ചെയ്യാനായി പ്രാർഥിക്കുന്നു? അങ്ങനെയെങ്കിൽ ഞാൻ ലക്ഷ്യമില്ലാതെ മരിക്കുന്നു: അതേ, എന്റെ സാക്ഷ്യം കർത്താവിനെതിരെ കള്ളസാക്ഷ്യമാണ്. മാരകമായ ഫലം പുറപ്പെടുവിക്കുന്ന ഇത്തരം ദുഷിച്ച മുളകളിൽനിന്ന് ഓടിയകലുവിൻ. അതു രുചിച്ചു നോക്കുന്നവൻ അപ്പോഴെ മരിക്കുന്നു. അവയൊന്നും പിതാവിന്റെ കൃഷിയല്ല'(ത്രാള്ളൃ. 10-11,1). 'അവർ കുർബാനയിൽ നിന്നും പ്രാർഥനാ ശുശ്രൂഷയിൽനിന്നും അകന്നിരിക്കുന്നു. നമ്മുടെ പാപങ്ങൾ മൂലം കഷ്ടപ്പെടുകയും തന്റെ നന്മയിൽ മരിച്ചവരിൽ നിന്നു പിതാവ് ഉയർപ്പിക്കുകയും ചെയ്ത നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ ശരീരമാണ് വി. കുർബാനയെന്ന് അംഗീകരിക്കാൻ അവർ വിസമ്മതിക്കുന്നു. ദൈവനാമത്തെ ചോദ്യം ചെയ്യുന്നവർ അവരുടെ തർക്കത്തിൽ മരിക്കും. സ്നേഹിക്കുകയും ഉയർപ്പിൽ പങ്കുകാരാകുകയും ചെയ്യുകയായിരുന്നു അവർക്കു നല്ലത്. അപ്രകാരമുള്ളവരെ ഒഴിഞ്ഞു മാറുകയും അവരെപ്പറ്റി രഹസ്യമായോ പരസ്യമായോ സംസാരിക്കാതിരിക്കുകയും ചെയ്യുകയാണുത്തമം' (സ്മിർണ. 6:3-7:1).

സഭയെ 'ആരാധനസ്ഥലം'എന്ന് ഇഗ്നേഷ്യസ് വിളിക്കുന്നു (എഫേ.5:2; ത്രാള്ളൃ.7:2; ഫിലാ.4). വി. കുർബാന 'അമർത്യതയുടെ ഔഷധവും മരണത്തിനു പ്രതിവിധിയും യേശുക്രിസ്തുവിലുള്ള നിത്യജീവനുമാണ്' (എഫേ. 20:2). അദ്ദേഹം ഉപദേശിക്കുന്നു: 'ഒരേ കുർബാനയിൽ പങ്കെടുക്കാൻ ശ്രമിക്കുവിൻ. എന്തെന്നാൽ വൈദികസമൂഹത്തോടും എന്റെ സഹപ്രവർത്തകരായ ശെമ്മാശ്ശന്മാരോടും കൂടെ ഒരു മെത്രാൻ എന്നപോലെ നമ്മുടെ കർത്താവേശുക്രിസ്തുവിന്റെ ശരീരവും നമ്മെ ഒന്നാക്കിത്തീർക്കുന്ന രക്തത്തിന്റെ കാസായും അൾത്താരയും ഏകമാണ്' (ഫിലാ.4). സ്മിർണാക്കാർ ക്കുള്ള ലേഖനത്തിൽ വളരെ വ്യക്തമായി കുർബാനയെപ്പറ്റി പ്രതിപാദിക്കുന്നു (7:1).

ക്രിസ്തുവിന്റെ സഭയെ ആദ്യമായി കത്തോലിക്കാസഭയെന്നു വിളിച്ചത് ഇഗ്നേഷ്യസ് ആണ്: 'യേശുമിശിഹാ ഉള്ളിടത്ത് കത്തോലിക്കാസഭയുണ്ട്. അതുപോലെ മെത്രാൻ അവിടെ സന്നിഹിതനാണോ, അവിടെ ജനങ്ങൾ ഒന്നിച്ചുകൂടട്ടെ' (സ്മിർണ. 8:2).[8] മെത്രാന്മാർക്കു സഭയിലുള്ള സ്ഥാന

ത്തെപ്പറ്റി വ്യക്തമായ ചിത്രം അദ്ദേഹത്തിന്റെ ലേഖനങ്ങളിൽനിന്നു ഗ്രഹിക്കാം. മെത്രാൻ ദൈവത്തെ പ്രതിനിധീകരിക്കുന്നു; വൈദികർ ശ്ലീഹന്മാരെയും. ശെമ്മാശ്ശന്മാർ ക്രിസ്തുവിന്റെ ശുശ്രൂഷകരാണ്. മെത്രാനു ചുററും ഒരു സമൂഹമായി അവർ ഒന്നിച്ചുകൂടുന്നു (cf. മഗ്നേ. 6:1–2). ദൈവത്തിന്റെ പ്രതിനിധി ആകയാൽ പ്രായം കുറഞ്ഞ മെത്രാനെപ്പോലും നിന്ദിക്കരുത് (മഗ്നേ. 3:1). ജനങ്ങളെ പഠിപ്പിക്കാനുള്ള ചുമതല മെത്രാനുള്ളതാണ്. തെറ്റിനും അബദ്ധത്തിനും അതീതരായിരിക്കാൻ എളുപ്പമാർഗം മെത്രാനുമായി ചേർന്നിരിക്കയാണ് (ത്രാള്ള്യ.6; ഫിലാ.3).

ഐക്യത്തിനും സമാധാനത്തിനും വേണ്ടി മെത്രാൻ വിശ്വാസികളെ നിരന്തരം ഉദ്ബോധിപ്പിക്കുന്നു (എഫേ.4). ആരാധനയുടെ പ്രധാനാചാര്യനും ദൈവികരഹസ്യങ്ങളുടെ കാര്യവിചാരകനും മെത്രാനാണ്. മെത്രാനെക്കൂടാതെ സഭയിലൊന്നും ചെയ്തുകൂടാ: 'മെത്രാന്റെ മേൽനോട്ടം കൂടാതെ സ്നാനമോ, സ്നേഹഭോജനമോ അനുവദനീയമല്ല. മറിച്ച്, അദ്ദേഹം അംഗീകരിക്കുന്നവയെല്ലാം ദൈവത്തിനു പ്രീതികരമാണ്. ഇങ്ങനെ നിങ്ങൾ ചെയ്യുന്നതെന്തും സാധുവും സുരക്ഷിതവുമായിരിക്കും'(സ്മിർണ.8:2). 'മെത്രാന്റെ അംഗീകാരം കൂടാതെ സഭയെ സംബന്ധിക്കുന്നതൊന്നും ആരും ചെയ്യരുത്. മെത്രാനാലോ, അദ്ദേഹം നിയോഗിക്കുന്നവരാലോ അർപ്പിക്കപ്പെടുന്ന കുർബാന മാത്രം സാധുവായി കണക്കാക്കണം'(സ്മിർണ. 8:1). വിവാഹവും മെത്രാന്റെ മുമ്പാകെയാണ് നടത്തപ്പെടേണ്ടത് (പോളി.5:2). ചുറ്റിക്കറങ്ങി നടന്ന 'പ്രവാചകന്മാരെ' പറ്റി അദ്ദേഹം ഒന്നും പറയുന്നില്ല. ഡിഡാക്കെ അവരെ സ്തുതിച്ച് സംസാരിക്കുന്നു.

വിവാഹ കൂദാശയെ സംബന്ധിച്ച് ഇഗ്നേഷ്യസിന്റെ സ്വാധീനം വി.പൗലോസ് ശ്ലീഹയിൽ നിന്നാണ്. വിവാഹം ക്രിസ്തുവും തന്റെ വധുവായ സഭയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു: 'കർത്താവിനെ സ്നേഹിക്കാനും തങ്ങളുടെ ഭർത്താക്കന്മാരോടു സന്തുഷ്ടരായി വർത്തിക്കാനും എന്റെ സഹോദരിമാരോടു പറയണം. കർത്താവ് സഭയെ സ്നേഹിക്കുന്നതു പോലെ ഭാര്യമാരെ സ്നേഹിക്കുവാൻ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സഹോദരന്മാരെ ഉദ്ബോധിപ്പിക്കുക' (പോളി.5:1). കന്യത്വത്തെപ്പറ്റിയും അദ്ദേഹം ഉപദേശിക്കുന്നു: കർത്താവിന്റെ ശരീരത്തോടുള്ള ബഹുമാനാർഥം ശുദ്ധതയിൽ ജീവിക്കാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ അവൻ ആത്മപ്രശംസ കൂടാതെ അപ്രകാരം ചെയ്യട്ടെ (പോളി. 5:2).

ഇഗ്നേഷ്യസ് റോമാസഭയെ വളരെ സ്തുതിച്ച് സംസാരിക്കുന്നു. റോമാക്കാർക്കുള്ള ലേഖനത്തിന്റെ ആമുഖം ശ്രദ്ധിക്കൂ: 'അത്യുന്നതനായ പിതാവിന്റെയും അവിടുത്തെ ഏകജാതനായ യേശുക്രിസ്തുവിന്റെ കൃപ ലഭിച്ച സഭയ്ക്ക്: നമ്മുടെ ദൈവമായ യേശുക്രിസ്തുവിന്റെ സ്നേഹത്താലും വിശ്വാ

www.malankaralibrary.com

സത്താലും സ്നേഹിക്കപ്പെട്ടതും പ്രകാശിതമായതും റോമൻ പ്രദേശത്തിന്റെ പ്രധാന സ്ഥലത്ത് അദ്ധ്യക്ഷ ആയിരുന്നതും (*പ്രോകത്തേതായ് എൻ തോപോ കോറിയൂ റൊമയ്യോൻ*) ദൈവത്തിനു ചേർന്നതും ബഹുമാനവും അഭിനന്ദനവും സ്തുതിയും വിജയവും വിശുദ്ധിയും അർഹിക്കുന്നതും സ്നേഹത്തിൽ അദ്ധ്യക്ഷസ്ഥാനത്തിരിക്കുന്നതും ക്രിസ്തുവിന്റെ നിയമം അനുസരിച്ചുകൊണ്ട് പിതാവിന്റെ നാമം വഹിക്കുന്നതുമായ സഭയ്ക്ക് പിതാവിന്റെ പുത്രനായ യേശുക്രിസ്തുവിൽ എന്റെ അഭിവാദനങ്ങൾ.'

ഈ ആമുഖം മറ്റു ലേഖനങ്ങളുടെ ആമുഖത്തിൽനിന്നു തികച്ചും വ്യത്യസ്തമാണ്. ഇഗ്നേഷ്യസ് ഈ ഭാഗത്ത് റോമാസഭയെ വളരെ സ്തുതിച്ചു പറയുന്നു എന്നത് തർക്കമറ്റ സംഗതിയാണ്. ഇത് റോമാസഭ അർഹിക്കുന്നതുമാണെന്ന് അദ്ദേഹം കരുതുന്നു. ഈ ആമുഖത്തിലെ ഒന്നുരണ്ടു പ്രയോഗങ്ങൾ അപഗ്രഥിക്കാം:

(1) 'റോമൻ പ്രദേശത്തിന്റെ പ്രധാന സ്ഥലത്ത് അധ്യക്ഷ ആയിരിക്കുന്നതും' (2) 'സ്നേഹത്തിൽ അധ്യക്ഷ സ്ഥാനത്തിരിക്കുന്നതും.'

'റോമൻ പ്രദേശം' എന്നത് റോമിന്റെ ചുറ്റുമുള്ള സ്ഥലങ്ങൾ മാത്രമല്ല അർഥമാക്കുക. റോമൻ പ്രദേശത്തിന്റെ വ്യാപ്തിയെന്താണ്? റോമൻ രൂപതയാണോ? റോമൻ സാമ്രാജ്യമാണോ? എല്ലാവരും ഒരേ രീതിയിലുള്ള അർഥമല്ലിതിനു കൊടുക്കുക. 'റോമൻ സാമ്രാജ്യത്തിന്റെ പ്രധാന സ്ഥാന ത്ത് (റോമിൽ) അധ്യക്ഷയായിരുന്ന സഭ' എന്ന് അനേകർ മനസ്സിലാക്കുന്നു. 'തോപോ'എന്ന പദം ഏതെങ്കിലും രീതിയിൽ പ്രാധാന്യമുള്ള സ്ഥലത്തേയോ, വസ്തുവിനേയോ കുറിക്കാൻ ഉപയോഗിക്കുന്നു. തോപോ കോറിയു എന്നതിനർത്ഥം പ്രധാനസ്ഥലം. 'കോറിയു' എന്നതിനു പകരം ക്രിസ്തു എന്ന് വായിക്കണമെന്നു ചിലർ പറയുന്നു. ക്രിസ്തുവിന്റെ സ്ഥാനത്ത് അധ്യക്ഷയായിരിക്കുന്ന റോമാസഭ എന്ന് അർത്ഥം വരും. അതിന് അവർ മറ്റു ന്യായങ്ങൾ ചൂണ്ടിക്കാട്ടുന്നു: മഗ്നേഷ്യർക്കുള്ള ലേഖനത്തിൽ ഇപ്രകാരം കാണുന്നു: 'മെത്രാൻ ദൈവത്തിന്റെ സ്ഥാനത്തും പ്രെസ്ബിറ്റർമാർ ശ്ലൈഹികസമൂഹത്തിന്റെ സ്ഥാനത്തും അധ്യക്ഷന്മാരായിരിക്കട്ടെ. എനിക്കേറ്റവും പ്രിയപ്പെട്ട ഡീക്കന്മാർ യേശുക്രിസ്തുവിന്റെ ശുശ്രൂഷാസ്ഥാനം ഏറ്റെടുക്കട്ടെ' (6:1). ഇവിടെ *തോപോൺ തെവു* എന്നുള്ളതു പോലെയാണ് *തോപോ ക്രിസ്തു* എന്ന് ചിലർ പറയുന്നു. എന്നാൽ ഈ വ്യാഖ്യാനം എല്ലാവരും സ്വീകരിക്കുന്നില്ല.

*പ്രോകത്തേതായ്* (അധ്യക്ഷയായിരിക്കുക), *പ്രോകത്തേമെനേ* (അധ്യക്ഷസ്ഥാനത്തിരിക്കുക) എന്നീ പദങ്ങൾ അധികാരത്തെ കുറിക്കുന്ന പദങ്ങളാണ്. വെറും ബഹുമാനത്തെ മാത്രം കുറിക്കുന്ന പദങ്ങളല്ല. ഇഗ്നേഷ്യ

സിൽ തന്നെ ഈ പദം അധികാരവുമായി ബന്ധപ്പെടുത്തിയാണ് ഉപയോഗിച്ചിരിക്കുന്നത്. മഗ്നേഷ്യർക്കുള്ള ലേഖനം 6:2 –ൽ മെത്രാനോടും അധ്യക്ഷന്മാരോടും യോജിച്ചുപോകുവിൻ എന്നു കാണുന്നു. *പ്രോകത്തേമെനോയീസ്* എന്ന വാക്കാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. മഗ്നേഷ്യർ, 6:2 –ൽ *പ്രോകത്തേമെനു* എന്നാണ്. ഇത് സഭാധികാരവുമായി ബന്ധപ്പെടുത്തിയാണ് പ്രയോഗിച്ചിരിക്കുന്നത്. മറ്റൊരിടത്തും ഇതു കാണുന്നില്ല. റോമാലേഖനത്തിന്റെ ആമുഖത്തിൽ കാണുന്ന 'ആധ്യക്ഷ്യം' എന്ന പദം സഭാധികാരത്തെയാണു കുറിക്കുന്നത്. അവിടെ രണ്ടു പ്രാവശ്യം അദ്ദേഹം ഇതുപയോഗിക്കുന്നു. 'റോമൻ പ്രദേശത്തിന്റെ പ്രധാനസ്ഥലത്ത് അധ്യക്ഷയായിരിക്കുന്ന സഭ' എന്നത് റോമാസഭയ്ക്കുള്ള അധികാരത്തെ കുറിക്കുന്നതായി മനസ്സിലാക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു.

'സ്നേഹത്തിൽ ആധ്യക്ഷ്യം വഹിക്കുന്ന സഭ' എന്നതിന്റെ അർഥവും ഇതിലേക്കാണ് വിരൽചൂണ്ടുന്നത്. ഇത് റോമാസഭയുടെ കാരുണ്യപ്രവൃത്തികളെയാണ് സൂചിപ്പിക്കുന്നതെന്ന് പറയുന്നവരുണ്ട്. കാരുണ്യം കാട്ടുന്നതിൽ റോമാസഭ എക്കാലവും മുൻപന്തിയിൽ നിന്നു. എന്നാൽ അതിലുപരിയായ ഒരർഥം ഇതിൽ കാണുന്ന അനേകം പണ്ഡിതന്മാരുണ്ട്. 'പ്രോകത്തേമെനേതേസ് അഗാപേസ്' എന്നതിലെ 'അഗാപേ' എന്നതിന്റെ അർഥമെന്താണ്? ഇഗ്നേഷ്യസിൽ 'അഗാപേ' സ്നേഹസമൂഹങ്ങളുടെ (സഭാസമൂഹങ്ങളുടെ) പേരാണ് (ഫിലാ.11,2;സ്മിർണ.12,1; ത്രാള്ളിയ.13,1; റോമാ.9,3). സ്നേഹബന്ധത്തിൽ അധ്യക്ഷയായിരിക്കുന്ന സഭ; അതായതു സാർവത്രിക സഭ. തന്റെ സ്നേഹത്താൽ ക്രിസ്തു സഭയ്ക്കു നൽകിയ അതിസ്വാഭാവിക ജീവിതത്തിന്റെ പൂർണതയാണ് അഗാപേ. സ്നേഹത്തിൽ അധ്യക്ഷസ്ഥാനത്തിരിക്കുന്നു എന്നതിന്, നയിക്കാനും നേതൃത്വം നൽകാനും റോമാസഭയ്ക്കുള്ള അധികാരം എന്നർഥം നൽകാം. സ്നേഹത്തിലും വിശ്വാസത്തിലും റോമാസഭ മുൻപന്തിയിൽ നിൽക്കുന്നു എന്നതാകാം കാരണം.

*പ്രോകത്തേമായ്* (അധ്യക്ഷയായിരിക്കുക) എന്നതിനുശേഷം പട്ടണം, നഗരം, സ്ഥലം എന്നിങ്ങനെയുള്ള പദങ്ങളാണു വരിക. 'സ്നേഹം'(അഗാപേ) എന്ന നാമം സാധാരണമല്ല. അപ്പോൾ സാർവത്രികമായ ഒരു മേൽക്കോയ്മയാണ്; ചെറിയ ഒരു സ്ഥലത്തെയോ, ചില സംഗതികളുടേയോ മേലുള്ള മേൽക്കോയ്മയല്ല വിവക്ഷ എന്നു കരുതുന്നവരുണ്ട്. എന്നാൽ ഈ വ്യാഖ്യാനം ഈ രീതീയിൽ സ്വീകരിക്കാത്തവരും ഉണ്ട്.

റോമാസഭ റോമൻ സാമ്രാജ്യത്തിന്റെ തലസ്ഥാന നഗരിയിലെ സഭയാണ്. വ്യക്തിപരമായി ഇഗ്നേഷ്യസിന് ഏറ്റവും പ്രിയപ്പെട്ട സഭയാണത്. അതുകൊണ്ടാണല്ലോ ഈ സഭയ്ക്ക് സ്തുതിയും പുകഴ്ചയും ബഹുമാനവും കൊടുക്കാൻ അദ്ദേഹം തയ്യാറാകുന്നത്. 'ആക്സിയോ' കൊണ്ട് ആറു

www.malankaralibrary.com

വാക്കുകൾ തുടങ്ങുന്നു. അതുകഴിഞ്ഞാണ്, എപ്രകാരം സ്നേഹത്തിൽ അധ്യക്ഷസ്ഥാനത്തിരിക്കുന്നതെന്ന് പറയുന്നത്. ഇത്രമാത്രം ബഹുമാനാദരവുകളോടെ മറ്റൊരു സഭയെപ്പറ്റിയും അദ്ദേഹം പ്രസ്താവിക്കുന്നില്ല. ഏഷ്യാമൈനറിലെ സഭകളിൽനിന്നു വ്യത്യസ്തമായ ചില സംഗതികൾ റോമാസഭയ്ക്കുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. റോമാസഭയ്ക്കു ശ്രേഷ്ഠ ശ്ലീഹന്മാരുടെ കല്പനകളും പ്രബോധനങ്ങളും ഉള്ളതിനാൽ, തന്റെ കല്പനകളുടെ ആവശ്യമില്ലെന്ന് അദ്ദേഹം കരുതി: 'പത്രോസിനെയും പൗലോസിനെയും പോലെ ഞാൻ നിങ്ങൾക്ക് ഒരു കല്പനയും നല്കുന്നില്ല: അവർ ശ്ലീഹന്മാരായിരുന്നു; ഞാനോ ഒരു തടവുകാരൻ. അവർ സ്വതന്ത്രരായിരുന്നു; ഞാൻ ഇപ്പോഴും ഒരടിമ' (റോമ. 4,3).

'നിങ്ങൾ മറ്റുള്ളവരെ പഠിപ്പിച്ചവരാണ്' എന്ന് ഇഗ്നേഷ്യസ് പറയുന്നു (3,1). ക്ലെമെന്റ് കൊറിന്തോസുകാർക്കെഴുതിയ ലേഖനമായിരിക്കാം വിവക്ഷ. സ്നേഹം മൂലം ദൈവപുത്രൻ ധരയിലെത്തിച്ച പുതിയനിയമവും ക്രിസ്തുമതത്തിന്റെ സാരസത്തയും മനുഷ്യർക്കെല്ലാം അനുഭവവേദ്യമാക്കാൻ അവരെ ഭരിക്കാനും നയിക്കാനും ഒരു പ്രത്യേകാധികാരം റോമാസഭയ്ക്കുണ്ട്. 'നീ തിരിഞ്ഞു നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക' എന്ന കർതൃവചനം (ലൂ.22:32) പത്രോസ് കാത്തുസൂക്ഷിച്ചു. റോമാസഭയും തദനുസരണം വർത്തിച്ചു. അതാണ് മുകളിൽ പറഞ്ഞ വാചകത്തിന്റെ അർഥം. റോമാക്കാരനല്ലാത്ത ഒരാൾ റോമാസഭയെ സ്തുതിച്ചു പറയുന്ന ആദ്യപരാമർശമാണിത്. തക്ക അടിസ്ഥാനത്തോടുകൂടിയാണ് ഇഗ്നേഷ്യസ് ഇപ്രകാരം ചെയ്യുക; അതായത് ശ്ലൈഹികാടിസ്ഥാനം. സത്യവിശ്വാസം അഭംഗുരം നിലനിൽക്കുന്നു; ക്രിസ്തുവിന്റെ സ്നേഹം ചുറ്റും പരത്തുന്നു. സ്നേഹസമൂഹങ്ങളുടെ അധ്യക്ഷയായിരുന്നുകൊണ്ട് മറ്റുള്ളവരെ പഠിപ്പിക്കുന്നു. ഇതൊക്കെയാണ് റോമാസഭയുടെ പ്രത്യേകതകൾ. അവളുടെ മഹത്വത്തിന് ആസ്പദമായിട്ടുള്ളതും അവതന്നെ.

## മിസ്റ്റിസിസം

യോഹന്നാനും പൗലോസും അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ട്. പൗലോസിന്റെ ക്രിസ്തുവിലുള്ള ഐക്യവും യോഹന്നാന്റെ 'ക്രിസ്തുവിലുള്ള ജീവിതവും' കൂടിച്ചേർന്ന് ഇഗ്നേഷ്യസിൽ ക്രിസ്തുവിനെ അനുകരിക്കലാകുന്നു; ക്രിസ്തുവിന്റെയും ദൈവത്തിന്റെയും ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവർ അതിനു പറ്റിയ സുകൃതങ്ങളും വഴികളും ആരായണം: 'വിശ്വാസത്തിന് അവിശ്വാസം പോലെയും അവിശ്വാസത്തിന് വിശ്വാസം പോലെയും പ്രവർത്തിക്കാൻ കഴിയാത്തതുപോലെ, ആത്മീയർക്ക് ജഡികമായും ജഡികർക്ക് ആത്മീയമായും വ്യാപരിക്കാൻ സാധ്യമല്ല. എന്നാൽ നിങ്ങൾ ശാരീ

രികമായി ചെയ്യുന്നതുപോലും ആത്മീയമാണ്. കാരണം, നിങ്ങൾ എല്ലാം യേശുക്രിസ്തുവിൽ ചെയ്യുന്നു' (എഫേ.8:2).

ക്രിസ്തു പിതാവിനെ അനുകരിച്ചതുപോലെ നാം ക്രിസ്തുവിനെ അനുകരിക്കണം (ഫിലാ.7:2). ധാർമിക നിയമാനുസരണത്തിലും ക്രിസ്തുവിന്റെ കല്പനകൾ അനുസരിച്ചുള്ള ജീവിതത്തിലും മാത്രം ഇതടങ്ങിയിരിക്കുന്നില്ല. ക്രിസ്തുവിന്റെ പീഡാനുഭവത്തിലും മരണത്തിലുമുള്ള പങ്കാളിത്തം വഴിയാണ് ഇതു സാധിക്കേണ്ടത്: 'എന്റെ ദൈവത്തിന്റെ പീഡാനുഭവം ഞാനനുകരിക്കട്ടെ' എന്ന് റോമാക്കാരോടു അദ്ദേഹം അപേക്ഷിക്കുന്നു (6:3).

കർത്താവിനോട് അനുരൂപപ്പെടാനുള്ള തീവ്രമായ അഭിലാഷം കൊണ്ട് രക്തസാക്ഷിത്വത്തിനായി വെമ്പുകയാണ് അദ്ദേഹം. ക്രിസ്ത്വാനുകരണത്തിന്റെ ഉന്നതമാർഗമത്രേ രക്തസാക്ഷിത്വം. ക്രിസ്തുവിനുവേണ്ടി സ്വജീവൻ ഹോമിക്കാൻ സന്നദ്ധതയുള്ളവൻ മാത്രമേ ക്രിസ്തുവിന്റെ യഥാർഥ ശിഷ്യനാകൂ എന്ന ചിന്താഗതിയാണ് അദ്ദേഹത്തിനുള്ളത് (എഫേ.3:1; റോമ 5:3-6; സ്മിർണ.4:2).

ക്രിസ്ത്യാനികൾ ക്രിസ്തു വസിക്കുന്ന ആലയങ്ങളാണ്. മനുഷ്യാത്മാക്കളിൽ യേശുവിന്റെ ദൈവത്വം വസിക്കുന്നു: 'അവിടുന്ന് നമ്മിൽ വസിക്കുന്നു എന്ന വിധത്തിൽ നമുക്ക് വ്യാപരിക്കാം. ഇപ്രകാരം നാം അവിടുത്തെ ആലയങ്ങളാകും. അവിടുന്ന് യഥാർഥമായി ആയിരിക്കുന്നതുപോലെ, നമ്മുടെ ദൈവമായി നമ്മുടെ ഉള്ളിലും വസിക്കും' (എഫേ.15:3). ക്രിസ്ത്യാനികൾ ക്രിസ്തുവാഹകരും, ദൈവവാഹകരും അത്രേ. താൻ ദൈവവാഹകനാണെന്ന് അദ്ദേഹം കത്തുകളിലെല്ലാം വ്യക്തമാക്കുന്നു.

ക്രിസ്തു നമ്മിൽ വസിക്കുന്നു, നാം ക്രിസ്തുവിനോടു ഒന്നുചേരുന്നു. ദൈവികമായ ഐക്യത്തിൽ ക്രിസ്ത്യാനികളെല്ലാം പരസ്പരം ബന്ധിതരുമാണ്. നമ്മുടെ സത്ത ക്രിസ്തുവിലാണ്. 'യേശുക്രിസ്തുവിൽ കണ്ടെത്തപ്പെടാൻ' അദ്ദേഹം ആഗ്രഹിക്കുന്നു. എല്ലാ ക്രിസ്ത്യാനികളേയും ബന്ധിക്കുന്ന കണ്ണി യേശുക്രിസ്തുവുമായുള്ള ഐക്യമാണ്. ആത്മശരീരങ്ങളുടെ വിശുദ്ധി കാത്തുപരിപാലിക്കാനായി യേശുക്രിസ്തുവിനെ അനുകരിക്കാൻ അദ്ദേഹം എഫേസ്യരെ ഉപദേശിക്കുന്നു (10:3). മഗ്നേഷ്യർക്കുള്ള കത്തിലും ഇതുതന്നെ പറയുന്നു (6).

വിശ്വാസത്തിലും അനുസരണത്തിലും ദൈവാരാധനയിലും മെത്രാനോടു യോജിച്ചിരുന്നെങ്കിൽ മാത്രമേ ക്രിസ്ത്യാനികൾ ക്രിസ്തുവുമായി ഐക്യപ്പെട്ടിരിക്കുന്നുവെന്ന് പറയാനാവൂ. ആരാധനാ സമൂഹത്തിൽ അനുഭവവേദ്യമാകുന്ന ക്രിസ്തുവുമായുള്ള മൗതികൈക്യമേ അദ്ദേഹം അംഗീകരിക്കുന്നുള്ളു. അതായത് അദ്ദേഹത്തിന്റെ മിസ്റ്റിസിസം വ്യക്തിഗതമല്ല.

സാമൂഹികമാണ്. സമൂഹത്തിന്റെ ദൈവാരാധനയിലും മെത്രാനുമായുള്ള ഐക്യത്തിലും സാധിക്കേണ്ട ഒന്നാണത്.

**ലേഖനങ്ങളുടെ വാസ്തവികത**

ഇഗ്നേഷ്യൻ ലേഖനങ്ങളുടെ വാസ്തവികതയെ സംശയിക്കുന്നവർ ഇപ്പോളില്ല. പോളിക്കാർപ്പ് ഫിലിപ്യലേഖനത്തിൽ ഇഗ്നേഷ്യൻ ലേഖനങ്ങളെപ്പറ്റി പറയുന്നുണ്ട് (13:2). ഒരിജൻ, ഐറേനിയസ്, എവുസേബിയസ് എന്നിവർ ഇവയുടെ വാസ്തവികതയ്ക്കു സാക്ഷികളാണ് (സഭാ.3:36,4).

മൂന്നു രീതിയിൽ ഇഗ്നേഷ്യൻലേഖനങ്ങളുടെ കയ്യെഴുത്തു പ്രതികൾ നമുക്കു കിട്ടിയിട്ടുണ്ട്: (1) ചെറിയ പതിപ്പ് – അതാണ് ഏഴ് യഥാർഥ കൃതികൾ. (2) വലിയ പതിപ്പ് – നാലാം നൂറ്റാണ്ടിൽ ആരോ ഏഴ് ലേഖനങ്ങളുടെ കൂടെ ആറെണ്ണം കൂട്ടിച്ചേർത്തു. വലിയ പതിപ്പാണ് ആദ്യം കണ്ടുപിടിക്കപ്പെട്ടതും പ്രസിദ്ധീകൃതമായതും. (3) ചുരുക്കിയ സുറിയാനി പതിപ്പ്: എഫേസോസുകാർക്ക്, റോമാക്കാർക്ക്, പോളിക്കാർപ്പിന് എന്നീ മൂന്നു ലേഖനങ്ങളെ ഇതിലുള്ളു. ഇത് ചെറിയ പതിപ്പിന്റെ ഒരു ചുരുങ്ങിയ പതിപ്പാണെന്ന് പലരും തെളിയിച്ചു. ഇന്ന് ഇഗ്നേഷ്യസിന്റെ ലേഖനങ്ങളായി അംഗീകരിച്ചിരിക്കുന്നത് ചെറിയ പതിപ്പിലെ ഏഴ് ലേഖനങ്ങളാണ്.

ട്രാജൻ ചക്രവർത്തിയുടെ കാലത്ത് 110/117-ൽ ഇഗ്നേഷ്യസ് റോമിലെ കൊളോസിയത്തിൽ വച്ചു വന്യമൃഗങ്ങൾക്ക് എറിയപ്പെട്ടു. മൃഗങ്ങൾ പിച്ചിച്ചീന്തിയ ശേഷമുള്ള അസ്ഥികൾ വിശ്വാസികളെടുത്ത് അന്ത്യോക്യായിലേക്ക് കൊടുത്തയച്ചു. അവ 637-ൽ റോമിൽ കൊണ്ടുവന്ന് വി. ക്ലെമെന്റിന്റെ ദേവാലയത്തിൽ അടക്കം ചെയ്തു. വി.ത്രിത്വം, മനുഷ്യരക്ഷ, വി. കുർബാന, മെത്രാന്മാർ, വൈദികർ, ശെമ്മാശ്ശന്മാർ എന്നിവരടങ്ങിയ ശുശ്രൂഷക്രമം, റോമാസിംഹാസനത്തിന്റെ പ്രത്യേക പദവി, സഭയുടെ സാർവത്രികത, കന്യാത്വം എന്നിവ സംബന്ധിച്ച് അപ്പസ്തോലന്മാരുടെ തൊട്ടടുത്ത കാലത്തെ സഭ എപ്രകാരം മനസ്സിലാക്കിയിരുന്നുവെന്ന് അദ്ദേഹത്തിന്റെ ലേഖനങ്ങളിൽനിന്ന് മനസ്സിലാക്കാൻ സാധിക്കും. അപ്പസ്തോലിക ക്രിസ്തീയത്വവുമായി അടുത്തു ജീവിക്കാൻ ആഗ്രഹിക്കുന്നവർക്ക് അദ്ദേഹത്തിന്റെ കത്തുകൾ വലിയ നിധിയാണ്. (മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *അപ്പസ്തോലിക പിതാക്കന്മാർ*, കോട്ടയം,1996,പേജ്,55-101).

# 3. സ്മിർണായിലെ വി. പോളിക്കാർപ്പ് (+ 156)

ശ്ലീഹന്മാരുടെ ശിഷ്യനായ പോളിക്കാർപ്പ് സ്മിർണായിലെ മെത്രാനായിരുന്നു. യോഹന്നാൻ ശ്ലീഹായുടെ പാദത്തിലിരുന്ന് അദ്ദേഹം സദ്വാർത്ത ശ്രവിച്ചെന്ന് വി. ഐറേനിയസ് (പാഷ.3,3,4), എവുസേബിയസ്

(സഭാ.5, 20,5), തെർത്തുല്യൻ (*ദെ പ്രെസ്ക്രിപ്സിയോണെ ഹെരത്തിക്കോരും*, 32:2) എന്നിവർ പറയുന്നു. ശ്ലീഹന്മാരാണ് അദ്ദേഹത്തെ സ്മിർണായിലെ മെത്രാനായി നിയമിച്ചതെന്ന് ഐറേനിയസ് പറയുന്നു (പാഷ.3:3,4;). അദ്ദേഹത്തിനാണ് ഇഗ്നേഷ്യസ് ഒരു കത്തയച്ചത്. പോളിക്കാർപ്പും അനിസെറ്റസ് പാപ്പായും കൂടി സഭാസംബന്ധമായ പല കാര്യങ്ങളും 155-ൽ റോമിൽവച്ച് ചർച്ച ചെയ്തു. ഉയർപ്പുദിവസം സംബന്ധിച്ച പ്രശ്നവും അവരുടെ ചർച്ചയിൽ പ്രധാന വിഷയമായിരുന്നു. ഒരു തീരുമാനവും എടുക്കാൻ അവർക്കു സാധിച്ചില്ല. പോളിക്കാർപ്പ് യോഹന്നാൻ ശ്ലീഹായിൽ നിന്നുള്ള പാരമ്പര്യവും അനിസെറ്റസ് തന്റെ മുൻഗാമികളിൽ നിന്നുള്ള പാരമ്പര്യവും ഉയർത്തിക്കാട്ടി.

എന്താണ് 'ഉയർപ്പുദിവസം' സംബന്ധിച്ച പ്രശ്നം? ക്രൈസ്തവ സഭയിൽ ചിലയിടങ്ങളിൽ ഉയർപ്പുദിവസം (കൃംതാ) അഥവാ ക്രിസ്ത്യൻ പെസഹാ യൂദരീതിയനുസരിച്ച് നീസാൻ മാസം 14-ാം തീയതി ആഘോഷിച്ചിരുന്നു. ആഴ്ചയിൽ ഏതു ദിവസം വന്നാലും അന്ന് ആഘോഷിക്കുക; അല്ലാതെ, മറ്റിടങ്ങളിലെ പോലെ അടുത്ത ഞായറാഴ്ചത്തേക്ക് അവർ മാറ്റി വച്ചിരുന്നില്ല. ഏഷ്യാമൈനറിൽ ഈ പാരമ്പര്യം പ്രചരിച്ചിരുന്നു. യോഹന്നാൻ ശ്ലീഹായിൽനിന്നു ലഭിച്ച പാരമ്പര്യമാണിതെന്ന് അവിടുത്തുകാർ അവകാശപ്പെട്ടു. സാർദിസിലെ മെലിറ്റോ, ഹിയെരാപ്പൊളീസിലെ അപ്പൊള്ളിനാരിയൂസ്, പോളിക്കാർപ്പ്, എഫേസോസിലെ പോളിക്രാട്ടെസ് എന്നിവർ ഈ പാരമ്പര്യം ഉയർത്തിക്കാട്ടി. അനിസെറ്റസ് പാപ്പായെ ഏഷ്യാറ്റിക് രീതിയിലേക്ക് ആനയിക്കാൻ പോളിക്കാർപ്പ് ശ്രമിച്ചു. എന്നാൽ അതിൽ അദ്ദേഹം വിജയിച്ചില്ലെങ്കിലും അവർ ഇരുവരും സ്നേഹിതരായി പിരിഞ്ഞു.

ഐറേനിയസ് പോളിക്കാർപ്പിനെപ്പറ്റി രസകരമായ ഒരു സംഭവം വിവരിക്കുന്നു. ഒരിക്കൽ പോളിക്കാർപ്പിനെ കണ്ട മാർസ്യൻ എന്ന ഗ്നോസ്റ്റിക് അപദ്ധോപദേശകൻ തന്നെ അറിയുമോ എന്ന് പോളിക്കാർപ്പിനോടു ചോദിച്ചു. അദ്ദേഹം പ്രതിവചിച്ചു: 'തീർച്ചയായും! സാത്താന്റെ ആദ്യജാതനെ എനിക്കറിയാം.'

**ഫിലിപ്യർക്കെഴുതിയ ലേഖനം**

ചുറ്റുമുള്ള ക്രൈസ്തവ സമൂഹങ്ങൾക്കും ചില മെത്രാന്മാർക്കും പോളിക്കാർപ്പ് കത്തുകൾ അയച്ചിരുന്നു. (എവു.സഭാ.5:20,8). അവയിൽ ഫിലിപ്യർക്കെഴുതിയ ലേഖനം ലത്തീൻ വിവർത്തനത്തിലൂടെ പൂർണമായി ലഭിച്ചിട്ടുണ്ട്.

ഈ ലേഖനത്തിനു രണ്ടു ഭാഗങ്ങൾ ഉണ്ട്. (1) നേരത്തെ എഴുതപ്പെട്ട 13-ാം അധ്യായം: അതായത് ഇഗ്നേഷ്യസ് സ്മിർണായിൽ നിന്ന് റോമിലേക്കു

പോയ ഉടനെ പോളിക്കാർപ്പ് ഇഗ്നേഷ്യസിന്റെ കത്തുകൾ ഫിലിപ്പിയർക്ക് അയച്ചുകൊടുത്തു. അവയ്ക്ക് ഒരാമുഖ കുറിപ്പായിട്ടാണ് 13-ാം അധ്യായം. (2) 1-12 വരെ അധ്യായങ്ങൾ: ഏതാണ്ട് ഇരുപതോ അതിലധികമോ വർഷങ്ങൾ കഴിഞ്ഞാണ് ഈ ഭാഗം എഴുതപ്പെട്ടത്. ഏഷ്യാമൈനറിൽ മാർസിയന്റെ പാഷണ്ഡതയ്ക്ക് എതിരായിട്ടാണ് ഇത്.

ഇഗ്നേഷ്യസ് മരിച്ചതായി 9-ാം അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. 13-ാം അധ്യായം ഇഗ്നേഷ്യസിന്റെ സാമീപ്യം വിവരിക്കുന്നു. എവുസേബിയസ് സഭാചരിത്രത്തിൽ 9-ഉം 13-ഉം അധ്യായങ്ങൾ ഗ്രീക്കിൽ ഉദ്ധരിക്കുന്നു. എന്നാൽ പതിമൂന്നാം അധ്യായത്തിന്റെ അവസാനവാചകം വിട്ടുകളഞ്ഞു: 'ഇഗ്നേഷ്യസിനെപ്പറ്റിയും അദ്ദേഹത്തിന്റെ കൂടെയുള്ളവരെപ്പറ്റിയും നിങ്ങൾക്കറിയാവുന്ന വസ്തുനിഷ്ഠമായ വിവരങ്ങൾ ഞങ്ങളെ അറിയിക്കണം.' ലത്തീൻ വിവർത്തനത്തിൽ മാത്രമേ ഈ വാചകം ഉള്ളൂ. രണ്ടു ഭാഗങ്ങളും ഒരു കത്തെന്നു കരുതിയാകാം ചേർന്നുപോകാൻ പ്രയാസമുള്ള ഈ വാചകം എവുസേബിയസ് വിട്ടുകളഞ്ഞത്. 14-ാം അധ്യായം അനുബന്ധമാകാം.

പുതിയ നിയമത്തിലും ഡിഡാക്കെയിലും ബർണബാസിലും ഹെർമാസിന്റെ ആദ്യഭാഗത്തും ഉള്ള പ്രബോധകശൈലിയാണ് പോളിക്കാർപ്പിന്റെ ലേഖനത്തിലുള്ളത്. വിനീതനും ശുദ്ധമാനസനും സത്യസന്ധനുമായ ഒരു ദൈവപുരുഷനെ നമുക്കതിൽ കാണാം. അദ്ദേഹത്തിനു വലിയ താത്വിക പരിശീലനമൊന്നും ലഭിച്ചിട്ടില്ല. ഗ്രീക്കിന്റെ പാണ്ഡിത്യമോ, പഴയ നിയമത്തിന്റെ പരിജ്ഞാനമോ അദ്ദേഹത്തിനില്ല. ക്രിസ്തീയ പ്രബോധനങ്ങളെ അദ്ദേഹം നിരന്തരം ധ്യാനിച്ചിരുന്നു.

(1) ക്രിസ്തുവിന്റെ മനുഷ്യാവതാരം, കുരിശിലെ മരണം ആദിയായ കാര്യങ്ങൾ അപദ്ധോപദേശകർക്കെതിരെ പോളിക്കാർപ്പ് ഉറക്കെ പ്രഖ്യാപിക്കുന്നു: 'എന്തെന്നാൽ യേശുക്രിസ്തു ശരീരത്തിൽ വന്നെന്ന് പ്രഖ്യാപിക്കാത്തവൻ എതിർ ക്രിസ്തുവാകുന്നു. അതുപോലെ കുരിശിന്റെ സാക്ഷ്യം പ്രഘോഷിക്കാത്തവൻ പിശാചിന്റേതാകുന്നു. തന്റെ ദുഷ്കാമത്തിനു വേണ്ടി കർതൃവചനങ്ങളെ കോട്ടിമാറ്റുകയും ഉയർപ്പും വിധിയും ഇല്ലെന്നു പറയുകയും ചെയ്യുന്നവൻ സാത്താന്റെ ആദ്യജാതനാകുന്നു' (7:1).

(2) ഫിലിപ്പിയായിലെ മെത്രാനെപ്പറ്റി പോളിക്കാർപ്പ് ഒന്നും പറയുന്നില്ല. എന്നാൽ 'പ്രെസ്ബിറ്റർമാരോടും ഡീക്കന്മാരോടും' ഉള്ള വിധേയത്വത്തെപ്പറ്റി അദ്ദേഹം പരാമർശിക്കുന്നു. പ്രെസ്ബിറ്റർമാരുടെ ഒരു കമ്മറ്റിയായിരിക്കാം ഫിലിപ്പിയിലെ സഭയെ ഭരിച്ചിരുന്നത്. നല്ല പ്രെസ്ബിറ്റർമാരുടെ ചിത്രം അദ്ദേഹം വരച്ചുകാട്ടുന്നു: 'വൈദികരും അതുപോലെ അനുകമ്പയും എല്ലാവരോടും ദയയും ഉള്ളവരായിരിക്കണം. വഴിതെറ്റിപ്പോയവരെ തിരിച്ചു


www.malankaralibrary.com

കൊണ്ടുവരണം. രോഗികളെ ശുശ്രൂഷിക്കണം. വിധവകളേയും അനാഥരേയും ദരിദ്രരേയും അവഗണിക്കരുത്; പിന്നെയോ ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പിൽ മാന്യമായതെന്തോ അത് ചെയ്യണം. അവർ എല്ലാവിധ കോപത്തിൽനിന്നും പക്ഷപാതത്തിൽനിന്നും നീതിയില്ലാത്ത വിധിയിൽനിന്നും ധനമോഹത്തിൽനിന്നും അകന്നിരിക്കണം. ആരുടേയും കുറ്റങ്ങളെപ്പറ്റി വേഗത്തിൽ വിശ്വസിക്കരുത്. നമുക്കെല്ലാം പാപങ്ങൾ ഉണ്ടെന്നറിഞ്ഞുകൊണ്ട് മറ്റുള്ളവരെ വിധിക്കുമ്പോൾ കർക്കശരായിരിക്കരുത്' (6:1).

(3) ദാനധർമം വലിയൊരു പുണ്യമായി പോളിക്കാർപ്പ് എടുത്തുകാട്ടുന്നു: 'കാരുണ്യപ്രവൃത്തി ചെയ്യാൻ കഴിയുമ്പോൾ, മാറ്റിവയ്ക്കരുത്. കാരണം ദാനം മരണത്തിൽനിന്നു സ്വതന്ത്രരാക്കുന്നു' (10:2).

(4) രാഷ്ട്രീയാധികാരികൾക്കു വേണ്ടി ക്രൈസ്തവർ പ്രാർഥിക്കണമെന്ന് അദ്ദേഹം നിർദേശിക്കുന്നു (12:3).

**പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വം**

റോമിൽ നിന്നു തിരിച്ചെത്തിയ ഉടനെ (മിക്കവാറും ഫെബ്രുവരി 22, 156) പോളിക്കാർപ്പ് രക്തസാക്ഷി മകുടം ചൂടി. ഇതേപ്പറ്റി സ്മിർണായിലെ സഭ ഗ്രേറ്റർ ഫ്രീജിയായിലെ ഫിലൊമെലിയത്തിലെ ക്രിസ്തീയ സമൂഹത്തിന് ഒരു കത്തെഴുതിയിട്ടുണ്ട്.

വേദപുസ്കത്തിൽ ക്രിസ്തുവിന്റെ കുരിശുമരണത്തെയും വി. സ്തേഫാനോസിന്റെ രക്തസാക്ഷിത്വത്തെയും കുറിച്ചു സമ്യക്കായി വിവരിക്കുന്നു. വേദപുസ്തകത്തിനു പുറത്ത്, ക്രിസ്തുവിനെ പ്രതി മരിച്ച ഒരാളെപ്പറ്റി പ്രതിപാദിക്കുന്ന ഏറ്റവും പുരാതനരേഖ വി. പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വം സംബന്ധിച്ചുള്ളതാണ്. രക്തസാക്ഷികളോടുള്ള വണക്കം സംബന്ധിച്ചുള്ള ഏറ്റവും പുരാതനരേഖയും ഇതുതന്നെ (17:3). അതായത്, സഭയിലെ രക്തസാക്ഷികളുടെ ഭൗതികാവശിഷ്ടങ്ങളോടുള്ള വണക്കവും ആണ്ടുതോറും അവരുടെ ഓർമ കൊണ്ടാടുന്ന രീതിയും ഈ രേഖയിൽ ദൃശ്യമാണ് (18:2). മൃഗീയമായ നരവേട്ടയുടെ ദൃക്സാക്ഷി വിവരണമാണ് ഇവിടെ വരച്ചുകാണിച്ചിരിക്കുന്നത്. മാർസ്യൻ എന്നൊരാളാണ് ഇതെഴുതിയത്. പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വത്തോടടുത്ത കാലത്തുതന്നെ ഈ വിവരണം എഴുതപ്പെട്ടു. എന്നാൽ പിൽക്കാലത്ത് ചില കാര്യങ്ങൾ അതോടു ചേർക്കപ്പെട്ടു. പോളിക്കാർപ്പിന്റെ മഹനീയ വ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്നതാണിത്. സ്താത്സിയൂസ് ക്വാഡ്രാത്തുസ് എന്ന പ്രോകോൺസുൾ, 'സത്യം ചെയ്യുക, ഞാൻ നിന്നെ മോചിപ്പിക്കാം, ക്രിസ്തുവിനെ ശപിക്കുക' എന്നു പറഞ്ഞപ്പോൾ പോളിക്കാർപ്പ് മറുപടി പറഞ്ഞു: 'എൺപത്തിയാറു വർഷം ഞാനവനെ സേവിച്ചു; അവൻ എനിക്കൊരു ദ്രോഹവും ചെയ്തിട്ടില്ല. എന്നെ

രക്ഷിച്ച എന്റെ രാജാവിനെ പിന്നെ ഞാനെങ്ങനെ ശപിക്കും?'(9.3). അവർ അവന്റെ ശരീരത്തിൽ ആണിയടിക്കാൻ തുടങ്ങിയപ്പോൾ അവൻ പറഞ്ഞു: 'എന്നെ വിടുവിൻ. കാരണം, ഈ അഗ്നി സഹിക്കുവാൻ എനിക്കു ശക്തി നൽകുന്നവൻ ആണികളിൽ നിന്നു നിങ്ങൾ പ്രതീക്ഷിക്കുന്ന മുൻകരുതൽ കൂടാതെ തന്നെ നിശ്ചലമായി ചിതയിൽ നിൽക്കാൻ എനിക്കു കഴിവു തരും' (13:3). വിവരണത്തിനിടയിൽ കാണുന്ന പ്രാർഥന, ക്രൈസ്തവ പ്രാർഥനാ ചരിത്രം പഠിക്കുന്നവർക്ക് സഹായകമാണ്(14). ഇതിൽ ലിറ്റർജിക്കൽ ശൈലി പ്രതിധ്വനിക്കുന്നു. (മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്,*അപ്പസ്തോലിക പിതാക്കന്മാർ*,കോട്ടയം,1996,പേജ്,113-133).

# 4. ഹിയെരാപ്പൊളീസിലെ പപ്പിയാസ് (+130)

ഏഷ്യാമൈനറിലെ ഹിയെരാപ്പൊളീസിന്റെ മെത്രാനായിരുന്നു പപ്പിയാസ്. അദ്ദേഹം വി. യോഹന്നാൻ ശ്ലീഹായെ ശ്രവിച്ചിരുന്നെന്നും വി. പോളിക്കാർപ്പിന്റെ ശിഷ്യനായിരുന്നെന്നും ഐറേനിയസ് എഴുതിയിരിക്കുന്നു (പാഷ.5,33,4= രേഖാശകലം,1:4). എവുസേബിയസിന്റെ വീക്ഷണത്തിൽ പപ്പിയാസ് അതിബുദ്ധിമാനായിരുന്നില്ല; കൃതികളിൽ നിന്നു അത് വ്യക്തവുമാണ് (സഭാ.3,39,3). കർതൃവചനഭാഷ്യം *(ലോഗിഓൻ കുറിയാകോൻ എക്സെഗെസെയിസ്)* എന്നൊരു കൃതി അഞ്ചു ഭാഗങ്ങളായി 130-ൽ അദ്ദേഹം എഴുതി. അദ്ദേഹം സഹസ്രാബ്ദ വാഴ്ചയിൽ (മില്ലേനരിസത്തിൽ) വിശ്വസിച്ചിരുന്നു. സ്രോതസ്സുകളുടെ ശേഖരണത്തിലും അവയുടെ വ്യാഖ്യാനത്തിലും അദ്ദേഹം വളരെക്കുറച്ചേ വിമർശനബുദ്ധി കാട്ടിയുള്ളു. ഇങ്ങനെയാണെങ്കിലും ശ്ലീഹന്മാരുടെ പിൻഗാമികളായ മൂപ്പന്മാരുടെ വാമൊഴിയിൽ ചിലത് പപ്പിയാസ് വഴി നമുക്ക് ലഭിച്ചിട്ടുള്ളതിനാൽ പ്രാധാന്യം അർഹിക്കുന്നയാളാണ് അദ്ദേഹം. തന്റെ ഭാഷ്യത്തിന് കൂടുതലും പുതിയനിയമ വാക്യങ്ങളാണ് ഉപയോഗിച്ചതെങ്കിലും, വാമൊഴിയായി എത്തിയിട്ടുള്ള കർതൃപ്രബോധനങ്ങൾ തേടിപ്പിടിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. മർക്കോസിന്റെ സുവിശേഷത്തെപ്പറ്റിയുള്ള പരാമർശം (എവു.സഭാ.3,39,15-16) വിലപ്പെട്ട രേഖയാണ്. മത്തായി ആദ്യം എബ്രായഭാഷയിൽ (സുറിയാനി-അറമായക്) ആണ് തന്റെ സുവിശേഷം എഴുതിയതെന്നും പപ്പിയാസിൽ നിന്നു ഗ്രഹിക്കാം. പപ്പിയാസിന്റെ ജനനത്തെപ്പറ്റി കൃത്യമായി പറയുക പ്രയാസമാണ്. ക്രിസ്തുവർഷം 80-ന് മുമ്പ് ജനിച്ചു എന്നു കരുതാം. മെത്രാൻ എന്ന നിലയിലുള്ള പ്രവർത്തനത്തെപ്പറ്റിയോ, അദ്ദേഹത്തിന്റെ സ്വഭാവത്തെപ്പറ്റിയോ നമുക്ക് വിവരങ്ങളില്ല. അദ്ദേഹത്തിന്റെ കൃതിയും നഷ്ടപ്പെട്ടുപോയി. ചില രേഖാശകലങ്ങൾ മാത്രമേ കൈവന്നിട്ടുള്ളു. മരിച്ച സ്ഥലവും സമയവും രീതിയും അജ്ഞാതമാണ്.


www.malankaralibrary.com

കർതൃവചനങ്ങളെല്ലാം പുതിയനിയമ ഗ്രന്ഥങ്ങളിലില്ല (യോഹ. 21:25) എന്നു കണ്ട സത്യാന്വേഷിയായ പപ്പിയാസ് കർതൃവചനങ്ങൾ തേടിയിറങ്ങി. ശ്ലീഹന്മാരിൽ യോഹന്നാനെ മാത്രം ശ്രവിക്കാനിടയായ അദ്ദേഹം മൂപ്പന്മാരോടാരാഞ്ഞു. ഇഗ്നേഷ്യസ്, പോളിക്കാർപ്പ്, ഫിലിപ്പ് ആദിയായവരുടെ വിവരണങ്ങൾ കേട്ടു. മൂപ്പനായ യോഹന്നാനും അരിസ്തിയോനും ഇക്കാര്യത്തിൽ വളരെ സഹായിച്ചു. അഞ്ചു വാല്യങ്ങളിലായി അവ ശേഖരിക്കാൻ പപ്പിയാസ് നന്നേ യത്നിച്ചു. ഉദ്ദേശശുദ്ധിയുണ്ടായിരുന്നെങ്കിലും പുരാണേതിഹാസ പ്രധാനമായ വിവരണങ്ങൾ കുത്തിക്കുറിച്ചതിനാൽ പപ്പിയാസിനെ പിതാക്കന്മാരുടെ കൂട്ടത്തിൽ ഒന്നാംകിടയിൽ ഗണിക്കുന്നില്ല. (മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *അപ്പസ്തോലിക പിതാക്കന്മാർ,* കോട്ടയം,1996,പേജ്,102-12).

**സഹസ്രാബ്ദവാഴ്ച**

'മില്ലെനരിസം' 'കിലിയസം' എന്നീ പേരുകളിലും ഇതറിയപ്പെടുന്നു. (കിലിയോയ്- ആയിരം). ലോകാന്ത്യത്തിനു മുമ്പ് ക്രിസ്തു ഭൂമിയിൽ വന്ന് ആയിരം വർഷം ഭരണം നടത്തുമെന്ന് 'സഹസ്രാബ്ദ വാഴ്ച' എന്ന സിദ്ധാന്തം പഠിപ്പിക്കുന്നു. വെളിപാട് 20,1-5 നെ ആധാരമാക്കിയാണ് ഈ സിദ്ധാന്തം: 'സാത്താനും പിശാചുമായ പഴയസർപ്പത്തെ മാലാഖ ആയിരം വർഷത്തേക്കു പിടിച്ചുകെട്ടി പാതാളഗർത്തത്തിലേക്കെറിഞ്ഞു. അതു ജനതകളെ വഞ്ചിക്കാതിരിക്കാൻ ഗർത്തം അടച്ചു മുദ്രവച്ചു. യേശുവിനുവേണ്ടി ശിരശ്ഛേദം ചെയ്യപ്പെട്ടവരുടെ ആത്മാക്കൾ നിത്യജീവനിലേക്കു വരികയും യേശുവിനോടൊത്ത് ആയിരം വർഷം വാഴുകയും ചെയ്തു.'

ഈ ആയിരം വർഷം വളരെ സൗഭാഗ്യകരമായിരിക്കും. ഉല്പത്തി പുസ്തകത്തിലെ സൃഷ്ടിവിവരണത്തിന് നൽകിയ പ്രത്യേക ഭാഷ്യവും ഈവിധ ചിന്തയിലേക്കു നയിച്ചു: 'ദൈവം ആറു ദിവസം കൊണ്ട് സൃഷ്ടിച്ചു, ഏഴാം ദിവസം വിശ്രമിച്ചു.' അതിനുകൊടുത്ത ഭാഷ്യം: ഈ ലോകത്തിന് ആറായിരം വർഷമേ ആയുസ്സുള്ളു. പിന്നെ സഹസ്രാബ്ദവാഴ്ചയുടെ സാബതായി. 'കർത്താവിന് ഒരു ദിവസം ആയിരം വത്സരം പോലെയും ആയിരം വത്സരം ഒരുദിവസം പോലെയുമാണ്' എന്നുമുണ്ടല്ലോ (2 പത്രോ. 3:8; സങ്കീ.90:4).

അതിന്റെ വെളിച്ചത്തിൽ ലോകാവസാനം ഉടനെ തന്നെ സംഭവിക്കുമെന്നു പലരും കരുതി. യേശു സ്വർഗത്തിലേക്ക് എടുക്കപ്പെട്ടപ്പോൾ കേട്ട സ്വരം പെട്ടെന്നുള്ള കർതൃ പുനരാഗമനത്തിന്റെ വാക്കായി പലരും തെറ്റിദ്ധരിച്ചു: 'ഗ്ലീലായരേ, നിങ്ങളിൽ നിന്നു സ്വർഗത്തിലേക്ക് എടുക്കപ്പെട്ട യേശു, സ്വർഗത്തിലേക്കു പോകുന്നതായി നിങ്ങൾ കണ്ടതുപോലെ തന്നെ

തിരിച്ചുവരും' (നട.1:11). 'കർത്താവായ യേശുവേ, വേഗം വരണമേ. മാറാ നാഥാ' (1 കൊരി.16:22; വെളി.22:20) എന്ന പ്രാർഥന ഈ ചിന്തയുടെ ഫല മാണ്. കർത്താവ് ഉടൻ വന്ന് രാജ്യം സ്ഥാപിക്കും എന്നയാശയം ശക്തി പ്പെട്ടു (ഡിഡാക്കെ,10:6). ഈ ചിന്തയെ ആധാരമാക്കി, കർത്താവ് വന്ന് ജറു സലേം കേന്ദ്രമാക്കി ആയിരം വർഷം ഭരിക്കും എന്നൊക്കെ പലരും കരുതി. അപ്പസ്തോലിക സഭയിൽ നിലനിന്നിരുന്ന ഒരു ചിന്താധാരയാണിത്. എന്നാൽ ഈ തെറ്റായ ആശയം സഭ സ്വീകരിക്കുന്നില്ല. ചിലരുടെ അഭിപ്രാ യത്തിൽ, കർത്താവിന്റെ രണ്ടാമത്തെ വരവിനു ശേഷമായിരിക്കും സഹസ്രാബ്ദവാഴ്ച. മറ്റു ചിലരുടെ വീക്ഷണത്തിൽ കർത്താവിന്റെ വര വിനു മുമ്പായിരിക്കുമിത്. നീതി പരന്നു കഴിയുമ്പോൾ കർത്താവു വരും.

പ്രാചീനസഭയിൽ വിവിധയിനം ഗ്നോസ്റ്റിക്കുകൾ, മനിക്കേയർ ആദി യായ പാഷണ്ഡികൾ ഈ തത്വം അംഗികരിച്ചിരുന്നു. എന്നാൽ വി. ജസ്റ്റിൻ, വി. ഐറേനിയസ്, വി. ഹിപ്പോളിറ്റസ് ആദിയായവരും ഈ വീക്ഷണം പുലർത്തി. അപ്പസ്തോലിക പിതാക്കന്മാരിൽ ബർണബാസും പപ്പിയാസും ഈ ചിന്താഗതിക്കാരായിരുന്നു. പപ്പിയാസ് സഹസ്രാബ്ദ വാഴ്ചയെപ്പറ്റി ഭൗതികമായ പല വീക്ഷണങ്ങളും പുലർത്തി. അപ്പോക്രീഫൽ സാഹിത്യവും സഹസ്രാബ്ദ വാഴ്ചയ്ക്കു പ്രേരണ നൽകിയിട്ടുണ്ട്. ഉദാ: ഹാനോക്കിന്റെ രണ്ടാം പുസ്തകം എന്ന അപ്പോക്രീഫൽ ഗ്രന്ഥം.

അധ്യായം 3

# മൂന്നു പ്രാചീനകൃതികൾ

പ്രാചീനസഭയിലെ മൂന്നു പ്രധാന കൃതികളെപ്പറ്റിയാണ് ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നത്. 'ബർണബാസിന്റെ ലേഖനം', 'ഹെർമാസിന്റെ ഇടയൻ', 'ഡയഗ്നേറ്റസിനുള്ള ലേഖനം' എന്നിവയാണീ കൃതികൾ. ഇവ അപ്പസ്തോലിക കൃതികളായി കരുതപ്പെടുന്നു. അവ രചിച്ചതാരെന്ന് കൃത്യമായി അറിവില്ല. ഒന്നാമത്തേത്, പൗലോസിന്റെ സഹപ്രവർത്തകനായ ബർണബാസിന്റെ പേരിൽ അറിയപ്പെടുന്നു. രണ്ടാമത്തേത് റോമിലെ പീയൂസ് പാപ്പായുടെ കാലത്ത് ഹെർമാസ് എന്നയാൾക്കുണ്ടായ ദർശനങ്ങളുടെ വിവരണങ്ങളാണ് എന്നു പറയപ്പെടുന്നു. മൂന്നാമത്തേത് ഡയഗ്നേറ്റസ് എന്ന അക്രൈസ്തവന് ഒരു കത്തിന്റെ രൂപത്തിലുള്ള കൃതിയാണ്. ക്രിസ്തുമതത്തിന്റെ നിലപാട് ന്യായീകരിച്ചുകൊണ്ടെഴുതിയ ഒരു വിശ്വാസസംരക്ഷണ കൃതിയാണ്. പൊതുവേ, പ്രാചീനത്വം മൂലം അപ്പസ്തോലിക പിതാക്കന്മാരുടെ കൃതികളുടെകൂടെ ഈ മൂന്നു കൃതികളും ഗണിക്കപ്പെടുന്നു. (ഇവയുടെ മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *അപ്പസ്തോലിക പിതാക്കന്മാർ,* കോട്ടയം,1996,പേജ്,134-176; ജി.ചേടിയത്ത്,*ഹെർമാസിന്റെ ഇടയൻ*, കോട്ടയം,1992).

## 1. ബർണബാസിന്റെ ലേഖനം

'ബർണബാസിന്റെ ലേഖനം' എന്നറിയപ്പെടുന്ന ആദ്യകാല ക്രൈസ്തവ സാഹിത്യകൃതി ഒരു ദൈവശാസ്ത്ര കൃതിയാണ്. ലേഖനമല്ല; ലേഖനശൈലിയല്ല അതിനുള്ളത്. അത് ഒരു വ്യക്തിക്കോ, സമൂഹത്തിനോ ലേഖനശൈലിയിൽ എഴുതിയതല്ല. വ്യക്തിപരമായി ഒന്നും അതിലില്ല. പരിപൂർണ ജ്ഞാനം (ഗ്നോസിസ്) പഠിപ്പിക്കാനുള്ള ഉദ്യമമാണതിൽ.

ഈ ലേഖനത്തിന് രണ്ടു ഭാഗങ്ങളുണ്ട്: താത്വികം, ധാർമികം. താത്വിക ഭാഗം 1-17 വരെ അധ്യായങ്ങൾ ഉൾക്കൊള്ളുന്നു: 'നിങ്ങളുടെ വിശ്വാസത്തോടൊപ്പം നിങ്ങൾക്കു സമ്പൂർണജ്ഞാനം ഉണ്ടാകുവാൻ' വേണ്ടിയാണ് ഈ കൃതിയെന്ന് ആരംഭത്തിൽ തന്നെ ഗ്രന്ഥകർത്താവ് പറയുന്നു (1:5). ഒന്നാമതായി പഴയനിയമ വെളിപാടിന്റെ സ്ഥാനവും മഹിമയും വ്യക്തമാക്കുന്നു. വാച്യാർഥത്തിലെടുത്തതിനാൽ യഹൂദർ പഴയനിയമം പൂർണമായി തെറ്റിദ്ധരിച്ചു. പഴയനിയമത്തിന്റെ വാച്യാർഥത്തിന് അപ്പുറത്തുള്ള ആന്തരികാർഥം നൽകാൻ ലേഖനകർത്താവ് ശ്രമിക്കുന്നു: രക്തബലിയല്ല, ഹൃദയാർപ്പണമത്രേ ദൈവം അഭിലഷിക്കുന്നത്. ജഡത്തിന്റെ ഛേദനമല്ല, സത്യം സ്വീകരിക്കത്തക്കവിധം ഹൃദയത്തിന്റെ ഛേദനമാണാവശ്യം. അശുദ്ധ മൃഗങ്ങളെ ഭക്ഷിക്കാതിരിക്കുകയല്ല ആ മൃഗങ്ങൾ സൂചിപ്പിക്കുന്ന തിന്മകൾ വർജിക്കുകയാണ് ദൈവാനുഗ്രഹം നേടാനുള്ള വഴി (9-10). യഹൂദർ പഴയനിയമത്തിന് യോഗ്യരല്ലാതായി. മോശ അതു പ്രാപിച്ചു. അവർ അതിനു അനർഹരായി. ആദിമുതലേ അതു ക്രിസ്ത്യാനികളെ ഉദ്ദേശിച്ചുള്ളതാണ്: 'നാം അത് എപ്രകാരം പ്രാപിച്ചെന്ന് നോക്കൂ. ദാസനായിരുന്നപ്പോൾ മോശയ്ക്കതു കിട്ടി; നമുക്കുവേണ്ടി പീഡസഹിച്ച്, അവകാശമുള്ള ജനത്തിനെന്നവണ്ണം കർത്താവു നമുക്കതു നല്കി'(14:4). പഴയനിയമത്തിന്റെ യഹൂദവ്യാഖ്യാനങ്ങൾ ദൈവപ്രചോദിതങ്ങളല്ല. ഒരു ദുഷ്ടദൂതൻ അവരെ വഴിതെറ്റിച്ചുകൊണ്ടിരുന്നു(9:4). യൂദാരാധനരീതികൾ വിജാതിയ ആരാധന പോലെയാണ് (16:2). ക്രിസ്തുവിന്റെ 'മുൻസ്ഥിതി'(5:5; 5:10), സ്നാനം പ്രദാനം ചെയ്യുന്ന ദത്തുപുത്രസ്ഥാനം, മനുഷ്യാത്മാവിൽ പതിയുന്ന ദൈവഛായയും സാദൃശ്യവും (6:11-12), പരിശുദ്ധാത്മാവിന്റെ ആലയമാക്കൽ (16:1-8), ഞായറാഴ്ചയാചരണം (15:8) എന്നീ കാര്യങ്ങളും ഈ ഭാഗത്തു ചർച്ച ചെയ്യുന്നു.

ധാർമികപ്രതിപാദനമാണ് 18-21 അധ്യായങ്ങൾ. ഡിഡാക്കെയിൽ കാണുന്ന 'ഇരുവഴി' പ്രതിപാദന രീതിയാണിവിടേയും. 'ജീവവഴി', 'മരണവഴി', എന്നു ഡിഡാക്കെ വിളിക്കുന്നതിനെ ഇവിടെ പ്രകാശപാതയെന്നും അന്ധകാരപാതയെന്നും വിളിക്കുന്നു. പത്തു കല്പനകളെ ആധാരമാക്കിയുള്ള ധാർമിക നിയമങ്ങൾ ഈ ഭാഗത്ത് കാണാം.

സൃഷ്ടി മുതൽ 6000 വർഷം കഴിയുമ്പോൾ തിന്മയ്ക്ക് അറുതിവരുമെന്നും മനുഷ്യപുത്രൻ വന്നു ധർമം പുനഃസ്ഥാപിക്കുമെന്നുള്ള മില്ലെനരിസം ലേഖനം പ്രചരിപ്പിക്കുന്നു(15:4). ആറു ദിവസ സൃഷ്ടി ആറായിരം വർഷത്തെ സൂചിപ്പിക്കുന്നു: 'കർത്താവിന് 1000 വർഷം ഒരു ദിവസം പോലെയാണല്ലോ. ഏഴാംദിവസം കർത്താവ് യഥാർഥത്തിൽ വിശ്രമിക്കും. സഹസ്രാബ്ദവാഴ്ചയുടെ സാബത് അന്ന് ആരംഭിക്കുകയായി' (15:1-9).

ബർണബാസിന്റേതായിട്ടാണ് ഈ ലേഖനം അറിയപ്പെടുന്നത്. 'കോഡക്സ് സിനായ്റ്റിക്കുസ്' (4-ാം നൂറ്റാണ്ട്) പുതിയനിയമ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഇതിനെ കരുതുന്നു. യോഹന്നാന്റെ വെളിപാടിനു ശേഷമാണ് ഇതിന്റെ സ്ഥാനം. അലക്സാണ്ഡ്രിയായിലെ ക്ലെമെന്റ് (+216) ഇതിൽ നിന്ന് ധാരാളമായി ഉദ്ധരിക്കുകയും ബർണബാസ് ശ്ലീഹായിൽ നിന്നാണിതെന്നു പഠിപ്പിക്കുകയും ചെയ്യുന്നു. ഒരിജൻ (+253) 'സാർവത്രികലേഖനം' എന്ന് ഇതിനെ വിളിക്കുന്നു. എവുസേബിയസ് (+339) 'തർക്കമുള്ള ഗ്രന്ഥങ്ങളുടെ' പട്ടികയിലും ജറോം (+420) അപ്പോക്രീഫൽ ഗ്രന്ഥങ്ങളിലും ഇതിനെ ഉൾപ്പെടുത്തുന്നു. ബർണബാസ് ശ്ലീഹാ എഴുതിയതല്ല ഇതെന്നു ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ജറുസലേമിന്റെ നാശത്തിനു ശേഷമാണിത് എഴുതപ്പെട്ടത് (16). രൂപകാർഥ ശൈലിക്കു മുൻതൂക്കം ഉള്ളതിനാൽ അലക്സാൺഡ്രിയാ ആയിരിക്കാം ഉത്ഭവസ്ഥാനം, ഫീലോയുടെ സ്വാധീനം സ്പഷ്ടമാണ്. അലക്സാണ്ഡ്രിയൻ പിതാക്കന്മാർ ഈ കൃതിക്ക് പ്രാധാന്യം നല്കിയിരുന്നു. ഗ്രന്ഥകർത്താവ് യഹൂദമതത്തിൽ നിന്നുള്ള ഒരു ക്രിസ്ത്യാനി ആയിരിക്കാനാണ് സാധ്യത. ഇത് എഴുതപ്പെട്ടത് 70-നും 130-നും ഇടയ്ക്കാണ്.

കുംറാൻരേഖകളും ഫീലോയുടെ കൃതികളും ഡിഡാക്കെയും ബർണബാസിന്റെ ലേഖനവും തമ്മിൽ പല കാര്യങ്ങളിലും സാമ്യമുണ്ട്. പല കാര്യങ്ങളും ഇവയ്ക്ക് പൊതുവായിട്ടുണ്ട്.

(1) അല്ലെഗോറിക്കൽ വ്യാഖ്യാനരീതി ഫീലോയ്ക്കും ബർണബായ്ക്കും കുംറാനും പൊതുവാണ്. പഴയനിമത്തിൽ നിന്ന് ഒരു ഭാഗം ഉദ്ധരിച്ചിട്ട്, സമകാലീന സംഭവങ്ങളുമായി അതിനെ ബന്ധിക്കുക (ബർണബാസ് 10:1-3).

(2) കുംറാൻ സമൂഹം മറ്റുള്ളവരുമായുള്ള സമ്പർക്കം വെറുത്തു. തങ്ങൾ ഒരു പ്രത്യേക സമൂഹമാണെന്നും പ്രത്യേകനന്മകൾ ഉള്ളവരാണെന്നും അവർ കരുതി. ആദിമക്രൈസ്തവർ ഇപ്രകാരമായിരുന്നില്ല. അവർ സുവിശേഷം നാനാജാതിമതസ്ഥരുടെ പക്കലെത്തിക്കുകയും എല്ലാവരെയും സ്വീകരിക്കുകയും ചെയ്തു. ബർണബാസാകട്ടെ കുംറാൻ സമൂഹത്തെപ്പോലെ വർത്തിച്ചു (4:1-2; 10:5).

(3) ഇരുപാത തത്വം

രണ്ടാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ഒരു പ്രത്യേകതരം യൂദായിസം അലക്സാണ്ഡ്രിയായിൽ പ്രബലപ്പെട്ടിരുന്നു. ഫീലോയുടെ ഹെല്ലനിസത്തോട് അതിന് സാമ്യമുണ്ടായിരുന്നു. അതേസമയം കുംറാൻ എസ്സീൻ സമൂഹത്തിന്റെ പ്രത്യേകതകളും പുലർത്തിയിരുന്നു. ഇപ്രകാരമൊരു പശ്ചാ

ത്തലം പുതിയനിയമ ഗ്രന്ഥങ്ങളേക്കാൾ വ്യക്തമായി ബർണബാസിൽ കാണാം. ക്രിസ്തുവിന്റെ ജീവിതം, മാതൃക, പ്രസംഗം എന്നിവയുടെ സ്വാധീനം മറ്റ് ആദിമ ക്രൈസ്തവസാഹിത്യകാരന്മാരേക്കാൾ വളരെക്കുറച്ചേ ബർണാബാസിനുണ്ടായിരുന്നുള്ളൂ. അടിസ്ഥാനപരമായി യഹൂദമതത്തിനെതിരായ നിലപാടാണ് ലേഖനത്തിൽ; പ്രത്യേകിച്ച് ആദ്യഭാഗത്ത്. യൂദസിനഗോഗിന്റെ ഭാഷ്യരീതികളും ഭാഷ്യപാരമ്പര്യങ്ങളും ബർണബാസ് സഭയിൽ കൊണ്ടുവന്നു. സിറിയ, കുംറാൻ, അലക്സാണ്ഡ്രിയ എന്നിവിടങ്ങളിലെ യൂദന്മാരുടെയിടയിൽ 'ഇരുപാതതത്വം' വാമൊഴിയിലും വരമൊഴിയിലും നിലനിന്നിരിക്കണം. ഡിഡാക്കെ, ശ്ലീഹന്മാരുടെ പ്രബോധനം (*ഡിഡസ്കാലിയ അപ്പസ്തോളോരും*), 'അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷൻസ്' ഏഴാംപുസ്തകം, ബർണബാസിന്റെ ലേഖനം എന്നിവ നേരത്തെയുണ്ടായിരുന്ന ഇരുപാത തത്വരേഖകൾ ഉപയോഗിച്ചിരിക്കാം. ബർണബാസ് തന്റെ സഭയുടെ വേദോപദേശമായ 'ശ്ലീഹന്മാരുടെ പ്രബോധനം' (*ഡോക്ത്രീനാ അപ്പോസ്തൊളോരും*) ഉപയോഗിച്ചുകാണും.

(4) നിരവധി 'യൂദയോ-ക്രിസ്ത്യൻ' സവിശേഷതകൾ ബർണബാസിന്റെ ലേഖനത്തിൽ ദൃശ്യമാണ്. 1. 'ആന്റി-യൂദെയോ'പദപ്രയോഗങ്ങൾ: യഹൂദർ ക്രിസ്തുവിനെ കൊന്നു; അവരുടെ ബലികൾ അർത്ഥശൂന്യമാണ്; ഔദ്യോഗിക യൂദായിസം അധഃപതിച്ചു എന്നിത്യാദി വിമർശനങ്ങൾ വിരൽ ചൂണ്ടുന്നത് ഇതിലേക്കാണ്. *പത്രോസിന്റെ സുവിശേഷം* എന്ന അപ്പോക്രീഫൽ കൃതിയിലും (11-12) ഈ സവിശേഷത കാണാവുന്നതാണ്. 2. യഹൂദന്മാർക്കു മെസയാനിക സാക്ഷ്യങ്ങളുടെ സമാഹാരങ്ങളുണ്ടായിരുന്നു. അതായത് പഴയ നിയമത്തിൽ മിശിഹായെപ്പറ്റി പറഞ്ഞിരിക്കുന്ന പ്രവചനങ്ങളുടെ സമാഹാരം. ക്രിസ്ത്യാനികൾ അവ ഉപയോഗിച്ചിരുന്നു. കുംറാൻ സമൂഹം അത്തരം പ്രവചനം സമകാലീന സംഭവങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കി (cf. ഹബക്കൂക്കിന്റെ മിദ്രാഷ്). ബർണബാസും കുംറാനിലെ ഈ ശൈലി പിൻതുടരുന്നു. 3. ഗ്നോസിസിന് നൽകുന്ന പ്രാധാന്യം (2,3): യുഗാന്ത്യ യാഥാർഥ്യങ്ങളെപ്പറ്റിയുള്ള അറിവാണ് യഥാർഥ ഗ്നോസിസ്. കുംറാനിലും ഇത് ദൃശ്യമാണ്. (ഹബക്കൂക്കിന്റെ മിദ്രാഷ്). 4. പഴയനിയമത്തിലെ ഭക്ഷ്യനിയമങ്ങൾക്ക് ബർണബാസ് നല്കുന്ന ഭാഷ്യം (10) ഫീലോയിലും അരിസ്തെയാസിലും (285-247) കാണുന്ന രീതിയിലാണ്. 'റബിനിക്കൽ' യൂദായിസത്തിന്റെ ഭക്ഷ്യനിയമഭാഷ്യരീതിയും ഇതുതന്നെ. 5.ആറുദിവസത്തെ സൃഷ്ടിവിവരണത്തിന് സൈദ്ധാന്തികഭാഷ്യം നൽകുന്നതും യൂദയോ-ക്രിസ്ത്യൻ രീതിയാണ്. ആറുദിവസം 6000 വർഷത്തെ സൂചിപ്പിക്കുന്നു. പിന്നെ സഹസ്രാബ്ദ വാഴ്ചയുടെ സാബത് ഉദിക്കയായി. പപ്പിയാസിലും ഹെർമാസിലും തെയോഫിലസിലും ഈ രീതി കാണാം.

# 2. ഹെർമാസിന്റെ ഇടയൻ

അപ്പസ്തോലിക പിതാക്കന്മാരിൽ ഉൾപ്പെടുത്തിയിരിക്കുന്നെങ്കിലും ഹെർമാസിന്റെ ഇടയൻ ഒരു അപ്പോകലിപ്റ്റിക് അപ്പോക്രീഫായാണ്. റോമിൽ വച്ച് ഹെർമാസിനുണ്ടായ വെളിപാടാണ് ഇതിന്റെ സംഗ്രഹം. രണ്ടു ദൂതന്മാർ – ഒന്ന് വൃദ്ധയുടെ രൂപത്തിലും മറ്റൊന്ന് ഇടയന്റെ രൂപത്തിലും – ഹെർമാസിന് നിരവധി കാര്യങ്ങൾ വെളിപ്പെടുത്തിക്കൊടുത്തു. 'ഇടയന്റെ' പേരിനോടു ചേർന്നാണ് ഗ്രന്ഥം മുഴുവനും അറിയപ്പെടുന്നത്.

ഗ്രന്ഥത്തിന് അഞ്ച് ദർശനങ്ങളും 12 കല്പനകളും 10 ഉപമകളും ഉണ്ട്. ഈ ഗ്രന്ഥം ദൈവനിവേശിതം ആണെന്ന് പലരും ധരിക്കുകയും പല സഭാ സമൂഹങ്ങളിലും പരസ്യാരാധനയിൽ വായിക്കുകയും ചെയ്തുപോന്നു. 'വി. ഗ്രന്ഥം നന്നായി പറഞ്ഞിരിക്കുന്നു' എന്നു പറഞ്ഞാണ് ഐറേനിയസ് ഇടയനിലെ ഒരു വാചകം ഉദ്ധരിച്ചിരിക്കുന്നത് (പാഷ. 4,20). എവുസേബിയസ് ഈ കാര്യം എടുത്തു പറയുന്നു(സഭാ.5,8). ഗാള്ളിക്കൻ സഭയിൽ ഇത് അറിയപ്പെട്ടിരുന്നു: അലക്സാണ്ഡ്രിയായിലെ ക്ലെമെന്റിൽ ഇതിൽനിന്ന് ഉദ്ധരണികളുണ്ട്. എല്ലായ്പ്പോഴും ഇതിലെ വെളിപാടിന്റെ ദൈവികസ്വഭാവം അംഗീകരിച്ചുകൊണ്ടാണ് ക്ലെമെന്റ് (+215) ഉദ്ധരിച്ചിട്ടുള്ളത്. ഒരിജൻ(+253) മിക്കപ്പോഴും ഇത് ഉദ്ധരിക്കുകയും വളരെ പ്രയോജനപ്രദവും നിവേശിതവുമെന്നു പറയുകയും ചെയ്തിട്ടുണ്ട് (റോമാലേഖനഭാഷ്യം, 16:4). ഇതിന്റെ ദൈവനിവേശിത സ്വഭാവത്തെപ്പറ്റി സംശയമുള്ളവർക്ക് ത്യജിക്കാൻ ഒരിജൻ അനുവാദം നൽകുന്നു. ചിലർ ഇതു ദൈവനിവേശിത ഗ്രന്ഥമായി അംഗീകരിക്കുന്നില്ല, എന്നാൽ പള്ളികളിലൊക്കെ പരക്കെ ഉപയോഗിക്കുന്നുണ്ടെന്ന് എവുസേബിയസ് പറയുന്നു(സഭാ.3:3). അത്തനാസ്യോസ് (+373) ഇതു പഴയ നിയമത്തിലെ 'ഡെവുത്തെരോ കാനോനിക്കൽ' ഗ്രന്ഥങ്ങളുടെ കൂടെ ഉൾപ്പെടുത്തുന്നു. നിവേശിതമല്ലെങ്കിലും പ്രബോധകപ്രധാനമാണെന്ന് അദ്ദേഹം സമ്മതിക്കുന്നു. 'കോഡക്സ് സിനായ്റ്റിക്കുസിൽ' ഇടയനും ഉണ്ട്.

'മൂറത്തോറിയൻ രേഖാശകലം' അനുസരിച്ച് പീയൂസ് പാപ്പായുടെ കാലത്ത് (140–150) ഒരു ഹെർമാസാണിത് എഴുതിയത്. ജനങ്ങളുടെ ഭക്തിവർദ്ധനവിനും മറ്റും ഇതു വായിക്കാം. എന്നാൽ വി. ഗ്രന്ഥങ്ങളോടൊപ്പം പള്ളിയിൽ പരസ്യമായി വേണ്ട എന്ന അഭിപ്രായമാണ് രേഖാശകലത്തിനുള്ളത്. ഇടയന്റെ പ്രാധാന്യത്തെപ്പറ്റി തെർത്തുല്യനും സാക്ഷ്യം നൽകുന്നു. 'പ്രാർഥനയെപ്പറ്റി' എന്ന കൃതിയിൽ, പ്രാർഥന കഴിഞ്ഞാലുടൻ ആളുകൾ ഇരിക്കുന്ന പതിവിനെ അദ്ദേഹം വിമർശിക്കുന്നു. 'പ്രാർഥന കഴിഞ്ഞപ്പോൾ ഹെർമാസ് കട്ടിലിൽ ഇരുന്നു' എന്ന ഒറ്റക്കാരണമേ ഇരിക്കാൻ പ്രേരകമായി അദ്ദേഹം കാണുന്നുള്ളൂ.

രണ്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ, മിക്ക സഭകളും 'ഇടയന്' നിവേശിതം കല്പിച്ചിരുന്നു. ഹെർമാസിന്റെ ദർശനങ്ങൾ യഥാർഥങ്ങളായി കരുതപ്പെട്ടിരുന്നു. ദൂരെയുള്ള പട്ടണങ്ങൾക്ക് ഈ ഗ്രന്ഥം അയച്ചുകൊടുക്കാൻ ഏതോ ഒരു ക്ലെമെന്റിനു ഗ്രന്ഥത്തിലുള്ള നിർദേശമായിരിക്കാം (ദർശനം 2:4) ഈ പ്രാധാന്യത്തിനു കാരണം.

**ഉള്ളടക്കം**

ഒന്നാംഭാഗത്തു (ദർശനം 1-4) ഒരു വൃദ്ധയിൽ നിന്നു ഹെർമാസ് ദർശനം സ്വീകരിക്കുന്നു. സാവധാനം അവൾ യൗവനയുക്തമായി മാറുന്നു; ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട സഭയുടെ പ്രതീകമാണ് സ്ത്രീ. പാപപരിഹാരാർഥം പ്രായശ്ചിത്തം അനുഷ്ഠിക്കാൻ അവൾ ഹെർമാസിനെ ഉപദേശിക്കുന്നു. പണിതുകൊണ്ടിരിക്കുന്ന ഒരു ഗോപുരം മൂന്നാം ദർശനത്തിൽ അവൾ അവനെ കാണിക്കുന്നു. ക്രിസ്തുമതത്തിന്റെ ഭാവിസൂചകമാണ് ആ ഗോപുരം. ചേരാത്ത കല്ലുകൾ ദൂരെ എറിയപ്പെടുന്നതുപോലെ അനുതപിക്കാത്ത പാപികൾ സഭയിൽനിന്നു തിരസ്കൃതരാകും. പിന്നീട്, അലംകൃതയായ വധുവായി സഭയെ അവൻ കാണുന്നു. അഞ്ചാം ദർശനത്തിൽ സ്ത്രീയുടെ രൂപംമാറി ഒരിടയൻ തൽസ്ഥാനത്ത് കാണപ്പെടുന്നു. അവന്റേയും പ്രസംഗവിഷയം അനുതാപമാണ്. അവനാണ് ഹെർമാസിന് കല്പനകളും ഉപമകളും പറഞ്ഞു കൊടുക്കുന്നത്.

രണ്ടാംഭാഗത്ത് 12 കല്പനകളും പത്ത് ഉപമകളും ഉൾക്കൊള്ളുന്നു. 12 കല്പനകൾ ക്രിസ്തീയ ധർമസംഹിതാസമാഹാരമാണ്. അനുതാപത്തിന്റെ പുതിയ ജീവിതത്തിനാവശ്യമായ പ്രമാണങ്ങളാണവ. പത്ത് ഉപമകളിൽ ആദ്യത്തെ അഞ്ചെണ്ണം ധാർമികനിയമങ്ങൾ ഉൾക്കൊള്ളുന്നതാണ്. ക്രിസ്ത്യാനികൾ ഈ ധരയിൽ പരദേശികളാണെന്ന് ഒന്നാം ഉപമ പഠിപ്പിക്കുന്നു. ആവശ്യക്കാരെ ധനവാന്മാർ സഹായിക്കണം എന്ന് രണ്ടാമത്തേതു നിർദേശിക്കുന്നു. കഠിനമായ തെറ്റുകളാൽ സഭാജീവിതത്തിൽ നിന്നകന്നവർ അനുതാപം വഴി കൃപാവര ജീവിതത്തിലെത്തണം എന്ന് ഉപമ ചൂണ്ടിക്കാട്ടുന്നു. ഇതുപോലെ ബാക്കിയുള്ളവയും ഓരോരോ തത്വങ്ങൾ പഠിപ്പിക്കുന്നു. പത്താമത്തേത് ഈ കൃതിയുടെ ഉപസംഹാരമാണ്.

സഭയിലെ എല്ലാത്തരം ആളുകളെപ്പറ്റിയും ഹെർമാസിന് പറയാനുണ്ട്. നല്ലവരും ദുഷ്ടരുമായ ക്രിസ്ത്യാനികളെ നാമതിൽ കണ്ടുമുട്ടും. മെത്രാന്മാരെയും വൈദികരെയും ഡീക്കന്മാരെയും പറ്റി നന്നായി വിവരിച്ചിരിക്കുന്നു. വിധിക്ക് ഏൽപ്പിക്കപ്പെട്ടവരും അഹങ്കാരികളും കരുതലില്ലാത്തവരുമായ വൈദികരെയും, വിധവകളുടേയും അനാഥരുടേയും പണം സ്വന്തമാക്കിയ ഡീക്കന്മാരെയും അവതരിപ്പിക്കുന്നു. സത്യവിശ്വാസാർഥം ജീവൻ ഹോമിച്ച രക്തസാക്ഷികളേയും വിശ്വാസത്യാഗികളായ മനുഷ്യരേയും വെറും ലൗകിക

നേട്ടത്തിനുവേണ്ടി ദൈവത്തെയും സഹക്രിസ്ത്യാനികളെയും ശപിച്ച ജനങ്ങളേയും പറ്റി പരാമർശിക്കുന്നു. പാപകളങ്കമേശാത്ത ജനങ്ങളെപ്പറ്റിയും എല്ലാവിധ പാപങ്ങളും ഉള്ളവരെപ്പറ്റിയും ഹെർമാസ് വിവരിക്കുന്നു. ധനം ഉണ്ടെങ്കിലും അത് ഇറുക്കി പിടിച്ചുകൊണ്ടിരിക്കുന്നവരും ഉള്ള ധനം ദാനം ചെയ്യുന്നവരും എല്ലാം ഹെർമാസിൽ അപഗ്രഥനാവിഷയമായിട്ടുണ്ട്. ഹെർമാസിന്റെ നോട്ടത്തിൽ നല്ല ജീവിതം നയിക്കുന്നവരാണ് അധികംപേരും. ചുരുക്കത്തിൽ റോമാസഭയുടെ ഒരു ആത്മശോധനയാണ് 'ഇടയൻ.'

മാമോദീസായ്ക്കുശേഷം പാപമോചനത്തിന് സഭയിൽ സ്ഥാനമുണ്ട്. ഇതൊരു പുതിയ പ്രബോധനമല്ല. സ്നാനത്തിനുശേഷമുള്ള പാപം സഭാംഗത്വം നഷ്ടമാക്കുന്നു എന്ന ചിലരുടെ പ്രബോധനം ഹെർമാസ് സ്വീകരിക്കുന്നില്ല. ഒരു പാപിയും ഒഴിവാക്കപ്പെടുന്നില്ല. അനുതപിക്കുന്നവരെല്ലാം രക്ഷപെടും. അനുതാപം മാനസാന്തരത്തിലേക്കു നയിക്കണം. സഭ നൽകുന്ന അവസരം, വീണ്ടും പാപം ചെയ്യാനുള്ള അനുവാദമായി കരുതരുത്. കർത്താവ് സമീപസ്ഥനാകയാൽ തെറ്റുകാർ എത്രയും വേഗം അനുതപിക്കണം. ഒട്ടും മാറ്റി വയ്ക്കാൻ പാടില്ല. ഗോപുരം പണി പൂർത്തിയാകുന്നതിനു മുൻപിതു നടന്നിരിക്കണം. പാപിക്ക് അനുതപിക്കാൻ അവസരം നൽകിക്കൊണ്ട് പണി നിർത്തിവയ്ക്കപ്പെട്ടിരിക്കുകയാണ്.

പാപി മാനസാന്തരപ്പെടണം; പ്രായശ്ചിത്തം ചെയ്യണം, ഉപവസിക്കണം, ജീവിതം നവീകരിക്കണം, ചെയ്ത പാപങ്ങൾക്കു മോചനം കിട്ടാൻ പ്രാർഥിക്കണം. പാപമോചനം വഴി ശുദ്ധീകരണവും വിശുദ്ധീകരണവും ലഭിക്കുന്നു. സഭ രക്ഷയ്ക്കുള്ള സ്ഥാപനമാണ്. മൂപ്പന്മാർ പാപികൾക്കുവേണ്ടി പ്രാർഥന അർപ്പിക്കണം.

ഹെർമാസിന്റെ ത്രിത്വം പിതാവും പരിശുദ്ധാത്മാവും മാത്രം ഉള്ളതാണ്. രണ്ടാമത്തെ ആളിനെ പുത്രനായി കരുതുന്നു. മാനുഷികവശം പരിഗണിക്കപ്പെടുമ്പോൾ രക്ഷകൻ ദൈവത്തിന്റെ ദത്തുപുത്രനാണ് എന്ന ആശയം സഭ സ്വീകരിക്കുന്നില്ല.

സഭ എല്ലാ സൃഷ്ടികൾക്കും മുമ്പുള്ളവളാണ്. അതിനാലത്രേ അവൾ വൃദ്ധയായിരിക്കുന്നത്. സഭയ്ക്കു വേണ്ടിയാണ് പ്രപഞ്ചം മുഴുവനും സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത് (ദർശനം 2,4,1). ഗോപുരം സഭയെ സൂചിപ്പിക്കുന്നു (ദർശനം,3,3,81; ഉപമ.8,13,1). വിജയസഭയുടെ പ്രതീകമാണ് പണി തീർന്ന ഗോപുരം. സ്നാനം വഴിയത്രേ മനുഷ്യർ സഭയിൽ പ്രവേശിക്കുന്നത് (ദർശനം,3,3,5). സ്നാനത്തെ മുദ്ര എന്ന് ഒരിടത്ത് വിളിക്കുന്നു (ഉപമ 9:16). ശ്ലീഹന്മാരും പ്രബോധകരും മരിച്ചവരുടെ പക്കലേക്ക് ഇറങ്ങിച്ചെന്ന്, അവർക്കു സ്നാനം നൽകി. അങ്ങനെ ക്രിസ്തുവിനു മുമ്പുള്ള നീതിമാന്മാർ സഭയിലായി.

കല്പനയും ഉപദേശവും തമ്മിലുള്ള അന്തരം ഹെർമാസിൽ കാണാം. ‘കടപ്പെട്ട’കാര്യങ്ങളും പുണ്യപൂർണതയ്ക്കു ചേർന്നവയും (ഉപമ. 5,3,3). മനുഷ്യഹൃദയങ്ങളെ വഴിതെറ്റിക്കുന്ന ആത്മാക്കളെപ്പറ്റി മുന്നറിയിപ്പു നൽകുന്നു (കല്പന,6,2,1–4). നല്ല ആത്മാക്കൾ നന്മയിലേക്കു നയിക്കുന്നു. അവർ നന്മയും വിശുദ്ധിയും അടക്കവും നീതിയും നമ്മിൽ സംസാരിക്കുന്നു. നല്ലതും തീയതുമായ ആത്മാക്കൾക്ക് ഒരേ സമയം ഒരേ ഹൃദയത്തിൽ കുടികൊള്ളാൻ സാധ്യമല്ല (കല്പന, 5,2,5–7).

വ്യഭിചാരിണിയെ ദൂരെയകറ്റണം. അവൾ അനുതപിച്ചാൽ സ്വീകരിക്കണം. സ്വീകരിച്ചില്ലെങ്കിൽ ഭർത്താവ് തെറ്റുകാരനാണ് (കല്പന,4,1,8). ആദ്യവിവാഹത്തിലെ പങ്കാളി മരിച്ചാൽ പുനർവിവാഹം ചെയ്യാൻ ഹെർമാസ് അനുവദിക്കുന്നു (കല്പന,6,2). മിക്ക ആദിമപിതാക്കന്മാരും ഇതിനെതിരായിരുന്നു.

**ഹെർമാസ്–യൂദയോ ക്രിസ്ത്യൻ**

രണ്ടാം നൂറ്റാണ്ടിൽ നിലവിലുണ്ടായിരുന്ന ‘യൂദയോ–ക്രിസ്ത്യൻ’ സമൂഹത്തെ ഹെർമാസ് പ്രതിനിധാനം ചെയ്യുന്നു. ‘വെളിപാട്’ഗ്രന്ഥത്തിലെ ദർശനത്തിനു തുല്യമാണ് ഹെർമാസിന്റെ വെളിപാടുകൾ. കല്പനകൾ, അരൂപികളെ തിരിച്ചറിയാനുള്ള പ്രതിപാദനമാണ്. ഡിഡാക്കെയിലും ബർണബാസിന്റെ ലേഖനത്തിലുമുള്ള ഇരുപാത തത്വം മറ്റൊരു രൂപത്തിൽ ഇവിടെ പ്രത്യക്ഷപ്പെടുന്നു. ഉപമകൾ യൂദന്മാരുടെ ‘അപ്പോകലിപ്റ്റിക്’ സാഹിത്യത്തിൽ കാണുന്ന ‘സിംബോളിക്കൽ’ദർശനങ്ങൾക്കു തുല്യമാണ്. ഉഗ്രാകാരമുള്ള മാലാഖമാരുടെ വർണന (ഉപമ, 8,1,2), ഒരു സ്വർഗാരോഹണത്തിൽ മാലാഖ പ്രധാന കഥാപാത്രമാകുന്നത് (ഉപമ. 3.10,1) ആദിയായവ ‘യൂദയോ–ക്രിസ്ത്യൻ’പാരമ്പര്യത്തിൽനിന്നു വരുന്നതാണ്. പത്രോസിന്റെ സുവിശേഷത്തിലും ‘യൂദന്മാരുടെ അപ്പോകലിപ്റ്റിക്’ സാഹിത്യത്തിലും കുംറാൻ ആധ്യാത്മികതയിലും ഇത്തരം വർണനകൾ ദൃശ്യമാണ്. ‘മരിച്ചവരുടെ ഇടയിലേക്കുള്ള യാത്ര’പഴയനിയമ വിശുദ്ധരുടെ രക്ഷയ്ക്കു വേണ്ടിയാണെന്ന ആശയം (ഉപമ 9,16.2) പത്രോസിന്റെ സുവിശേഷത്തിലും അപ്പസ്തോലന്മാരുടെ ലേഖനത്തിലും കാണാം. അതായത്, ഈ ആശയം യൂദയോ–ക്രിസ്ത്യനെന്നു ചുരുക്കം.

ഹെർമാസിന്റെ ആൻജെലോമോർഫിക് ദൈവശാസ്ത്രം യൂദയോ – ക്രിസ്ത്യനാണ്. വചനമായ ദൈവം പ്രധാനപ്പെട്ട ആറു മാലാഖമാരിൽ ഒരുവനാണ്. ത്രിത്വസംബന്ധമായ സിംബലുകൾ ആൻജെലോളജിയിൽ നിന്ന് കടമെടുത്തതാണ്. ‘നാമം’ എന്ന പദം വചനത്തെ സൂചിപ്പിക്കുന്നത് യൂദയോ–ക്രിസ്ത്യനാണ്. *സത്യസുവിശേഷം* എന്ന ഗ്നോസ്റ്റിക് കൃതിയിൽ ഈ പ്രയോഗമുണ്ട്. ഗ്നോസ്റ്റിക്കുകാർ ഇതു യൂദയോ–ക്രൈസ്തവ പാരമ്പര്യ

ത്തിൽനിന്ന് എടുത്തതാണ്. കുർബാനയെ ഭക്ഷണവുമായി ബന്ധിക്കുന്നതും യൂദയോ-ക്രിസ്ത്യൻ പാരമ്പര്യമാണ്. 'ഇരുമനസ്സ്' എന്ന പ്രയോഗം ഒരു 'റബ്ബീനിക്കൽ' പദമാണ്. അതു യൂദ പാരമ്പര്യത്തിൽനിന്ന് വരുന്നതാണ്. ഇരുമനസ്സാണ് സത്യത്തെ തിരസ്കരിച്ചു തിന്മയെ ആശ്ലേഷിക്കാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നത്. ഏകദൈവത്തിൽ വിശ്വസിച്ച് അവനെ ഭയപ്പെടാനുള്ള കല്പന യൂദമതത്തിൽനിന്നുള്ള സ്വാധീനമാണ്. ഹെർമാസ് അത് ശക്തിയായി പഠിപ്പിക്കുന്നു.

വളരെ ശക്തമായ ഒരു യഹൂദപശ്ചാത്തലം ഹെർമാസിൽ ദർശിക്കാൻ സാധിക്കും. ഹെർമാസിന്റെ യൂദയോ-ക്രിസ്ത്യൻ പാരമ്പര്യം കൃതിയിൽ വളരെ സ്പഷ്ടമാണ്. പലരും ഹെർമാസിനെ മന്ദബുദ്ധിയെന്നും 'ഭക്തൻ' എന്നും പറഞ്ഞു പഴിക്കാറുണ്ട്. എന്നാൽ തന്റെ കാലത്തുണ്ടായിരുന്ന ക്രൈസ്തവ സമൂഹവുമായി ഗ്രന്ഥകാരൻ അടുത്ത ബന്ധം പുലർത്തി. അക്കാലത്തുള്ളവർ എങ്ങനെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നുവെന്ന് ഇടയനിൽ നിന്ന് അറിയാൻ കഴിയും. ഹെർമാസ് ഒരു ദൈവശാസ്ത്രജ്ഞനേയല്ല. ഇടയനിലുള്ള ദൈവശാസ്ത്രം തികച്ചും അവ്യക്തമാണ്. അവനൊരു ദാർശനികനും പ്രവാചകനുമാണ്! അവൻ ദർശിച്ചവ കുത്തിക്കുറിക്കാൻ തത്രപ്പെട്ടു. അത് അവന്റെ ഭാഷാശൈലിയിൽ കൂടി കടന്നപ്പോൾ 'ഇടയൻ' പിറന്നു.

## 3. ഡയഗ്നേറ്റസിനുള്ള ലേഖനം

ഡയഗ്നേറ്റസ് എന്നു പേരുള്ള ഒരു അക്രൈസ്തവന് എഴുതിയ ലേഖനത്തിന്റെ രൂപത്തിൽ ക്രിസ്തുമതത്തിനു വേണ്ടിയുള്ള ഒരു വിശ്വാസ സംരക്ഷണകൃതിയാണിത്. ലേഖനകർത്താവിനെപ്പറ്റിയോ ലേഖനം സ്വീകരിച്ചയാളെ പറ്റിയോ കൂടുതലായി അറിവൊന്നുമില്ല. എഴുതിയ കാലവും കൃത്യമായി നിർണയിക്കാൻ പ്രായാസമാണ്.

മാർക്കൂസ് ഔറേലിയസിന്റെ ഗുരുവായിരിക്കാം ഡയഗ്നേറ്റസ് എന്നു എച്ച്. ലീറ്റ്സ്മാൻ കരുതുന്നു. അരിസ്റ്റിദെസ് എന്ന വിശ്വാസസംരക്ഷകന്റെ കൃതികളോടു ഈ ലേഖനത്തിനു സാമ്യമുണ്ട്. ഐറേനിയസിന്റെ കൃതികൾ ഈ ലേഖനസൃഷ്ടിക്കു സഹായകമായിട്ടുണ്ടെന്ന് ചിലർ കരുതുന്നു. ഏഴാം അധ്യായം 1-5 വരെ വാക്യങ്ങൾ ഹിപ്പോളിറ്റസിന്റെ 'ഫിലൊസൊഫുമെന'യെ അനുസ്മരിപ്പിക്കുന്നതാണ്. 10,38-ഉം 11-ഉം 12-ഉം അധ്യായങ്ങളും ഈ കൃതിയുടെ ചുരുക്കമാണ്. ആർ. എച്ച്. കൊണ്ണോലിയുടെ അഭിപ്രായത്തിൽ ഹിപ്പോളിറ്റസാണ് ഇതിന്റെ കർത്താവ്. അപ്പോൾ മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലായിരിക്കാം ഇത് എഴുതപ്പെട്ടത്.

പി. ആൻഡ്രീസ്സെൻ കരുതുന്നത് ക്വഡ്രാത്തുസ് ആണ് ഈ ലേഖനം എഴുതിയതെന്നാണ്. ക്വഡ്രാത്തുസിന്റെ നഷ്ടപ്പെട്ട അപ്പോളജിയാണിത്. എവുസേബിയസ് ഈ അപ്പോളജിയിൽ നിന്ന് ഉദ്ധരിക്കുന്ന വാചകം (സഭാ. 4.3,2) ഡയഗ്നേറ്റസിനുള്ള കത്തിൽ കാണുന്നില്ല. എങ്കിലും ഏഴാം അധ്യായം വാക്യം 6–നും 7–നും ഇടയ്ക്കുള്ള വിടവിൽ ഈ വാചകം നന്നേ ചേരുന്നുണ്ട്. ക്വഡ്രാത്തുസിനെപ്പറ്റി എവുസേബിയസ്, ജറോം, ഫോസിയസ് എന്നിവരും ബീഡിന്റെ രക്തസാക്ഷിവിവരണം, മാർ യാക്കോബിന്റെ അപ്പോക്രീഫൽ ലേഖനം എന്നിവയും പറയുന്നത് ഈ ലേഖനത്തിന്റെ ഉള്ളടക്കവുമായി ഒത്തുപോകുന്നു. ക്വഡ്രാത്തുസിനെപ്പറ്റി പാരമ്പര്യം പഠിപ്പിക്കുന്നത് ഈ ലേഖനത്തിൽനിന്നു വ്യക്തമാണ്.

ക്വഡ്രാത്തുസ് ശ്ലീഹന്മാരുടെ ഒരു ശിഷ്യനായിരുന്നു. അദ്ദേഹം അന്നത്തെ ക്ലാസിക്കൽ ശൈലിയിൽ പേഗനിസത്തിനും യൂദായിസത്തിനും എതിരെ എഴുതി. ഹഡ്രിയാൻ ചക്രവർത്തിക്ക് ഒരു അപ്പോളജി സമർപ്പിച്ചു. ഈ ലേഖനത്തിൽ പറയുന്ന കാര്യങ്ങൾ ഹഡ്രിയാന് ചേരുന്നതുമാണ്.

പിതാക്കന്മാരുടെ കാലത്തെ മുത്ത് എന്നാണ് ഈ ലേഖനം വിളിക്കപ്പെടുന്നതെങ്കിലും ഇതിൽ ഒരാദിമ എഴുത്തുകാരനും വലിയ താല്പര്യം കാട്ടിയില്ല. ഈ കൃതി പൂർണമല്ല. ഇതിന് 12 അധ്യായങ്ങളുണ്ട്. ഒന്നു മുതൽ പത്തുവരെ അധ്യായങ്ങൾ സത്യാന്വേഷിയായ അക്രൈസ്തവന് സംശയനിവാരണാർഥം എഴുതി അയച്ചതാണ്. 11–12 അധ്യായങ്ങൾ വചനവുമായുള്ള സഖിത്വത്തിന്റെ ഫലങ്ങൾ ചർച്ചചെയ്യുന്നു; സ്നാനാർഥികളെ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രതിപാദനമാണിത് (11:1). സഭ, ജ്ഞാനം (ഗ്നോസിസ്), മിസ്റ്റിസിസം എന്നിവ ആദ്യത്തെ 10 അധ്യായങ്ങളിൽ ചർച്ച ചെയ്യുന്നില്ല. യൂദായിസത്തോടുള്ള മനോഭാവത്തിലും ആദ്യത്തെ 10 അധ്യായങ്ങളും അവസാനത്തെ രണ്ടധ്യായങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. ആദ്യഭാഗത്തു യൂദാചാരങ്ങളും പെരുന്നാളുകളും ത്യാജ്യങ്ങളാണെന്നു വാദിച്ചു പുച്ഛിച്ചു തള്ളുന്നു (3:5;4:16). പുതിയനിയമം പഴയതിന്റെ പൂർത്തീകരണമാണെന്ന വാദവും ഇവിടെ ഉന്നയിക്കുന്നില്ല. 11,6–ലാകട്ടെ നിയമത്തെയും പ്രവാചകരെയും, സുവിശേഷത്തിനും ശ്ലൈഹിക പാരമ്പര്യത്തിനും തുല്യമായി കരുതി ബഹുമാനിക്കുന്നു. ആദ്യഭാഗത്ത് നേരിട്ടൊരു പുതിയനിയമ ഉദ്ധരണിയുമില്ല. എന്നാൽ 12,5, കൃത്യമായി 1 കൊരി 8:1 ഉദ്ധരിക്കുന്നു. ഒന്നാം ഭാഗത്തുള്ള ശൈലീമാഹാത്മ്യം 11–12 ൽ കാണുന്നില്ല. വാക്കുകളുടേയും വാചകങ്ങളുടേയും ഘടനയിലും പ്രയോഗത്തിലും ഇവ തമ്മിൽ അന്തരം ഉണ്ട്. ഇക്കാരണങ്ങളാൽ രണ്ടു പേരായിരിക്കാം ഈ രണ്ടു ഭാഗങ്ങളും രചിച്ചതെന്നു പണ്ഡിതന്മാർ കരുതുന്നു. ഒന്നാംഭാഗം (1–10) മതപ്രചരണാർഥമുള്ള ഒരു കൃതിയാണ്. അക്രൈസ്തവനും പണ്ഡിതനും സത്യാന്വേഷിയുമായ ഒരാൾക്കു എഴുതിയതാണിത്. രണ്ടാംഭാഗം (11–12) ഏതെങ്കിലും


www.malankaralibrary.com

ഒരു മതപ്രസംഗത്തിന്റെ ഭാഗമാണ്. സ്നാനാർഥികളോടായിരുന്നു പ്രസംഗം; ഉയർപ്പു തിരുനാളിനു മുമ്പുള്ള രാത്രിയായിരിക്കാം ഇത് നടന്നത്.

ഡയഗ്നേറ്റസിന്റെ ചോദ്യങ്ങൾക്ക് മറുപടിയായിട്ടാണ് തന്റെ ക്രിസ്തീയ സ്നേഹിതൻ ക്രിസ്തുമതത്തെപ്പറ്റി വിവരിക്കാൻ തയ്യാറായത്. ലേഖനത്തിന്റെ ആമുഖത്തിൽ നിന്നിത് വ്യക്തമാണ്. അതിനുശേഷം പേഗനിസത്തിന്റെ അർത്ഥശൂന്യതയും യൂദായിസത്തിന്റെ പൊള്ളത്തരങ്ങളും വരച്ചു കാട്ടുന്നു (2-4). വിശ്വാസസംരക്ഷകരുടെ ഖണ്ഡനവാദങ്ങൾ ഈ ലേഖനകർത്താവ് ഉപയോഗിക്കുന്നു. ക്രിസ്ത്യാനികളുടെ അതിസ്വാഭാവിക ജീവിതത്തെപ്പറ്റിയുള്ള വിവരണമാണ് ഇതിലെ ഏറ്റവും മനോഹരമായ ഭാഗം (5 -6). ക്രിസ്തീയ വിശ്വാസത്തിന്റെ ദൈവികോത്ഭവത്തിന്റെ ഒരു വിവരണം 7-ഉം 8-ഉം അധ്യായങ്ങളിൽ കാണാം. ദൈവത്തെ വെളിപ്പെടുത്താൻ ദൈവപുത്രൻ കൊണ്ടുവന്നതാണ് ഈ രഹസ്യം. ഇക്കാര്യത്തിൽ മനുഷ്യരുടെ കഴിവുകേട് തുറന്നു കാട്ടിയിട്ട്, ദൈവം ഈ രാജ്യം അവസാനം വ്യക്തമാക്കി. ക്രിസ്തീയ വിശ്വാസം സ്വീകരിക്കാൻ ഡയഗ്നേറ്റസിനെ ലേഖനകർത്താവ് പ്രേരിപ്പിക്കുന്നു. അഗാധവിശ്വാസവും വ്യാപകമായ അറിവും ക്രിസ്തുമത തത്വങ്ങളാൽ നിറഞ്ഞ മനസ്സുമുള്ള ഒരാളെയാണ് ലേഖനത്തിൽ കാണാൻ കഴിയുക. തികച്ചും സജീവമായ ശൈലി അദ്ദേഹത്തിന്റെ കൈമുതലാണ്.

എവുസേബിയസ് ഇങ്ങനെ പറയുന്നു: 'നമ്മുടെ രക്ഷകന്റെ ശക്തിക്കുള്ള തെളിവുകൾ സജീവങ്ങളാണ്. കാരണം, അവ യാഥാർഥ്യങ്ങളായിരുന്നു. സൗഖ്യം ലഭിച്ചവരും മരിച്ചവരിൽ നിന്നുയർത്തവരും സൗഖ്യം പ്രാപിച്ചപ്പോഴും ഉയർത്തപ്പോഴും മാത്രമല്ല കാണപ്പെട്ടത്, പിന്നെയോ കർത്താവിന്റെ ഭൗമികകാലത്തും വേർപാടിനുശേഷം ഏറെ നാളത്തേക്കും ജീവിച്ചിരുന്നു; അവരിൽ ചിലർ നമ്മുടെ കാലം വരെ ജീവിച്ചു'. (7,6-നും 7-നും ഇടയ്ക്ക് വിട്ടുപോയ ഭാഗം: സഭാ.4,3,2; പപ്പിയാസ്, രേഖാശകലം 11,2).

അധ്യായം 4

# സാർദിസിലെ മെലിറ്റോ (+190)

രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മെത്രാന്മാരിൽ വളരെയധികം ബഹുമാനിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്ത ആളായിരുന്നു മെലിറ്റോ. വലിയ വേദപുസ്തക വ്യാഖ്യാതാവും ദൈവശാസ്ത്രജ്ഞനുമായിരുന്നു അദ്ദേഹം. പോപ്പ് വിക്ടറിനുള്ള (189–198) കത്തിൽ മെലിറ്റോയെപ്പറ്റി എഫേസോസിലെ മെത്രാൻ പോളിക്രാട്ടെസ് പറയുന്നത് ഇപ്രകാരമാണ്: 'ഷണ്ഡനായ (അവിവാഹിതനായ) മെലിറ്റോ പൂർണമായി പരിശുദ്ധാത്മാവിൽ ജീവിച്ചു. സാർദിസിൽ അദ്ദേഹം വിശ്രമിക്കുന്നു. മരിച്ചവർ ഉയർക്കുന്ന നാളിൽ സ്വർഗത്തിൽ നിന്നുള്ള സന്ദർശനത്തിനായി അവൻ കാത്തിരിക്കുന്നു' (എവു.സഭാ.5:24,5). ഈ ഹ്രസ്വപരാമർശമൊഴിച്ചാൽ മെലിറ്റോയുടെ ജീവിതത്തെക്കുറിച്ച് വളരെക്കുറച്ചേ നമുക്കറിവുള്ളൂ. രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം ഘട്ടത്തിൽ ജീവിച്ച മെലിറ്റോ വിവിധ വിഷയങ്ങളെപ്പറ്റി ധാരാളം എഴുതിയിരുന്നു.

ക്രിസ്ത്യാനികൾക്കുവേണ്ടി മാർക്കുസ് ഔറേലിയസ് ചക്രവർത്തിക്ക് 170–ൽ മെലിറ്റോ ഒരു വിശ്വാസസമർഥനകൃതി അയച്ചതായി എവുസേബിയസ് സാക്ഷിക്കുന്നു. സഭയും രാഷ്ട്രവും തമ്മിൽ ഐക്യത്തിൽ വർത്തിക്കണമെന്ന് അദ്ദേഹം പഠിപ്പിച്ചു. ലോകസാമ്രാജ്യവും ക്രിസ്തുമതവും മെലിറ്റോയ്ക്കു സഹോദരിമാരാണ്. ക്രിസ്തുമതം സാമ്രാജ്യത്തിന് അനുഗ്രഹമാണ്. ഈ കൃതിയുടെ ഒരു ചെറിയ ഭാഗം എവുസേബിയസ് ഉദ്ധരിക്കുന്നു: 'ഞങ്ങളുടെ തത്വശാസ്ത്രം നിങ്ങളുടെ രാജ്യത്തിന് നന്മയുടെ സൂചനയായിത്തീർന്നു; കാരണം, അക്കാലം മുതൽ (അഗസ്റ്റസിന്റെ കാലം മുതൽ) വലിപ്പത്തിലും മഹത്ത്വത്തിലും റോമിന്റെ ശക്തി വളരെ വർദ്ധിച്ചു. അങ്ങ് അതിന്റെ ഭാഗ്യവാനായ പിൻഗാമിയാണ്. അഗസ്റ്റസിനോടുകൂടി ആരംഭിക്കുകയും സാമ്രാജ്യത്തോടുകൂടി വളരുകയും ചെയ്ത തത്വശാസ്ത്രം അങ്ങു സംരക്ഷിച്ചാൽ, അങ്ങയുടെ മകനും ഇതിനവകാശിയായിത്തീരും. അങ്ങ

യുടെ മുൻഗാമികൾ മറ്റു മതങ്ങളോടൊപ്പം ഇതിനേയും മാനിച്ചു. അഗസ്റ്റസിന്റെ കാലം മുതൽ സാമ്രാജ്യത്തിന് ഒരാപത്തും വന്നിട്ടില്ല. മറിച്ച് പൊതു പ്രാർഥനാനുസൃതം എല്ലാം മഹത്വത്തിലും കീർത്തിയിലും വർദ്ധിച്ചു. അതുകൊണ്ട് ഞങ്ങളുടെ മതം പടർന്നു പന്തലിക്കുന്നത് രാജ്യത്തിന് വലിയ നേട്ടം തന്നെയാണ് '(സഭാ. 4:26, 7-8).

മെലിറ്റോ കാര്യക്ഷമമായി സഭയെ ഭരിച്ചെന്ന് എവുസേബിയസ് പറയുന്നു (സഭാ.5.26,1). ഉയർപ്പുതിരുനാൾ സംബന്ധിച്ച് ഏഷ്യാമൈനറിലെ പാരമ്പര്യം മുറുകെപ്പിടിക്കാൻ അദ്ദേഹം ശ്രമിച്ചു. ഈസ്റ്റർ തീയതി സംബന്ധിച്ച് 165-നോടടുത്തു നടന്ന ഒരു ചർച്ചയിൽ അദ്ദേഹം പങ്കെടുത്തു (സഭാ.4:26,3). മെലിറ്റോയുടെ കൃതികളുടെ ഒരു പട്ടിക എവുസേബിയസ് നൽകുന്നു (സഭാ. 4:26,2-3). നിരവധി ഗ്രന്ഥങ്ങളിൽ *പെരി പാസ്ക* (പെസഹായെപ്പറ്റി) ഒഴികെ മറ്റൊന്നും നമുക്കു കിട്ടിയിട്ടില്ല. വി.ഐറേനിയസ് (+200), തെർത്തുല്യൻ (+220), ക്ലെമെന്റ് (+215), ഒരിജൻ (+253), വി.ഹിപ്പോളിറ്റസ് (+235), അലക്സാണ്ഡ്രിയായിലെ അലക്സാണ്ടർ (+328), പ്രോക്ലുസ് (+447) എന്നിവരിൽ മെലിറ്റോയുടെ സ്വാധീനം കാണാം.

യേശുക്രിസ്തുവാണ് മെലിറ്റോയുടെ ദൈവശാസ്ത്രത്തിന്റെ കേന്ദ്രബിന്ദു. 'അവൻ ദൈവവും മനുഷ്യനുമാണ്. അവൻ കാലങ്ങൾക്കു മുമ്പുള്ളവനാണ്'. 'ദൈവം, വചനം, പിതാവ്, പുത്രൻ, ദൈവത്തിന്റെ ഏകജാതൻ, അധികാരി, ഇസ്രായേൽ രാജാവ്, നമ്മുടെ രാജാവ്' എന്നിത്യാദി നാമങ്ങൾ ക്രിസ്തുവിനെ സൂചിപ്പിക്കാൻ അദ്ദേഹം ഉപയോഗിക്കുന്നു. ക്രിസ്തുവിനെ 'പിതാവ്'എന്നു വിളിക്കുന്നത് അസാധാരണമാണ് (പെസഹായെപ്പറ്റി, 9). എല്ലാം അവനിലൂടെ സൃഷ്ടിക്കപ്പെട്ടു എന്ന അർഥത്തിലായിരിക്കാം ആ പ്രയോഗം. മാംസം ധരിച്ച ദൈവമാണ് യേശുക്രിസ്തു എന്ന് അദ്ദേഹം സ്പഷ്ടമായി പഠിപ്പിച്ചു (70-71). ക്രിസ്തുവിന്റെ പാതാളപ്രവേശനവും ഭംഗിയായി വിവരിക്കുന്നു(101-102). ഉത്ഭവപാപത്തെപ്പറ്റിയും അദ്ദേഹം പഠിപ്പിക്കുന്നു (54-55). സത്യത്തിന്റെ ഭണ്ഡാഗാരമാണ് സഭ (40).*

*പെസഹാപ്രസംഗത്തിന്റെ/പെരി പാസ്കയുടെ മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *സഭാപിതാക്കന്മാർ, വാല്യം 3,* കോട്ടയം, 2000, പേജ്,9-30.

അധ്യായം 5

# ലയൺസിലെ വി. ഐറേനിയസ്

രണ്ടാം നൂറ്റാണ്ടിലെ ഒരു പ്രധാനപ്പെട്ട ദൈവശാസ്ത്രജ്ഞനാണ് വി. ഐറേനിയസ്. ഏഷ്യാമൈനറിലെ സ്മിർണായിൽ 140-നും 160-നും ഇട യ്ക്ക് ജനിച്ചു. പോളിക്കാർപ്പിന്റെ പ്രസംഗങ്ങൾ തന്റെ ചെറുപ്പകാലത്തു കേട്ടിട്ടുണ്ടെന്ന് റോമൻ പ്രെസ്ബിറ്ററായ ഫ്ളൊറീനുസിനുള്ള കത്തിൽ അദ്ദേഹം പറയുന്നു. വളരെ വിശദമായും കൃത്യമായും പോളിക്കാർപ്പിനെ പ്പറ്റി ഈ കത്തിൽ വിവരിച്ചിട്ടുള്ളതുകൊണ്ട്, നേരിട്ട് പോളിക്കാർപ്പിനെ അറി യാൻ അദ്ദേഹത്തിന് സാധിച്ചു എന്നുവേണം കരുതാൻ:

'ഞാൻ ഒരു കുട്ടിയായിരിക്കുമ്പോൾ തന്നെ ഏഷ്യാമൈനറിൽ പോളി ക്കാർപ്പിന്റെ ഭവനത്തിൽവച്ച് അങ്ങയെ എനിക്കറിയാമായിരുന്നു. അങ്ങ് അന്നു രാജകീയ ഭവനത്തിൽ ഒരുന്നതവ്യക്തിയും പോളിക്കാർപ്പിന്റെ സുഹൃത്തും ആയിരുന്നു. ഈയടുത്തകാലത്തു നടന്നവയേക്കാൾ അന്നത്തെ സംഭവങ്ങൾ ഞാൻ വ്യക്തമായി ഓർക്കുന്നു: കാരണം കുട്ടികളായിരിക്കു മ്പോൾ നാം പഠിക്കുന്നവ ആത്മാവിനോടൊപ്പം വളരുകയും ചേർന്നിരിക്കയും ചെയ്യുന്നു. പോളിക്കാർപ്പ് ഇരുന്ന് ചർച്ച നടത്തിയ സ്ഥലം, അവന്റെ പോക്കു വരവുകൾ, അവന്റെ ജീവിതത്തിന്റെ സ്വഭാവം, അവന്റെ ശരീരാകാരം, ജന ങ്ങളോടു അവൻ ചെയ്ത പ്രസംഗങ്ങൾ, കർത്താവിനെ കണ്ട യോഹന്നാ നുമായും മറ്റുള്ളവരുമായും നടത്തിയ സമ്പർക്കങ്ങൾ അവൻ വിവരിക്കുന്ന ത്, അവരുടെ വാക്കുകൾ അവൻ അനുസ്മരിക്കുന്ന രീതി, കർത്താവിനെ പ്പറ്റി അവരിൽ നിന്നു കേട്ട സംഗതികൾ, അവരുടെ അത്ഭുതങ്ങൾ, അവ രുടെ പ്രബോധനങ്ങൾ, ദൈവവചനത്തിന്റെ ദൃക്സാക്ഷികളിൽനിന്ന് അവൻ സ്വീകരിച്ച രീതി, വി. ഗ്രന്ഥങ്ങളിലേതുപോലുള്ള അവരുടെ പഠിപ്പിക്കൽ ആദിയായവ എനിക്കു നന്നായി പറയാൻ സാധിക്കും. എനിക്കു നൽകപ്പെട്ട ദൈവകൃപയ്ക്കനുസരിച്ച്, ശ്രദ്ധാപൂർവം ഈ സംഗതികൾ ഞാൻ കേട്ടു. കടലാസിലല്ല ഹൃദയത്തിൽ അപ്പോഴെ ഞാനവ കുറിച്ചിട്ടു. ദൈവകൃപയാൽ ഞാൻ അവ ധ്യാനിക്കുന്നു' (എവു.സഭ.5,20,5-7).

പോളിക്കാർപ്പുവഴി അപ്പസ്തോലിക കാലത്തോട് ഐറേനിയസ് ബന്ധപ്പെട്ടിരുന്നെന്ന് ഈ കത്ത് വെളിപ്പെടുത്തുന്നു. ഐറേനിയസ് ഏഷ്യാമൈനർ വിട്ട് ഗോളിൽ എത്തുകയും 177-ൽ ലയൺസിലെ സഭാനേതാവാകുകയും ചെയ്തു. മോണ്ടനിസത്തെപ്പറ്റി ചർച്ച നടത്താൻ ലയൺസിലെ സഭാംഗങ്ങൾ റോമിലെ എലെവുത്തേരുസ് പാപ്പായുടെ പക്കലേക്കു 177-ൽ അദ്ദേഹത്തെ അയച്ചു. ലയൺസിലെ സഭ എഴുതിയ ശുപാർശക്കത്ത് അദ്ദേഹത്തെ വളരെയധികം സ്തുതിക്കുന്നു: 'ഞങ്ങളുടെ സഹോദരനും സഹപ്രവർത്തകനുമായ ഐറേനിയസിനോട് ഈ കത്ത് അങ്ങേ പക്കലെത്തിക്കാൻ ഞങ്ങൾ ആവശ്യപ്പെട്ടു; അദ്ദേഹത്തെ താല്പര്യപൂർവം സ്വീകരിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. കാരണം ക്രിസ്തുവിന്റെ ഉടമ്പടിയെ പ്രതി അദ്ദേഹം തീക്ഷ്ണമതിയാണ്'(എവു.സഭാ.5,4,2).

ഐറേനിയസ് റോമിൽനിന്ന് തിരികെ വന്നപ്പോഴേക്കുംവൃദ്ധനായ ഫൊത്തീനുസ് മെത്രാൻ രക്തസാക്ഷി മരണം വരിച്ചുകഴിഞ്ഞു. തുടർന്ന് അദ്ദേഹം ലയൺസിൽ ഫൊത്തീനുസിന്റെ പിൻഗാമിയായിത്തീർന്നു. പിൽക്കാലത്ത് ഉയർപ്പുദിവസം സംബന്ധിച്ച് വിക്ടർ പാപ്പായും (189-199) ഏഷ്യാമൈനറിലെ മെത്രാന്മാരും തമ്മിൽ തർക്കം ഉണ്ടായപ്പോൾ, അദ്ദേഹം ഐക്യപുനഃസ്ഥാപനാർഥം അവർക്കെല്ലാം നിരവധി കത്തുകൾ അയക്കുകയുണ്ടായി. തന്റെ നാമത്തിനു യോജിച്ച രീതിയിൽ യഥാർഥ സമാധാനസ്ഥാപകനായി (*ഐറേനോപൊയ്യോസ്*) അദ്ദേഹം ജീവിച്ചെന്ന് എവുസേബിയസ് സാക്ഷിക്കുന്നു (സഭാ.5,24,17). ഈ സംഭവത്തിനുശേഷം ചരിത്രത്തിൽനിന്ന് അദ്ദേഹം പാടേ മറയുന്നു. അദ്ദേഹം രക്തസാക്ഷിയായി മരിച്ചു എന്ന് ടൂർസിലെ ഗ്രിഗറി (538-594) *ഹിസ്തോറിയാ ഫ്രാങ്കോരും* എന്ന ഗ്രന്ഥത്തിൽ (1,27) പറയുന്നു. എന്നാൽ അതിനുമുമ്പ് ആരും അപ്രകാരം എഴുതിയിട്ടില്ല. എവുസേബിയസ് ഒന്നും പറയാത്തതുകൊണ്ട് ഗ്രിഗറിയുടെ പിൽക്കാല സാക്ഷ്യം അപ്പാടെ സ്വീകാര്യമല്ല.

## കൃതികൾ

രൂപതാഭരണത്തിനു പുറമേ ഗ്നോസ്റ്റിക് അപബോധോപദേശകരെ എതിർത്തു തോൽപ്പിക്കാൻ തന്റെ ബൃഹത്തായ ഗ്രന്ഥങ്ങളിലൂടെ അദ്ദേഹം യത്നിച്ചു. ഇവയിൽ ഗ്നോസ്റ്റിസിസത്തിന്റെ അബദ്ധജഡിലവും ഭാവനാസമൃദ്ധവുമായ തത്വങ്ങൾ അപഗ്രഥിച്ച് അവരുടെ വാദങ്ങളെ ഒന്നൊന്നായി ഖണ്ഡിക്കാൻ അദ്ദേഹം ശ്രദ്ധചെലുത്തി. പോളിക്കാർപ്പിനോടും മറ്റു മൂപ്പന്മാരോടുമുള്ള അടുത്ത പരിചയത്താൽ യഥാർഥ പാരമ്പര്യമെന്തെന്നറിയാൻ അദ്ദേഹത്തിനു സാധിച്ചു: അബദ്ധോപദേശകരുമായുള്ള തർക്കങ്ങളിൽ അദ്ദേഹത്തിന് ഇതു വളരെ സഹായമായി. അദ്ദേഹത്തിന്റെ കൃതികളിൽ രണ്ടെണ്ണം മാത്രമേ നമുക്കു കൈവന്നിട്ടുള്ളൂ. അദ്ദേഹം ഗ്രീക്കിലെഴുതിയെങ്കിലും ഏറ്റവും പ്രധാന കൃതി ലത്തീൻ വിവർത്തനത്തിലേ ഉള്ളൂ.

www.malankaralibrary.com

**1. പാഷണ്ഡതകൾക്കെതിരെ** (അദ്വേർസുസ് ഹെരെസെസ്)[9]

ഇതിന്റെ പൂർണമായ പേര് 'കപടതയും തെറ്റും നിറഞ്ഞ ഗ്നോസിസിന്റെ കണ്ടുപിടിക്കലും ഖണ്ഡനവും' (*എലെങ്കോസ് കായ് അനാത്രോപ്പേതേസ് പ്സെവുഡൊനൊമു ഗ്നോസെയോസ്*) എന്നാണ്. ഈ കൃതിക്ക് അഞ്ച് പുസ്തകങ്ങളിലായി രണ്ടു ഭാഗങ്ങളുണ്ട്. ആദ്യഭാഗം വിവിധ ഗ്നോസ്റ്റിക് സിസ്റ്റങ്ങളെപ്പറ്റി അറിവു പകരുന്നു. വലന്റീനിയൻ ഗ്നോസ്റ്റിക് സിദ്ധാന്തത്തെപ്പറ്റിയുള്ള വിപുലമായ ചർച്ചകൊണ്ട് തുടങ്ങുന്നു. അതിനുശേഷം ഗ്നോസ്റ്റിസിസത്തിന്റെ ഉത്ഭവത്തിലേക്കു കടക്കുന്നു. ക്ഷുദ്രക്കാരൻ ശീമോൻ, മെനാൻഡർ എന്നിവരെപ്പറ്റി വിവരിച്ചശേഷം മറ്റു ഗ്നോസ്റ്റിക് നേതാക്കളെയും സ്കൂളുകളേയും പറ്റി പ്രതിപാദിക്കുന്നു. സത്തോർനിൽ, ബസിലിദെസ്, കർപ്പോക്രാതെസ്, ചെരിന്തുസ്, എബിയൊണീത്തർ, നിക്കൊളീത്തർ, ചെർദോൻ, മാർസ്യൻ, എൻക്രത്തീത്തർ എന്നീ വിവിധ ഗ്രൂപ്പുകളേയും വ്യക്തികളേയും അപഗ്രഥിക്കുന്നു. സത്യവിശ്വാസത്തിൽ നിന്ന് അകന്നുപോയവർ ഈ പറഞ്ഞവർ മാത്രമല്ലെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

രണ്ടാംഭാഗമായ 'ഖണ്ഡനം' പിന്നത്തെ നാലു പുസ്തകങ്ങളിലാണ്. രണ്ടാം പുസ്തകം വലന്റീനിയൻ-മാർസ്യനൈറ്റ് ഗ്നോസ്റ്റിസിസത്തിന്റെ ബൗദ്ധിക ഖണ്ഡനമാണ്. മൂന്നാം പുസ്തകം ദൈവത്തേയും ക്രിസ്തുവിനേയും സംബന്ധിച്ചുള്ള സഭാപ്രബോധനങ്ങളിൽ നിന്നുള്ള വാദങ്ങൾ ഉപയോഗിച്ചുള്ള ഖണ്ഡനവും നാലാംപുസ്തകം കർതൃവചനങ്ങൾ ഉപയോഗിച്ചുള്ള ഖണ്ഡനവുമാണ്. അഞ്ചാം പുസ്തകം മരിച്ചവരുടെ ഉയർപ്പ് ചർച്ച ചെയ്യുന്നു. മിക്കവാറും എല്ലാ ഗ്നോസ്റ്റിക്കുകാരും ആ സത്യം നിഷേധിച്ചിരുന്നു. അവസാന ഭാഗത്ത് സഹസ്രാബ്ദവാഴ്ചയെപ്പറ്റി പറയുന്നു.

ഈ കൃതിക്ക് കൃത്യമായ ക്രമീകരണമോ, മൊത്തത്തിലുള്ള 'ചിന്താപരമായ ഐക്യമോ'ഇല്ല. അവിടവിടെ വിരസമായ ആവർത്തനം കാണാം. ബഹുലമായ ജോലിത്തിരക്കിനിടയിൽ സമയം കിട്ടിയതനുസരിച്ചാണ് അദ്ദേഹം ഇതെഴുതിയത്. 'ഒരു സ്നേഹിതന്റെ നിർദേശവും താല്പര്യവും കൊണ്ടാണ് എഴുതിയതെന്ന്' മൂന്നാം പുസ്തകത്തിന്റെ ആമുഖത്തിൽ പറയുന്നു. ആദ്യത്തെ രണ്ടു പുസ്തകങ്ങൾ അയച്ചുകൊടുത്തു കഴിഞ്ഞ്, പിന്നീടാണ് മറ്റുമൂന്നും ഒന്നിനുപുറകെ ഒന്നായി എഴുതിത്തീർത്തത്.

സഭാസിദ്ധാന്തങ്ങൾ ലളിതമായും വ്യക്തമായും മനസ്സിലാകുന്ന രീതിയിലും പ്രതിപാദിക്കാൻ അദ്ദേഹത്തിന് കഴിവുണ്ടായിരുന്നു. ഗ്നോസ്റ്റിക് സിസ്റ്റങ്ങളെപ്പറ്റി അറിയാനും ആദ്യകാല സഭാസിദ്ധാന്തങ്ങൾ മനസ്സിലാക്കാനും വളരെയധികം സഹായകമാണ് ഈ കൃതി. ശ്രേഷ്ഠമായ സാഹിത്യശൈലിയിൽ സാഹിത്യത്തിനൊരു മുതൽക്കൂട്ടുണ്ടാക്കുക ആയിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം: 'സെൽറ്റുകാരുടെ ഇടയിൽ വസിക്കുകയും മിക്കവാറും എല്ലായ്പ്പോഴും പ്രാകൃതഭാഷ കൈകാര്യം ചെയ്തു പഠിക്കുകയും ചെയ്ത

എന്നിൽനിന്ന് പ്രഭാഷണ ചാതുര്യപ്രകടനം പ്രതീക്ഷിക്കേണ്ട, ഞാനത് പഠിച്ചിട്ടില്ല; ശ്രേഷ്ഠമായ ശൈലീപ്രയോഗം ഞാൻ പരിശീലിച്ചിട്ടില്ല; മാധുര്യവും പ്രേരകപ്രധാനവുമായ ശൈലിയാണ് എന്റേതെന്ന് ഞാൻ നടിക്കുന്നില്ല. ഋജുവായും സത്യമായും എന്റെ സ്വാഭാവിക രീതിയിലും താല്പര്യപൂർവം ഞാൻ നിനക്കെഴുതുന്നത് അപ്രകാരമുള്ള അരൂപിയിൽ നീ സ്വീകരിക്കണം' (പാഷ.1, ആമുഖം.3).

അദ്ദേഹം ധാരാളം ഗ്നോസ്റ്റിക് കൃതികൾ നന്നായി വായിച്ചു പഠിച്ചിരുന്നു. അതോടൊപ്പം തനിക്കു മുമ്പുള്ള 'ആന്റീ ഹെരട്ടിക്കൽ' കൃതികളും വായിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സ്രോതസ്സുകൾ ഏവയെല്ലാമെന്ന് തിട്ടപ്പെടുത്തുക വിഷമമാണ്; കാരണം, അവയെല്ലാം നമുക്ക് കൈവന്നിട്ടില്ല. അത്തരത്തിലുള്ളവയാണ് 'ഹിയെരാപ്പൊളീസിലെ പപ്പിയാസിന്റെ ചൊല്ലുകൾ', 'ഏഷ്യാമൈനറിലെ മൂപ്പന്മാരുടെ ചൊല്ലുകൾ', ജസ്റ്റിന്റെ 'മാർസ്യനെതിരെയുള്ള' കൃതി എന്നിവ. അന്ത്യോക്യയിലെ തെയോഫിലസിന്റെ 'ഹെർമോജെനെസിനെതിരെ', 'മാർസ്യനെതിരെ'എന്നീ കൃതികളും സുപ്രധാന സ്രോതസുകളായിരിക്കാമെന്ന് ഫ്രെഡറിക് ലൂഫ്സ് പറയുന്നു. എന്നാൽ പണ്ഡിതലോകം ലൂഫ്സിന്റെ അഭിപ്രായം പൊതുവേ സ്വീകരിച്ചിട്ടില്ല.

ഈ കൃതിയുടെ നിരവധി കയ്യെഴുത്തുപ്രതികൾ ലത്തീനിൽ ലഭിച്ചിട്ടുണ്ട്. വടക്കേ ആഫ്രിക്കയിൽ വച്ച് 200-നും 250-നും ഇടയ്ക്ക് ലത്തീൻ വിവർത്തനം ഉണ്ടായി. വി. സിപ്രിയൻ ഇതുപയോഗിച്ചിരുന്നു. ഹിപ്പോളിറ്റസ്, എവുസേബിയസ്, എപ്പിഫാനിയസ് എന്നിവരുടെ കൃതികളിൽ ഗ്രീക്കിലുള്ള രേഖാശകലങ്ങൾ ദൃശ്യമത്രേ. നാലും അഞ്ചും പുസ്തകങ്ങളുടെ ഒരു പദാനുപദ തർജമ അർമേനിയനിലുണ്ട്. സുറിയാനിയിൽ 23 രേഖാശകലങ്ങളും കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

**2. ശ്ലൈഹിക പ്രബോധനത്തിന്റെ തെളിവ്**

*എപ്പിദെയ്ക്സിസ് തൂ അപ്പസ്തോലിക്കൂ കെരിഗ്മാതോസ്* എന്നാണ് ഇതിന്റെ പൂർണനാമം. ഇതിന്റെ തലക്കെട്ട് മാത്രമേ 1904 വരെ ലഭിച്ചിരുന്നുള്ളൂ (എവു.സഭാ.5,26). ആ വർഷം ഒരു അർമേനിയൻ വിവർത്തനത്തിൽ ഈ കൃതി പൂർണമായി കണ്ടെടുക്കപ്പെട്ടു. ഇത് 1907-ൽ പ്രസിദ്ധീകൃതമായി. ഇത് ഒരു അപ്പോളൊജെറ്റിക്കൽ കൃതിയാണ്. ഇതിനു രണ്ടു ഭാഗങ്ങളുണ്ട്. ഈ കൃതി രചിക്കാനുള്ള പ്രേരണകളെപ്പറ്റി ആമുഖമായി പറഞ്ഞിട്ട് (അധ്യാ.1-3) ഒന്നാംഭാഗം ക്രിസ്തീയവിശ്വാസത്തിന്റെ സാരസത്ത ചർച്ച ചെയ്യുന്നു (4-42). മൂന്നു ദൈവിക ആളുകൾ, സൃഷ്ടി, മനുഷ്യാധഃപതനം, മനുഷ്യാവതാരം, രക്ഷ എന്നിവ വിവരിക്കുന്നു. രണ്ടാംഭാഗം (42-97) പഴയനിയമ പ്രവചനങ്ങളിൽ നിന്ന് ക്രൈസ്തവ വെളിപാടിന്റെ യാഥാർഥ്യത്തിനു തെളിവു നൽകുന്നു. യേശുവിനെ ദൈവപുത്രനായും മിശിഹായായും ഗ്രന്ഥകാരൻ വരച്ചുകാ

ട്ടുന്നു. അവസാനഭാഗത്ത്, വിശ്വാസാനുസൃതജീവിതം നയിക്കാനും അബദ്ധോപദേശങ്ങളിൽനിന്ന് അകന്നു മാറാനും ഉപദേശിക്കുന്നു. മറ്റു പല കൃതികളുടേയും പേരുകൾ മാത്രമേ നമുക്കറിയൂ (എവു. സഭാ. 5:20–26). (ഈ കൃതിയുടെ മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്*, കോട്ടയം, 203).[10]

## ദൈവശാസ്ത്രം

പാരമ്പര്യ ദൈവശാസ്ത്രത്തിന്റെ പിതാവാണ് ഐറേനിയസ്. ഗ്നോസ്റ്റിസിസത്തിന്റെ കപട ക്രൈസ്തവ സ്വഭാവം അദ്ദേഹം തുറന്നുകാട്ടി. സഭയിൽനിന്ന് ഇത്തരക്കാരെ പുറന്തള്ളാനുള്ള പ്രക്രിയ ത്വരിതപ്പെടുത്തി. കൃതിയിലുടനീളം കത്തോലിക്കാസഭയുടെ വിശ്വാസസത്യങ്ങൾ  അവതരിപ്പിച്ചു. ഗ്നോസ്റ്റിക്കുകൾ അവ നിഷേധിക്കുകയോ തെറ്റായി ചിത്രീകരിക്കുകയോ ചെയ്തു. താത്വികചർച്ചകളിൽ അദ്ദേഹം അതീവ താല്പരനായിരുന്നില്ല; നവമായ ദൈവശാസ്ത്ര കണ്ടുപിടിത്തങ്ങളും നടത്തിയില്ല. വെറും താത്വികചർച്ചയിലേക്കു നയിക്കുന്നവയെല്ലാം അദ്ദേഹം സംശയദൃഷ്ട്യാ ദർശിച്ചിരുന്നു (പാഷ.2,26,1). എങ്കിലും ക്രിസ്തീയ തത്വസംഹിത മുഴുവൻ ഡോഗ്മാറ്റിക് പദങ്ങളിൽ എഴുതിപ്പിടിപ്പിക്കുന്നതിന് അദ്ദേഹം പരിശ്രമിച്ചു.

### 1. ത്രിത്വം

തെയോഫിലസ് *ത്രിയാസ്* എന്ന പദം ത്രിത്വത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചെങ്കിലും, ഏകദൈവത്തിൽ മൂന്നാളുകളെ സൂചിപ്പിക്കാൻ ഈ പദം ഐറേനിയസ് ഉപയോഗിക്കുന്നില്ല. ഗ്നോസ്റ്റിക്കുകളുമായുള്ള തർക്കത്തിൽ അദ്ദേഹം ദൈവത്വത്തിന്റെ മറ്റൊരു വശമാണ് ഊന്നിപ്പറയുന്നത്. ഏകസത്യദൈവം സത്യമായും ലോകസ്രഷ്ടാവും പഴയനിയമദൈവവും വചനത്തിന്റെ പിതാവുമാണ്.  ത്രിത്വത്തിലെ മൂന്നാളുകൾ തമ്മിലുള്ള ബന്ധം ചർച്ചാവിഷയമാക്കുന്നില്ലെങ്കിലും, മനുഷ്യചരിത്രത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകളുടെ അസ്തിത്വം തെളിയിക്കപ്പെട്ടിരിക്കുന്നെന്ന് അദ്ദേഹം ഉറപ്പായി വിശ്വസിച്ചിരുന്നു. ലോകസൃഷ്ടിക്കുമുമ്പ് അവരുണ്ടായിരുന്നു. 'നമുക്കു മനുഷ്യനെ നമ്മുടെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കാം' എന്ന് പിതാവ് പുത്രനോടും പരിശുദ്ധാത്മാവിനോടുമാണ് പറഞ്ഞത്. രൂപകാർഥത്തിൽ അവരെ അവൻ *ദൈവത്തിന്റെ കൈകൾ* എന്നു വിളിക്കുന്നു (പാഷ.5,1,3). വചനത്തിന്റെ സേവനത്തിനായി പരിശുദ്ധാത്മാവ് പ്രവാചകന്മാരെ നിവേശനകൃപയാൽ നിറയ്ക്കുന്നു; പിതാവതിന് കല്പന കൊടുക്കുന്നു. ഈ കാര്യം അദ്ദേഹം തുടരെത്തുടരെ പ്രസ്താവിക്കുന്നു. പഴയ നിയമത്തിലെ രക്ഷാകരവ്യാപാരങ്ങൾ ഏകദൈവത്തിലുള്ള മൂന്നു ദൈവികാളുകളെപ്പറ്റിയുള്ള  ഒരു പ്രബോധനമാണ്.

### 2. ക്രിസ്തുശാസ്ത്രം

പിതാവിനും പുത്രനും ഇടയ്ക്കുള്ളത് അവാച്യമായ രഹസ്യമാണ്. പിതാവ് ജനിപ്പിച്ചു. പുത്രൻ ജനിച്ചു. എങ്ങനെ ഇതു സംഭവിച്ചുവെന്നത് വിശകലനാതീതമാണ് (പാഷ.2,28,6). 'ദൈവം പുത്രൻവഴി അറിയപ്പെട്ടു; അവൻ പിതാവിലാണ്. പിതാവ് അവനിലും' (3,6,2). വിവിധ പേരുകളുണ്ടെങ്കിലും ക്രിസ്തു ഏകനാണ്. ദൈവപുത്രനും വചനവും യേശു എന്ന ദൈവമനുഷ്യനും നമ്മുടെ രക്ഷകനും കർത്താവും എല്ലാം ഒരാൾ തന്നെയാണ്.

ഐറേനിയസിന്റെ ക്രിസ്തുശാസ്ത്രത്തിന്റേയും ദൈവശാസ്ത്രത്തിന്റെയും ഹൃദയം, 'റീകാപ്പിറ്റുലേഷൻ തീയറി' (*അനാകെഫാലൈയോസിസ്*) ആണ്. ഈ ആശയം വി. പൗലോസ് ശ്ലീഹായിൽനിന്ന് എടുത്തതാണ്: ദൈവം തന്റെ പദ്ധതിയുടെ രഹസ്യം നമുക്ക് വെളിപ്പെടുത്തിത്തന്നു. അത് 'കാലത്തിന്റെ പൂർണതയിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനെയും ക്രിസ്തുവിൽ ഒന്നിപ്പിക്കുന്നതിനുവേണ്ടിയാണ്' (എഫേ.1,10).ഐറേനിയസ് ഇത് കുറേക്കൂടി വികസിപ്പിച്ചു. ആരംഭം മുതലുള്ളതെല്ലാം ക്രിസ്തു സംവഹിക്കുന്നു. ആദത്തിന്റെ പാപം മൂലം തടസ്സപ്പെട്ടിരുന്ന ദൈവികപദ്ധതി ദൈവം ക്രിസ്തുവിൽ പുതുക്കി. അവതരിച്ച തന്റെ പുത്രൻവഴി എല്ലാം നവീകരിക്കാനും കൂട്ടിച്ചേർക്കാനും പണിയാനും ദൈവം തിരുമനസ്സായി. ഇങ്ങനെ ക്രിസ്തു നമുക്ക് രണ്ടാമത്തെ ആദാമായിത്തീർന്നു. ആദ്യവീഴ്ചയിൽ സകലരും നശിച്ചതിനാൽ നവസൃഷ്ടിക്കായി ദൈവപുത്രൻ മനുഷ്യപുത്രനായി അവതരിക്കുക ആവശ്യമായിരുന്നു (5:14,2). ആദാമും മനുഷ്യകുലത്തിലെ ഓരോ വ്യക്തിയും ഈ നവീകരണവും നവസൃഷ്ടിയും വഴി നവജീവൻ പ്രാപിച്ചു. നമുക്കു നഷ്ടപ്പെട്ട ഛായയും സാദൃശ്യവും തിരികെ കിട്ടി (3,18,1). ആദത്തിന്റെ അനുസരണക്കേടിന്റെ ദോഷഫലങ്ങൾ ക്രിസ്തു ഇല്ലാതാക്കി; അവൻ മരണത്തെ കൊല്ലുകയും മരണത്തിന്റെ ശക്തി ഇല്ലാതാക്കുകയും ചെയ്തു (3,18,7). സാത്താനോടുള്ള ശത്രുത പുതുക്കി, അവന്റെമേൽ അന്തിമവിജയം നേടി (5,21,2). ഈ 'റീകാപ്പിറ്റുലേഷൻ'വഴി ക്രിസ്തു എല്ലാറ്റിനേയും നവീകരിച്ചു. പ്രവചിക്കപ്പെട്ടിരുന്ന തന്റെ വരവുവഴി അവിടുന്ന് എല്ലാ നവീനത്വവും ഇവിടെത്തിച്ചു. കാരണം, നവീകരിക്കാനും മനുഷ്യനു ജീവൻ നൽകാനും നവീനത്വം സുഗമമാകുമെന്ന് നേരത്തെ അറിയിക്കപ്പെട്ടിരുന്നു (4,34,1).

### 3. കന്യകമറിയം

ആദവും ക്രിസ്തുവും തമ്മിലുള്ള സാമ്യം വി. പൗലോസ് വിവരിച്ചു (റോമ. 5:12 ff). ഹവ്വായും മറിയവും തമ്മിലുള്ള സാമ്യം വി. ജസ്റ്റിൻ വരച്ചുകാട്ടി. ഐറേനിയസ് ഈ സാമ്യം കുറെക്കൂടി വിപുലീകരിക്കുന്നു (3:22,4). ആദ്യ മനുഷ്യൻ വീണ പ്രക്രിയ മുഴുവൻ ശരിപ്പെടുത്തേണ്ടതുണ്ട്. എല്ലാ തെറ്റായ കാൽവയ്പിനും ദൈവം പരിഹാരമാവശ്യപ്പെടുന്നു. തെറ്റിലേക്കു നയിച്ച സാത്താനെ അങ്ങനെ മാത്രമേ പൂർണമായി കീഴടക്കാനാകൂ. ആദ്യ

മനുഷ്യന്റെ സ്ഥാനത്ത് മനുഷ്യകുലത്തിനു രണ്ടാമതൊരു തലവനെ കിട്ടി. ആദ്യ അനുസരണക്കേടിൽ ആദ്യതരുണിക്കു ഭാഗഭാഗിത്വം ഉണ്ടായിരുന്നതുപോലെ സൗഖ്യദായക കർമത്തിൽ ഒരു സ്ത്രീയുടെ അനുസരണം ആവശ്യമാണ്. പുതിയ ആദത്തിനു ജീവൻ കൊടുത്തതുവഴി അവൾ യഥാർഥ ഹവ്വായും ജീവനുള്ളവരുടെ മാതാവും രക്ഷയുടെ കാരണവുമായി. ഇപ്രകാരം മറിയം ഹവ്വായുടെ മധ്യസ്ഥയായിത്തീർന്നു (5:19,1). മനുഷ്യകുലത്തിന്റെ പുതിയ മാതാവാകയാൽ മറിയത്തെ 'മനുഷ്യകുലത്തിന്റെ ഉദരം' എന്ന് അദ്ദേഹം വിളിക്കുന്നു. ഇതുവഴി മറിയത്തിന്റെ സാർവത്രിക മാതൃത്വം അദ്ദേഹം പ്രഖ്യാപിക്കുന്നു. ക്രിസ്തുവിന്റെ ജനനത്തെപ്പറ്റി അദ്ദേഹം പറയുന്നതിപ്രകാരമാണ്: 'ദൈവത്തിലേക്ക് മനുഷ്യരെ വീണ്ടും ജനിപ്പിക്കുന്ന പരിശുദ്ധമായ ഉദരം പരിശുദ്ധമായി തുറക്കുന്ന പരിശുദ്ധൻ' (4,33,11).

### 4. സഭാശാസ്ത്രം

'റീകാപ്പിറ്റുലേഷൻ' സിദ്ധാന്തവുമായി ബന്ധപ്പെട്ടതാണ് അദ്ദേഹത്തിന്റെ സഭാശാസ്ത്രം. ദൈവം ക്രിസ്തുവിൽ ഭൂതവും ഭാവിയും ഒന്നിച്ചു കോർത്തിണക്കുന്നു. ദൈവം ക്രിസ്തുവിനെ സഭ മുഴുവന്റേയും ശിരസ്സാക്കി ലോകാവസാനം വരെ സഭവഴി തന്റെ നവീകരണ പ്രക്രിയ തുടർന്നുകൊണ്ടിരിക്കും (3,16,6). ശ്ലൈഹികപാരമ്പര്യങ്ങളും പ്രബോധനങ്ങളും കോട്ടം തട്ടാതെ സഭയിൽ തുടരുന്നു; വിശ്വാസ സ്രോതസ്സും വിശ്വാസ മാനദണ്ഡവും ഈ പാരമ്പര്യമാണ്. ഇതാണ് സത്യത്തിന്റെ കാനൻ. ഇത് ജ്ഞാനസ്നാന വിശ്വാസപ്രമാണത്തിൽ ഉണ്ട്. നമുക്കത് സ്നാനാവസരം ലഭിക്കുന്നു (1:9,4). സഭാവിശ്വാസത്തിന്റെ ഒരു കൃത്യവിവരണം അദ്ദേഹം നൽകുന്നു. അത് ശ്ലീഹന്മാരുടെ വിശ്വാസപ്രമാണവുമായി ഒത്തുപോകുന്നതാണ് (1:10,1–2). ശരിയായ വിശ്വാസവും സത്യവും ശ്ലീഹന്മാർ സ്ഥാപിച്ച സഭകളിലാണുള്ളത്. ഇടമുറിയാതുള്ള മെത്രാന്മാരുടെ പിൻതുടർച്ച അവരുടെ പ്രബോധനങ്ങളുടെ വാസ്തവികതയ്ക്കുള്ള ഉറപ്പാണ് (3,3,1). അബദ്ധോപദേശകർക്ക് ഇത് കാട്ടാൻ സാധ്യമല്ല. അവർ ശ്ലൈഹിക പാരമ്പര്യമുള്ളവരല്ല; സത്യം അവരിൽ കാണുകയില്ല (4,26,2).

### 5. റോമാസഭ

ശ്ലീഹന്മാർ നിയമിച്ച എല്ലാ മെത്രാന്മാരുടേയും അവരുടെ പിൻഗാമികളുടേയും പട്ടിക നല്കാൻ തന്നെക്കൊണ്ടാകും; എങ്കിലും അതു ബൃഹത്തായ ഒരു കാര്യമാകയാൽ പ്രധാന സ്ഥലത്തേതു മാത്രം നൽകുന്നു എന്നു തന്റെ കൃതിയിൽ അദ്ദേഹം പറയുന്നു: 'ശ്രേഷ്ഠരായ പത്രോസും പൗലോസും റോമിൽ സ്ഥാപിച്ച അതിശ്രേഷ്ഠവും അതിപ്രാചീനവും സുപ്രസിദ്ധവുമായ സഭയിലെ മെത്രാന്മാരുടെ പട്ടിക നൽകി സത്യവിശ്വാസം അവിടെ എപ്രകാരം പരിരക്ഷിക്കപ്പെട്ടുപോന്നു' എന്ന് അദ്ദേഹം സമർഥിക്കുന്നു (3,3,2):

'ഈ സഭയുടെ കഴിവുറ്റ നേതൃത്വംമൂലം ഈ സഭയോട് എല്ലാ സഭകളും യോജിച്ചിരിക്കുന്നു; അതായത് എല്ലാ സ്ഥലത്തുമുള്ള വിശ്വാസികൾ; കാരണം അപ്പസ്തോലിക പാരമ്പര്യം എക്കാലവും ഈ സഭയിൽ പാലിക്കപ്പെട്ടിരുന്നു.'[11] ഈ ടെക്സ്റ്റിന്റെ മൂലഗ്രീക്കുപാഠം നമുക്ക് കിട്ടിയിട്ടില്ല; നമുക്ക് ലത്തീൻ വിവർത്തനമേയുള്ളു. അതു തന്നെ ശുദ്ധമായ ലത്തീനല്ല.- ഗ്നോസ്റ്റിക്കുകളുടെ കെട്ടുകഥകൾ അപ്പസ്തോലിക പാരമ്പര്യത്തിൽ നിന്ന് ഉടലെടുത്തതല്ല. അപ്പസ്തോലിക സഭകളുടെ വിശ്വാസം ഗ്നോസ്റ്റിക് ഊഹാപോഹങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്.

റോമാസഭയ്ക്ക് ഒരു പ്രത്യേകസ്ഥാനം അദ്ദേഹം അംഗീകരിക്കുന്നു. അവിടെ മറ്റു സഭകളിലേതിനേക്കാൾ കഴിവുറ്റ നേതൃത്വമാണുള്ളത്. ശ്രേഷ്ഠരായ പത്രോസും പൗലോസും സ്ഥാപിച്ചതിനാലും ഇടമുറിയാതുള്ള മെത്രാന്മാരുടെ പിൻതുടർച്ചയാലും സത്യവിശ്വാസത്താലും ക്രിസ്തീയ വിശ്വാസത്തിന്റെ ഉറപ്പുള്ള അസ്ഥിവാരം അവിടെ കാണാൻ സാധിക്കും. എലവുത്തേരൂസ് (174-189) വരെയുള്ള റോമൻ മെത്രാന്മാരുടെ പട്ടിക അദ്ദേഹം നൽകുന്നു. ശ്ലീഹന്മാർ പ്രസംഗിച്ച സത്യവിശ്വാസം റോമാസഭയിൽ നിലനിൽക്കുന്നു എന്നതിന്റെ തെളിവായി ഈ അപ്പസ്തോലിക പിൻതുടർച്ചയെ അദ്ദേഹം എടുത്തുകാട്ടുന്നു (3,3,3).

**6. കുർബാന**

വിശുദ്ധ കുർബാനയിൽ യേശുക്രിസ്തുവിന്റെ സജീവശരീരവും രക്തവും സന്നിധി ചെയ്യുന്നു എന്ന സത്യം അദ്ദേഹം പ്രഖ്യാപിക്കുന്നു. യേശുക്രിസ്തുവിന്റെ ശരീരരക്തത്താൽ പരിപോഷിതമായ ശരീരം കാലാന്ത്യത്തിൽ പൂഴിയിൽനിന്ന് നിദ്രവിട്ടുണരും. ഉത്ഥാനത്തിനു തെളിവായി അദ്ദേഹം ഉന്നയിക്കുന്നത് ഈ വാദമാണ് (4,18,5). പരിശുദ്ധാത്മാവിനാലാണ് അപ്പവീഞ്ഞുകൾ ക്രിസ്തുവിന്റെ ശരീരരക്തങ്ങളായിത്തീരുന്നത്. ഡിഡാക്കേയും ജസ്റ്റിനും പഠിപ്പിച്ചതുപോലെ, മലാക്കി പ്രവചിച്ച ബലിയാണിത് എന്നത്രേ ഐറേനിയസിന്റെയും ചിന്ത (4,17,5).

**7. വേദപുസ്തകം**

ഐറേനിയസിന്റെ പുതിയനിയമ കാനനിൽ നാലു സുവിശേഷങ്ങൾ, പൗലോസിന്റെ ലേഖനങ്ങൾ, ശ്ലീഹന്മാരുടെ നടപടി, യോഹന്നാന്റെ ലേഖനങ്ങൾ, വെളിപാട്, പത്രോസിന്റെ ഒന്നാംലേഖനം, ഹെർമാസിന്റെ ഇടയൻ എന്നിവ ഉൾപ്പെടുന്നു. എബ്രായലേഖനം കാനനിലില്ല. പഴയനിയമത്തിനുള്ളതുപോലെ പുതിയനിയമ ഗ്രന്ഥങ്ങൾക്കും അദ്ദേഹം നിവേശിതം കല്പിക്കുന്നു. അതുകൊണ്ട് അവയേയും *വി. ഗ്രന്ഥം* എന്ന് അദ്ദേഹം വിളിക്കുന്നു: 'സുവിശേഷങ്ങൾ നാലു മാത്രമേയുള്ളു. ഹെബ്രായരുടെ ഗ്രാമ്യഭാഷ

യിൽ മത്തായി ഒരു സുവിശേഷം എഴുതി; പത്രോസും പൗലോസും റോമിൽ പ്രസംഗിക്കുകയും സഭയുടെ അടിസ്ഥാനമിടുകയും ചെയ്തു. അവരുടെ യാത്ര തിരിക്കലിനു ശേഷം പത്രോസിന്റെ ശിഷ്യനും സഹായിയുമായ മർക്കോസ്, പത്രോസ് പ്രസംഗിച്ചത് എഴുതി. പൗലോസിന്റെ സഹായിയായ ലൂക്കോസ് അവന്റെ പ്രസംഗം എഴുതിവച്ചു. അതിനുശേഷം, കർത്താവിന്റെ ശിഷ്യനും മാർവിൽ ചാരിക്കിടന്നവനുമായ യോഹന്നാൻ ആസിയായിലെ എഫേസോസിൽ വച്ച് ഒരു സുവിശേഷം പ്രസിദ്ധീകരിച്ചു' (3,1,1).

'സുവിശേഷങ്ങൾ എണ്ണത്തിൽ കൂടാനോ കുറയാനോ സാധ്യമല്ല. കാരണം, ലോകത്തിനു നാലു ഭാഗങ്ങൾ ഉള്ളതുപോലെ,നാല് പ്രധാന കാറ്റുകൾ ഉള്ളതുപോലെ, ധര മുഴുവൻ വിതയ്ക്കപ്പെട്ട ഒരു വിത്താണ് സഭ എന്നതുകൊണ്ടും സുവിശേഷങ്ങൾ സഭയുടെ തൂണും അസ്ഥിവാരവും ജീവാത്മാവും ആയതുകൊണ്ടും എല്ലാ ഭാഗങ്ങളിൽ നിന്നും അമർത്യത ഊതിക്കൊണ്ടും ജീവനിലേക്കു മനുഷ്യരെ പ്രകാശിപ്പിച്ചുകൊണ്ടും സഭയ്ക്ക് നാലു തൂണുകൾ ഉണ്ടാകുക സ്വാഭാവികമാണ്. ഇക്കാരണത്താൽ എല്ലാറ്റിന്റേയും നിർമാതാവും ക്രോബകളുടെമേൽ ആരൂഢനും എല്ലാറ്റിലും ഒന്നിച്ചു ചേർന്നിരിക്കുന്നവനുമായ വചനം മനുഷ്യർക്കു വെളിപ്പെട്ടപ്പോൾ, അരൂപിയാൽ ഒന്നിച്ചു ചേർക്കപ്പെട്ട അവന്റെ സുവിശേഷം നാലു രീതിയിൽ നമുക്കു നൽകി' (3,11,8).

'ക്രോബകൾക്ക് നാലു മുഖങ്ങൾ ഉണ്ട്: ദൈവപുത്രന്റെ വ്യാപാരത്തിന്റെ സാദൃശ്യമാണ് അവരുടെ മുഖങ്ങൾ. കാരണം, ഒന്നാമത്തെ ജീവി സിംഹസമാനമാണെന്ന് അവൻ പറയുന്നു (യോഹന്നാൻ); അത് അവന്റെ യഥാർഥ കാര്യക്ഷമതയും നേതൃത്വശക്തിയും രാജകീയസ്വഭാവവും ചൂണ്ടിക്കാട്ടുന്നു; രണ്ടാമത്തേത് കാളക്കിടാവിനു സമം (ലൂക്കോസ്). ബലിയർപ്പകനും പുരോഹിതനും എന്ന അവന്റെ സ്ഥാനത്തെ അത് സൂചിപ്പിക്കുന്നു; മൂന്നാമത്തേതിനു മനുഷ്യമുഖമുണ്ട് (മത്തായി). മനുഷ്യനായ അവന്റെ സാന്നിധ്യത്തെ സൂചിപ്പിക്കുന്നു; നാലാമത്തേതു പറക്കുന്ന കഴുകന് തുല്യം (മർക്കോസ്). ആവസിക്കുന്ന പരിശുദ്ധാത്മദാനത്തെ അതു സൂചിപ്പിക്കുന്നു' (3,11,8). ഇത് ആദ്യമായി കാണുന്നത് എസക്കിയേലിലാണ് (10:14). വെളിപാട് 4:6-11 ലും ക്രോബേമാലാഖമാരെപ്പറ്റി പരാമർശമുണ്ട്. പിൽക്കാല ക്രൈസ്തവ കലയിൽ ഈ വിവരണം വളരെ സ്വാധീനം ചെലുത്തിയിട്ടുണ്ട്; പിൽക്കാല ചിന്തയിൽ ഈ സാദൃശ്യങ്ങൾക്കു മാറ്റവും വന്നിട്ടുണ്ട്.

പഴയനിയമ ഗ്രന്ഥങ്ങളും പുതിയനിയമ ഗ്രന്ഥങ്ങളും സഭയാകുന്ന തോട്ടത്തിലെ വൃക്ഷങ്ങളാണ്; സഭയ്ക്കാണ് വേദപുസ്തക വ്യഖ്യാനത്തിനുള്ള അധികാരം. അപ്പസ്തോലികാടിത്തറയോടുകൂടെ സഭാപാരമ്പര്യം കൂടെ കണക്കിലെടുക്കണം; സഭ നമ്മെ അതിലെ വൃക്ഷങ്ങളുടെ ഫലത്താൽ പോഷിപ്പിക്കുന്നു (5,20,2).

**8. രക്ഷാശാസ്ത്രം**

എല്ലാ മനുഷ്യർക്കും യേശുക്രിസ്തുവിലൂടെയുള്ള രക്ഷ ആവശ്യമാണ്. അവർ അതിനു പ്രാപ്തരുമാണ്. ആദിമാതാപിതാക്കളുടെ പാപം നിമിത്തം എല്ലാവരും പാപത്തിന് അടിമകളായി; മരണത്തിനു വിധേയരായി; ദൈവികസാദൃശ്യം നഷ്ടപ്പെടുത്തി. പാപത്തിന്റെയും മരണത്തിന്റെയും സാത്താന്റെയും അടിമത്തത്തിൽനിന്ന് ദൈവപുത്രൻ നമ്മെ മോചിപ്പിച്ചു. യേശുക്രിസ്തുവിൽ മനുഷ്യകുലം മുഴുവനും നവീകരിക്കപ്പെട്ടിരിക്കുന്നു. അവൻ നമ്മെ ദൈവവുമായി അനുരഞ്ജനപ്പെടുത്തി; നാം ദൈവികജീവനിൽ ഭാഗഭാക്കുകളായി, ദൈവമഹത്ത്വത്തിൽ ഓഹരിക്കാരായി. 'ഛായയും സാദൃശ്യവും' തമ്മിൽ ഐറേനിയസിന് വ്യത്യാസമുണ്ട്. സ്വഭാവത്താലേ അമർത്യമായ ആത്മാവുവഴി മനുഷ്യൻ ദൈവഛായയാണ്. 'ദൈവ സാദൃശ്യം' എന്നതു ദൈവത്തിന്റെ നന്മകൊണ്ട് ദൈവം സ്വന്തമായി ആദത്തിന് നൽകിയ അതിസ്വാഭാവിക തലത്തിലുള്ള ഒരു 'ഛായയാണ്;' അതായത് അതിസ്വാഭാവിക കൃപാവരം. നമ്മിൽ ദൈവികസാദൃശ്യം ഉണ്ടാക്കുന്നത് പരിശുദ്ധാത്മാവാണ്.

യേശുക്രിസ്തുവിന്റെ നാമത്തിൽ സഭയും സഭയിലെ കൂദാശകളുമാണ് വ്യക്തികളുടെ രക്ഷ സാധിക്കുന്നത്. കൂദാശകൾ വഴി സൃഷ്ടിസ്വഭാവത്തിനു പൂർണത ലഭിക്കുന്നു. യേശുക്രിസ്തുവിലുള്ള നവസൃഷ്ടിയുടെ മകുടമാണ് കൂദാശ. സ്നാനത്തിൽ ദൈവത്തിനായി നാം വീണ്ടും ജനിക്കുന്നു. ശിശുസ്നാനത്തെപ്പറ്റി അദ്ദേഹം സംസാരിക്കുന്നു: 'താൻ വഴി എല്ലാവരേയും രക്ഷിക്കാൻ അവൻ വന്നു – അവൻ വഴി ദൈവത്തിനു ജനിക്കുന്ന എല്ലാവരേയും എന്നു ഞാൻ പറയുന്നു – ശിശുക്കൾ. കുട്ടികൾ, ബാലന്മാർ, യുവാക്കൾ, വൃദ്ധർ'(2,22,4).

**9. കാലാന്ത്യം**

ഐറേനിയസിന്റെ 'എസ്കത്തോളജി'യിലും 'റീകാപ്പിറ്റുലേഷൻ' തീയറിയുടെ സ്വാധീനം വ്യക്തമാണ്. ക്രിസ്തുവിന്റെ എതിരാളിയായ എതിർ ക്രിസ്തു തന്നിൽ എല്ലാ അനീതിയും ഉൾക്കൊള്ളുന്നു. കാലാരംഭം മുതൽ ഇന്നയോളമുള്ള എല്ലാ തിന്മയും അവൻ സംവഹിക്കുന്നു (5,29,2). അവനെ അഗ്നിയിൽ ഇടുന്നതു വഴി സകല അനീതിയും കത്തി നശിക്കുകയും പുതിയ യുഗം ആവിർഭവിക്കുകയും ചെയ്യും (5, 32,1).

അധ്യായം 6

# അപ്പോക്രീഫൽ സാഹിത്യം

യേശുവിന്റെ ബാല്യകാലം, പരിശുദ്ധ കന്യകമറിയത്തിന്റെ ജീവിതം, ശ്ലീഹന്മാരുടെ പ്രേഷിതയാത്ര എന്നിവയെപ്പറ്റി പുതിയനിയമം വളരെ ചുരുങ്ങിയ വിവരണമേ നൽകുന്നുള്ളു. ഇവയെക്കുറിച്ച് വിശദമായ വിവരങ്ങൾ നൽകാൻ ഭാവനാസമ്പന്നരായ ആളുകൾ സഭാരംഭകാലത്ത് മുൻപോട്ടുവന്നു. ഐതിഹ്യം, ഊഹക്കഥകൾ, കെട്ടുകഥകൾ എന്നിവയെ ആധാരമാക്കി നിരവധി ഗ്രന്ഥങ്ങൾ സഭയുടെ ആദ്യനൂറ്റാണ്ടുകളിൽ ഉണ്ടായി. പ്രചരണം ലഭിക്കാനായി ശ്ലീഹന്മാരുടെ പേരുകളിൽ അവ പ്രചരിച്ചു. അങ്ങനെ സുവിശേഷങ്ങൾ, ലേഖനങ്ങൾ, നടപടികൾ, വെളിപാടുകൾ എന്നിങ്ങനെ പുതിയനിയമത്തിന്റെ ചുവടുപിടിച്ച് ഒരു സാഹിത്യപരമ്പര തന്നെ അന്നുണ്ടായി. അബദ്ധോപദേശകർ തങ്ങളുടെ പ്രബോധനങ്ങൾ പ്രചരിപ്പിക്കാനുള്ള ഒരു മാധ്യമമായി ഇത്തരം കൃതികളെ ഉപയോഗിക്കാൻ തുടങ്ങി. ഇപ്രകാരം ഉണ്ടായ സാഹിത്യത്തെയാണ് അപ്പോക്രീഫൽ സാഹിത്യം എന്നു പറയുന്നത്.

'അപ്പോക്രീഫൽ' എന്ന വാക്കിന് ആരംഭകാലത്ത് നിഗൂഢമായത്, രഹസ്യമായത് എന്നൊക്കെയായിരുന്നു അർഥം. വളരെക്കുറച്ചു പേർക്കു മാത്രം ഗ്രഹിക്കാൻ കഴിവുള്ള ഗൂഢസംഗതികൾ എന്നേ അർഥമുണ്ടായിരുന്നുള്ളു. പിൽക്കാലത്ത് കൃത്രിമം, അസത്യം എന്നെല്ലാമുള്ള അർത്ഥം ഇതിനു ലഭിച്ചു. അവ ചിലർക്കുമാത്രം പറഞ്ഞു കൊടുത്തുമിരുന്നു. ആരംഭകാലത്തു ചില അപ്പോക്രീഫൽ കൃതികൾ നിവേശിത ഗ്രന്ഥങ്ങളായി പരിഗണിക്കപ്പെട്ടിരുന്നു (ജറോം,ലേഖനം,107,12; അഗസ്റ്റിൻ, ദൈവനഗരം, 15,23:4). ആദിമസഭയുടെ ഭാവനകൾ, ചാച്ചിലുകൾ, ആചാരങ്ങൾ, വികാരങ്ങൾ, ആഗ്രഹങ്ങൾ ആദിയായ സംഗതികൾ ഗ്രഹിക്കാൻ അപ്പോക്രീഫൽ ഗ്രന്ഥങ്ങൾ സഹായകമാണ്. ക്രൈസ്തവ കലയുടെ വികാസത്തിന് ഇത് ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മധ്യകാലഘട്ടത്തിൽ സാഹിത്യകാരന്മാരെയും കലാകാരന്മാരെയും ഇത് വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.


www.malankaralibrary.com

ഭക്തിസംവർദ്ധകങ്ങളായ ചില അപ്പോക്രീഫൽ കൃതികൾ പല ക്രൈസ്തവ സമൂഹങ്ങൾക്കും ആധ്യാത്മികപ്രചോദനം നൽകി. പലതരം അപ്പോക്രീഫൽ കൃതികളുണ്ട്.

## 1. പഴയനിയമത്തിലെ അപ്പോക്രീഫൽ കൃതികളിൽ വരുത്തിയ തിരുത്തലുകൾ

ക്രിസ്തുവിന്റെ കാലത്തിനു മുമ്പും വേദപുസ്തകത്തെ അനുകരിക്കുന്ന സമ്പ്രദായം കാണാം. ഈ അപ്രാമാണിക ഗ്രന്ഥങ്ങളുടെ കർത്താക്കൾ തങ്ങളുടെ പുസ്തകങ്ങളെ ചില പ്രധാന വ്യക്തികളുടെ പേരിൽ ആക്കുകയും അവയുടെ നിർമാണകാലം കഴിവുള്ളിടത്തോളം പിറകോട്ടു കാണിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം, ക്രിസ്തുവിനു മുമ്പ് രണ്ടാംനൂറ്റാണ്ടിൽ അറിയപ്പെട്ടിരുന്ന പുസ്തകമാണ് എസ്ദ്രാസിന്റെ മൂന്നാം പുസ്തകം. ഈ പുസ്തകം യോസിയാസിന്റെ കാലം മുതലുള്ള (640-609) യൂദയാ രാജ്യത്തിന്റെ അധഃപതനത്തെപ്പറ്റി അറിവു നൽകുന്നു. ക്രിസ്തീയ കാലഘട്ട ത്തിലും ഈ ഗ്രന്ഥം വളർന്നു കൊണ്ടിരുന്നു. അങ്ങനെ എസ്ദ്രാസിന്റെ നാലാം പുസ്തകം എന്നറിയപ്പെടുന്ന ഗ്രന്ഥം ഉടലെടുത്തു. ജറുസലേം പട്ടണത്തിന്റെ നാശത്തിന്റെ കാലഘട്ടത്തിൽ എഴുതപ്പെട്ട ഈ പുസ്തകം ക്രിസ്തീയ പ്രത്യാശയിൽ അധിഷ്ഠിതവും മരണാനന്തര ജീവിതത്തെപ്പറ്റിയുള്ള ക്രൈസ്തവചിന്തയിൽ സ്വാധീനം ചെലുത്തുന്നതുമത്രേ.

ഹാനോക്കു സാഹിത്യവും ഈ രീതിയിലാണ് ഉടലെടുത്തത്. ബി.സി. രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഇതിന്റെ പ്രധാനഭാഗം 1-36 വരേയും 72-104 വരെയുമുള്ള അധ്യായങ്ങളാണ്. ഇസ്രായേലിന്റെ പൊതുപുനരുത്ഥാനത്തെപ്പറ്റി പ്രതിപാദിക്കുന്ന യഹൂദ സാഹിത്യത്തിലെ ഒരു പ്രാചീനഗ്രന്ഥമാണിത്. ക്രൈസ്തവ ഗ്രന്ഥകാരന്മാർ ഒന്നാം നൂറ്റാണ്ടിൽ ഈ പുസ്തകത്തിൽ പല തിരുത്തലുകളും നടത്തി. ഈ പുസ്തകത്തിന്റെ 32,2-33,3 വരെയുള്ള ഹാനോക്കിന്റെ രഹസ്യങ്ങളിൽ സഹസ്രാബ്ദ വാഴ്ചയെക്കുറിച്ചുള്ള ആദ്യത്തെ പരാമർശം കാണാം.

പന്ത്രണ്ട് ഗോത്രപിതാക്കന്മാരുടെ വിൽപ്പത്രം, ബാറൂക്കിന്റെ വെളിപാട് എന്നീ പഴയനിയമ അപ്പോക്രീഫൽ കൃതികളിലും ക്രൈസ്തവർ തിരുത്തലുകൾ വരുത്തി. അത്തരത്തിലുള്ള മറ്റൊരു കൃതിയാണ് ഏശായായുടെ സ്വർഗാരോഹണം. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലോ, രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ എഴുതപ്പെട്ട ഈ കൃതിയുടെ അടിസ്ഥാനം 'ബലിയാറി'നെയും ഏശായാ പ്രവാചകന്റെ രക്തസാക്ഷിത്വത്തെയും സംബന്ധിച്ചുള്ള യഹൂദന്മാരുടെ കെട്ടുകഥകളാണ്. ഈ പുസ്തകത്തിന്റെ രണ്ടാംഭാഗമായ 6 മുതൽ 11 വരെയുള്ള അധ്യായങ്ങളിൽ സപ്തസ്വർഗങ്ങളെ പറ്റിയുള്ള വിവരണം കാണാം. ക്രിസ്തുവിന്റെ മനുഷ്യാവതാരം, പീഡാസഹനം,

മരണം, ഉത്ഥാനം, സ്വർഗാരോഹണം എന്നിവ സ്വർഗത്തിലേക്ക് എടുക്കപ്പെട്ട ഏശായായ്ക്കു ദർശിക്കാൻ സാധിച്ചതായി ഇതിൽ പറയപ്പെടുന്നു. ഈ ഭാഗം സംശയരഹിതമായും ക്രൈസ്തവരെഴുതിയതാണ്. ക്രിസ്തുവിനേയും സഭയേയും കുറിച്ചുള്ള പ്രവചനങ്ങളും നീറോ ചക്രവർത്തിയെപ്പറ്റിയുള്ള വിവരണവും തരുന്നതിനു പുറമേ, പത്രോസിന്റെ മരണത്തെക്കുറിച്ച് പറയുന്ന ഒരു പ്രാചീന രേഖ കൂടിയാണിത്. എത്യോപിക് ഭാഷയിൽ മാത്രമേ ഈ കൃതി അവികലമായി ലഭിച്ചിട്ടുള്ളു. എന്നാൽ ഇതിന്റെ സിംഹഭാഗവും ഗ്രീക്കിലും ലത്തീനിലും കിട്ടിയിട്ടുണ്ട്.

## 2. അപ്പോക്രീഫൽ സുവിശേഷങ്ങൾ

### 1. എബ്രായരുടെ സുവിശേഷം

ഈ ഗ്രന്ഥം എബ്രായ (അറമായ) ഭാഷയിൽ രണ്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടു. വി. ജറോം, ഗ്രീക്ക്, ലത്തീൻ എന്നീ ഭാഷകളിലേക്ക് ഇതു വിവർത്തനം ചെയ്തു. അന്നത്തെ ജനങ്ങൾ ഈ കൃതിയെ കാനോനിക ഗ്രന്ഥമായും വി. മത്തായിയുടെ സുവിശേഷത്തിന്റെ മൂലഗ്രന്ഥമായും കണക്കാക്കി (എവു.സഭാ.3:39,16;6:25,4). ഇതിന്റെ മൂലഗ്രന്ഥം കേസറിയായിലെ ഗ്രന്ഥശേഖരത്തിൽ വളരെനാൾ ഉണ്ടായിരുന്നു. എബിയോണീത്തരും 'നസ്രായരും' ഈ സുവിശേഷമാണ് ഉപയോഗിച്ചിരുന്നത്. മത്തായിശ്ലീഹാ എബ്രായഭാഷയിൽ എഴുതിയ സുവിശേഷത്തിന്റെ ഒരു എബിയോണീറ്റ് പതിപ്പാണിത്. അതുകൊണ്ട് മത്തായിയുടെ സുവിശേഷത്തോട് ഇതിനു വളരെ സാമ്യമുണ്ട്.

### 2. ഈജിപ്റ്റുകാരുടെ സുവിശേഷം

ഈജിപ്റ്റിലെ ഗ്നോസ്റ്റിക് അബദ്ധോപദേശകരുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഗ്രന്ഥമാണിത്. സലോമിയുമായുള്ള കർത്താവിന്റെ സംഭാഷണം ഇതിൽ ഒരു ഭാഗമാണ്. ക്ലെമെന്റ് *സ്ട്രോമാറ്റ*യിൽ ഇതിൽ നിന്നു ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നു (3,6,45.13,92;3,9,63.66).

### 3. എബിയോണീത്തരുടെ സുവിശേഷം

ഒരിജൻ പരാമർശിക്കുന്ന 'പന്ത്രണ്ട് അപ്പസ്തോലന്മാരുടെ സുവിശേഷം' തന്നെയാണ് ഈ കൃതി. അങ്ങനെയെങ്കിൽ മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലായിരിക്കണം ഇതിന്റെ ആവിർഭാവം. 'എബ്രായരുടെ സുവിശേഷം' തന്നെയാണ് ഈ പുസ്തകമെന്ന ജറോമിന്റെ അഭിപ്രായം ശരിയല്ല. എപ്പിഫാനിയസിൽ നിന്നാണ് ഇതേപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ കിട്ടുന്നത്. ഇതിൽനിന്ന് അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ നിരവധി ഉദ്ധരണികൾ ഉണ്ട് (പാഷ.30,13-16.22). ബലിയെ എതിർക്കുന്ന ഏതോ ഗ്നോസ്റ്റിക് വിഭാഗക്കാരുടെ കൃതിയാണിത്. ഇതിലെ ക്രിസ്തു ഇപ്രകാരം പറയുന്നു: 'ബലി

ഇല്ലതാക്കാനാണ് ഞാൻ വന്നിരിക്കുന്നത്. ബലിയർപ്പണത്തിൽ നിന്ന് നിങ്ങൾ വിരമിക്കുന്നില്ലെങ്കിൽ നിങ്ങളോടുള്ള ദ്വേഷം അടങ്ങുകയില്ല' (പാഷ.30,16).

**4. പത്രോസിന്റെ സുവിശേഷം**

ഉത്തര ഈജിപ്റ്റിലെ അക്മിം എന്ന സ്ഥലത്തുള്ള ഒരു കല്ലറയിൽനിന്ന് 1886/87 ൽ 'പത്രോസിന്റെ സുവിശേഷത്തിന്റെ' വലിയൊരു ഭാഗം കണ്ടെടുക്കപ്പെടുകയുണ്ടായി. 1892-ൽ അത് പ്രസിദ്ധീകൃതമായി. കർത്താവിന്റെ പീഡാനുഭവം, മരണം, ഉത്ഥാനം, അത്ഭുതങ്ങൾ ആദിയായവ ഇതിൽ വിവരിക്കുന്നു. 'എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് എന്നെ കൈവിട്ടു?' എന്നത് 'എന്റെ ശക്തീ, എന്റെ ശക്തീ, എന്തുകൊണ്ട് എന്നെ കൈവിട്ടു?' എന്നാണ് കൃതിയിൽ. അതുപോലെ, ഹേറോദേസാണ്, പീലാത്തോസല്ല യേശുവിനെ കൊലയ്ക്കു വിധിക്കുന്നത്. കാനോനിക സുവിശേഷങ്ങളെ ആധാരമാക്കി ജ്ഞാനവാദികളുടെ പ്രത്യേക ലക്ഷ്യത്തോടെ എഴുതപ്പെട്ടതാണിത്. ഒരിജൻ ഈ ഗ്രന്ഥത്തെ പരാമർശിക്കുന്നു (മത്തായിഭാഷ്യം. 10,17): 'യേശുവിന്റെ സഹോദരന്മാർ എന്നറിയപ്പെടുന്നവർ ജോസഫിന്റെ ആദ്യഭാര്യയിൽ നിന്നുള്ള മക്കളാണെന്ന് പത്രോസിന്റെ സുവിശേഷം പറയുന്നു' എന്ന് ഒരിജൻ രേഖപ്പെടുത്തിയിരിക്കുന്നു. സെറാപ്പിയോൻ 190-ൽ ഇതിനെ ഡോസെറ്റിക് കൃതിയായി തള്ളിക്കളഞ്ഞെന്ന് ജറോം പറയുന്നു

**5. നിക്കൊദേമൂസിന്റെ സുവിശേഷം**

പീലാത്തോസിന്റെ കുറ്റം കുറച്ചുകാണിക്കാനുള്ള പ്രവണത പത്രോസിന്റെ സുവിശേഷത്തിൽ ദൃശ്യമാണ്. അതേ ചിന്താരീതി ഈ സുവിശേഷത്തിലും കാണാം. യേശുവിനെ സംബന്ധിച്ചുള്ള ഔദ്യോഗിക റിപ്പോർട്ട് (പീലാത്തോസിന്റെ നടപടി - *ആക്താ പിലാത്തി*) പീലാത്തോസ് റോമിലേക്കയച്ചു. അതും ഈ സുവിശേഷത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 'പീലാത്തോസിന്റെ നടപടി' ജസ്റ്റിന് പരിചയമുണ്ടായിരുന്നു (അപ്പോളജി 1, 35. 48). തെർത്തുല്യനും ഇപ്രകാരം ഒരു റിപ്പോർട്ടിനെപ്പറ്റി പരാമർശിക്കുന്നു (*അപ്പൊളോജെറ്റിക്കും*, 5;21,24). 'പീലാത്തോസിന്റെ നടപടി'കളാണ് നിക്കൊദേമൂസിന്റെ സുവിശേഷത്തിന്റെ ഉള്ളടക്കം. മൂന്നു ഭാഗങ്ങൾ ഇതിനുണ്ട്: ഒന്നാംഭാഗം (1-11) യേശുവിന്റെ വിസ്താരം, കുരിശിൽ തറയ്ക്കൽ, സംസ്കാരം എന്നിവ വിവരിക്കുന്നു. ഈ ഭാഗം 'ആക്താ പിലാത്തി' എന്നറിയപ്പെടുന്നു. രണ്ടാംഭാഗം (12-17) ക്രിസ്തുവിന്റെ ഉയർപ്പ് സംബന്ധിച്ച് സൻഹെദ്രിനിൽ നടന്ന ചർച്ചകളാണ്. മൂന്നാംഭാഗം (17-27) ക്രിസ്തുവിന്റെ പാതാളപ്രവേശനമാണ്. പില്ക്കാല ലത്തീൻ കയ്യെഴുത്തു പ്രതികളിൽ 'നിക്കൊദേമൂസിന്റെ സുവിശേഷം' എന്ന് ഇതറിയപ്പെടാൻ തുടങ്ങി. അഞ്ചാം നൂറ്റാണ്ടിൽ ആയിരിക്കാം ഇന്നത്തെ രീതിയിൽ ഇത് രൂപീകൃതമായത്.

മതപീഡനകാലത്ത്(311-312) 'പീലാത്തോസിന്റെ നടപടികളിൽ' റോമൻ സർക്കാർ കുത്തിത്തിരുകലുകൾ നടത്തുകയും ക്രിസ്ത്യാനികളെ അവഹേളിക്കുകയും ചെയ്തെന്ന് എവുസേബിയസ് സാക്ഷിക്കുന്നു (സഭാ. 9,5,1). ഒരുപക്ഷേ ഇത്തരം കുത്തിത്തിരുകലുകളെയും അവഹേളനങ്ങളെയും എതിർക്കാനായിരിക്കാം ഇത് എഴുതപ്പെട്ടത്. പീലാത്തോസിന്റെ പേരിനോടു ബന്ധപ്പെട്ട് മറ്റു പല കൃതികളും അറിയപ്പെടുന്നുണ്ട്.

**6. യാക്കോബിന്റെ പ്രാരംഭസുവിശേഷം**

യേശുവിന്റെ ബാല്യകാലത്തെപ്പറ്റി ചർച്ച ചെയ്യുന്ന സുവിശേഷങ്ങളിൽ ഉൾപ്പെടുന്നതാണ് യാക്കോബിന്റെ 'പ്രാരംഭസുവിശേഷം.' പ്രാരംഭസുവിശേഷം (*പ്രോട്ടോഎവൻജേലിയും*) എന്ന വാക്ക് ആധുനികമാണ്. ഒരിജനാണ് ഈ സുവിശേഷത്തെക്കുറിച്ച് ആദ്യമായി പരാമർശിക്കുന്നത്. യേശുവിന്റെ സഹോദരന്മാർ എന്നറിയപ്പെടുന്നവർ ജോസഫിന്റെ ആദ്യഭാര്യയിലുള്ള മക്കളാണെന്ന് ഈ പുസ്തകം രേഖപ്പെടുത്തുന്നതായി ഒരിജൻ പറയുന്നു. എന്നാൽ ഒരിജനുമുമ്പ് തന്നെ ക്ലെമെന്റും ജസ്റ്റിനും യേശുവിന്റെ ജനനം സംബന്ധിച്ചുള്ള സംഭവങ്ങൾ വിവരിക്കുന്നു. ഈ വിവരണങ്ങൾ യാക്കോബിന്റെ പ്രാരംഭ സുവിശേഷത്തിലെ വിവരണങ്ങളുമായി ബന്ധപ്പെട്ടവയാണ്.

ഈ പുസ്തകം മിക്കവാറും രണ്ടാം നൂറ്റാണ്ടിന്റെ മധ്യഭാഗത്തോടുകൂടി എഴുതപ്പെട്ടു. കന്യക മറിയത്തിന്റെ ജനനം, ബാല്യകാലം, യൗവനം എന്നീ കാര്യങ്ങളേക്കുറിച്ചും ഈ സുവിശേഷം ചർച്ച ചെയ്യുന്നു. മറിയത്തിന്റെ മാതാപിതാക്കളായ യൊവാക്കിം, ഹന്നാ എന്നിവരുടെ പേരുകൾ ആദ്യമായി കാണുന്നത് ഇതിലാണ്. മറിയത്തിന്റെ സമർപ്പണവും ദേവാലയത്തിലെ കാഴ്ചവയ്പ്പും യേശു ഒരു ഗുഹയിൽ പിറന്ന കാര്യവും തുടർന്നുണ്ടായ അത്ഭുത സംഭവങ്ങളും ഇതിൽ വിവരിക്കുന്നു.

ക്രിസ്തുവിന്റെ ജനനത്തിനു മുമ്പും ജനനത്തിലും ജനനശേഷവും മറിയം കന്യകയായിരുന്നു. അവളുടെ കന്യാത്വത്തിന് യാതൊരു ഭംഗവും വന്നില്ല എന്ന് തെളിയിക്കുകയാണ് ഈ സുവിശേഷത്തിന്റെ പ്രധാനലക്ഷ്യം. എല്ലാ സംശയങ്ങളും മാറ്റുന്നതിനുവേണ്ടി മറിയം ജലം പാനംചെയ്യുന്നു (അധ്യായം,16). യേശുവിന്റെ ജനനസമയത്ത് അവളെ ശുശ്രൂഷിക്കാൻ ഒരു സ്ത്രീ അവളുടെയടുക്കൽ ഉണ്ടായിരുന്നു (അധ്യായം.20). ക്ലെമെന്റിന് ഈ സുവിശേഷത്തിന്റെ ഉത്ഭവത്തെക്കുറിച്ച് അറിവുണ്ടായിരുന്നു. കാരണം, അദ്ദേഹം *സ്ട്രോമാറ്റയിൽ* പറയുന്നു: 'യേശുവിനെ പ്രസവിച്ചശേഷം മറിയത്തെ ഒരു സ്ത്രീ ശുശ്രൂഷിച്ചെന്നും അപ്പോഴും കന്യകയായി കാണപ്പെട്ടെന്നും ചിലർ പറയുന്നു.'

സ്നാപകയോഹന്നാന്റെ പിതാവായിരുന്ന സക്കറിയാസിന്റെ രക്ത സാക്ഷിത്വത്തെക്കുറിച്ചും ഹേറോദേസിന്റെ മരണത്തെക്കുറിച്ചും വിവരിച്ചു കൊണ്ട് സുവിശേഷം അവസാനിക്കുന്നു. സുവിശേഷത്തിന്റെ അവസാന ത്തിൽ അതെഴുതിയത് ആരാണ് എന്നതിനെക്കുറിച്ച് ഒരു പ്രസ്താവന കാണുന്നു. അതിങ്ങനെയാണ്: 'ഹേറോദേസ് മരിച്ചപ്പോൾ ജറുസലേമിൽ കലഹമുണ്ടായി. ഈ ചരിത്രം ജറുസലേമിൽ വച്ച് എഴുതിയ ഞാൻ, യാക്കോബ്, ഈ കലഹം അവസാനിക്കുന്നതുവരെ മരുഭൂമിയിലേക്കു മാറി താമസിച്ചു. ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് ഞാൻ അവിടെ ജീവിച്ചു.' ജറുസലേമിലെ മെത്രാനായിരുന്ന യാക്കോബല്ലാതെ മറ്റാരുമല്ല ഇതെഴുതിയതെന്നു വരുത്തി തീർക്കാനാണ് ഗ്രന്ഥകർത്താവ് ശ്രമിക്കുന്നത്. പലസ്തീനയുടെ ഭൂമിശാസ്ത്രത്തെക്കുറിച്ച് ഗ്രന്ഥകർത്താവ് തീർത്തും അജ്ഞനായി കാണപ്പെടുന്നു. പഴയനിയമം അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹം പലസ്തീനായ്ക്കു പുറമേ എവിടെയെങ്കിലുമോ, ഒരുപക്ഷേ ഈജിപ്റ്റിലോ, താമസിച്ചിരുന്ന ഒരു യഹൂദ ക്രിസ്ത്യാനിയായിരുന്നെന്ന് ഇതിൽ നിന്ന് തെളിയുന്നു. ഇന്നത്തെ രൂപത്തിൽ ഈ സുവിശേഷം ഒരാൾ തന്നെ എഴുതിയതാണെന്ന് കരുതാൻ സാധ്യമല്ല. സക്കറിയാസിന്റെ മര ണവും സ്നാപകന്റെ രക്ഷപെടലും പിന്നീട് കൂട്ടിച്ചേർത്ത സംഭവങ്ങളാ ണെന്ന് തോന്നുന്നു. വിവരണത്തിന്റെ ക്രമവും ചിട്ടയും പലപ്പോഴും തെറ്റിയിട്ടുണ്ട്. ഉദാഹരണത്തിന് 18-ാം അധ്യായത്തിൽ, ജോസഫ് പരിചയ പ്പെടുത്തലൊന്നും കൂടാതെ പെട്ടെന്ന് കടന്നുവന്നു സംഭാഷണം ആരംഭി ക്കുന്നു. ഗ്രീക്കുഭാഷ യിലുള്ള ഈ പുസ്തകം മുപ്പതിൽ കുറയാതെ കയ്യെ ഴുത്തു പ്രതികളിൽ സൂക്ഷിക്കപ്പെടുന്നു. ഇതിന്റെ ആദ്യകാല വിവർത്തന ങ്ങൾ സുറിയാനി, അർമേനിയൻ, കോപ്റ്റിക്, സ്ലാവിക് ഭാഷകളിലുണ്ട്. എന്നാൽ ലത്തീനിലുള്ള ഒരു കയ്യെഴുത്തു പ്രതിപോലും ലഭിച്ചിട്ടില്ല.

ആറാം നൂറ്റാണ്ടിലെ *ജലാസിയൻ ഡിക്രി* ഇതിനെ തിരസ്കരിക്കാൻ നിർദേശിക്കുന്നു. ആരാധനക്രമം, കല തുടങ്ങിയവയിൽ ഇതിന്റെ സ്വാധീനം ദൃശ്യമാണ്. വിശുദ്ധ ഹന്നായോടുള്ള വണക്കത്തിന്റേയും മറിയത്തിന്റെ ദേവാലയ സമർപ്പണത്തിരുനാളിന്റേയും ഉത്ഭവത്തിന് ഇത് ഹേതുവായി. മറിയത്തെ കുറിച്ചുള്ള പല കെട്ടുകഥകളും ഇതിലെ കഥകളെ അടിസ്ഥാന പ്പെടുത്തി എഴുതിയിട്ടുള്ളതാണ്. കലാകാരന്മാർക്ക് ഈ ഗ്രന്ഥം ചൈത ന്യവും പ്രചോദനവും പകർന്നു കൊടുത്തിരുന്നു.

### 7. തോമസിന്റെ സുവിശേഷം

ഒരിജൻ 'ലൂക്കായുടെ സുവിശേഷത്തെ ആധാരമാക്കിയുള്ള പ്രസംഗ ത്തിൽ' ഇതേപ്പറ്റി പറയുന്നു. ഇത് ജ്ഞാനവാദികളുടെ ഇടയിൽ ഉടലെടുത്ത താണ്. ഇതിന്റെ കർത്താവ് നാസ്സേനെസ് ആണെന്ന് ഹിപ്പോളിറ്റസ് അഭി പ്രായപ്പെടുന്നു (ഫിലൊസൊഫുമെന, 5,7). എന്നാൽ ജറുസലേമിലെ വിശുദ്ധ

www.malankaralibrary.com

സിറിൽ ഇതു മനിക്കേയൻ പാഷണ്ഡരുടെ പുസ്തകമാണെന്നു പറയുന്നു (മതാധ്യാപന പ്രസംഗം, 4,36): 'പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ മാത്രമേ ഉള്ളൂ. മറ്റെല്ലാ സുവിശേഷങ്ങളും അപ്രാമാണികവും ദോഷഫലം ഉളവാക്കുന്നവയുമാണ്. മനിക്കേയൻ പാഷണ്ഡികൾ തോമസിന്റെ സുവിശേഷമെന്ന ഒരെണ്ണം കൂടിയെഴുതി. ഒരു സുവിശേഷകന്റെ പേരിൽ അറിയപ്പെടുന്നെങ്കിലും അത് സാധാരണ ജനങ്ങളെ കബളിപ്പിക്കുന്നു. 'ആരും തോമസിന്റെ സുവിശേഷം വായിക്കരുത്. കാരണം, അത് പന്ത്രണ്ട് ശിഷ്യന്മാരിൽ ആരും എഴുതിയതല്ല. പ്രത്യുത, മാനിയുടെ വക്രബുദ്ധികളായ മൂന്നുപേരിൽ ഒരാൾ എഴുതിയതാണ്' (മതാധ്യാപനപ്രസംഗം, 6,31). ജ്ഞാനവാദികളുടെ തോമസിന്റെ സുവിശേഷത്തെ ആസ്പദമാക്കി മനിക്കേയർ തോമസിന്റെ സുവിശേഷം ഉണ്ടാക്കിയതാകാം.

നമുക്കു ലഭിച്ചിരിക്കുന്ന 'തോമസിന്റെ സുവിശേഷം' യേശുവിന്റെ ബാല്യകാലത്തെക്കുറിച്ചുള്ള ഒരു വിവരണമാണ്. യേശുവിന് തന്റെ സ്നാനത്തിനു മുമ്പ് തന്നെ അത്ഭുതകരമായ അറിവും ശക്തിയും ഉണ്ടായിരുന്നെന്ന് ഈ സുവിശേഷം സമർഥിക്കുന്നു. ബാല്യകാലത്തു തന്നെ യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചിരുന്നു എന്നതിനുള്ള ഉദാഹരണങ്ങളും തെളിവുകളും ഇതിൽ നൽകിയിട്ടുണ്ട്.

'അഞ്ചുവയസ്സു പ്രായം ഉള്ളപ്പോൾ ഒരുദിവസം യേശു കളിമണ്ണു കൊണ്ട് പന്ത്രണ്ട് കുരുവികളെ ഉണ്ടാക്കി. യേശുവിനോടൊത്ത് കുട്ടികളും കളിച്ചുകൊണ്ടിരുന്നു. അത് ഒരു സാബത് ദിനമായിരുന്നു. എന്നാൽ ആ ദിവസം യേശു ഇങ്ങനെ ചെയ്യുന്നതു കണ്ട ഒരു യഹൂദൻ ഉടൻ തന്നെ ജോസഫിനോടു ഈ വിവരം പറഞ്ഞു. ജോസഫ് യേശുവിനോടു കോപിച്ചു. യേശു ഉടനെ കൈകൊട്ടി കുരുവികളോടു പറന്നുപോകുവാൻ ആവശ്യപ്പെട്ടു. പെട്ടന്ന് ആ കുരുവികൾക്കു ജീവൻ കിട്ടി, അവ പറന്നുപോയി. അതു കണ്ട ആ യഹൂദൻ ആശ്ചര്യഭരിതനായി; കണ്ട കാര്യങ്ങൾ മതാചാര്യന്മാരോടു പറഞ്ഞു.'

എന്നാൽ മറ്റുള്ളവരോടു പ്രതികാരം ചെയ്യുന്നതിനുവേണ്ടി യേശു അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതായി ഈ സുവിശേഷത്തിൽ വിവരിക്കുന്നു. ഉദാഹരണത്തിന്, ഒരിക്കൽ ബാലനായ യേശു ഗ്രാമത്തിലൂടെ നടക്കുമ്പോൾ ഒരു കുട്ടി ഓടിവന്നു യേശുവിന്റെ തോളിൽ ഇടിച്ചു. യേശു ആ കുട്ടിയെ ശകാരിക്കുകയും ശപിക്കുകയും ചെയ്തു. ആ കുട്ടി പെട്ടെന്ന് നിലത്തുവീണ് മരിച്ചു. ആ കുട്ടിയുടെ മാതാപിതാക്കൾ യേശുവിനോടു തങ്ങളുടെ ഗ്രാമത്തിൽ മേലിൽ താമസിക്കരുതെന്നു പറഞ്ഞു. ഉടൻതന്നെ ആ മാതാപിതാക്കൾ അന്ധരായിപ്പോയി.

ആറാം നൂറ്റാണ്ടിലാണ് ഈ കൃതി രചിക്കപ്പെട്ടത്. തോമസിന്റെ സുവിശേഷം എന്ന പേരിൽ നാഗ് ഹമ്മദിയിൽനിന്നു കണ്ടെടുക്കപ്പെട്ട ഗ്നോസ്റ്റിക്


www.malankaralibrary.com

കൃതി വ്യത്യസ്തമാണ്. തോമസിന്റെ സുവിശേഷം ഒന്നിലേറെ പ്രാവശ്യം മലയാളത്തിൽ വിവർത്തനം ചെയ്തിട്ടുണ്ട്.

### 8. യേശുവിന്റെ ബാല്യകാല സുവിശേഷം

അറബിഭാഷയിൽ എഴുതപ്പെട്ട 'യേശുവിന്റെ ബാല്യകാലസുവിശേഷം' എന്നു പറയപ്പെടുന്ന ഗ്രന്ഥത്തിൽ വിചിത്രങ്ങളായ പല സംഭവങ്ങളും എഴുതിച്ചേർത്തിട്ടുണ്ട്. ഇതിന്റെ ആദ്യഭാഗത്ത് ചർച്ച ചെയ്തിരിക്കുന്നവ 'പ്രാരംഭസുവിശേഷത്തിൽ' നിന്നും, രണ്ടാമത്തെഭാഗം 'തോമസിന്റെ സുവിശേഷത്തിൽ' നിന്നും എടുത്തിട്ടുള്ളതാണ്. എന്നാൽ മറ്റു ചില കാര്യങ്ങളും അതിൽ ചേർത്തിട്ടുണ്ട്. ഉദാഹരണമായി ഇതിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: കർത്താവ് ഒരുദിവസം അമ്മയുടെ മടിയിൽ കിടക്കുമ്പോൾ അവളോടു ഇപ്രകാരം പറഞ്ഞു, 'അങ്ങു പ്രസവിച്ച വചനമായ ഈ ഞാൻ ദൈവപുത്രനായ ക്രിസ്തുവാകുന്നു.'

### 9. ജോസഫിന്റെ അറബിഭാഷയിലുള്ള സുവിശേഷം

'വി. ജോസഫന്റെ സുവിശേഷം' എന്നു പറയപ്പെടുന്ന ഒരു കൃതി അറബിയിൽ നിലവിലുണ്ട്. ഇത് അദ്ദേഹത്തിന്റെ ജീവിതം, മരണം ആദിയായ കാര്യങ്ങൾ പ്രതിപാദിക്കുന്നു. പ്രാരംഭ സുവിശേഷവും, തോമസിന്റെ സുവിശേഷ വുമാണ് ഇതിന്റേയും ഉറവിടം. ജോസഫിനെ സ്തുതിക്കുകയും അദ്ദേഹത്തിന്റെ നേർക്കുള്ള ഭക്തി പ്രചരിപ്പിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. ജോസഫിനോടുള്ള ഭക്തി വളരെ നേരത്തെ ഈജിപ്റ്റിൽ ഉണ്ടായിരുന്നു. ഈ കൃതി പൂർണരൂപത്തിൽ അറബിയിലും ബൊഹൈറിക്കിലും ചില ഭാഗങ്ങൾ സഹിദിക്കിലും ലത്തീനിലും ലഭ്യമാണ്.

### 10. ഫിലിപ്പിന്റെ സുവിശേഷം

മൂന്നാം നൂറ്റാണ്ടിൽ ഈജിപ്ഷ്യൻ ജ്ഞാനവാദികളുടെ ഇടയിൽ ഉടലെടുത്തതാണ് ഈ സുവിശേഷം. എപ്പിഫാനിയസ് ഇതേപ്പറ്റി സാക്ഷിക്കുന്നു (പാഷ. 26,13). ഗ്നോസ്റ്റിക് ആധ്യാത്മികത ഇതിൽ ദൃശ്യമാണ്, പിസ്തിസ് സോഫിയ എന്ന ഗ്നോസ്റ്റിക് കൃതി ഇതേപ്പറ്റി പരാമർശിക്കുന്നു. ഉയർപ്പിനു ശേഷം കർത്താവ് നടത്തിയ സംഭാഷണങ്ങൾ ഫിലിപ്പ് കുറിച്ചിട്ടെന്ന് അതു പറയുന്നു.

### 11. മത്തിയാസിന്റെ സുവിശേഷം

ഒരിജന്റെ കാലത്ത് 'മത്തിയാസിന്റെ സുവിശേഷം' അറിയപ്പെട്ടിരുന്നു. ക്ലെമെന്റ് പ്രതിപാദിക്കുന്ന 'മത്തിയാസിന്റെ പാരമ്പര്യങ്ങൾ' ഈ സുവിശേഷം തന്നെയാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ക്ലെമെന്റിന്റെ വിവരണം ഇപ്രകാരമാണ്: 'പ്ലേറ്റോ 'തിയേതേത്തൂസിൽ' പറയുന്നതുപോലെ സത്യത്തിന്റെ ആരംഭം വസ്തുക്കളിൽ ആശ്ചര്യപ്പെടുന്ന

തിലാണ്. ഇതുതന്നെയാണ് മത്തിയാസും തന്റെ 'പാരമ്പര്യത്തിലൂടെ' ഉപദേശിക്കുന്നത്. നിന്റെ മുമ്പിലുള്ള വസ്തുക്കളിൽ അത്ഭുതപ്പെടുക; നിന്റെ മറ്റെല്ലാ അറിവുകളുടേയും ചവിട്ടുപടി ഇതായി രിക്കട്ടെ.' (സ്ട്രോമാറ്റ,2,9,45) മത്തിയാസ് പഠിപ്പിച്ചതായി ബസിലിദസിന്റെ ശിഷ്യരായ ജ്ഞാനവാദികൾ പറയുന്നു: 'നാം ജഡംകൊണ്ടു പൊരുതി അതിനെ ചവിട്ടി മെതിക്കണം; വിഷയാസക്തമായ ആനന്ദത്തിനു വഴങ്ങി ക്കൊടുക്കാതെ, ആത്മാവിനെ വിശ്വാസത്തിലും അറിവിലും വളരാൻ ഇടയാക്കണം' (സ്ട്രോമാറ്റ,3,4,26).

**12. ബർണബാസിന്റെ സുവിശേഷം**

ഈ സുവിശേഷത്തിന്റെ യാതൊരു ഭാഗവും കൈവന്നിട്ടില്ല. ഇതേപ്പറ്റി നാം അറിയുന്നത് ജലാസിയൻ ഡിക്രിയിൽ നിന്നാണ്. 1907-ൽ പ്രസിദ്ധീ കൃതമായ 'ബർണബാസിന്റെ സുവിശേഷം' 14-ാം നൂറ്റാണ്ടിൽ ഇസ്ലാംമതം സ്വീകരിച്ച ഒരു ക്രിസ്ത്യാനി എഴുതിയതാണ്. പ്രസ്തുത ഇസ്ലാം സുവിശേഷ ത്തിന്റെ ലക്ഷ്യം മുഹമ്മദ് രക്ഷകനാണെന്നും ഇസ്ലാമാണ് സത്യമത മെന്നും തെളിയിക്കുകയത്രേ.

**13. ബർത്തലോമ്യയുടെ സുവിശേഷം**

ഈ സുവിശേഷത്തെക്കുറിച്ച് വി. ജറോമും ജലാസിയൻ ഡിക്രിയും സൂചിപ്പിക്കുന്നു. ഗ്രീക്കുഭാഷയിൽ വിരചിതമായ ബർത്തലോമ്യയുടെ ചോദ്യ ങ്ങൾ എന്ന ഗ്രന്ഥവും ഇതും ഒന്നുതന്നെ. വിയന്നായിലും ജറുസലേമിലുള്ള ഗ്രീക്കു കൈയ്യെഴുത്തു പ്രതികളെ കൂടാതെ ഈ ഗ്രന്ഥത്തിന്റെ ചില ഭാഗങ്ങൾ സ്ലാവോണിക്, കോപ്റ്റിക്, ലത്തീൻ പരിഭാഷകളിലും നിലവി ലുണ്ട്. ക്രിസ്തുവിന്റെ ഉത്ഥാനശേഷം ബർത്തലോമ്യയ്ക്കുണ്ടായ വെളി പാടും മാതാവിന്റെ മംഗലവാർത്തയും ചോദ്യോത്തര രൂപത്തിൽ ഉൾക്കൊ ള്ളിച്ചിരിക്കുന്നു. പാപം, മാലാഖമാരുടെ അധഃപതനം തുടങ്ങിയ വിഷയങ്ങ ളെക്കുറിച്ച് ബർത്തലോമ്യയുടെ ചോദ്യങ്ങൾക്ക് പിശാചുപോലും കാണ പ്പെട്ട് ഉത്തരം നൽകുന്നു.

**14. മറ്റ് അപ്പോക്രീഫൽ സുവിശേഷങ്ങൾ**

പല അബദ്ധോപദേശകരും തങ്ങളുടെ തത്വസംഹിതകളുടെ പ്രചരണാ ർഥം സുവിശേഷഗ്രന്ഥങ്ങൾ രചിക്കുക അക്കാലത്ത് സാധാരണമായി രുന്നു. ജ്ഞാനവാദികളാണ് കൂടുതലും രചിച്ചിട്ടുള്ളത്. അങ്ങനെ ധാരാളം സുവി ശേഷങ്ങൾ പ്രചാരത്തിൽ വന്നു. അവയിൽ പലതും നാമമാത്രമായി അവ ശേഷിക്കുന്നു.

1. അന്ത്രയോസിന്റെ സുവിശേഷം: ജ്ഞാനവാദികളുടെ ഈ സുവിശേഷത്തെക്കുറിച്ച് വി. അഗസ്റ്റിൻ സൂചിപ്പിക്കുന്നു.

2. യൂദാസ്ക്കറിയോത്തയുടെ സുവിശേഷം: കായേനീത്തർ എന്ന ജ്ഞാനവാദികൾ ഇതുപയോഗിച്ചിരുന്നു.

3. തദേവൂസിന്റെ സുവിശേഷം.

4. ഹവ്വായുടെ സുവിശേഷം: ബൊർബൊറീത്തർ എന്ന ജ്ഞാന വാദികൾ ഇതുപയോഗിച്ചിരുന്നു.

5. ബസിലിദെസിന്റെ സുവിശേഷം: 'ഒരു സുവിശേഷം എഴുതാൻ പോലും ബസിലിദസ് ഉദ്ധതനായി' എന്നാണ് ഒരിജന്റെ അഭിപ്രായം. ഈ സുവിശേഷത്തെക്കുറിച്ച് അംബ്രോസും ജറോമും സൂചിപ്പിക്കുന്നു. ബസിലിദസ് സുവിശേഷ ഗ്രന്ഥങ്ങളെ ജ്ഞാനവാദ ചിന്തയ്ക്കനുസൃതമായി മാറ്റിയെഴുതി.

6. ചെറിന്തൂസിന്റെ സുവിശേഷം: ഇതിനെക്കുറിച്ച് എപ്പിഫാനിയസ് സൂചിപ്പിക്കുന്നു.

7. വലന്റീനസിന്റെ സുവിശേഷം: ഇതിനെക്കുറിച്ച് തെർത്തുല്യൻ സൂചി പ്പിക്കുന്നു.

8. അപ്പെല്ലസിന്റെ സുവിശേഷം: ജറോമും എപ്പിഫാനിയസും ഇതിനെ ക്കുറിച്ച് സൂചിപ്പിക്കുന്നു.

ഈ സുവിശേഷങ്ങളുടെ പൊതുസ്വഭാവം: കാനോനികഗ്രന്ഥങ്ങളെ ഇഷ്ടാനുസരണം ഇവ കോട്ടിമാട്ടി, അവയുടെ ചുവടുപിടിച്ച് എഴുതപ്പെട്ട വയാണിവ. സുവിശേഷ സംഭവങ്ങളെ ജ്ഞാനവാദികൾ തങ്ങളുടെ വെളി പാടുകൾക്കൊരു പുറംകവചമാക്കി, ക്രിസ്തുവോ, മറിയമോ ശിഷ്യന്മാർക്ക് ഉത്ഥാനശേഷം വെളിപ്പെടുത്തുന്ന രൂപേണ അവതരിപ്പിച്ചിരിക്കുന്നു.

## 3. അപ്പോക്രീഫൽ നടപടികൾ

അപ്പസ്തോലന്മാരുടെ ജീവിതം, പ്രവർത്തനം, മരണം അഥവാ രക്ത സാക്ഷിത്വം എന്നിവയെ പുരസ്കരിച്ച് പുരാതനകാലത്തെ വീരസാഹസിക കഥകളുടെ മാതൃകയിൽ എഴുതപ്പെട്ട ഗ്രന്ഥങ്ങളെയാണ് അപ്പോക്രീഫൽ നടപടികൾ എന്ന് വിളിക്കുന്നത്. ഇവയിൽ ഭൂരിഭാഗവും പാഷണ്ഡതാ കേന്ദ്രങ്ങളിൽനിന്ന് ഉത്ഭവിച്ചവയാണ്. എന്നാൽ പിൽക്കാലത്ത് ചില കത്തോലിക്കാ വിശ്വാസികൾ തിരുത്തലിനു വിധേയമാക്കിയെങ്കിലും ഇവ യിലെ തെറ്റായ വീക്ഷണങ്ങൾ പൂർണമായും അപ്രത്യക്ഷമായിട്ടില്ല.

### 1. പൗലോസിന്റെ നടപടികൾ

അപ്രാമാണിക നടപടികളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പൗലോ സിന്റെ നടപടികൾ. തെർത്തുല്യൻ 'മാമോദീസായെപ്പറ്റി' എന്ന ഗ്രന്ഥത്തിൽ

(17) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: 'പഠിപ്പിക്കാനും മാമോദീസാ നല്കാനും സ്ത്രീകൾക്കുള്ള അധികാരത്തിന്റെ അംഗീകാരമായി പൗലോസിന്റെ പേരിൽ വ്യാജമായി എഴുതപ്പെട്ട ഗ്രന്ഥത്തിലെ തെക്ലായുടെ മാതൃക ചൂണ്ടിക്കാണിക്കുന്നെങ്കിൽ, അവർ ഇതുകൂടി ഗ്രഹിക്കണം. പൗലോസിന്റെ പ്രശസ്തി വർദ്ധിപ്പിക്കാനെന്ന ഭാവേന അവയുടെ കർതൃത്വം വഹിച്ച ഏഷ്യയിലെ പുരോഹിതൻ, പൗലോസിനോടുള്ള സ്നേഹം നിമിത്തം താനിതു ചെയ്തെന്ന് കുറ്റസമ്മതം നടത്തിയെങ്കിലും തൽസ്ഥാനത്തു നിന്ന് പുറന്തള്ളപ്പെട്ടു.' ഏഷ്യയിലെ ഒരു പുരോഹിതൻ എഴുതിയ 'പൗലോസിന്റെ നടപടികൾ' എന്ന പേരിലുള്ള ഒരു ഗ്രന്ഥം തെർത്തുല്യന്റെ കാലത്തിനു മുമ്പുതന്നെ നിലവിലിരുന്നെന്ന് ഇതിൽനിന്നു വ്യക്തമാണ്. ഗ്രീക്കിലെഴുതപ്പെട്ട മൂലകൃതിയിൽ പ്രധാനമായി മൂന്നു ഭാഗങ്ങൾ ഉണ്ടായിരുന്നു; അവ താഴെ പറയുന്നവയാണ്.

1. പൗലോസിന്റെയും തെക്ലായുടെയും നടപടി: ഇക്കോണിയത്തിൽ തെക്ലാ എന്ന പേരോടുകൂടിയ ഒരു പെൺകുട്ടിയെ പൗലോസ് മാനസാന്തരപ്പെടുത്തുന്നതും അവൾ പൗലോസിനോടൊത്തു പ്രേഷിതപ്രവർത്തനം നടത്തുന്നതുമാണ് കഥ. മതമർദനങ്ങളിൽ നിന്നും മരണത്തിൽ നിന്നും അത്ഭുതകരമായി രക്ഷപെട്ട് അവസാനം അവൾ സെലൂക്യയിൽ അഭയം പ്രാപിക്കുന്നു. കെട്ടുകഥയുടെ രൂപത്തിലാണ് ഇതിലെ പ്രതിപാദനമെങ്കിലും ചരിത്രബിന്ദു അശേഷമില്ലെന്നു പറയാൻ സാധ്യമല്ല. മാത്രമല്ല, വി.തെക്ലായോടുള്ള വണക്കം ആദ്യനൂറ്റാണ്ടുകളിൽ ജനമധ്യത്തിൽ പ്രചരിക്കുകയും ചെയ്തിരുന്നു. ഈ കഥയുടെ ഉള്ളടക്കം ക്രിസ്തീയ സാഹിത്യത്തേയും കലയേയും സ്വാധീനിച്ചിട്ടുണ്ട്. പ്രത്യേകിച്ച്, വി. പൗലോസിന്റെ ഛായാപടങ്ങളുടെ നിർമിതിയിൽ.

2. കൊറിന്തോസുകാരുമായുള്ള വി.പൗലോസിന്റെ കത്തിടപാടുകൾ: വി.പൗലോസ് കൊറിന്തോസുകാർക്കെഴുതിയ രണ്ടാമത്തെ കത്തിന് അവർ എഴുതിയ മറുപടിയും മൂന്നാമത്തെ കത്തുമാണ് ഇതിലെ ഉള്ളടക്കം.

3. പൗലോസിന്റെ രക്തസാക്ഷിത്വം (*പാസ്സിയോ പൗളി*): കെട്ടുകഥാരൂപത്തിലുള്ള ഈ രേഖ പൗലോസിന്റെ റോമിലെ മിഷൻ പ്രവർത്തനം, നീറോ ചക്രവർത്തിയുടെ മതമർദനം, അപ്പസ്തോലന്റെ വധം എന്നിവ വിവരിക്കുന്നു. പൗലോസിന്റെ മരണം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: 'അനന്തരം പൗലോസ് പൂർവദിക്കിനഭിമുഖമായി എഴുന്നേറ്റുനിന്ന്, തന്റെ കൈകൾ സ്വർഗത്തിലേക്കുയർത്തി വളരെ സമയം പ്രാർഥിച്ചു. തദവസരം ഹീബ്രുഭാഷയിൽ പിതാക്കന്മാരുമായി സംഭാഷണത്തിലേർപ്പെട്ടു. എന്നിട്ട് മറ്റൊന്നും സംസാരിക്കാതെ അദ്ദേഹം തന്റെ കഴുത്ത് നീട്ടിക്കൊടുത്തു. കൊലയാളി അദ്ദേഹത്തിന്റെ കഴുത്ത് വെട്ടിയപ്പോൾ അയാളുടെ മേലങ്കിയിൽ രക്തം ചീറ്റിത്തെറിച്ചു വീണു.' മരണശേഷം ചക്രവർത്തിക്കു


www.malankaralibrary.com

പ്രത്യക്ഷനായി വരാനിരിക്കുന്ന വിധിയെപ്പറ്റി പറയുന്നതായി വിവരിച്ചിരിക്കുന്നു. 'ക്രിസ്തുരാജൻ, നിത്യനായ രാജാവ്, യുഗങ്ങളുടെ രാജാവ്' എന്നൊക്കെ ക്രിസ്തുവിനെ സംബോധന ചെയ്തിരിക്കുന്നു. ക്രിസ്ത്യാനികളെ 'മഹാരാജാവിന്റെ പടയാളികൾ' എന്നും വിളിച്ചിരിക്കുന്നു. ക്രിസ്തീയാരാധനയും റോമൻ ചക്രവർത്തിയെ ആരാധിക്കുന്ന ആചാരവും തമ്മിലുള്ള ഏറ്റുമുട്ടൽ ഇതിൽ വ്യക്തമായി വിവരിച്ചിട്ടുണ്ട്.

ഹൈഡൽബർഗിലെ കോപ്റ്റിക് തർജമ ഉൾക്കൊള്ളുന്ന കൈയെഴുത്തു പ്രതിയിലെ ഭാഗം 1904-ൽ സി. ഷ്മിത്ത് പ്രസിദ്ധീകരിക്കുകയും ഈ അപ്രാമാണിക നടപടിയുടെ ഉള്ളടക്കം, അവികലത എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ വളരെയധികം വെളിച്ചം വീഴ്ത്തുകയും ചെയ്തു. സ്വതന്ത്രകൃതികൾ എന്നു മുൻകാലങ്ങളിൽ കരുതിയിരുന്ന മൂന്നു ലിഖിതങ്ങൾ യഥാർഥത്തിൽ 'പൗലോസിന്റെ നടപടികൾ' എന്ന ഗ്രന്ഥത്തിന്റെ മൂന്നു ഭാഗങ്ങൾ മാത്രമായിരുന്നെന്ന് ഈ തർജമ വ്യക്തമാക്കി.

ഈ കൃതിയുടെ നല്ലൊരുഭാഗം ഗ്രീക്കുമൂലത്തിൽ അടുത്തകാലത്ത് കണ്ടുപിടിച്ചത് ഷ്മിത്തിന്റെ അനുമാനങ്ങളെ സ്ഥിരീകരിക്കുന്നു. അവ ഹാംബുർഗിൽ ഇപ്പോൾ സൂക്ഷിച്ചിരിക്കുന്നു.

വി. പൗലോസിന്റെ ഛായാപടങ്ങൾ പലതും നടപടി 1,3-നെ ആധാരമാക്കിയാണ്: 'ശാരീരികമായി ചെറിയവനും കഷണ്ടിത്തലയോടുകൂടിയവനും വളഞ്ഞതെങ്കിലും ബലമേറിയ കാലുകളും ചേർന്നിരിക്കുന്ന കൺപോളകളും, വളഞ്ഞ മൂക്കും ഉണ്ടായിരുന്നവനും വശീകരണ ശക്തിയുടെ ഉടമയുമായിരുന്നു പൗലോസ്. മനുഷ്യരെപ്പോലെ വ്യാപരിച്ചിരുന്ന അദ്ദേഹം ചിലപ്പോൾ ദൈവദൂതന്റെ മുഖം ധരിച്ചിരുന്നു.'

**2. പത്രോസിന്റെ നടപടികൾ**

പത്രോസിന്റെ നടപടികൾ 190-ൽ എഴുതപ്പെട്ടു. ഗ്രന്ഥകർത്താവ് സിറിയായിലോ, പലസ്തീനായിലോ ആണ് ജീവിച്ചിരുന്നത്. ഈ ഗ്രന്ഥത്തിന്റെ മൂന്നിലൊരു ഭാഗത്തോളം മാത്രമേ കണ്ടെടുക്കപ്പെട്ടിട്ടുള്ളൂ.

1. ഈ കൃതിയുടെ പ്രധാനഭാഗം ഒരു ലത്തീൻ തർജമയിലൂടെ കൈവന്നിട്ടുണ്ട്. വെർചെല്ലിയിലുള്ള ഒരു കയ്യെഴുത്ത് പ്രതിയിൽനിന്ന് കണ്ടെടുക്കപ്പെട്ടതാണ് ഈ ഭാഗം. 'ശീമോനുമായുള്ള പത്രോസിന്റെ ഏറ്റുമുട്ടൽ' എന്ന പേരിലുള്ള ഈ പതിപ്പിൽ മൂന്നു കാര്യങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത്. (1) പൗലോസ് റോമിലെ ക്രൈസ്തവരോടു യാത്ര പറഞ്ഞ് സ്പെയിനിലേക്ക് പുറപ്പെടുന്നത്. (2) ക്ഷുദ്രക്കാരൻ ശീമോന്റെ വരവും അയാളുടെ അത്ഭുതങ്ങൾ വഴി റോമിലെ ക്രൈസ്തവർക്കുണ്ടായ ശല്യങ്ങളും. (3) പത്രോസ് റോമിലേക്കു വരുന്നതും പ്രസ്തുത മന്ത്രവാദിയുടെ മേൽ വിജയം നേടുന്നതും - ഈ ശീമോൻ തന്റെ മാന്തിക പ്രകടന

ങ്ങൾക്കിടയിൽ റോമൻ ഫോറത്തിൽനിന്ന് സ്വർഗത്തിലേക്ക് പോകാനുള്ള ശ്രമത്തിൽ വീണു മരിച്ചു. - പത്രോസിന്റെ രക്തസാക്ഷിത്വത്തെപ്പറ്റിയുള്ള വിവരണത്തോടുകൂടി പ്രസ്തുത ലിഖിതം അവസാനിക്കുന്നു. ഈ നടപടിയുടെ രണ്ടാം അധ്യായത്തിൽ അപ്പവും വെള്ളവുമുപയോഗിച്ച് ബലി അർപ്പിക്കുന്നതിനെപ്പറ്റി പ്രസ്താവിക്കുന്നു. ഗ്രന്ഥകർത്താവിന്റെ ബൗദ്ധികമേഖലയെപ്പറ്റി മനസ്സിലാക്കാൻ ഈ ഭാഗം ഉപകരിക്കും: 'പ്രാർഥിക്കുന്നതിനും എല്ലാവർക്കും വിതരണം ചെയ്യേണ്ടതിനുമായി ബലിക്കുള്ള അപ്പവും വെള്ളവും അവർ പൗലോസിന്റെ അടുക്കൽ കൊണ്ടുവന്നു.' ഡോസെറ്റിക് ചിന്താഗതിയുള്ള ആളായിരുന്നു ഗ്രന്ഥ കർത്താവ്. വിവാഹത്തിനെതിരായ പ്രബോധനവും ഭാര്യമാർ ഭർത്താക്ക ന്മാരെ ഉപേക്ഷിക്കുന്നതിനുള്ള ഉപദേശങ്ങളും ഗ്നോസ്റ്റിക് ആശയസ്വാധീന മാണ് സൂചിപ്പിക്കുന്നത്.

2. വെർചെള്ളിയിലുള്ള കയ്യെഴുത്ത് പ്രതിയുടെ മൂന്നാം ഭാഗമായ 'പത്രോസിന്റെ രക്തസാക്ഷിത്വ വിവരണം' മൂലരൂപമായ ഗ്രീക്കിൽ തന്നെ ഇപ്പോഴും നിലവിലുണ്ട്. 'കർത്താവേ അങ്ങ് എവിടെ പോകുന്നു?' (*ദോമിനേ, ക്വോ വാദിസ്*) എന്ന കഥ ഇതിൽ ഉൾപ്പെടുന്നു. റോം വിട്ടുപോകുവാൻ തീരുമാനിക്കുന്ന ഒരവസരം പത്രോസ് ക്രിസ്തുവിനെ കാണുന്നു. അപ്പോൾ അവൻ ചോദിച്ചു: 'കർത്താവേ, അങ്ങ് എവിടേക്കു പോകുന്നു?' 'ക്രൂശിക്ക പ്പെടേണ്ടതിനായി ഞാൻ റോമിലേക്കു പോകുന്നു' എന്ന് അവിടുന്നു പ്രതിവചിച്ചു. അപ്പോൾ പത്രോസ് ക്രിസ്തുവിനോടു ചോദിച്ചു: 'കർത്താവേ, അങ്ങ് വീണ്ടും ക്രൂശിക്കപ്പെടാൻ പോകയാണോ?' ക്രിസ്തു പറഞ്ഞു: 'അതെ, പത്രോസ്, ഞാൻ വീണ്ടും ക്രൂശിക്കപ്പെടുകയാണ്.' ഇതിനുശേഷം കർത്താവ് സ്വർഗത്തിലേക്കു കരേറി. ഇതു നോക്കി നിന്ന പത്രോസ് യേശുവിന്റെ വാക്കുകളിൽ സന്തോഷിച്ചുകൊണ്ടും കർത്താവിനെ മഹത്വപ്പെടുത്തിക്കൊണ്ടും റോമിലേക്കു മടങ്ങിപ്പോയി. പത്രോസിനെ പ്രീഫെക്ട് അഗ്രിപ്പാ മരണത്തിനു വിധിക്കുന്നതും മറ്റും ഈ കഥയിൽ തുടർന്നു വിവരിക്കുന്നു. അദ്ദേഹത്തെ സ്വന്ത ആഗ്രഹപ്രകാരം തലകീഴായി കുരിശിൽ തറച്ചു. മരിക്കുന്നതിനു മുമ്പ് പത്രോസ് ഒരു നീണ്ട പ്രസംഗം ചെയ്തു. ഇതിലും ജ്ഞാനവാദത്തിന്റെ സ്വാധീനം നിഴലിക്കുന്നുണ്ട്.

3. പത്രോസിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ച് ലീനൂസിന്റെ വിവരണം: ലത്തീൻ ഭാഷയിലുള്ള ഈ കൃതി 6-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ടതാണ്. അതിനാൽ ഈ ഗ്രന്ഥത്തിന്റെ കർത്താവ് എന്ന് കരുതപ്പെടുന്ന ലീനൂസ് പത്രോസിന്റെ ആദ്യപിൻഗാമിയായിരിക്കുകയില്ല. ഇത് വെറുമൊരു കെട്ടുകഥയാണ്. രക്തസാക്ഷിത്വത്തെപ്പറ്റി വെർചെള്ളി കയ്യെഴുത്ത് പ്രതികളിൽ കാണുന്നതിലും അല്പംകൂടി വിശദാംശങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്.

**3. യോഹന്നാന്റെ നടപടികൾ**

ഇന്നുള്ളതിൽ വച്ച് ഏറ്റവും പ്രാചീനമായ ഈ അപ്പോക്രീഫൽ നടപടി 150–നും 180–നും ഇടയ്ക്ക് ഏഷ്യാമൈനറിൽ വച്ചാണ് എഴുതപ്പെട്ടത്. വി. യോഹന്നാന്റെ ഏഷ്യാമൈനറിലുള്ള മിഷനറി യാത്രയെ പറ്റിയുള്ള ദൃക്സാക്ഷിവിവരണം തരാനുള്ള ഉദ്ദേശ്യമാണ് ഇതിനുള്ളത്. യോഹന്നാന്റെ പ്രസംഗങ്ങളേയും അത്ഭുതങ്ങളേയും മരണത്തേയും പറ്റി പ്രതിപാദിക്കുന്ന ഇതിൽ ഡോസെറ്റിക് ചായ്‌വു കാണാൻ കഴിയും. അസാധാരണ കഥകളും രസാവഹ സംഭവങ്ങളും ഇതിൽ വിവരിക്കുന്നു. ഇതിലെ സന്മാർഗ ശാസ്ത്രം, നിലവിലിരുന്ന തത്വശാസ്ത്രത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. മരിച്ചവർക്കു വേണ്ടിയുള്ള ദിവ്യബലിയെപ്പറ്റി പരാമർശിക്കുന്നു.

**4. പത്രോസിന്റെയും പൗലോസിന്റെയും നടപടികൾ**

ഈ പുസ്തകം മൂന്നാം നൂറ്റാണ്ടിൽ പാഷണ്ഡതയ്ക്കെതിരെ എഴുതപ്പെട്ടെന്ന് കരുതപ്പെടുന്നു. ഗൗഡോമേലറ്റെ ദ്വീപിൽ നിന്ന് റോമിലേയ്ക്കുള്ള പൗലോസിന്റെ യാത്രയെപ്പറ്റി പ്രതിപാദിച്ചുകൊണ്ടാണ് ഇത് തുടങ്ങുന്നത്. ഇതിൽ പത്രോസിന്റെയും പൗലോസിന്റെയും സൗഹൃദത്തെയും റോമിലുള്ള അവരുടെ പ്രവർത്തനങ്ങളെയും രക്തസാക്ഷിത്വത്തെയും കുറിച്ച് വിവരിക്കുന്നു. ലത്തീനിലും ഗ്രീക്കിലും ഇതിന്റെ ഭാഗങ്ങൾ ലഭിച്ചിട്ടുണ്ട്.

**5. അന്ത്രയോസിന്റെ നടപടികൾ**

ഒരു ലെവുക്കിയോസ് കറീനോസ് എന്ന പാഷണ്ഡി 260–ഓടുകൂടി 'അന്ത്രയോസിന്റെ നടപടികൾ' എന്നൊരു കൃതി രചിച്ചു. ഈ കൃതിയെപ്പറ്റി എവുസേബിയസ് സാക്ഷിക്കുന്നു (സഭാ.3,25,6): 'സത്യവിശ്വാസികളാരും ഈ കൃതി ഉപയോഗിക്കുന്നില്ല, ശ്ലൈഹികശൈലിയല്ല ഇതിനുള്ളത്; സത്യവിശ്വാസത്തിന് ചേരാത്തതാണ് ഇതിലെ ആശയങ്ങൾ; ഇത് പാഷണ്ഡികളുടെ സൃഷ്ടിയാണ്.' ഇതിന്റെ ചില ഭാഗങ്ങൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു.

**6. തോമസിന്റെ നടപടികൾ**

സുറിയാനി ഭാഷയിൽ മൂന്നാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ രചിക്കപ്പെട്ടതാണിത്. എഡേസ്സായിലെ ബർദൈസാന്റെ ശിഷ്യന്മാരിൽ ഒരാളായിരിക്കാം ഇത് രചിച്ചത്. ഗ്രീക്ക്, അർമേനിയൻ, എത്യോപ്യൻ, ലത്തീൻ എന്നീ വിവിധ ഭാഷകളിൽ ഇതു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ തോമാശ്ലീഹായെ ഇന്ത്യയുടെ അപ്പസ്തോലനും മിഷനറിയുമായി വരച്ചുകാട്ടുന്നു. അദ്ദേഹത്തിന്റെ പ്രേഷിതപ്രവർത്തന യാത്രയ്ക്കിടയ്ക്ക് ഉണ്ടായിട്ടുള്ള സാഹസികാനുഭവങ്ങൾ വിശദമായി ഇതിൽ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ ഗുണ്ടഫർ രാജാവിനെ തോമസ് മാനസാന്തരപ്പെടുത്തി

യെന്നും നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ച ശേഷം രക്തസാക്ഷിയായി മരിച്ചെന്നും ഗ്രന്ഥം സാക്ഷിക്കുന്നു. ഇതിൽ ആകെ 14 അധ്യായങ്ങളാണു ള്ളത്. മനിക്കേയൻ മതചായ്‌വും ഗ്നോസ്റ്റിക് ആശയങ്ങളും അവിടവിടെ കാണാം. വിവാഹമോചനം നേടി ഭാര്യ തന്റെ ഭർത്താവിനെ ഉപേക്ഷിച്ചു ജീവിക്കുവാൻ ഇതു പ്രേരിപ്പിക്കുന്നു. മനോഹരമായ കീർത്തനങ്ങൾ അടങ്ങി യിട്ടുള്ള ഒരു ഗ്രന്ഥമാണിത്. 'ആത്മാവിന്റെ രക്ഷയുടെ കീർത്തന'മാണ് ഏറ്റവും മനോഹരം. ഇത് ഈ ഗ്രന്ഥത്തേക്കാളും പഴക്കമുള്ളതാണ്. ഈ ഗീതത്തിൽ ക്രിസ്തുവിനെ രാജപുത്രനായി ചിത്രീകരിക്കുന്നു. അദ്ദേഹം തന്റെ ജന്മദേശമായ കിഴക്കുനിന്ന് പടിഞ്ഞാറ് ഈജിപ്റ്റിലേക്ക് അയക്കപ്പെട്ടു. പിശാചിനെ തോൽപ്പിച്ച് 'മുത്ത്' സ്വന്തമാക്കിയ ശേഷം തന്റെ രാജ്യത്തിന്റെ കിഴക്ക് പ്രകാശമായി തിരിച്ചെത്തി. രാജ്യത്തിന്റെ കിഴക്കെന്നു പറയുന്നത് സ്വർഗമാണ്; പറുദീസയാണ്. അവിടെനിന്ന് പാപപങ്കിലമായ ലോകത്തിലേക്ക് ആത്മാക്കളെ രക്ഷിക്കാനായി ക്രിസ്തു ഇറങ്ങിവന്നു. (മലയാളവിവർത്തന ത്തിന്: ജി.ചേടിയത്ത്, *മാർതോമായുടെ നടപടികൾ*, കോട്ടയം,1998).

### 7. തദേവൂസിന്റെ നടപടികൾ

എവുസേബിയസിന്റെ സഭാചരിത്രത്തിൽ നിന്നാണ് (1,13) ഇതേപ്പറ്റി അറിവു ലഭിക്കുന്നത്. മൂന്നാം നൂറ്റാണ്ടിൽ സുറിയാനിയിൽ വിരചിതമായ നടപടി എഡേസ്സായിലെ ഗ്രന്ഥശാലയിൽനിന്ന് എവുസേബിയസിന് ലഭിച്ചു. അദ്ദേഹം അത് ഗ്രീക്കിലേക്ക് വിവർത്തനം ചെയ്തു. എഡേസ്സായിലെ രാജാവായിരുന്ന അബ്ഗാർ ഉക്കാമയും യേശുവും തമ്മിലുള്ള കത്തിട പാടുകളാണ് ഇതിലെ ചർച്ചാവിഷയം: മിശിഹായുടെ അത്ഭുതങ്ങളെയും പ്രവർത്തനങ്ങളേയും പറ്റി കേട്ട രാജാവ്, തന്റെ നാട്ടിൽ വന്നു തന്നെ സുഖപ്പെടുത്തണമെന്ന് യേശുവിനോടു ആവശ്യപ്പെട്ടു. യഹൂദന്മാർ യേശു വിനെ പീഡിപ്പിക്കുന്നതിനാൽ തന്റെ രാജ്യത്തു സുരക്ഷിതനായി ജീവിക്കാ മെന്ന് വ്യക്തമാക്കി. പക്ഷേ യേശു ആ ക്ഷണം സ്വീകരിച്ചില്ല; പകരം ഒരു ശിഷ്യനെ അയക്കാമെന്ന് മറുപടി കൊടുത്തു. ക്രിസ്തുവിന്റെ ഉത്ഥാനത്തിനു ശേഷം പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളായ തദേവൂസിനെ എഡേസ്സായിലേ ക്കയച്ചു. രാജാവിനെ തദേവൂസ് സുഖപ്പെടുത്തുകയും ജനങ്ങളെ ക്രിസ്തു വിന്റെ ശിഷ്യരാക്കുകയും ചെയ്തു.

'ആദായിയുടെ പ്രബോധനങ്ങൾ' എന്ന പേരിൽ മറ്റൊരു നടപടി 1876-ൽ പ്രസിദ്ധീകൃതമായി. ഇതിന്റെ ഉള്ളടക്കവും തദേവൂസിന്റെ നടപടിയും, ചുരുക്കം ചില വ്യത്യാസങ്ങളൊഴിച്ചാൽ, ഒരുപോലെയാണ്. 'ആദായിയുടെ പ്രബോധനങ്ങളിൽ'അബ്ഗാർ രാജാവിന്റെ സന്ദേശവാഹ കനായ അനനിയാസ് യേശുവിന്റെ ഒരു ചിത്രം വരച്ച് രാജാവിനു കൊടുക്കു കയും രാജാവ് അതിനെ സംപൂജ്യമായി പ്രതിഷ്ഠിക്കുകയും ചെയ്യുന്നതായി

കാണാം. എന്നാൽ രാജാവിന് യേശു എഴുതിയ എഴുത്തിനെപ്പറ്റി പറയുന്നില്ല. പകരം കർത്താവ് പറഞ്ഞ വാക്കുകൾ രാജാവിനോട് അനനിയാസ് പറയുകയാണ് ചെയ്യുന്നത്. (മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *സഭാ പിതാക്കന്മാർ, വാല്യം 3*, കോട്ടയം, 2000, പേജ്,180-192).[12]

## 4. അപ്പോക്രീഫൽ വെളിപാടുകൾ

യോഹന്നാന്റെ വെളിപാടിന് സമാന്തരമായി നിരവധി വ്യാജ വെളിപാടുകൾ ആദിമസഭയിൽ ഉടലെടുത്തു. മറ്റ് അപ്പോക്രീഫൽ കൃതികളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവയുടെ എണ്ണം കുറവാണ്.

### 1. പത്രോസിന്റെ വെളിപാട്

പത്രോസിന്റെ പേരിലറിയപ്പെടുന്ന വെളിപാടാണ് അപ്രാമാണിക വെളിപാടുകളിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഇത് 125-നും 150-നും മധ്യേ എഴുതപ്പെട്ടു. ആദിമസഭയിൽ ഇതിന് പ്രമുഖ സ്ഥാനമുണ്ടായിരുന്നു. ക്ലെമെന്റ് ഇതിനെ പ്രാമാണിക ഗ്രന്ഥമായി കണക്കാക്കി. മൂറത്തോറിയൻ രേഖാശകലത്തിലും ഇത് പ്രാമാണിക ഗ്രന്ഥമായി ഗണിക്കപ്പെട്ടിരുന്നു. എന്നാൽ ചിലർ ഇത് പള്ളിയിൽ വായിക്കുന്നില്ല എന്നൊരു കുറിപ്പും കൂട്ടിച്ചേർത്തു. സഭാപാരമ്പര്യത്തിൽ ഇതിന്റെ ആധികാരികതയെക്കുറിച്ച് വ്യക്തമായ തെളിവൊന്നുമില്ലെന്ന് എവുസേബിയസ് പറയുന്നു. ആരും ഇത് ഉദ്ധരിക്കുകയോ ഈ രീതിയിൽ ഇതേപ്പറ്റി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല (സഭാ.3:3,2). പലസ്തീനയിലെ സഭയിൽ ദുഃഖവെള്ളിയാഴ്ച ശുശ്രൂഷകളിൽ ഇത് വായിച്ചിരുന്നു (സൊസോമൻ, സഭാ.7,19).

അക്മിമിൽ നിന്ന് ഇതിന്റെ വലിയൊരു ഭാഗം 1886-ൽ കണ്ടുകിട്ടി. 1910-ൽ ഒരു എത്യോപ്യൻ പതിപ്പിൽ ഇതിന്റെ പൂർണരൂപം ലഭിച്ചു. സ്വർഗത്തിന്റെ മഹനീയതയും നരകത്തിന്റെ ബീഭത്സതയും വ്യക്തമാക്കുന്ന തരത്തിലുള്ള ദർശനങ്ങളുടെ രൂപത്തിൽ ഇത് എഴുതപ്പെട്ടിരിക്കുന്നു. ഓരോരുത്തരും ചെയ്തിട്ടുള്ള പാപത്തിന്റെ സ്വഭാവമനുസരിച്ച് ശിക്ഷയുടെ കാഠിന്യം വരച്ചു കാണിക്കുന്നു. പൗരസ്ത്യമതങ്ങളുടേയും 'ഓർഫിക് പിതഗോറിയൻ' യുഗാന്ത്യവീക്ഷണങ്ങളുടേയും സ്വാധീനം ഇതിൽ നിഴലിച്ചിട്ടുണ്ട്. ചില വിവരണങ്ങൾ ഇപ്രകാരമാണ്:

'അതിൽനിന്നു വ്യത്യസ്തമായ മറ്റൊരു സ്ഥലവും ഞാൻ കണ്ടു. വൃത്തികേടിന്റെ കേദാരമാണിവിടം. ഇതാണ് ശിക്ഷ നടപ്പാക്കുന്ന സ്ഥലം. ആ സ്ഥലത്തിന്റെ പ്രത്യേകതയ്ക്ക് അനുസൃതമായി ശിക്ഷിക്കപ്പെടുന്നവരുടേയും ശിക്ഷിക്കുന്ന മാലാഖമാരുടേയും വസ്ത്രം കറുത്തതായിരുന്നു. ചിലർ നാവിന്മേൽ തൂങ്ങിക്കിടക്കുന്നു. അവരുടെ കീഴെ അവരെ പീഡിപ്പിച്ചുകൊണ്ട് തീ കത്തിയെരിയുന്നു. അവർ നാവുകൊണ്ട് ദൈവദൂഷണം പറഞ്ഞവരാണ്.'

‘തിളച്ചുമറിയുന്ന ചെളിക്കുണ്ട്. അതിൽ ഏതാനും മനുഷ്യർ. അവയുടെ സമീപം അവരെ പീഡിപ്പിക്കുന്ന മാലാഖമാർ. നീതിയുടെ മാർഗത്തിൽ നിന്ന് അകന്നുപോയവരാണ് അവർ. ചില സ്ത്രീകൾ അവരുടെ തലമുടിയിന്മേൽ തൂങ്ങിക്കിടക്കുന്നു. അവരുടെ താഴെ തിളച്ചുമറിയുന്ന ചെളിക്കുണ്ട്. വേശ്യാവൃത്തിക്കു വിധേയരായവരാണ് അവർ. വ്യഭിചാരത്താൽ മലിനമാക്കപ്പെട്ട പുരുഷന്മാർ തലകീഴായി തൂങ്ങിക്കിടക്കുന്നു. അവരുടെ തല ചെളിക്കുണ്ടിൽ പുതഞ്ഞിരിക്കുന്നു. അവർ ഇങ്ങനെ വിളിച്ചു പറഞ്ഞു, ഈ സ്ഥലത്ത് എത്തിച്ചേരുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നില്ല.’

‘കൊലപാതകികളും അവർക്കു കൂട്ടുനിന്നവരും എല്ലാവിധ നിന്ദ്യവസ്തുക്കളുടേയും മധ്യത്തിലേക്ക് എറിയപ്പെട്ടു. എല്ലാവിധ ഇഴജന്തുക്കളും ദുഷ്ടമൃഗങ്ങളും അവരെ പീഡിപ്പിച്ചുകൊണ്ടിരുന്നു. അട്ടകളും പുഴുക്കളും അവരുടെ ശരീരത്തെ പൊതിഞ്ഞിരുന്നു. അവർ കൊന്ന മനുഷ്യരുടെ ആത്മാക്കൾ അവരുടെ സമീപത്ത് നിന്നിരുന്നു. ഇതെല്ലാം കണ്ട് അവർ ഇങ്ങനെ വിളിച്ചുപറഞ്ഞു: ദൈവമേ, അങ്ങയുടെ വിധി നീതിപൂർവം തന്നെയാണ്.’

‘വേറൊരു സ്ഥലവും ഞാൻ കണ്ടു; അവിടെ നിന്നു ശക്തിയായി ദുർഗന്ധം വമിച്ചുകൊണ്ടിരുന്നു. അവിടെ പീഡിപ്പിക്കപ്പെട്ടിരുന്ന സ്ത്രീകൾ താഴെയുണ്ടായിരുന്ന തടാകത്തിന്റെ തീരത്തേക്ക് ഓടിപ്പോയി. അകാലത്തിൽ പുറത്തുവന്ന ധാരാളം പിഞ്ചുകുഞ്ഞുങ്ങൾ അവർക്കെതിരെ നിന്നു കരഞ്ഞുകൊണ്ടിരുന്നു. അവരിൽനിന്ന് അഗ്നിസ്ഫുലിംഗങ്ങൾ പ്രവഹിക്കുന്നു. അവ ആ സ്ത്രീകളുടെ കണ്ണുകളിൽ തുളച്ചുകയറി. ആ സ്ത്രീകൾ അവിഹിത ബന്ധത്തിലൂടെ ഗർഭം ധരിച്ചവരും തുടർന്ന് ഗർഭഛിദ്രം നടത്തിയവരുമായിരുന്നു.’

**2. പൗലോസിന്റെ വെളിപാട്**

മധ്യകാല സാഹിത്യകാരന്മാരെയും കവികളെയും സ്വാധീനിച്ചിട്ടുള്ള ഒരു ഗ്രന്ഥമാണിത്. പൗലോസിന്റെ നാമത്തിൽ ധാരാളം വെളിപാട് ഗ്രന്ഥങ്ങൾ പ്രചരിച്ചിരുന്നു. ഇപ്പോഴുള്ളതിന്റെ മൂലഗ്രന്ഥം 240-നും 250-നുമിടയ്ക്ക് ഈജിപ്റ്റിൽ വച്ച് ഗ്രീക്കുഭാഷയിൽ വിരചിതമായി. സൊസോമൻ ഇതേപ്പറ്റി സൂചിപ്പിക്കുന്നു. പൗലോസിന്റെ തർസോസിലുള്ള ഭവനത്തിൽ നിന്നാണ് ഈ ഗ്രന്ഥം കണ്ടെടുത്തതെന്ന് ഗ്രന്ഥത്തിന്റെ ആമുഖത്തിൽ പറയുന്നെങ്കിലും അത് വാസ്തവമല്ല. ഗ്രീക്കു മൂലത്തിനു പുറമേ, സുറിയാനി, കോപ്റ്റിക്, ലത്തീൻ തുടങ്ങിയ പരി ഭാഷകളും ലഭിച്ചിട്ടുണ്ട്. ലത്തീൻ പരിഭാഷ (ക്രി.വ.500) മൂലത്തേക്കാൾ മെച്ചപ്പെട്ടതാണ്.

ബൈബിളിലെ 2 കൊറി.12-ൽ വിവരിച്ചിരിക്കുന്ന കാര്യങ്ങളെക്കുറിച്ച്

പൗലോസിനുണ്ടായ ദർശനമാണ് ഇതിന്റെ പ്രതിപാദ്യവിഷയം. 'പശ്ചാത്താപം പ്രസംഗിക്കുക'എന്ന ദൗത്യം ശ്ലീഹാ ക്രിസ്തുവിൽനിന്ന് സ്വീകരിക്കുന്നു. സ്വർഗത്തെയും നരകത്തെയും കുറിച്ചുള്ള വിവരണങ്ങൾ ഇതിലുണ്ട്. നരകത്തെപ്പറ്റിയുള്ള ഇതിലെ വിവരണം 'പത്രോസിന്റെ വെളിപാടിലെ' വിവരണത്തോടു സാമ്യമുള്ളതാണ്. നരകവാസികൾക്ക് എല്ലാ ഞായറാഴ്ചയും ലഭിക്കുന്ന വിശ്രമത്തെക്കുറിച്ചുള്ള വിവരണങ്ങളും ഇതിൽ കാണാം. കാവൽ മാലാഖയോടുള്ള ഭക്തി വർദ്ധിപ്പിക്കാൻ ഇത് പരിശ്രമിക്കുന്നു. ഓരോ മാലാഖയും പ്രവർത്തിക്കുന്ന രീതി വിവരിക്കുന്നു. മധ്യകാല കവികളിൽ പ്രമുഖനായ ഡാന്റേയെ ഇത് സ്വാധീനിച്ചിട്ടുണ്ട്. ഭാവനാശക്തിയും സർഗാത്മകതയുമുള്ള കവിയായിരിക്കാം ഇതെഴുതിയത്.

**3. സ്റ്റീഫന്റെ വെളിപാട്**

സ്റ്റീഫന്റെ മരണത്തെക്കുറിച്ചും ഭൗതികാവശിഷ്ടങ്ങൾ കണ്ടെടുത്തതിനെക്കുറിച്ചും ചില കാര്യങ്ങൾ ഇതിൽനിന്നു ഗ്രഹിക്കാം. 'ജലാസിയൻ ഡിക്രി' ത്യജിക്കേണ്ട ഗ്രന്ഥങ്ങളിൽ ഇതിനെ ഉൾപ്പെടുത്തുന്നു.

**4. തോമസിന്റെ വെളിപാട്**

ഏകദേശം 400-ലാണ് ഇത് എഴുതപ്പെട്ടത്. മൂലഭാഷ ലത്തീനാണെന്നും ഗ്രീക്കാണെന്നും രണ്ടു പക്ഷമുണ്ട്. മനിക്കെയിസത്തിന്റെയും ജ്ഞാനവാദത്തിന്റെയും ചിന്താധാരകളാണ് ഇതിൽ പൊതുവെ കാണുക. മ്യൂണിക്കിലുള്ള ഒരു ലത്തീൻ കയ്യെഴുത്തുപ്രതി ഈ പുസ്തകമാണെന്ന് 1907-ൽ തിരിച്ചറിഞ്ഞു. ഇതിൽ പുസ്തകത്തിനു കൊടുത്തിരിക്കുന്ന പേര് 'എപ്പിസ്തൊളാ ദോമിനി നോസ്ത്രി യേസു ക്രിസ്തി ആദ് തോമാം ദിഷീപ്പുളും'എന്നാണ്. ഈ പുസ്തകത്തിന്റെ ഒരു വിവർത്തനം വെർചെള്ളിയിലുള്ള ഒരു ആംഗ്ലോ സാക്സൺ കയ്യെഴുത്തു പ്രതിയിൽ കാണുന്നുണ്ട്. മൂലഭാഷ ഗ്രീക്കായിരുന്നു എന്നൊരു സൂചനയും ഇതിലുണ്ട്. ലോകാന്ത്യത്തെക്കുറിച്ചു തോമസിനു നൽകുന്ന വെളിപാടാണ് ഇതിന്റെ പതിപാദ്യം. ലോകാവസാനത്തെ കാണിക്കുന്ന തെളിവുകൾ അനേകദിവസങ്ങൾ നീണ്ടുനില്ക്കുമെന്ന് ഇതിൽ പറയുന്നു. ഇതേപ്പറ്റി ഇംഗ്ലണ്ടിൽ അറിവു കിട്ടിയത് 9-ാം നൂറ്റാണ്ടോടു കൂടിയാണ്. ഇത് പ്രിഷില്യർ ഉപയോഗിച്ചിരുന്നു.

**5. യോഹന്നാന്റെ വെളിപാട്**

ബൈബിളിലെ വെളിപാട് പുസ്തകത്തിന്റെ കർത്താവായ യോഹന്നാനോട് ഈ പുസ്തകം ബന്ധപ്പെടുത്തിയിരിക്കുന്നു. രണ്ട് അപ്രാമാണിക വെളിപാടുകൾ യോഹന്നാന്റെ പേരിൽ ഉടലെടുത്തു. എ. ബിർക്കും സി. ടിഷെൻഡോർഫും കൂടി ഇതിൽ ആദ്യത്തേതു പ്രസിദ്ധീകരിച്ചു. ലോകാവസാനത്തെയും അന്തിക്രിസ്തുവിനേയും കുറിച്ചുള്ളതാണ് ഇതിലെ

പ്രധാനാശയം. പുതിയ നിയമത്തിലെ വെളിപാടിൽ കാണുന്ന ആശയങ്ങൾ തന്നെയാണ് ഇതിലും പ്രധാനമായി കാണുന്നത്. 'യോഹന്നാന്റെ രണ്ടാമത്തെ വെളിപാടു പുസ്തകം' എഫ്. നൗ പ്രസിദ്ധീകരിച്ചു. ഞായറാഴ്ച എങ്ങനെ ആചരിക്കണം, ഉപവാസം സാധ്യമാണോ, സഭയുടെ ആരാധനക്രമവും അധ്യാപനരീതിയും എപ്രകാരമാണ്, തുടങ്ങിയവ ചർച്ച ചെയ്യുന്നു.

**6. കന്യകയുടെ വെളിപാട്**

മറ്റു വെളിപാട് പുസ്തകങ്ങൾക്കു ശേഷമാണ് ഇതിന്റെ ഉത്ഭവം. മറിയത്തിനുണ്ടായ വെളിപാടുകളാണ് പ്രതിപാദ്യവിഷയം. നരകത്തിലെ പീഡനങ്ങളെക്കുറിച്ച് വെളിപാടുവഴി മറിയത്തിന് അറിവു ലഭിക്കുന്നു. സഹിക്കുന്ന ആത്മാക്കൾക്കുവേണ്ടി അവൾ മാധ്യസ്ഥ്യം വഹിക്കുന്നു. ഗ്രീക്കിലും എത്യോപ്യനിലും ഇതിന്റെ കയ്യെഴുത്ത് പ്രതികൾ ലഭിച്ചിട്ടുണ്ട്. സി.റ്റിഷൻഡോർഫും എം.ആർ. ജെയിംസുമാണ് ഇത് പ്രസിദ്ധീകരിച്ചത്.

## 5. അപ്പോക്രീഫൽ ലേഖനങ്ങൾ

**1. അപ്പസ്തോലന്മാരുടെ ലേഖനം**

അപ്പോക്രീഫൽ ലേഖനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് അപ്പസ്തോലന്മാരുടെ ലേഖനം (*എപ്പിസ്തൊളാ അപ്പസ്തൊളോരും*) ആണ്. 'ആഗോള സഭയ്ക്കു വേണ്ടി എഴുതിയിട്ടുള്ള' ഈ ലേഖനം ഏഷ്യാമൈനറിലോ, ഈജിപ്റ്റിലോ വച്ച് 140-നും 160-നും ഇടയ്ക്ക് എഴുതപ്പെട്ടതാണ്. ഗ്രീക്കു മൂലത്തിലുള്ളത് ഒന്നും തന്നെ അവശേഷിച്ചിട്ടില്ല. 1895-ൽ കെയ്റോയിൽ നിന്ന് കിട്ടിയ കോപ്റ്റിക് ഭാഷാന്തരവും 1913-ൽ പ്രസിദ്ധീകരിച്ച എത്യോപിക് തർജമയുടെ പൂർണരൂപവും ലത്തീൻ പരിഭാഷയുടെ ചില ഭാഗങ്ങളും ഉപയോഗപ്പെടുത്തി 1919-ൽ സി.ഷ്മിത്ത് നിരൂപണത്തോടുകൂടി ഇത് പ്രസിദ്ധപ്പെടുത്തി.

നമ്മുടെ രക്ഷകൻ ഉയിർപ്പിനുശേഷം ശിഷ്യന്മാർക്കു നൽകിയ 'വെളിപാടുകൾ' ഈ ലേഖനത്തിന്റെ പ്രധാന ഭാഗത്ത് കാണാം. പ്രാരംഭ ഭാഗം ക്രിസ്തുവിനോടുള്ള ഏറ്റുപറച്ചിലും അവിടുത്തെ അത്ഭുതങ്ങളുടെ ചുരുക്കവും ഉൾക്കൊള്ളുന്നു. സമാപനഭാഗത്ത് സ്വർഗാരോഹണത്തെക്കുറിച്ച് വിവരിച്ചിരിക്കുന്നു. ഒരു ലേഖനത്തെക്കാൾ വെളിപാടിന്റെ രീതിയാണ് ഇതിനുള്ളത്. പ്രധാനമായും പുതിയ നിയമം ഉപയോഗപ്പെടുത്തിയാണ് ഇതെഴുതിയിരിക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിലെ ഭാഷയും ആശയങ്ങളും ഗ്രന്ഥകാരനെ സ്വാധീനിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ രണ്ടു സ്വഭാവങ്ങളേയും ഇതിൽ വ്യക്തമായി അവതരിപ്പിച്ചിരിക്കുന്നു. ദിവ്യവചനം മാംസം സ്വീകരിച്ചെന്ന് എടുത്തുപറഞ്ഞിട്ടുണ്ട്. ദൈവവചനം വ്യക്തിത്വം

പ്രാപിച്ചതാണ് ഗബ്രിയേലെന്നും ഗബ്രിയേൽ മാതാവിന്റെ ഉദരത്തിൽ പ്രവേശിച്ചെന്നും ഒരിടത്തു പറയുമ്പോൾ, മറ്റൊരു ഭാഗത്ത് ദിവ്യവചനത്തിന്റെ ദൈവത്വത്തെ പിതാവിന്റെ ദൈവത്വത്തോടു താദാത്മ്യപ്പെടുത്തിയിരിക്കുന്നു.

ലേഖനത്തിൽ ചിലയിടങ്ങളിൽ ഗ്നോസ്റ്റിക് ചിന്താഗതികൾ ഉണ്ടെങ്കിലും, വ്യക്തമായും അവയ്ക്കെതിരായ നിലപാടാണ് ഉള്ളത്. ക്ഷുദ്രക്കാരൻ ശീമോനെയും ചെരിന്തൂസിനെയും കള്ളപ്രവാചകന്മാരെന്ന് വിളിക്കുന്നു. ഗ്നോസ്റ്റിക് ചിന്താഗതിക്ക് എതിരായതു കൊണ്ടാണ് ശരീരത്തിന്റെ ഉയർപ്പിന് പ്രാധാന്യം കൊടുത്തിട്ടുള്ളത്. ഉയിർപ്പിനെ 'രണ്ടാം ജന്മമെന്നും' 'നാശം സംഭവിക്കാത്ത വസ്ത്രം' എന്നും വിശേഷിപ്പിച്ചിരിക്കുന്നു. അവസാന വിധിയെക്കുറിച്ചുള്ള വിവരണത്തിൽ ശരീരത്തെ ആത്മാവോടുകൂടി വിധിക്കുമെന്നും അതിനുശേഷം മനുഷ്യവർഗത്തെ രണ്ടായി തിരിക്കുമെന്നും അതിൽ ഒരു ഭാഗം സ്വർഗത്തിൽ ആനന്ദിക്കുമ്പോൾ മറ്റേഭാഗം ജീവിക്കുമെങ്കിലും നിത്യശിക്ഷയ്ക്ക് അർഹരാകുമെന്നും പറഞ്ഞിട്ടുണ്ട്. പരിശുദ്ധ ത്രിത്വം, സഭ, പാപമോചനം തുടങ്ങിയവ വിശ്വാസത്തിന്റെ ഭാഗമായി കൊടുത്തിരിക്കുന്നു. മാമോദീസാ രക്ഷയ്ക്കുള്ള വ്യവസ്ഥയാണ്. അതിനാൽ നീതിമാന്മാരേയും പ്രവാചകന്മാരേയും രക്ഷിക്കുന്നതിന് ക്രിസ്തു പാതാളത്തിലേക്കിറങ്ങി. രക്ഷ പ്രാപിക്കുന്നതിനു മാമോദീസായ്ക്കു പുറമേ, കല്പനകളനുസരിച്ച് ജീവിക്കയും വേണം. ഇങ്ങനെ പോകുന്നു ഈ ലേഖനത്തിന്റെ ദൈവശാസ്ത്രം.

### 2. വി. പൗലോസിന്റെ അപ്രാമാണിക ലേഖനങ്ങൾ

പുതിയ നിയമത്തിലെ ലേഖനങ്ങളിൽ പൗലോസ് എഴുതിയ മറ്റുചില ലേഖനങ്ങളുടെ സൂചന കാണുന്നുണ്ട്. നഷ്ടപ്പെട്ടുപോയ ഈ ലേഖനങ്ങളുടെ വിടവു നികത്താൻ വി. പൗലോസിന്റെ പേരിൽ ചില ലേഖനങ്ങൾ ഉടലെടുത്തു. അവയാണ് പൗലോസിന്റെ അപ്രാമാണിക ലേഖനങ്ങൾ.

#### 1. ലവദീക്യക്കാർക്കുള്ള ലേഖനം

കൊളോസ്യലേഖനം 4:16-ൽ ലവദീക്യക്കാർക്കെഴുതിയ ഒരു ലേഖനത്തെപ്പറ്റി പരാമർശിക്കുന്നു. അതാണ് ഈ അപ്രാമാണിക ലേഖനത്തിനടിസ്ഥാനം. ഈ ലേഖനത്തിന്റെ ശൈലിയും വാക്യഘടനയും വി. പൗലോസിന്റെ ലേഖനങ്ങളോട്, പ്രത്യേകിച്ച് ഫിലിപ്യലേഖനത്തോടു സാമ്യമുള്ളതാണ്. മേൽപറഞ്ഞ ലേഖനം ആരംഭിക്കുന്നതു പോലെ, ലവദീക്യക്കാരുടെ വിശ്വാസ തീക്ഷ്ണതയേയും പുണ്യത്തിൽ വളരാനുള്ള ആഗ്രഹത്തേയും പുകഴ്ത്തിക്കൊണ്ടാണ് ഇതാരംഭിക്കുന്നത്. അപ്പസ്തോലൻ അവരെ പഠിപ്പിച്ച വിശ്വാസത്തിൽ നിലനിൽക്കാനും മറ്റ് ആനുകാലിക

പാഷണ്ഡതകൾക്ക് അടിപ്പെടാതെ സൂക്ഷിക്കാനും ഉപദേശിക്കുന്നു. ഈ ലേഖനം ജയിലിൽ വച്ച് എഴുതപ്പെട്ടു എന്നു സൂചിപ്പിക്കുന്നെങ്കിലും ഉള്ളടക്കത്തിൽ നിന്ന് ഇതെഴുതിയ കാലം കണ്ടുപിടിക്കുക സാധ്യമല്ല. നാലാം നൂറ്റാണ്ടിലായിരിക്കാം എഴുതപ്പെട്ടത്.

മൂറത്തോറിയൻ രേഖാശകലം ഈ ലേഖനത്തെപ്പറ്റി പരാമർശിക്കുന്നു. മാർസിയനിസം പ്രചരിപ്പിക്കാൻ എഴുതിയ ഒരു വ്യാജലേഖനമായിട്ടാണ് ഇതിനെ കണക്കാക്കുക. ഈ ലേഖനമെഴുതിയത് ഗ്രീക്കിലാണെന്ന് കരുതപ്പെടുന്നെങ്കിലും, ഇപ്പോൾ അവശേഷിക്കുന്ന കയ്യെഴുത്തുപ്രതി ലത്തീനിലുള്ളതാണ്. ഇപ്പോഴുള്ള തർജമകളെല്ലാം തന്നെ ലത്തീൻ പ്രതിയെ ആശ്രയിച്ചുള്ളതാണ്. ഇംഗ്ലണ്ടിലെ ചില ബൈബിൾ പ്രതികളിൽ ഈ ലേഖനം കൂട്ടിച്ചേർത്തു കാണുന്നുണ്ടെങ്കിലും, സഭ ഇതിനെ ആധികാരികമായി സ്വീകരിച്ചിട്ടില്ല.

**2. അലക്സാണ്ഡ്രിയാക്കാർക്കുള്ള ലേഖനം**

ലവദീക്യക്കാർക്കുള്ള ലേഖനത്തോടൊപ്പം അലക്സാണ്ഡ്രിയാക്കാർക്കുള്ള ഒരു ലേഖനത്തെപ്പറ്റിയും മൂറത്തോറിയൻ രേഖാശകലം പരാമർശിക്കുന്നു. എന്നാൽ ഇന്ന് ഇതേപ്പറ്റി യാതൊരു വിവരവുമില്ല.

**3. കൊറിന്തോസുകാർക്കെഴുതിയ മൂന്നാം ലേഖനം**

കൊറിന്തോസുകാർ പൗലോസിന് എഴുതിയ ഒരു കത്തിന് മറുപടി എന്ന രീതിയിലാണ് ഇതെഴുതിയിരിക്കുന്നത്. വിശ്വാസം തകിടം മറിക്കാൻ ശ്രമിച്ച ശീമോൻ, ക്ലെയോബിയൂസ് എന്നീ പാഷണ്ഡരെക്കുറിച്ച് അവർ പ്രസ്തുത കത്തിൽ പൗലോസിന് അറിവ് കൊടുക്കുന്നു. താഴെപ്പറയുന്നവയാണ് അവരുടെ പ്രധാനാശയങ്ങൾ: പ്രവാചകസ്ഥാനം വേണ്ടെന്നും ദൈവം സർവശക്തനല്ലെന്നും ശരീരത്തിന്റെ ഉയിർപ്പില്ലെന്നും മനുഷ്യൻ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവനല്ലെന്നും ക്രിസ്തു ഭൂമിയിലേക്കു വന്നത് ശരീരത്തിലല്ലെന്നും മറിയത്തിൽ നിന്ന് ജനിച്ചതല്ലെന്നും ഭൂമി ദൈവത്തിൽ നിന്നല്ല മാലാഖമാരിൽ നിന്നാണ് ഉണ്ടായതെന്നും അവർ പറയുന്നു.

ഈ ലേഖനത്തിൽ ഭൂമിയുടെ സൃഷ്ടി, മനുഷ്യകുലവും അതിന്റെ സ്രഷ്ടാവും, മനുഷ്യാവതാരം, ശരീരത്തിന്റെ ഉയർപ്പ് എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതുകൊണ്ട് പൗലോസിന്റെ മറുപടി പ്രാധാന്യമർഹിക്കുന്നു. കൊറിന്തോസിൽ നിന്നെഴുതിയ കത്തും ഫിലിപ്പിയിലെ ജയിലിൽ നിന്ന് പൗലോസ് എഴുതിയ മറുപടിയും പൗലോസിന്റെ ലേഖനങ്ങളുടെ സുറിയാനിയിലുള്ള സമാഹാരത്തിൽ ഉൾപ്പെട്ടിരുന്നു. അർമേനിയൻ, സുറിയാനി സഭകൾ അവയെ ആധികാരികമായി പരിഗണിച്ചിരുന്നു. അതിന്റെ ഒരു ലത്തീൻ പരിഭാഷ മൂന്നാം നൂറ്റാണ്ടിൽ തന്നെ ഉണ്ടായി.

**4. പൗലോസും സെനെക്കായും തമ്മിലുള്ള കത്തിടപാടുകൾ**

റോമൻ ദാർശനികനായ സെനെക്കാ പൗലോസിനെഴുതിയ എട്ടു കത്തുകളുടേയും അപ്പസ്തോലന്റെ ആറ് ചെറിയ മറുപടികളുടേയും സമാഹാരമാണിത്. മൂന്നാം നൂറ്റാണ്ടിനുമുമ്പ് ലത്തീനിൽ ഇവ എഴുതപ്പെട്ടു. അനേകർ ഇവ വായിച്ചിരുന്നെന്ന് വി. ജറോം സാക്ഷ്യപ്പെടുത്തുന്നു (മഹദ്. 12): പരിശുദ്ധാത്മാവ് പൗലോസിലും പൗലോസിന് മുകളിലും ഇരുന്ന് ഇത്ര ഉന്നതവും പ്രശംസനീയവുമായ പ്രബോധനം പുറപ്പെടുവിക്കുന്നതിനാൽ ഈ കത്തുകൾ തന്നിൽ വളരെ അഗാധമായ അഭിപ്രായം സൃഷ്ടിച്ചുവെന്നു സെനെക്കാ പൗലോസിനെഴുതി. എന്നാൽ അദ്ദേഹത്തിന് പൗലോസിന്റെ ശൈലി ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് അദ്ദേഹം അനുശാസിക്കുന്നു: 'ആശയഗാംഭീര്യത്തിനു നല്ല ശൈലി അത്യാവശ്യമാണെന്നു താങ്കൾ മനസ്സിലാക്കണമെന്ന് ഞാൻ താല്പര്യപ്പെടുന്നു.' തങ്ങളുടെ പഠനങ്ങൾ വഴി എന്താണു ചെയ്യാൻ സാധിക്കുന്നതെന്നു വഞ്ചനാപരമായി പരിശ്രമിക്കുന്ന വരേക്കാൾ ദൈവം എളിയവന്റെ അധരങ്ങൾ വഴിയാണ് സംസാരിക്കുന്ന തെന്ന് ഈ രേഖ ചൂണ്ടിക്കാണിക്കുന്നു. ഭാഷാശൈലിയുടെ വൈകല്യങ്ങൾ കണക്കിലെടുക്കാതെ പൗലോസിന്റെ ആധികാരിക ലേഖനങ്ങൾ റോമാക്കാർ വായിക്കണമെന്ന് ഇതിന്റെ കർത്താവ് ഉപദേശിക്കുന്നു.[13]

അധ്യായം 7

# പദ്യസാഹിത്യത്തിന്റെ ഉദയം

## 1. ആദിമ ക്രൈസ്തവരുടെ സ്തുതിഗീതങ്ങൾ

ആരംഭത്തിൽ തന്നെ ക്രിസ്തീയാരാധനയിൽ സ്തുതിഗീതങ്ങൾ അവശ്യഘടകമായി തീർന്നിരുന്നു. പഴയനിയമത്തിലെ സങ്കീർത്തനങ്ങളും ഗീതങ്ങളും ആദിമ ക്രിസ്തീയ ആരാധനക്രമത്തിൽ മുഖ്യപങ്ക് വഹിച്ചു. ക്രിസ്ത്യാനികൾ ഇതുപോലുള്ള ഗീതങ്ങൾ രചിച്ചു. കൊളോസ്യ ലേഖനത്തിൽ കാണുന്ന സ്തുതിഗീതങ്ങളും ആധ്യാത്മികഗീതങ്ങളും (3,16) ഇത്തരത്തിൽപ്പെട്ടവയാണ്. മാതാവിന്റെ സ്തുതിപ്പ് (ലൂക്കാ.1:46), സക്കറിയാസിന്റെ സ്തുതിപ്പ് (ലൂക്കാ.1:68), മാലാഖമാരുടെ കീർത്തനം (ലൂക്കാ.2:14ff) എന്നിവ ഉദാഹരണങ്ങളാണ്. കുഞ്ഞാടിനെ സ്തുതിച്ചു കൊണ്ട് സ്വർഗത്തിലെ നീതിമാന്മാർ പാടുന്ന പുതിയ സ്തുതിഗീതങ്ങളെ പ്പറ്റി വെളിപാട് പുസ്തകത്തിൽ യോഹന്നാൻ ശ്ലീഹാ പ്രതിപാദിക്കുന്നു (1:4–7; 8–11). ഇവയിൽ നിന്ന് ക്രിസ്തീയ സ്തുതിഗീതങ്ങളുടെ സ്വഭാവത്തേയും ഉള്ളടക്കത്തേയും പറ്റി ഗ്രഹിക്കാൻ സാധിക്കും. ഈ പാട്ടുകൾ ക്രമീകൃത പദ്യഗണത്തിൽ ഉൾപ്പെടുന്നില്ല. ഉത്കൃഷ്ടമായ ശൈലിയിലാണ് ഇവ എഴുതപ്പെട്ടിരിക്കുന്നത്. ഹെലനിസ്റ്റിക് സാഹിത്യവുമായി ബന്ധമുണ്ടായിരുന്ന രണ്ടാം നൂറ്റാണ്ടിലെ ജ്ഞാനവാദികൾ അവരുടെ അബദ്ധോപദേശങ്ങൾ പ്രചരിപ്പിക്കാൻ സ്തുതിഗീതങ്ങൾ രചിക്കുകയുണ്ടായി. ഇങ്ങനെയുള്ള സ്തുതിഗീതങ്ങൾ തോമസിന്റെ നടപടി, യോഹന്നാന്റെ നടപടി മുതലായ അപ്രാമാണിക ഗ്രന്ഥങ്ങളിലുണ്ട്.

ക്രിസ്തീയാശയങ്ങൾ പ്രചരിപ്പിക്കാനായി ക്ലെമെന്റ് ക്രിസ്തുവിന്റെ നാമത്തിൽ ഒരു സ്തുതിഗീതമെഴുതി. പൈദഗോഗസിന്റെ അവസാന ഭാഗത്ത് ക്രിസ്തുവിനെ ഇങ്ങനെ പുകഴ്ത്തുന്നു: ‘വിശുദ്ധരുടെ രാജാവ്, പിതാവിന്റെ സർവശക്തമായ വചനം, ഏറ്റവും പ്രമുഖനായ കർത്താവ്, വിജ്ഞാനത്തിന്റെ തലവനും പ്രധാനിയും, എല്ലാ ദുഃഖങ്ങളുടേയും ശാന്തി, എല്ലാ

സമയത്തിന്റേയും യുഗങ്ങളുടേയും കർത്താവ്, നമ്മുടെ വംശത്തിന്റെ രക്ഷകനായ ക്രിസ്തു.'

ഗ്രീക്കു സഭയുടെ സായാഹ്ന ശുശ്രൂഷയിൽ ഇപ്പോഴും ഉപയോഗിക്കുന്ന സായാഹ്ന സ്തുതിഗീതം രണ്ടാം നൂറ്റാണ്ടിലേതാണ്: 'നിത്യപിതാവിന്റെ പാവനമഹത്വവും മഹോന്നത പ്രകാശവുമായ യേശുക്രിസ്തു അസ്തമയ ത്തിങ്കൽ എത്തിച്ചേർന്നു; സായാഹ്നപ്രകാശം ദർശിച്ച ഞങ്ങൾ പിതാവി നേയും പുത്രനേയും ദൈവത്തിന്റെ പരിശുദ്ധാത്മാവിനേയും സ്തുതി ക്കുന്നു. ജീവൻ പ്രദാനം ചെയ്ത ദൈവപുത്രാ, വിശുദ്ധ കീർത്തനങ്ങളാൽ സദാസമയവും നിന്നെ സ്തുതിക്കുന്നത് ന്യായമാകുന്നു. അതുകൊണ്ട് പ്രപഞ്ചം നിന്നെ മഹത്ത്വപ്പെടുത്തുന്നു.'

മൂന്നാംനൂറ്റാണ്ടിലെ ഒരു ക്രിസ്തീയ സ്തുതിഗീതത്തിന്റെ ഭാഗം ഓക്സിറിങ്കോസിൽ നിന്ന് 1922-ൽ കിട്ടി. അത് ഇങ്ങനെയാണ്: 'ദൈവത്തിന്റെ മഹത്വീകരിക്കപ്പെട്ട സൃഷ്ടവസ്തുക്കൾ ഒന്നും നിശ്ശബ്ദമായിരിക്കരുത്. നക്ഷത്രങ്ങളുടെ മഹനീയശോഭ കണ്ട് സ്തംഭിച്ചു നിൽക്കയുമരുത്. അരുവിയിലൂടെ കുതിച്ചു പായുന്ന ജലം നമ്മുടെ പിതാവിനേയും പുത്ര നേയും പരിശുദ്ധാത്മാവിനേയും മഹത്ത്വപ്പെടുത്തണം.'

ക്രിസ്തുവിനെ അഭിസംബോധന ചെയ്ത് എഴുതിയ സ്തുതിഗീതങ്ങൾ ആധുനികമാണെന്നും അവ ആധുനിക എഴുത്തുകാരുടേതാണെന്നുമുള്ള കാരണത്താൽ സാമോസാട്ടക്കാരൻ പൗലോസ് എന്ന അന്ത്യോക്യൻ മെത്രാൻ അവ നിർത്തലാക്കി. ഇക്കാരണത്താൽ ഒരു സിനഡ് അയാളെ കുറ്റപ്പെടുത്തിയെന്ന് എവുസേബിയസ് പറയുന്നു (സഭാ.7,30,10). ദേവന്മാരെ സ്തുതിച്ചുകൊണ്ടുള്ള സ്തുതിഗീതങ്ങൾക്കു പകരം ക്രൈസ്തവകുടുംബ ങ്ങളിൽ സ്തുതിഗീതങ്ങൾ ആലപിച്ചിരുന്നു. അവ ക്രിസ്തീയാരാധന ക്രമത്തെ സ്വാധീനിക്കുക മാത്രമല്ല, ചുറ്റുപാടുമുള്ള സംസ്കാരങ്ങളിൽ ആശയങ്ങൾ പ്രചരിപ്പിക്കാൻ സഹായിക്കുക കൂടി ചെയ്തു.

### 2. സോളമന്റെ ഗീതകങ്ങൾ

നാല്പ്പത്തിരണ്ട് ചെറിയ ഗീതങ്ങളുടെ ഒരു സമാഹാരമാണിത്. ആറാം നൂറ്റാണ്ടു മുതലുള്ള എഴുത്തുകാർ ഇതിനെ പരാമർശിക്കുന്നു. എന്നാൽ 1908-ൽ ജെ. ആർ. ഹാരിസ് ഒരു സുറിയാനി കയ്യെഴുത്തു പ്രതിയിൽ ഇതു കണ്ടുപിടിക്കുന്നതുവരെ ഇതിന്റെ ചില ഭാഗങ്ങൾ മാത്രമേ അറിയപ്പെട്ടിരു ന്നുള്ളൂ. അറിയപ്പെട്ട ഭാഗങ്ങൾ: (1) 'പിസ്തിസ് സോഫിയാ' എന്നറിയ പ്പെടുന്ന ഗ്നോസ്റ്റിക് കൃതിയിൽ ഉൾക്കൊണ്ടിരുന്ന അഞ്ചു ഗീതങ്ങൾ. (2) ലക്താൻസ്യൂസിൽ കാണുന്ന ഒരുദ്ധരണി. ബോഡ്മർ പപ്പീറസ്സിൽ ഗീതം 11-ന്റെ ഗ്രീക്ക് കാണാം. ഏതോ യൂദകൃതിയുടെ ക്രിസ്തീയ പതിപ്പാണ് ഈ ഗീതങ്ങൾ. അല്ലെങ്കിൽ പൂർണമായും ഒരു ക്രിസ്തീയ കൃതിയാണിത്. ചില ഗ്നോസ്റ്റിക് ചിന്താഗതികളും പദപ്രയോഗങ്ങളും ഉണ്ടെങ്കിലും, ഈ

www.malankaralibrary.com

കൃതി പാഷണ്ഡരുടെ സംഭാവനയല്ല. സിറിയായിലോ, പലസ്തീനയിലോ ഒന്നാം നൂറ്റാണ്ടിലോ, രണ്ടാം നൂറ്റാണ്ടിലോ എഴുതപ്പെട്ടതാണിവ. മൂലകൃതി ഗ്രീക്കിലാണോ, സുറിയാനിയിലാണോ എന്നതിനെപ്പറ്റി വിവിധ അഭിപ്രായങ്ങളുണ്ട്. വിജ്ഞാന സാഹിത്യത്തിലെ 'വിജ്ഞാനം' എന്ന പദപ്രയോഗം ഈ ഗീതങ്ങളിൽ ക്രിസ്തുവിനെ കുറിക്കാൻ പ്രയോഗിച്ചിരിക്കുന്നു. ക്രിസ്തു പാതാളത്തിലേക്കു പോയകാര്യം വിശദമായി ചർച്ചചെയ്യുന്നു; പരിശുദ്ധാത്മാവിനെ സംബന്ധിച്ചുള്ള പ്രബോധനം ഇതിൽ കുറച്ചേയുള്ളൂ. സഭ എന്ന വാക്ക് ഒരിടത്തും കാണുന്നില്ല. (മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *സഭാപിതാക്കന്മാർ, വാല്യം 3*, കോട്ടയം, 2000, പേ.59-107).

### 3. സിബിലിന്റെ വെളിപാടുകൾ

സിബിലിന്റെ[14] ഐതിഹാസിക നാമത്തിൽ എഴുതപ്പെട്ടിട്ടുള്ളതും ആറുവരി വീതമുള്ളതുമായ പ്രബോധനകാവ്യങ്ങൾ അടങ്ങിയ 15 പുസ്തകങ്ങൾ ഇതിൽ ഉൾപ്പെടുന്നു. അവയിൽ ഭൂരിഭാഗവും 2-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ടവയാണ്. ബി.സി. രണ്ടാം ശതകത്തിന്റെ ആരംഭത്തിൽത്തന്നെ ഹെല്ലനിസ്റ്റിക് യഹൂദർ അവിശ്വാസികളുടെയിടയിൽ യഹൂദമതം പ്രചരിപ്പിക്കുവാൻ സിബിലിന്റെ വചനങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നു. 'എരിത്രിയായിലെ സിബിലിന്റെ വചനങ്ങൾ' തുടങ്ങിയ വിജാതിയ വെളിപാടുകൾ അവർ തങ്ങളുടെ കൃതിയിൽ ഉൾക്കൊള്ളിച്ചു.

ക്രിസ്തുവർഷം രണ്ടാം നൂറ്റാണ്ടിലെഴുതപ്പെട്ട 'സിബിലിന്റെ ദൈവിക വെളിപാടുകൾ' എന്ന ഗ്രന്ഥം രചിക്കാൻ ഈ പ്രചാരണ പ്രവണത ക്രിസ്തീയ ഗ്രന്ഥകാരന്മാരെ പ്രേരിപ്പിച്ചു. വിജാതിയ, യഹൂദ, ക്രൈസ്തവ ഘടകങ്ങളുടെ ചരിത്രപരവും രാഷ്ട്രീയപരവും മതപരവുമായ സ്വഭാവങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് എഴുതപ്പെട്ടിരിക്കുന്ന ഒരു സമാഹാരമാണ് ഗ്രന്ഥത്തിന്റെ ഇന്നുള്ള രൂപം. തികച്ചും ക്രൈസ്തവോത്ഭവം എന്നു പറയാവുന്നവ VI,VII എന്നീ പുസ്തകങ്ങളും VIII -ാം പുസ്തകത്തിന്റെ സിംഹഭാഗങ്ങളുമാണ്. XIII, XIV എന്നീ പുസ്തകങ്ങളും ഒരു പരിധിവരെ ഇതിൽപ്പെടുത്താം. I, II, V എന്നീ പുസ്തകങ്ങൾ യഹൂദരുടേതാണെങ്കിലും, അവയിൽ ക്രിസ്തീയ പ്രക്ഷിപ്തങ്ങൾ അടങ്ങിയിട്ടുണ്ട്. IX, X ,XV എന്നീ പുസ്തകങ്ങൾ ഇതുവരെ കണ്ടെടുക്കപ്പെട്ടിട്ടില്ല. XI -ാം പുസ്തകവും XIV-ാം പുസ്തകവും 1817 -ൽ കാർഡിനൽ എ. മായി കണ്ടെടുത്തു.

ആറാം പുസ്തകം ക്രിസ്തുവിനോടുള്ള ഒരു സ്തുതി ഗീതമാണ്. അതു താഴെ ചേർക്കുന്നു: 'അമർത്യന്റെ ഏറ്റവും വിഖ്യാതനായ പുത്രനെപ്പറ്റി ഞാൻ സംസാരിക്കുന്നു, അവനെ ജനിപ്പിച്ച അത്യുന്നതൻ അവനെ സ്വന്തമാക്കാൻ, അവൻ ജനിക്കുന്നതിനു മുമ്പേ ഒരു സിംഹാസനം നല്കി. ശാരീരികമായി രണ്ടാമതും അവൻ എഴുന്നേല്പിക്കപ്പെട്ടതിനാൽ യോർദാൻ

നദിയുടെ അരുവികളിൽ അവൻ കഴുകിയപ്പോൾ തിരകളെ തലോടിക്കൊണ്ട്, പ്രകാശിക്കുന്ന പാദങ്ങളിൽ അവൻ സഞ്ചരിക്കുന്നു. അവൻ തീയിൽനിന്ന് രക്ഷപെടും, സന്തുഷ്ടനായ ദൈവം പ്രാവിന്റെ വെളുത്ത ചിറകുകളിന്മേൽ, അരൂപിയിൽ വരുന്നത് ആദ്യമായി കാണുന്നത് അവനായിരിക്കും.

ഒരു മനോഹര പുഷ്പം വിടരും.
ഉറവകൾ പൊട്ടിപ്പുറപ്പെടും.
അവൻ മനുഷ്യരെ വഴികൾ കാണിക്കും.
അവൻ സ്വർഗീയ പാതകൾ കാണിക്കും.
അവൻ വിജ്ഞാനവാക്കുകൾ കൊണ്ട് എല്ലാവരേയും പഠിപ്പിക്കും.
അവൻ ന്യായവിധിക്കായി വരും.
അനുസരണമില്ലാത്ത ജനത്തെ പ്രേരിപ്പിക്കും.
അവൻ സ്വർഗീയ പിതാവിൽ നിന്നുള്ള
സ്തുത്യർഹമായ ഇറക്കത്തിൽ അഭിമാനം കൊള്ളും.
അവൻ തിരമാലകൾക്കു മീതെ നടക്കും.
അവൻ മനുഷ്യരുടെ രോഗങ്ങൾ സുഖമാക്കും.
അവൻ മരിച്ചവരെ ഉയർപ്പിക്കും.
അവൻ നിരവധി ദുഃഖങ്ങളകറ്റും.

ദാവീദിന്റെ ഭവനത്തിൽ നിന്ന് ഒരു മുളയുണ്ടാകുമ്പോൾ, ഒരു ചെറു സഞ്ചിയിൽനിന്ന് മനുഷ്യർക്ക് അപ്പത്തിന്റെ ചെടിപ്പുണ്ടാകും. കടലും കരയും ആകാശവും ലോകം മുഴുവനും അവന്റെ കൈയിലാണ്. അവൻ മിന്നൽ പ്പിണർ പോലെ ഭൂമിയിൽ പ്രകാശിക്കും. അവൻ ആദ്യം പ്രകാശിച്ചപ്പോൾ ഇരട്ട പിറന്നവർ മറ്റെയാളുടെ പാർശ്വത്തിൽനിന്ന് ഒരിക്കൽ അവനെ കണ്ടതുപോലെ ഒരു ശിശുവിന്റെ പ്രത്യാശയിൽ ഭൂമി സന്തോഷിക്കുമ്പോൾ ഇതു സംഭവിക്കും. എന്നാൽ സോദോം രാജ്യമേ, നിനക്കുമാത്രം അരിഷ്ട തകൾ ഒരുക്കപ്പെട്ടിരിക്കുന്നു. നിന്റെ നശ്വരനയനങ്ങൾക്കു മുമ്പിൽ ദൈവം പ്രത്യക്ഷനായപ്പോൾ നിന്റെ ദുർമനസ്സുകൊണ്ട് നീ തിരിച്ചറിഞ്ഞില്ല. എന്നാൽ നീ ഒരു മുൾക്കിരീടം കൊണ്ട് അവനെ കിരീടം ധരിപ്പിച്ചു. അവനെ നിന്ദിക്കാൻ വേണ്ടി, കുടിക്കാൻ നീ കടുത്ത കയ്പു കലർത്തി. അതു നിനക്കു വലിയ ഉപദ്രവം ഉണ്ടാക്കും. ഏറ്റവും ഭാഗ്യം നിറഞ്ഞ മരമേ, നിന്നിൽ ദൈവം നിവർത്തി കിടത്തപ്പെട്ടു. ഭൂമിക്കു നിന്നെ ഒതുക്കാൻ സാധ്യ മല്ല. സ്വർഗം നിന്റെ ഭവനമായി നീ കണ്ടെത്തും. ദൈവമേ, നിന്റെ തീക്ക ണ്ണുകൾ മിന്നൽ പോലെ പ്രകാശിക്കുന്നു.'

വിജാതിയ രാഷ്ട്രങ്ങൾക്കും പട്ടണങ്ങൾക്കും എതിരെയുള്ള കലാപങ്ങളേയും ദൗർഭാഗ്യങ്ങളെയും കുറിച്ച് ഏഴാംപുസ്തകം(162 വാക്യങ്ങൾ) പ്രവചിക്കുന്നു. സകലത്തിന്റെയും സുവർണാന്ത്യത്തിന്റെ

രൂപരേഖയും തരുന്നു. എട്ടാംപുസ്തകം പരലോകജീവിതത്തെ സംബന്ധിച്ചുള്ളതാണ്. ആദ്യഭാഗം മുഴുവൻ (1–216) റോമിനെതിരെയുള്ള വെറുപ്പും ശാപങ്ങളുമാണ്; അതോടൊപ്പം ഹഡ്രിയൻ, പീയൂസ്, ലൂഷ്യസ് വേരൂസ്, മാർക്കുസ് ഔറേലിയസ് എന്നിവരെക്കുറിച്ചും പ്രതിപാദിക്കുന്നു. അതിനാൽ മിക്കവാറും ഒരു യഹൂദൻ 180–ന് മുമ്പെങ്കിലും ഇത് രചിച്ചെന്ന് അനുമാനിക്കാം. ബാക്കിയുള്ള ഭാഗം ക്രിസ്തീയ സ്വഭാവം ഉള്ളതാണ്. *ഏസൂസ് ക്രിസ്തോസ് തേവു യുയ്യോസ് സൊത്തേർ സ്തൗറോസ്* (*Jesus Christos Theou uios Soter Stauros-Jesus Christ, Son of God, Saviour*, Cross-യേശുക്രിസ്തു, ദൈവപുത്രൻ, രക്ഷകൻ, കുരിശ്) എന്നീ ഗ്രീക്ക് പദങ്ങളുടെ ആദ്യക്ഷരങ്ങൾ ചെർത്തുണ്ടാക്കിയ 'ഇക്തൂസ്'(മത്സ്യം എന്നർഥം) എന്ന പ്രസിദ്ധ നിഗൂഢാക്ഷരശ്ലോകം (*Acrostic*) ഇതിന്റെ ആരംഭത്തിൽ തന്നെ കാണുന്നു. ആദിമ ക്രിസ്തീയസാഹിത്യത്തിലും കലയിലും ഈ പദവും മത്സ്യത്തിന്റെ ചിഹ്നവും ക്രിസ്തുവിനെ സൂചിപ്പിക്കാൻ ഉപയോഗിച്ചു. ഇതേപ്പറ്റി കോൺസ്റ്റൻടൈനും (*Ad Coetum Sanctorum,18*) അഗസ്റ്റിനും (ദൈവനഗരം, 18,23) പ്രതിപാദിക്കുന്നു. പരലോക ജീവിതത്തെക്കുറിച്ചുള്ള വിവരണത്തിനു ശേഷം ദൈവത്തിന്റേയും ക്രിസ്തുവിന്റേയും സത്ത, ക്രിസ്തുവിന്റെ ജനനം, ക്രൈസ്തവരുടെ ആരാധന എന്നീ വിഷയങ്ങളിലേക്ക് കടക്കുന്നു.

മധ്യകാലമനുഷ്യർ സിബിലിന്റെ വെളിപാടുകളെ മതിപ്പോടെ വീക്ഷിച്ചിരുന്നു. തോമസ് അക്വിനാസിനെപ്പോലുള്ള ദൈവശാസ്ത്ര ജ്ഞന്മാരിലും, ഡാന്റെ, കാൽഡെറോൺ തുടങ്ങിയവരെപ്പോലുള്ള കവികളിലും ഈ വെളിപാടുകൾ സ്വാധീനം ചെലുത്തിയിരുന്നു. റാഫേൽ, മൈക്കിൾ ആഞ്ചലോ തുടങ്ങിയ ചിത്രകാരന്മാർ ഇതിലെ ആശയങ്ങളിൽ നിന്ന് പ്രചോദനം സ്വീകരിച്ചിട്ടുണ്ട്.

### 4. സെക്സ്റ്റസിന്റെ മൊഴികൾ

വിജാതിയ ധാർമിക വചനങ്ങളുടേയും ജീവിതനിയമങ്ങളുടേയും സമാഹാരം സെക്സ്റ്റസിന്റെ മൊഴികൾ എന്ന പേരിൽ അറിയപ്പെടുന്നു. പിത്തഗോറിയൻ തത്വശാസ്ത്രജ്ഞനായ സെക്സ്റ്റസിന്റെ പേരിലാണവ ആരോപിക്കപ്പെട്ടിരിക്കുന്നത്. രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഒരു ക്രൈസ്തവ ഗ്രന്ഥകാരൻ അവ നവീകരിച്ചെഴുതി. ഈ മൊഴികളെപ്പറ്റി ആദ്യമായി സൂചിപ്പിക്കുന്നത് ഒരിജനാണ്. സെക്സ്റ്റസിന്റെ എഴുത്തുകളിൽ നിന്ന് ഒരു മൊഴി അദ്ദേഹം *ചെൽസൂസിനെതിരെ* എന്ന പുസ്തകത്തിൽ ഇങ്ങനെ ഉദ്ധരിക്കുന്നു: ‘‘മൃഗങ്ങളെ ഭക്ഷിക്കുന്നത് നിഷ്പക്ഷമായ ഒരു കാര്യമാണ്. പക്ഷേ അവ വർജിക്കുന്നത് ബുദ്ധിക്കു കൂടുതൽ ഇണങ്ങുന്നതാണ്’’ (8,30). റൂഫീനസ് ഗ്രീക്കുഭാഷയിൽ നിന്ന് ലത്തീനിലേക്ക് 451 മൊഴികൾ വിവർത്തനം ചെയ്തു. പിത്തഗോറിയൻ തത്വശാസ്ത്രജ്ഞനായ

സെക്സ്റ്റസും, റോമാമെത്രാനും രക്തസാക്ഷിയുമായ സിക്സ്റ്റസ് രണ്ടാമനും ഒരാളാണെന്ന് അദ്ദേഹം തന്റെ ലത്തീൻ പതിപ്പിന്റെ ആമുഖത്തിൽ സമർത്ഥിക്കുന്നു. പക്ഷേ വി. ജറോം ഇതിനെ ഖണ്ഡിക്കുന്നു. പ്ലേറ്റോയുടെ ദൈവസങ്കൽപം, ശുദ്ധീകരണം, ജ്ഞാനോദയം, ദൈവീ കരണം, എന്നിവയെ പ്പറ്റിയുള്ള ആശയങ്ങളാണ് ഭൂരിഭാഗം മൊഴികളെയും പ്രചോദിപ്പിച്ചത്. ഇവ യിൽ പലതും ക്ലെമെന്റിന്റെ ജീവിത തത്വശാസ്ത്രത്തെ അനുസ്മരിപ്പി ക്കുന്നു. അവ നവീകരിച്ചെഴുതിയത്.

### 5. ക്രിസ്തീയ പദ്യങ്ങൾ ശ്മശാന ശിലകളിൽ

മുൻകാലങ്ങളിൽ ക്രിസ്തീയപദ്യങ്ങൾ ശ്മശാന ലിഖിതങ്ങളായി ഉപയോഗിക്കപ്പെട്ടിരുന്നു. അവയിൽ രണ്ടെണ്ണം താഴെ ചേർക്കുന്നു:

### (1) അബേർചിയൂസിന്റെ ശിലാലിഖിതം

സ്കോട്ട്ലണ്ടിൽ അബെർദെൻ യൂണിവേഴ്സിറ്റിയിലെ ഡബ്ലിയു. എം.റാംസേ എന്ന പുരാവസ്തു ഗവേഷകൻ 1883-ൽ ഫ്രീജിയ സളുത്താ രിസിലുള്ള ഹിയെരോപ്പോളിസിനു സമീപത്തുനിന്ന് ഈ ലിഖിതത്തിന്റെ ഏതാനും ഭാഗങ്ങൾ കണ്ടുപിടിച്ചു. അത് ലാതെറാൻ മ്യൂസിയത്തിൽ സൂക്ഷിച്ചുവരുന്നു. അതിന് ഒരു വർഷംമുമ്പ് അലക്സാണ്ടറിന്റെ 216-ൽ ഉള്ള ക്രിസ്തീയ സ്മാരക ലിഖിതം കണ്ടുപിടിച്ചിരുന്നു. ഇത് അബേർചിയൂസിന്റെ ലിഖിതത്തിന്റെ അനുകരണമായിരുന്നു. അലക്സാണ്ടറിന്റെ ലിഖിതത്തി ന്റെയും 1838-ൽ ബ്വസൊണാഡേ പ്രസിദ്ധീകരിച്ച അബേർചിയൂസിന്റെ ഗ്രീക്കിലുള്ള നാലാം നൂറ്റാണ്ടിലെ ജീവചരിത്രത്തിന്റെയും സഹായത്താൽ ഈ മുദ്രണം മുഴുവൻ പുനഃസ്ഥാപിക്കുന്നതിന് സാധിച്ചു. ഇതിൽ 22 വരികളുണ്ട്. ഇത് അബേർചിയൂസിന്റെ ജീവിതരീതിയുടേയും പ്രവർത്തന ങ്ങളുടേയും ഒരു ലഘുവിവരണമാണ്. ആ ലിഖിതം 216-ലെ അലക്സാ ണ്ടറിന്റെ മുദ്രണത്തിനു മുമ്പ് രണ്ടാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് രചിച്ചിട്ടുള്ളതാണ്. ഹിയെരോപ്പോളിസിന്റെ മെത്രാനായിരുന്ന മർച്ചെല്ലുസ് അബേർചിയൂസ് (+200) 72-ാം വയസ്സിൽ രചിച്ചതാണിത്. ഇതിലെ ഏറ്റവും പ്രധാന സംഭവം അദ്ദേഹത്തിന്റെ റോമായാത്രയുടെ വിവരണമാണ്. ക്രിസ്തീയ സ്വഭാവം മറച്ചുവയ്ക്കുന്നതിന് രഹസ്യാധ്യാപനമനുസരിച്ച് ഗഹനവും പ്രതിരൂപാത്മകവുമായ ശൈലിയിൽ ഇതെഴുതിയിരിക്കുന്നു.

താഴെ കാണുന്ന രീതിയിൽ ഈ ലിഖിതം വിവർത്തനം ചെയ്യാം:

1. 'വിശ്രുതമായ പട്ടണത്തിലെ പൗരൻ ആയ ഞാൻ ഈ ശവകുടീരം ഉണ്ടാക്കി.
2. എന്റെ ജീവിതകാലത്ത്, എന്റെ ശരീരത്തിന് ഒരു വിശ്രമസ്ഥലം ഉണ്ടായിരിക്കുവാൻ തന്നെ.

3. അബേർചിയൂസ് എന്ന നാമധേയത്തിൽ ഞാൻ പരിശുദ്ധ ഇടയന്റെ ശിഷ്യനാണ്.
4. തന്റെ ആട്ടിൻപറ്റത്തെ മലമ്പ്രദേശങ്ങളിലും സമതലങ്ങളിലും അവൻ തീറ്റിപ്പോറ്റുന്നു
5. അവന് എല്ലാ വശത്തേക്കും നോക്കുന്ന വലിയ കണ്ണുകൾ ഉണ്ട്.
6. അവൻ എന്നെ വിശ്വസ്ത വചനങ്ങൾ പഠിപ്പിച്ചു.
7. അവൻ എന്നെ റോമിലേക്കയച്ചു; ഒരു രാജ്യം ദർശിക്കാനും
8. സുവർണ വസ്ത്രങ്ങളിലും സ്വർണ പാദരക്ഷയിലുമുള്ള ഒരു രാജ്ഞിയെ കാണാനും തന്നെ.
9. തിളക്കമേറിയ മുദ്ര ധരിച്ച ജനതതിയെ ഞാൻ അവിടെ കണ്ടു.
10. ഞാൻ സിറിയൻ സമതലവും എല്ലാ പട്ടണങ്ങളും നിസിബിസ് പോലും കണ്ടു.
11. ഞാൻ യൂഫ്രട്ടീസ് കടന്നു; എല്ലായിടത്തും എനിക്ക് സുഹൃത്തുക്കൾ ഉണ്ടായിരുന്നു.
12. പൗലോസ് എനിക്ക് കൂട്ടുകാരനായി ഉണ്ടായിരുന്നു; എല്ലായിടത്തും വിശ്വാസം എന്നെ നയിച്ചു.
13. ആഹാരത്തിനുവേണ്ടി അരുവിയിൽനിന്ന് പിടിച്ച മത്സ്യം എന്റെ മുമ്പിൽ വയ്ക്കപ്പെട്ടു.
14. കളങ്കമില്ലാത്ത കന്യക പിടിച്ച ശുദ്ധവും ശക്തവുമായ മത്സ്യം.
15. കൂട്ടുകാർക്ക് എല്ലായ്പ്പോഴും ഭക്ഷിക്കാൻ കൊടുത്തു.
16. മധുരമുള്ള വീഞ്ഞും അപ്പത്തോടു കൂട്ടിക്കലർത്തിയ പാനപാത്രവും കൊടുത്തു.
17. ഈ വാക്കുകൾ, ഞാൻ, അബേർചിയൂസ് പറഞ്ഞു കൊടുത്തെ ഴുതിച്ചു.
18. യഥാർഥത്തിൽ ഞാൻ 72-ാമത്തെ വയസ്സിലായിരുന്നു.
19. ഇതു മനസ്സിലാക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവൻ അബേർ ചിയൂസിനുവേണ്ടി പ്രാർഥിക്കട്ടെ.
20. എന്നാൽ ആരും എന്റെ ശവക്കല്ലറയുടെ മുകളിൽ വേറൊന്നും വയ്ക്കാതിരിക്കട്ടെ.
21. അങ്ങനെ ആരെങ്കിലും വച്ചാൽ അവൻ റോമൻ ഖജനാവിലേയ്ക്ക് 2000 സ്വർണനാണയങ്ങൾ കൊടുക്കട്ടെ.
22. എന്റെ പ്രിയപ്പെട്ട പിതൃരാജ്യമായ ഹിയെരോപ്പോളിസിനു 1000 സ്വർണനാണയവും.'

ഇതിന്റെ ദൈവശാസ്ത്ര പ്രാധാന്യം വ്യക്തമാണ്. വി. കുർബാനയെപ്പറ്റി സൂചിപ്പിക്കുന്ന ഏറ്റവും പുരാതന ശിലാലിഖിതം ഇതത്രേ. അബേർചിയൂസ് സൂചിപ്പിക്കുന്ന നല്ലയിടയൻ ക്രിസ്തുവാണ്. സ്വർണാലംകൃത രാജ്ഞിയായ സഭയെയും തിളങ്ങുന്ന മുദ്ര ധരിച്ച ക്രിസ്ത്യാനികളേയും കാണുന്നതിനായി ക്രിസ്തു അദ്ദേഹത്തെ റോമിലേക്കയച്ചു.മാമോദീസായെ മുദ്രയെന്നു വിളി

ക്കുന്നു. പൗലോസിന്റെ ലേഖനങ്ങൾ അയാളുടെ കൈയിൽ ഉണ്ടായിരുന്നു. റോമിലേക്കുള്ള യാത്രയിൽ എല്ലായിടത്തും അദ്ദേഹത്തിന്റെ സഹമതവിശ്വാസികൾ വി. കുർബാന അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ അദ്ദേഹത്തിന് കൊടുത്തിരുന്നു. അരുവിയിൽ നിന്നുള്ള നിർമലവും ശക്തവുമായ മത്സ്യം ക്രിസ്തുവാണ്. മീൻ പിടിച്ച കളങ്കരഹിതയായ കന്യക ക്രിസ്തുവിനെ ഗർഭം ധരിച്ച കന്യകമറിയമാണ്.

**(2) പെക്തോറിയസിന്റെ ശിലാലിഖിതം**

പെക്തോറിയസിന്റെ ലിഖിതം 1830-ൽ തെക്കെ ഫ്രാൻസിൽ ഔട്ടുണിൽ നിന്ന് അധികം ദൂരത്തല്ലാത്ത ഒരു ക്രിസ്തീയ സിമിത്തേരിയിൽ ഏഴു കഷണങ്ങളായി കണ്ടുപിടിക്കപ്പെട്ടു. കാർഡിനൽ ജെ.പി.പിത്രയാണ് ഇത് പ്രസിദ്ധീകരിച്ചത്. രണ്ടാം നൂറ്റാണ്ടിന്റെ ആദ്യത്തിലോ, മൂന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിലോ എഴുതപ്പെട്ടതാണെന്ന് വാദിക്കുന്നവരുണ്ട്. അക്ഷരങ്ങളുടെ രൂപവും ഭാവവും കണ്ടാൽ 350-നും 400-നും ഇടയ്ക്ക് ഉള്ളതാണെന്നു പറയാം. എന്നാൽ വാചകരീതി അബേർചിയൂസിന്റെ ലിഖിതത്തിലേതു പോലെയാണ്.

ഒന്നുമുതൽ ഏഴുവരെയുള്ള വാക്യങ്ങൾ താത്വികസ്വഭാവമുള്ളതാണ്. അത് വായനക്കാരനെ അഭിസംബോധന ചെയ്യുന്നു. മാമോദീസായെ ദിവ്യജലത്തിന്റെ അമർത്യമായ ഉറവയെന്നും വി. കുർബാനയെ വിശുദ്ധരുടെ തേൻപോലെ മധുരമുള്ള ഭക്ഷണമെന്നും വിളിക്കുന്നു. പുരാതന ക്രിസ്ത്യാനികൾ വി. കുർബാന കൈയിൽ സ്വീകരിക്കുന്നത് മത്സ്യത്തെ കൈയിൽ പിടിക്കുന്നതായി വിവരിക്കുന്നു. മത്സ്യം (*ഇക്തുസ്*) എന്നവാക്ക് ക്രിസ്തുവിനെ കുറിക്കാൻ ക്രൈസ്തവർ ഉപയോഗിച്ചിരുന്നു. ക്രിസ്തുവിനെ മരിച്ചവരുടെ പ്രകാശം എന്നും വിളിക്കുന്നു. അവസാനത്തെ നാലുവരികൾ ഉൾക്കൊള്ളുന്ന രണ്ടാമത്തെ ഭാഗം വ്യക്തിപരമാണ്. ഇവിടെ പെക്തോറിയസ് തന്റെ അമ്മയ്ക്കുവേണ്ടി പ്രാർഥിക്കുന്നു. തന്നെയും ഓർക്കണമെന്ന് തന്റെ മരിച്ചവരോട് അവൻ അപേക്ഷിക്കുന്നു. ഈ ലിഖിതത്തിന്റെ ആദ്യഭാഗം ഇതിലും പുരാതനമായ ഒരു പദ്യത്തിൽ നിന്നുള്ള ഉദ്ധരണിയാകാൻ വഴിയുണ്ട്. ഇതിന് അബേർചിയൂസിന്റെ ലിഖിതത്തിന്റെ ഭാഷയുമായി സാമ്യമുണ്ട്:

'സ്വർഗീയ മത്സ്യത്തിന്റെ ദിവ്യപുത്രാ,
മർത്യരുടെ മധ്യത്തിൽ നിന്റെ ആത്മാവിനെ
പരിശുദ്ധമായി കാത്തുസൂക്ഷിക്കുക.

കാരണം, ദിവ്യജലത്തിന്റെ
അമർത്യമായ ഉറവ നീ സ്വീകരിക്കുന്നു.

സ്നേഹിതാ, സമ്പത്ത് പ്രദാനം ചെയ്യുന്ന
നിത്യമൊഴുകുന്ന ജലമാകുന്ന വിജ്ഞാനത്താൽ
നിന്റെ ആത്മാവിനെ നവീകരിക്കുക.

തേൻപോലെ മധുരമുള്ള ഭക്ഷണം
വിശുദ്ധരുടെ രക്ഷകനിൽ നിന്ന് സ്വീകരിക്കുക.

നിന്റെ കൈയിൽ മത്സ്യം പിടിച്ചുകൊണ്ട്
സന്തോഷത്തോടും താല്പര്യത്തോടും കൂടെ ഭക്ഷിക്കുക.

കർത്താവും രക്ഷകനുമേ, ഭക്ഷണമായി മത്സ്യം
തരണമേയെന്ന് ഞാൻ പ്രാർഥിക്കുന്നു.

എന്റെ അമ്മ സമാധാനത്തിൽ വിശ്രമിക്കട്ടെ
മരിച്ചവരുടെ പ്രകാശമേ, നിന്നോട് ഞാൻ പ്രാർഥിക്കുന്നു.

എന്റെ ഹൃദയത്തിന്റെ വാത്സല്യഭാജനമായ
പിതാവ് അസ്കാൻഡിയൂസേ,

എന്റെ വത്സലമാതാവിനോടും
എന്റെ സഹോദരന്മാരോടും കൂടെ

മത്സ്യത്തിന്റെ സമാധാനത്തിൽ
നിന്റെ പെക്ടോറിയസിനെ അനുസ്മരിക്കുക.'

അധ്യായം 8

# ആദ്യകാല രക്തസാക്ഷി വിവരണങ്ങൾ

ആദിമ ക്രൈസ്തവസഭയ്ക്കുണ്ടായ മതപീഡനങ്ങളെക്കുറിച്ച് വിലപ്പെട്ട വിവരങ്ങൾ നൽകുന്ന സ്രോതസ്സുകളാണ് രക്തസാക്ഷിവിവരണങ്ങൾ. സഭാസമൂഹങ്ങൾ ആരാധനാ ശുശ്രൂഷകളിൽ ഇവ വായിച്ചിരുന്നു. മൂന്നുതരം രക്തസാക്ഷിവിവരണങ്ങളുണ്ട്. (1) കോടതി നടപടികൾ. (2) ദൃക്സാക്ഷി വിവരണങ്ങൾ. (3) ഊഹക്കഥകൾ. ഇവയിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നവ ഒന്നാം ഗണത്തിൽപ്പെട്ടവയാണ്.[15]

1. കോടതി നടപടികൾ: രക്തസാക്ഷികളെ വിചാരണ ചെയ്ത രംഗം റോമൻ ഓഫീസുകളിൽ കുറിച്ചു വച്ചിരുന്നു. അവർക്കു നൽകിയ ശിക്ഷയും അതിന്റെ സ്വഭാവവും അവിടെ രേഖപ്പെടുത്തിയിരുന്നു. ഇത്തരം രേഖകൾ *ആക്താ (ജെസ്താ) മാർതീരും* എന്നറിയപ്പെടുന്നു. 'രക്തസാക്ഷി വിവരണം' എന്നർത്ഥം. അവ സൂക്ഷിച്ചിരുന്ന സ്ഥലങ്ങളിൽനിന്ന് അവയുടെ കോപ്പികൾ സമ്പാദിക്കാൻ ക്രിസ്ത്യാനികൾക്ക് ചിലപ്പോഴൊക്കെ സാധിച്ചു. വിശ്വസനീയമായ ചരിത്രമാണ് ഈ രേഖയിലൂടെ നമുക്ക് ലഭിക്കുക. അപ്രകാരമുള്ള മൂന്നെണ്ണം കൈവന്നിട്ടുണ്ട്. (ഇവയുടെ മലയാള വിവർത്തനത്തിന്: ഈ പുസ്തകത്തിന്റെ അവസാനത്തിൽ കൊടുത്തിരിക്കുന്ന *അനുബന്ധം കാണുക*).

2. ദൃക്സാക്ഷിവിവരണങ്ങൾ (*പാസിയോണെസ്-മർത്തീരിയ*): സമകാലീനരോ, 'രക്തസാക്ഷിത്വത്തിന് സാക്ഷ്യം വഹിച്ചവരോ എഴുതിയ വിവരണങ്ങൾ ഈ ഗണത്തിൽ ഉൾപ്പെടുന്നു. വസ്തുനിഷ്ഠമായ കുറേ കാര്യങ്ങളും കുറേ ഭാവനയും ഈ വിവരണങ്ങളിൽ കാണാം. കൂടുതലും വസ്തുനിഷ്ഠമായിരിക്കും.

3. ഊഹക്കഥകൾ: രക്തസാക്ഷിത്വം നടന്ന് വളരെ നാളുകൾക്കുശേഷം പ്രബോധക പ്രധാനമായ ശൈലിയിൽ രക്തസാക്ഷിയെ ചുറ്റിപ്പറ്റി എഴുതപ്പെട്ട കഥകൾ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ഇവയിൽ ചരിത്രസത്യങ്ങളും

www.malankaralibrary.com

സാങ്കൽപ്പിക കാര്യങ്ങളും ഒന്നിച്ച് ചേർത്തിരിക്കുന്നു. അപൂർവം ചിലത് ഒരു ചരിത്രസത്യവും ഇല്ലാത്ത സാങ്കല്പിക കാര്യങ്ങളാണ്.

## 1. കോടതി നടപടികൾ

### 1. വി. ജസ്റ്റിന്റേയും കൂട്ടുകാരുടേയും നടപടികൾ

താത്വികനും വിശ്വാസ സാക്ഷിയുമായ ജസ്റ്റിനെതിരെ നടത്തിയ കോടതി നടപടികൾ വളരെ വിലപ്പെട്ടവയാണ്. മറ്റ് ആറ് ക്രിസ്ത്യാനിക ളോടൊപ്പം ജസ്റ്റിൻ ജയിലിൽ അടയ്ക്കപ്പെട്ടു. റോമൻ ചക്രവർത്തിയായ മാർക്കുസ് ഔറേലിസിന്റെ കാലത്ത് ജൂനിയുസ് റുസ്തിക്കുസ് എന്ന പ്രീഫെക്ടാണ് അദ്ദേഹത്തെ തടവിലാക്കിയത്. ഈ നടപടിക്ക് ഒരാമുഖം, ചേദ്യോത്തരം, വിധിവാചകം, സമാപനം എന്നീ ഭാഗങ്ങളുണ്ട്. പ്രീഫെക്ടിന്റെ വിധിവാചകം ഇപ്രകാരമാണ്: 'ദേവന്മാർക്ക് ബലി അർപ്പിക്കുകയും ചക്ര വർത്തിയുടെ കൽപനയ്ക്ക് വിധേയരാകുകയും ചെയ്യാത്തവരെ ദണ്ഡിപ്പിച്ച്, നിയമം അനുസരിച്ച് തലവെട്ടി കൊല്ലാനായി കൊണ്ടുപോകട്ടെ.' റോമിൽവച്ച് 165-ൽ ഈ രക്തസാക്ഷിത്വം നടന്നു.

### 2. ഷില്ലിയിലെ രക്തസാക്ഷികളുടെ നടപടികൾ

ആഫ്രിക്കൻ സഭാചരിത്രത്തിലെ ഏറ്റവും പ്രാചീന രേഖയത്രേ ഇത്. ഉത്തര ആഫ്രിക്കയിൽ നിന്ന് ലത്തീൻ ഭാഷയിൽ ഉള്ള ഏറ്റവും പുരാതന ക്രിസ്തീയ രേഖയും ഇതുതന്നെ. മദൗരായിലെ നംഫാനോ, മിഗ്ഗിൻ, സനാം, നുമീദിയായിലെ മറ്റ് ആറ് ക്രിസ്ത്യാനികൾ എന്നിവരുടെ വിസ്താരവും വിധിയും ഉൾക്കൊള്ളുന്നതാണിത്. പ്രോകോൺസൂൾ സത്തുർണീനുസ് 180 ജൂലൈ 17-ന് അവരെ കൊല്ലാനായി ഉത്തരവിട്ടു.

### 3. വി. സിപ്രിയാന്റെ പ്രോകോൺസുളാർ നടപടികൾ

ക്രി.വ. 258 സെപ്റ്റംബർ 14-ന് കൊല്ലപ്പെട്ട സിപ്രിയാന്റെ രക്തസാക്ഷി വിവരണമാണിത്. ഇതിൽ മൂന്നു രേഖകൾ ഉൾപ്പെടുന്നു. (1) സിപ്രിയാന്റെ വിസ്താരവും കുറുമ്പിസിലേക്കുള്ള നാടുകടത്തലും. (2) അറസ്റ്റും രണ്ടാമത്തെ വിസ്താരവും. (3) രക്തസാക്ഷിത്വം. വലേരിയൻ, ഗള്ളിയേനുസ് എന്നീ ചക്രവർത്തിമാരുടെ കാലത്താണ് സിപ്രിയാൻ കൊല്ലപ്പെട്ടത്.

## 2. ദൃക്സാക്ഷിവിവരണം

### (1) പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വവിവരണം

### (2) വീനിലെയും ലയൺസിലെയും രക്തസാക്ഷികളുടെ നടപടികൾ

ലയൺസിൽവച്ച് 177-ലോ 178-ലോ ഉണ്ടായ ഭീകരമതമർദനത്തിന്റെ ദൃക്സാക്ഷി വിവരണമാണിതിൽ. എവുസേബിയസ് സഭാചരിത്രത്തിൽ ഈ വിവരണം ഉദ്ധരിക്കുന്നു (5,1,1– 2,8). അപൂർവം ചിലർ വിശ്വാസം ത്യജിച്ചു. തൊണ്ണൂറിനു മേൽ പ്രായമുണ്ടയിരുന്ന ഫൊത്തീനുസ് മെത്രാൻ

ശാരീരികമായി വളരെ ക്ഷീണിതൻ ആയിരുന്നെങ്കിലും രക്തസാക്ഷിത്വത്തിനു വേണ്ടി ദാഹിച്ചിരുന്നു. അദ്ദേഹം മറ്റുള്ളവരെ ഉത്തേജിപ്പിക്കുകയും ധീരരക്തസാക്ഷി ആയിത്തീരുകയും ചെയ്തു. കൂടാതെ, ശ്രേഷ്ഠയായ ബ്ലൻഡീന എന്ന അടിമ, മത്തൂരുസ് എന്ന സ്നാനാർത്ഥി, വീനിലെ ഡീക്കനായ സാങ്തൂസ്, വൈദ്യനായ അലക്സാണ്ടർ, പതിനഞ്ചു വയസ്സുള്ള പോന്തിക്കൂസ് എന്ന ബാലൻ എന്നിവരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.

### (3) പെർപെത്വാ, ഫെലിസിറ്റാസ് എന്നിവരുടെ രക്തസാക്ഷിവിവരണം

സത്തൂരുസ്, സത്തുർണീനുസ്, റെവൊക്കാത്തുസ് എന്നീ സ്നാനാർഥികളുടേയും വീബിയ പെർപെത്വാ എന്ന യുവതിയുടേയും  അവളുടെ ദാസി ഫെലിസിറ്റാസിന്റേയും രക്തസാക്ഷി വിവരണമാണിതിൽ. പെർപെത്വാ 22 വയസ്സുള്ളവളും മാന്യകുടുംബാംഗവും ഉന്നതവിദ്യാഭ്യാസം ലഭിച്ചവളുമായിരുന്നു. മാതാപിതാക്കളും രണ്ട് സഹോദരന്മാരും ഒരു കുട്ടിയുമുള്ള സ്നാനാർത്ഥി ആയിരുന്നു അവൾ. ഫെലിസിറ്റാസ് അറസ്റ്റു ചെയ്യപ്പെട്ടപ്പോൾ ഗർഭിണിയായിരുന്നു. ജയിലിൽ വച്ച് അവൾ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. അവർ 202 മാർച്ച് 7-ന് രക്തസാക്ഷി മകുടംചൂടി. പ്രാചീന ക്രൈസ്തവസാഹിത്യത്തിലെ ഒരു മനോഹര രേഖയാണിത്. ഇതിന്റെ നല്ലൊരു പങ്ക് (അധ്യായം 3-10) പെർപെത്വായുടെ ഡയറിയാണ്. അധ്യായം 11 മുതൽ 13 വരെ സത്തൂരുസ് എഴുതിയതാണ്. മറ്റധ്യായങ്ങളെഴുതി ഇത് പ്രസിദ്ധീകരിച്ചത് തെർത്തുല്യനാണ്. തെർത്തുല്യന്റെ 'രക്തസാക്ഷികളോട്,' 'ക്ഷമയെക്കുറിച്ച്' എന്നിവയുടെ ശൈലിയാണ് ഇതിനുള്ളത്. വി. അഗസ്റ്റിന്റെ കാലത്തും ഈ രേഖ വളരെ പൂജ്യമായി കരുതപ്പെട്ടിരുന്നു. വേദപുസ്തകത്തെപ്പോലെ ഇതിനെ പരിഗണിക്കരുതെന്ന് അഗസ്ററിനു തന്റെ അജഗണത്തോട് പറയേണ്ടി വന്നു (ആത്മാവും അതിന്റെ ഉത്ഭവവും, 1,10,12).

### (4) കാർപ്പുസ്, പപ്പിലൂസ്, അഗത്തോണീസ് എന്നിവരുടെ നടപടികൾ

പെർഗാമോനിലെ ആംഫിതിയേറ്ററിൽ വച്ച് കൊല്ലപ്പെട്ട കാർപ്പുസ്, പപ്പീലുസ്, അഗത്തോണീസ് എന്നിവരുടെ രക്തസാക്ഷിത്വത്തെ സംബന്ധിച്ചുള്ള ദൃക്സാക്ഷി വിവരണമാണ് ഈ രേഖ. നമുക്ക് ലഭിച്ചിരിക്കുന്നത് ഒരപൂർണ രേഖയാണ്.  മാർക്കുസ് ഔറേലിയസിന്റേയും ലൂഷ്യസ് വേരൂസിന്റേയും കാലത്ത് ഇവർ രക്തസാക്ഷിമകുടം ചൂടി. എവുസേബിയസിന്റെ കാലത്തും ഈ നടപടികൾ പ്രചാരത്തിൽ ഉണ്ടായിരുന്നു (സഭാ.4,15,48).

### (5) അപ്പൊള്ളോണിയൂസിന്റെ നടപടികൾ

എവുസേബിയസ് സഭാചരിത്രത്തിൽ (5,21,2-5) ഈ നടപടികളുടെ ചുരുക്കം നൽകുന്നു. പണ്ഡിതതാത്വികനായിരുന്നു അപ്പൊള്ളോണിയൂസ്. പെരെന്നിസ് എന്ന റോമൻ പ്രീഫെക്റ്റ്, കൊമ്മോദുസ് എന്ന ചക്രവർത്തിയുടെ കാലത്ത് അദ്ദേഹത്തെ വിധിക്കയും കൊല്ലുകയും ചെയ്തു.

തന്റെ നിലപാട് സാധൂകരിച്ചുകൊണ്ട് അപ്പൊള്ളോണിയൂസ് ചെയ്ത പ്രസംഗം വിശ്വാസസംരക്ഷകരുടെ ശൈലി പ്രതിധ്വനിക്കുന്നതാണ്.

## 3. ഊഹക്കഥകൾ

റോമൻ രക്തസാക്ഷിവിവരണങ്ങൾ: വി. ആഗ്നസ്, വി. സിസിലി, വി. ഫെലിസിറ്റാസ്, അവളുടെ ഏഴു മക്കൾ, വി. ഹിപ്പോളിറ്റസ്, വി. ലോറൻസ്, വി. സിക്സ്റ്റസ്, വി. സെബാസ്റ്റ്യൻ, വി. ജോണും പോളും, വി. കോസ്മാസും ദമിയാനും, ക്ലെമെന്റിന്റെ രക്തസാക്ഷിത്വം, ഇഗ്നേഷ്യസിന്റെ രക്തസാക്ഷിത്വം എന്നിവ ഈ ഗണത്തിൽ പെടുന്നു. ഈ വിവരണങ്ങളിൽ മിക്കതും ഐതിഹാസികമായതിനാൽ, ഈ രക്തസാക്ഷികൾ ജീവിച്ചിരുന്നില്ല എന്നർഥമില്ല. ഈ രേഖകൾ ചരിത്രസ്രോതസ്സുകളായി ഉപയോഗിക്കാൻ പറ്റില്ല എന്നേ അർഥമുള്ളു.

'പ്രാചീന രക്തസാക്ഷികളെപ്പറ്റി' എന്ന തന്റെ ഗ്രന്ഥത്തിൽ എവുസേബിയസ് രക്തസാക്ഷി വിവരണങ്ങളുടെ ഒരു സമാഹാരം ഉണ്ടാക്കി. എന്നാൽ അതു നഷ്ടപ്പെട്ടു. മിക്കവയും തന്റെ സഭാചരിത്രത്തിൽ അദ്ദേഹം ഉൾക്കൊള്ളിച്ചിട്ടുണ്ട്. പലസ്തീനയിലെ രക്തസാക്ഷികളെപ്പറ്റി എവുസേബിയസ് എഴുതിയ കൃതി കൈവന്നിട്ടുണ്ട്. ക്രി.വ. 303-നും 311 നും ഇടയ്ക്ക് കൊല്ലപ്പെട്ടവരാണ് ഈ രക്തസാക്ഷികൾ. ഷപ്പൂർ II (339-379) എന്ന പേർഷ്യൻ രാജാവിന്റെ കാലത്ത് പേർഷ്യയിൽ കൊല്ലപ്പെട്ടവരുടെ ഒരു രക്തസാക്ഷിവിവരണം ആരോ ശേഖരിച്ചിട്ടുണ്ട്. സുറിയാനി ഭാഷയിൽ തന്നെ അത് കിട്ടിയിട്ടുണ്ട്. എന്നാൽ എഡേസ്സിലെ രക്തസാക്ഷികളുടെ നടപടി ഊഹക്കഥകളാണ്.[16]

അധ്യായം 9

# രണ്ടാം നൂറ്റാണ്ടിലെ
# വിശ്വാസ സമർഥകർ

**ആമുഖം**

ആദ്യനൂറ്റാണ്ടിലെ എഴുത്തുകാർ വേദപുസ്തക ശൈലിയിൽ ജനങ്ങളെ പഠിപ്പിക്കാനും എഴുതാനും പരിശ്രമിച്ചു. അവർ താത്വികാപഗ്രഥനങ്ങൾക്ക് മുതിർന്നില്ല. ആ നൂറ്റാണ്ടിലെ ക്രൈസ്തവരുടെ വികാരങ്ങളും ആഗ്രഹങ്ങളും ചിന്താരീതികളും അവരുടെ കൃതികളിൽ നിഴലിച്ചിരുന്നു. അവരുടെ കാലത്തുണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിച്ചു. ഇഗ്നേഷ്യസ് ഡൊസെറ്റിസത്തിനെതിരെ തന്റെ കൃതികളിൽ ശക്തിയായ മുന്നറിയിപ്പ് നൽകി. സഭാധികാരികളോടുള്ള യോജിപ്പിനെ സംബന്ധിച്ച് ക്ലെമെന്റ് കൊറിന്തോസുകാർക്കെഴുതി; പോളിക്കാർപ്പും ഇഗ്നേഷ്യസും രക്തസാക്ഷിത്വത്തിന് ജീവിതമാതൃകയിലൂടെ ആഹ്വാനം ചെയ്തു.

രണ്ടാം നൂറ്റാണ്ടായപ്പോഴേക്കും സഭ വളർന്നു. ഗ്രീക്കു തത്വശാസ്ത്ര സ്വാധീനമുള്ളവർ യേശുവിനെ രക്ഷകനായി അംഗീകരിച്ചു. റോമൻ ചക്രവർത്തിമാരുടെ മതമർദനങ്ങളും പേഗൻ ചിന്തകരുടെ കാപട്യം നിറഞ്ഞ ആരോപണങ്ങളും യഹൂദരുടെ അസൂയയും ഇവർക്കു നേരിടേണ്ടി വന്നു. റോമൻ നിയമങ്ങളും ഗ്രീക്കു തത്വശാസ്ത്രവും യഹൂദരുടെ വി. ഗ്രന്ഥവും നിരത്തിവച്ച് ക്രിസ്തുമതത്തെ ന്യായീകരിക്കാൻ രണ്ടും മൂന്നും നൂറ്റാണ്ടിലെ ക്രൈസ്തവ താത്വികർ മുന്നോട്ടുവന്നു. ഇവർ വിശ്വാസസമർഥകർ എന്ന പേരിലറിയപ്പെട്ടു. തങ്ങളുടെ ക്രൈസ്തവ വിശ്വാസത്തെ ന്യായീകരിച്ചുകൊണ്ടും റോമാക്കാരുടേയും ഗ്രീക്കുകാരുടേയും യഹൂദരുടേയും മതവിശ്വാസങ്ങളിലുള്ള അപര്യാപ്തത ചൂണ്ടിക്കാണിച്ചുകൊണ്ടും ഗ്രീക്കു ശൈലിയിൽ ഇവരെഴുതി. സുവിശേഷ പ്രഘോഷണശൈലി മുന്തിനിന്ന അപ്പസ്തോലിക പിതാക്കന്മാരുടെ രീതിയിൽ നിന്നു വിഭിന്നമായി, തങ്ങൾ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും നൂറുശതമാനവും സത്യമാണെന്ന് താത്വിക രീതിയിൽ തെളിയിച്ചുകൊണ്ട് ഇവർ എഴുതിയത് സഭയുടെ

ചരിത്രത്തിൽ ഒരു നൂതന കാൽവയ്പായിരുന്നു. ക്രിസ്ത്യാനികൾക്കെതിരെ കുപ്രചരണം നടത്തുന്നത് അപരാധമാണ്. ക്രിസ്തുമതത്തിൽ വിശ്വസിക്കുന്നതും രാജാവിനെ ആരാധിക്കാത്തതും രാജ്യദ്രോഹമല്ല. ഈ പുതിയ മതം റോമൻ സാമ്രാജ്യത്തിനൊരു ഭീഷണിയല്ല, എന്നീ കാര്യങ്ങൾ ശക്തിയായ ഭാഷയിൽ ഉത്തമബോധ്യത്തോടുകൂടി ഈ പണ്ഡിതന്മാർ എഴുതുകയും പ്രസംഗിക്കുകയും ചെയ്തു.

ക്രിസ്തുമതത്തെ തകർത്ത് തരിപ്പണമാക്കിയേ അടങ്ങൂ എന്ന മട്ടിൽ സർവശക്തിയും ഉപയോഗിച്ച് എതിർത്തവരിൽ പ്രമുഖരാണ് സാമോസാട്ടായിലെ ലൂസിയൻ, ചിർതായിലെ ഫ്രോന്തോ, ചെൽസൂസ് എന്ന പ്ലട്ടോണിസ്റ്റ് താത്വികൻ എന്നിവർ. ലൂസിയൻ 170-ൽ പെരെഗ്രീനൂസിന്റെ മരണത്തെക്കുറിച്ച് (*ദെ മോർതെ പെരെഗ്രിനി*) എന്ന കൃതിയിൽ ക്രിസ്ത്യാനികളുടെ സഹോദരസ്നേഹത്തേയും മരണത്തോടുള്ള വെല്ലുവിളികളേയും പരിഹസിച്ചു. ഫ്രോന്തോ 'പ്രസംഗം' എന്നൊരു കൃതിയെഴുതി ക്രിസ്തുമതത്തെ താറടിക്കാൻ ശ്രമിച്ചു. എന്നാൽ ഏറ്റവും നിശിതമായ വിമർശനം നടത്തിയത് ചെൽസൂസാണ്. അയാൾ 178-ൽ 'സത്യവചനം' (*അലേഥേസ് ലോഗോസ്*) എന്നൊരു കൃതിയിൽ, അബദ്ധാഭിപ്രായങ്ങളുടേയും മൂഢവിശ്വാസങ്ങളുടേയും സമാഹാരമായി ക്രിസ്തുമതത്തെ ചിത്രീകരിച്ചു. വളർന്നു വന്ന സമൂഹത്തിന് ഈ വെല്ലുവിളികളുടെ മുമ്പാകെ, നിശ്ശബ്ദത പാലിക്കാൻ സാധിച്ചില്ല. ഉന്നത വിദ്യാഭ്യാസം ലഭിച്ചവരും താത്വികരും ക്രൈസ്തവ സമൂഹത്തിൽ അംഗങ്ങളായപ്പോൾ ആരോപണങ്ങൾക്കെല്ലാം മറുപടി കൊടുക്കാൻ തുടങ്ങി. അങ്ങനെ വിശ്വാസ സമർത്ഥക കൃതികളുണ്ടായി.

വിശ്വാസസമർഥകർ മൂന്നു കാര്യങ്ങൾ നേടിയെടുക്കുവാൻ യത്നിച്ചു. (1) ക്രിസ്ത്യാനികൾക്കെതിരെയുള്ള തെറ്റായ ആരോപണങ്ങളെ ഖണ്ഡിക്കുക; ക്രിസ്തീയസഭ രാജ്യത്തിനൊരു ഭീഷണിയാണെന്ന അഭിപ്രായം മാറ്റിക്കുറിക്കുക. ക്രിസ്ത്യാനികളുടെ ക്രമീകൃതവും ശുദ്ധവും മാന്യവുമായ ജീവിതം ചൂണ്ടിക്കാട്ടി ലോകത്തിന് മൊത്തത്തിൽ ക്രൈസ്തവ വിശ്വാസം അവശ്യാവശ്യമെന്ന് അവർ തെളിയിച്ചു. (2) പുറജാതികളുടെ അന്ധവിശ്വാസങ്ങളേയും അധാർമിക പ്രവർത്തനങ്ങളേയും കെട്ടുകഥകളേയും സാങ്കല്പിക ദേവന്മാരേയും അവർ മറതുറന്നു പ്രദർശിപ്പിച്ചു. ക്രിസ്ത്യാനികൾക്കു മാത്രമേ ലോകത്തെപ്പറ്റിയും ദൈവത്തെപ്പറ്റിയും ശരിയായ ജ്ഞാനമുള്ളു എന്ന് അവർ തെളിയിച്ചു. ദൈവത്തിന്റെ ഏകത്വം, ഏകദൈവത്തിലുള്ള വിശ്വാസം, ക്രിസ്തുവിന്റെ ദൈവത്വം, ശരീരത്തിന്റെ ഉയർപ്പ് എന്നിത്യാദി കാര്യങ്ങൾ അവർ ഉയർത്തിക്കാട്ടി. (3) മാനുഷിക ബുദ്ധിയിൽ മാത്രം ആശ്രയിച്ച പേഗൻ താത്വികരുടെ വാദമുഖങ്ങൾ, ഒന്നുകിൽ ഇപ്പോഴും ഇരുട്ടിൽ തപ്പിത്തടയുകയാണ്. അല്ലെങ്കിൽ അപൂർണ

സത്യത്തിൽ ഒതുങ്ങിക്കിടക്കുകയാണ്. നിരവധി തെറ്റുകളുമായി കൂടിക്കലർന്നതാണ് അവർ കണ്ടെത്തിയിരിക്കുന്ന സത്യം. ക്രിസ്തുമതമാകട്ടെ, സത്യം അതിന്റെ പൂർണതയിൽ ഉൾക്കൊള്ളുന്നു. ദൈവവചനം തന്നെ വെളിപ്പെടുത്തിയ സത്യമാണ് ക്രൈസ്തവർക്കുള്ളത്. ക്രിസ്തുമതം ഗ്രീക്കുകാരുടെ തത്വചിന്തയേക്കാൾ അനേകമടങ്ങ് ശ്രേഷ്ഠതരമാണ്.

ഇങ്ങനെ ഗ്രീക്കു താത്വികർക്കും, റോമൻ സർക്കാരിനും യഹൂദപ്രമാണികൾക്കുമെതിരെ ശക്തിയായ ഭാഷയിൽ ധൈര്യപൂർവം എഴുതിയ പിതാക്കന്മാർ പ്രത്യേകം പരിഗണന അർഹിക്കുന്നു. അവരുടെ ഈ ഉദ്യമം ദൈവശാസ്ത്രത്തിന്റെ അടിത്തറ പാകലായി പരിഗണിക്കാം. സഭയുടെ ആദ്യത്തെ ദൈവശാസ്ത്രജ്ഞരാണവർ. എന്നാൽ വിശ്വാസസത്യങ്ങൾ മുഴുവൻ ക്രമീകൃതമായി വിശകലനം ചെയ്യാൻ അവർ യത്നിച്ചില്ല. ക്രിസ്തുമതത്തെ ഗ്രീക്കുദർശനത്തിൽ ഇക്കൂട്ടർ മുക്കിക്കളഞ്ഞു എന്ന് ആരെങ്കിലും വാദിച്ചാലും അത് ശരിയല്ല. ക്രിസ്ത്യാനികളാകുന്നതിനു മുമ്പ് അവർ ശീലിച്ച ഗ്രീക്കു ചിന്താധാര കുറെയൊക്കെ അവരുടെ ക്രൈസ്തവ ചിന്തയെ സ്വാധീനിച്ചിരുന്നു. അവരും തങ്ങളുടെ കാലത്തിന്റെ സന്താനങ്ങളാണല്ലോ. അവർ ഉപയോഗിച്ച ശൈലി, അവരുടെ വ്യാഖ്യാനരീതി എന്നിവയെ സംബന്ധിച്ച് ഇത് ഏറെ ശരിയാണ്. ഗ്രീക്കു പാരമ്പര്യത്തിന്റെ ചുവടുപിടിച്ച് സംഭാഷണ രീതിയിലാണ് മിക്കവരും എഴുതിയിട്ടുള്ളത്. എന്നാൽ ഗ്രീക്ക്തത്വചിന്തയുടെ വളരെക്കുറച്ചു സ്വാധീനമേ അവരുടെ കൃതികളുടെ ഉള്ളടക്കത്തിനുള്ളു. ഹെല്ലനിസത്തിന്റെ ക്രൈസ്തവീകരണമായി അവരുടെ പരിശ്രമത്തെ കണക്കാക്കാം. ഇതൊരിക്കലും ക്രിസ്തുമതത്തിന്റെ യവനീകരണമായിരുന്നില്ല. വിജാതിയരും യൂദന്മാരും മാത്രമായിരുന്നില്ല അവരുടെ ലക്ഷ്യം. ക്രിസ്തുമതത്തിൽ ഉടലെടുത്ത പാഷണ്ഡികൾക്കെതിരെയും അവർ സ്വരമുയർത്തി.

അവർ വരച്ചുകാട്ടിയ ക്രിസ്തുമതത്തിന് അതിന്റേതായ പ്രത്യേകതകളുണ്ട്. സത്യത്തിന്റെ മതമായിട്ടാണ് അവർ ക്രിസ്തുമതത്തെ ചിത്രീകരിച്ചത്. ക്രിസ്തുമതത്തിന്റെ വേരുകൾ യഹൂദമതത്തിൽ ആഴത്തിൽ ഓടിയിട്ടുണ്ട്. അതുകൊണ്ട് ഗ്രീക്കുകാരുടെ താത്വികരെക്കാൾ അതിന് പ്രാചീനത്വം ഉണ്ട്. സഭ പുതിയൊരു പ്രസ്ഥാനമേയല്ല; മോശ എല്ലാ താത്വികർക്കും മുമ്പേ ജീവിച്ചു; എല്ലാ മതങ്ങളേക്കാളും തത്വചിന്തകളേക്കാളും മഹനീയമാണ് ക്രിസ്തുമതം. മനസ്സാക്ഷി സ്വാതന്ത്ര്യത്തെ അവർ വളരെ വിലമതിച്ചിരുന്നു. എല്ലാ യഥാർഥ ആരാധനകളുടേയും അടിസ്ഥാനം അതായിരിക്കണം. സ്വാതന്ത്ര്യം കൂടാതെ യഥാർഥമായ ആരാധനയില്ല, മതത്തിന് നിലനിൽപ്പില്ല. നിർബന്ധിച്ച് ദേവന്മാരെ ആരാധിപ്പിക്കാൻ റോമാക്കാർക്കു സാധിച്ചേക്കാം. എന്നാൽ അത് വെറുമൊരു മതാഭാസം മാത്രമേ ആകൂ.

പ്രമുഖരായ വിശ്വാസസമർഥകർ താഴെപ്പറയുന്നവരാണ്: ക്വഡ്രാത്തുസ്, ആഥൻസിലെ അരിസ്തിദെസ്, പെല്ലായിലെ അരിസ്തൊ, വി. ജസ്റ്റിൻ, സിറിയാക്കാരൻ താസ്യൻ, ഏഷ്യാമൈനറിലെ മിൽത്തിയാദെസ്, ഹിയെരാപ്പൊളീസിലെ അപ്പൊള്ളിനാരിസ്, ആഥൻസിലെ അത്തനാഗോറസ്, അന്ത്യോക്യയിലെ തെയോഫിലസ്, സാർദിസിലെ മെലിറ്റോ, ഹെർമിയാസ്.

**1. ക്വഡ്രാത്തുസ്**

ക്രിസ്തുമതത്തിലെ ആദ്യത്തെ വിശ്വാസസമർഥകനാണ് ക്വഡ്രാത്തുസ്. എവുസേബിയസിൽ നിന്നാണ് അദ്ദേഹത്തെപ്പറ്റിയുള്ള വിവരങ്ങൾ ലഭിച്ചിട്ടുള്ളത്. തന്റെ സഭാചരിത്രത്തിൽ എവുസേബിയസ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: 'ട്രാജൻ പത്തൊൻപതര വർഷം ഭരിച്ചുകഴിഞ്ഞപ്പോൾ ഏലിയൂസ് ഹഡ്രിയാൻ സാമ്രാജ്യത്തിന്റെ അധി പനായിത്തീർന്നു. അദ്ദേഹത്തിന് നമ്മുടെ മതം സംബന്ധിച്ച് ക്വഡ്രാത്തുസ് ഒരു വിശ്വാസ സമർഥനമെഴുതി സമർപ്പിച്ചു. കാരണം, ചില ദുഷ്ടമനുഷ്യർ ക്രിസ്ത്യാനികളെ പീഡിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പല സഹോദരന്മാരുടേയും പക്കൽ ഇതിന്റെ കോപ്പികളുണ്ട്. നമ്മുടെ പക്കൽ തന്നെ ഒരു കോപ്പിയുണ്ട്. അതിൽ നിന്ന് അദ്ദേഹത്തിന്റെ ബുദ്ധിശക്തിയും സത്യവിശ്വാസവും നമുക്ക് ഗ്രഹിക്കാൻ സാധിക്കും. തന്റെ സ്വന്തം വാക്കുകളിൽ അദ്ദേഹം താഴെപ്പറയും പ്രകാരം പ്രസ്താവിക്കുന്നതിൽ നിന്ന് അദ്ദേഹത്തിന്റെ പ്രാചീനത്വം ഗ്രഹിക്കാവുന്നതാണ്: നമ്മുടെ രക്ഷകന്റെ ശക്തിക്കുള്ള തെളിവുകൾ സജീവങ്ങളാണ്. കാരണം, അവ യാഥാർഥ്യങ്ങളായിരുന്നു. സൗഖ്യം ലഭിച്ചവരും മരിച്ചവരിൽ നിന്ന് ഉയർത്തവരും സൗഖ്യം പ്രാപിച്ചപ്പോഴും ഉയർത്തപ്പോഴും മാത്രമല്ല കാണപ്പെട്ടത്. പിന്നെയോ, കർത്താവിന്റെ ഭൗമിക ജീവിതകാലത്തും തന്റെ വേർപാടിനു ശേഷം ഏറെ നാളത്തേയ്ക്കും ജീവിച്ചിരുന്നു. അവരിൽ ചിലർ നമ്മുടെ കാലം വരെ ജീവിച്ചു.'

ഈ ഒരൊറ്റ വാചകം മാത്രമേ ക്വഡ്രാത്തുസിന്റെ കൃതിയിൽനിന്ന് നമുക്ക് ലഭിച്ചിട്ടുള്ളു. ഹഡ്രിയാൻ ചക്രവർത്തിക്ക് 123-നും 124-നും ഇടയ്ക്ക് ഏഷ്യാമൈനറിൽ വച്ച് ക്വഡ്രാത്തുസ് തന്റെ കൃതി സമർപ്പിച്ചു. മറ്റു ചിലരുടെ അഭിപ്രായത്തിൽ അത് 129-ലത്രേ. തന്റെ സഭാചരിത്ര ത്തിൽ ശ്ലീഹന്മാരുടെ ശിഷ്യനും പ്രവാചകനുമായ ഒരു ക്വഡ്രാത്തുസിനെപ്പറ്റി എവുസേബിയസ് പറയുന്നു. വിശ്വാസസമർത്ഥകനായ ക്വഡ്രാത്തുസും എവുസേബിയസ് പറയുന്ന ആളും വ്യത്യസ്തരാണ് (സഭാ.3,37,1;1:5,17,2). മാർക്കുസ് ഔറേലിയസിന്റെ കാലത്ത് ആഥൻസിലെ മെത്രാനായിരുന്ന ക്വഡ്രാത്തുസാണിദ്ദേഹം എന്ന ജറോമിന്റെ പ്രസ്താവനയും ശരിയല്ല. (മഹദ്. 19; ലേഖനം,70,4).

ക്വഡ്രാത്തുസ് ആണ് 'ഡയഗ്നേറ്റസിനുള്ള ലേഖനം' എഴുതിയതെന്നാണ് പി. ആൻഡ്രീസ്സൻ കരുതുന്നത്. ക്വഡ്രാത്തുസിന്റെ നഷ്ടപ്പെട്ട

വിശ്വാസസമർഥക കൃതിയാണിതെന്ന് അദ്ദേഹം കരുതുന്നു. എവുസേബിയസ് ഉദ്ധരിക്കുന്ന വാചകം ഈ കൃതിയിൽ ഇല്ലെങ്കിലും ഏഴാം അധ്യായം വാക്യം 6-നും 7-നും ഇടയ്ക്കുള്ള വിടവിൽ ഈ വാചകം നന്നേ ചേരുന്നുണ്ട്. ക്വദ്രാത്തുസിനെപ്പറ്റി പ്രാചീന എഴുത്തുകാർ പറയുന്നത് ഈ ലേഖനത്തിന്റെ ഉള്ളടക്കവുമായി ഒത്തുപോകുന്നതാണ്.

**2. ആഥൻസിലെ അരിസ്തിദെസ്**

നമുക്ക് ലഭിച്ചിട്ടുള്ള ഏറ്റവും പുരാതനമായ വിശ്വാസസമർഥക കൃതി അരിസ്തിദെസിന്റേതാണ്. ക്വദ്രാത്തുസിനെപ്പറ്റി പരാമർശിച്ച ശേഷം എവുസേബിയസ് അരിസ്തിദെസിനെപ്പറ്റി പറയുന്നു: "ക്വദ്രാത്തുസിനെപ്പോലെ തികഞ്ഞ വിശ്വാസവും മതതീക്ഷ്ണതയും ഉള്ള അരിസ്തിദെസും ഒരു വിശ്വാസസമർഥക കൃതിയെഴുതി ഹദ്രിയാന് സമർപ്പിച്ചു. അദ്ദേഹത്തിന്റെ കൃതിയും അനേകരുടെ പക്കലുണ്ട്" (സഭാ.4,3,2). ആഥൻസിലെ ഒരു താത്വികനായിരുന്നു അരിസ്തിദെസ്. അദ്ദേഹം എഴുതിയത് 126-നും 139-നും മധ്യേയാണ്. പ്രസ്തുത കൃതി നഷ്ടപ്പെട്ടതായി കരുതപ്പെട്ടിരുന്നു. 1878-ൽ അതിന്റെ ചില ഭാഗങ്ങൾ അർമേനിയൻ ഭാഷയിൽ പണ്ഡിതന്മാർ കണ്ടെത്തുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. അതേ തുടർന്ന് 1839-ൽ റെൻഡെൽ ഹാരീസ്, സീനായ് മലയിൽ വി. കാതറൈന്റെ ആശ്രമത്തിൽ നിന്ന് ഇതിന്റെ സുറിയാനി പരിഭാഷ കണ്ടെടുത്തു. അതിന്റെ വെളിച്ചത്തിൽ ജെ.എ.റോബിൻസൺ നടത്തിയ പഠനങ്ങൾ രസകരമായ ചില സംഗതികൾ വെളിപ്പെടുത്തി. ഇതിന്റെ ഗ്രീക്കുപതിപ്പ് മറ്റൊരു പേരിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. 'ബർലാമിന്റെയും ജോസഫിന്റേയും കഥ' എന്ന നോവൽ യഥാർഥത്തിൽ ഈ കൃതിയുടെ മറ്റൊരു രൂപമാണ്. ഏഴാം നൂറ്റാണ്ടിൽ പലസ്തീനയിലെ മാർ സാബാസിന്റെ ആശ്രമത്തിലെ ഒരു സന്യാസിയാണ് ഈ നോവൽ എഴുതിയത്. ഈ വിശ്വാസസമർഥനകൃതി 350-ൽ തന്നെ സുറിയാനിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. സീനായ് മലയിൽ നിന്ന് കിട്ടിയ കോപ്പി ആറും ഏഴും നൂറ്റാണ്ടുകൾക്കിടയിൽ എഴുതപ്പെട്ടതാണ്.

അരിസ്തിദെസിന്റെ വീക്ഷണത്തിൽ നാലുതരം മനുഷ്യരാണ് ലോകത്തിലുള്ളത്. പ്രാകൃത മനുഷ്യർ, ഗ്രീക്കുകാർ, യൂദന്മാർ, ക്രിസ്ത്യാനികൾ. പ്രാകൃതമനുഷ്യർ പ്രകൃതി ശക്തികളെ ആരാധിച്ചു. ഗ്രീക്കുകാർ ദേവന്മാരെ ആരാധിച്ചു; ബിംബാരാധകരാണവർ. യൂദന്മാർ ഏകദൈവ വിശ്വാസികൾ ആയിരുന്നതിനാൽ ആദ്യത്തെ കൂട്ടരേക്കാൾ ശ്രേഷ്ഠരാണ്. എന്നാൽ മതത്തിന്റെ ബാഹ്യാചാരങ്ങളിൽ കൂടുതൽ ശ്രദ്ധിച്ചതിനാൽ അതിന്റെ അന്തസ്സത്തയിൽ നിന്ന് അവർ അകന്നുപോയി. ക്രിസ്ത്യാനികൾക്കു മാത്രമേ ദൈവത്തെപ്പറ്റിയുള്ള യഥാർഥ ജ്ഞാനമുള്ളൂ.അവർ മാത്രമേ ശരിയായ രീതിയിൽ ദൈവത്തെ ആരാധിക്കുന്നുള്ളൂ. അവർ ദൈവത്തെ സ്രഷ്ടാവായും നിർമാതാവായും അംഗീകരിക്കുന്നു. അവർ

പിതാവിനേയും പുത്രനേയും പരിശുദ്ധാത്മാവിനേയും ആരാധിക്കുന്നു. അവർ മറ്റാരെയും ആരാധിക്കാറില്ല. ക്രിസ്ത്യാനികളുടെ പരിശുദ്ധ ജീവിതം തന്നെ അവരുടെ സത്യാരാധനയുടെ തെളിവാണ്.

വഴിതെറ്റിയതും അധഃപതിച്ചതുമായ ലോകത്തെ നയിക്കാനുള്ള ചെറിയ കൂട്ടമാണ് ക്രിസ്ത്യാനികൾ. 'എല്ലാ രാജ്യങ്ങളും വഴിതെറ്റി സ്വയം ചതിക്കുന്നു; മദ്യപരെപ്പോലെ ഇരുളിൽ തപ്പിത്തടഞ്ഞ് ഒരുവൻ അപരന്റെ മേൽ തട്ടിവീഴുന്നു. ക്രിസ്ത്യാനികളുടെ പ്രാർഥനകളാലും അപേക്ഷ കളാലുമാണ് ഈ ലോകം തുടർന്നും നിലനിൽക്കുന്നതെന്ന് പറയാൻ ഞാൻ മടിക്കുന്നില്ല' എന്നു പോകുന്നു അരിസ്തിദെസിന്റെ ചിന്താധാര.

### 3. പെല്ലായിലെ അരിസ്തോ

യൂദന്മാർക്കെതിരെ ഒരു വിശ്വാസസമർഥക കൃതിയെഴുതി ക്രിസ്തുമത ത്തിനുവേണ്ടി വാദിച്ച ആദ്യത്തേയാളാണ് അരിസ്തോ. ക്രിസ്തുവിനെ സംബന്ധിച്ച് 'യാസോനും പപ്പിസ്കൂസും തമ്മിലുള്ള സംവാദം' എന്നൊരു കൃതി അദ്ദേഹം രചിച്ചു. എന്നാൽ അത് നഷ്ടപ്പെട്ടു. യാസോൻ ഒരു യൂദയോ - ക്രിസ്ത്യനും പപ്പിസ്കൂസ് അലക്സാണ്ഡ്രിയായിലെ ഒരു യൂദനു മായിരുന്നു. ചെൽസൂസ് തന്റെ 'സത്യവചനം' എന്ന കൃതിയിൽ ഇതിനെ വിമർശിച്ചിട്ടുണ്ടെന്ന് ഒരിജൻ സാക്ഷിക്കുന്നു. പഴയനിയമത്തിന് രൂപകാർഥം നൽകി എന്നതാണ് വിമർശനകാരണം. ഒരിജൻ അരിസ്തോയെ പിൻ താങ്ങി ഒരു ലഘുപ്രബന്ധം എഴുതി. പഴയനിയമം ഉപയോഗിച്ചുകൊണ്ട് ഒരു യഹൂദനുമായി ഒരു ക്രൈസ്തവൻ സംവാദം നടത്തുകയും പ്രവചനങ്ങൾ യേശുവിൽ നിറവേറിയെന്നു തെളിയിക്കുകയും ചെയ്യുന്ന രീതിയെപ്പറ്റി ഒരിജൻ 'ചെൽസൂസിനെതിരെ'എന്ന കൃതിയിൽ (4,52) വിവരിക്കുന്നു. സംവാദത്തിന്റെ അന്ത്യത്തിൽ പപ്പിസ്കൂസ് മാനസാന്തരപ്പെട്ടു. ക്രിസ്ത്യാനി യാകാൻ ആഗ്രഹം പ്രകടിപ്പിക്കുന്നു. അരിസ്തോ 140-ഓടുകൂടിയാണ് തന്റെ കൃതി എഴുതിയത്. അലക്സാണ്ഡ്രിയ ആയിരിക്കാം ഉത്ഭവസ്ഥാനം.

### 4. സിറിയാക്കാരൻ താസ്യൻ

അക്രൈസ്തവ മാതാപിതാക്കളിൽനിന്ന് സിറിയായിലാണ് താസ്യൻ ജനിച്ചത്. യഥാർഥ തത്വജ്ഞാനം തേടിയിറങ്ങിയ താസ്യൻ അവസാനം ക്രിസ്തുമതത്തിൽ അത് കണ്ടെത്തുകയും അതിനെ ആശ്ലേഷിക്കുകയും ചെയ്തു. റോമിൽ വച്ചായിരിക്കാം അദ്ദേഹം ക്രിസ്ത്യാനിയായത്. പേഗ നിസത്തിന്റെ പാപ്പരത്തവും വി. ഗ്രന്ഥത്തിന്റെ ഔന്നത്യവും ക്രിസ്തുമത ത്തിന്റെ മഹനീയതയും പരിശുദ്ധിയും താസ്യൻ മനസ്സിലാക്കി. റോമിൽ വച്ച് ജസ്റ്റിന്റെ ശിഷ്യനാകുകയും 250-തോടുകൂടി ക്രിസ്ത്യാനിയാകുകയും ചെയ്തു.

ജസ്റ്റിനും താസ്യനും ഗുരുവും ശിഷ്യനുമായിരുന്നെങ്കിലും ഇരുവരും

തമ്മിൽ നിരവധി കാര്യങ്ങളിൽ അന്തരമുണ്ടായിരുന്നു. സത്യത്തിന്റെ അംശം ഗ്രീക്കുതത്വചിന്തയിലുണ്ടെന്ന് ജസ്റ്റിൻ വാദിക്കുന്നു. എന്നാൽ എല്ലാ ഗ്രീക്കുശാസ്ത്രങ്ങളും ത്യാജ്യങ്ങളാണെന്നാണ് താസ്യൻ ചിന്തിക്കുന്നത്. ക്രിസ്തുമതത്തെ ശ്ലാഘിക്കുന്ന ജസ്റ്റിൻ അക്രൈസ്തവ താത്വികരെ ബഹുമാനിച്ചിരുന്നു. താസ്യനാകട്ടെ ഗ്രീക്കുസംസ്കാരത്തോടു ബന്ധപ്പെട്ട തെല്ലാം വെറുത്തു. ഗ്രീക്കുവിദ്യാഭ്യാസവും സംസ്കാരവും ക്രിസ്ത്യാനികൾ ത്യജിക്കണമെന്നു പറഞ്ഞു. താസ്യന്റെ താഴെപ്പറയുന്ന രണ്ടു കൃതികൾ കൈവന്നിട്ടുണ്ട്.

(1) ഗ്രീക്കുകാരോടുള്ള സംവാദം

ജസ്റ്റിന്റെ മരണശേഷമായിരിക്കാം ഇതെഴുതിയത്. ഈ കൃതി ഉടനീളം ഗ്രീക്കു സംസ്കാരത്തോടു കടുത്ത എതിർപ്പ് പ്രകടമാക്കുന്നു. ഗ്രീക്കുകാരുടെ തത്വശാസ്ത്രം, മതം, നേട്ടങ്ങൾ ആദിയായവ അദ്ദേഹത്തിന്റെ നോട്ടത്തിൽ മൗഢ്യവും മൂല്യരഹിതവും അധാർമികവുമാണ്. ഗ്രീക്കു സംസ്കാരത്തിൽ മൂല്യമുള്ളതായി എന്തെങ്കിലും ഉണ്ടെങ്കിൽ അത് അപരിഷ്കൃതരിൽ നിന്ന് കടമെടുത്തതാണ്. എന്നാൽ അതിനൊന്നും ഒരു വിലയുമില്ല. അധാർമികത വളർത്താനേ അത് ഉപകരിക്കുകയുള്ളൂ.

ഈ ഗ്രന്ഥത്തിന് നാലു ഭാഗങ്ങളുണ്ട്: ഒന്നാംഭാഗം (അധ്യായം. 4,3-7,6) ഒരു ക്രിസ്തീയ പ്രപഞ്ചശാസ്ത്രമാണ്. ദൈവം (4,3-5), വചനം, ലോക സൃഷ്ടി (5), മനുഷ്യസൃഷ്ടി, ഉത്ഥാനം, വിധി (6-7,1), മാലാഖമാരുടെ സൃഷ്ടി, സ്വതന്ത്രമനസ്സ്, മാലാഖമാരുടെ വീഴ്ച, ആദിമാതാപിതാക്കളുടെ പാപം, ദുഷ്ടാത്മാക്കൾ (7,2-8) എന്നീ കാര്യങ്ങൾ ഈ ഭാഗത്ത് ചർച്ച ചെയ്യുന്നു.

രണ്ടാംഭാഗം (8-20) പിശാചുക്കളെപ്പറ്റിയുള്ള വിവരണമാണ്. ജോത്സ്യം പിശാചിന്റെ കണ്ടുപിടിത്തമാണ്. സ്വാതന്ത്ര്യം ദുരുപയോഗിച്ച മനുഷ്യൻ പിശാചിന്റെ അടിമയായിത്തീർന്നു. ലോകവസ്തുക്കൾ പാടേ ഉപേക്ഷിക്കുന്നതുവഴി മനുഷ്യന് ഈ അടിമത്തത്തിൽ നിന്ന് മോചനം പ്രാപിക്കാൻ സാധിക്കും (3-11). ഇതിനുള്ള ശക്തി ലഭിക്കാനായി നമ്മുടെ അരൂപിയെ സ്വർഗീയാരൂപിയുമായി (*പ്നെവുമായുമായി*) ബന്ധിക്കണം. മനുഷ്യനെ സൃഷ്ടിച്ചപ്പോൾ *പ്നെവുമാ* അവന്റെ ഉള്ളിൽ വസിച്ചു. എന്നാൽ പിശാചിന്റെ പ്രേരണയാൽ പാപം ചെയ്തപ്പോൾ അത് അവനിൽനിന്ന് പുറത്തുപോയി (12-15,1). പദാർഥത്തിന്റേയും ദുഷ്ടതയുടേയും സാദൃശ്യമാണ് പിശാചുക്കൾ. ഒരിക്കലും പിശാചിന് അനുതപിക്കാനാവില്ല. മനുഷ്യനാകട്ടെ ദൈവസാദൃശ്യത്തിലാകയാൽ, അമർത്യത പ്രാപിക്കാൻ സാധിക്കും. സ്വയംനിഗ്രഹം വഴി മനുഷ്യൻ അത് സാധിക്കുന്നു (15,2-16,6). പദാർഥത്തെ പരിത്യജിച്ച് അമർത്യത നേടുന്നതുകൊണ്ട് മരണത്തെ മനുഷ്യൻ ഭയപ്പെടാനില്ല (16,7-20).

മൂന്നാംഭാഗം (21-30) ജീവിതത്തോടുള്ള ക്രിസ്തീയ വീക്ഷണത്തിന്റെ വെളിച്ചത്തിൽ ഗ്രീക്കുസംസ്കാരം ചർച്ച ചെയ്യുന്നു. ഗ്രീക്കുതത്വശാസ്ത്രം മൂഢത്വമാണ്. മനുഷ്യാവതാര രഹസ്യമാകട്ടെ മഹോന്നതവും ശ്രേഷ്ഠവുമാണ് (21). ഗ്രീക്കുകാരുടെ തിയേറ്ററുകൾ തിന്മയുടെ ഉറവിടമാണ്. കളിസ്ഥലങ്ങൾ കൊലക്കളങ്ങളാണ്. അവരുടെ നൃത്തം, സംഗീതം, കവിത എന്നിവയൊക്കെ മൂല്യരഹിതമാണ് (22-24). ഗ്രീക്കു തത്വശാസ്ത്രവും നിയമവും പരസ്പരം യോജിച്ചുപോകാൻ പ്രയാസമുള്ളവയാണ് (25-28). ഈ പശ്ചാത്തലത്തിൽ ക്രിസ്തുമതം ജ്വലിച്ചു പ്രകാശിക്കുന്നു (29-30).

നാലാംഭാഗം ക്രിസ്തുമതത്തിന്റെ ധാർമികമൂല്യം പ്രഖ്യാപിക്കുന്നു (31-41). ഗ്രീസിലെ എല്ലാ നിയമദാതാക്കൾക്കും മുൻപേ മോശ ജീവിക്കയും നിയമം നൽകുകയും ചെയ്തു. അതുകൊണ്ട് ക്രിസ്തുമതം മറ്റെല്ലാറ്റിനേക്കാളും പുരാതനമാണ് (31,1-63, 6-41). ക്രിസ്തീയ ജീവിതവും ക്രിസ്തീയ തത്വശാസ്ത്രവും എല്ലാവിധ സ്പർദ്ധയിൽ നിന്നും അസൂയയിൽ നിന്നും അകന്നതാണ്. ക്രിസ്ത്യാനികൾ മനുഷ്യമാംസഭുക്കുകളാണെന്നും അധാർമികത പ്രവർത്തിക്കുന്നവരാണെന്നുമുള്ള ദോഷാരോപണം ഗ്രീക്കുകാരുടെ പ്രവർത്തനത്തിന്റെ പ്രതിഫലനമാണ് (31,7-35).

താസ്യൻ ഇപ്രകാരം ഉപസംഹരിക്കുന്നു: 'ഗ്രീക്കുകാരേ, ഈ കാര്യങ്ങൾ നിങ്ങൾക്കുവേണ്ടി ബാർബേറിയൻ തത്വശാസ്ത്രത്തിന്റെ ശിഷ്യനായ ഞാൻ, താസ്യൻ, രചിച്ചു. ഞാൻ അസ്സീറിയാ ദേശത്ത് ജനിച്ചു. നിങ്ങളുടെ തത്വങ്ങൾ പഠിച്ചു. അതിനുശേഷം ഇപ്പോൾ ഞാൻ പ്രഘോഷിക്കുന്ന ഇതു പഠിച്ചു. ദൈവം ആരാണെന്നും തന്റെ കർമം എന്താണെന്നും ഗ്രഹിച്ചതിന്റെ ഫലമായി എന്റെ തത്വങ്ങൾ പരിശോധനാവിധേയമാക്കാൻ നിങ്ങളുടെ മുൻപാകെ ഞാൻ സമർപ്പിക്കുന്നു. ദൈവത്തിന് ഹിതകരമായ ആ ജീവിതത്തോട് അഭേദ്യമായി പറ്റിച്ചേരാൻ ഞാനാഗ്രഹിക്കുന്നു' (42)

(2) ദിയാതെസ്സറോൻ (സംയുക്ത സുവിശേഷം)

താസ്യന്റെ ഏറ്റവും പ്രധാനപ്പെട്ട കൃതിയാണിത്. 'തോ ദിയാതെസ്സറോൻ ഏവൻഗേലിയോൻ' എന്നാണ് പൂർണനാമം. നാലു സുവിശേഷ ങ്ങളിൽ നിന്നുമുള്ള ഒരു സംക്ഷിപ്ത വിവരണം. 'നാലിൽനിന്ന്' (ദിയാതെസ്സറോൻ) എന്ന് താസ്യൻ ഇതിന് പേരിട്ടു. നാലു സുവിശേഷ ങ്ങളിൽ നിന്നും തെരഞ്ഞെടുത്ത വാചകങ്ങൾ കൊണ്ട് തുടർച്ചയായി രചിച്ച ഒറ്റ സുവിശേഷമാണിത്. സുറിയാനി സഭയിൽ അനേകനാൾ ഇത് ഔദ്യോഗിക സുവിശേഷമായി ആരാധനക്രമത്തിൽ ഉപയോഗിച്ചിരുന്നു. ഇതിനു പകരം പുതിയൊരു ബൈബിൾ വിവർത്തനം നടപ്പാക്കിയത് മാർ റാബുള (+435) അത്രേ. 'ഏവൻഗേലിയോൻ ദ്മേഫറേശെ'എന്നാണ് റാബുളയുടെ വിവർത്തനത്തിന്റെ പേര്. റാബുള നാലു സുവിശേഷങ്ങളും വെവ്വേറെ സുറിയാനി

യിലേക്ക് വിവർത്തനം ചെയ്യിച്ച് നടപ്പാക്കി. താസ്യന്റെ 'സംയുക്ത സുവിശേഷം' കാലാന്തരത്തിൽ അപ്രത്യക്ഷമായി.

പൗരസ്ത്യദേശത്ത് തിരികെ എത്തിയ ശേഷമായിരിക്കാം താസ്യൻ ഇത് തയാറാക്കിയത്. ഗ്രീക്കിലാണോ സുറിയാനിയിലാണോ രചിച്ചതെന്ന് പറയാൻ സാധ്യമല്ല. ഗ്രീക്കായിരിക്കാം മൂലഭാഷ. താസ്യൻ തന്നെ പിന്നീടത് സുറിയാനിയിലാക്കിയിരിക്കാം. 1934-ൽ സിറിയായിലെ ഡൂറാ എവുറോപ്പോസിൽ 254-ന് മുമ്പ് എഴുതപ്പെട്ട ഗ്രീക്ക് കയ്യെഴുത്ത് പ്രതിയുടെ 14 വരികൾ കണ്ടെടുക്കുകയുണ്ടായി. താസ്യന്റെ സംയുക്ത സുവിശേഷത്തിന് മാർ അപ്രേം 360 - നും 370 - നും ഇടയ്ക്ക് എഴുതിയ ഭാഷ്യം ആറാം നൂറ്റാണ്ടിലെ ഒരു അർമേനിയൻ വിവർത്തനത്തിലൂടെ കൈവന്നിട്ടുണ്ട്; സുറിയാനി മൂലം നഷ്ടപ്പെട്ടുപോയി. (മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *മാർ അപ്രേം, സുവിശേഷഭാഷ്യം*, കോട്ടയം,2002).

അദ്ദേഹത്തിന്റെ മറ്റെല്ലാ കൃതികളും നഷ്ടപ്പെട്ടു. തന്റെ വിശ്വാസ സമർഥന കൃതിയിൽ മൂന്നു കൃതികളുടെ പേരുകൾ താസ്യൻ തന്നെ നൽകുന്നു: 'മൃഗങ്ങളെപ്പറ്റി' (*പെരി സോഓൻ*) (.5); പിശാചുക്കളെപ്പറ്റി (16); 'ദൈവികകാര്യങ്ങൾ ചർച്ച ചെയ്തവർക്കെതിരെ'(14). ക്ലെമെന്റ് താസ്യന്റെ 'പൂർണതയെപ്പറ്റി' എന്ന കൃതിയിൽ നിന്ന് ഉദ്ധരിക്കുന്നു (സ്ട്രോമാറ്റാ, 8,81ff.). 'പ്രശ്നങ്ങളെപ്പറ്റി' എന്ന പേരിൽ ഒരു കൃതിയെഴുതിയതായി റോദോൻ പറയുന്നു(എവു.സഭാ. 5,13,8). പൗലോസിന്റെ ലേഖനങ്ങൾ ചുരുക്കിയെഴു താൻ താസ്യൻ യത്നിച്ചതായി എവുസേബിയസ് പ്രസ്താവിക്കുന്നു (സഭാ.4,29,6). 'സംയുക്ത സുവിശേഷ'ത്തെ ആധാരമാക്കി നിരവധി പഠനങ്ങൾ പാശ്ചാത്യലോകത്ത് നടന്നിട്ടുണ്ട്. താസ്യനെ ചിലർ എൻക്രത്തീത്ത വിഭാഗത്തിൽ പെട്ട അബദ്ധോപദേശകനായി ചിത്രീകരിക്കാറുണ്ട്. അത് അടിസ്ഥാനമില്ലാത്ത ആരോപണം ആണെന്നു തോന്നുന്നു. കാരണം, അബദ്ധോപദേശകരെ വളരെ ശക്തിയായി എതിർക്കുകയും ഖണ്ഡിക്കുകയും ചെയ്തിരുന്ന ആളായിരുന്നു മാർ അപ്രേം. അങ്ങനെയുള്ള ആൾ ഒരബദ്ധോപദേശകന്റെ കൃതിക്ക് ഭാഷ്യമെഴുതാൻ ന്യായമില്ല.

**5. മിൽത്തിയാദെസ്**

പ്രസംഗകനായ മിൽത്തിയാദെസ് ഏഷ്യാമൈനറിൽ ജനിച്ചു. താസ്യന്റെ സമകാലീനനായ അദ്ദേഹവും ജസ്റ്റിന്റെ ശിഷ്യനായിരുന്നു. അദ്ദേഹത്തിന്റെ എല്ലാ കൃതികളും നഷ്ടപ്പെട്ടു. പുറജാതികൾക്കും പാഷണ്ഡികൾക്കുമെതിരെ ക്രിസ്തുമതത്തിനുവേണ്ടി അദ്ദേഹം ശക്തിയായി വാദിച്ചെന്ന് തെർത്തുല്യനും ഹിപ്പോളിറ്റസും സാക്ഷിക്കുന്നു (എവു. സഭാ.5,28,4). 'ക്രിസ്തീയ തത്വശാസ്ത്രത്തിനു വേണ്ടിയുള്ള അപ്പോളജി' എന്ന ഒരു കൃതിയെപ്പറ്റി എവുസേബിയസ് പറയുന്നു (സഭാ. 5,17,5). മാർക്കുസ് ഔറേലിയസിനും ലൂചിയൂസ് വേരൂസിനും ആണ് അദ്ദേഹം

തന്റെ കൃതി സമർപ്പിച്ചത്. മറ്റു കൃതികൾ: 'ഗ്രീക്കുകാർക്കെതിരെ' രണ്ടുപുസ്തകങ്ങൾ, 'യൂദർക്കെതിരെ,' 'മോണ്ടനിസ്റ്റുകാർക്കെതിരെ', 'വലന്റീനിയൻ ഗ്നോസ്റ്റിക്കുകാർക്കെതിരെ' എന്നിവയാണ്.

**6. ഹിയെരാപ്പോളീസിലെ അപ്പൊള്ളിനാരീസ്**

ഹിയെരാപ്പോളീസിലെ മെത്രാനായിരുന്നു ക്ലാവുദിയൂസ് അപ്പൊള്ളിനാരീസ്. മാർക്കുസ് ഔറേലിയസിന്റെ കാലത്താണ് അദ്ദേഹം സഭയെ നയിച്ചത്. അദ്ദേഹത്തിന്റെ നിരവധി കൃതികളേപ്പറ്റി നമുക്കറിയാമെങ്കിലും ഒന്നും കൈവന്നിട്ടില്ല. എവുസേബിയസിന്റെ ഗ്രന്ഥശേഖരത്തിൽ അപ്പൊള്ളിനാരീസിന്റെ നിരവധി ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു: മാർക്കുസ് ഔറേലിയസിനൊരു കൃതി, ഗ്രീക്കുകാർക്കെതിരെ അഞ്ച് വാല്യങ്ങൾ (*പ്രോസ് ഹെല്ലേനാസ്*). സത്യത്തെക്കുറിച്ച് രണ്ട് വാല്യങ്ങൾ, യൂദർക്കെതിരെ രണ്ടു പുസ്തകങ്ങൾ, മോണ്ടനിസ്റ്റുകാർക്കെതിരെ, ഉയർപ്പിനെപ്പറ്റി (*പെരി തൂ പാസ്ക്ക*).

**7. ആഥൻസിലെ അത്തനാഗോറസ്**

താസ്യന്റെ ഒരു സമകാലീനനായിരുന്നു അത്തനാഗോറസ്. ഗ്രീക്കു സംസ്കാരത്തേയും ഗ്രീക്കു തത്വശാസ്ത്രത്തേയും സംബന്ധിച്ച് അദ്ദേഹത്തിന് നല്ല മതിപ്പായിരുന്നു. ഇക്കാര്യത്തിൽ അദ്ദേഹം താസ്യനിൽ നിന്ന് വളരെ വ്യത്യസ്തനായിരുന്നു. ഗ്രീക്കുഭാഷയിൽ അദ്ദേഹത്തിന് നല്ല പ്രാവീണ്യമുണ്ടായിരുന്നു. നല്ല ഒഴുക്കുള്ള ശൈലി അദ്ദേഹത്തിന് കൈമുതലായിരുന്നു. ആദ്യകാല വിശ്വാസസമർഥകരിൽ ഏറ്റവും വലിയ വാഗ്മിയായിരുന്നു അദ്ദേഹം. കവികളിൽനിന്നും താത്വികരിൽ നിന്നുമെടുത്ത ഉദ്ധരണികൾ അദ്ദേഹം ഇഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റി നമുക്കറിവില്ല. പ്രാചീന ക്രൈസ്തവ സാഹിത്യത്തിൽ മെത്തോഡിയസ് മാത്രമേ അദ്ദേഹത്തെപ്പറ്റി പരാമർശിക്കുന്നുള്ളൂ (ഉയർപ്പിനെപ്പറ്റി, 1,36,6–37,1).

അദ്ദേഹത്തിന്റെ രണ്ടു കൃതികൾ കൈവന്നിട്ടുണ്ട്: (1) ക്രിസ്ത്യാനികൾക്കു വേണ്ടിയുള്ള അഭ്യർത്ഥന. (2) മരിച്ചവരുടെ ഉയർപ്പിനെപ്പറ്റി.

(1) ആദ്യകൃതി 177-ൽ മാർക്കുസ് ഔറേലിയസിനും മകനായ കൊമ്മോദൂസിനും മിതമായ ഭാഷയിൽ വളരെ ക്രമീകൃതമായ ശൈലിയിൽ എഴുതിയിരിക്കുന്നു: ഇതെഴുതുന്നതിനുള്ള ഉദ്ദേശ്യം ആരംഭത്തിൽ തന്നെ വ്യക്തമാക്കുന്നു: 'ഞങ്ങൾ നീതിരഹിതമായാണ് പീഡിപ്പിക്കപ്പെടുന്നതെന്നും സർവനിയമങ്ങൾക്കും ബുദ്ധിക്കും എതിരാണിതെന്നും ഈ ചെയ്തികൾ നിയമം മൂലം മാറ്റുന്നത് ചക്രവർത്തിക്കു ഭൂഷണമായിരിക്കുമെന്നും ഈ സംവാദത്തിൽ നിന്ന് അങ്ങേയ്ക്ക് മനസ്സിലാകും.' അതിനുശേഷം, ക്രിസ്ത്യാനികളുടെ മേൽ ആരോപിക്കപ്പെട്ട മൂന്ന് ആരോപണങ്ങൾ - നിരീശ്വരത്വം, മനുഷ്യമാംസം ഭക്ഷിക്കൽ, ലൈംഗിക വൈകൃതം - ഖണ്ഡിക്കയാണദ്ദേഹം.

'ക്രിസ്ത്യാനികൾ ദേവന്മാരെ ആരാധിക്കാറില്ല. എന്നാൽ അവർ സത്യ ദൈവത്തെ മാത്രം ആരാധിക്കുന്നു. അവർ ഏകദൈവവിശ്വാസികളാണ്. അക്കാരണത്താൽ നിരീശ്വരന്മാർ എന്ന മുദ്ര ക്രിസ്ത്യാനികൾക്ക് ഒരിക്കലും ചേരുന്നതല്ല. ഗ്രീക്ക് താത്വികരിൽ ചിലർ തന്നെയും ഏകദൈവ വിശ്വാസി കളായിരുന്നു. അവരെ ആരും നിരീശ്വരന്മാർ എന്ന് മുദ്രയടിച്ചി ല്ലല്ലോ. അവർ കണ്ടെത്തിയതിനേക്കാൾ വളരെ ശ്രേഷ്ഠമാണ് ക്രിസ്തീയ വെളിപാട്. അവരാരും തിന്മയെ നന്മകൊണ്ട് കീഴടക്കാൻ സൗമനസ്യം കാണിച്ചില്ല. വചനം കൊണ്ടും പ്രവൃത്തികൊണ്ടും ക്രിസ്ത്യാനികൾ തങ്ങളുടെ ജീവിത ത്തിൽ ക്രിസ്തുമതത്തിന്റെ ഔന്നത്യം വരച്ചുകാട്ടുന്നു. അവർ ദേവന്മാരെ ആരാധിക്കുകയേയില്ല. ദൈവത്തിന്റെ സൃഷ്ടികളെ സ്രഷ്ടാവായി ഒരിക്കലും കണക്കാക്കില്ല. അതാണോ നിരീശ്വരത്വം?

ക്രിസ്ത്യാനികൾ ഒരിക്കലും സഹജീവികളെ കൊന്നു ഭക്ഷിക്കാറില്ല. അവർ ആരേയും കൊല്ലാറില്ല; മറ്റുള്ളവർ കൊല്ലുമ്പോൾ അതു ദർശിക്കാൻ പോലും കൂട്ടാക്കുന്നില്ല. വിജാതിയരാകട്ടെ, കളിസ്ഥലങ്ങളിൽ കൊല പാതകം നടത്തുകയും അതിൽ ആർത്ത് സന്തോഷിക്കുകയും ചെയ്യുന്നു. അവരേക്കാൾ മനുഷ്യത്വത്തെ കൂടുതലായി ബഹുമാനിക്കുന്നത് ക്രിസ്ത്യാ നികളാണ്. അവർ ഒരിക്കലും ശിശുക്കളെ വീടിനു പുറത്തെറി ഞ്ഞുകള യാറില്ല. വിജാതിയർ അപ്രകാരം ചെയ്യുമ്പോൾ ക്രിസ്ത്യാനികൾ അവരെ കുറ്റപ്പെടുത്തുന്നു. ശരീരത്തിന്റെ ഉയർപ്പിൽ ക്രിസ്ത്യാനികൾ വിശ്വസി ക്കുന്നു. അതുകൊണ്ട് അവർ മനുഷ്യമാംസം ഭക്ഷിക്കാറില്ല.

വിദ്വേഷത്തിന്റെ ആളിക്കത്തൽകൊണ്ടാണ് ലൈംഗിക വൈകൃതം ക്രിസ്ത്യാനികളുടെമേൽ ആരോപിക്കപ്പെടുന്നത്. സുകൃതത്തെ തിന്മ പീഡിപ്പിച്ചതിന്റെ ചരിത്രമാണ് ലോകത്തിൽ ഉള്ളത്. ശുദ്ധതയ്ക്കെതിരായി വിചാരത്തിൽപോലും ക്രിസ്ത്യാനികൾ പാപം ചെയ്യില്ല. വിവാഹം, കന്യാത്വം എന്നിവയേക്കുറിച്ച് ക്രിസ്ത്യാനികൾക്കുള്ള ശ്രേഷ്ഠമായ ആശയങ്ങൾ ശുദ്ധതയേക്കുറിച്ച് അവരുടെ മതിപ്പ് എന്താണെന്ന് ഗ്രഹിക്കാൻ സഹാ യിക്കും.'

കൃതിയുടെ അവസാനഭാഗം ഒരപേക്ഷയോടുകൂടി അവസാനിപ്പി ക്കുന്നു: 'ദൈവഭയത്തിലും ഭക്തിയിലും ശാന്തതയിലും ജീവിക്കുന്ന ക്രിസ്ത്യാനികൾ രാജ്യത്തിനും രാജാവിനും വേണ്ടി പ്രാർഥിക്കുന്നു. രാജ്യം ഐശ്വര്യസമൃദ്ധമാകാൻ ആത്മാർഥമായി ആഗ്രഹിക്കുന്നു. അങ്ങനെയുള്ള ക്രിസ്ത്യാനികളെ ശാന്തമായി ജീവിക്കാൻ അനുവദിക്കുന്ന താണ് രാഷ്ട്രത്തിന് എല്ലാംകൊണ്ടും ഭൂഷണം.'

(2) രണ്ടാമത്തെ കൃതി മരിച്ചവരുടെ ഉത്ഥാനം താത്വികമായി തെളിയി ക്കാൻ ശ്രമിക്കുന്നു. ഇതിനു രണ്ടു ഭാഗങ്ങളുണ്ട്: ഒന്നാംഭാഗം(1-10)

ദൈവത്തെയും ഉയർപ്പിനെയും പറ്റി ചർച്ചചെയ്യുന്നു. ദൈവത്തിന്റെ വിജ്ഞാനവും സർവശക്തിയും നീതിയും, ശരീരത്തിന്റെ ഉത്ഥാനവുമായി ഒത്തുപോകുന്നതാണ്. രണ്ടാംഭാഗം (11-25) മനുഷ്യനെയും ഉയർപ്പിനെയും പറ്റി ചർച്ചചെയ്യുന്നു. ദൈവം നിത്യതയ്ക്കായി മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതിനാൽ ഉയർപ്പ് അവശ്യാവശ്യമാണ് (12-13); നിത്യമായി ജീവിക്കാൻ വേണ്ടി മരണത്താൽ വേർപെടുത്തപ്പെട്ട ശരീരവും ആത്മാവും ഉയർപ്പിൽ യോജിപ്പിക്കപ്പെടണം (14-17). ശരീരവും ആത്മാവും പ്രതിഫലത്തിന് അർഹമാണ്. ആത്മാവ് തന്നെ പീഡ സഹിക്കുന്നതും ശരീരത്തിന് ഒരു പ്രതിഫലവും ലഭിക്കാതിരിക്കുന്നതും നീതിപൂർവകമല്ല. രണ്ടും സഹകരിച്ച് പ്രവർത്തിച്ചെങ്കിൽ, പ്രതിഫലവും ഒന്നിച്ചായിരിക്കണം (18-23). സന്തോഷത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഇവിടെ അനശ്വരമായ സന്തോഷം കണ്ടെത്തുന്നില്ല; മറ്റൊരു ജീവിതത്തിലാണത് കണ്ടെത്തേണ്ടത് (24-25).

ഏകദൈവവിശ്വാസം ശാസ്ത്രീയമായി വിശകലനം ചെയ്ത ആളാണ് അത്തനാഗോറസ്. ഒരു ദൈവമേയുള്ളൂ എന്നതിന് ബൗദ്ധിക തെളിവുകളോടൊപ്പം പ്രവാചകന്മാരുടെ സാക്ഷ്യവും അദ്ദേഹം നിരത്തിവയ്ക്കുന്നു. വചനത്തിന്റെ ദൈവത്വം വ്യക്തമായും സ്പഷ്ടമായും അദ്ദേഹം പഠിപ്പിക്കുന്നു. പിതാവുമായി വചനം അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. വചനം പിതാവിനോട് സത്തയിൽ സമനാണ് പരിശുദ്ധാത്മാവാണ് പ്രവാചകന്മാരിൽ പ്രവർത്തിച്ചത്. ദൈവത്തിൽ നിന്നുള്ള പ്രവാഹമാണ് പരിശുദ്ധാത്മാവ്; ദൈവത്തിലേക്ക് തിരികെയെത്തുകയും ചെയ്യുന്നു. ത്രിത്വസംബന്ധമായി വളരെ മനോഹരമായ പ്രതിപാദനമാണ് അദ്ദേഹത്തിന്റേത്. ഏകദൈവത്തെ ആരാധിക്കുന്നതിനാൽ ക്രിസ്ത്യാനികൾ നിരീശ്വരന്മാർ അല്ല; പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും വിശ്വസിക്കുകയും അവരുടെ ഐക്യവും വ്യത്യാസവും പ്രഘോഷിക്കുകയും ചെയ്യുന്നവർ എപ്രകാരമാണ് നിരീശ്വരന്മാർ ആകുന്നതെന്ന് അദ്ദേഹം ചോദിക്കുന്നു.

മാലാഖമാരുടെ അസ്തിത്വം, വേദപുസ്തകത്തിന്റെ ദൈവനിവേശിതത്വം, ബ്രഹ്മചര്യജീവിതത്തിന്റെ ഔന്നത്യം എന്നിവയെപ്പറ്റിയും അദ്ദേഹം എഴുതി. ക്രിസ്തീയ വിവാഹം ശിശുക്കളെ ജനിപ്പിക്കാനുള്ളതാണ്. ജഡികാസക്തിയുടെ പോഷണത്തിനുള്ളതല്ല. വിവാഹത്തിന്റെ ആത്യന്തിക ലക്ഷ്യം ശിശുവാണ്. ഭ്രൂണഹത്യ പാപമാണെന്നും ജനിക്കാത്ത ശിശുവും മനുഷ്യക്കുഞ്ഞാണെന്നും കൊലപാതകം ചെയ്യുന്നവർ കണക്കുകൊടുക്കേണ്ടി വരുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. അന്നത്തെ റോമൻ നിയമമനുസരിച്ച് ഭ്രൂണത്തിന് ജീവിക്കാൻ അവകാശമില്ലായിരുന്നു. അദ്ദേഹം പ്രസ്തുത നിയമത്തെയാണ് എതിർക്കുന്നത്. ഭാര്യാഭർതൃബന്ധം അഭേദ്യമാണെന്നും മരണത്തിനു മാത്രമേ അവരെ തമ്മിൽ വേർപിരിക്കാൻ സാധിക്കൂ എന്നും അദ്ദേഹം കരുതി.


www.malankaralibrary.com

## 8. അന്ത്യോകൃയിലെ തെയോഫിലസ്

സിറിയായിൽ അന്ത്യോകൃയിലെ ആറാമത്തെ മെത്രാനായിരുന്നു തെയോഫിലസ് (എവു.സഭാ.4,20). അക്രൈസ്തവ മാതാപിതാക്കളിൽനിന്ന് യൂഫ്രട്ടീസിനടുത്ത് അദ്ദേഹം ജനിച്ചു. ഗ്രീക്കു ദർശനത്തിൽ അവഗാഹം നേടിയ അദ്ദേഹം ക്രിസ്തുമതത്തെപ്പറ്റി നന്നായി പഠിച്ചശേഷമാണ് ക്രിസ്ത്യാനിയായത്.

'ഔതോലിക്കസിനുള്ള' മൂന്നു പുസ്തകങ്ങൾ മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളൂ. 180–ന് മുമ്പാണ് ഇത് എഴുതപ്പെട്ടത്. മൂന്നാം പുസ്തകത്തിന്റെ അവസാനം ഒരു കാലാനുക്രമണികയുണ്ട്. അത് മാർക്കുസ് ഔറേലിയസിന്റെ മരണം വരെയാണ് (മാർച്ച് 17,180). തന്റെ അക്രൈസ്തവ സുഹൃത്തായ ഔതോലിക്കസിന്റെ എതിർവാദങ്ങളെ ഈ മൂന്ന് പുസ്തകങ്ങളിൽ അദ്ദേഹം ഖണ്ഡിക്കുന്നു. ഒന്നാം പുസ്തകത്തിൽ ദൈവത്തിന്റെ സത്തയെപ്പറ്റി വിവരിക്കുന്നു. ദൈവത്തെ നമുക്ക് ആത്മീയ നയനങ്ങൾ കൊണ്ട് മാത്രമേ കാണാൻ സാധിക്കൂ. വിഗ്രഹാരാധനയുടെ അർഥശൂന്യത വ്യക്തമാക്കിയിരിക്കുന്നു. രാജാവിന് നൽകാവുന്ന ബഹുമാനവും ദൈവത്തിന് നൽകുന്ന ആരാധനയും തമ്മിലുള്ള വ്യത്യാസവും ഇതിൽ വ്യക്തമാക്കിയിട്ടുണ്ട്. 'ക്രിസ്ത്യാനി' എന്ന നാമത്തിന്റെ അർഥവും, പ്രാധാന്യവും അദ്ദേഹം ചർച്ച ചെയ്യുന്നു. രണ്ടാമത്തെ പുസ്തകം, പരിശുദ്ധാത്മാവിനാൽ നിവേശിതരായ പ്രവാചകന്മാരുടെ കൃതികളെ ഗ്രീക്ക് മതങ്ങളുടെ മൂഢത്വങ്ങളുമായി തട്ടിച്ചുനോക്കി, അവയുടെ പൊള്ളത്തരം വെളിപ്പെടുത്തുന്നു. ഗ്രീക്ക് സാഹിത്യകാരന്മാർ ദൈവത്തെക്കുറിച്ചും ലോകോൽപ്പത്തിയെക്കുറിച്ചും പരസ്പര വിരുദ്ധപ്രസ്താവനകൾ ചെയ്തിട്ടുണ്ട്. ലോകോൽപ്പത്തിയെക്കുറിച്ച് ഉൽപത്തി പുസ്തകത്തിലെ വിവരണങ്ങൾ അദ്ദേഹം രൂപകാർത്ഥത്തിൽ വിവരിക്കുന്നു. യഥാർഥമായ ആരാധന, ശരിയായ ജീവിതം നയിക്കേണ്ടവിധം എന്നിവ സംബന്ധിച്ച് പ്രവാചകന്മാരുടേയും സിബിലിന്റെയും വാക്കുകൾ ഉദ്ധരിക്കുന്നു.

ക്രിസ്തുമതത്തിന്റെ ഔന്നത്യം ധാർമികതയിൽ ഊന്നി നിന്നുകൊണ്ട് വിശദമാക്കുകയാണ് മൂന്നാം പുസ്തകം. ക്രിസ്ത്യാനികൾക്കെതിരെ ഉന്നയിക്കപ്പെടുന്ന ആരോപണങ്ങളെ ഖണ്ഡിക്കുന്നു. ഗ്രീക്ക് ദേവന്മാർ തികച്ചും അധാർമികരാണെന്ന് അവരുടെ സാഹിത്യകാരന്മാർ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. മോശയും പ്രവാചകന്മാരും താത്വികരേക്കാൾ പ്രാചീനത്വമുള്ളവരാണെന്ന് കാലാനുക്രമണിക വഴി സ്ഥാപിക്കയും അങ്ങനെ ക്രിസ്തുമതത്തിന്റെ പ്രാചീനത്വം തെളിയിക്കുകയും ചെയ്യുന്നു.

അദ്ദേഹത്തിന്റെ മറ്റു കൃതികൾ താഴെപ്പറയുന്നവയാണ്: ഹെർമോജെനെസിനെതിരെ, മാർസ്യനെതിരെ, വേദപാഠകൃതികൾ (എവു.സഭാ.4,24), സുവിശേഷഭാഷ്യങ്ങൾ, സോളമന്റെ സുഭാഷിതങ്ങളുടെ ഭാഷ്യം,

സംയുക്തസുവിശേഷം (ജറോം,മഹദ്.25;ലേഖനം,121,6,15); ഒരു ചരിത്ര ഗ്രന്ഥം- ഇവയിലൊന്നും അവശേഷിച്ചിട്ടില്ല.

ത്രിത്വം (*ത്രിയാസ്*) എന്ന പദം ദൈവത്തിലുള്ള മൂന്നാളുകളെ കുറിക്കാൻ ആദ്യമായി ഉപയോഗിച്ചയാൾ തെയോഫിലസ് ആണ്. സൂര്യചന്ദ്രന്മാരെ സൃഷ്ടിക്കുന്നതിനു മുമ്പുള്ള മൂന്നുദിവസം ത്രിത്വത്തിന്റെ സദൃശ്യമാണ് (2,15). ദൈവത്തിൽ വസിക്കുന്ന വചനം, സംസാരിക്കപ്പെട്ട വചനം എന്നിങ്ങനെ വചനത്തെ രണ്ടായി കണ്ട ആദ്യത്തേയാൾ അദ്ദേഹ മാണ്. ദൈവം തന്നിൽ വസിച്ച വചനത്തെ എല്ലാറ്റിനും മുമ്പേ ജനിപ്പിച്ചു. എല്ലാം അവിടുന്ന് വഴി സൃഷ്ടിക്കപ്പെട്ടു. പറുദീസായിൽ വച്ച് ആദത്തോട് സംസാരിച്ചത് ഈ വചനമാണ്.

കല്പനകൾ അനുസരിക്കുന്നതിന്റെ പ്രതിഫലമാണ് അമർത്യത. അല്ലാതെ മനുഷ്യസ്വഭാവത്തിന്റെ ഭാഗമല്ല. മനുഷ്യാത്മാവ് അതിൽ തന്നെ മർത്യമോ അമർത്യമോ അല്ല, അതു രണ്ടിനും വശഗതമാണ്. ജസ്റ്റിനും (ഡയലോഗ്, 5) ഐറേനിയസും (പാഷ. 4,43) ഈ ആശയക്കാരാണ്.

**9. ഹെർമിയാസ്**

ഹെർമിയാസ് *താത്വികരെ കളിയാക്കൽ* എന്നൊരു കൃതിയെഴുതി. പതിനാറ് കൈയെഴുത്ത് പ്രതികളിൽ ഈ കൃതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഗ്രന്ഥകർത്താവിനെപ്പറ്റി യാതൊന്നും നമുക്കറിഞ്ഞു കൂടാ. ഒരു പ്രാചീന എഴുത്തുകാരനും ഹെർമിയാസിനെപ്പറ്റി പരാമർശിക്കുന്നില്ല. പത്ത് അധ്യായങ്ങളിലായി ഗ്രീക്ക് തത്വശാസ്ത്രത്തിന്റെ പൊള്ളത്തരവും, ദൈവത്തെ സംബന്ധിച്ചുള്ള അവരുടെ തത്വങ്ങളിലെ പൊരുത്ത ക്കേടുകളും, ലോകം, ആത്മാവ് എന്നീ യാഥാർഥ്യങ്ങളും അദ്ദേഹം അപഗ്രഥിക്കുന്നു. ഗ്രീക്ക് താത്വികരെ കളിയാക്കുകയായിരുന്നു അദ്ദേഹത്തിന്റെ ഒരു ലക്ഷ്യം.


www.malankaralibrary.com

അധ്യായം 10

# വി. ജസ്റ്റിൻ

രണ്ടാം നൂറ്റാണ്ടിലെ ഗ്രീക്ക് വിശ്വാസ സമർഥകരിൽ അഗ്രഗണ്യനാണ് രക്തസാക്ഷിയായ വി. ജസ്റ്റിൻ. ആദിമ ക്രൈസ്തവ സാഹിത്യകാരന്മാരുടെ കൂട്ടത്തിൽ മഹനീയമായൊരു വ്യക്തിത്വത്തിന്റെ ഉടമയാണദ്ദേഹം. പലസ്തീനയിലെ ഷേക്കേമിൽ (ഫ്ളാവിയ നെയാപ്പൊളീസിൽ) അക്രൈസ്തവ മാതാപിതാക്കളിൽനിന്ന് ജസ്റ്റിൻ ജനിച്ചു. സ്റ്റോയിക്, പെരിപതെറ്റിക്, പിത്തഗോറിയൻ സ്കൂളുകളൊന്നും അദ്ദേഹത്തെ തൃപ്തിപ്പെടുത്തിയില്ല (സംവാദം,2-8). കുറേനാൾ പ്ലറ്റോണിക് തത്വശാസ്ത്രത്തിൽ അദ്ദേഹം വിശ്വസിച്ചു. എങ്കിലും അവസാനം പ്രവാചകന്മാർ പ്രഘോഷിച്ച സത്യത്തിൽ അദ്ദേഹം എത്തിച്ചേർന്നു. സത്യം തേടിയുള്ള പ്രയാണത്തിൽ അദ്ദേഹം സത്യം കണ്ടെത്തി. പ്രവാചകന്മാർ വരച്ചുകാട്ടിയതും പലസ്തീനയിൽ അവതരിച്ചതുമായ യേശുക്രിസ്തു എന്ന സത്യത്തിൽ എത്തിച്ചേർന്നപ്പോൾ ആ സത്യം സ്വീകരിച്ച് ജസ്റ്റിൻ സന്തുഷ്ടനായി (സംവാദം, 8).

ക്രിസ്ത്യാനികൾ മരണത്തെ തൃണവൽഗണിച്ചുകൊണ്ട് യേശുക്രിസ്തുവിനെ പ്രഘോഷിച്ച സംഭവങ്ങളും ജസ്റ്റിന് പ്രചോദനമരുളി: 'പ്ലേറ്റോയുടെ പ്രബോധനങ്ങളിൽ ഞാൻ സന്തോഷിച്ചിരുന്നു: ക്രിസ്ത്യാനികളെപ്പറ്റി ചീത്തക്കാര്യങ്ങൾ സംസാരിക്കുമ്പോൾ ഞാൻ ആനന്ദിച്ചിരുന്നു. എന്നാൽ മരണത്തിന്റെ മുമ്പിലും മറ്റു ഭീകര യാഥാർഥ്യങ്ങളുടെ മുമ്പിലും അവർ നിർഭയരായി വസിക്കുന്നത് കണ്ടപ്പോൾ, അവർ ദുഷ്ടന്മാരോ സുഖഭോഗികളോ അല്ലെന്ന് എനിക്ക് ബോധ്യമായി' (അപ്പോളജി,2,12). തുറന്ന മനസ്സോടും നിരന്തര പ്രാർഥനയോടും കൂടെ അദ്ദേഹം ക്രിസ്തുവിനെ തേടി; അവസാനം ക്രിസ്തു അവനെ തന്റെ സ്വന്തമാക്കി (അപ്പോളജി, 2, 13).

എഫേസോസിൽ വച്ച് 130-ൽ ക്രിസ്ത്യാനിയായ ജസ്റ്റിൻ തുടർന്നുള്ള ജീവിതം മുഴുവൻ ക്രിസ്തീയ വിശ്വാസം സംരക്ഷിക്കാൻ വിനിയോഗിച്ചു.

ഗ്രീക്കുതാത്വികർ ധരിക്കുന്ന ‘പാലിയം’ ധരിച്ചുകൊണ്ട് ചുറ്റിനടന്ന് പഠിപ്പിച്ചു; അന്തൊണീനുസ് പീയൂസിന്റെ കാലത്ത് റോമിലെത്തിച്ചേരുകയും അവിടൊരു വിദ്യാപീഠം ആരംഭിക്കുകയും ചെയ്തു. ജസ്റ്റിന്റെ ശിഷ്യനായിരുന്നു താസ്യൻ. ക്രെഷെൻസ് എന്ന സിനിക് താത്വികന്റെ ശക്തിയായ എതിർപ്പ് റോമിൽ ജസ്റ്റിന് നേരിടേണ്ടിവന്നു. റോമിൽവച്ച് 165-ാമാണ്ടിൽ പ്രീഫെക്ട് ജൂനിയൂസ് റുസ്തിക്കുസ് ഭരണത്തിലിരിക്കുമ്പോൾ ജസ്റ്റിനും ആറ് കൂട്ടുകാരും കൊല്ലപ്പെട്ടു. അവരുടെ രക്തസാക്ഷിത്വ വിവരണം നമുക്ക് ലഭിച്ചിട്ടുണ്ട്.

## കൃതികൾ

നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ് ജസ്റ്റിൻ. എന്നാൽ മൂന്ന് കൃതികളേ നമുക്ക് കൈവന്നിട്ടുള്ളൂ. അവ എവുസേബിയസിനും സുജ്ഞാതമായിരുന്നു (സഭാ.4,18). രണ്ട് വിശ്വാസ സമർത്ഥനങ്ങൾ (അപ്പോളജി), യൂദനായ ട്രീഫോയുമായുള്ള സംവാദം എന്നിവയാണവ. തുറന്ന മനസ്സും സത്യസന്ധതയുമുള്ള ഒരു ഗ്രന്ഥകാരനെയാണ് കൃതികളിൽ കാണാൻ കഴിയുക. തന്റെ എതിരാളികളുമായി ധാരണയിലെത്താൻ അദ്ദേഹം ഉദ്യമിക്കുന്നു. ‘സത്യം സംസാരിക്കാൻ കഴിവുണ്ടായിരിക്കയും എന്നാൽ സത്യം സംസാരിക്കാതിരിക്കയും ചെയ്യുന്നവനെ ദൈവം ശിക്ഷിക്കും’ (സംവാദം,82) എന്ന അഭിപ്രായമാണ് ജസ്റ്റിനുള്ളത്. ക്രൈസ്തവ ചിന്തയേയും ഗ്രീക്ക് തത്വശാസ്ത്രത്തേയും അനുരഞ്ജിപ്പി ക്കാൻ തുനിഞ്ഞ ആദ്യത്തെ ക്രൈസ്തവ താത്വികൻ ജസ്റ്റിനാണ്.

റോമിൽവച്ച് 148-നും 161-നും ഇടയ്ക്ക് രണ്ട് അപ്പോളജികൾ എഴുതി അന്തൊണീനുസ് പീയൂസിന് ജസ്റ്റിൻ സമർപ്പിച്ചു. ഒന്നാമത്തേതിന് 68 അധ്യായങ്ങളും രണ്ടാമത്തേതിന് 15 അധ്യായങ്ങളുമാണുള്ളത്. രണ്ടാമത്തേത് പ്രത്യേകമായി റോമൻ സെനറ്റിനാണ് സമർപ്പിച്ചിരിക്കുന്നത്. മിക്ക പണ്ഡിതന്മാരുടേയും അഭിപ്രായത്തിൽ രണ്ടാമത്തെ ‘അപ്പോളജി’ ഒന്നാമത്തേതിന്റെ അനുബന്ധമോ, ഒന്നാമത്തേതിനോടു പില്ക്കാലത്ത് കൂട്ടിച്ചേർത്തതോ ആകാനാണ് സാധ്യത. അതേപ്പറ്റി എവുസേബിയസ് എഴുതിയിട്ടുണ്ട് (സഭാ. 4:18).

### 1. ഒന്നാം അപ്പോളജി

ബഹുജനങ്ങളുടെ ആരവാരങ്ങളല്ല സത്യമാണ് ചക്രവർത്തി സ്വീകരിക്കേണ്ടതെന്നും ക്രിസ്ത്യാനികൾക്കെതിരേയുള്ള കേസുകൾ ചക്രവർത്തി നേരിട്ടു കൈകാര്യം ചെയ്യണമെന്നും ആമുഖത്തിൽ തന്നെ ജസ്റ്റിൻ ആവശ്യപ്പെടുന്നു. ഈ കൃതിക്ക് രണ്ടു ഭാഗങ്ങളുണ്ട്: ഒന്നാംഭാഗം (4-12) ക്രിസ്തുമതത്തിനെതിരേയുള്ള ഔദ്യോഗിക മനോഭാവത്തെ നിശിതമായി

വിമർശിക്കുന്നു. കോടതികളിൽ സർക്കാർ അനുവർത്തിക്കുന്ന നയം, ക്രിസ്ത്യാനികൾക്കെതിരായി ഉന്നയിക്കപ്പെടുന്ന ആരോപണങ്ങൾ എന്നിവയും അദ്ദേഹം ചോദ്യം ചെയ്യുന്നു: 'ക്രിസ്ത്യാനി എന്ന നാമം നിമിത്തം തന്റെ സഹവിശ്വാസികൾ പീഡിപ്പിക്കപ്പെടുന്നത് ക്രൂരതയാണ്. 'താത്വികൻ' എന്നൊരാൾ പേരെടുത്താൽ റോമാക്കാർ അയാളെ പീഡിപ്പിക്കുന്നില്ലല്ലോ. അത് അവന്റെ കുറ്റമോ, നിഷ്ക്കളങ്കതയോ വ്യക്തമാക്കുന്നില്ല. അതുപോലെയാണ് 'ക്രിസ്ത്യാനി' എന്ന നാമം. തെറ്റിനല്ലേ ശിക്ഷയുള്ളൂ. തെറ്റ് ചെയ്തെന്ന് കോടതി തെളിയിക്കുകയും വേണം. ക്രിസ്ത്യാനികൾ ചെയ്തെന്ന് ആരോപിക്കപ്പെടുന്ന തെറ്റുകൾ വെറും ദുരാരോപണങ്ങൾ മാത്രമാണ്. വിഗ്രഹാരാധന നിന്ദ്യമായതിനാലാണ് ക്രിസ്ത്യാനികൾ അതിന് ഒരുമ്പെടാത്തത്. കാലാന്ത്യത്തേയും മരണത്തേയും കുറിച്ചുള്ള ചിന്ത തെറ്റുചെയ്യുന്നതിൽ നിന്ന് അവരെ പിൻതിരിപ്പിക്കുന്നു; അവരാണ് രാഷ്ട്രത്തിന്റെ യഥാർത്ഥ സുഹൃത്തുക്കൾ.' രണ്ടാംഭാഗം (13-67) ക്രിസ്തുമതത്തിന്റെ ഒരു ന്യായീകരണമാണ്. സഭയിലെ ആരാധനയും സഭാസിദ്ധാന്തങ്ങളും ചരിത്രത്തിൽ അതിനുള്ള അടിസ്ഥാനവും നിലനില്പിനുള്ള കാരണവും വരച്ചുകാട്ടുന്നു. അവസാനഭാഗം (68) ചക്രവർത്തിയോടുള്ള ഒരുപദേശമാണ്.

ഹഡ്രിയാൻ ചക്രവർത്തി 125-ൽ ഏഷ്യയിലെ പ്രോകോൺസുൾ മിനൂചിയുസ് ഫുൻദാനുസിനയച്ച ഒരു കത്തുകൂടി ജസ്റ്റിൻ ഇതിനോട് ചേർത്തിട്ടുണ്ട്. ക്രിസ്ത്യാനികളെ വിസ്തരിക്കുമ്പോൾ അനുവർത്തിക്കേണ്ട നാലു കാര്യങ്ങളെപ്പറ്റി ഹഡ്രിയാൻ സംസാരിക്കുന്നു:

(1) ക്രിമിനൽ കോടതിയിലെ സാധാരണ നടപടി അനുസരിച്ച് ക്രിസ്ത്യാനികൾ വിധിക്കപ്പെടണം. (2) റോമൻ നിയമത്തിനെതിരെ തെറ്റു ചെയ്തെന്ന് തെളിയിക്കപ്പെട്ടാലേ ശിക്ഷിക്കാവൂ. (3) തെറ്റിന്റെ സ്വഭാവവും ഗൗരവവും അനുസരിച്ചാണ് ശിക്ഷിക്കേണ്ടത്. (4) തെറ്റായ ആരോപണങ്ങൾ ഉന്നയിക്കപ്പെടുന്നവർ ശിക്ഷിക്കപ്പെടണം. - ഈ രേഖ ലത്തീൻ ഭാഷയിൽ തന്നെ തന്റെ ഗ്രീക്കിലെഴുതിയ അപ്പോളജിയോടുകൂടി ചേർത്ത് ചക്രവർത്തിക്ക് സമർപ്പിച്ചു (എവു.സഭാ.4:8,8). എവുസേബിയസ് അത് ഗ്രീക്കിലേക്ക് ഭാഷാന്തരം ചെയ്ത് തന്റെ സഭാചരിത്രത്തിൽ ചേർത്തു (4:9).

### 2. രണ്ടാം അപ്പോളജി

അടുത്തകാലത്ത് റോമിൽ നടന്ന ഒരു സംഭവം വിവരിച്ചുകൊണ്ടാണ് ഇതു തുടങ്ങുന്നത്. ക്രിസ്ത്യാനികളാണെന്ന് പ്രഖ്യാപിച്ച കാരണത്താൽ റോമിലെ പ്രീഫെക്ട് ഉർബിക്കൂസ് മൂന്നു ക്രിസ്ത്യാനികളെ തല വെട്ടിക്കൊന്നു. ഈ അപ്പോളജി റോമൻ ജനതയോട് നേരിട്ട് ജസ്റ്റിൻ തന്റെ എതിർപ്പ് പ്രകടിപ്പിക്കുന്നു. നിന്ദ്യമായ ക്രൂരതയ്ക്കെതിരെ അദ്ദേഹം

ശക്തിയായി പ്രതിഷേധിക്കുകയും ദുരാരോപണങ്ങൾക്ക് മറുപടി പറയുകയുമാണ്. സത്യത്തിനും സുകൃതത്തിനും എതിരായി പ്രവർത്തിക്കുന്ന പിശാചുക്കളുടെ പ്രേരണ മൂലമാണ് ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുന്നത്. തന്റെ ദാസന്മാരെ പരീക്ഷണ വിധേയരാക്കാൻ ദൈവം അനുവദിച്ചെങ്കിൽ മാത്രമേ അവർക്കെതിരെ എന്തെങ്കിലും ചെയ്യാൻ അവന് സാധിക്കൂ. ക്രിസ്തുമതത്തിന്റെ ശ്രേഷ്ഠത പ്രഘോഷിക്കാൻ ഒരവസരമാണ് മതപീഡനം. സത്യത്തേയും ധർമത്തേയും മുൻനിർത്തി മാത്രമേ ക്രിസ്ത്യാനികളെ വിധിക്കാൻ പാടുള്ളൂ എന്ന അപേക്ഷയോടുകൂടി ഈ കൃതി അവസാനിപ്പിക്കുന്നു.

### 3. ട്രീഫോയുമായുള്ള സംവാദം

യൂദന്മാർക്കെതിരെ നമുക്ക് ലഭിച്ചിട്ടുള്ള ഏറ്റവും പുരാതന വിശ്വാസസമർഥന കൃതിയാണിത്. ഈ കൃതിയുടെ ആമുഖവും 74-ാം അധ്യായത്തിന്റെ നല്ലൊരു ഭാഗവും നഷ്ടപ്പെട്ടു. അപ്പോളജികൾക്കു ശേഷമാണ് ഈ ഡയലോഗ് എഴുതപ്പെട്ടത്. 120-ാം അധ്യായത്തിൽ ഒന്നാം അപ്പോളജിയെപ്പറ്റി ഒരു പരാമർശമുണ്ട്. പഴയനിയമത്തിന്റെ യഹൂദഭാഷ്യമായ മിഷ്ണയിൽ പറയപ്പെടുന്ന റബി തർഫോണുമായി രണ്ടു ദിവസം നടത്തിയ ചർച്ചയാണ് ഈ കൃതി. എഫേസോസിൽ വച്ചാണ് ചർച്ച നടന്നത് (എവു.സഭാ. 4,18.6). മാർക്കുസ് പോംപെയുസ് എന്നയാളിനാണ് ജസ്റ്റിൻ ഈ കൃതി സമർപ്പിച്ചിരിക്കുന്നത്. മൊത്തം 142 അധ്യായങ്ങളുണ്ട്. തന്റെ ആദ്യകാല ജീവിതത്തെക്കുറിച്ചും മാനസാന്തരത്തെക്കുറിച്ചും ചർച്ച ചെയ്തുകൊണ്ട് കൃതി ആരംഭിക്കുന്നു (2-8). ഈ കൃതിയെ മൂന്നു ഭാഗങ്ങളായി തിരിക്കാം: ഒന്നാംഭാഗം (9-47) പഴയ നിയമത്തെക്കുറിച്ചുള്ള ക്രിസ്തീയ വീക്ഷണം വിവരിക്കുന്നു. മോശയുടെ നിയമത്തിന് താല്ക്കാലികമായ അധികാരമേ ഉണ്ടായിരുന്നുള്ളു. ക്രിസ്തുമതമാകട്ടെ സർവ മനുഷ്യർക്കും വേണ്ടിയുള്ള നവീനവും നിത്യവുമായ നിയമമാണ്. രണ്ടാം ഭാഗം (48-100) ക്രിസ്തുവിനെ ദൈവമായി ആരാധിക്കുന്നത് ന്യായീകരിക്കുന്നു. മൂന്നാംഭാഗം (109-142) ക്രിസ്തുവിൽ വിശ്വസിക്കുകയും തന്റെ നിയമം അനുസരിക്കുകയും ചെയ്യുന്നവരെ പുതിയ ഇസ്രായേലായി ചിത്രീകരിക്കുന്നു. അവരാണ് യഥാർഥത്തിൽ തെരഞ്ഞെടുക്കപ്പെട്ട ദൈവജനം.

ഈ സംവാദത്തിൽ ജസ്റ്റിൻ പഴയനിയമം ഊന്നിപ്പറയുന്നു. ക്രിസ്തു ജനിക്കുന്നതിനു മുമ്പേ ക്രിസ്തീയ തത്വങ്ങൾ ഉണ്ടായിരുന്നു. പഴയനിയമ പ്രവാചകന്മാരെയാണ് ഇതിന് അദ്ദേഹം കൂട്ടുപിടിക്കുന്നത്. പഴയ ഇസ്രായേലിന്റെ തിരസ്കാരവും വിജാതിയരുടെ തെരഞ്ഞെടുപ്പും ചർച്ചചെയ്യുന്ന പ്രവാചക വാക്യങ്ങൾ തെരഞ്ഞുപിടിച്ച് കുത്തിക്കുറിക്കുന്നതിൽ ജസ്റ്റിൻ


www.malankaralibrary.com

താല്പര്യം കാണിച്ചു. ട്രീഫോയുമായുള്ള സംവാദം നടന്ന രീതിയിൽ കൃത്യമായി എഴുതിയതല്ല ഈ കൃതി. എഴുതുന്നതിനു മുമ്പ്, ബർ കോക്ബായുടെ യുദ്ധകാലത്ത് എഫേസോസിൽവച്ച് ഒരു സംവാദം നടന്നിരിക്കാം.

**നഷ്ടപ്പെട്ട കൃതികൾ**

ഈ മുന്നു കൃതികൾ കൂടാതെ ജസ്റ്റിൻ മറ്റ് നിരവധി കൃതികൾ രചിച്ചിട്ടുണ്ട്. എന്നാൽ അവയെല്ലാം നഷ്ടപ്പെട്ടു: (1) എല്ലാ പാഷണ്ഡതകൾക്കുമെതിരെ: ഈ കൃതിയെപ്പറ്റി ഒന്നാം അപ്പോളജിയിൽ ജസ്റ്റിൻ തന്നെ സംസാരിക്കുന്നു (26). (2) മാർസിയനെതിരെ: ഐറേനിയസ് ഈ കൃതി ഉപയോഗിച്ചിട്ടുണ്ട് (പാഷ.4,6.2). അതേപ്പറ്റി എവുസേബിയസും സൂചിപ്പിക്കുന്നു (സഭാ.4,11.8ff). (3) ഗ്രീക്കുകാർക്കെതിരേയുള്ള ചർച്ചകൾ: 'ക്രിസ്ത്യാനികളും അക്രൈസ്തവരും ഉന്നയിക്കുന്ന നിരവധി പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്ത ശേഷം പിശാചുക്കളുടെ സ്വഭാവത്തേപ്പറ്റി ജസ്റ്റിൻ പ്രതിപാദിക്കുന്നു' എന്ന് എവുസേബിയസ് പറയുന്നു (സഭാ. 4,18,3). (4) ഗ്രീക്കുകാർക്കെതിരെ ഒരു ഖണ്ഡനകൃതി (എവു.സഭാ. 4,18,4). (5) ദൈവത്തിന്റെ പരമാധികാരം സംബന്ധിച്ച്: ഈ കൃതിയിൽ വേദപുസ്തകത്തിൽ നിന്നും ഗ്രീക്കുതാത്വികരുടെ കൃതികളിൽനിന്നും ഉദ്ധരണികൾ ഉണ്ടായിരുന്നു (എവു.സഭാ. 4,18,4). (6) ആത്മാവിനേക്കുറിച്ച്: ആത്മാവിനെക്കുറിച്ചുള്ള വിവിധ പ്രശ്നങ്ങൾ ഉന്നയിച്ചിട്ട്, ഗ്രീക്ക് താത്വികരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തി. മറ്റൊരു ഗ്രന്ഥത്തിൽ ഇവയെ ഖണ്ഡിച്ചിട്ട് തന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്താമെന്ന് ജസ്റ്റിൻ വാഗ്ദാനം ചെയ്യുന്നു (എവു.സഭാ. 4,18,5). (7) സങ്കീർത്തനം. (8) ഉയർപ്പിനെപ്പറ്റി.- ഈ കൃതികളൊന്നും നമുക്ക് കിട്ടിയിട്ടില്ല. എന്നാൽ നിരവധി കൈയെഴുത്തു പ്രതികളിൽ ജസ്റ്റിന്റെ പേരിൽ ഒൻപതിൽ കുറയാതെ ഗ്രന്ഥങ്ങൾ പ്രചരിച്ചിരുന്നു. ശൈലിയിലും ഉള്ളടക്കത്തിലും അവ ജസ്റ്റിന്റെ കൃതികളല്ലെന്ന് തെളിഞ്ഞിട്ടുണ്ട്.

## ദൈവശാസ്ത്രം

ക്രിസ്തീയ വിശ്വാസത്തിന്റെ എല്ലാ വശങ്ങളും വ്യാപകമായി ജസ്റ്റിൻ ചർച്ച ചെയ്യുന്നില്ല. തികച്ചും ദൈവശാസ്ത്രപരമായ അഞ്ചു കൃതികൾ നഷ്ടപ്പെട്ടവയുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. നമുക്കു ലഭിച്ചിരിക്കുന്ന മൂന്നു കൃതികൾ ചില ദൈവശാസ്ത്ര വശങ്ങൾ മാത്രം പ്രതിപാദിക്കുന്നവയാണ്.

**1. ദൈവം**

ജസ്റ്റിന്റെ ദൈവശാസ്ത്രത്തിൽ പ്ലറ്റോണിക് ചിന്തയുടെ സ്വാധീനം വ്യക്തമാണ്. ദൈവം ആരംഭരഹിതനാണ്; നാമരഹിതനാണ്: 'ജനിച്ചവനല്ലാത്ത' എല്ലാറ്റിന്റെയും പിതാവിന് നാമമില്ല. അവിടുത്തെ ഏതു പേരു

ചൊല്ലിവിളിച്ചാലും, പേരു കൊടുക്കുന്നവൻ അവിടുത്തേക്കാൾ പ്രായമുള്ള വനായിരിക്കണം. പിതാവ്, ദൈവം, സ്രഷ്ടാവ്, കർത്താവ് എന്നീ വാക്കുകൾ നാമങ്ങളല്ല, പിന്നെയോ, തന്റെ സൽക്കർമങ്ങളിൽ നിന്നു രൂപീകരിക്കപ്പെട്ട പദങ്ങൾ മാത്രമാണ്... 'ദൈവം' എന്ന പദം നാമമല്ല, പിന്നെയോ, വിശകലനാ തീതമായ ഒന്നിനെപ്പറ്റി മനുഷ്യസ്വഭാവത്തിൽ സ്ഥാപിതമായിരിക്കുന്ന അഭിപ്രായമാണ്. ദൈവത്തെ കുറിക്കാനുള്ള ഏറ്റവും നല്ല പദം 'പിതാവ്' എന്നുള്ളതാണ്. അവിടുന്ന് സ്രഷ്ടാവാകയാൽ എല്ലാറ്റിന്റേയും പിതാവാണ്. പിതാവ് ആകാശങ്ങൾക്കു മുകളിൽ വസിക്കുന്നു. അവിടുത്തേക്ക് തന്റെ സ്ഥലത്തുനിന്ന് മാറാൻ സാധ്യമല്ല; അതുകൊണ്ട് ഈ ലോകത്തിൽ കാണപ്പെടാനും പറ്റില്ല (സംവാദം, 60, 127).

ദൈവവും മനുഷ്യനും തമ്മിലുള്ള വിടവു നികത്തുന്നത് വചനമാണ് (*ലോഗോസ്*). ലോകവുമായി ദൈവത്തിനുള്ള ബന്ധമെല്ലാം വചനത്തിലൂടെ മാത്രമാണ്; വചനം വഴി ദൈവം ലോകത്തിന് സ്വയം വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ വഴികാട്ടിയും മനുഷ്യന്റെ പ്രബോധകനുമാണ് വചനം. ആദ്യം ദൈവത്തിലുള്ള ശക്തിയായി വചനം വ്യാപരിച്ചു. എന്നാൽ ലോകസൃഷ്ടിക്കു മുമ്പ് അവിടുന്ന് പിതാവിൽ നിന്ന് ജനിച്ചു. അവിടുന്നു വഴി ലോകം നിർമിക്കപ്പെടുകയും ചെയ്തു. വിളക്കിൽ നിന്ന് വിളക്കിലേക്ക് തീ പകരുമ്പോൾ ആദ്യത്തേത് കുറഞ്ഞുപോകുന്നില്ല; രണ്ടാമത്തേത് സ്വന്തമായി നിലനില്ക്കുകയും ചെയ്യുന്നു. ഇതുപോലെയാണ് ദൈവവും വചനവും (സംവാദം, 61).

വചനത്തെ പിതാവിൽനിന്ന് താഴ്ന്ന പടിയിലാണ് ജസ്റ്റിൻ കാണുന്ന തെന്ന് അപ്പോളജി 2,6-ൽ നിന്ന് ചിലർ അനുമാനിക്കുന്നു. ലോകം സൃഷ്ടി ക്കാനും ഭരിക്കാനും വേണ്ടി ലോകസൃഷ്ടിക്ക് മുമ്പാണ് വചനം ബാഹ്യമായി സ്വതന്ത്രനായത്. വ്യക്തിപരമായ ദൗത്യം വ്യക്തിപരമായ അസ്തിത്വം അവിടുത്തേക്ക് പ്രദാനം ചെയ്തു. അവിടുന്ന് ഒരു ദൈവികവ്യക്തിയായി, എന്നാൽ പിതാവിന് കീഴ്പ്പെട്ടു മാത്രം (സംവാദം, 61).

വചനത്തെ സംബന്ധിച്ചുള്ള പ്രബോധനമാണ് ജസ്റ്റിന്റെ പ്രബോധന ങ്ങളിൽ പ്രധാനപ്പെട്ടത്. ഗ്രീക്ക് തത്വശാസ്ത്രവും ക്രിസ്തുമതവും തമ്മിലുള്ള പാലമായി അത് വർത്തിക്കുന്നു. ദൈവവചനം പൂർണമായി ക്രിസ്തുവിൽ പ്രത്യക്ഷപ്പെട്ടു; എങ്കിലും ക്രിസ്തുവിന്റെ വരവിന് വളരെ മുമ്പുതന്നെ വചനത്തിന്റെ വിത്ത് മനുഷ്യകുലത്തിൽ ചിതറിക്കിടന്നിരുന്നു; വചനത്തിന്റെ വിത്ത് എല്ലാ മനുഷ്യരുടേയും ബുദ്ധിയിൽ വിതയ്ക്കപ്പെട്ടിരിക്കുന്നു. പഴയനിയമ പ്രവാചകന്മാരും ഗ്രീക്ക് താത്വികരും തങ്ങളുടെ ഉള്ളിൽ വചനത്തിന്റെ മുളച്ചുവരുന്ന വിത്ത് വഹിച്ചിരുന്നു. ഹെരാക്ലിറ്റസ്, സോക്ര

ട്ടീസ് തുടങ്ങിയവർ വചനത്തിന്റെ നിയന്ത്രണത്തിൽ ജീവിച്ചു. അപ്രകാരം ജീവിച്ചവർ ക്രിസ്ത്യാനികളായിരുന്നു (അപ്പോളജി, 1,46). ഇക്കാരണത്താൽ ക്രിസ്തുമതവും തത്വശാസ്ത്രവും തമ്മിൽ സംഘട്ടന ത്തിന് സ്ഥാനമില്ല. മനുഷ്യർ സംസാരിച്ച നല്ല കാര്യങ്ങളെല്ലാം ക്രിസ്തുമതത്തിന്റെ സ്വന്തമാണ് (അപ്പോളജി,2:10). വചനത്തെ ധ്യാനിച്ചതിന്റെ ഫലമായിട്ടാണ് അവർക്ക് ജ്ഞാനം ലഭിച്ചത്. വചനത്തെ പൂർണമായി കാണാൻ സാധിക്കാത്തതിനാൽ വികലചിന്തയ്ക്ക് അവർ അധീനരായെന്നു മാത്രം. ചിലർ പരസ്പര വിരുദ്ധങ്ങളായ തത്വങ്ങളും പ്രചരിപ്പിച്ചു.

ഗ്രീക്ക് താത്വികർ യഹൂദരുടെ സാഹിത്യമായ പഴയനിയമത്തിൽ നിന്ന് നിരവധി കാര്യങ്ങൾ കടമെടുത്തിട്ടുണ്ട്. അതുകൊണ്ട് സത്യത്തിന്റെ അംശം അവരിൽ കണ്ടെത്തിയാൽ അത്ഭുതത്തിന് അവകാശമില്ല (അപ്പോളജി, 1:44). ക്രിസ്തുമതത്തിൽ മാത്രമേ സത്യത്തിന്റെ പൂർണതയുള്ളൂ. കാരണം, ക്രിസ്തുവിൽ സത്യം തന്നെ അവതരിച്ചു.

**2. ഹവ്വായും മറിയവും**

പൗലോസ് ശ്ലീഹാ ക്രിസ്തുവിനെ രണ്ടാമത്തെ ആദം എന്നു വിളിക്കുന്നു. മറിയത്തെ രണ്ടാമത്തെ ഹവ്വാ എന്നു വിളിക്കുന്ന ആദ്യത്തെ ക്രൈസ്തവ സാഹിത്യകാരൻ ജസ്റ്റിനത്രേ:'ക്രിസ്തു ഒരു കന്യകയിലൂടെ മനുഷ്യനായി. സർപ്പത്തിന്റെ സ്വാധീനത്താലുണ്ടായ അനുസരണക്കേട്, ഉത്ഭവിച്ചതുപോലെ തകർക്കപ്പെടാൻ വേണ്ടിയായിരുന്നു അത്. കന്യകയും കളങ്കരഹിതവുമായ ഹവ്വാ സർപ്പത്തിന്റെ വചനം ഗർഭം ധരിച്ച് അനുസരണ ക്കേടും മരണവും പ്രസവിച്ചു. മറിയമാകട്ടെ, 'പരിശുദ്ധാത്മാവ് നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിക്കും' എന്ന ഗബ്രിയേൽ മാലാഖയുടെ മംഗലവാർത്ത ശ്രവിച്ചപ്പോൾ വിശ്വാസവും സന്തോഷവും സ്വീകരിച്ചു; അതിനാൽ അവളിൽനിന്ന് ജനിച്ചവൻ ദൈവപുത്രനാകുന്നു. 'നിന്റെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ' എന്ന് അവൾ മറുപടി പറയുകയും ചെയ്തു. അവളിൽ നിന്ന് അവിടുന്ന് പിറന്നു. നിരവധി വേദപുസ്തക ഭാഗങ്ങൾ അവിടുത്തെപ്പറ്റി സംസാരിക്കുന്നതായി നാം തെളിയിച്ചിട്ടുണ്ട്. അവിടുന്ന് വഴി ദൈവം സർപ്പത്തേയും സർപ്പത്തേപ്പോലെയുള്ള മനുഷ്യരേയും ദൂതന്മാരേയും നശിപ്പിക്കുന്നു' (സംവാദം,100).

**3. മാലാഖമാരും പിശാചുക്കളും**

സഭയിൽ മാലാഖമാരെ വണങ്ങുന്നു എന്നതിന്റെ വ്യക്തമായ സാക്ഷ്യം ജസ്റ്റിൻ നൽകുന്നു (അപ്പോളജി, 1:6). അവർ സ്വർഗത്തിൽനിന്ന് മനുഷ്യരെ സംരക്ഷിക്കുന്നു (2:5). മാലാഖമാർക്ക് ആത്മീയ സ്വഭാവമുണ്ടെങ്കിലും

അവർക്ക് മനുഷ്യരെപ്പോലെയുള്ള ശരീരമുണ്ട്. അവർ സ്വർഗീയ ഭക്ഷണത്താൽ പോറ്റപ്പെടുന്നു (സംവാദം,57). മാലാഖമാരുടെ പാപം ലൈംഗികമാണ്. ചില മാലാഖമാർ മനുഷ്യസ്ത്രീകളുമായി ലൈംഗിക ബന്ധത്തിലേർപ്പെട്ടു. അവരാണ് പിശാചുക്കൾ (അപ്പോളജി, 2:5). ക്രിസ്തു രണ്ടാമത് വന്നശേഷം പിശാചുക്കൾ നിത്യാഗ്നിയിൽ എറിയപ്പെടും. അതുകൊണ്ട്, ഇക്കാലത്ത് മനുഷ്യരെ വഴിതെറ്റിക്കാൻ അവർക്ക് സാധിക്കും. ദൈവത്തിലേക്കും ദൈവവചനത്തിലേക്കുമുള്ള മാനസാന്തരം തടയുന്ന താണ് ഇപ്പോൾ അവരുടെ ജോലി (അപ്പോളജി,1:26,28,54,57,62). പാഷണ്ഡി കൾ പിശാചിന്റെ ഉപകരണങ്ങളാണ്. പിതാവിനെയും തന്റെ പുത്രനെയും അല്ലാതെ മറ്റൊരു ദൈവത്തെ പറ്റിയാണ് പാഷണ്ഡികൾ പഠിപ്പിക്കുന്നത്. യേശുക്രിസ്തുവിൽ കാണപ്പെട്ട വചനത്തെ പീഡിപ്പിക്കാൻ പിശാചുക്കൾ യൂദന്മാരെ കുരുടന്മാരാക്കി. ജാതികളിൽ നിന്ന് ക്രിസ്തു തന്റെ ശിഷ്യരെ സമ്പാദിക്കുമെന്ന് കണ്ട ശത്രു അത് തടയാനായി പരക്കം പായുന്നു. യേശുവിന്റെ നാമം പിശാചുക്കൾക്ക് ഭീതിജനകമാണ് (സംവാദം, 30).

**4. ഉത്ഭവപാപം**

എല്ലാ മനുഷ്യർക്കും ദിവ്യത്വം നേടാൻ സാധിക്കുമായിരുന്നു. ദൈവം മനുഷ്യരെ ആദിയിൽ സൃഷ്ടിച്ചപ്പോൾ ഇതായിരുന്നു അവസ്ഥ. ആദിമാതാപിതാക്കളുടെ പാപം നിമിത്തം മനുഷ്യരെല്ലാം മരണത്തിന് അധീനരായി. എന്നാൽ യേശുക്രിസ്തുവിന്റെ രക്ഷാകരകർമം വഴി ഈ ശക്തി മനുഷ്യർ വീണ്ടെടുത്തു (സംവാദം, 81,124).

**5. മാമോദീസായും കുർബാനയും**

ഒന്നാം അപ്പോളജിയുടെ അവസാനം മാമോദീസായേയും കുർബാന യേയും സംബന്ധിച്ച് ജസ്റ്റിൻ നൽകുന്ന വിവരണം വിലപ്പെട്ടതാണ്. മാമോദീസായെപ്പറ്റി 61-ാം അധ്യായത്തിൽ വിവരിക്കുന്നു: 'ക്രിസ്തുവിൽ ഞങ്ങൾ നവീകരിക്കപ്പെടുമ്പോൾ എപ്രകാരമാണ് ദൈവത്തിന് ഞങ്ങളെ ത്തന്നെ സമർപ്പിക്കുന്നത് എന്നുകൂടി വിവരിക്കാം. അതുകൂടി ചേർക്കാതിരു ന്നാൽ വിവരണം പൂർണമായിരിക്കയില്ല. ഞങ്ങൾ പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തവ സത്യമാണെന്ന് വിശ്വസിക്കുകയും ബോധ്യം വരികയും തദനുസരണം ജീവിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരെ ഞങ്ങൾ പ്രാർഥിക്കാൻ പഠിപ്പിക്കുന്നു. അവരുടെ കഴിഞ്ഞകാല പാപങ്ങൾക്ക് പ്രായശ്ചിത്തമായി ഉപവസിച്ചുകൊണ്ട് ദൈവത്തോടവർ അപേക്ഷിക്കാനും ഞങ്ങൾ പഠിപ്പിക്കുന്നു. ഞങ്ങളും അവരോടൊപ്പം പ്രാർഥിക്കുകയും ഉപവസിക്കുകയും ചെയ്യുന്നു; പിന്നീട് വെള്ളമുള്ളിടത്തേക്ക് ഞങ്ങൾ അവരെ കൂട്ടിക്കോണ്ടുപോകുന്നു. ഞങ്ങൾ വീണ്ടും ജനിച്ചതുപോലെ അവരും

അവിടെ പുനർജന്മം പ്രാപിക്കുന്നു. പിതാവും ലോകനാഥനുമായ ദൈവത്തിന്റേയും നമ്മുടെ രക്ഷകനായ യേശു ക്രിസ്തുവിന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവർ വെള്ളത്താൽ കഴുകപ്പെടുന്നു. കാരണം, നിങ്ങൾ വീണ്ടും ജനിക്കുന്നില്ലെങ്കിൽ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്ന് ക്രിസ്തു പറഞ്ഞിട്ടുണ്ട്. ഒരിക്കൽ ജനിച്ചയാളിന് വീണ്ടും അമ്മയുടെ ഉദരത്തിൽ പ്രവേശിക്കുക സാധ്യമല്ലെന്നുള്ളത് എല്ലാവർക്കും വ്യക്തമാണല്ലോ.

ഞാൻ നേരത്തേ പറഞ്ഞതുപോലെ, പാപം ചെയ്യുകയും പിന്നീട് അനുതപിക്കുകയും ചെയ്തവർ എപ്രകാരം അവരുടെ പാപങ്ങളിൽ നിന്ന് മോചിതരാകുമെന്ന് ഏശായാ പ്രവാചകൻ വിവരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ ഇപ്രകാരമാണ്: ''കഴുകി വെടിപ്പാക്കുവിൻ, നിങ്ങളുടെ ആത്മാക്കളിൽ നിന്ന് പാപം നീക്കിക്കളയുവിൻ, നല്ലതു പ്രവർത്തിക്കാൻ പഠിക്കുവിൻ, അനാഥർക്കും വിധവകൾക്കും വേണ്ടി ന്യായം വാദിക്കുവിൻ. അതിനു ശേഷം വരൂ, നമുക്കൊരുമിച്ച് ന്യായവാദം നടത്താം. കർത്താവ് പറയുന്നു: നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പു പോലെയാണെങ്കിലും ഞാൻ അവ വെള്ളക്കമ്പിളി പോലെ വെൺമയുള്ളതാക്കും. അവ രക്തവർണം പോലെ ചെമന്നതാണെങ്കിലും ഞാൻ അവ മഞ്ഞുപോലെ വെൺമയുള്ളതാക്കും. എന്നാൽ നിങ്ങൾ എന്നെ ശ്രവിക്കുന്നില്ലെങ്കിൽ വാൾ നിങ്ങളെ സംഹരിക്കും. കാരണം, കർത്താവിന്റെ തിരുവായ് ഇത് അരുൾചെയ്തിരിക്കുന്നു'' (ഏശാ.1:16-20).

ഇക്കാരണത്താലാണ്, അപ്പസ്തോലന്മാരിൽനിന്ന് പഠിച്ചതനുസരിച്ച് ഞങ്ങൾ ചെയ്യുന്നതുപോലെ ഞങ്ങൾ മാമോദീസാ മുക്കുന്നത്. ഞങ്ങളുടെ ആദ്യജനനം പൂർണമായും ഞങ്ങളുടെ അറിവു കൂടാതെ നടന്നു. ഞങ്ങളുടെ മാതാപിതാക്കളുടെ സംയോഗത്താൽ ദ്രാവകരൂപത്തിലുള്ള വിത്തിൽനിന്ന് അവശ്യാവശ്യം ഞങ്ങൾ ജനിച്ചു. ദുഷ്ടവും പാപകരവുമായ ആചാരങ്ങൾ ഞങ്ങൾ പരിശീലിച്ചു. ആവശ്യത്തിന്റേയും അജ്ഞതയുടേയും മക്കളായി തുടരാതിരിക്കാനും എന്നാൽ അറിവിന്റേയും തിരഞ്ഞെടുപ്പിന്റേയും മക്കളായി തീരാനും ചെയ്തുപോയ പാപങ്ങൾക്ക് ജലത്താൽ മോചനം പ്രാപിക്കാനും വേണ്ടി പുനർജന്മം പ്രാപിക്കാനാഗ്രഹിക്കുകയും പാപങ്ങളെപ്പറ്റി ദുഃഖിക്കയും ചെയ്യുന്നവരുടെ മേൽ പിതാവും ലോകനാഥനുമായ ദൈവത്തിന്റെ നാമം ഉച്ചരിക്കപ്പെടുന്നു. ഈ നാമത്താൻ തന്നെ അവനെ വിളിച്ചുകൊണ്ട് കഴുകപ്പെടാനായി ജലത്തിലേക്ക് അവിടുന്ന് അവനെ നയിക്കുന്നു. പ്രകാശിപ്പിക്കൽ എന്ന് ഇത് വിളിക്കപ്പെടുന്നു. ഇക്കാര്യങ്ങൾ ഗ്രഹിക്കുന്നവർ ആത്മീയമായി പ്രകാശിതരാകുന്നു. പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ ക്രൂശിക്കപ്പെട്ട യേശുക്രിസ്തുവിന്റെ നാമത്തിലും യേശുവിനെപ്പറ്റി പ്രവാചകന്മാർ വഴി എല്ലാം വെളിപ്പെടുത്തിയ പരിശുദ്ധാത്മാവിന്റെ നാമത്തിലും പ്രകാശിതരായവർ കഴുകപ്പെടുന്നു.'

കുർബാനയെപ്പറ്റി ഒന്നാം അപ്പോളജി 65-67 വരെയുള്ള വിവരണം താഴെ ചേർക്കുന്നു:[17] അധ്യായം 65:1. 'വിശ്വസിക്കുകയും ഞങ്ങളോടുകൂടെ ചേരുകയും ചെയ്തയാളിനെ ഇപ്രകാരം കഴുകിയശേഷം, ഞങ്ങൾക്കു വേണ്ടിയും ഇപ്പോൾ പ്രകാശിപ്പിക്കപ്പെട്ട ആളിനുവേണ്ടിയും എല്ലായിടത്തു മുള്ള എല്ലാ മനുഷ്യർക്കുവേണ്ടിയും ഒന്നിച്ചു പ്രാർഥിക്കാനായി 'സഹോദരന്മാർ' എന്നു ഞങ്ങൾ വിളിക്കുന്നവർ ഒന്നിച്ചു കൂടിയിരിക്കുന്നിട ത്തേക്ക് ഞങ്ങൾ അയാളെ കൂട്ടിക്കൊണ്ടു പോകുന്നു. സത്യം ഗ്രഹിച്ച ഞങ്ങൾ സത്പ്രവൃത്തികൾ ചെയ്യാൻ യോഗ്യരായി കാണപ്പെടാനും കല്പന കളനുസരിച്ച് നിത്യരക്ഷ പ്രാപിക്കാനും ആഗ്രഹിക്കുന്നു. 2. പ്രാർഥിച്ചു കഴിയുമ്പോൾ ഞങ്ങൾ പരസ്പരം സമാധാന ചുംബനം നല്കുന്നു.'

3. 'അതിനുശേഷം സഹോദരന്മാരുടെ അധ്യക്ഷന്റെ പക്കൽ അപ്പവും, വീഞ്ഞും വെള്ളവും കലർത്തിയ കാസായും എത്തിക്കുന്നു. അദ്ദേഹം അതെടുക്കുകയും, എല്ലാറ്റിന്റേയും പിതാവായ ദൈവത്തെ പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിലൂടെ മഹത്വപ്പെടുത്തിക്കൊണ്ട് പ്രാർഥന കൾ അർപ്പിക്കുകയും ചെയ്യുന്നു. ഈ ദാനങ്ങൾക്ക് പിതാവ് ഞങ്ങളെ യോഗ്യരായി കണക്കാക്കിയതിനാൽ, അദ്ദേഹം ദീർഘനേരം കൃതജ്ഞതാ സ്തോത്രം ചെയ്യുന്നു. കൃതജ്ഞതാ സ്തോത്രപ്രാർഥന' അവസാനിക്കു മ്പോൾ 'ആമേൻ'പറഞ്ഞുകൊണ്ട് സന്നിഹിതരായ ജനങ്ങളെല്ലാവരും അതംഗീകരിക്കുന്നു. 4. എബ്രായയിൽ 'ആമേൻ' എന്നാൽ 'അപ്രകാരം ആയിരിക്കട്ടെ' എന്നാണർത്ഥം. 5. അധ്യക്ഷൻ കൃതജ്ഞതാസ്തോത്രം അർപ്പിക്കുകയും ജനങ്ങൾ അതിന് സമ്മതം നൽകുകയും ചെയ്തുകഴിയു മ്പോൾ, കൃതജ്ഞതാസ്തോത്രം അർപ്പിക്കപ്പെട്ട അപ്പവും, വീഞ്ഞും വെള്ളവും 'ഡീക്കന്മാർ' എന്നു ഞങ്ങൾ വിളിക്കുന്നവർ, സന്നിഹിതരായ ഓരോരുത്തർക്കുമായി പങ്കിട്ടുകൊടുക്കുന്നു; സന്നിഹിതരല്ലാത്തവർക്കും അവർ എത്തിച്ചു കൊടുക്കുന്നു.'

അധ്യായം. 66. 1. 'ഈ ആഹാരത്തെ ഞങ്ങൾ എവുക്കറിസ്തിയാ എന്നു വിളിക്കുന്നു; ഞങ്ങളുടെ പ്രബോധനം സത്യമാണെന്ന് വിശ്വസിക്കുകയും പാപമോചനത്തിനും പുനർജന്മത്തിനുമുള്ള സ്നാനത്താൽ കഴുകപ്പെടു കയും ക്രിസ്തു പഠിപ്പിച്ചതുപോലെ ജീവിക്കുകയും ചെയ്യുന്നവർ മാത്രമേ ഇത് സ്വീകരിക്കുന്നുള്ളൂ.

2. കാരണം, സാധാരണ ഭക്ഷണപാനീയങ്ങളായിട്ടല്ല ഞങ്ങളിതു സ്വീകരിക്കുന്നത്. ഞങ്ങളുടെ രക്ഷകനായ യേശുക്രിസ്തു ദൈവത്തിന്റെ വചനത്താൽ അവതരിക്കയും നമ്മുടെ രക്ഷയ്ക്കുവേണ്ടി ജഡവും രക്തവും എടുക്കുകയും ചെയ്തതുപോലെ, തന്നിൽ നിന്നു വരുന്ന പ്രാർഥനാ

വാക്കിലൂടെ, കൃതജ്ഞതാസ്തോത്രം അർപ്പിക്കപ്പെട്ട ആഹാരം, നമ്മുടെ ശരീരരക്തങ്ങളെ പോഷിപ്പിക്കാനും രൂപാന്തരീകരിക്കാനും വേണ്ടി, അവതരിച്ച യേശുവിന്റെ ശരീരവും രക്തവുമായി തീരുന്നു എന്ന് ഞങ്ങൾ പ്രബോധിപ്പിക്കപ്പെട്ടിരിക്കുന്നു.

3. കാരണം, ശ്ലീഹന്മാർ എഴുതിയ *സുവിശേഷങ്ങൾ* എന്ന് ഞങ്ങൾ വിളിക്കുന്ന അവരുടെ ഓർമക്കുറിപ്പുകളിൽ, അവർക്കിപ്രകാരമുള്ള ദൗത്യം ലഭിച്ചെന്ന് അവർ ഞങ്ങളോട് പറഞ്ഞിട്ടുണ്ട്: യേശു അപ്പം എടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അരുൾചെയ്തു. ഇത് എന്റെ ഓർമയ്ക്കായി ചെയ്യുവിൻ; ഇതെന്റെ ശരീരമാകുന്നു. അപ്രകാരം തന്നെ കാസായുമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അരുൾചെയ്തു. ഇതെന്റെ രക്തമാകുന്നു. ഇത് അവർക്കു മാത്രമായി അവിടുന്ന് നൽകുകയും ചെയ്തു.

4. ഇവയെല്ലാം മിത്രാരാധനയിൽ അനുകരിക്കാൻ ദുഷ്ടപിശാചുക്കൾ മനുഷ്യരെ പഠിപ്പിച്ചു. കാരണം, നിങ്ങൾക്ക് അറിയാവുന്നതുപോലെ, അല്ലെങ്കിൽ നിങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കുന്നതുപോലെ, ആളുകളെ തങ്ങളുടെകൂടെ കൂട്ടുന്ന ചടങ്ങുകളിൽ അവർ ചില വാക്കുകൾ ഉച്ചരിച്ചു കൊണ്ട് അപ്പവും പാത്രത്തിൽ വെള്ളവും കൊണ്ടുവരുന്നുണ്ട്.'

അധ്യായം 67: 1. 'ആ സമയം മുതൽ ഞങ്ങൾ ഈ സംഭവങ്ങൾ ഞങ്ങളുടെ ഇടയിൽ നിരന്തരമായി അനുസ്മരിക്കുന്നു; ഞങ്ങൾക്ക് എന്തെങ്കിലും ഉണ്ടെങ്കിൽ ആവശ്യക്കാരായ എല്ലാവരേയും ഞങ്ങൾ സഹായിക്കുന്നു. ഞങ്ങൾ നിരന്തരം പരസ്പരബന്ധിതരുമാണ്. 2. ഞങ്ങൾ ഭക്ഷിക്കുന്ന എല്ലാറ്റിനെപ്രതിയും എല്ലാറ്റിന്റെയും നിർമാതാവിന് തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിലൂടെയും ഞങ്ങൾ സ്തോത്രം അർപ്പിക്കുന്നു.

3. ഞായറാഴ്ച എന്നു വിളിക്കപ്പെടുന്ന ദിവസം ഗ്രാമങ്ങളിലും പട്ടണങ്ങളിലും പാർക്കുന്നവർ ഒന്നിച്ചു കൂടുകയും സമയം അനുവദിക്കുന്നതനുസരിച്ച് ശ്ലീഹന്മാരുടെ ഓർമക്കുറിപ്പുകളോ, പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളോ വായിക്കുകയും ചെയ്യുന്നു. 4. വായനക്കാരൻ വായിച്ചു കഴിയുമ്പോൾ, കേട്ട മഹനീയ സംഗതികൾ അനുകരിക്കണമെന്ന് അധ്യക്ഷൻ ഞങ്ങളെ ഉദ്ബോധിപ്പിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുന്നു.

5. പിന്നീട് ഞങ്ങളെല്ലാവരും എഴുന്നേറ്റുനിന്ന് പ്രാർഥന അർപ്പിക്കുന്നു. നേരത്തേ പറഞ്ഞതുപോലെ, ഞങ്ങൾ പ്രാർഥിച്ചു കഴിയുമ്പോൾ അപ്പവും, വീഞ്ഞും വെള്ളവും അധ്യക്ഷന്റെ പക്കലെത്തിക്കുന്നു. അദ്ദേഹം തന്റെ കഴിവനുസരിച്ച് ഉചിതമായ കൃതജ്ഞതാസ്തോത്രപ്രാർഥനകൾ അർപ്പി

ക്കുന്നു. ജനങ്ങൾ 'ആമേൻ'എന്നു പറഞ്ഞ് തങ്ങളുടെ സമ്മതം നൽകുന്നു. പിന്നീട്, കൃതജ്ഞതാസ്തോത്രം അർപ്പിക്കപ്പെട്ട കാഴ്ചവസ്തുക്കൾ പങ്കിട്ടു കൊടുക്കുകയും ഓരോരുത്തരും അതിൽ പങ്കുകൊള്ളുകയും ചെയ്യുന്നു. സന്നിഹിതരല്ലാത്തവർക്ക് ഡീക്കന്മാർവശം അവ എത്തിച്ചുകൊടുക്കുന്നു.

6. സംഭാവന കൊടുക്കാൻ താല്പര്യമുള്ള ധനവാന്മാർ, തങ്ങൾ ഇച്ഛിക്കുന്നതുപോലെ ദാനം ചെയ്യുന്നു. അത് അധ്യക്ഷനെ ഏൽപ്പിക്കുന്നു. അദ്ദേഹം ആ തുകകൊണ്ട് അനാഥരേയും വിധവകളേയും രോഗം മൂലമോ മറ്റെന്തെങ്കിലും മൂലമോ ആവശ്യക്കാർ ആയിരിക്കുന്നവരേയും തടവുകാരേയും സന്ദർശകരായ അപരിചിതരേയും, ഒറ്റ വാക്കിൽ, ആവശ്യക്കാരായ സകലരേയും സഹായിക്കുന്നു. 7. ഞായറാഴ്ചയാണ് ഞങ്ങൾ സഭായോഗം കൂടുന്നത്. അത് ദൈവം ഇരുളിനേയും പദാർത്ഥത്തേയും രൂപാന്തരപ്പെടുത്തി ലോകത്തെ സൃഷ്ടിച്ചതും, നമ്മുടെ രക്ഷകനായ യേശുക്രിസ്തു മരിച്ചവരിൽനിന്നുയർത്തതുമായ ആദ്യദിവസം ആയതിനാലാണ്.'

കുർബാനയെപ്പറ്റിയുള്ള ആദ്യവിവരണം സ്നാനത്തോടു ബന്ധപ്പെടുത്തിയുള്ളതാണ്. അതായത്, സ്നാനാനന്തരമുള്ള കുർബാന. രണ്ടാമത്തെ വിവരണം ഞായറാഴ്ച തോറുമുള്ള കുർബാനയുടെ വിവരണമാണ്. രണ്ടുവിവരണങ്ങളും ഒരുപോലെയാണ്. മാമോദീസായോട് ബന്ധപ്പെടുത്തിയുള്ള കുർബാനയിൽ *വായനയെപ്പറ്റി* പറയുന്നില്ല. എന്നാൽ തുടർന്നുള്ള പ്രാർഥനയെപ്പറ്റിയും *അനാഫറയെപ്പറ്റിയും* ഉള്ള രണ്ടു വിവരണങ്ങളും ഒന്നുപോലെയാണ്. അപ്പവും, വീഞ്ഞും വെള്ളവും കലർത്തിയ കാസായും സ്തോത്രാർപ്പണത്തിന് ഉപയോഗിക്കുന്നു. കർത്താവ് കൃതജ്ഞതാസ്തോത്രമർപ്പിച്ച് അപ്പത്തേയും വീഞ്ഞിനേയും തന്റെ ശരീരവും രക്തവുമാക്കി ശിഷ്യന്മാർക്കു നല്കി. 'ഇത് എന്റെ ഓർമയ്ക്കായി ചെയ്യുവിൻ. ഇത് എന്റെ ശരീരമാകുന്നു, ഇത് എന്റെ രക്തമാകുന്നു' എന്ന് കർത്താവ് ശിഷ്യന്മാരോട് കല്പ്പിച്ചതനുസരിച്ച് അവർ ഈ രഹസ്യം ആചരിച്ചു. പിൻതലമുറയ്ക്ക് ഈ ദൗത്യം കൈമാറി. ഈ ആഹാരം 'എവുക്കറിസ്തിയ' എന്ന് അറിയപ്പെടുന്നു. ഇത് അവതരിച്ച കർത്താവിന്റെ ശരീരവും രക്തവുമാണ്. സാധാരണ അപ്പവും വീഞ്ഞുമല്ല. കുർബാനയ്ക്കായി ക്രിസ്ത്യാനികൾ ഒന്നിച്ചു കൂടുമ്പോൾ ആവശ്യക്കാരായ സഹോദരങ്ങളെ സഹായിക്കാനായി സംഭാവനകൾ കൊടുത്തിരുന്ന പതിവിനെപ്പറ്റി ജസ്റ്റിൻ സൂചിപ്പിക്കുന്നു.

ട്രീഫോയുമായുള്ള സംവാദത്തിലും കുർബാനയെപ്പറ്റി വിലപ്പെട്ട പരാമർശമുണ്ട്: അധ്യായം 41.1. 'എല്ലാവിധ ദുഷ്ടതകളിൽനിന്നും ആത്മാക്കൾ വിമുക്തമാകുന്നതിനുവേണ്ടി, നമ്മുടെ കർത്താവായ യേശുക്രിസ്തു സഹിച്ച കഷ്ടാനുഭവത്തിന്റെ ഓർമയായി ആചരിക്കാൻ അവിടുന്ന് നമ്മോടു

കല്പിച്ച കുർബാനയപ്പത്തിന്റെ മുൻകുറിയായിരുന്നു, കുഷ്ഠരോഗത്തിൽ നിന്ന് വിമുക്തരായവർക്ക് നിർദേശിക്കപ്പെട്ടിരുന്ന നല്ല അരിമാവിന്റെ അർപ്പണം (ലേവ്യ.14:10). ഈ ലോകത്തേയും അതിലുള്ള സകലത്തേയും മനുഷ്യനുവേണ്ടി ദൈവം സൃഷ്ടിച്ചതിനും, നാം ഏതിലേക്ക് പിറന്നു വീണുവോ ആ തിന്മയിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കുന്നതിന് ദൈവേഷ്ട പ്രകാരം സഹനാധീനൻ ആയിത്തീർന്ന കർത്താവിലൂടെ ശക്തികളേയും അധികാരങ്ങളേയും പൂർണമായി നശിപ്പിച്ചതിനും നാം ദൈവത്തിന് കൃതജ്ഞതാസ്തോത്രം അർപ്പിക്കാനാണ് അവിടുന്ന് ഇപ്രകാരം നമ്മോട് കല്പിച്ചത്.

2. നിങ്ങൾ അർപ്പിച്ചു കൊണ്ടിരുന്ന ബലികളെക്കുറിച്ച് പന്ത്രണ്ട് പ്രവാചകന്മാരിൽ ഒരാളായ മലാക്കിയിലൂടെ ദൈവം അരുൾചെയ്യുന്നു: 'എനിക്കു നിങ്ങളിൽ പ്രസാദമില്ല. എന്നു കർത്താവ് പറയുന്നു. നിങ്ങളുടെ കൈകളിൽനിന്ന് നിങ്ങളുടെ ബലികൾ ഞാൻ സ്വീകരിക്കുകയില്ല. കാരണം, സൂര്യോദയം മുതൽ അസ്തമയം വരെ എന്റെ നാമം ജനതകളുടെയിടയിൽ മഹത്വീകരിക്കപ്പെടുന്നു. എല്ലായിടത്തും എന്റെ നാമത്തിന് ധൂപവും പരിശുദ്ധബലിയും അർപ്പിക്കപ്പെടുന്നു. എന്റെ നാമം ജനതകളുടെ ഇടയിൽ വലുതാകുന്നു. എന്നാൽ നിങ്ങളോ അതിനെ അശുദ്ധമാക്കി എന്ന് കർത്താവ് പറയുന്നു' (1:10–12).

3. ജനതകളായ ഞങ്ങൾ എല്ലായിടത്തും ദൈവത്തിന് അർപ്പിക്കുന്ന ബലികളെപ്പറ്റി അവിടുന്ന് ഈ വാചകത്തിൽ മുൻകൂട്ടി സംസാരിച്ചിരിക്കുന്നു. അതായത്, കുർബാനയിലെ അപ്പവും കുർബാനയിലെ കാസായും. ഞങ്ങൾ അവിടുത്തെ നാമത്തെ മഹത്വപ്പെടുത്തുമ്പോൾ, നിങ്ങൾ അതിനെ നിന്ദിക്കുന്നെന്നും അവിടുന്ന് കൂട്ടിച്ചേർക്കുന്നു.'

അധ്യായം 70:4. 'തന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിയും, അവിടുന്ന് ആർക്കുവേണ്ടി സഹിച്ചുവോ അവർക്കുവേണ്ടിയും, തന്റെ മനുഷ്യാവതാരത്തിന്റെ അനുസ്മരണയായി അർപ്പിക്കുവാൻ നമ്മുടെ ക്രിസ്തു നമ്മോടു കല്പിച്ച അപ്പത്തെപ്പറ്റിയും തന്റെ രക്തത്തിന്റെ അനുസ്മരണയായി നന്ദിയോടുകൂടെ അർപ്പിക്കുവാൻ അവിടുന്ന് കല്പിച്ച കാസായെപ്പറ്റിയും ദൈവം ഈ വചനത്തിലും വ്യക്തമായി പറഞ്ഞിരിക്കുന്നു' (ഏശാ. 33:16).

അധ്യായം 117. 1.'യേശുക്രിസ്തു കല്പിച്ചതുപോലെ തന്റെ നാമത്തിൽ അർപ്പിക്കപ്പെടുന്ന എല്ലാ ബലികളും, അതായത്, ലോകത്തിൽ എല്ലായിടത്തും അപ്പത്തിന്മേലും വീഞ്ഞിന്മേലും ക്രിസ്ത്യാനികൾ അർപ്പിക്കുന്ന തങ്ങളുടെ കൃതജ്ഞതാസ്തോത്രം തനിക്കു പ്രിയങ്കരമാണെന്ന് ദൈവം നമ്മോട് മുൻകൂട്ടി അരുളിച്ചെയ്യുന്നു. 2. യോഗ്യരായ മനുഷ്യർ ദൈവത്തിനർപ്പി

ക്കുന്ന പ്രാർഥനകളും കൃതജ്ഞതാസ്തോത്രങ്ങളും മാത്രമാണ് പൂർണവും ദൈവത്തിന് പ്രീതികരവുമായ ബലികളെന്ന് ഞാനും പറയുന്നു. 3. ക്രിസ്ത്യാനികൾ അർപ്പിക്കാൻ പഠിച്ചിട്ടുള്ള ബലികൾ ഖരരൂപത്തിലും ദ്രാവകരൂപത്തിലുമുള്ള ആഹാരം കൊണ്ടുള്ള അനുസ്മരണം മാത്രമാണ്. തങ്ങളുടെ രക്ഷയ്ക്കുവേണ്ടി ദൈവപുത്രൻ സഹിച്ച പീഡാനുഭവം അതുവഴി അവർ അനുസ്മരിക്കുന്നു. 4. ക്രൂശിക്കപ്പെട്ട യേശുവിന്റെ നാമത്തിൽ പ്രപഞ്ച സ്രഷ്ടാവായ ദൈവത്തിന് പ്രാർഥനകളും കൃതജ്ഞതാസ്തോത്രങ്ങളും അർപ്പിക്കാത്ത ഒരൊറ്റ മനുഷ്യസമൂഹം പോലുമില്ല.'

മലാക്കിയുടെ പ്രവചനം ക്രിസ്തീയ ബലിയെക്കുറിച്ചാണെന്ന് ജസ്റ്റിൻ പഠിപ്പിക്കുന്നു. യഹൂദബലി നീക്കിക്കളഞ്ഞിട്ട് ക്രിസ്തീയബലി അവിടുന്ന് സ്വീകരിക്കുന്നു. ക്രിസ്തുവിന്റെ കല്പനയാണ് ക്രിസ്തീയബലിയുടെ ഉത്ഭവകാരണം. ഡിഡാക്കെയും മലാക്കിയെ ഉദ്ധരിക്കുന്നു. എന്നാൽ രണ്ടിടത്തും അല്പസ്വല്പ വ്യത്യാസങ്ങളോടെയാണ് ഉദ്ധരിക്കുന്നതും വ്യാഖ്യാനിക്കുന്നതും. ബലി (*തുസിയാ*), യോഗ്യരായ മനുഷ്യരുടെ പ്രാർഥനകളിലും (*എവുക്കായ്*) കൃതജ്ഞതാസ്തോത്രങ്ങളിലും (*എവുക്കരിസ്തിയായ്*) അടങ്ങിയിരിക്കുന്നു എന്ന് ജസ്റ്റിൻ പറയുന്നു. കർത്താവിന്റെ പീഡാനുഭവത്തിന്റെ അനുസ്മരണം ആചരിച്ചുകൊണ്ട് ഇപ്രകാരം ചെയ്യാനാണ് പാരമ്പര്യം പഠിപ്പിച്ചിരിക്കുന്നത്. മറ്റു ബലികളെപ്പറ്റി ക്രിസ്ത്യാനികൾ ക്കറിയില്ല (സംവാദം, 117). ലോകം മുഴുവനുമുള്ള എല്ലാ ദൈവജനവും എല്ലായിടത്തും അർപ്പിക്കുന്ന ബലിയാണിത്. ഇത് സാർവത്രിക ബലിയാണ്.

ഈ അപ്പവും കാസായും അനുസ്മരണമാണ്. യഹൂദപശ്ചാത്തലമുള്ള ഒരു പദമാണിത്. തന്റെ ജനത്തിന് ദൈവം ചെയ്ത കാര്യം അനുസ്മരിക്കുക എന്നാൽ തന്റെ സജീവസാന്നിധ്യം പുതുക്കുക എന്നാണർഥം. ഇപ്പോൾ ഇവിടെ അത് യാഥാർഥ്യവൽക്കരിക്കുന്നു എന്നാണ് അതിന്റെ അർഥം. കുർബാനയിലെ അനുസ്മരണം ക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെ അനുസ്മരണയാണ് (സംവാദം, 41:1). ഈ അനുസ്മരണം നടത്തണമെന്ന് ക്രിസ്തു ഉദ്ദേശിക്കയും കല്പിക്കയും ചെയ്തതിനാലാണ് ഇത് യാഥാർഥ അനുസ്മരണയായി തീരുന്നത്. മനുഷ്യനുവേണ്ടി പ്രപഞ്ചത്തെ സൃഷ്ടിച്ചതിനും യേശുക്രിസ്തു വഴി തിന്മയുടെമേൽ വിജയം കൈവരിച്ചതിനും ദൈവത്തിനു നന്ദിപറയുകയും മിശിഹായുടെ പീഡാനുഭവം അനുസ്മരിക്കുകയും ചെയ്തുകൊണ്ട് കുർബാനയപ്പം കാഴ്ച വയ്ക്കുന്നതാണ് ക്രൈസ്തവബലി. കുർബാനയെപ്പറ്റിയുള്ള വ്യക്തമായ പ്രബോധനമാണിത് (41:1).

കാലദേശാന്തരമനുസരിച്ച് അല്പസ്വല്പ വ്യത്യാസങ്ങളുണ്ടായിട്ടുണ്ടെങ്കിലും, വി. കുർബാന അന്നും ഇന്നും ഒന്നു തന്നെ. അതേപ്പറ്റിയുള്ള ധാര


www.malankaralibrary.com

ണയും കർമവിധികളും മാറ്റമില്ലാതെ നിലനില്ക്കുന്നു. കുർബാന എന്ന ബലിയെപ്പറ്റി ശരിയായ വിവരണമാണ് ജസ്റ്റിൻ നല്കുന്നത്. മനുഷ്യരെ ക്രിസ്തുവിൽ നവീകരിച്ചുകൊണ്ട് ദൈവത്തിന് ബലി അർപ്പിക്കുന്നു. യഥാർഥ സാഹോദര്യത്തിൽ ജീവിക്കാൻ വിശ്വാസികളെ ചുമതലപ്പെടുത്തുന്നു. ക്രിസ്തുവിന്റെ ഉത്ഥാനത്തിലൂടെ ഒന്നാംദിവസം പ്രപഞ്ചത്തിനു ലഭിച്ച നവീകരണം ഓരോ ഞായറാഴ്ച ആചരണത്തിലൂടെയും ആവർത്തിക്കപ്പെടുന്നു. തന്റെ പുത്രന്റെ ബലിയിലൂടെ പിതാവ് ഇപ്രകാരം മഹത്വീകരിക്കപ്പെടുന്നു.

**6. യുഗാന്ത്യം**

യുഗാന്ത്യം സംബന്ധിച്ച് 'കിലിയാസ്റ്റിക്' ആശയങ്ങളാണ് ജസ്റ്റിൻ പുലർത്തിയിരുന്നത്: 'മരിച്ചവരുടെ ഉയർപ്പിനുശേഷം ജറുസലേമിൽ ആയിരം വർഷത്തെ ഭരണം ഉണ്ടായിരിക്കും. ജറുസലേം പണിയപ്പെടും; നവീകരിക്കപ്പെടും; വലിയ വികസനങ്ങൾ ഉണ്ടാകുകയും ചെയ്യും. ഞാനും മറ്റുള്ളവരും ഇപ്രകാരം ചിന്തിക്കുമ്പോൾ ഞങ്ങൾ ശരിയായിട്ടാണ് ചിന്തിക്കുന്നതെന്ന് ഞങ്ങൾക്കുറപ്പുണ്ട്.' എന്നാൽ എല്ലാ ക്രിസ്ത്യാനികളും ഈ ആശയക്കാരല്ല എന്ന് ജസ്റ്റിൻ പറയുന്നു: 'സത്യവിശ്വാസത്തോടും ഭക്തിയോടും കൂടെ ജീവിക്കുന്ന യഥാർഥ ക്രിസ്ത്യാനികളിൽ പലരും മറിച്ച് ചിന്തിക്കുന്നു എന്നുകൂടി പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.' (സംവാദം, 80). മരിച്ചവരുടെ ആത്മാക്കൾ ലോകാവസാനം വരെ പാതാളത്തിൽ പാർക്കുന്നു. എന്നാൽ രക്തസാക്ഷികളുടെ ആത്മാക്കൾ ഉടനെ സ്വർഗത്തിലേക്ക് എടുക്കപ്പെടും. പാതാളത്തിൽ തന്നെയും നല്ലവർ ദുഷ്ടന്മാരിൽ നിന്ന് വ്യത്യസ്തമായ സ്ഥലത്തായിരിക്കും. നല്ലവർ തങ്ങൾക്ക് ലഭിക്കാൻ പോകുന്ന സൗഭാഗ്യമോർത്ത് ദുഷ്ടന്മാർ സന്തോഷിക്കുന്നു; വരാനിരിക്കുന്ന ദൗർഭാഗ്യമോർത്ത് ദുഃഖത്തിലായിരിക്കും (സംവാദം, 5,80).

അധ്യായം 11

# ആദ്യകാല അബദ്ധോപദേശങ്ങൾ

**ആമുഖം**

ക്രൈസ്തവ സഭാരംഭകാലത്ത് സഭയ്ക്ക് പുറത്തുനിന്നും അകത്തുനിന്നും ആക്രമണങ്ങളെ നേരിടേണ്ടി വന്നിട്ടുണ്ട്. യൂദമതവും പേഗനിസവും പുറത്തുനിന്ന് സഭയെ തച്ചുടയ്ക്കാൻ ശ്രമിച്ചപ്പോൾ റോമൻ ഭരണാധികാരികൾ പീഡിപ്പിച്ച് നശിപ്പിക്കാൻ ഉദ്യമിച്ചു. അവർ നിരവധി മതപീഡനങ്ങൾ നടത്തി. ബൗദ്ധികതലത്തിൽ സഭയ്ക്കകത്തും പുറത്തും ഉണ്ടായ ഏറ്റുമുട്ടലുകളും ഗൗരവമേറിയവ തന്നെയായിരുന്നു. സഭയുടെ ഉള്ളിൽ നിന്നു തന്നെ ഉണ്ടായവയാണ് ഗ്നോസ്റ്റിസിസവും മോണ്ടനിസവും. ഇവ ക്രിസ്തുമതത്തിൽ തുടങ്ങിയെങ്കിലും ക്രിസ്തുമതത്തിൽ നിന്ന് വളരെ വ്യത്യസ്തമായി വളർന്നു. ഈ ലോകവുമായി താദാത്മ്യം പ്രാപിച്ച ഒരു ക്രിസ്തുമതം ഗ്നോസ്റ്റിക്കുകൾ പ്രചരിപ്പിച്ചു. മോണ്ടനിസ്റ്റുകൾ ഈ ലോകത്തിൽ നിന്ന് പാടേ ഒളിച്ചോടണമെന്ന് പഠിപ്പിച്ചു. അങ്ങനെ സാംസ്കാരിക പശ്ചാത്തലവുമായി ഒത്തുപോകുന്നതെങ്കിലും, പൗരസ്ത്യ കെട്ടുകഥകൾ കൂട്ടിക്കലർത്തി, ഗ്രീക്കുകാരുടെ മതാത്മക തത്വശാസ്ത്രത്തിന് പ്രാധാന്യം കൊടുക്കുകയും വെളിപാടിന്റെ പ്രാധാന്യം ഇടിച്ചുകാണിക്കുകയും സുവിശേഷത്തെ വേണ്ടത്ര മാനിക്കാതിരിക്കുകയും ചെയ്യുന്ന ഒരു ക്രിസ്തുമതം സൃഷ്ടിക്കാൻ ഗ്നോസ്റ്റിക്കുകൾ പരിശ്രമിച്ചു. മോണ്ടനിസ്റ്റുകളാകട്ടെ, ഉടൻ സംഭവിക്കാൻ പോകുന്ന ലോകാന്ത്യത്തിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് ഈ ലോകത്തിൽനിന്ന് ഓടിയകലാൻ പ്രേരിപ്പിച്ചു. ഈ ലോകത്തിൽ നിന്നും ലൗകിക സുഖങ്ങളിൽ നിന്നും ഒളിച്ചോടുകയാണ് ഏറ്റവും ശ്രേഷ്ഠമായ ക്രൈസ്തവ ധർമമെന്നും സകലരും ഇതിനാണ് പരിശ്രമിക്കേണ്ടതെന്നും അവർ പഠിപ്പിച്ചു. ഇരുകൂട്ടരും ക്രൈസ്തവരുടെ ഇടയിൽ പ്രചരണം നടത്തി; കുറെയൊക്കെ അവർ വിജയിക്കുകയും ചെയ്തു. സഭയുടെ ആധ്യാത്മികാടിസ്ഥാനം തകർക്കാൻ ഗ്നോസ്റ്റിക്കുകൾ


www.malankaralibrary.com

ശ്രമിച്ചപ്പോൾ, ലോകം മുഴുവനും ഉള്ള സഭാദൗത്യത്തിന് മോണ്ടനിസ്റ്റുകൾ തുരങ്കംവച്ചു. ഏറ്റവും അപകടകരമായത് ഗ്നോസ്റ്റിസിസം ആയിരുന്നു.

## 1. ഗ്നോസ്റ്റിസിസം

### ക്രിസ്തുമതത്തിന് മുമ്പ്

അലക്സാണ്ടർ ചക്രവർത്തിയുടെ സാമ്രാജ്യവികസന പ്രക്രിയയോടു കൂടി (ബി.സി.343-324) പൗരസ്ത്യ മതങ്ങളുടേയും ഗ്രീക്കു തത്വശാസ്ത്ര ത്തിന്റേയും ഒരു സങ്കരം ഉടലെടുത്തു. ഇതാണ് ഗ്നോസ്റ്റിസിസം അഥവാ ജ്ഞാനവാദം. പൗരസ്ത്യമതങ്ങളിൽ നിന്ന് ദ്വൈതവാദം - ദൈവവും ലോകവും, ആത്മാവും ശരീരവും, നന്മതിന്മകളുടെ ഉറവിടമായ രണ്ട് തത്വ ങ്ങളുടെ അസ്തിത്വം - കടമെടുത്തു; ഗ്രീക്ക് തത്വചിന്തയിൽ നിന്ന് താത്വിക ചിന്താധാരയും. ദൈവവും ലോകവും തമ്മിലുള്ള ബന്ധത്തിന് മധ്യസ്ഥരായി പല ഘടകങ്ങളേയും ഉയർത്തിപ്പിടിച്ചു. നെയോ പ്ലറ്റോണിസം, നെയോ പിത്തഗോറിയനിസം, നെയോ സ്റ്റോയിസിസം എന്നീ ചിന്താധാര കളിൽ നിന്ന് തത്വങ്ങളും സ്വീകരിച്ചു.

### ആദ്യകാല ജ്ഞാനവാദികൾ

ക്ഷുദ്രക്കാരൻ ശീമോൻ, ദോസിത്തെവുസ്, മെനാൻഡർ എന്നിവരാണ് ആദ്യകാല ജ്ഞാനവാദികൾ. ദോസിത്തെവുസ് ശീമോന്റെ ഗുരുവും മെനാൻഡർ ശീമോന്റെ ശിഷ്യനുമാണ്. ശീമോൻ ശ്ലീഹന്മാരുടെ സമകാലീനനായിരുന്നു. പീലിപ്പോസ് സമറിയായിൽ ദൈവവചനം പ്രഘോഷിക്കാൻ എത്തിയപ്പോൾ ശീമോൻ അവിടെ അറിയപ്പെട്ടിരുന്നു. അയാൾ അവിടെ 'ദൈവശക്തി'എന്നും 'മഹാൻ' എന്നും അറിയപ്പെട്ടു (ശ്ലീഹ.നട. 8:9-24). ശ്ലീഹന്മാരുടെ ലേഖനം (*എപ്പിസ്തൊളാ അപ്പൊസ്തൊ ളോരും*) എന്ന അപ്പോക്രീഫൽ കൃതിയിൽ ചെരിന്തുസ് എന്ന ജ്ഞാനവാദിയുടെ പേരോടു ചേർത്ത് അയാളുടെ നാമം പ്രത്യക്ഷപ്പെടുന്നു. ജസ്റ്റിന്റെ വിവരണമനുസരിച്ച് അയാൾ സമറിയായിലെ ഗിത്തോനിൽ ജനിച്ചു. ക്ലോഡിയസ് ചക്രവർത്തിയുടെ കാലത്ത് റോമിലെത്തി. അവിടെ ഒരു ദേവനായി ജനങ്ങൾ അയാളെ ആരാധിച്ചിരുന്നു.

താൻ മിശിഹായാണെന്ന് തെളിയിക്കാൻ ദോസിത്തെവുസ് ശ്രമിച്ചു. സമറിയാക്കാരനായ അയാൾ അവിടെ ഒരു ഗ്നോസ്റ്റിക് സ്കൂളിൽ പഠിപ്പിച്ചി രുന്നു. അവിടെയാണ് ശീമോൻ അഭ്യസിച്ചത്. മെനാൻഡറും സമറിയാക്കാര നാണ്. മനുഷ്യരക്ഷയ്ക്കായി ദൈവം അയച്ച രക്ഷകൻ താനാണെന്ന് ഈ മനുഷ്യനും വിശ്വസിച്ചിരുന്നു. സതൊർനീൽ, ബസിലിദെസ് എന്നീ ക്രിസ്ത്യൻ ജ്ഞാനവാദികളുടെ ഗുരുവാണ് മെനാൻഡർ. ക്രിസ്തുവിന് മുമ്പുള്ള ജ്ഞാനവാദികളേയും ക്രൈസ്തവ ജ്ഞാനവാദികളേയും ബന്ധിക്കുന്ന കണ്ണിയായി മെനാൻഡർ വർത്തിച്ചു.

**ക്രൈസ്തവ ജ്ഞാനവാദികൾ**

ക്രിസ്തുമതം റോമാസാമ്രാജ്യത്തിന്റെ വിവിധ നഗരങ്ങളിൽ പ്രവേശിച്ചപ്പോൾ പാണ്ഡിത്യമുള്ള പലരും ക്രിസ്ത്യാനികളായി. അക്കൂട്ടത്തിൽ ചില ജ്ഞാനവാദികളും ഉണ്ടായിരുന്നു. തങ്ങളുടെ മുൻകാല വിശ്വാസങ്ങളും ധാരണകളും ക്രിസ്തുവിന്റെ സുവിശേഷത്തിന് കീഴ്പ്പെടുത്തുന്നതിനു പകരം ചില ക്രൈസ്തവ തത്വങ്ങൾ ജ്ഞാനവാദത്തോടു കൂട്ടിച്ചേർക്കാനാണ് അവർ പരിശ്രമിച്ചത്. ഇപ്രകാരം ക്രൈസ്തവ ഗ്നോസ്റ്റിസിസം ജന്മമെടുത്തു. ക്രിസ്തുവിന് മുമ്പുള്ള ഗ്നോസ്റ്റിസിസത്തിൽ ക്രിസ്തുവിന് സ്ഥാനമില്ലായിരുന്നു. ക്രൈസ്തവ ഗ്നോസ്റ്റിസിസത്തിലാകട്ടെ രക്ഷകനായ യേശുക്രിസ്തുവിന്റെ പിതാവായ സത്യദൈവത്തിലുള്ള വിശ്വാസം അടിസ്ഥാനവിശ്വാസമാണ്. ക്രിസ്തുമതത്തെ വിശ്വാസത്തിന്റെ തലത്തിൽ നിന്ന കറ്റി അറിവിന്റെ തലത്തിൽ എത്തിക്കാൻ വിവിധ ഗ്നോസ്റ്റിക് നേതാക്കൾ പരിശ്രമിച്ചു. അങ്ങനെ ക്രിസ്തുമതത്തെ ഹെല്ലനിസ്റ്റിക് ലോകത്ത് സ്വീകാര്യമാക്കാനുള്ള സംരംഭം നടത്തി. രണ്ടാം നൂറ്റാണ്ടിൽ നിരവധി ഗ്നോസ്റ്റിക് കൃതികൾ ഉടലെടുത്തു. അപ്പോക്രീഫൽ സുവിശേഷങ്ങൾ, നടപടികൾ, ശ്ലീഹന്മാരുടെ ലേഖനങ്ങൾ, വെളിപാടുകൾ എന്നിവ ഇക്കൂട്ടത്തിൽപെടും; അവയ്ക്ക് അന്നത്തെ കുറേ ആളുകളുടെ മേൽ അൽപസ്വൽപം സ്വാധീനവും ഉണ്ടായിരുന്നു.

**1. ബസിലിദെസ്**

ബസിലിദെസ് എന്ന ജ്ഞാനവാദി അലക്സാണ്ഡ്രിയായിൽ ഒരധ്യാപകനായിരുന്നെന്ന് ഐറേനിയസ് അഭിപ്രായപ്പെടുന്നു (പാഷ.1:24,1). ഹഡ്രിയാൻ, അന്തൊണീനൂസ് പീയൂസ് എന്നീ ചക്രവർത്തിമാരുടെ കാലത്താണ് (120–145) അയാൾ ജീവിച്ചിരുന്നത്. ഒരു സുവിശേഷവും അതിനൊരു ഭാഷ്യവും അയാൾ രചിച്ചു. അവയുടെ ചില ശകലങ്ങൾ മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളൂ. അതുപോലെ ഗീതങ്ങളും സങ്കീർത്തനങ്ങളും അയാൾ രചിച്ചിട്ടുണ്ട്. അവയെല്ലാം നഷ്ടപ്പെട്ടു. ഐറേനിയസ് അയാളുടെ പ്രപഞ്ചവീക്ഷണം രേഖപ്പെടുത്തിയിട്ടുണ്ട് (പാഷ.1,24,3–4).

'ഈ ലോകത്തെ ഭരിക്കുന്ന ശക്തികളിൽ നിന്ന് രക്ഷ പ്രാപിക്കാൻ ഗ്നോസിസ് (അറിവ്) വേണം. യഥാർഥ അറിവ് വളരെ അപൂർവം ആളുകൾക്കേ ലഭിക്കുന്നുള്ളൂ. 'കൂദാശകൾ' രഹസ്യമായി സൂക്ഷിക്കണം. രക്തസാക്ഷിത്വം പ്രയോജനരഹിതമാണ്, രക്ഷ ആത്മാവിനെ മാത്രമേ ബാധിക്കയുള്ളൂ; ശരീരം അഴിവിന് അധീനമായതിനാൽ രക്ഷ അതിനെ ബാധിക്കയില്ല; ഒരു പ്രവൃത്തിയും - പാപങ്ങളും- തിന്മയല്ല, ഒരു പ്രവൃത്തിയും നന്മയുമല്ല; ക്രൂശിതനായ ക്രിസ്തുവിനെയല്ല ക്രിസ്ത്യാനികൾ ഏറ്റുപറയേണ്ടത്. പിന്നെയോ, പിതാവയച്ച 'ഈശോ'യിലാണ് വിശ്വസിക്കേണ്ടത്.

വിജാതിയബലി കഥയില്ലാത്തതാണ്; അതിൽ പങ്കെടുക്കുന്നതുകൊണ്ട് തെറ്റൊന്നുമില്ല.' ഇങ്ങനെ പോകുന്നു ബസിലിദെസിന്റെ ദൈവശാസ്ത്രം. അയാൾ ഐതിഹ്യത്തിൽ നിന്ന് തത്വചിന്തയിലേക്ക് ഗ്നോസ്റ്റിസിസത്തെ തിരിച്ചുവിട്ടു.

വി.ഹിപ്പോളിറ്റസ് ഇയാളുടെ തത്ത്വചിന്ത ഉദ്ധരിക്കുന്നു: 'ഒന്നു മില്ലാതിരുന്നൊരു സമയം! ഇല്ലായ്മ ഉള്ളൊരവസ്ഥയല്ല. പച്ചഭാഷയിൽ പറ ഞ്ഞാൽ ഒന്നും ഉണ്ടായിരുന്നില്ല. 'ഉണ്ടായിരുന്നു' എന്നു ഞാൻ പറയുമ്പോൾ എന്തെങ്കിലും ഉണ്ടായിരുന്നെന്നല്ല ഞാൻ അർഥമാക്കുന്നത്. ഞാൻ ഉദ്ദേശിക്കുന്ന കാര്യം വ്യക്തമാക്കാനാണ് ഞാൻ ആ വാക്ക് പ്രയോഗിക്കുന്നത്. ഒന്നുമില്ലായിരുന്നു. ഒന്നുമില്ലെങ്കിൽ പദാർഥമില്ല. വസ്തുവില്ല, അവസ്തു വില്ല, വിഭക്തമില്ല, അവിഭക്തമില്ല: ഒന്നും ധരിക്കാനില്ല, ഒന്നും മണക്കാനില്ല, മനുഷ്യനില്ല, മാലാഖയില്ല, ദേവനില്ല, പേരുള്ളതൊന്നുമില്ല, നിർവചിക്കാവുന്ന തൊന്നുമില്ല .... ഇല്ലാത്ത ദേവൻ! അവനു ബുദ്ധിയില്ല, ഇന്ദ്രിയമില്ല, മനസ്സില്ല, സ്വാതന്ത്ര്യമില്ല, വികാരമില്ല, ആഗ്രഹമില്ല,- ഒരു ലോകം നിർമിക്കാൻ ആഗ്രഹിച്ചു. എന്തെങ്കിലും പറയാൻ വേണ്ടി പറയുകയാണ്- ആഗ്രഹിച്ചു. എന്നാൽ ആഗ്രഹമോ, ഇന്ദ്രിയമോ, ബുദ്ധിയോ കൂടാതെയാണ്. വീതിയും വിസ്തൃതിയും ഉള്ള പ്രപഞ്ചമല്ല ഉണ്ടായതും പിന്നെ നിലനിൽക്കുന്നതും. പിന്നെയോ പ്രപഞ്ചത്തിന്റെ ബീജം..... അതുകൊണ്ട് അസ്തിത്വം ഇല്ലാത്ത ദേവൻ അസ്തിത്വം ഇല്ലാത്ത പ്രപഞ്ചത്തെ അസ്തിത്വം ഇല്ലാത്തതിൽ നിന്നുണ്ടാക്കി' (ഫിലൊസൊഫുമെന, 7,20, 2-21,4).

**2. ഇസിദോർ**

ബസിലിദെസിന്റെ മകനും ശിഷ്യനുമായിരുന്നു ഇസിദോർ. ക്ലെമെന്റ് ഇയാളുടെ കൃതിയിൽ നിന്ന് ഉദ്ധരിക്കുന്നു (സ്ട്രോമാറ്റ, 2,113; 6,53;3,1-3). ഇയാളെപ്പറ്റി വളരെ കുറച്ചേ നമുക്കറിവുള്ളൂ.

**3. വലന്റീനസ്**

വലന്റീനസ് ഈജിപ്റ്റുകാരനായിരുന്നു എന്ന് എപ്പിഫാനിയസ് സാക്ഷിക്കുന്നു (പാഷ.31,7-12). ഹിജീനുസ് പാപ്പായുടെ കാലത്ത് (136-140) അയാൾ റോമിലെത്തി. പീയൂസ് പാപ്പായുടെ കാലത്ത് (150-155) തന്റെ തത്വ ങ്ങൾ പ്രചരിപ്പിച്ചു. അനിസെറ്റസ് പാപ്പായുടെ കാലംവരെ (155-160) റോമിൽ താമസിച്ചു (ഐറേനിയസ്, പാഷ. 3,4,3). റോമിലെത്തുന്നതിനു മുമ്പ് അയാൾ തന്റെ തത്വങ്ങൾ അലക്സാണ്ഡ്രിയായിൽ പ്രചരിപ്പിച്ചു. റോമിൽ നിന്ന് സൈപ്രസിൽ പോയി കുറേനാൾ അവിടെ പഠിപ്പിച്ചു. വലന്റീനസിന്റെ കൃതികളിൽ നിന്ന് ക്ലെമെന്റ് ആറു പ്രാവശ്യം ഉദ്ധരിക്കുന്നു.

കിഴക്കും പടിഞ്ഞാറും നിരവധി ആളുകളെ തന്റെ കൂടെ ചേർക്കാൻ അയാൾക്കു സാധിച്ചു. ആരംഭ തത്വങ്ങളിൽ ക്രിസ്തുമതത്തോട് അടുത്ത

ചിന്തയാണ് അയാൾക്കുണ്ടായിരുന്നത്. എന്നാൽ ദൈവത്തിൽ നിന്ന് ലോകത്തെ മാറ്റി വേറൊരു നിർമാതാവിനെ എവിടെയോ സ്ഥാപിക്കാൻ ശ്രമിച്ചപ്പോൾ അയാൾക്ക് സഭയ്ക്കു പുറത്തു പോകേണ്ടിവന്നു. സൃഷ്ടിയുടെ നന്മയും ദൈവത്തിന്റെ ഏകത്വവും കാത്തുസൂക്ഷിക്കുന്നതിൽ വലന്റീനസ് പരാജയപ്പെട്ടു. 'എന്തുവേണമെങ്കിലും ചെയ്യാം. അതൊന്നും തന്റെ കൂടെ നിൽക്കുന്നവരെ ബാധിക്കുകയില്ല' എന്ന് അയാൾ പ്രചരിപ്പിച്ചു. വഴിപിഴച്ച ജീവിതരീതി, അടിസ്ഥാനമില്ലാത്ത ചിന്ത എന്നിവയാൽ അയാൾ അനേകരെ വഴിതെറ്റിച്ചു. ജസ്റ്റിൻ, തെയോഫിലസ്, ഐറേനിയസ്, തെർത്തുല്യൻ എന്നിവർ വലന്റീനസിന്റെ അബദ്ധോപദേശത്തെ ശക്തിയായി എതിർത്തവരാണ്.

### 4. റ്റോളമി

വലന്റീനസിന്റെ ഇറ്റാലിയൻ സ്കൂളിലെ പ്രമുഖ വ്യക്തിയായിരുന്നു റ്റോളമി. മോശയുടെ നിയമത്തിന്റെ മൂല്യം വിവരിച്ചുകൊണ്ട് 'ഫ്ളോറയ്ക്കുള്ള കത്ത്' എന്നൊരു കൃതി റ്റോളമി രചിച്ചു (എപ്പിഫാനിയസ്, പാഷ. 33,3-7). മോശയുടെ നിയമത്തെ റ്റോളമി മൂന്നായി തിരിക്കുന്നു: ദൈവത്തിൽ നിന്നു വന്നവ, മോശയിൽ നിന്നുടലെടുത്തവ, മൂപ്പന്മാർ ഉണ്ടാക്കിയവ. ആദ്യത്തേതിന് മൂന്ന് അവാന്തര വിഭാഗങ്ങളുണ്ട്. (1) തിന്മയൊന്നും സ്പർശിക്കാത്ത ശുദ്ധനിയമം (പത്തു കല്പനകൾ); യേശു വന്നത് ഇവ പൂർത്തീകരിക്കാനാണ്. (2) രണ്ടാമത്തേത് അനീതി കൂടിക്ക ലർന്ന് ദുഷിച്ചത്: 'കണ്ണിന് കണ്ണ്, പല്ലിന് പല്ല്' എന്ന് തുടങ്ങുന്ന നിയമം. ഇതു നീക്കാൻ കർത്താവ് വന്നു. (3) ആചാരനിയമങ്ങളാണ് മൂന്നാമത്തേത്. അതിന് ആധ്യാത്മികാർഥം നൽകാൻ കർത്താവ് പരിശ്രമിച്ചു.

### 5. ഹെരാക്ലെയോൻ

വലന്റീനസിന്റെ ശിഷ്യരിൽ ഒരാളായിരുന്നു ഹെരാക്ലെയോൻ (ക്ലെമെന്റ്, സ്ട്രോമാറ്റ, 4.71:1). വലന്റീനസിന്റെ ഇറ്റാലിയൻ സ്കൂളിൽപ്പെട്ട ഇയാൾ യോഹന്നാന്റെ സുവിശേഷത്തിന് ഒരു ഭാഷ്യമെഴുതി. ഒരിജൻ തന്റെ യോഹന്നാന്റെ സുവിശേഷ ഭാഷ്യത്തിൽ നാൽപത്തെട്ടിടത്തു പ്രസ്തുത ഭാഷ്യത്തിൽ നിന്ന് ഉദ്ധരിക്കുന്നു. ഇയാളുടെ തെറ്റായ ഭാഷ്യമാണ് നല്ലൊരു ഭാഷ്യം എഴുതാൻ ഒരിജന് പ്രേരണ നൽകിയത് (മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *യോഹന്നാന്റെ സുവിശേഷം-ഒരിജന്റെ ഭാഷ്യം*, തിരുവനന്തപുരം, 2005).

### 6. ഫ്ളോറീനുസ്

വലന്റീനസിന്റെ മറ്റൊരു ഇറ്റാലിയൻ ശിഷ്യനായിരുന്നു ഫ്ളോറീനുസ് എന്ന റോമൻ വൈദികൻ. 'ദൈവം തിന്മയുടെ കർത്താവല്ല' എന്ന പേരിൽ

ഐറേനിയസ് ഫ്ളൊറീനുസിന് ഒരു കത്തയച്ചതായി എവുസേബിയസ് സാക്ഷിക്കുന്നു (സഭാ.5,20,4). ഫ്ളൊറീനുസ് മറിച്ചു പഠിപ്പിച്ചു കാണണം. 'സഭയ്ക്ക് പുറത്തുള്ളവർ പോലും പറയാൻ മടിക്കാത്ത കാര്യം ഇയാൾ പഠിപ്പിച്ചു. അതു ശ്ലൈഹികപ്രബോധനമേ അല്ല' എന്ന് ഐറേനിയസ് പറയുന്നു

**7. ബർദൈസാൻ (154-222/3)**

വലന്റീനസിന്റെ പൗരസ്ത്യ സ്കൂളിലെ ഒരു ശിഷ്യനായിരുന്നു ബർദൈസാൻ. എഡേസ്സയിൽ ഉന്നതകുലജാതരായ മാതാപിതാക്കളിൽ നിന്ന് 153-ൽ ജനിച്ച ബർദൈസാൻ മാബുഗിൽ ഒരു പേഗൻ പുരോഹിതന്റെ കീഴിൽ വിദ്യാഭ്യാസം നടത്തി. അയാൾ ഒഷ്റേനിലെ അബ്ഗാർ രാജാവിന്റെ ഒരു സുഹൃത്തായിരുന്നു. റോമൻ ചക്രവർത്തി കരക്കള്ള 216/217-ൽ എഡേസ്സ ആക്രമിച്ചപ്പോൾ അയാൾ അർമേനിയായിലേക്ക് ഓടിപ്പോയി; 25-ാം വയസ്സിൽ ക്രിസ്ത്യാനിയായി. എഡേസ്സയിൽ വച്ച് 222/3 ൽ മരിച്ചു. അയാളെപ്പറ്റി എവുസേബിയസിൽ നിന്ന് ചില വിവരങ്ങൾ നമുക്ക് ലഭിക്കുന്നു. അയാൾക്ക് സുറിയാനിയിൽ നല്ല പാണ്ഡിത്യം ഉണ്ടായിരുന്നു ആദ്യം വലന്റീനസിന്റെ ശിഷ്യനായിരുന്നു. പിന്നീട് അയാളെ ഉപേക്ഷിക്കുകയും അയാളുടെ അബദ്ധസിദ്ധാന്തങ്ങളെ എതിർക്കുകയും ചെയ്തു. എന്നാൽ പൂർണമായി അതിൽ നിന്ന് വിമുക്തനായില്ല (സഭാ. 4,30).

മാർസ്യനീത്തർക്കും മറ്റു പല വിഭാഗക്കാർക്കും എതിരായി നിരവധി ഗ്രന്ഥങ്ങൾ അയാൾ രചിച്ചു. 'വിധിയെക്കുറിച്ച്' ഒരു കൃതി രചിച്ചെന്ന് എവുസേബിയസ് സാക്ഷിക്കുന്നു. ഈ കൃതി പൂർണരൂപത്തിൽ കൈവന്നിട്ടുണ്ട്. ബർദൈസാന്റെ ശിഷ്യനായ ഫിലിപ്പാണ് ഇതെഴുതിയത് എന്നത്രേ പണ്ഡിതമതം. 'രാജ്യനിയമങ്ങളുടെ ഗ്രന്ഥം' എന്നാണ് പ്രസ്തുത കൃതിയുടെ പൂർണനാമം. അയാൾ സ്വപുത്രനായ ഹാർമോണിയസിന്റെ സഹായത്തോടുകൂടെ നിരവധി ഗീതങ്ങൾ രചിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തെന്നു മാർ അപ്രേം സാക്ഷിക്കുന്നു. മനോഹരമായ ഗാനങ്ങളിലൂടെ ആശയങ്ങൾ പ്രചരിപ്പിച്ചതിനാൽ അവയ്ക്കു ജനമധ്യത്തിൽ വലിയ സ്വാധീനമുണ്ടായി. അബദ്ധാഭിപ്രായങ്ങൾ വളരെ വേഗം പ്രചരിച്ചു. ഗാനങ്ങൾ രചിക്കാൻ മാർ അപ്രേമിന് പ്രേരണ ലഭിച്ചത് ബർദൈസാനിൽ നിന്നാണ്. 'തോമസ്സിന്റെ നടപടി'യിലെ 'ആത്മാവിന്റെ ഗീതം' ബർദൈസാൻ രചിച്ചതാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. 'സഹസ്രാബ്ദവാഴ്ച'യിൽ അയാൾ വിശ്വസിച്ചിരുന്നു. സഭയിലെ പല അടിസ്ഥാന തത്വങ്ങളും ഗ്നോസ്റ്റിക് സ്വാധീനത്താൽ അയാൾ നിഷേധിച്ചു എന്നു പറയപ്പെടുന്നു.

**8. ഹാർമോണിയസ്**

ബർദൈസാന്റെ പുത്രനാണ് ഹാർമോണിയസ്. സൊസോമൻ സഭാചരിത്രത്തിൽ ഇയാളെപ്പറ്റി പറയുന്നു (3,16). ഗ്നോസ്റ്റിക് അബദ്ധോപ

ദേശങ്ങളിൽ ഇയാളും വിശ്വസിച്ചിരുന്നു. നല്ല ഗീതങ്ങളിലൂടെ ആശയങ്ങൾ ആവിഷ്കരിച്ചതിനാൽ പ്രചരണം എളുപ്പമായിരുന്നു.

**9. തെയൊഡോട്ടസ്**

വലന്റീനസിന്റെ പൗരസ്ത്യസ്കൂളിലെ ഒരു ശിഷ്യനായിരുന്നു തെയൊഡോട്ടസ്. ക്ലെമെന്റിന്റെ 'സട്രോമാറ്റാ'യുടെ അവസാനത്തിൽ ഇയാളുടെ കൃതിയിൽ നിന്ന് 86 ഉദ്ധരണികളുണ്ട്. മാമോദീസാ, അപ്പവും വെള്ളവും കൊണ്ടുള്ള കുർബാന, ദുഷ്ടനിൽനിന്നു മോചനം പ്രാപിക്കാനുള്ള ലേപനം എന്നിവ ഈ ഉദ്ധരണികളിലെ പ്രതിപാദ്യ വിഷയങ്ങളാണ്. അവയ്ക്ക് പുറമേ മറ്റ് ഗ്നോസ്റ്റിക് ആശയങ്ങളും ഇവയിൽ കാണാം.

**10. മാർക്കുസ്**

വലന്റീനസിന്റെ പൗരസ്ത്യസ്കൂളിലെ ഒരംഗമായിരുന്നു മാർക്കുസ് എന്ന് ഐറേനിയസ് സാക്ഷിക്കുന്നു. ആസിയാ പ്രോകോൺസുളാരിസിൽ അയാൾ തന്റെ ഗ്നോസ്റ്റിക് ആശയങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. വലന്റീനസിന്റെ ആശയങ്ങൾ അയാൾ മുറുകെപിടിച്ചു; ഒരു പ്രത്യേകതരം മാന്ത്രിക 'കുർബാന' സമർപ്പിച്ചു വന്നു. നിരവധി സ്ത്രീകളെ വഴിപിഴപ്പിച്ചു. ഫ്രാൻസിന്റെ ചില ഭാഗങ്ങളിലും അവർ പ്രസംഗിച്ച്, നിഷ്കളങ്കരായ നിരവധി സ്ത്രീകളെ വഴിതെറ്റിച്ചു.

**11. കർപ്പോക്രാത്തെസ്**

അലക്സാണ്ഡ്രിയക്കാരനായ അയാൾ വലന്റീനസിന്റെ സമകാലീനനായിരുന്നു: 'ഈ ലോകം നിർമിച്ചത് കുറേ മാലാഖമാരാണ്. അവർ ജന്മമില്ലാത്ത പിതാവിനേക്കാൾ വളരെ താഴ്ന്ന പടിയിലാണ്. യേശു ജോസഫിന്റെ പുത്രനാണ്. എന്നാൽ തികച്ചും ശുദ്ധമായ ഒരാത്മാവിന്റെ ഉടമയായിരുന്നു യേശു. ദൈവികതലത്തിൽ താൻ ദർശിച്ചവയെല്ലാം, മനുഷ്യനായപ്പോൾ യേശു ഓർത്തിരുന്നു. ഇക്കാരണത്താൽ ഉന്നതത്തിൽ നിന്നൊരു ശക്തി ഇറങ്ങി യേശുവിൽ വസിച്ചു. ഈ ശക്തികൊണ്ട് ഈ ലോക ത്തിന്റെ നിർമാതാക്കളെ ജയിക്കാൻ അവന് സാധിച്ചു. അവരെയെല്ലാം ജയിച്ച് ഉയരത്തിൽ കരേറി.' ഇങ്ങനെ പോകുന്നു അയാളുടെ ചിന്തയെന്ന് ഐറേനിയസ് പറയുന്നു (പാഷ.1,25,1). ഇക്കൂട്ടർ പല പൈശാചിക കർമങ്ങളും നടത്തിയിരുന്നെന്നും അദ്ദേഹം പറയുന്നു. അവരുടെ കൂട്ടത്തിലെ മർസെല്ലീനാ എന്ന സ്ത്രീ അനിസെറ്റസ് പാപ്പായുടെ കാലത്ത് (154-165) റോമിൽ എത്തി നിരവധി ആളുകളെ കെണിയിൽ വീഴ്ത്തി.

**12. എപ്പിഫാനസ്**

കർപ്പോക്രാത്തെസിന്റെ പുത്രനാണ് എപ്പിഫാനസ്. 'നീതിയെപ്പറ്റി' എന്ന ഒരു ഗ്രന്ഥം അയാളെഴുതി. അതിന്റെ നിരവധി ശകലങ്ങൾ ലഭിച്ചി

ട്ടുണ്ട്. പതിനേഴാം വയസ്സിൽ എപ്പിഫാനസ് മരിച്ചു. ഉടനെ കുറേയാളുകൾ അയാളെ ദേവനായി ആരാധിക്കാൻ തുടങ്ങി. എല്ലാ പൗർണമിക്കും അലക്സാണ്ഡ്രിയായിലെ കെഫലോണിയാ എന്ന സ്ഥലത്ത് അയാളുടെ ബഹുമാനാർഥം ആരാധന ഉണ്ടായിരുന്നു.

**13. മാർസ്യൻ**

പോന്തുസിലെ സിനോപ്പെയിൽ ആണ് മാർസ്യൻ ജനിച്ചത്. ഇന്ന് പ്രസ്തുത സ്ഥലത്തിന്റെ പേര് കരിങ്കടൽ തീരത്തുള്ള സിനോബ് എന്നാണ്. സ്ഥലത്തെ മെത്രാന്റെ മകനായി വളരെ ഉയർന്ന കുടുംബത്തിലാണ് അയാൾ ജനിച്ചത്. മാർസ്യൻ തന്നെയും ഒരു കപ്പലുടമയായിരുന്നു. ചില അധാർമിക കർമങ്ങൾക്ക് സ്വന്തം പിതാവ് അയാളെ സഭാഭ്രഷ്ടനാക്കിയപ്പോൾ 140-ഓടുകൂടി റോമിലെത്തി അവിടുത്തെ വിശ്വാസികളുമായി ബന്ധം പുലർത്തി. അധികം താമസിയാതെ റോമിൽ തന്നെ അയാൾക്ക് ശക്തിയായ എതിർപ്പിനെ നേരിടേണ്ടി വന്നു. അയാൾ സത്യവിശ്വാസമല്ല പഠിപ്പിക്കുന്നതെന്നു കണ്ട റോമാസഭ 144 ജൂലൈ മാസത്തിൽ അയാളെ സഭാഭ്രഷ്ടനാക്കി. തുടർന്ന് മെത്രാന്മാരും വൈദികരും ഡീക്കന്മാരും ഉൾപ്പെട്ട ഒരു സഭ തന്നെ അയാൾ തുടങ്ങി. മാർസ്യനും മറ്റ് ഗ്നോസ്റ്റിക്കുകളും തമ്മിലുള്ള വ്യത്യാസം അതാണ്. മറ്റുള്ളവർ സ്കൂളുകൾ മാത്രം സ്ഥാപിച്ചു. അയാൾ ഒരു സഭ തന്നെ തുടങ്ങി. അവരുടെ ആരാധനാരീതി റോമാസഭയുടേതു പോലെയായിരുന്നു. അതുകൊണ്ട് മറ്റ് ഗ്നോസ്റ്റിക്കുകളേക്കാൾ കൂടുതൽ പിൻഗാമികളെ നേടാൻ അയാൾക്കു സാധിച്ചു. 'ലോകം മുഴുവനും അയാളുടെ സഭ വ്യാപിച്ചു' എന്ന് 154-ൽ വി. ജസ്റ്റിൻ വിലപിച്ചു. അത്രമാത്രം വളർച്ച അതിനുണ്ടായി. പൗരസ്ത്യദേശത്ത് അഞ്ചാംനൂറ്റാണ്ടു വരെയും അയാളുടെ സഭ നിലനിന്നു. ചില വിഭാഗങ്ങൾ മധ്യകാലം വരെയും ഉണ്ടായിരുന്നു.

മാർസ്യനെ ഐറേനിയസ് സിറിയൻ ഗ്നോസ്റ്റിക് ചെർദോനുമായി ബന്ധപ്പെടുത്തുന്നു. ഹിജീനുസ് പാപ്പായുടെ കാലത്ത് (136-140) ചെർദോൻ റോമിലെത്തി അബദ്ധോപദേശം പഠിപ്പിച്ചു. പഴയനിയമത്തിലെ ദൈവം യേശുക്രിസ്തുവിന്റെ പിതാവല്ലെന്ന് മാർസ്യൻ പഠിപ്പിച്ചു (പാഷ.1:27,1): 'സർവശക്തനായ ദൈവം എന്നു നിയമവും പ്രവാചകന്മാരും പ്രഘോഷിക്കുന്നവനെതിരെ' മാർസ്യൻ റോമിൽ ദൂഷണം പരത്തി, ചെർദോന്റെ സ്കൂൾ തുടർന്നു. 'പഴയനിയമദൈവം തിന്മ പ്രവർത്തിക്കുന്നവനും യുദ്ധപ്രിയനും അഭിപ്രായസ്ഥിരത ഇല്ലാത്തവനും' ആണെന്ന് അയാൾ പഠിപ്പിച്ചു. 'യേശു വന്നത് ഈ ലോകത്തിന്റെ അധികാരിയായ, ഈ ലോകം നിർമിച്ച പഴയനിയമ ദൈവത്തിന്റെ അനീതികളും ക്രൂരതയും ഇല്ലാതാക്കാനാണ്. യേശു പിതാവിൽ നിന്നാണ് വന്നത്. ആ പിതാവ് പഴയനിയമ ദൈവത്തിനും ഉപരിസ്ഥനാണ്.'

www.malankaralibrary.com

ക്രൈസ്തവ വേദപുസ്തകം മുഴുവൻ അയാൾ സ്വീകരിച്ചില്ല. പഴയനിയമവുമായി ബന്ധമുള്ളവയെല്ലാം മാറ്റി. ലൂക്കായുടെ സുവിശേഷവും പൗലോസിന്റെ ലേഖനങ്ങളും മാത്രം ഉൾക്കൊള്ളുന്ന ഒരു ബൈബിൾ ഉണ്ടാക്കി. അവയിൽ തന്നെയും പഴയനിയമ പരാമർശങ്ങൾ നീക്കിക്കളഞ്ഞു. അങ്ങനെ 'യേശുക്രിസ്തുവിനെ കാണുകയും കേൾക്കുകയും ശ്രവിക്കുകയും ചെയ്ത ശ്ലീഹന്മാരേക്കാൾ അയാൾ തന്റെ അനുയായികളുടെ മുൻപാകെ വിശ്വസ്തനായി കാണപ്പെട്ടു. അവന്റെ തത്വങ്ങൾ പഠിച്ചവർക്കത്രേ രക്ഷ. രക്ഷ ശരീരത്തിനില്ല, ആത്മാവിന് മാത്രമേയുള്ളൂ, ധരയിൽ നിന്നെടുക്കപ്പെട്ട ശരീരത്തിന് രക്ഷയിൽ ഭാഗഭാഗിത്വമില്ല' (ഐറേനിയസ്, പാഷ. 3,3,43). ഒരിക്കൽ പോളിക്കാർപ്പിനോട് മാർസ്യൻ ചോദിച്ചു: 'താങ്കൾക്ക് നമ്മെ അറിയാമോ?' പോളിക്കാർപ്പ് പ്രതിവചിച്ചു: 'നന്നായറിയാം: സാത്താന്റെ ആദ്യജാതനെ എനിക്കറിയാം' (ഐറേനിയസ്, പാഷ. 3,3,4).

ക്രിസ്തുമതവും പേഗനിസവും കൂട്ടിക്കലർത്തി ഗ്നോസ്റ്റിക് ചിന്തകരുടെ ശൈലിയിലാണ് മാർസ്യൻ സംസാരിച്ചിരുന്നത്: 'മൂന്നാം സ്വർഗത്തിൽ വസിക്കുന്ന നല്ല ദൈവം, രണ്ടാം സ്വർഗത്തിൽ വസിക്കുന്ന നീതിമാനായ ദൈവം എന്നിങ്ങനെ അയാൾ ദൈവത്തെ വിവരിച്ചു. ലോകത്തേയും മനുഷ്യരേയും സൃഷ്ടിച്ച രണ്ടാം സ്വർഗവാസിയായ ദൈവം ദെമിയൂർജാണ്. ഈ പദം ഗ്നോസ്റ്റിക് സാഹിത്യത്തിൽ സുപരിചിതമാണ്. തിന്മയുടെ ഉറവിടമായ നിത്യപദാർഥത്തിൽ നിന്നാണ് ദെമിയൂർജ് പ്രപഞ്ചത്തെ രൂപപ്പെടുത്തിയത്. അവൻ ഇല്ലായ്മയിൽ നിന്ന് സൃഷ്ടിക്കയല്ല ചെയ്തത്. പഴയനിയമത്തിലെ ദൈവമാണ് ഈ ദെമിയൂർജ്. നിയമവും പ്രവാചകന്മാരും ഈ ദൈവത്തെ പ്രഘോഷിക്കുന്നു. നീതിമാനാണെങ്കിലും വികാരാധീനനാണ് ആ ദൈവം. അവൻ പ്രതികാര ദാഹിയും കോപിഷ്ഠനുമാണ്. സർവതിന്മകളുടെയും കർത്താവ് ഈ ആൾ തന്നെ. യുദ്ധകാരണവും വേറെങ്ങും അന്വേഷിക്കേണ്ടതില്ല. പഴയനിയമം പ്രവചിച്ച മിശിഹായല്ല ക്രിസ്തു. അവൻ കന്യകയിൽനിന്ന് പിറന്നില്ല. തിബേരിയൂസ് സീസറിന്റെ വാഴ്ചയുടെ പതിനഞ്ചാം ആണ്ടിൽ ക്രിസ്തു കഫർണാമിലെ സിനഗോഗിൽ പെട്ടെന്നു കാണപ്പെട്ടു. കുരിശിൽ മരിക്കുന്നതുവരെ ഒരു മനുഷ്യനായി അവൻ അറിയപ്പെട്ടു. തന്റെ പ്രബോധനവും അത്ഭുതവും ക്രൂശിലെ മരണവും രക്തം ചിന്തലും വഴി അവൻ പ്രപഞ്ചനിർമാതാവായ ദെമിയൂർജിനെ പരാജയപ്പെടുത്തി എല്ലാ ആളുകളേയും രക്ഷിച്ചു.'

പഴയനിയമദൈവം എങ്ങനെ ഉണ്ടായി എന്ന് മാർസ്യൻ പറയുന്നില്ല. യേശു 'കാണപ്പെട്ടു' എന്ന് പറയുകയും അതേ സമയം അവന്റെ കുരിശിലെ ബലിക്ക് വിലയുണ്ടെന്ന് കരുതുകയും ചെയ്തത് എപ്രകാരം യോജിച്ചുപോകും എന്നതിനെപ്പറ്റി മാർസ്യൻ ചിന്തിച്ചില്ല. അയാൾ വേദപുസ്തകം വെട്ടിച്ചുരുക്കിയത് ഗ്നോസ്റ്റിക് സ്വാധീനത്തിലാണ്. പഴയനിയമദൈവം

യേശുക്രിസ്തുവിന്റെ പിതാവാണെന്ന ആശയം വരുന്ന എല്ലാ വാചക ങ്ങളും തന്റെ ബൈബിളിൽനിന്ന് അയാൾ നീക്കം ചെയ്തു. പഴയനിയമം മുഴുവൻ തിരസ്കരിച്ചപ്പോൾ മാർസ്യൻ വലന്റീനസിനോട് യോജിക്കയാണ് ചെയ്തത്. എന്നാൽ മറ്റു ചില ഗ്നോസ്റ്റിക്കുകൾ ചെയ്തതു പോലെ പുതിയ സുവിശേഷ ങ്ങളോ ലേഖനങ്ങളോ ഉണ്ടാക്കാൻ അയാൾക്ക് കഴിഞ്ഞില്ല. യേശുവിന്റെ സുവിശേഷത്തിൽ യൂദന്മാർ കുത്തിത്തിരുകലുകൾ വരുത്തിയെന്നും അത് ശരിയാക്കാനാണ് പൗലോസ് വിളിക്കപ്പെട്ടതെന്നും അയാൾ ചിന്തിച്ചു. എന്നാൽ പൗലോസിന്റെ ശത്രുക്കൾ അദ്ദേഹത്തിന്റെ ലേഖനങ്ങളെ വളച്ചൊടിച്ചു.

മത്തായി, മർക്കോസ്, യോഹന്നാൻ എന്നിവരുടെ സുവിശേഷം ലൂക്കോ സിന്റെ സുവിശേഷത്തിന്റെ നല്ലൊരു ഭാഗം എന്നിവ അയാൾ തിരസ്കരിച്ചു. പൗലോസിന്റെ ലേഖനങ്ങളിൽ അജപാലന ലേഖനങ്ങളും എബ്രായർക്കുള്ള ലേഖനവും തള്ളിക്കളഞ്ഞു. സ്വീകരിച്ചവയിൽ തന്നെയും പല ഭാഗങ്ങളും ഉപേക്ഷിച്ചു. ഗലാത്യലേഖനം ആദ്യം വച്ചു. എഫേസ്യ ലേഖനത്തിന് 'ലവദീ ക്യക്കാർക്കുള്ള ലേഖനം' എന്ന് പേരിട്ടു. 'സുവിശേഷം', 'ശ്ലീഹാ' എന്നു പുതിയ നിയമത്തെ രണ്ടായി തിരിച്ചു. അതോടുകൂടി താനെഴുതിയ 'ആന്റി ത്തെസെസ്' എന്ന കൃതിയും കൂട്ടിച്ചേർത്തു. പഴയനിയമ ദൈവത്തിന്റെ ദുസ്വഭാവം തെളിയിക്കാനായി പഴയനിയമത്തിൽ നിന്നുള്ള ഉദ്ധരണികൾ നിരത്തി വച്ചിരിക്കുകയാണ് ഈ കൃതിയിൽ. തന്റെ ചെയ്തികളെ ന്യായീ കരിക്കാൻ ഈ കൃതിയിൽ അയാൾ ശ്രമിച്ചിട്ടുണ്ട്. ഇത് നമുക്കു ലഭിച്ചിട്ടില്ല. ഐറേനിയസിൽ നിന്നാണ് അയാളെപ്പറ്റിയുള്ള അറിവ് ലഭിക്കുന്നത്. ആദിമസഭയിലെ നിരവധി എഴുത്തുകാർ അയാൾക്കെതിരെ എഴുതുകയും ജനങ്ങളെ പഠിപ്പിക്കുകയും ചെയ്തു. അയാളൊരു ചിന്തകനായിരുന്നില്ലെ ങ്കിലും ഒരു സംഘാടകനായിരുന്നു. ജസ്റ്റിൻ 150-ൽ അയാളെപ്പറ്റി പറയുന്നു (അപ്പോളജി,1:26,5). ഐറേനിയസ് തന്റെ കൃതിയിൽ അയാളുടെ സിദ്ധാന്ത ങ്ങളെ ഖണ്ഡിക്കുന്നു (പാഷ.1:27,2-4). കൊറിന്തോസിലെ ദിവന്നാസ്യോസ് അയാൾക്കെതിരെ നിക്കൊമേദിയായിലെ ജനങ്ങൾക്ക് ഒരു കത്തയച്ചതായി എവുസേബിയസ് പറയുന്നു (സഭാ.4:23-4). ക്രേത്തേയിൽ ഗൊർതീനായിലെ മെത്രാൻ ഫിലിപ്പും മാർസ്യനെതിരെ ഒരു കൃതിയെഴുതി. മെസപ്പൊട്ടേ മിയായിലും അയാളുടെ സഭ വ്യാപിച്ചിരുന്നു. മനിക്കേയിസത്തിനൊരു ചവിട്ടു പടിയായിരുന്നു മാർസ്യനിസം.

### 14. അപ്പെല്ലെസ്

മാർസ്യന്റെ ഏറ്റവും പ്രധാനപ്പെട്ട ശിഷ്യനായിരുന്നു അപ്പെല്ലെസ്. എന്നാൽ റോമിൽ വച്ച് പല കാര്യങ്ങളിലും അയാളുമായി തെറ്റിപ്പിരിഞ്ഞ പ്പോൾ, അപ്പെല്ലെസ് കുറേനാൾ അലക്സാണ്ഡ്രിയായിൽ പോയി പഠിപ്പിച്ചു. കുറേക്കഴിഞ്ഞ് റോമിൽ തിരിച്ചെത്തി. റോദോൻ എന്നയാളും അപ്പെല്ലെസും തമ്മിൽ മതപരമായ ഒരു സംവാദം നടന്നു. എവുസേബിയസ് പ്രസ്തുത

കാര്യം സഭാചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (5.13,2-7). മാർസ്യന്റെ ദ്വൈതവാദത്തെ എതിർത്തുകൊണ്ട് 'ആരംഭത്തിൽ ഒരേ ഒരു തത്വമേ ഉണ്ടായിരുന്നുള്ളു' എന്ന് അപ്പെല്ലെസ് വാദിച്ചു. ദെമിയൂർജ് ഒരു സൃഷ്ടിയാണെന്നും ഒരു മാലാഖയാണെന്നും അവനാണ് ലോകം നിർമിച്ചതെന്നും പഠിപ്പിച്ചു. യേശുക്രിസ്തുവിന്റെ ശരീരം യഥാർഥമാണെന്ന് പഠിപ്പിച്ചു കൊണ്ട് മാർസ്യന്റെ ഡൊസെറ്റിസം തള്ളിക്കളഞ്ഞു. എന്നാൽ ഈ ശരീരം കന്യകമറിയത്തിൽ നിന്നല്ല പ്രാപഞ്ചിക പദാർഥങ്ങളിൽ നിന്നാണ് യേശു എടുത്തത്. സ്വർഗത്തിലേക്ക് പോയപ്പോൾ അവ തിരികെ കൊടുത്തെന്നും അയാൾ പഠിപ്പിച്ചു. പഴയനിയമം കെട്ടുകഥകളുടേയും പച്ചക്കള്ളങ്ങളുടേയും സമാഹാരമായി അയാൾ കരുതി. ചരിത്രപരമായ ഒരു വിലയും അതിനില്ല. മാർസ്യനാകട്ടെ പഴയനിയമത്തെ ഒരു ചരിത്രഗ്രന്ഥമായി അംഗീകരിച്ചിരുന്നു. പഴയനിയമത്തിന്റെ നിസ്സാരത തെളിയിക്കാൻ 38 പുസ്തകങ്ങളിലായി 'സില്ലോജിസം' എന്നൊരു കൃതി അപ്പെല്ലെസ് എഴുതി. അതിൽനിന്ന് നിരവധി ഭാഗങ്ങൾ വി. അംബ്രോസ് പറുദീസായെപ്പറ്റി എന്ന കൃതിയിൽ ഉദ്ധരിച്ചിട്ടുണ്ട്.

### 15. എൻക്രത്തീത്തർ

മാർസ്യന്റെ തത്വങ്ങളോട് ബന്ധപ്പെട്ടതാണ് എൻക്രത്തീത്തരുടെ പ്രബോധനം. വിവാഹം പാപമാണെന്ന് ഒരു കൂട്ടർ പഠിപ്പിച്ചു. വീഞ്ഞ്, മാംസം, വൈവാഹിക ജീവിതം എന്നിവ ഇവർക്ക് നിഷിദ്ധമായിരുന്നു. വി. കുർബാനയിൽ വീഞ്ഞിന് പകരം വെള്ളമാണ് ഇക്കൂട്ടർ ഉപയോഗിച്ചിരുന്നത്. അക്കാരണത്താൽ വെള്ളം ഉപയോഗിക്കുന്നവർ എന്ന അർഥത്തിൽ *അക്വാറിയി* എന്നും ഇവർ അറിയപ്പെട്ടു.

### 16. ജൂലിയസ് കാസിയൻ

എൻക്രത്തീത്ത വിഭാഗത്തിൽപ്പെട്ട ഒരാളാണ് കാസ്സിയൻ. എല്ലാ വൈവാഹികബന്ധവും നിഷിദ്ധമാണെന്ന് അയാൾ പഠിപ്പിച്ചു. ഭാഷ്യം, ഖണ്ഡത്വം എന്നിങ്ങനെ രണ്ടു കൃതികൾ അയാൾ രചിച്ചു. 'ഈജിപ്റ്റുകാരുടെ സുവിശേഷം' എന്ന ഗ്നോസ്റ്റിക് കൃതി അയാൾ ഉപയോഗിച്ചിരുന്നെന്ന് ക്ലെമെന്റ് സൂചിപ്പിക്കുന്നു. ഡൊസെറ്റിക് വീക്ഷണങ്ങൾ പ്രചരിപ്പിച്ചിരുന്നതിനാൽ, ക്ലെമെന്റ് അയാളെ വലന്റീനസിന്റെയും മാർസ്യന്റെയും കൂടെ ഉൾപ്പെടുത്തുന്നു. ഏതാണ്ട് 170-ഓടുകൂടി അയാൾ ഈജിപ്റ്റിൽ പഠിപ്പിച്ചിരുന്നു.

### 17. കായേനീത്തർ

പഴയനിയമത്തിന്റെ കർത്താവായ ദൈവത്തെ എതിർത്തു തോല്പിക്കുക കടമയായി സ്വീകരിച്ചവരാണ് കായേനീത്തർ. പഴയനിയമത്തിലെ കായേനും മറ്റുമാണ് ഇവരുടെ നേതാവ്. കായേനിൽ നിന്നാണ് ഇവർ ഈ

പേര് സ്വീകരിച്ചിരിക്കുന്നത്. യാഹ്വെയുടെ നിയമത്തെ എതിർക്കുക കടമയായി ഇക്കൂട്ടർ കരുതുന്നു. പരിപൂർണ ഗ്നോസിസ് പ്രാപിക്കാൻ ഇവർ ചൂണ്ടിക്കാണിക്കുന്ന മാർഗം ഇതത്രേ.

**18. ചെരിന്തുസ്**

'തികച്ചും നശിച്ച ഈ ലോകം ചമച്ച പിഴച്ച ദൂതന്മാർ ദുഷ്ടരും മനുഷ്യ വിദ്വേഷികളുമാണ്. ക്രിസ്തു വെറുമൊരു മനുഷ്യനായിരുന്നു. മാമോദീസാ യുടെ അവസരം ദൈവികശക്തി അവനിൽ ഇറങ്ങി വസിച്ചു. മരിച്ച ക്രിസ്തു ലോകാവസാനത്തിനു മുൻപ് ഉയർക്കും. ഉയർത്ത് ഒരായിരം വർഷം ജറു സലേം കേന്ദ്രമാക്കി ഭരിക്കും' എന്നു പോകുന്നു ഇയാളുടെ ചിന്ത. കൊറി ന്തോസുകാരനാണയാൾ (ഐറേനിയസ്,പാഷ.1,26,1;എവു. സഭാ. 3:28,2-5).

**19. സത്തുർണീനുസ്**

ഹഡ്രിയാൻ ചക്രവർത്തിയുടെ കാലത്ത് (117-138) അന്ത്യോക്യയിൽ അയാൾ പഠിപ്പിച്ചു. 'പഴയനിയമം പുതിയ വ്യാഖ്യാനത്തിന് വിധേയമാ ക്കണം. പഴയനിയമം അപ്പാടെ സ്വീകാര്യമല്ല' എന്നെല്ലാം അയാൾ പ്രഖ്യാ പിച്ചു. ഈ ലോകത്തോടു തികഞ്ഞ അവജ്ഞയും വെറുപ്പും അയാളുടെ ചിന്തയുടെ പ്രത്യേകതയാണ്. ലൈംഗികത വഴിയാണ് മനുഷ്യൻ വർദ്ധിച്ച് പെരുകുന്നത്. ഇതിന് കളമൊരുക്കിയ ദൈവത്തോട് അയാൾ തീരാത്ത പക പുലർത്തിയിരുന്നു. അയാളുടെ ദൃഷ്ടിയിൽ പുരുഷന്മാർ നല്ലവരാണ്; സ്ത്രീകൾ വഴിപിഴച്ചവരും.

**മറ്റു ചില ഗ്നോസ്റ്റിക് കൃതികൾ**

(a) സഭയിലെ എഴുത്തുകാർ നിരവധി ഗ്നോസ്റ്റിക് കൃതികളെപ്പറ്റി വിവരം നല്കുന്നു. ഇതിനു പുറമേ കോപ്റ്റിക് ഭാഷയിൽ പല ഗ്നോസ്റ്റിക് ഗ്രന്ഥങ്ങളും ലഭിച്ചിട്ടുണ്ട്. 1.പിസ്തിസ് സോഫിയാ: ഇതിൽ നാല് ഗ്രന്ഥങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. നാലാം പുസ്തകത്തിൽ, ഉയർപ്പിനുശേഷം യേശു 'നൽകിയ' വെളിപാടുകൾ കാണാം. ആദ്യത്തെ മൂന്ന് ഗ്രന്ഥങ്ങൾക്ക് മുമ്പെഴുതപ്പെട്ടത് ഈ നാലാം ഭാഗമാണ്. ആദ്യത്തെ മൂന്ന് ഭാഗങ്ങളിലും ഉയർപ്പു കഴിഞ്ഞ് 12 വർഷങ്ങൾക്കു ശേഷമുള്ള 'വെളിപാടുകൾ' ആണ്. മൂന്നാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലും (നാലാംഭാഗം) രണ്ടാം ഘട്ടത്തിലും (ഒന്നുമുതൽ - മൂന്നുവരെ) ആയി ഗ്നോസ്റ്റിക് ചുറ്റുപാടിൽ എഴുതപ്പെട്ടതാ ണിത്. ഈജിപ്റ്റിൽ ബർബലോ - ഗ്നോസ്റ്റിക് പശ്ചാത്തലത്തിൽ ഇതു വിരചിതമായി. 2. മഹത്തായ വചനത്തിന്റെ രഹസ്യം എന്ന കൃതി ആത്മാവ് കടന്നുപോകേണ്ട ഇടങ്ങളെപ്പറ്റിയുള്ള വെളിപാടുകൾ ഉൾക്കൊള്ളുന്നു. 3. മറിയത്തിന്റെ സുവിശേഷം എന്ന കൃതിയിൽ മറിയം നൽകുന്ന വെളിപാ ടുകളാണ്. 4. യോഹന്നാന്റെ വെളിപാട് എന്ന ഗ്രന്ഥത്തെ ഐറേനിയസ്

തന്റെ കൃതിയിൽ ഖണ്ഡിക്കുന്നു (പാഷ.1,29). യേശു ഒരു ദർശനത്തിൽ യോഹന്നാന് കാണപ്പെട്ട് പിതാവും മാതാവും പുത്രനുമായി വെളിപ്പെടുന്നു. 5. യേശുക്രിസ്തുവിന്റെ വിജ്ഞാനം എന്ന കൃതി വലന്റീനസിന്റെ ഇതേ പേരിലുള്ള കൃതി തന്നെയാണ്.

(b) ഒരു വലിയ ഗ്നോസ്റ്റിക് ഗ്രന്ഥശേഖരം 1946-ൽ ഈജിപ്റ്റിൽ കണ്ടെത്തപ്പെട്ടു. കോപ്റ്റിക് ഭാഷയിലെഴുതിയ പന്ത്രണ്ട് വാല്യങ്ങളിലായി മൊത്തം ആയിരത്തിലേറെ പേജുകൾ ഉണ്ടായിരുന്നു. നാഗ് ഹമ്മദി എന്ന സ്ഥലത്തുള്ള ഒരു ശവക്കല്ലറയിൽ ഒരു കുടത്തിനകത്താണ് ഇവ കണ്ടെത്തിയത്. 37 പൂർണ കൃതികളും അഞ്ചു ഭാഗിക കൃതികളും അതിൽ ഉണ്ടായിരുന്നു. ഈ കൃതികളെല്ലാം നഷ്ടപ്പെട്ടവയായി കരുതപ്പെട്ടിരുന്നു. ഗ്നോസ്റ്റിക്കുകാരെ എതിർത്ത സഭാപിതാക്കന്മാർ പോലും കണ്ടിട്ടില്ലാത്ത പല 'രഹസ്യരേഖകളും' ഇക്കൂട്ടത്തിൽ പെടുന്നു. 'ഹെർമെസ്' എന്നയാളാണ് അഞ്ചു കൃതികളുടെ കർത്താവ്. ചില പേരുകൾ താഴെപ്പറയുന്നവയാണ്: പൗലോസ് ഒന്നാമന്റെ സ്വർഗാരോഹണം, യാക്കോബിന്റെ രണ്ടാം വെളിപാട്, തോമ്മായുടേയും ഫിലിപ്പോസിന്റേയും സുവിശേഷം, യോഹന്നാന്റെ രഹസ്യഗ്രന്ഥം, ശേത്തിന്റെ അഞ്ചു വെളിപാടുകൾ, ഈജിപ്റ്റുകാരുടെ സുവിശേഷം, മത്തിയാസിന്റെ പാരമ്പര്യങ്ങൾ, യേശുവിന്റെ വിജ്ഞാനം, ഭാഗ്യവാനായ എവുഗ്നോസ്റ്റോസിന്റെ ലേഖനം, രക്ഷകന്റെ സംവാദം - ഗ്നോസ്റ്റിസിസത്തെപ്പറ്റി കൂടുതൽ അറിവ് പകരാൻ പോരുന്നവയാണ് ഈ ഗ്രന്ഥങ്ങൾ!

**എന്താണ് ജ്ഞാനവാദം (ഗ്നോസ്റ്റിസിസം)?**

ഗ്നോസ്റ്റിസിസം എന്താണെന്ന് നിർവചിക്കുക വളരെ പ്രയാസമാണ്. ഒരു സങ്കീർണ പ്രതിഭാസമാണത്. ഫ്രാൻസ് (ഗോൾ) മുതൽ പേർഷ്യ (ഇറാൻ)വരെ ആദ്യത്തെ ഒൻപത് നൂറ്റാണ്ടുകാലം വ്യാപിച്ചിരുന്ന ഒരു വിസ്തൃതമായ മതാത്മക താത്വിക പ്രതിഭാസമത്രേ അത്. പരസ്പര വിരുദ്ധങ്ങളായ ഗ്രൂപ്പുകൾ അതിൽ ഉൾപ്പെടുന്നു. ചില ചിന്തകർ ലോകത്തെ സ്നേഹിക്കുമ്പോൾ മറ്റു ചിലർ വെറുക്കുന്നു.

അലക്സാണ്ഡ്രിയായിൽ ഗ്നോസ്റ്റിസിസത്തിനു വളരാൻ പറ്റിയ സാഹചര്യം ഉണ്ടായിരുന്നു. അനേകം ഗ്നോസ്റ്റിക് നേതാക്കന്മാർ അവിടെ ഉണ്ടായി. അവരിൽ മിക്കവരും റോമിൽ പിൻഗാമികളെ കണ്ടെത്തി. ക്ലെമെന്റ് അവരെപ്പറ്റി നൽകുന്ന വിവരണം ശ്രദ്ധേയമാണ്: 'ചിലർ സ്ഥാപകരിൽ നിന്ന് പേരു സ്വീകരിക്കുന്നു: വലന്റീനിയർ, മാർസ്യനീത്തർ, ബസിലിദിയർ; ചിലർ ഉത്ഭവസ്ഥാനങ്ങളാൽ അറിയപ്പെടുന്നു: പെരാത്തിക്കോയ്; ചിലർ പൗരത്വം വഴിയും - ഫ്രീജിയർ; ചിലർ പ്രവൃത്തി വഴിയും - എൻക്രത്തീത്തർ; ചിലർ തത്വങ്ങൾ വഴിയും - ഡോസെറ്റിസ്റ്റുകൾ,

ഹൈമത്തിത്തർ; ചിലർ ആരാധനാവസ്തുക്കൾ വഴിയും - കായനീത്തർ, ഓഫീത്തർ; ചിലർ അസാന്മാർഗിക നടപടികൾ വഴിയും - എൻത്തിക്കീത്തർ - അറിയപ്പെടുന്നു' (സ്ട്രോമാറ്റ, 7,108.1-2; ജസ്റ്റിൻ ഡയലോഗ്. 35.6).

എന്നാൽ ഈ സിസ്റ്റങ്ങൾക്കെല്ലാം പൊതുവായ ചില കാര്യങ്ങളുണ്ടായിരുന്നു. വെളിപാടുവഴി ഗ്നോസിസ് (അറിവ്) ലഭിക്കുന്നെന്ന് ഇവർ അവകാശപ്പെടുന്നു. മുൻപ് ആത്മീയലോകത്ത് അരൂപികളായി വ്യാപിച്ചിരുന്നവർ എന്തോ തെറ്റുവഴി ശരീരത്തിൽ വ്യാപരിക്കാൻ വിധിയുണ്ടായി. സ്വയം അറിയുന്നതുവഴി ഈ ശരീരത്തിൽനിന്ന് മുക്തി ലഭിക്കും. ഈ ധരയിലേക്ക് ജനിച്ചു വീണവർ മറ്റതിലേക്ക് ജനിക്കണം.

ഗ്നോസ്റ്റിക്ചിന്ത ആത്യന്തികമായി വ്യക്ത്യധിഷ്ഠിതമാണ്. ഐതിഹാസിക വിശദീകരണങ്ങൾക്കായി തലനാരിഴ ഭേദിക്കാൻ ഇവർക്കൊട്ടും മടിയില്ല. സ്വാതന്ത്ര്യത്തിനും വിടുതലിനും വേണ്ടിയുള്ള ബദ്ധപ്പാടാണ് എങ്ങും കാണുക: വാനാരൂപികളിൽ നിന്നുള്ള സ്വാതന്ത്ര്യം, പഴയനിയമ ദൈവത്തിൽ നിന്നുള്ള സ്വാതന്ത്ര്യം, പഴയനിയമത്തിൽ നിന്നും എല്ലാ നിയമങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യം!

ക്രിസ്തുമതത്തോട് വളരെ അടുത്തുവരുന്ന ഗ്നോസ്റ്റിക്കുകൾ തങ്ങളുടേതത്രേ യഥാർഥ ക്രിസ്തുമതമെന്ന് പറഞ്ഞു പഠിപ്പിച്ചു. യൂദന്മാരുടെ കുത്തിത്തിരുകലുകൾ മാറ്റി യേശുക്രിസ്തുവും പൗലോസും പഠിപ്പിച്ച ക്രിസ്തുമതമാണ് താൻ പഠിപ്പിക്കുന്നതെന്ന് മാർസ്യൻ വാദിച്ചു. പത്രോസിന്റേയും പൗലോസിന്റേയും ശിഷ്യരിൽ നിന്നാരംഭിച്ചതാണ് തങ്ങളുടെ പ്രബോധനമെന്നാണ് ബസിലിദെസും വലന്റീനസും അവകാശപ്പെട്ടത്. എന്നാൽ ഗ്നോസ്റ്റിക്മതം ക്രിസ്തുമതമേയല്ല!

ഗ്നോസ്റ്റിക്കുകളുടെ ചിന്ത സമാഹരിക്കുക എളുപ്പമല്ല. രണ്ടോ മൂന്നോ ഗ്നോസ്റ്റിക്കുകൾ ഒന്നിച്ചു കൂടുമ്പോൾ ഒരേ വിഷയം സംബന്ധിച്ച് വിവിധാഭിപ്രായങ്ങളത്രേ വെളിച്ചത്തു വരിക. ജ്ഞാനത്തിലൂടെയുള്ള രക്ഷ, പ്രപഞ്ചോല്പത്തി സംബന്ധിച്ച് ദ്വൈതവാദം, നിർഗമന സിദ്ധാന്തം എന്നിവ ഇവരുടെ പൊതു പ്രത്യേകതകളാണ്. ദൈവം പ്രപഞ്ചസ്രഷ്ടാവല്ല. ഇരുളും വെളിച്ചവും പോലെ പരസ്പര വിരുദ്ധങ്ങളാണ് ദൈവവും സൃഷ്ടികളും. അഗ്രാഹ്യനായ ദൈവം സ്ഥിതി ചെയ്യുന്നില്ല എന്നുവരെ ചിലർ പഠിപ്പിച്ചു. തിന്മ നിറഞ്ഞ ഭൗതികലോകത്തിനും അദൃശ്യനായ പിതാവിനും ഇടയിൽ മധ്യസ്ഥനുണ്ട് (*ദെമിയൂർജ്*). ചിലർ നിത്യപദാർത്ഥത്തെപ്പറ്റി പഠിപ്പിക്കുന്നു. നിത്യപദാർഥത്തിൽ നിന്ന് ഈ മദ്ധ്യസ്ഥൻ(ർ) ആണ് പ്രപഞ്ചത്തെ നിർമിച്ചത്.

മനുഷ്യകേന്ദ്രീകൃതമാണ് ഗ്നോസ്റ്റിസിസം. ജ്ഞാനം വഴിയേ ദൈവത്തെ പ്രാപിക്കാൻ സാധിക്കു. അതു വളരെ കുറച്ചുപേർക്കു മാത്രം ലഭിക്കുന്നു. ക്രിസ്തുവിന്റെ മരണത്തിനും പീഡാനുഭവത്തിനും ഒന്നും

ഗ്നോസ്റ്റിസിസത്തിൽ വലിയ സ്ഥാനമില്ല. തങ്ങൾക്ക് 'അധാർമികമായി ഒന്നുമില്ല' എന്ന് ഗ്നോസ്റ്റിക്കുകൾ കരുതി. ഒരുകൂട്ടർ ലൗകിക സുഖസന്തോഷങ്ങളിൽ മുഴുകിയപ്പോൾ മറ്റുചിലർ വിവാഹം, ലൈംഗികത ആദിയായവ തിന്മയാണെന്ന് വാദിച്ചു.

ജസ്റ്റിൻ, ഐറേനിയസ്, ഹിപ്പോളിറ്റസ്, എപ്പിഫാനിയസ് എന്നിവരുടെ കൃതികൾ ഇവരെപ്പറ്റി വിലപ്പെട്ട വിവരങ്ങൾ തരുന്നു. കത്തോലിക്കാസഭ അബദ്ധാഭിപ്രായക്കാരെ സഭയിൽ നിന്നുമാറ്റി. അവരുടെ പട്ടിക തയ്യാറാക്കി, അവരുടെ പൊള്ളത്തരം വെളിച്ചത്തു കൊണ്ടുവന്നു. വിശുദ്ധ ഗ്രന്ഥവ്യാഖ്യാനത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച്, ഗ്നോസ്റ്റിക് ഭാഷ്യങ്ങൾ തിരസ്കൃതങ്ങളാണെന്ന് പഠിപ്പിച്ചു. സഭ യേശുക്രിസ്തുവിന്റെ പീഡാനുഭവത്തിലും പെസഹാ രഹസ്യത്തിലും വിശ്വസിക്കുന്നു. ശ്ലീഹന്മാർ വരച്ചുകാട്ടിയ ക്രിസ്തുവിനെ പിൻചെല്ലാൻ അവർ ആഹ്വാനം ചെയ്തു. ലോകവുമായും ലൗകിക തത്വശാസ്ത്രവുമായും ഒത്തുതീർപ്പിനു ശ്രമിക്കാതെ സത്യത്തിനു സാക്ഷി യാകാൻ സഭ യത്നിച്ചു.

## 2. മോണ്ടനിസം

രണ്ടാംനൂറ്റാണ്ടിന്റെ രണ്ടാംഭാഗത്ത് ഏഷ്യാമൈനറിലെ ഫ്രീജി യായിൽ മൊണ്ടാനുസ് എന്നയാൾ തുടങ്ങിയ ഒരു പ്രസ്ഥാനമാണ് മോണ്ടനിസം. തനിക്ക് ദൈവത്തിന്റെ വെളിപാടുകളും ദർശനങ്ങളും പരിശുദ്ധാത്മാവിന്റെ ആവാസവും ഉണ്ടായതായി അയാൾ അവകാശപ്പെടാൻ തുടങ്ങി. പരിശുദ്ധാത്മദാനം ഒരു പുതിയ രീതിയിൽ സഭ മുഴുവനും ചൊരിയപ്പെടാൻ പോകുന്നെന്ന് അയാൾ ഉറപ്പായി വിശ്വസിച്ചു. അതിന്റെ ദൃശ്യമായ അടയാളങ്ങൾ തന്നിലും തന്റെ ശിഷ്യകളായ പ്രവാചകിമാരിലും ഉണ്ടെന്ന് അയാൾ അവകാശപ്പെട്ടു. മാക്സിമില്ല, പ്രിഷില്ല (പ്രിസ്ക്കാ) എന്നീ രണ്ട് സ്ത്രീകൾ പ്രവാചകികളായി അറിയപ്പെട്ടു. മൊണ്ടനുസ് 156/7- ലോ 172- ലോ പ്രവചനം ആരംഭിച്ചു. 'ഫ്രീജിയായിലെ പെപ്പൂസയ്ക്കടുത്ത് സ്വർഗീയ ജറുസലേം താഴേയ്ക്കിറങ്ങും' (വെളി. 21:1-4) എന്ന് അയാൾ പറഞ്ഞു പരത്തി.

ഒരു തത്വസംഹിത എന്നതിലുപരി കഠിന താപസജീവിതക്രമം അനുശാസിക്കുന്ന ഒരാത്മീയപ്രസ്ഥാനം ആയിരുന്നു മോണ്ടനിസം. അവർ കർക്കശമായ ജീവിതചര്യ പ്രോത്സാഹിപ്പിച്ചു. അമിതമായ സ്വയംപരി ത്യാഗം, ആത്മസംയമനം എന്നിവ അവരുടെ പ്രത്യേകതകളാണ്. രണ്ടാംവിവാഹം പാപമായി അവർ ചിത്രീകരിച്ചു. ക്രിസ്തു ഉടനെ വരുന്നെന്നും അതിനായി ഒരുങ്ങണമെന്നും ആഹ്വാനം ചെയ്തു. ലോകത്തിൽ നിന്ന് ഓടിയകന്ന്, കഠിനതപസ്സു ചെയ്ത് രക്ഷകന്റെ വരവിനൊരുങ്ങണം. അതിനു ലോകത്തെ ഒരുക്കാൻ പരിശുദ്ധാത്മാവിനാൽ നിയോഗിക്കപ്പെട്ടവരാണ് തങ്ങളെന്ന് അവർ കരുതി. സഭ മുഴുവനിലും ഇതു പരന്നു.


www.malankaralibrary.com

ഉത്തര ആഫ്രിക്കയിലെ പല പ്രമുഖരും ഈ വിഭാഗത്തിൽ ചേർന്നു. തെർത്തുല്യൻ തന്റെ ജീവിതാവസാനം ഇതിലൊരംഗമായി. അന്നു സഭയിൽ നിലനിന്ന അനുതാപക്രമത്തിന് വേണ്ടത്ര ശക്തിപോരാ; പാപികളെ ഒരിക്കലും സഭയിൽ തിരികെ പ്രവേശിക്കാൻ പാടില്ല; മതപീഡനത്തിൻ ഒളിച്ചോട്ടമേ പാടില്ല എന്നൊക്കെ ഈ സ്വാധീനത്തിൽ തെർത്തൂല്യൻ വാദിച്ചു. തന്റെ പിൻഗാമികളെ 'ആത്മീയർ' എന്നും കത്തോലിക്കരെ 'മൃഗീയർ' എന്നും തെർത്തുല്യൻ വിളിച്ചു.

അനേകരുടെയിടയിൽ ആത്മീയമായ ഉണർവുണ്ടാക്കാൻ മോണ്ടനിസത്തിനു സാധിച്ചു. എന്നാൽ വേദപുസ്തകം പഠിപ്പിക്കുന്ന സത്യങ്ങൾ ഉപേക്ഷിച്ച് സ്വന്തമായി ഗ്രൂപ്പുകളുണ്ടാക്കിയപ്പോൾ അവർക്കു തെറ്റുപറ്റി. സഭയിൽ മാത്രമേ പരിശുദ്ധാത്മനൽവരം ചൊരിയപ്പെടുന്നുള്ളൂ എന്നും സ്ഥായിയായ നിലനില്പ് മിതത്വത്തിലാണെന്നും സഭ തെളിയിച്ചു. ഹിയെരാപ്പൊളീസിലെ അപ്പൊള്ളിനാരിസ്, റോദോൻ എന്നിവർ ഇതിനെതിരെ എഴുതിയിട്ടുണ്ട്. ഏഷ്യയിലെ ഒരു സിനഡ് 200-നു മുൻപ് ഇതിനെ ശപിച്ചുതള്ളി. സെഫറീനുസ് പാപ്പാ ഇവരെ സഭയിൽ നിന്ന് പുറന്തള്ളി. ചില പ്രാചീന എഴുത്തുകാർ മോണ്ടനിസത്തെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നത് എവുസേബിയസ് ഉദ്ധരിക്കുന്നു (സഭാ.5,16). പ്രസ്തുത ഉദ്ധരണികൾ ഈ പ്രസ്ഥാനത്തിന്റെ പൊള്ളത്തരങ്ങൾ വെളിച്ചത്തു കൊണ്ടുവരാൻ പര്യാപ്തമാണ്. അവരുടെ ചില സൂക്തങ്ങളും എവുസേബിയസിൽ കാണാം (സഭാ.5,16.17).

അധ്യായം 12

# പാഷണ്ഡതാവിരുദ്ധ സാഹിത്യത്തിന്റെ ആരംഭം

**ആമുഖം**

അപദ്ധോപദേശകർ ഉടലെടുത്തപ്പോൾ രണ്ടു രീതിയിൽ സഭ അവരെ എതിർത്ത് സത്യവിശ്വാസം സംരക്ഷിച്ചു. മെത്രാന്മാർ പാഷണ്ഡികളെ സഭയിൽ നിന്ന് പുറത്താക്കി. ജനങ്ങളെ ഇടയലേഖനങ്ങൾ വഴി പ്രബുദ്ധ രാക്കി. സഭയുടെ നിലപാട് സാധൂകരിച്ചുകൊണ്ടും അബദ്ധോപദേശങ്ങളുടെ കപടവിജ്ഞാനം വെളിപ്പെടുത്തിക്കൊണ്ടും പാരമ്പര്യത്തിലും വേദപുസ്ത കത്തിലും അധിഷ്ഠിതമായ സഭാസിദ്ധാന്തങ്ങൾ വിശദീകരിച്ചുകൊണ്ടും ദൈവശാസ്ത്രജ്ഞന്മാർ മുന്നോട്ടു വന്നു.

എവുസേബിയസ് നിരവധി 'ആന്റി ഗ്നോസ്റ്റിക്' കൃതികളെപ്പറ്റി സൂചിപ്പി ക്കുന്നു. അവയിൽ പലതും നഷ്ടപ്പെട്ടുപോയി: അന്ത്യോക്യയിലെ തെയോ ഫിലസിന്റെ 'ഹെർമോജെനസിനെതിരെ,' 'മാർസ്യനെതിരെ,' എന്നീ കൃതികൾ, 'മാർസ്യനെതിരെ' ഗൊർതീനയിലെ ഫിലിപ്പും മൊദെസ്തുസും റോദോനും എഴുതിയ കൃതികൾ, ബസിലിദെസിനെതിരെ അഗ്രിപ്പാ കാസ്തർ എഴുതിയ കൃതി, അപ്പെല്ലെസിനെതിരെ റോദോൻ എഴുതിയ കൃതി, 'തിന്മയെപ്പറ്റിയും പദാർഥത്തിന്റെ ഉത്ഭവത്തെപ്പറ്റിയും'മാക്സിമൂസ് എഴുതിയ കൃതി, എൻക്രത്തീത്തർക്കെതിരെ മുസാനുസ് എഴുതിയ കൃതി, കാൻദിദൂസും ആപ്പിയോണും 'ഉല്പത്തി പുസ്തകത്തെക്കുറിച്ച്' എഴുതിയ കൃതികൾ, സിക്സ്റ്റസ് ഉയർപ്പിനെക്കുറിച്ച് എഴുതിയ കൃതി, ഹെരാക്ലിറ്റസ് ശ്ലീഹന്മാരെക്കുറിച്ച് എഴുതിയ കൃതി, എന്നിവ വിവിധ ഗ്നോസ്റ്റിക് സിദ്ധാന്തങ്ങൾക്ക് എതിരായിട്ടത്രേ (എവു.സഭാ.4:7,6–8.24.25.28;5:13). അബ ദ്ധോപദേശങ്ങൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിച്ച ചില ആദ്യകാല സഭാപിതാക്കന്മാരെപ്പറ്റി പറയാം.


www.malankaralibrary.com

### 1. സൊത്തെർ (166–174)

സൊത്തെർ റോമാസഭയിലെ മെത്രാനായിരുന്നു. കൊറിന്തോസിലെ സഭയ്ക്ക് സൊത്തെർ ഒരു കത്തും ധനസഹായവും അയക്കുകയുണ്ടായി (എവു.സഭാ.4.23.11). ക്ലെമെന്റിന്റെ 'രണ്ടാംലേഖനം' ഈ കൃതിയാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. കൊറിന്തോസിലെ ദിവന്നാസ്യോസ് സൊത്തെറിനയച്ച ഒരു കത്തിന്റെ ഭാഗങ്ങൾ എവുസേബിയസിലുണ്ട് (4.23.10): 'എല്ലാ ക്രിസ്ത്യാനികൾക്കും ബഹുവിധ രീതികളിൽ നന്മ ചെയ്യുകയും എല്ലാ പട്ടണങ്ങളിലുമുള്ള സഭകൾക്ക് സഹായം എത്തിക്കുകയും ചെയ്യുക ആരംഭം മുതൽ നിങ്ങളുടെ പതിവായിരുന്നു. ചിലയിടത്ത് ആവശ്യക്കാരുടെ ദാരിദ്ര്യം നീക്കുന്നതിനാകാം; ക്രിസ്ത്യാനികളെ ഖനികളിൽ ശുശ്രൂഷിക്കുന്നതിനാകാം. റോമാക്കാരായ നിങ്ങൾ റോമാക്കാരുടെ പാരമ്പര്യം അനുസരിച്ച് ആരംഭം മുതലേ ദാനധർമം എത്തിച്ചിരുന്നു. നിങ്ങളുടെ ഭാഗ്യവാനായ മെത്രാൻ സൊത്തെർ ഇതു തുടരുക മാത്രമല്ല ചെയ്തത്; വിശുദ്ധർക്ക് അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്തും സ്നേഹനിധിയായ പിതാവ് മക്കളോടെന്നവണ്ണം റോമിൽ വരുന്ന സഹോദരങ്ങളോടു വാക്കുകൾ കൊണ്ട് ഉപദേശം നൽകിയും അതു വളരെ വർദ്ധിപ്പിച്ചു.'

### 2. എലെവുത്തേരൂസ് (174– 189)

മോണ്ടനിസത്തെ ഒരു രേഖയിലൂടെ എതിർത്ത ആദ്യത്തെ റോമാ മെത്രാൻ ഇദ്ദേഹമാണ്. മോണ്ടനിസത്തെ സംബന്ധിച്ച് രണ്ടു കത്തുകൾ ലയൺസിൽ നിന്ന് – ക്രിസ്തീയ സമൂഹത്തിന്റേയും രക്തസാക്ഷികളുടേയും – ഐറേനിയസ് 177/178-ൽ അദ്ദേഹത്തിന്റെ പക്കൽ കൊണ്ടുപോയി (എവു.സഭാ.5.3.4-4,2;5.1.2-3). മോണ്ടനിസ്റ്റുകളോട് കർക്കശ നിലപാട് പാടില്ലെന്ന് രണ്ടു കത്തുകളും നിർദേശിച്ചെന്നു തോന്നുന്നു.

### 3. വിക്ടർ (189–198)

'ഉയർപ്പു തിരുനാൾ' സംബന്ധിച്ച് വിക്ടർ നിരവധി കത്തുകൾ എഴുതി. റോമാസഭയുടെ നേതൃത്വത്തെ സംബന്ധിച്ച് പ്രാധാന്യം അർഹിക്കുന്നവയാണ് ഈ കത്തുകൾ (എവു.സഭാ.5.23-25). വി. ജറോമും ഈ കത്തുകളെപ്പറ്റി സൂചിപ്പിക്കുന്നു (മഹദ്.34). ഉയർപ്പുതിരുനാൾ സംബന്ധിച്ച് ഏഷ്യാമൈനറിലെ സഭകളുടെ പാരമ്പര്യം മാറ്റി (നീസാൻമാസം 14-നു തന്നെ ഉയിർപ്പ് ആഘോഷിക്കുക) റോമൻ രീതി അനുസരിക്കാൻ (14-നു ശേഷമുള്ള ഞായറാഴ്ച ആചരിക്കുക) വിക്ടർ സഭകളെ നിർബന്ധിച്ചു. അനുസരിക്കാത്തവരെ മുടക്കുമെന്ന് ഭീഷണിപ്പെടുത്തി. എഫേസോസിലെ പോളിക്രാട്ടെസ് റോമൻരീതി ആചരിക്കാൻ കൂട്ടാക്കിയില്ല. അവരെയെല്ലാം മുടക്കും എന്നു വിക്ടർ ഭീഷണിപ്പെടുത്തിയപ്പോൾ പോളിക്രാട്ടെസ് എഴുതി:

'ഞങ്ങളെ സംബന്ധിച്ചാണെങ്കിൽ, കൂട്ടിച്ചേർക്കുകയോ നീക്കിക്കളയുകയോ ചെയ്യാതെ കൃത്യദിവസം തന്നെ ഞങ്ങൾ പാലിക്കുന്നു. തന്റെ വിശുദ്ധരെ തിരക്കാൻ കർത്താവ് മഹത്വത്തോടെ വരുന്ന ദിവസം ഏഷ്യയിൽ തന്നെ നിദ്രപ്രാപിച്ച വലിയ ജ്യോതിർഗോളങ്ങൾ കർത്താവിന്റെ വരവിൽ ഉയർത്തെഴുന്നേൽക്കും. അത്തരത്തിൽ പെട്ടവരാണ് ഹിയെരാപ്പൊളീസിൽ നിദ്രകൊള്ളുന്ന പന്ത്രണ്ട് ശ്ലീഹന്മാരിൽ ഒരാളായ ഫിലിപ്പോസ്. വാർധക്യം വരെ കന്യകകളായി ജീവിച്ച അദ്ദേഹത്തിന്റെ രണ്ട് പുത്രിമാർ; പരിശുദ്ധാത്മാവിൽ തന്റെ ജീവിതം രൂപീകരിക്കുകയും എഫേസോസിൽ വിശ്രമിക്കുകയും ചെയ്യുന്ന മറ്റേ പുത്രി; കൂടാതെ, കർത്താവിന്റെ മാർവിൽ ചാരിക്കിടക്കുകയും (യോഹ: 13:23) മഹാപുരോഹിതനായി തീരുകയും ചെയ്ത യോഹന്നാനും അവിടെയുണ്ട്; പിന്നെ മെത്രാനും രക്തസാക്ഷിയുമായ സ്മിർണായിലെ പോളിക്കാർപ്പ്; സ്മിർണായിൽ നിദ്രകൊള്ളുന്ന എവുമേനിയായിൽ നിന്നുള്ള മെത്രാനും രക്തസാക്ഷിയുമായ സഗാരിസിനെപ്പറ്റിയോ, പപ്പീരിയൂസിനെപ്പറ്റിയോ, മെലിറ്റോയെപ്പറ്റിയോ എന്താണ് പറയേണ്ടത്? ഷണ്ഡനായ മെലിറ്റോ പൂർണമായി പരിശുദ്ധാത്മാവിൽ ജീവിച്ചു. സാർദിസിൽ അദ്ദേഹം വിശ്രമിക്കുന്നു. മരിച്ചവർ ഉയർക്കുന്ന നാളിൽ സ്വർഗത്തിൽ നിന്നുള്ള സന്ദർശനത്തിനായി അവൻ കാത്തിരിക്കുന്നു.

വിശ്വാസത്തിന്റെ നിയമത്തിൽ ഒരു രീതിയിലും അകന്നു മാറാതെ അതോട് ഒട്ടിച്ചേർന്നുകൊണ്ട് അവരെല്ലാവരും സുവിശേഷാനുസൃതം പെസഹായുടെ 14-ാം തീയതി ആചരിച്ചു. നിങ്ങളിൽ ഏറ്റവും ചെറിയവനായ ഞാൻ, പോളിക്രാട്ടെസ്, എന്റെ ചാർച്ചക്കാരുടെ പാരമ്പര്യമനുസരിച്ച് ചെയ്യുന്നു. അവരിൽ ചിലരെ ഞാൻ വളരെയടുത്ത് അനുധാവനം ചെയ്തിട്ടുണ്ട്. എന്റെ ചാർച്ചയിൽ ഏഴുപേർ മെത്രാന്മാരായിരുന്നു. ഞാൻ എട്ടാമത്തവനാണ്. ജനം പുളിപ്പ് നീക്കുമ്പോഴായിരുന്നു എന്റെ ചാർച്ചക്കാർ ആ ദിവസം ആചരിച്ചിരുന്നത്. സഹോദരന്മാരേ, എനിക്ക് അറുപത്തിയഞ്ച് വയസ്സായി. ലോകം മുഴുവനുമുള്ള സഹോദരന്മാരെ എനിക്ക് പരിചയം ഉണ്ട്; വി.ഗ്രന്ഥം മുഴുവൻ ഞാൻ പഠിച്ചിരിക്കുന്നു. ഭീഷണികൾ കേട്ടാൽ ഭയപ്പെടുന്നവനല്ല ഞാൻ എന്നു ഗ്രഹിച്ചാലും. എന്നേക്കാൾ ശ്രേഷ്ഠരായവർ പറഞ്ഞു: 'നാം മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കണം'(ശ്ലീഹ. നട.5:29). എന്റെ പക്കൽ സന്നിഹിതരായിരിക്കുന്ന മെത്രാന്മാരുടെ പട്ടിക നൽകാനും എനിക്കു സാധിക്കും. അവരെ വിളിച്ചുകൂട്ടാൻ അവിടുന്ന് ആവശ്യപ്പെട്ടതനു സരിച്ച് ഞാൻ അവരെ വിളിച്ചുകൂട്ടി. അവർ വളരെയധികം ഉള്ളതിനാൽ ഞാൻ അവരുടെ പേരുകൾ കുറിക്കുന്നില്ല. എല്ലാവരിലും നിസ്സാരനായ ഞാൻ വൃഥാ നരച്ച മുടി വഹിക്കയല്ല; പിന്നെയോ, യേശുക്രിസ്തുവിൽ ഞാൻ എന്റെ ജീവിതം എപ്പോഴും ക്രമപ്പെടുത്തിയിരുന്നെന്ന് കണ്ട എന്റെ കത്ത് അവരെല്ലാവരും അംഗീകരിച്ചു' (എവു.സഭാ.5:24,1-8).

എന്നാൽ എഫേസോസിലെ പോളിക്രാട്ടെസ് ആദിയായ മെത്രാന്മാരെ വിക്ടർ മുടക്കി. ഐറേനിയസ് ഇക്കാര്യത്തിൽ വിക്ടറെ കുറ്റപ്പെടുത്തി. തുടർന്നും ഏഷ്യാമൈനറിലെ സഭകൾ റോമുമായി സംസർഗത്തിൽ കഴിഞ്ഞതിനാൽ, വിക്ടർ മുടക്കു പിൻവലിച്ചുകാണും എന്നുവേണം കരുതാൻ.

### 4. സെഫറീനുസ് (193– 217)

പാഷണ്ഡികൾക്കെതിരെ സെഫറീനുസ് സത്യവിശ്വാസം സംരക്ഷിച്ചു എന്നു ഒപ്താത്തുസ് പറയുന്നു (പർമെനിദെസിനെതിരെ,1.9). ഹിപ്പോളിറ്റ സിന്റെ അഭിപ്രായത്തിൽ സെഫറീനുസ് സബെല്ലിയസിന്റെ പ്രബോധന ങ്ങൾക്കെതിരെ ഒരു തത്വം രൂപീകരിച്ചു. 'യേശുക്രിസ്തു എന്ന ഏക ദൈവത്തെ മാത്രമേ ഞാൻ അറിയുന്നുള്ളു. അവിടുത്തെ കൂടാതെ ജനിച്ച വനും സഹനാധീനനും ഇല്ല'(സിന്തഗ്മ, 9:11,3). 'ജനിച്ചവൻ' എന്ന് യേശു ക്രിസ്തുവിനെ വിളിക്കുന്നതിൽ നിന്ന് 'ജനകൻ' എന്നത് സെഫറീ നുസ് അംഗീകരിക്കുന്നു എന്നു സ്പഷ്ടമാണല്ലോ. 'ദൈവികശക്തി യേശു എന്ന മനുഷ്യനിൽ ഇറങ്ങി വസിച്ചു' എന്നു പഠിപ്പിച്ച രണ്ടു തെയഡോട്ടസുമാരെ അദ്ദേഹം സ്ഥാനഭ്രഷ്ടരാക്കി. *ഡൈനാമിക് മൊണാർക്കിയനിസം* എന്ന അബദ്ധോപദേശമാണ് ഈ തെയഡോട്ടസുമാർ പഠിപ്പിച്ചത്.

സെഫറീനുസ് പാപ്പായുടെ കാലത്ത് റോമിലുണ്ടായിരുന്ന ഒരു ദൈവശാസ്ത്രജ്ഞനായിരുന്നു ഗായുസ്. അദ്ദേഹം പ്രോക്ലുസ് എന്ന മോണ്ടനിസ്റ്റുമായി തർക്കത്തിലേർപ്പെടുകയും അതു രേഖപ്പെടുത്തുകയും ചെയ്തു: 'നീറോയുടെ കാലത്ത് പൗലോസ് റോമിൽ വച്ച് ശിരശ്ഛേദം ചെയ്യപ്പെട്ടെന്നും പത്രോസ് ക്രൂശിക്കപ്പെട്ടെന്നും രേഖപ്പെടുത്തിയിരിക്കുന്നു. പത്രോസിന്റേയും പൗലോസിന്റേയും കല്ലറകൾക്കു മുകളിലുള്ള പേരുകൾ ഇത് സ്ഥിരീകരിക്കുന്നു; ഇപ്പോഴും അത് അവിടെ കാണാവുന്നതത്രേ. റോമിലെ മെത്രാനായിരുന്ന സെഫറീനുസിന്റെ കാലത്തു ജീവിച്ച ഗായുസ് എന്നു പേരുള്ള റോമാസഭയിലെ ധീരനായ മനുഷ്യനും ഇത് സ്ഥിരീകരി ച്ചിട്ടുണ്ട്. കത്തഫ്രീജിയർ[18] എന്ന വിഭാഗക്കാരുടെ നേതാവായ പ്രോക്ലുസുമായുള്ള ഒരു ലിഖിത തർക്കത്തിൽ, മുകളിൽ പറഞ്ഞ ശ്ലീഹന്മാരുടെ തിരുശേഷിപ്പുകൾ എവിടേയാണ് നിക്ഷേപിച്ചിരിക്കുന്നതെന്ന് ഈ ഗായുസ് പറയുന്നു: 'ശ്ലീഹന്മാരുടെ ട്രോഫി'കൾ[19] ചൂണ്ടിക്കാണിക്കാൻ എനിക്കു സാധിക്കും. വത്തിക്കാനിലേക്കോ, ഓസ്തിയൻ വഴിയിലേക്കോ വരാൻ നിനക്ക് മനസ്സുണ്ടെങ്കിൽ ഈ സഭ സ്ഥാപിച്ചവരുടെ ട്രോഫികൾ നിനക്കു കാണാൻ കഴിയും' (എവു.സഭാ. 2.25.5-7). കത്തഫ്രീജിയർ എന്ന് മോണ്ടനിസ്റ്റുകളെ വിളിച്ചിരുന്നു. ട്രോഫികൾ എന്നു പറയുന്നത്, ശ്ലീഹന്മാ രുടെ ഓർമയ്ക്കായി ഏതെങ്കിലും തരത്തിലുള്ള ബഹുമാനാദരവുകൾ വത്തി

ക്കാനിലും ഓസ്തിയൻ വഴിയിലും ഉണ്ടായിരുന്നതിനെ ആയിരിക്കാം കുറിക്കുന്നത്.

### 5. മറ്റു ചില ആദികാല മാർപാപ്പമാർ

കലിക്സ്റ്റസ് (217–222): ക്രിസ്തുവിനെ സംബന്ധിച്ച് അബദ്ധാഭിപ്രായം പഠിപ്പിക്കുകയും തെറ്റുകൾക്ക് ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്ത സബെല്ലിയസിനെ കല്ലിക്സ്റ്റസ് മുടക്കി (ഹിപ്പോളിറ്റസ്, ഫിലൊ. 9:12).

പോൺഷ്യൻ (230–235) ഒരു റോമൻ സിനഡ് 231/2-ൽ വിളിച്ചുകൂട്ടി. അലക്സാണ്ഡ്രിയായിലെ ദെമെത്രിയൂസ് മെത്രാൻ ഒരിജനെ സ്ഥാന ഭ്രഷ്ടനാക്കിയത് പ്രസ്തുത സിനഡ് അംഗീകരിച്ചു (ജറോം, ലേഖനം, 33,5).

ഫാബിയൻ (236–250): നുമിഡിയായിൽ വച്ചു കൂടിയ ഒരു സിനഡ് ലാംബെസിലെ പ്രിയാത്തുസ് എന്ന മെത്രാനെ മുടക്കി. ഫാബിയൻ അതംഗീകരിച്ച് ഒരു കത്തെഴുതി (സിപ്രിയാൻ, ലേഖനം,59,10).

കൊർണേലിയസ് (251–253) വിശ്വാസത്യാഗികളുടെ തിരിച്ചുവരവിനെ സംബന്ധിച്ച് നിരവധി കത്തുകൾ വിവിധ സഭാനേതാക്കന്മാർക്ക് അയച്ചുകൊടുക്കുകയുണ്ടായി. വി. സിപ്രിയാന് അയച്ച ഏഴു കത്തുകളിൽ ഒരെണ്ണം മാത്രമേ അവശേഷിച്ചിട്ടുള്ളൂ. അന്ത്യോക്യായിലെ മെത്രാനായ ഫാബിയൂസിന് കൊർണേലിയസ് മൂന്ന് കത്തുകളയച്ചു (എവു.സഭാ. 6,433–4). നെവേഷ്യനെപ്പറ്റിയാണ് പ്രസ്തുത കത്തുകൾ മൂന്നും.

ലൂഷ്യസ് (453–454) വിശ്വാസത്യാഗികളുടെ തിരിച്ചുവരവ് സംബന്ധിച്ച് കത്തുകളയച്ചു (സിപ്രിയാൻ,ലേഖനം,68,5).

സ്റ്റീഫൻ: പാഷണ്ഡികൾ തിരിച്ചുവരുമ്പോൾ അവർക്കു വീണ്ടും സ്നാനം നൽകാൻ പാടില്ലെന്നു കാണിച്ച് ഏഷ്യാമൈനറിലെ സഭകൾക്കും സിപ്രിയാനും സ്റ്റീഫൻ (254–257) കത്തുകളയച്ചു (സിപ്രിയാൻ, ലേഖനം 75,25; എവു. സഭാ.7.5,4).

സിക്സ്റ്റസ് രണ്ടാമൻ (257–258): തന്റെ മുൻഗാമിയായ സ്റ്റീഫന്റെ അഭിപ്രായങ്ങളാണ് അപദ്ധോപദേശകരുടെ തിരിച്ചുവരവിനെ സംബന്ധിച്ച് തനിക്കുള്ളതെന്ന് അലക്സാണ്ഡ്രിയായിലെ ദിവന്നാസ്യോസിനെ അറിയിച്ചു. അർമേനിയൻ വിവർത്തനത്തിൽ ഇതിലൊരു ഭാഗമുണ്ട്.

ദിവന്നാസ്യോസ് (259–268) സബെല്ലിയനിസം (സബോർഡിനേഷനിസം) എന്ന അബദ്ധാഭിപ്രായത്തെ തിരസ്കരിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് രണ്ട് കത്തുകൾ എഴുതി.

ഫേലിക്സ് (269–274), ക്രിസ്തുവിന്റെ ദൈവത്വത്തെയും മനുഷ്യത്വത്തേയും സംബന്ധിച്ച് ചർച്ച ചെയ്തുകൊണ്ട് അലക്സാണ്ഡ്രിയായിലെ മാക്സിമൂസിന് ഒരു കത്തയച്ചു.

## 6. കൊറിന്തോസിലെ ദിവന്നാസ്യോസ് (166-174)

പ്രാചീനസഭയിലെ പ്രഗത്ഭനായ ഒരു നേതാവായിരുന്നു ദിവന്നാസ്യോസ് (ഡയനീഷ്യസ്). അദ്ദേഹത്തിന്റെ എട്ടു കത്തുകളേപ്പറ്റി എവുസേബിയസ് പരാമർശിക്കുന്നു (സഭാ.4,23). അദ്ദേഹം കത്തുകളിലൂടെ സമാധാനത്തിനും ഐക്യത്തിനും സത്യ വിശ്വാസപാലനത്തിനും ഉള്ള ആഹ്വാനം നടത്തുന്നു. മാർസ്യന്റെ പാഷണ്ഡതയ്ക്കെതിരെ നിക്കൊമേദിയാക്കാർക്ക് അദ്ദേഹം ഒരു കത്തയച്ചു. ക്രീറ്റിലെ ഗൊർതീനാ മെത്രാൻ ഫിലിപ്പിനും ഒരു കത്തയക്കുകയും അബദ്ധോപദേശങ്ങൾക്കെതിരെ മുന്നറിയിപ്പു നൽകുകയും ചെയ്തു. പോന്തുസിലെ സഭകൾക്കും ഗ്നോസുസിലെ പിനീത്തൂസിനും റോമിലെ സൊത്തെറിനും വിവിധ സംഗതികളെ സംബന്ധിച്ച് കത്തുകൾ അയക്കുകയുണ്ടായെന്നും എവുസേബിയസ് പറയുന്നു. സൊത്തെറിനെഴുതിയ കത്തിൽ വി. ക്ലെമെന്റ് കൊറിന്തോസുകാർക്കെഴുതിയ ലേഖനത്തെ പരാമർശിക്കുന്നു. കൊറിന്തോസിൽ ഈ കത്ത് ആരാധനാവസരങ്ങളിൽ വായിച്ചിരുന്നെന്ന് പ്രസ്തുത കത്ത് സൂചിപ്പിക്കുന്നു: ‘ഇന്ന് ഞങ്ങൾ കർത്താവിന്റെ വിശുദ്ധ ദിവസം ആചരിച്ചു. അങ്ങയുടെ ലേഖനം ഞങ്ങൾ വായിച്ചു. ക്ലെമെന്റ് മുമ്പ് ഞങ്ങൾക്കയച്ച കത്തു വായിക്കുന്നതുപോലെ, ഞങ്ങളുടെ നന്മയ്ക്കുവേണ്ടി കൂടെക്കൂടെ ഈ കത്ത് ഞങ്ങൾ വായിക്കുന്നതാണ്’(4.23.11).

ഡയനീഷ്യസിന്റെ കത്തുകൾ സഭ മുഴുവൻ ബഹുമാനിക്കപ്പെട്ടിരുന്നു. ചില അബദ്ധോപദേശകർ അവയിൽ കുത്തിത്തിരുകലുകൾ വരുത്താൻ ശ്രമിച്ചെന്ന് അദ്ദേഹം തന്നെ പറയുന്നു (4,23,12). മാർസ്യന്റേയും മൊണ്ടാനസിന്റേയും ശിഷ്യരായിരിക്കാം ഈ അബദ്ധോപദേശകർ.

## 7. ഗ്നോസുസിലെ പിനീത്തുസ്

ഡയനീഷ്യസ് അയച്ച കത്തിന് പിനീത്തുസ് ഒരു മറുപടി അയച്ചു. കുറേക്കൂടി ഗൗരവമായ രീതിയിൽ തങ്ങളെ പ്രബോധിപ്പിക്കണമെന്ന് അദ്ദേഹം അപേക്ഷിക്കുന്നു. പിനീത്തുസിന്റെ സത്യവിശ്വാസവും തന്റെ കീഴിൽ ഉള്ളവരുടെ മേലുള്ള ശ്രദ്ധയും അറിവും ദൈവശാസ്ത്ര പാണ്ഡിത്യവും കൃത്യമായി ഈ കത്തിൽനിന്ന് ഗ്രഹിക്കാൻ സാധിക്കുമെന്ന് എവുസേബിയസ് പറയുന്നു (സഭാ.4,23,8). പ്രശസ്തരായ വ്യക്തികളുടെ ഗണത്തിൽ ജറോം പിനീത്തുസിനെ ഉൾപ്പെടുത്തുന്നു (മഹദ്.28).

## 8. അന്ത്യോക്യയിലെ സെറാപിയോൻ

അന്ത്യോക്യയിലെ എട്ടാമത്തെ മെത്രാനായിരുന്നു സെറാപിയോൻ. സെപ്തീമിയുസ് സെവേരൂസിന്റെ കാലത്താണ് അദ്ദേഹം സഭയെ നയിച്ചത്. അദ്ദേഹം ‘പോൺഷിയൂസിനും കാരിക്കൂസിനും എഴുതിയ കത്ത്’ മോണ്ടനിസത്തെപ്പറ്റി പ്രതിപാദിക്കുന്നു. ‘ലോകം മുഴുവനുമുള്ള ക്രിസ്തു

സഭ 'പുതിയ പ്രവചനം' എന്ന ശിക്ഷണരാഹിത്യത്തെ തിരസ്കരിക്കുന്നു' എന്ന് പ്രസ്തുത കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (എവു. സഭാ. 5,19,2). സിലീഷ്യയിലെ റോസ്സുസ് സഭയ്ക്ക് സെറാപിയോൻ എഴുതിയ കത്തിനെ പ്പറ്റിയും എവുസേബിയസ് സൂചിപ്പിക്കുന്നു (സഭാ. 6,12, 3–6). 'പത്രോസിന്റെ സുവിശേഷം' എന്ന അപ്പൊക്രീഫൽ ഗ്രന്ഥത്തെപ്പറ്റി പ്രസ്തുത കത്ത് ചർച്ച ചെയ്യുന്നു:

'ഞങ്ങൾ ക്രിസ്തുവിനെയെന്നവണ്ണം പത്രോസിനേയും മറ്റു അപ്പസ്തോലന്മാരേയും സ്വീകരിക്കുന്നു. എന്നാൽ അവരുടെ പേരിൽ അറിയപ്പെടുന്ന കൃതികൾ അവർ അപ്രകാരം നൽകിയിട്ടില്ല എന്നറിയാവുന്ന പരിചയസമ്പന്നരായ ആളുകളെന്ന നിലയിൽ, തിരസ്കരിക്കുന്നു. ഞാൻ തന്നെയും നിങ്ങളുടെ അടുത്തു വന്നപ്പോൾ നിങ്ങളെല്ലാം സത്യവിശ്വാസം പാലിക്കുന്നെന്ന് ഞാൻ ധരിച്ചു. പത്രോസിന്റെ നാമത്തിൽ അവർ പ്രചരിപ്പിക്കുന്ന സുവിശേഷം വായിച്ചു നോക്കാതെ ഞാൻ പറഞ്ഞു: 'ഈ ഒറ്റക്കാര്യമേ നിങ്ങളുടെ ഇടയിൽ തർക്കവിഷയമായിട്ടുള്ളുവെങ്കിൽ അത് വായിച്ചുകൊള്ളുക. എന്നാൽ ഞാൻ കേട്ടതനുസരിച്ച് അവരുടെ മനസ്സ് ചില പാഷണ്ഡതകളിൽ മുഴുകിയിരിക്കുകയാണെന്ന് ഞാൻ മനസ്സിലാക്കി. ഞാൻ ഉടനെ നിങ്ങളുടെ പക്കലെത്താൻ ഉത്സാഹിക്കാം. അതുകൊണ്ട്, സഹോദരങ്ങളേ, എന്നെ വേഗം പ്രതീക്ഷിക്കുവിൻ. മാർസ്യൻ ഉൾപ്പെട്ടിരുന്ന പാഷണ്ഡത എന്താണെന്ന് ഞങ്ങൾ മനസ്സിലാക്കി; ഈ സുവിശേഷത്തെ പ്പറ്റി കൂടുതൽ പഠിക്കാൻ ഞങ്ങൾക്ക് അവസരം ലഭിച്ചു. അതായത് *ഡോസെറ്റെ* (ഡോസെറ്റിസ്റ്റുകാർ) എന്ന് അറിയപ്പെടുന്നവരുടെ പിൻഗാമികൾ വഴിയത്രേ. അവർ തന്ന ഗ്രന്ഥങ്ങൾ വായിച്ച് മനസ്സിലാക്കാൻ ഞങ്ങൾക്ക് സാധിച്ചു. ഇതിന്റെ മുക്കാൽ ഭാഗവും രക്ഷകന്റെ സത്യപ്രബോധനത്തോടു ഒത്തുപോകുന്നവയാണെന്ന് ഞങ്ങൾ കണ്ടെത്തി. എന്നാൽ അതോടുകൂടെ ചില കാര്യങ്ങൾ അവർ കൂട്ടിച്ചേർത്തു. സഹോദരങ്ങളേ, നിങ്ങളുടെ പ്രയോജനത്തിനുവേണ്ടി അവ താഴെചേർക്കുന്നു.' – അക്മിമിൽ നിന്ന് 1886–ൽ കണ്ടെടുത്ത ഒരു രേഖാശകലം സെറാപിയോന്റെ ഈ വിവരണവു മായി ഒത്തുപോകുന്നു.

### 9. ഹെജെസിപ്പുസ്

പൗരസ്ത്യ ദേശക്കാരനാണ് ഹെജെസിപ്പുസ്. എബ്രായരുടെ സുവിശേഷത്തിൽനിന്ന് ഹെജെസിപ്പുസ് ഉദ്ധരണികൾ ശേഖരിച്ചെന്ന് എവു സേബിയസ് സാക്ഷിക്കുന്നു (സഭാ.4.22). സുറിയാനിയിൽനിന്നും ഹീബ്രുവിൽ നിന്നുമാണ് ഇപ്രകാരം ശേഖരിച്ചത്. ഹെല്ലനിസ്റ്റിക് – യൂദമതത്തിൽനിന്ന് മാനസാന്തരപ്പെട്ടയാളാണ് അദ്ദേഹം. യൂദന്മാരുടെ അലിഖിത പാരമ്പര്യത്തിൽ നിന്നു വരുന്ന സംഗതികളെപ്പറ്റിയും അദ്ദേഹം സംസാരിക്കുന്നു. കൊറിന്തോസ്, റോം എന്നിവിടങ്ങളിലെല്ലാം അദ്ദേഹം

യാത്ര ചെയ്തു: 'പ്രീമുസ് കൊറിന്തോസിലെ മെത്രാനായതുവരെ കൊറിന്തോസിലെ സഭ സത്യവിശ്വാസത്തിൽ നിലനിന്നു. ഞാൻ റോമിലേക്ക് പോയപ്പോൾ അദ്ദേഹവുമായി സംസാരിക്കാൻ ഇടയായി. കൊറിന്തോസുകാരോടൊത്തു കുറേദിവസം ഞാൻ അവിടെ താമസിച്ചു. സത്യവചനത്താൽ ഞങ്ങൾ ആ അവസരം ഉന്മേഷവാന്മാരായി. ഞാൻ റോമിലായിരിക്കുമ്പോൾ അനിസെറ്റസ് വരെയുള്ള മെത്രാന്മാരുടെ പട്ടിക പരിശോധിച്ചു. അദ്ദേഹത്തിന്റെ ഡീക്കനായിരുന്നു എലെവുത്തേരൂസ്; സൊത്തെർ അനിസെറ്റസിന്റെ പിൻഗാമിയായി. അദ്ദേഹത്തിനുശേഷം എലെവുത്തേരൂസും. നിയമത്തിലും പ്രവാചകന്മാരിലും, കർതൃപ്രസംഗത്തിലും ഉള്ളതു പോലെയത്രേ ഓരോ പട്ടികയിലും ഓരോ പട്ടണത്തിലും കണ്ടെത്തപ്പെട്ടത്' (എവു. സഭാ.4,22, 2–3).

അനിസെറ്റസിന്റെ കാലത്ത് (155–156) അദ്ദേഹം റോം സന്ദർശിച്ചു. എലെവുത്തേരൂസിന്റെ കാലംവരെ (174–189) അവിടെ താമസിച്ചു. ഗ്നോസ്റ്റിക് പാഷണ്ഡത പടർന്നു പിടിച്ചതുകൊണ്ടാണ് യാത്ര ചെയ്തത്. സത്യവിശ്വാസം എന്തെന്ന് പ്രധാനപ്പെട്ട സ്ഥലങ്ങളിലെ സഭകളിൽ നിന്ന് നേരിൽ കണ്ടുപഠിക്കുക എന്നതായിരുന്നു യാത്രോദ്ദേശ്യം. എല്ലാറ്റിനുമുപരി റോമാസഭ എന്തു പഠിപ്പിക്കുന്നു എന്നറിയാൻ അദ്ദേഹം താല്പര്യം കാണിച്ചു. പൗരസ്ത്യദേശത്തു തിരികെ ചെന്നശേഷം ഗ്നോസ്റ്റിസിസത്തിനെതിരെ 'ഓർമക്കുറിപ്പുകൾ' (*ഹ്യുപൊമ്നേമത്ത*) എന്നൊരു കൃതി അഞ്ചു ഭാഗങ്ങളിലായി പ്രസിദ്ധീകരിച്ചു. എവുസേബിയസ് ഇതിൽ നിന്ന് നിരവധി ഉദ്ധരണികൾ ഉപയോഗിച്ചിട്ടുണ്ട് (സഭാ.4,8,1–2).

അധ്യായം 13

# ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം

പ്രധാനപ്പെട്ട ക്രൈസ്തവ തത്വങ്ങളുടെ സമാഹാരമാണ് ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം (*സിംബോളും അപ്പസ്തോലിക്കും*). ദൈവശാസ്ത്രത്തിന്റെ രത്നചുരുക്കമെന്ന് ഇതിനെ വിളിക്കാം. ഇതിന് പന്ത്രണ്ട് ഭാഗങ്ങളുണ്ട്. ഇന്നത്തെ രൂപത്തിൽ ഇത് രൂപീകൃതമായത് ആറാം നൂറ്റാണ്ടിനു മുമ്പല്ല. സ്നാനാർഥികൾക്ക് ഉപദേശം നൽകുന്നതിനും മറ്റും അക്കാലം മുതൽ ഗോൾ, സ്പെയിൻ, ഐർലൻഡ്, ജർമനി എന്നിവിടങ്ങളിൽ ഇത് ഉപയോഗിച്ചുവന്നു. എന്നാൽ 'സിംബോളും അപ്പസ്തോലിക്കും' എന്ന പേര് പ്രാചീനമാണ്. അകിലായിലെ റുഫീനസ് (345-410) 404-നോടടുത്ത് 'അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണത്തിന്' ഒരു ഭാഷ്യമെഴുതി. അവിടെ അതിന്റെ ഉത്ഭവത്തെപ്പറ്റി അദ്ദേഹം വിവരിക്കുന്നു. പ്രസ്തുത വിവരണം ഇപ്രകാരമാണ്: പരിശുദ്ധാത്മാവിനെ പ്രാപിച്ച ശ്ലീഹന്മാർ സുവിശേഷ പ്രചരണാർഥം നാനാഭാഗങ്ങളിലേക്കും പോകുന്നതിനു മുമ്പ് അവശ്യം വിശ്വസിക്കേണ്ട സംഗതികളുടെ ഒരു രത്നച്ചുരുക്കം എഴുതിയുണ്ടാക്കി (*PL.* 21,337) വി. അംബ്രോസും ഇതുപോലൊരു വിവരണം 'വിശ്വാസപ്രമാണത്തിന്റെ ഭാഷ്യത്തിൽ' നൽകുന്നു. പന്ത്രണ്ട് ശ്ലീഹന്മാരുടെ സംഖ്യയ്ക്കനുസൃതമായിട്ടത്രേ പന്ത്രണ്ട് വിശ്വാസസത്യങ്ങൾ! പന്ത്രണ്ട് ശ്ലീഹന്മാരിൽ ഓരോരുത്തർ പന്ത്രണ്ട് വിശ്വാസസത്യങ്ങളിൽ ഓരോന്നുണ്ടാക്കിയെന്ന് ആറാം നൂറ്റാണ്ടു മുതൽ പ്രചരിക്കാൻ തുടങ്ങി. വി. അഗസ്റ്റിന്റെ പേരിൽ അറിയപ്പെടുന്ന ഒരു പ്രസംഗം ഇപ്രകാരം പറയുന്നു: 'പത്രോസ് പറഞ്ഞു: ആകാശത്തിന്റേയും ഭൂമിയുടേയും സ്രഷ്ടാവായ സർവശക്തിയുള്ള പിതാവായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.... അന്ത്രയോസ് പറഞ്ഞു: നമ്മുടെ കർത്താവും അവിടുത്തെ ഏകജാതനുമായ യേശുക്രിസ്തുവിൽ ഞാൻ വിശ്വസി ക്കുന്നു' (*PL.*39,2189-90). ഈ വിവരണം വാസ്തവമാണെന്ന് മധ്യകാലമനുഷ്യർ വിശ്വസിച്ചിരുന്നു. എഫേസോസിലെ ഗ്രീക്കു മെത്രാപ്പോലീത്താ മർക്കോസ് എവുജേനിക്കോസ് ഈ വിശ്വാസപ്രമാ

ണത്തെ പരാമർശിച്ച് തങ്ങൾക്കിത് അജ്ഞാതമാണെന്നും ശ്ലീഹന്മാരിൽ നിന്ന് ഉത്ഭവിച്ചതാണെന്നു കേട്ടിട്ടു പോലുമില്ലെന്നും ഫെറാറാ സിനഡിൽ വച്ച് 1438-ൽ പ്രസ്താവിച്ചപ്പോൾ കൂടിയിരുന്ന പാശ്ചാത്യ മെത്രാന്മാർക്കെല്ലാം അമ്പരപ്പുണ്ടായത്രേ. അതു ശ്ലീഹന്മാരിൽ നിന്നല്ലെന്നു കുറേ വർഷങ്ങൾക്കു ശേഷം ലൊറെൻസോ വല്ല എന്ന ഇറ്റാലിയൻ പണ്ഡിതൻ തെളിയിച്ചു.

ഇതിന്റെ സാരസത്തെ ശ്ലീഹന്മാരിൽ നിന്നാണ്. എന്നാൽ ഇന്നത്തെ രൂപത്തിലായത് സാവധാനത്തിൽ മാത്രമാണ്. സ്നാനാർഥികളുടെ ഒരുക്കത്തോടു ബന്ധപ്പെടുത്തിയാണ് ഇതിന്റെ വികസനചരിത്രം മനസ്സിലാക്കേണ്ടത്. സ്നാനം സ്വീകരിക്കുന്നതിന് മുൻപ് സ്നാനാർഥികൾ ചൊല്ലേണ്ടിയിരുന്ന ക്രമീകൃത പ്രഖ്യാപനങ്ങൾ സഭയിൽ അവശ്യാവശ്യമായി വന്നു. സ്നാനാർഥികൾ യേശുക്രിസ്തുവിനെക്കുറിച്ചുള്ള അവശ്യകാര്യങ്ങൾ ഉൾക്കൊണ്ട ഒരു 'വിശ്വാസപ്രമാണം' ചൊല്ലുക സ്നാനസ്വീകരണത്തിന് ശ്ലീഹന്മാരുടെ കാലം മുതൽ അവശ്യഘടകമായിരുന്നു. സ്നാനാർഥികൾ അവ കാണാതെ പഠിച്ച് സമൂഹത്തിന്റെ മുൻപാകെ ചൊല്ലിക്കേൾപ്പിക്കയും അങ്ങനെ വിശ്വസിക്കുകയും ചെയ്യേണ്ടിയിരുന്നു. വിശ്വാസപ്രഖ്യാപനം ആരാധനക്രമത്തിന്റെ സുപ്രധാന ഭാഗമത്രേ.

വിശ്വാസപ്രമാണത്തിന്റെ പ്രാരംഭചരിത്രപഠനം ക്രിസ്തോന്മുഖം, ത്രിത്വോന്മുഖം എന്നു രണ്ടുതരം പ്രഖ്യാപനങ്ങളിൽ കൊണ്ടെത്തിക്കുന്നു.

(1) ക്രിസ്തോന്മുഖ പ്രഖ്യാപനം

ആദ്യകാലത്തുണ്ടായിരുന്ന വിശ്വാസപ്രമാണം നടപടി 8,37-ൽ കൊടുത്തിട്ടുണ്ട്. 'യേശുക്രിസ്തു ദൈവപുത്രനാകുന്നു' എന്ന വിശ്വാസ പ്രഖ്യാപനം കഴിഞ്ഞപ്പോൾ എത്യോപ്യക്കാരൻ ഷണ്ഡനു ഫിലിപ്പോസ് മാമോദീസാ നൽകി. വിശ്വാസപ്രമാണത്തിന്റെ ആരംഭം യേശുക്രിസ്തുവിന്റെ ദൈവത്വത്തിലുള്ള പ്രഖ്യാപനമാണെന്ന് ഇതിൽനിന്ന് വ്യക്തമാണ്. ജ്ഞാനസ്നാന സ്വീകരണത്തിന് ഇതു മാത്രമേ ആദ്യകാലത്ത് സ്നാനാർഥികളിൽ നിന്ന് ആവശ്യപ്പെട്ടിരുന്നുള്ളൂ. പ്രത്യേകിച്ച്, യൂദന്മാരിൽ നിന്ന് വരുന്നവർ യേശു, മിശിഹായാണെന്ന് അംഗീകരിച്ചു പ്രഖ്യാപിച്ചാൽ മാത്രം മതിയായിരുന്നു. പിന്നീട് 'രക്ഷകൻ' എന്ന പദംകൂടി ഇതോടു ചേർക്കപ്പെട്ടു. അങ്ങനെ 'ഇക്തൂസ്' എന്ന ഗ്രീക്ക് വിശ്വാസപ്രമാണം ഉടലെടുത്തു. 'യേശുക്രിസ്തു, ദൈവപുത്രൻ, രക്ഷകൻ' എന്നീ വാക്കുകൾ ഗ്രീക്കിൽ ഉച്ചരിക്കുമ്പോഴുള്ള ആദ്യക്ഷരങ്ങൾ ചേർന്നാണ് മത്സ്യം എന്നർത്ഥം വരുന്ന 'ഇക്തൂസ്' എന്ന പദം ലഭിക്കുക. രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം ഘട്ടത്തിൽ ഇതിന് പ്രചുരപ്രചാരം ലഭിച്ചിരുന്നെന്ന് അബേർചിയുസിൽ നിന്നും തെർത്തുല്യനിൽ നിന്നും ഗ്രഹിക്കാം. വി. പൗലോസിന്റെ ലേഖനങ്ങളിലും മറ്റു പുതിയ നിയമഗ്രന്ഥങ്ങളിലും കുറേക്കൂടി വിപുലമായ പ്രഖ്യാപനങ്ങൾ കാണാവുന്നതാണ് (റോമ.1:3; 1 കൊറി.15,3;1 പത്രോ.3:18-22;ഫിലി.2:5-11).

അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസിന്റെ പദപ്രയോഗങ്ങൾ വിശ്വാസ പ്രമാണത്തെ അനുസ്മരിപ്പിക്കുന്നു. മഗ്നേഷ്യർക്കുള്ള ലേഖനത്തിൽ (11): 'പൊന്തിയോസ് പീലാത്തോസ് ഗവർണറായിരുന്നപ്പോൾ സംഭവിച്ച ജനനം, പീഡാനുഭവം, ഉയർപ്പ് എന്നിവയെ സംബന്ധിച്ച് നിങ്ങൾ പൂർണമായി ബോധ്യമുള്ളവരായിരിപ്പാനും.... നമ്മുടെ പ്രതീക്ഷയായ യേശുക്രിസ്തു യഥാർഥമായും സത്യമായും പ്രവർത്തിച്ചവയാണവ.' ത്രാള്ള്യർക്ക് (9): 'ദാവീദിന്റെ വംശത്തിൽനിന്നും മറിയത്തിൽ നിന്നും ജനിച്ച യേശുക്രിസ്തുവിനെ അവഗണിക്കുന്ന എല്ലാ സംസാരങ്ങൾക്കും ചെവിയടച്ചു കളയുവിൻ. അവിടുന്ന് യഥാർഥമായി ജനിക്കുകയും ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തു. പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ യഥാർഥമായി പീഡിപ്പിക്കപ്പെട്ടു. ആകാശത്തിന്റേയും ഭൂമിയുടേയും പാതാളത്തിന്റേയും മുൻപാകെ ക്രൂശിൽ തറയ്ക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തു. ക്രിസ്തു യഥാർഥത്തിൽ മൃത്യുവിൽ നിന്നുത്ഥിതനായി. കാരണം പിതാവ് അവനെ ഉയർപ്പിച്ചു. യേശുക്രിസ്തു വഴി തന്നിൽ വിശ്വസിക്കുന്ന നമ്മെയും പിതാവ് ഉയർപ്പിക്കും. അവിടുത്തെ കൂടാതെ നമുക്കു യഥാർഥ ജീവനില്ല.' സ്മിർണക്കാർക്ക് (1): 'നമ്മുടെ കർത്താവിനെ സംബന്ധിച്ച് മാനുഷിക വശത്ത് അവിടുന്ന് യഥാർത്ഥമായി ദാവീദിന്റെ വംശത്തിൽ നിന്നുണ്ടായി എന്നും, ദൈവത്തിന്റെ ഇഷ്ടത്താലും അധികാരത്താലും യഥാർഥമായി ദൈവപുത്രനാണെന്നും, എല്ലാ നീതിയും പൂർത്തീകരിക്കപ്പെടാനായി അവിടുന്ന് സത്യമായും കന്യകയിൽ നിന്ന് പിറന്നെന്നും, യോഹന്നാനാൽ സ്നാനപ്പെട്ടെന്നും, പൊന്തിയോസ് പീലാത്തോസിന്റെയും നാലാം കൂറധികാരി ഹേറോദേസിന്റെയും കാലത്ത് നമുക്കുവേണ്ടി സത്യമായും ശരീരത്തിൽ ക്രൂശിതനായെന്നും നിങ്ങൾ ഉറപ്പായി വിശ്വസിക്കുന്നവരാണ്. അവിടുത്തെ കഷ്ടാനുഭവത്തിൽ നിന്നുണ്ടായ ഫലമാണ് നാം... അവിടുത്തെ ഉയർപ്പാൽ അവിടുന്ന് പതാക ഉയർത്തി.'

(2) ത്രിത്വോന്മുഖ പ്രഖ്യാപനം

അപ്പസ്തോലന്മാരുടെ കാലം മുതൽക്കേ ത്രിത്വോന്മുഖ പ്രഖ്യാപനങ്ങളും സ്നാനശുശ്രൂഷയിൽ നിലവിലുണ്ടായിരുന്നു. പിൽക്കാലത്ത് പ്രസ്തുത പ്രഖ്യാപനം കൂടുതൽ പ്രാമാണ്യത്തിലെത്തിച്ചേർന്നു. 'പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സകല ജാതികളേയും സ്നാനപ്പെടുത്താനുള്ള കല്പന (മത്താ.28:18-20) ഇതാണ് വ്യക്തമാക്കുക. ജസ്റ്റിൻ 150-നോടടുത്ത് പറയുന്നു: 'സ്നാനാർത്ഥികൾ പിതാവും ലോകത്തിന്റെ കർത്താവുമായ ദൈവത്തിന്റെയും നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ജലത്തിലുള്ള കഴുകൽ സ്വീകരിക്കുന്നു'(അപ്പോളജി,1,61). ഇതേ കാലഘട്ടത്തിലെഴുതിയ 'ശ്ലീഹന്മാരുടെ ലേഖനം' (*എപ്പിസ്തൊളാ അപ്പസ്തൊളോരും*) എന്ന കൃതി

ഈ വിശ്വാസപ്രഖ്യാപനം കുറേക്കൂടി വിപുലപ്പെടുത്തുന്നു: 'സമസ്ത ലോകത്തിന്റേയും ഭരണാധികാരിയായ പിതാവിലും, നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിലും പാറക്ലീത്തായായ പരിശുദ്ധാത്മാവിലും' ഉള്ള വിശ്വാസം പ്രഖ്യാപിക്കുന്നതിനു പുറമേ, 'പരിശുദ്ധ സഭയിലും പാപങ്ങളുടെ മോചനത്തിലും' വിശ്വസിക്കുന്നെന്ന് ഏറ്റുപറയുന്നു.

(3) സംയുക്ത പ്രഖ്യാപനം

ത്രിത്വോന്മുഖ പ്രഖ്യാപനത്തിൽ ക്രിസ്തോന്മുഖ പ്രഖ്യാപനം കൂട്ടിച്ചേർത്ത് പുതിയൊരെണ്ണം ഉണ്ടാക്കി. അതു പിൽക്കാലത്ത് പ്രാബല്യത്തിൽ വന്നു. വിശ്വാസത്തിന്റെ ഓരോ വിഷയവും കുറേക്കൂടി വിപുലപ്പെടുത്തി. തത്ഫലമായി എട്ടോ ഒൻപതോ വിശ്വാസസത്യങ്ങളുൾക്കൊള്ളുന്ന ഒരു വിശ്വാസപ്രഖ്യാപനം ഉടലെടുത്തു. അത്തരം ഒന്ന് 200-ഓടുകൂടി റോമാ സഭയിൽ നിലവിലുണ്ടായിരുന്നു. വി.ഹിപ്പോളിറ്റസിന്റെ 'അപ്പസ്തോലിക പാരമ്പര്യം' എന്ന കൃതിയിൽ ഈ വിശ്വാസപ്രമാണം കാണാം. എന്നാലവിടെ ചോദ്യോത്തര രീതിയിലാണ് അത് കൊടുത്തിരിക്കുന്നത്. അത് ഒരു വിശ്വാസപ്രമാണ രീതിയിൽ താഴെ കൊടുക്കുന്നു.

'സർവശക്തിയുള്ള പിതാവായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. ദൈവപുത്രനായ യേശുക്രിസ്തുവിലും (ഞാൻ വിശ്വസിക്കുന്നു). അവൻ പരിശുദ്ധാത്മാവിൽ നിന്നും കന്യകമറിയത്തിൽ നിന്നും ജനിച്ചു. പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ ക്രൂശിക്കപ്പെടുകയും കൊല്ലപ്പെടുകയും കബറടക്കപ്പെടുകയും മൂന്നാംദിവസം മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റ് ജീവൻ പ്രാപിക്കയും ചെയ്തു. അവൻ സ്വർഗത്തിലേക്കു കരേറി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു; ജീവനുള്ളവരേയും മരിച്ചവരേയും വിധിക്കാൻ അവൻ വരാനിരിക്കുന്നു. പരിശുദ്ധാത്മാവിലും വിശുദ്ധസഭയിലും ശരീരത്തിന്റെ ഉയർപ്പിലും (ഞാൻ വിശ്വസിക്കുന്നു.)

Credo in Deum Patrem omnipotentem. Et in Christum Jesum, filium Dei. Qui natus de Spiritu Sancto ex Maria Virgine. Et crucifixus sub Pontio Pilato. Et mortuus est et sepultus. Et resurrexit die tertia vivus a mortuis. Et ascendit in caelis. Et sedit ad dexteram patris. Venturus judicare vivos et mortuos. Et in Spiritum Sanctum et sanctam ecclesiam et carnis resurrectionem.[20]

ഈ വിശ്വാസപ്രമാണത്തെപ്പറ്റി രേഖകളിൽ നാം കാണുന്നതിനു വളരെ മുമ്പുതന്നെ റോമാസഭയിൽ ഇത് നടപ്പിലിരുന്നു എന്നുവേണം അനുമാനിക്കാൻ. റോമാസഭയിലെ പുരാതനവിശ്വാസപ്രമാണം (*Old Roman Creed=R*) റുഫീനസ് 'ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനത്തിൽ'നൽകുന്നു. റോമാസഭയിലെ വിശ്വാസപ്രമാണവുമായി തന്റെ

www.malankaralibrary.com

സഭയായ അക്വിലായിലെ വിശ്വാസപ്രമാണത്തെ ഈ വ്യാഖ്യാന കൃതിയിൽ അദ്ദേഹം താരതമ്യപ്പെടുത്തുന്നു.

സർവശക്തിയുള്ള പിതാവായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. തന്റെ ഏകപുത്രനായ നമ്മുടെ കർത്താവേശുക്രിസ്തുവിലും (ഞാൻ വിശ്വസിക്കുന്നു). അവൻ പരിശുദ്ധാത്മാവിൽ നിന്നും കന്യകമറിയത്തിൽ നിന്നും ജനിച്ചു. പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ ക്രൂശിക്കപ്പെടുകയും സംസ്കരിക്കപ്പെടുകയും മൂന്നാം ദിവസം മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. അവൻ സ്വർഗത്തിലേക്ക് കരേറി. പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു; ജീവനുള്ളവരേയും മരിച്ചവരേയും വിധിക്കാൻ അവൻ വരാനിരിക്കുന്നു. പരിശുദ്ധാത്മാവിലും വിശുദ്ധസഭയിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉയർപ്പിലും (ഞാൻ വിശ്വസിക്കുന്നു).

Credo in Deum Patrem omnipotentem; et in Christum Jesum filium eius unicum, dominum nostrum, qui natus est de Spiritu sancto et Maria virgine, qui sub Pontio Pilato crucifixus est et sepultus,tertia die resurrexit a mortuis, ascendit in caelos, sedet ad dexteram patris, unde venturus est iudicare vivos et mortuos; et in Spiritum sanctum, sanctam ecclesiam, remissionem peccatorum, carnis resurrectionem.[21]

ഹിപ്പോളിറ്റസിന്റേതിൽ നിന്ന് ചില്ലറ വ്യത്യാസങ്ങളുണ്ടിതിന്.[22] തെർത്തുല്യന് പുരാതന റോമൻ വിശ്വാസപ്രമാണം സുജ്ഞാതമായിരുന്നു.[23] പ്രാചീന റോമൻ വിശ്വാസപ്രമാണമാണ് പാശ്ചാത്യലോകത്തെ മറ്റെല്ലാ വിശ്വാസപ്രമാണങ്ങളുടേയും, 'ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം' എന്നറിയപ്പെടുന്ന രേഖയുടെയും ഉറവിടം.

**ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം**

സർവശക്തിയുള്ള പിതാവായി ആകാശത്തിന്റേയും ഭൂമിയുടേയും സ്രഷ്ടാവായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. തന്റെ ഏകജാതനായ നമ്മുടെ കർത്താവേശുക്രിസ്തുവിലും (ഞാൻ വിശ്വസിക്കുന്നു). അവൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി കന്യകമറിയത്തിൽ നിന്നു ജനിച്ചു. പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ പീഡ സഹിച്ചു, ക്രൂശിക്കപ്പെട്ടു, മരിച്ചു, അടക്കപ്പെട്ടു; പാതാളത്തിൽ ഇറങ്ങി; മരിച്ചവരിൽ നിന്ന് മൂന്നാം നാൾ ഉയിർത്തു. സ്വർഗത്തിലേക്ക് കരേറി, സർവശക്തനായ പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. അവിടെനിന്നു ജീവനുള്ളവരേയും മരിച്ചവരേയും വിധിക്കാൻ അവൻ വരാനിരിക്കുന്നു. പരിശുദ്ധാത്മാവിലും വിശുദ്ധ കത്തോലിക്കാസഭയിലും പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ

 www.malankaralibrary.com

മോചനത്തിലും ശരീരത്തിന്റെ ഉയർപ്പിലും നിത്യജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. ആമ്മീൻ.

Credo in Deum Patrem omnipotentem, creatorem coeli et terrae. Et in lesum Christum, filium eius unicum, dominum nostrum, qui coceptus est de Spiritu sancto, natus ex Maria virgine, passus sub Pontio Pilato crucifixus, mortuus et sepultus, descendit ad inferna, tertia die resurrexit a mortuis, ascendit ad coelos, sedet ad dexteram Dei patris omnipotentis, inde venturus est iudicare vivos et mortuos. Credo in Spiritum sanctum, sanctam ecclesiam catholicam, sanctorum communionem remissionem peccatorum, carnis resurrectionem, et vitam aeternam. Amen.[24]

പാശ്ചാത്യസഭയിൽ പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു വിശ്വാസ പ്രമാണമാണ് 'ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം.' 'സിംബൊളും അപ്പസ്തോലിക്കും' എന്ന പേര് ആദ്യമായി കാണുന്നത് വി. അംബ്രോസി ലാണ് (ലേഖനം, 42,5.390). ഇന്നത്തെ രൂപത്തിൽ ഈ വിശ്വാസപ്രമാണം ആദ്യമായി ഉദ്ധരിക്കുന്നത് വി. പിർമീനിയൂസാണ് (+753). ഒരു ബനഡി ക്ടൈൻ മിഷണറിയും കോൺസ്റ്റൻസ് തടാകത്തിനടുത്തുള്ള റൈക്കെനാവു ആശ്രമത്തിന്റെ അധ്യക്ഷനുമായിരുന്നു അദ്ദേഹം. മിഷനറിമാരെ മിഷൻ പ്രചരണ പ്രവർത്തനങ്ങളിൽ സഹായിക്കാൻ ക്രിസ്തീയ തത്വസംഹിത യുടെ രത്നച്ചുരുക്കം അദ്ദേഹം 710/724-ൽ എഴുതിയുണ്ടാക്കി. 'ദെ സിൻഗുളിസ് ലീബ്രിസ് കാനോനിച്ചിസ് സ്കരാപ്സുസ്'എന്നാണ് ഗ്രന്ഥ ത്തിന്റെ പേര്. പുരാതന റോമൻ വിശ്വാസപ്രമാണത്തിന്റെ ഒരു വികസിത രൂപമായിരുന്നു പിർമീനിയൂസ് നൽകിയത്. സ്പെയിൻ-ഗോൾ പ്രദേശങ്ങളിലായിരിക്കാം ഇത് രൂപീകൃതമായത്. ചാർളിമെയിൻ ചക്രവർത്തി 811-813 ൽ തന്റെ സാമ്രാജ്യത്തിലുടനീളം 'ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം' എന്നറിയപ്പെടുന്ന ഈ 'ഹിസ്പാനോ-ഗാള്ളിക്' വിശ്വാസപ്രമാണം നടപ്പാക്കി; മറ്റെല്ലാ പ്രാദേശിക വിശ്വാസപ്രമാണങ്ങളും നിർത്തലാക്കി. മിലാനിലെ സഭ, റാവെന്നയിലെ സഭ, അക്വിലായിലെ സഭ, ടൂറിനിലെ സഭ, തുടങ്ങി പലയിടങ്ങളിലും വ്യത്യസ്ത രൂപത്തിൽ വിശ്വാസപ്രമാണങ്ങളുണ്ടാ യിരുന്നു. ചാർളിമെയിന്റെ ഐകരൂപ്യനടപടി മൂലം പുരാതന റോമൻ വിശ്വാസപ്രമാണം ഉൾപ്പെടെ എല്ലാ പ്രാദേശിക വിശ്വാസപ്രമാണങ്ങളും നിർത്തലാക്കപ്പെട്ടു.

ആറാം നൂറ്റാണ്ടിനുശേഷം ആൽപ്സ് പർവതത്തിനു വടക്കാണ് 'ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം' ഇന്നത്തെ രൂപത്തിൽ രൂപീകൃതമായത്. റോമാസഭ പിന്നീട് ഫ്രാങ്കോ-ജർമൻ സ്വാധീനത്തിൽ 9-ാം നൂറ്റാണ്ടിൽ ഇത് സ്വീകരിച്ചു. വിശ്വാസപ്രമാണത്തിന്റെ ഔദ്യോഗിക പതിപ്പായി 11/12 നൂറ്റാണ്ടു മുതൽ ഇത് പാശ്ചാത്യ ലോകത്ത് അംഗീകരിക്കപ്പെടാൻ തുടങ്ങി. T (*Textus*

www.malankaralibrary.com

*Receptus*) എന്ന അക്ഷരം ഈ വിശ്വാസപ്രമാണത്തെ കുറിക്കാൻ ഉപയോഗിക്കുന്നു. സ്വീകരിച്ച ടെക്സ്റ്റ് എന്നർത്ഥം. പാശ്ചാത്യ ലോകത്തെ വിവിധ വിശ്വാസപ്രമാണങ്ങളുടേയെല്ലാം ആധാരം പുരാതന റോമൻ വിശ്വാസപ്രമാണമാണ് (R). അതിന്റെ (R) ഒരു വികസിതരൂപം (T) പ്രചരിച്ചപ്പോൾ സ്വീകരിക്കാൻ പാശ്ചാത്യസഭകൾക്ക് വലിയ ബുദ്ധിമുട്ടുണ്ടായില്ല. പോരെങ്കിൽ ചാർളിമെയിൻ ചക്രവർത്തിയുടെ ഇമ്പീരിയൽ കല്പനയും പ്രചരണം എളുപ്പമാക്കിത്തീർത്തു.

പുരാതന റോമൻ വിശ്വാസപ്രമാണത്തിൽ (R) നിന്ന്. താഴെപ്പറയുന്ന വ്യത്യാസങ്ങളാണ് അംഗീകൃത ടെക്സ്റ്റിന് (T) ഉള്ളത്. ആകാശത്തിന്റേയും ഭൂമിയുടേയും സ്രഷ്ടാവ്; 'ക്രിസ്തുയേശു' എന്ന R ലെ പ്രയോഗം 'യേശുക്രിസ്തു' എന്നാക്കി; 'പരിശുദ്ധാത്മാവിൽനിന്നും കന്യകമറിയത്തിൽ നിന്നും ജനിച്ചു' എന്ന R ലെ പ്രയോഗത്തിനു പകരം 'പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി, കന്യകമറിയത്തിൽ നിന്നു ജനിച്ചു' എന്നാക്കി. 'പീഡ സഹിച്ചു', 'മരിച്ചു', 'പാതാളത്തിലേക്കിറങ്ങി' എന്നിവ കൂട്ടിച്ചേർത്തു. 'പിതാവിന്റെ വലത്തുഭാഗത്ത്' എന്ന R ലെ പ്രയോഗം 'സർവശക്തനായ പിതാവിന്റെ വലത്തുഭാഗത്ത്' എന്ന് T വിപുലപ്പെടുത്തി. 'വിശുദ്ധ സഭയിലും' എന്ന R ലെ പ്രയോഗം 'വിശുദ്ധ കത്തോലിക്കാ സഭയിലും' എന്നാണ് T യിൽ. 'പുണ്യവാന്മാരുടെ ഐക്യത്തിലും', 'നിത്യജീവിതത്തിലും' എന്നത് T യിൽ കൂട്ടിച്ചേർക്കപ്പെട്ട പ്രയോഗങ്ങളാണ്.[25]

റോമിലുണ്ടായ വികാസം പോലെ ഒന്ന് പൗരസ്ത്യദേശങ്ങളിലും ഉണ്ടായി. ലഘുവായ ത്രിത്വോന്മുഖ പ്രഖ്യാപനത്തോട് ക്രിസ്തുവിനെ സംബന്ധിക്കുന്ന വിശ്വാസസത്യങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു. പാശ്ചാത്യസഭ 'കന്യകയിൽ നിന്നുള്ള ജനനത്തിന്' പ്രാധാന്യം കൊടുത്തപ്പോൾ പൗരസ്ത്യദേശത്ത് 'ലോകസൃഷ്ടിക്കു മുമ്പ് നിത്യതയിൽ പിതാവിൽ നിന്നുള്ള ജനനത്തെപ്പറ്റി'പരാമർശിക്കുന്ന പ്രഖ്യാപനങ്ങൾ കൂട്ടിച്ചേർത്തു. സ്നാനാർത്ഥികൾക്കു വേണ്ടി പ്രധാനപ്പെട്ട സത്യങ്ങൾ ചുരുങ്ങിയ വാക്കുകളിൽ ഉൾക്കൊള്ളിക്കുക സഭയിൽ ഒരാവശ്യമായിരുന്നു. സ്നാനശുശ്രൂഷ തന്നെയും ലഘുവായ ഘടകങ്ങളിൽ നിന്ന് കൂടുതൽ വികാസം പ്രാപിച്ച ശുശ്രൂഷയായി തീർന്നതുപോലെ, ലഘുവായ വിശ്വാസപ്രമാണം കാലാന്തരത്തിൽ വളർന്ന് ക്രിസ്തുമതത്തിന്റെ പ്രധാനപ്പെട്ട വിശ്വാസസത്യങ്ങളെല്ലാം ഉൾക്കൊള്ളുന്ന ഒന്നായിത്തീർന്നു. വിവിധ ആരാധനക്രമങ്ങൾ ഉടലെടുത്തതുപോലെ വിശ്വാസപ്രമാണത്തിന്റെ വിവിധ രൂപങ്ങളും സഭയിലുണ്ടായി. ജറുസലേമിലെ വിശ്വാസപ്രമാണം വി. സിറിലിന്റെ 'മതബോധന പ്രസംഗങ്ങൾ'എന്ന കൃതിയിൽ കാണാം.

'സർവശക്തിയുള്ള പിതാവായി ആകാശത്തിന്റേയും ഭൂമിയുടേയും

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും നിർമാതാവായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകജാതനായ കർത്താവേശുക്രിസ്തുവിലും (ഞങ്ങൾ വിശ്വസിക്കുന്നു). അവൻ യുഗങ്ങൾക്കു മുമ്പ് സത്യദൈവമായി പിതാവിൽ നിന്നു ജനിച്ചു. അവൻ വഴി സമസ്തവും സൃഷ്ടിക്കപ്പെട്ടു. അവൻ (ജഡമെടുത്തു) മനുഷ്യനായി; അവൻ ക്രൂശിക്കപ്പെടുകയും കബറടക്കപ്പെടുകയും മൂന്നാം നാൾ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. അവൻ സ്വർഗത്തിലേക്കു കരേറി പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. ജീവനുള്ളവരേയും മരിച്ചവരേയും വിധിക്കാൻ അവൻ മഹത്വത്തിൽ വരും. അവന്റെ രാജ്യത്തിന് അവസാനമുണ്ടാകയില്ല. പ്രവാചകരിലൂടെ സംസാരിച്ച പാറക്ലീത്താ ആയ പരിശുദ്ധാത്മാവിലും പാപമോചനത്തിനുള്ള അനുതാപത്തിന്റെ മാമോദീസായിലും ഏകവും വിശുദ്ധവുമായ കത്തോലിക്കാസഭയിലും ശരീരത്തിന്റെ ഉയർപ്പിലും നിത്യജീവനിലും വിശ്വസിക്കുന്നു.'[26]

പലസ്തീനായിൽ കേസറിയായിലെ വിശ്വാസപ്രമാണം എവുസേബിയസിൽ കാണാം. മിക്ക പണ്ഡിതന്മാരുടേയും അഭിപ്രായത്തിൽ നിഖ്യാ വിശ്വാസപ്രമാണം കേസറിയൻ വിശ്വാസപ്രമാണത്തിന്റെ ഒരു പരിഷ്കരിച്ച പതിപ്പാണ്. ചിലരുടെ അഭിപ്രായത്തിൽ ജറുസലേമിലെ വിശ്വാസപ്രമാണമത്രേ നിഖ്യായുടെ ആധാരം.

അധ്യായം 14

# മൂന്നു റോമൻ ചിന്തകന്മാർ

റോമാസഭ സഭകളുടെ ഇടയിൽ ഒന്നാം സ്ഥാനത്ത് നിന്നെങ്കിലും ആദ്യനൂറ്റാണ്ടുകളിൽ എണ്ണപ്പെട്ട ദൈവശാസ്ത്രജ്ഞന്മാർ വളരെ കുറച്ചു മാത്രമേ അവിടെയുണ്ടായിരുന്നുള്ളൂ. ആദ്യനൂറ്റാണ്ടുകളിൽ പേരെടുത്തു പറയാവുന്ന മൂന്നു ചിന്തകന്മാരെ റോമാസഭയിൽ ഉണ്ടായിട്ടുള്ളൂ. 1. മിനൂചി യൂസ് ഫേലിക്സ്. 2. ഹിപ്പോളിറ്റസ്. 3. നൊവേഷ്യൻ. മിനൂചിയൂസ് ഫേലിക്സ്, ഒക്താവിയൂസ് എന്നൊരു അപ്പോളജി എഴുതി. ഹിപ്പോളിറ്റസും നൊവേഷ്യനും എതിർ പാപ്പാമാരായിരുന്നു. ഒരിജനെപ്പോലെ പ്രഗത്ഭനായി രുന്നു വി. ഹിപ്പോളിറ്റസ്. ഹിപ്പോളിറ്റസിന്റെ *അപ്പസ്തോലിക പാരമ്പര്യം* എന്ന കൃതി ആദ്യനൂറ്റാ ണ്ടിലെ ആരാധനക്രമങ്ങളിലേക്കു വെളിച്ചം വീശുന്ന ഒന്നാണ്. റോമിൽ ലത്തീനിൽ കൃതികൾ ചമയ്ക്കാൻ മുതിർന്ന ആദ്യത്തെ ദൈവശാസ്ത്ര ജ്ഞൻ നൊവേഷ്യനാണെന്ന് പറയപ്പെടുന്നു.

സഭാരംഭകാലത്ത് റോമിൽ ഗ്രീക്കായിരുന്നു പൊതുവേ സംസാരഭാഷ. ക്രിസ്തീയ ജനങ്ങളിൽ ഭൂരിഭാഗവും പൗരസ്ത്യരായിരുന്നു. സഭയിലും ഗ്രീക്കാണ് ഉപയോഗിച്ചിരുന്നത്. ഗ്രീക്കിന്റെ സ്ഥാനം 150-ഓടുകൂടി ലത്തീൻ കരസ്ഥമാക്കാൻ തുടങ്ങി. ലത്തീൻഭാഷ 250-ാമാണ്ടോടുകൂടി റോമാസഭ യുടെ ഔദ്യോഗിക ഭാഷയായി. ഡമാസസ് പാപ്പായുടെ കാലത്ത് (366-384) ആരാധനക്രമവും ലത്തീനിലായി. അപ്പോഴേയ്ക്കും വേദപുസ്തകം ലത്തീനിലേക്ക് ഭാഷാന്തരം ചെയ്യപ്പെട്ടു കഴിഞ്ഞു.

## 1. മിനൂചിയൂസ് ഫേലിക്സ്

'ഒക്താവിയൂസ്' എന്ന് ഒരു കൃതിയെക്കുറിച്ചല്ലാതെ മിനൂചിയൂസ് ഫേലിക്സിനെ സംബന്ധിച്ച് (2/3 നൂറ്റാണ്ട്) വളരെയധികം വിവരങ്ങൾ കിട്ടിയിട്ടില്ല. ലക്താൻസ്യൂസും ജറോമും അദ്ദേഹത്തിന്റെ 'അപ്പോളജി'യെ പ്പറ്റി പറയുന്നുണ്ട്. ഒക്താവിയൂസ് എന്ന ഒരു ക്രിസ്ത്യാനിയും ചെചീലിയൂസ് എന്ന ഒരു അക്രൈസ്തവനും തമ്മിൽ റോമിൽ വച്ചുനടന്ന സംഭാഷണമാണ്

ഒക്താവിയൂസ് എന്ന പേരിലുള്ള കൃതി. സംഭാഷണത്തിൽ മൂന്നുപേർ പങ്കെടുക്കുന്നു. ഗ്രന്ഥകർത്താവും നിയമപണ്ഡിതനുമായ മാർക്കുസ് മിനൂചിയൂസ് ഫേലിക്സ്, ഒക്താവിയൂസ് എന്ന ക്രൈസ്തവൻ, ചെചീലിയൂസ് എന്ന അക്രൈസ്തവ സ്നേഹിതൻ. ഒക്താവിയൂസ് ആഫ്രിക്കയിൽ നിന്ന് സന്ദർശനാർത്ഥം റോമിലെത്തിയ അഭിഭാഷകനാണ്; ചെചീലിയൂസ് ആഫ്രിക്കയിൽ (നുമീഡിയയിൽ) നിന്നെത്തിയ വ്യക്തിയും. ഇപ്രകാരം ഒരു സംഭാഷണം യഥാർത്ഥത്തിൽ നടന്നോ എന്ന് കൃത്യമായി പറയാൻ സാധ്യമല്ല. ഏതായാലും സിസറോയുടെ ശൈലിയിലാണ് ഗ്രന്ഥകാരന്റെ അരങ്ങേറ്റം.

ഒക്താവിയൂസിന്റെ അനുസ്മരണയായിട്ടാണ് ഈ ഗ്രന്ഥം എഴുതപ്പെട്ടതെന്ന് കരുതാം. ഒക്താവിയൂസും മിനൂചിയൂസ് ഫേലിക്സും സ്നേഹിതർ ആയിരുന്നു. അവരിരുവരും പുതിയ വിശ്വാസം സ്വീകരിച്ചു. റോമിൽ ഓസ്തിയായിൽകൂടി നടക്കാനിറങ്ങിയപ്പോൾ, സെറാപ്പീസിന്റെ ബിംബത്തെ ചെചീലിയൂസ് ചുംബിക്കുന്നത് ഒക്താവിയൂസ് കാണുന്നു. അപ്പോൾ മുതൽ ഒക്താവിയൂസും ചെചീലിയൂസും തമ്മിൽ ചർച്ച നടക്കുന്നു. ഒക്താവിയൂസ് പുതിയ വിശ്വാസത്തിന്റെ വക്താവും ചെചീലിയുസ് പഴയതിന്റെ സംരക്ഷകനും മിനൂചിയൂസ് ഫേലിക്സ് മധ്യവർത്തിയുമായിട്ടാണ് ചർച്ച.

ചെചീലിയുസിന്റെ വാദം ഇങ്ങനെ ഉപസംഹരിക്കാം: 'പ്രപഞ്ചപരിപാലകനായ പരാശക്തി ഉണ്ടോ എന്ന് വ്യക്തമല്ല. അങ്ങനെയെങ്കിൽ പിതാക്കന്മാർ അനുഷ്ഠിക്കുന്ന ആചാരങ്ങളിൽ തന്നെ തുടരുന്നതാണ് നല്ലത്. അതു മാറ്റാൻ ആരെങ്കിലും മുതിർന്നാൽ അനുവദിക്കരുത്. ഏകദൈവവിശ്വാസം, ലോകാവസാനം, ശരീരത്തിന്റെ ഉയർപ്പ്, നിത്യസമ്മാനം, നിത്യശിക്ഷ എന്നിവ അർത്ഥശൂന്യങ്ങളാണ്.'

ഒക്താവിയൂസ് അതിനു മറുപടി പറയുന്നതാണ് അടുത്ത ഭാഗം: ‘‘കണ്ണു തുറന്നു നോക്കിയാൽ ദൈവം ഉണ്ടോ എന്ന് അറിയാൻ സാധിക്കും. പണക്കാരുടെ കണ്ണ് എപ്പോഴും പണത്തിലാണ്. ആകാശഗോളങ്ങളെ നോക്കൂ. പ്രാപഞ്ചിക ക്രമീകരണങ്ങൾ ശ്രദ്ധിക്കൂ. ഇതിന്റെയെല്ലാം അന്തർധാരയും ജീവശ്വാസവുമായ ജഗന്നിയന്താവിനെ അപ്പോൾ കാണാം. അവിടന്ന് നശ്വരനേത്രങ്ങൾക്ക് അപ്പുറത്താണ്. എന്നാൽ ഏതു മനുഷ്യനും തന്റെ ബുദ്ധികൊണ്ട് ദൈവത്തെ കാണാനാവും. പിതാക്കന്മാർ അറിവില്ലാതെ കാത്തുസൂക്ഷിച്ച അന്ധവിശ്വാസങ്ങൾ തട്ടിനീക്കി സത്യമെന്തെന്നു ഗ്രഹിക്കാൻ ശ്രമിക്കണം; അനാചാരങ്ങളേയും മൂഢവിശ്വാസങ്ങളേയും വച്ചുപൂജിക്കയല്ല, നീക്കിക്കളയുകയാണ് വേണ്ടത്. ക്രിസ്ത്യാനികൾക്കെതിരെയുള്ള ആരോപണങ്ങൾ അടിസ്ഥാന രഹിതങ്ങളാണ്. അക്രൈസ്തവ താത്വികർ തന്നെയും അക്കാര്യം സമ്മതിക്കുന്നു. അവരുടെ വാക്കിനേക്കാൾ കൂടുതൽ അവരുടെ പ്രവൃത്തികളിൽ നിന്ന് അവ മനസ്സിലാക്കാൻ ശ്രമിക്കണം.’’

അവസാനം ചെചീലിയൂസിന് സത്യം മനസ്സിലായി. മിനൂചിയൂസ് ഒരു വിധിപറയാതെ തന്നെ കാര്യം വ്യക്തമായി. എല്ലാവരും അവരവരുടെ വഴിക്കുപോയി. കുലീനത്വം നിറഞ്ഞ ശൈലിയിലാണ് മിനൂചിയൂസ് എഴുതിയിരിക്കുന്നത്. അന്നു ക്രിസ്ത്യാനികളെ അധിക്ഷേപിച്ച് ധാരാളം എഴുതിയിരുന്ന കാലമായിരുന്നെങ്കിലും തികഞ്ഞ പ്രതിപക്ഷ ബഹുമാന ത്തോടു കൂടിയാണ് അദ്ദേഹം എഴുതിയത്. ഉയർന്ന ഭാഷാശൈലി, ആഴമേറിയ വിശ്വാസം എന്നിവ അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. തെർത്തുല്യന്റെ അപ്പൊളൊജെറ്റിക്കും എന്ന കൃതിയോട് ഇതിന് സാമ്യ മുണ്ട്. ഏതാണ് ആദ്യം എഴുതിയതെന്ന് തീർച്ചയില്ല. ഇത് 197-ലായിരിക്കാം എഴുതപ്പെട്ടത്.

## 2. വി. ഹിപ്പോളിറ്റസ് (170-235)

ഗ്രീക്കുഭാഷയിലും ഗ്രീക്കുതത്വചിന്തയിലും വൈദഗ്ധ്യം നേടിയ ആളായിരുന്നു ഹിപ്പോളിറ്റസ്. ചിന്തയിലും എഴുത്തിലും ഗ്രീക്കുശൈലി സ്പഷ്ടമാണ്. ഗ്രീക്കിലെഴുതിയ അവസാനത്തെ റോമൻ ചിന്തകനാണ് അദ്ദേഹം. പൗരസ്ത്യനായ അദ്ദേഹം റോമിൽ വളരെ പണ്ഡിതോചിതമായി പഠിപ്പിച്ചുവന്നു. ഒരിജൻ റോമിൽ ചെന്നപ്പോൾ (212) ഹിപ്പോളിറ്റസ് 'കർത്താവിനെ സ്തുതിച്ച്' ഒരു പ്രസംഗം നടത്തിക്കൊണ്ടിരിക്കുന്നതായി കണ്ടെന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

ഐറേനിയസിന്റെ ചിന്താഗതികളോടു ഹിപ്പോളിറ്റസിന് വളരെ സാമ്യമുണ്ട്. വിശ്വാസ സംരക്ഷണാർഥം സർവശക്തിയും ഉപയോഗിച്ച് തൂലിക ചലിപ്പിക്കാൻ അദ്ദേഹം സന്നദ്ധനായി. അക്കാലത്ത് ത്രിത്വത്തെ സംബന്ധിച്ചുണ്ടായ പല അബദ്ധോപദേശങ്ങൾക്കെതിരായി അദ്ദേഹം നിരവധി ലേഖനങ്ങൾ എഴുതി. ഒരിജനെ പോലെ തന്നെ ധാരാളം കൃതികൾ എഴുതിയ ദൈവശാസ്ത്രജ്ഞനാണ് അദ്ദേഹം. പ്രായോഗികവും ധാർമികവു മായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിൽ അദ്ദേഹം താല്പര്യം കാണിച്ചു.

എന്നാൽ കലിക്സ്റ്റസ് പാപ്പായുമായി ഹിപ്പോളിറ്റസ് പിണങ്ങി. 'കഠിന പാപികളെ പ്രായശ്ചിത്താനന്തരം സഭയിൽ തിരികെ സ്വീകരിക്കാം' എന്ന കലിക്സ്റ്റസിന്റെ ചിന്താഗതി, കർക്കശമനഃസ്ഥിതിക്കാരനായ ഹിപ്പോളിറ്റ സിന് പിടിച്ചില്ല. ആദിമസഭയുടെ സത്യവിശ്വാസത്തിൽ നിന്ന് കലിക്സ്റ്റസ് അകന്നുപോകുന്നെന്ന് ആരോപണം ഉന്നയിച്ചു. മാത്രമല്ല, റോമിലെ ഒരു മെത്രാനായും ആദ്യത്തെ എതിർപാപ്പായായും കലിക്സ്റ്റസിന്റെ എതിരാളിയായും തീർന്നു. റോമാസഭയിൽ വലിയ പിളർപ്പും കലക്കവും ഉണ്ടാക്കി. കലിക്സ്റ്റസിന്റെ പിൻഗാമികളായി ഉർബൻ (223-230) പോൺഷ്യൻ (230-235) എന്നിവർ അധികാരത്തിൽ വന്നെങ്കിലും ഹിപ്പോളി റ്റസ് കീഴ്വഴങ്ങിയില്ല. അവസാനം 235-ൽ മാക്സിമിൻ ത്രാക്സ് (235-8)

എന്ന റോമൻ ചക്രവർത്തി ഇരുവരേയും സർദീനിയയിലേക്ക് നാടുകടത്തി. അവിടെ വച്ച് പോൺഷ്യനുമായി ഹിപ്പോളിറ്റസ് രമ്യപ്പെട്ടു. ആ വർഷം തന്നെ രക്തസാക്ഷിയായി മരിച്ചു. അവിടെ നിന്ന് ശവശരീരം 236-ൽ റോമിൽ കൊണ്ടുവന്ന് ആഘോഷമായി സംസ്കരിച്ചു. ഇന്നദ്ദേഹം ഒരു വിശുദ്ധനായി പരിഗണിക്കപ്പെടുന്നു. ഹിപ്പോളിറ്റസിന്റെ മൂന്നാം നൂറ്റാണ്ടിൽ നിർമിക്കപ്പെട്ട ഒരു വിഗ്രഹം 1551-ൽ റോമിൽ കണ്ടെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ പേരുകൾ അതിൽ കൊത്തിവച്ചിട്ടുണ്ട്.

## കൃതികൾ

ഹിപ്പോളിറ്റസ് ഗ്രീക്കിലെഴുതിയെങ്കിലും അവയെല്ലാം നഷ്ടമായി. എന്നാൽ ലത്തീൻ, സുറിയാനി, കോപ്റ്റിക്, അറബി, എത്യോപ്യൻ, അർമേനിയൻ, ജോർജിയൻ, സ്ലാവോണിക് ഭാഷകളിലുള്ള വിവർത്തനങ്ങളിലൂടെ അദ്ദേഹത്തിന്റെ കുറേ കൃതികൾ കിട്ടിയിട്ടുണ്ട്. താഴെ പറയുന്നവയാണ് അദ്ദേഹത്തിന്റെ കൃതികൾ: 1. ഫിലൊസൊഫുമെന. 2.സിൻതഗ്മാ. 3.അന്തിക്രിസ്തു. 4. ഭാഷ്യങ്ങൾ. 5.നാളാഗമകൃതികൾ. 6. പ്രസംഗങ്ങൾ. 7. അപ്പസ്തോലിക പാരമ്പര്യം.

### 1. ഫിലൊസൊഫുമെന

ഹിപ്പോളിറ്റസിന്റെ ഒരു സുപ്രധാനകൃതിയാണ് ഫിലൊസൊഫുമെന അല്ലെങ്കിൽ 'എല്ലാ പാഷണ്ഡതകൾക്കും ഉള്ള തിരിച്ചടി' എന്ന ഗ്രന്ഥം. ഗ്രന്ഥകർത്താവ് കൊടുത്ത പേര് 'കത്ത പാസോൻ ഹൈരേസെഓൻ എലെങ്കോസ്' എന്നാണ്. പത്തു പുസ്തകങ്ങളായിട്ടാണ് ഹിപ്പോളിറ്റസ് ഇതെഴുതിയത്. ഈ അടുത്ത കാലം വരെ ഒരിജന്റേതായിട്ടായിരുന്നു ഈ ഗ്രന്ഥം അറിയപ്പെട്ടത്. ആദ്യത്തെ നാലു പുസ്തകങ്ങൾ മാത്രമേ ഗ്രീക്കു തത്വശാസ്ത്രത്തെ പരാമർശിച്ചിട്ടുള്ളെന്ന് 9,3 ൽ ഹിപ്പോളിറ്റസ് പറയുന്നു. ഫിലൊസൊഫുമെന (താത്വിക സിദ്ധാന്തങ്ങളുടെ വിവരണം) എന്ന പേര് ബാക്കി ഗ്രന്ഥങ്ങൾക്ക് പറയാൻ സാധിക്കയില്ല. അബദ്ധോപദേശകർ ക്രൈസ്തവ ചിന്താഗതിയിൽ നിന്നകന്നവരാണ്. അവർ ഗ്രീക്ക് തത്വശാസ്ത്രത്തിൽ ആശ്രയിക്കുന്നവരാണെന്ന് കാണിക്കാൻ അദ്ദേഹം പരിശ്രമിക്കുന്നു.

ഒന്നാം ഭാഗം (പുസ്തകം 1-4): വിവിധ ഗ്രീക്ക് തത്വചിന്തകൾ അപഗ്രഥിക്കുന്നു. താലസ് മുതൽ ഹെസിയോദു വരെയുള്ള ഗ്രീക്കു താത്വികരെപ്പറ്റി ഒന്നാംപുസ്തകം ചർച്ചചെയ്യുന്നു. രണ്ടും മൂന്നും പുസ്തകങ്ങൾ നഷ്ടപ്പെട്ടുപോയി. നാലാം പുസ്തകം ജ്യോത്സ്യം, മന്ത്രവാദം എന്നിവ വിവരിക്കുന്നു. രണ്ടാംഭാഗം (പുസ്തകം 5-9): 33 ഗ്നോസ്റ്റിക് വിഭാഗക്കാരുടെ അബദ്ധോപദേശങ്ങളെ ഖണ്ഡിക്കുന്നു. പത്താം പുസ്തകം മുകളിൽ പറഞ്ഞവ ചുരുക്കി വിവരിച്ചിട്ട്, യൂദന്മാരുടെ ഒരു നാളാഗമം കൊടുക്കുന്നു. അതുപോലെ സത്യവിശ്വാസം എന്താണെന്ന് സ്പഷ്ടമായി പ്രഖ്യാപിക്കു

കയും ചെയ്യുന്നു. ഈ കൃതി 222-ന് ശേഷം എഴുതിയതായിരിക്കാം. നഷ്ട പ്പെട്ട പല ഗ്നോസ്റ്റിക് കൃതികളെപ്പറ്റിയും ഇതിൽ പരാമർശിക്കുന്നു. ഗ്നോസ്റ്റിക് സിദ്ധാന്തത്തെപ്പറ്റി പഠിക്കാൻ ഇതൊരു നല്ല രേഖയാണ്.

**2. സിൻതഗ്മാ**

'ഫിലൊസൊഫുമെന' എഴുതിയതിനു വളരെ മുമ്പുതന്നെ സിൻതഗ്മാ എഴുതി. *എല്ലാ പാഷണ്ഡതകൾക്കും എതിരെ* എന്ന് എവുസേബിയസ് അതിനെ വിളിക്കുന്നു (സഭാ. 6:22,2). 32 അബദ്ധോപദേശങ്ങളെ ഈ കൃതി ഖണ്ഡിക്കുന്നു. ഗ്രീക്കിലുള്ള കൃതി കിട്ടിയിട്ടില്ല. എവുസേബിയസ്, ജറോം, ഫോസിയസ് എന്നിവരുടെ പരാമർശങ്ങളാണ് നമുക്കാധാരം. തെർത്തു ല്യനും എപ്പിഫാനിയസും ഇതുപയോഗിച്ചിരുന്നു.

**3. അന്തിക്രിസ്തു**

ഗ്രീക്കിൽ 200-ൽ എഴുതിയ ഈ കൃതി മൂലത്തിൽ തന്നെ കൈവന്നി ട്ടുണ്ട്. ഒരു തെയോഫിലസിനെ അഭിസംബോധന ചെയ്താണ് ഇതെഴുതി യിരിക്കുന്നത്. അന്തിക്രിസ്തുവിന്റെ വരവിനു മുമ്പുള്ള അടയാളങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയെപ്പറ്റി വിവരിക്കുന്നു.

**4. ഭാഷ്യങ്ങൾ**

ഒരിജനെപ്പോലെ ഹിപ്പോളിറ്റസും വേദപുസ്തകത്തിനു നിരവധി ഭാഷ്യങ്ങൾ എഴുതി. ദാനിയേലിന്റെ പുസ്തകം, ഉത്തമഗീതം, ഉല്പത്തി,49, ആവർത്തനം,33, 1രാജാ.17, സങ്കീർത്തനപുസ്തകം എന്നിവയുടെ ഭാഷ്യങ്ങൾ ഭാഗികമായി കിട്ടിയിട്ടുണ്ട്; കിട്ടാത്തവ നിരവധിയാണ്: ആറു ദിവസത്തെ സൃഷ്ടി, ആറു ദിവസങ്ങൾക്കുശേഷം എന്തു സംഭവിച്ചു, ഇസഹാക്കിന്റെ അനുഗ്രഹം, ബാലാമിന്റെ ആശീർവാദം, മോശയുടെ ഗീതം, റൂത്തിന്റെ പുസ്തകം, എൽക്കാനായും ഹന്നായും, എൻഡോറിലെ പ്രശ്നക്കാരി, സുഭാഷിതങ്ങൾ, സഭാപ്രസംഗി, ഏശായാ, എസക്കിയേൽ, സക്കറിയാ, മത്തായി, രണ്ടു കള്ളന്മാർ, താലന്തുകളുടെ ഉപമ, വെളിപാട് എന്നിവ നഷ്ടപ്പെട്ട ഭാഷ്യങ്ങളാണ്. ഇവയുടെ ചില ശകലങ്ങൾ മാത്രമേ ലഭിച്ചിട്ടുണ്ട്.

(a) ദാനിയേലിന്റെ പുസ്തകത്തിന്റെ ഭാഷ്യം : ഹിപ്പോളിറ്റസ് നാല് പുസ്ത കങ്ങളിലായി തിയഡോഷ്യന്റെ ഗ്രീക്കുവിവർത്തനത്തെ ആധാരമാക്കി 204-ലാണ് ഇതെഴുതിയത്.[27] സഭയിലെ ആദ്യത്തെ ഭാഷ്യകൃതിയായി ഇതിനെ കണക്കാക്കാം. ഒന്നാം പുസ്തകം സൂസന്നായുടെ ചരിത്രം വിവരിക്കുന്നു. കളങ്കരഹിതയായ വധുവിനെ – സഭയെ, ക്രിസ്തുവിന്റെ മണവാട്ടിയെ – അവളിൽ ഗ്രന്ഥകർത്താവ് കാണുന്നു. അവളെ യൂദരും ജാതികളും ഞെരുക്കുന്നു: 'സൂസന്നാ സഭയുടെയും അവളുടെ ഭർത്താവായ യൊവാക്കിം ക്രിസ്തുവിന്റെയും മുൻകുറിയാണ്. തോട്ടം വിശുദ്ധരുടെ

വിളിയെ സൂചിപ്പിക്കുന്നു. ഫലസമൃദ്ധമായ വൃക്ഷങ്ങൾ പോലെ വിശുദ്ധർ സഭയിൽ നടപ്പെട്ടിരിക്കുന്നു. ബാബിലോൺ ലോകത്തെ കുറിക്കുന്നു. സഭയ്ക്കെതിരെ ഗൂഢാലോചന നടത്തുന്ന രണ്ടുകൂട്ടം ആളുകളുടെ മുൻകുറിയാണ് മൂപ്പന്മാർ. ഒന്ന് പരിച്ഛേദനത്തിൽ നിന്നുള്ളവർ; മറ്റേതു ജാതികൾ.....' ഇങ്ങനെ പോകുന്നു ഹിപ്പോളിറ്റസിന്റെ വ്യാഖ്യാനം. രണ്ടാം പുസ്തകം ദാനിയേൽ രണ്ടിലും ഏഴിലും പറയുന്ന നാലു സാമ്രാജ്യങ്ങളെപ്പറ്റി - ബാബിലോണിയൻ, പേർഷ്യൻ, ഗ്രീക്ക്, റോമൻ - ചർച്ച ചെയ്യുന്നു. മൂന്നാം പുസ്തകം ക്രിസ്ത്യാനികളും രാഷ്ട്രവും തമ്മിലുള്ള ബന്ധം വിവരിക്കുന്നു. നാലാം പുസ്തകത്തിൽ യേശുവിനെ സംബന്ധിച്ച് ചില പരാമർശങ്ങളുണ്ട്. സഭാചരിത്രത്തിൽ തന്നെയും അവ ആദ്യപരാമർശങ്ങളാണ്: യേശു ജനിച്ചത് അഗസ്റ്റസിന്റെ 42-ാം വർഷം ഡിസംബർ 25-ന് ഒരു ബുധനാഴ്ച ദിവസം; യേശു മരിച്ചത് മാർച്ച് 25-ന് എന്നിവയാണ് ആ പരാമർശങ്ങൾ (അധ്യാ. 23). ഇവ പില്ക്കാല കൂട്ടിച്ചേർക്കലായി പലരും കരുതുന്നു.

(b) ഉത്തമഗീതത്തിന്റെ വ്യാഖ്യാനം: ഒരിജന്റെ ഉത്തമഗീതഭാഷ്യത്തോടു സാമ്യമുള്ള ഈ വ്യാഖ്യാനം പ്രസംഗ ശൈലിയിലാണ്. ഗീതത്തിലെ രാജാവ് ക്രിസ്തുവും രാജ്ഞി സഭയുമാണ്; അഥവാ, ദൈവസ്നേഹത്താൽ നിറഞ്ഞ ആത്മാവും ദൈവവുമാണ്. അല്ലെഗോറിക്കൽ അർഥം (രൂപകാർത്ഥം) നൽകിയാണ് ഹിപ്പോളിറ്റസ് ഇത് വ്യഖ്യാനിക്കുന്നത്.

(c) യാക്കോബിന്റെ ആശീർവാദത്തെക്കുറിച്ച്: ഉൽപത്തി 49-നെ ആധാരമാക്കി എഴുതിയ കൃതി അർമേനിയൻ, ജോർജിയൻ ഭാഷകളിൽ ലഭിച്ചിട്ടുണ്ട്. വി. അംബ്രോസിന്റെ *പാത്രിയാർക്കീസുമാരുടെ ആശീർവാദത്തെക്കുറിച്ച്*, എൽവീരായിലെ ഗ്രിഗറിയുടെ (392) *വി.ഗ്രന്ഥത്തിലെ പുസ്തകങ്ങളെക്കുറിച്ച് ഒരിജന്റെ കൃതി* എന്നീ ഗ്രന്ഥങ്ങൾ ഇതിനെ ആശ്രയിച്ചിട്ടുണ്ട്.

(d) മോശയുടെ ആശീർവാദത്തെക്കുറിച്ച്: ആവർത്തനഗ്രന്ഥം 33-ന്റെ ഭാഷ്യം അർമേനിയൻ, ജോർജിയൻ വിവർത്തനങ്ങളിൽ ലഭിച്ചിട്ടുണ്ട്.

(e) ദാവീദിന്റെയും ഗോല്യാത്തിന്റെയും കഥ: 1 രാജാ. 17-നെ ആധാരമാക്കിയ ഒരു പ്രസംഗം അർമേനിയൻ, ജോർജിയൻ ഭാഷകളിൽ കാണാം.

(f) സങ്കീർത്തനങ്ങളെക്കുറിച്ച്: സങ്കീർത്തനഭാഷ്യങ്ങളിൽ വളരെ കുറച്ചു മാത്രമേ കൈവന്നിട്ടുള്ളൂ. സൈറസിലെ തിയഡൊറെറ്റ് സങ്കീ. 2,7-ന്റെ ഭാഷ്യത്തിൽ നിന്നും സങ്കീ. 22:1-ൽ നിന്നും 23:7-ൽ നിന്നും ഗ്രീക്കിൽ തന്നെ മൂന്നു വാചകങ്ങൾ ഉദ്ധരിക്കുന്നു. സുറിയാനിയിൽ ചില ഭാഗങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്.

### 5. നാളാഗമ കൃതികൾ

(1) കാലാനുക്രമണിക (*ക്രോണിക്കോൻ ബിബ്ളോയ്*): ഹിപ്പോളിറ്റസ് 234-ൽ ലോകചരിത്രത്തിന്റെ ഒരു കാലാനുക്രമണിക എഴുതി. സൃഷ്ടി മുതൽ 234 വരെയുള്ള സംഭവങ്ങളെല്ലാം ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉടനെ ഒന്നും ആരും ലോകാവസാനം പ്രതീക്ഷിക്കേണ്ട; ഇനിയും വളരെ നാളുകൾ കഴിഞ്ഞേ അതു സംഭവിക്കൂ എന്ന് അദ്ദേഹം തറപ്പിച്ചു പറഞ്ഞു. അദ്ദേഹത്തിന്റെ കണക്കുകൂട്ടലനുസരിച്ച് ലോകം ഉണ്ടായിട്ട് 5738 കൊല്ലങ്ങളായി. ഇനിയും ആയിരം കൊല്ലം കൂടി മുമ്പോട്ടുപോകും. അതുകൊണ്ട് ഇപ്പോൾ എല്ലാം അവസാനിക്കും എന്നാരും തത്രപ്പെടേണ്ട.

(2) ഉയർപ്പുദിവസം സംബന്ധിച്ചുണ്ടാക്കിയ പഞ്ചാംഗം: ഒരു കലണ്ടർ ഉണ്ടാക്കാനുള്ള ഹിപ്പോളിറ്റസിന്റെ പരിശ്രമം പൂർണമായി വിജയിച്ചില്ല. എവുസേബിയസ് ഈ കൃതിയെപ്പറ്റി സൂചിപ്പിക്കുന്നു (സഭാ.6,22,1). 222 മുതൽ 238 വരെയുള്ള വർഷങ്ങളിലെ കലണ്ടറാണ് അദ്ദേഹം ഉണ്ടാക്കിയത്. യൂദന്മാരെ ആശ്രയിക്കാതെ സഭയ്ക്കു സ്വന്തമായി ഒരു കലണ്ടർ ഉണ്ടാക്കാനായിരുന്നു പദ്ധതി. എന്നാൽ 237-ആയപ്പോ ഴേക്കും ഈ പുതിയ കലണ്ടർ അസ്വീകാര്യമായി വന്നു. കാരണം, ജ്യോതിശാസ്ത്ര സംബന്ധമായ കണക്കുകൂട്ടലുകളുമായി അതിനു പൊരുത്തപ്പെട്ടു പോകാൻ സാധിച്ചില്ല.

### 6. പ്രസംഗങ്ങൾ

പെസഹായെക്കുറിച്ച് ചെയ്ത പ്രസംഗത്തെപ്പറ്റി എവുസേബിയസ് സാക്ഷിക്കുന്നു (സഭാ.6,22,1). പുറപ്പാട് 12:1-14,43-49 നെ ആധാരമാക്കിയാണ് ഈ പ്രസംഗം. ഇസ്രായേലിന്റെ പുറപ്പാട് എപ്രകാരം നമ്മുടെ രക്ഷയുടെ മുൻ കുറിയായിരുന്നു എന്നു കാണിക്കുന്നു. ഉയർപ്പ് നീസാൻമാസം 14-നാണെന്ന് ഒരിടത്ത് പറയുന്നു. നമ്മുടെ കർത്താവിനെ പ്രകീർത്തിച്ചു കൊണ്ട് അദ്ദേഹം നടത്തിയ പ്രസംഗം ഒരിജൻ റോമിലായിരിക്കുമ്പോൾ ശ്രവിക്കാനിടയായി. എന്നാൽ അത് ലഭിച്ചിട്ടില്ല. നൊയേറ്റസിന്റെ പാഷണ്ഡതയെക്കുറിച്ചുള്ള പ്രസംഗം, 'യൂദന്മാർക്കെതിരെ' എന്നീ കൃതികളുടെ ചില ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. അവ അദ്ദേഹത്തിന്റേതല്ല എന്നു കരുതുന്നവരുമുണ്ട്.

### 7. അപ്പസ്തോലിക പാരമ്പര്യം

ഡിഡാക്കെയെപ്പോലെ സഭാനടപടിക്രമങ്ങൾ പരാമർശിക്കുന്ന ഒരു വിലപ്പെട്ട ഗ്രന്ഥമാണ് 'അപ്പസ്തോലിക പാരമ്പര്യം.' ഗ്രീക്കിൽ 'അപ്പസ്തോലിക്കെ പരദോസിസ്' എന്നാണിതിന്റെ പേര്. ഈ ഗ്രന്ഥം നഷ്ടപ്പെട്ടു എന്നു കരുതപ്പെട്ടിരുന്നു. എന്നാൽ 1916-ൽ ആർ. എച്ച്. കൊണ്ണോലി 'ഈജിപ്ഷ്യൻ നടപടിക്രമം' എന്ന ഗ്രന്ഥം ഈ അപ്പസ്തോലികപാരമ്പര്യം തന്നെയാണെ

ന്നു തെളിയിച്ചു. 215-ലാണ് ഇതെഴുതപ്പെട്ടത്. ആദിമസഭയിലെ ആരാധന ക്രമങ്ങളിലേക്ക് ഇത് വെളിച്ചം വീശുന്നു. മൂലഗ്രന്ഥം നഷ്ടപ്പെട്ടെങ്കിലും കോപ്റ്റിക്, എത്യോപ്യൻ, അറബി, ലത്തീൻ വിവർത്തനങ്ങളിൽ കിട്ടിയി ട്ടുണ്ട്. പാശ്ചാത്യസഭയിൽ ഇതിനു വലിയ സ്ഥാനം ലഭിച്ചില്ല. എന്നാൽ കോപ്റ്റിക്, എത്യോപ്യൻ സഭകൾ ഇതു സ്വീകരിക്കുകയും ആരാധനക്രമം വളർത്തിയെടുക്കാൻ ഉപയോഗിക്കുകയും ചെയ്തു. തന്മൂലം ഇതു പൗരസ്ത്യസഭകളുടെ പൊതു ഭണ്ഡാഗാരത്തിന് മുതൽക്കൂട്ടായി. പല ഗ്രന്ഥങ്ങൾക്കും നിയമസംഹിതകൾക്കും ഇതൊരു മൂലഗ്രന്ഥമായി. സിറിയായിൽ വച്ച് 380-ൽ എഴുതപ്പെട്ട 'അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂ ഷന്റെ എട്ടാം പുസ്തകവും'[28] ഈ എട്ടാം പുസ്തകത്തിന്റെ മറ്റൊരു പതിപ്പായ 'എപ്പിറ്റോം' എന്ന കൃതിയും ഇതിനെ അടിസ്ഥാനമാക്കി എഴുതി യിട്ടുള്ളതാണ്. 'കർത്താവിന്റെ വിൽപ്പത്രം'എന്നറിയപ്പെടുന്ന സഭാനടപടി ക്രമവും, 'ഹിപ്പോളിറ്റസിന്റെ കാനോനകൾ'(500) എന്ന ഗ്രന്ഥവും ഇതിനെ ആശ്രയിച്ച് എഴുതിയിട്ടുള്ളതാണ്. (മലയാള വിവർത്തനത്തിന്: ജി.ചേടിയ ത്ത്, *സഭാപിതാക്കന്മാർ, വാല്യം 3*, കോട്ടയം, 2000, പേജ്,108-142).

അപ്പസ്തോലിക പാരമ്പര്യത്തെ മൂന്നായി തരംതിരിക്കാം: (1) ഒരു പ്രാരംഭം, മെത്രാന്മാരുടെ തെരഞ്ഞെടുപ്പും വാഴിക്കലും, മെത്രാഭിഷേക പ്രാർഥന, അതിനുശേഷമുള്ള കുർബാന, തൈലം കൂദാശ ചെയ്യുന്ന ക്രമം, വൈദികരെയും ശെമ്മാശ്ശന്മാരെയും വാഴിക്കുന്നതിനുള്ള നിയമങ്ങളും പ്രാർഥനകളും, മറ്റ് ആശീർവാദങ്ങൾ, വിധവകൾ, കന്യകകൾ എന്നിത്യാദി കാര്യങ്ങൾ ഈ ഭാഗത്ത് ചർച്ചചെയ്യുന്നു. (2) ജനങ്ങൾക്കു വേണ്ടിയുള്ള നിയമങ്ങൾ ഉൾക്കൊള്ളുന്നു. പുതുതായി വിശ്വാസം സ്വീകരിച്ചവർക്കു വേണ്ടി യുള്ള നിയമങ്ങൾ, ക്രിസ്ത്യാനികൾക്കു വിലക്കപ്പെട്ട തൊഴിലുകളും ജോലികളും, സ്നാനാർഥികൾ, സ്നാനം, മൂറോനഭിഷേകം, ആദ്യകുർ ബാനാനുഭവം എന്നിവയാണ് ചർച്ചാവിഷയം. (3) ഞായറാഴ്ചയിലെ കുർബാന, ഉപവാസം, അഗാപ്പേ, ദീപാശീർവാദ ശുശ്രൂഷ, പ്രാർഥിക്കേണ്ട സമയം, ശവസംസ്കാരം, വേദപാഠം, ആധ്യാത്മിക പാരായണം, കുരിശുവര യ്ക്കൽ എന്നു തുടങ്ങി പ്രായോഗിക ജീവിതത്തിന് ആവശ്യമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നു.

**8. നഷ്ടപ്പെട്ട കൃതികൾ**

1. പ്രപഞ്ചത്തെക്കുറിച്ചു ഗ്രീക്കുകാർക്കും പ്ലേറ്റോയ്ക്കുമെതിരെ. 2. അർതേമോൻ എന്നയാളിന്റെ അബദ്ധോപദേശത്തിനെതിരെ. 3. ഉയർപ്പി നെപ്പറ്റി. 4. സെവെരീനയ്ക്കു നൽകിയ ഉപദേശം. 5. മാർസ്യനെതിരെ. 6. യോഹന്നാന്റെ സുവിശേഷത്തെയും വെളിപാടിനെയും സംബന്ധിച്ച്. 7. ഗായുസിനെതിരെ. എവുസേബിയസും (സഭാ. 6.22) അബ്ദീശോയും (കാറ്റ ലോഗ്,3,4) ഇവയെപ്പറ്റി സൂചിപ്പിക്കുന്നു.

## ദൈവശാസ്ത്രം

ഐറേനിയസിന്റെ ഒരു ശിഷ്യനായിരുന്നു ഹിപ്പോളിറ്റസ് എന്നു പറയപ്പെടുന്നു. പാഷണ്ഡരെ എതിർക്കുന്നതിൽ അദ്ദേഹം ഐറേനിയസിന്റെ മാതൃക അനുകരിച്ചു. പലരും ഹിപ്പോളിറ്റസിനെ ഒരിജനുമായി താരതമ്യപ്പെടുത്താറുണ്ട്. ഹിപ്പോളിറ്റസ് രചിച്ച ഗ്രന്ഥങ്ങളുടെ ബാഹുല്യവും ഭാഷ്യപഠനങ്ങൾക്ക് അദ്ദേഹം കൊടുത്ത പ്രാധാന്യവുമാണ് ഇപ്രകാരമൊരു താരതമ്യത്തിന് നിദാനം. ഐറേനിയസിനെയും ഒരിജനേയും ബന്ധിക്കുന്ന കണ്ണിയായി അദ്ദേഹത്തെ കണക്കാക്കാം. ഒരിജൻ ചെയ്തതു പോലെ അദ്ദേഹം ഒരു ദൈവശാസ്ത്ര സംഹിതയ്ക്കു രൂപം കൊടുത്തില്ല. താത്വിക ചർച്ചകളേക്കാൾ പ്രായോഗികചർച്ചകൾക്കാണ് അദ്ദേഹം പ്രാധാന്യം നൽകിയത്. മികച്ച കലാവിരുതോടുകൂടെ സാഹിത്യശൈലിയിൽ എഴുതാൻ അദ്ദേഹത്തിനു കഴിഞ്ഞു. ചിലപ്പോഴൊക്കെ അത് അതിരുകടന്നു പോയില്ലേയെന്ന് ചിലർ സംശയിക്കുന്നു. ഒരിജനിലുള്ള ആഴമേറിയ ദാർശനികത്വം അദ്ദേഹത്തിൽ ദൃശ്യമല്ല. അദ്ദേഹത്തിന്റെ താത്വികജ്ഞാനം ഉപരിപ്ലവമാണ്. ജസ്റ്റിൻ, ക്ലെമെന്റ്, ഒരിജൻ ആദിയായവർ സത്യത്തിന്റെ അംശം ഗ്രീക്കു തത്വശാസ്ത്രത്തിൽ ദർശിക്കുകയും ക്രിസ്തീയ വിശ്വാസവും തത്വശാസ്ത്രവും തമ്മിൽ ബന്ധം സ്ഥാപിക്കുന്നതിനു യത്നിക്കുകയും ചെയ്തു. എന്നാൽ പാഷണ്ഡതകളുടെ ഉറവിടമായിട്ടാണ് അദ്ദേഹം തത്വശാസ്ത്രത്തെ കാണുന്നത്. എങ്കിലും ഐറേനിയസിനേക്കാൾ കൂടുതൽ സംഗതികൾ ഗ്രീക്കു തത്വശാസ്ത്രത്തിൽ നിന്ന് അദ്ദേഹം കടമെടുത്തു.

### 1. ക്രിസ്തുശാസ്ത്രം

ജസ്റ്റിൻ, അത്തനാഗോറസ്, തെയോഫിലസ് ആദിയായവരുടെ ശൈലിയിലാണ് ക്രിസ്തുശാസ്ത്രം സംബന്ധിച്ച് ഹിപ്പോളിറ്റസും സംസാരിക്കുന്നത്. വചനം പിതാവിൽ നിന്ന് താഴ്ന്ന പടിയിലാണ് എന്ന സബോർഡിനേഷനിസം അദ്ദേഹത്തിൽ ദൃശ്യമാണ്. പിതാവിൽ മറഞ്ഞിരിക്കുന്ന വചനം (*ലോഗോസ് എൻദിയാതെറ്റോസ്*) എന്നും പിതാവിൽ നിന്ന് പുറപ്പെട്ട വചനം (*ലോഗോസ് പ്രൊഫൊറികോസ്*) എന്നും രണ്ടു രീതിയിൽ വചനത്തെപ്പറ്റി സംസാരിക്കുന്നു. വചനത്തിന്റെ ജനനം പടിപടിയായിട്ടാണ് എന്നും അവസാനമായി മാത്രമേ വചനം വ്യക്തിത്വം സ്വീകരിച്ചുള്ളൂ എന്നും മറ്റും അദ്ദേഹം തെറ്റായി പഠിപ്പിച്ചു. പ്രപഞ്ചസൃഷ്ടിക്കു മുൻപും പിൻപും ഉള്ള കാലമാണ് വചനത്തിന്റെ ആദ്യത്തെ രണ്ടു ഘട്ടങ്ങൾ. ഈ രണ്ടു ഘട്ടങ്ങളിലും വചനം പുരുഷത്വം ധരിച്ചില്ല, മൂന്നാംഘട്ടം മനുഷ്യാവതാരത്തിലാണ്; അവിടെവച്ചു വചനം പൂർണമായി പുത്രനായിത്തീർന്നു. ഇത്തരം ചിന്തകൾ ദൈവത്വത്തിന്റെ മാറ്റമില്ലാത്ത സ്വഭാവത്തിനു ചേർന്നതല്ല എന്നൊന്നും അദ്ദേഹം ചിന്തിച്ചില്ല. പ്രപഞ്ചസൃഷ്ടിപോലെ വചനത്തിന്റെ

ജനനവും പിതാവിന്റെ ഒരു സ്വതന്ത്ര പ്രവൃത്തിയായിരുന്നെന്നും ദൈവം ഇച്ഛിച്ചിരുന്നെങ്കിൽ ഏതു മനുഷ്യനേയും ദൈവമെന്ന നിലയിലേക്ക് ഉയർത്താൻ സാധിക്കുമായിരുന്നെന്നും ഉള്ള അബദ്ധാഭിപ്രായങ്ങളും ഹിപ്പോളിറ്റസ് പഠിപ്പിച്ചു (ഫിലൊ. 10:33.7). ചുരുക്കത്തിൽ, ക്രിസ്തുശാസ്ത്രത്തിൽ വിശ്വാസസമർഥകരെ പിൻചെന്നതിന്റെ പാകപ്പിഴകൾ ഹിപ്പോളിറ്റസിൽ ദൃശ്യമാണ്.

**2. രക്ഷാശാസ്ത്രം**

രക്ഷാശാസ്ത്രം സംബന്ധിച്ച് ഐറേനിയസിന്റെ നേതൃത്വമാണ് അദ്ദേഹം സ്വീകരിച്ചത്. ഐറേനിയസിന്റെ *റീകാപ്പിറ്റുലേഷൻ* ഹിപ്പോളിറ്റസിനെ വളരെ സ്വാധീനിച്ചിട്ടുണ്ട്. മനുഷ്യകുലത്തെ നവീകരിക്കാനാണ് വചനം ആദത്തിന്റെ മാംസം എടുത്തതെന്നു പല അവസരങ്ങളിലും അദ്ദേഹം പറഞ്ഞിട്ടുണ്ട് (അന്തിക്രിസ്തു, 4). വചനം മാംസം ധരിച്ചതുവഴി മനുഷ്യനു അമർത്യത തിരികെ കിട്ടി (നൊയേറ്റസിനെതിരെ, 17). രക്ഷകൻ ഒരു പൂർണമനുഷ്യനാണ്: പുതിയ സൃഷ്ടിവഴി പഴയ മനുഷ്യന് അവിടുന്ന് പുതിയ രൂപം നൽകി. അവിടുന്ന് എല്ലാറ്റിനുമുപരി ദൈവവുമായതിനാൽ പഴയ മനുഷ്യനെ നവീകരിച്ചു. മനുഷ്യകുലത്തിന്റെ ദൈവീകരണമാണ് രക്ഷ എന്ന ഐറേനിയസിന്റെ ആശയം ഹിപ്പോളിറ്റസും പഠിപ്പിക്കുന്നു (ഫിലൊ. 34).

**3. സഭാശാസ്ത്രം**

ഹിപ്പോളിറ്റസിന്റെ സഭാശാസ്ത്രത്തിനു രണ്ടു വശങ്ങളുണ്ട്. 'ഹയരാർക്കിയൽ സഭ,' 'ആധ്യാത്മിക സഭ' എന്ന് അദ്ദേഹം സഭയെ രണ്ടു രീതിയിൽ കാണുന്നു. ആദ്യത്തെ ആശയം ഐറേനിയസിൽ ഉടനീളം കാണുന്നതാണ്. പാഷണ്ഡികളെ എതിർക്കുമ്പോൾ സഭയാണു സത്യ വാഹക എന്നു തെളിയിക്കാൻ അദ്ദേഹം ബദ്ധപ്പെടുന്നു. അവളുടെ പ്രബോധനം സത്യമാണ് എന്നതിന്റെ തെളിവായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത് ഇടമുറിയാതുള്ള അപ്പസ്തോലിക പിൻതുടർച്ചയാണ്.

ഐറേനിയസ് സഭയെ മാതാവ് എന്നു വിളിക്കുന്നു (പാഷ.3:83,1;5.20,2). എന്നാൽ ഹിപ്പോളിറ്റസിൽ 'സഭാമാതാവ്' എന്ന പ്രയോഗം കാണാനില്ല. സഭയെ വധു എന്നും ക്രിസ്തുവിന്റെ മണവാട്ടിയെന്നും അദ്ദേഹം നിരവധി പ്രാവശ്യം വിളിക്കുന്നു. വെളിപാട്, 12.1-6-ൽ പരാമർശിക്കുന്ന സ്ത്രീ സഭയാണ് എന്നത്രേ അദ്ദേഹം പറയുന്നത്. 'ശിശു' വിശ്വാസികളല്ല 'വചന'മാണ് (അന്തിക്രിസ്തു, 61). അവിടേയും 'അമ്മ'എന്നു പ്രയോഗിച്ചിട്ടില്ല.

ആധ്യാത്മിക സഭയെപ്പറ്റിയുള്ള പ്രബോധനത്തിൽ ഹിപ്പോളിറ്റസിനു തെറ്റുപറ്റി. 'സഭ നീതിമാന്മാരുടെ മാത്രം സമൂഹമാണ്. പാപികൾക്കതിൽ സ്ഥാനമില്ല. അനുതപിക്കുന്ന പാപിക്കു പോലും സഭയിൽ തിരികെ വരാൻ

സാധ്യമല്ല' എന്നെല്ലാം അദ്ദേഹം പഠിപ്പിച്ചു. 'സഭയുടെ കതകുകൾ ചിലയാളുകൾ മലർക്കെ തുറന്നിട്ടിരിക്കയാണ്. അതു ശരിയല്ലെന്ന് ഉറക്കെ പ്രഖ്യാപിക്കുക' അദ്ദേഹം ദൗത്യമായെടുത്തു. 'പഴം ഭക്ഷിച്ച ആദാം പറുദീസായിൽ നിന്ന് ബഹിഷ്കൃതനായതുപോലെ പാപം ചെയ്യുന്നവർ പുതിയ ഏദനാകുന്ന സഭയിൽ നിന്നു പരിശുദ്ധാത്മാവു നഷ്ടപ്പെട്ടു പുറത്തുപോകുന്നു' (ദാനിയേൽ ഭാഷ്യം,1.17.5–7). 'സ്വർഗീയ ജറുസലേമിനെ ലക്ഷ്യമാക്കി കിഴക്കോട്ടു പോകുന്ന കപ്പലായി'അദ്ദേഹം സഭയെ ചിത്രീകരിക്കുന്നു (അന്തിക്രിസ്തു, 59).

**4. പാപമോചനം**

*അപ്പസ്തോലിക പാരമ്പര്യത്തിൽ* പാപം മോചിക്കാൻ മെത്രാനുള്ള അധികാരത്തെ സംബന്ധിച്ചു ഹിപ്പോളിറ്റസ് സ്പഷ്ടമായി പഠിപ്പിക്കുന്നു. മെത്രാഭിഷേകപ്രാർഥന അതു തെളിയിക്കുന്നു. ഈ പ്രാർഥന അപ്പസ്തോലിക പാരമ്പര്യമായിട്ടത്രേ ഉദ്ധരിക്കുന്നത്. അങ്ങനെയെങ്കിൽ എല്ലാ പാപങ്ങളും മോചിക്കാനുള്ള അധികാരവും അദ്ദേഹം അംഗീകരിക്കുന്നു.

എന്നാൽ കലിക്സ്റ്റസ് പാപ്പായുമായുള്ള മത്സരത്തിൽ പാപികളുടെ തിരിച്ചുവരവ് സംബന്ധിച്ചു കർക്കശമായ ഒരു നിലപാടത്രേ അദ്ദേഹം എടുത്തത്. അനുതപിക്കുന്ന എല്ലാത്തരം പാപികളേയും കലിക്സ്റ്റസ് സഭയിലേക്കു തിരികെ എടുത്തിരുന്നു. ശിക്ഷണക്രമം നടപ്പാക്കുന്നതിൽ കാർക്കശ്യം കാട്ടിയില്ല; കളകളുടെ ഉപമ ഉദാഹരണത്തിന് എടുത്തു കാട്ടിയതും നോഹയുടെ പെട്ടകത്തിലെ ശുദ്ധവും അശുദ്ധവുമായ മൃഗങ്ങളുടെ ഉദാഹരണം ചൂണ്ടിക്കാട്ടിയതും ഹിപ്പോളിറ്റസിന് ഇഷ്ടപ്പെട്ടില്ല. ലൈംഗിക പാപം, തെറ്റുകാരായ മെത്രാന്മാരുടെ കാര്യം, ഒന്നിലധികം പ്രാവശ്യം വിവാഹം ചെയ്തവരെ വൈദികസ്ഥാനത്ത് ഉയർത്തുന്നത്, സ്വതന്ത്രരും അടിമകളും തമ്മിലുള്ള വിവാഹത്തിന്റെ വാസ്തവികത എന്നീ കാര്യങ്ങളെ സംബന്ധിച്ചാണ് അദ്ദേഹം കാർക്കശ്യം ആവശ്യപ്പെട്ടത്. ഫിലൊസൊഫുമെനായിലെ (9:12) പരാമർശം ഈ രീതിയിലാണ് പണ്ഡിതന്മാർ മനസ്സിലാക്കുന്നത്.

റോമൻ സാമ്രാജ്യത്തിൽ സ്വതന്ത്രരും അടിമകളും തമ്മിലുള്ള വിവാഹം അനുവദിക്കപ്പെട്ടിരുന്നില്ല. അതു നിയമത്തിന്റെ മുമ്പിൽ വിവാഹമേ ആയിരുന്നില്ല. അത്തരം റോമൻ നിയമങ്ങളെ കാറ്റിൽ പറത്തിക്കൊണ്ട് സാമൂഹ്യപരിഷ്കരണം നടത്താനാണ് കലിക്സ്റ്റസ് ഒരുമ്പെട്ടത്. സ്വതന്ത്രരേയും അടിമകളേയും ഒരേ തട്ടിൽ കാണാനും സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ ഉന്മൂലനം ചെയ്യാനും സമത്വം നടപ്പാക്കാനും സഭ ചെയ്ത സംരംഭം സ്തുത്യർഹവും ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്നതുമായിരുന്നു.

 www.malankaralibrary.com

അതൊരു നവീകരണമായി ഹിപ്പോളിറ്റസ് വാദിച്ചു. ഇതിൽ നിന്നുള വാകുന്ന ദുഷ്ഫലങ്ങളെപ്പറ്റി ചിന്തിച്ചിട്ടത്രേ ഹിപ്പോളിറ്റസ് കർക്കശഭാഷയിൽ കലിക്സ്റ്റസിനെ വിമർശിച്ചവർ.

## 3. നൊവേഷ്യൻ (+257/8)

ഫ്രീജിയാക്കാരനാണ് നൊവേഷ്യൻ എന്ന് ഫിലോസ്തോർജിയൂസ് പറയുന്നു (സഭാ.8:15). എന്നാൽ അദ്ദേഹത്തിന്റെ സാക്ഷ്യം സംശയാസ്പദ മാണ്. റോമാസഭയിലെ ഒരുന്നത ദൈവശാസ്ത്രജ്ഞനായിരുന്നു നൊവേഷ്യൻ. റോമൻ വൈദികരുടെയിടയിൽ അദ്ദേഹത്തിന് നല്ലൊരു സ്ഥാനമുണ്ടായിരുന്നു. വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ചവരെ തിരിച്ചെടുക്കു ന്നതു സംബന്ധിച്ച് അദ്ദേഹം സിപ്രിയാനെഴുതിയ കത്ത്, സിപ്രിയാന്റെ കത്തുകളുടെയിടയിൽ കാണുന്നു.

ഒരു റോമാമെത്രാൻ മരിച്ച സാഹചര്യത്തിലാണ് ഈ കത്തെഴുതു ന്നത്. നൊവേഷ്യൻ അടുത്ത റോമാമെത്രാനാകുമെന്നു കരുതിയിരുന്നു. എന്നാൽ 251 മാർച്ചിൽ കൊർണേലിയസ് പാപ്പായായി. വിശ്വാസം ഉപേക്ഷിച്ച വർ തിരിച്ചു വരുമ്പോൾ കാർക്കശ്യം പാടില്ല എന്ന വീക്ഷണം കൊർണേലി യസ് പുലർത്തി. നൊവേഷ്യൻ കൊർണേലിയൂസിന്റെ അഭിപ്രായത്തിനു വിരുദ്ധമായ നിലപാടെടുത്തു. ചില മെത്രാന്മാരെ സ്വാധീനിച്ച് എതിർ പാപ്പായായി. അങ്ങനെ നൊവേഷ്യൻ ശീശ്മ ആവിർഭവിച്ചു. അലക്സാ ണ്ഡ്രിയായിലെ ദിവന്നാസ്യോസ് നൊവേഷ്യന് ഒരു കത്തയച്ചു നോക്കി. എന്നാൽ തിരികെ വരാനുള്ള ആഹ്വാനം അയാൾ നിരസിച്ചു. പടിഞ്ഞാറു സ്പെയിൻ വരേയും കിഴക്കു സിറിയ വരേയും നൊവേഷ്യന്റെ സഭ വ്യാപിച്ചു. അയാളുടെ പിൻഗാമികൾ 'കത്തറോയ്' (പരിശുദ്ധർ ) എന്നു സ്വയം വിളിച്ചു. ഒരു റോമൻ സിനഡ് നൊവേഷ്യനെയും അനുയായികളെയും മുടക്കി. അയാ ളുടെ പിൽക്കാല ജീവിതത്തെപ്പറ്റി വളരെയൊന്നും അറിവില്ല. വലേറിയന്റെ മതപീഡനത്തിൽ നൊവേഷ്യൻ കൊല്ലപ്പെട്ടു എന്നാണ് സൊക്രാട്ടസ് പറയുന്നത് (സഭാചരിത്രം, 4,28).

വി. ജറോമിന്റെ 'രക്തസാക്ഷിവിവരണ'ത്തിൽ ജൂൺ 29-ന് ഒരു നൊവേഷ്യന്റെ അനുസ്മരണയുണ്ട്. അയാൾ റോമാക്കാരനാണെന്നു മാത്രമേ പ്രസ്താവിക്കുന്നുള്ളൂ. 1932-ൽ റോമിൽ പുതുതായി കണ്ടുപിടിക്ക പ്പെട്ട ശവക്കോട്ടയിൽ ഒരു കല്ലറ കാണുകയുണ്ടായി. ഏറ്റവും വാഴ്ത്തപ്പെട്ട രക്തസാക്ഷി നൊവേഷ്യന് - ഡീക്കൻ ഗൗദെൻസ്യൂസ് (നൊവാസ്യാനോ ബെയാതീസിമോ മർതീരി ഗൗദെൻസ്യൂസ് ദിയാക്) എന്ന് ചുവന്ന മനോഹര അക്ഷരങ്ങളിൽ കല്ലറയിന്മേൽ എഴുതിയിട്ടുണ്ട്. ഒരു പക്ഷേ നൊവേഷ്യന്റെ കബറിടമായിരിക്കാം ഇത്. എന്നാൽ നൊവേഷ്യന്റെ മെത്രാൻ സ്ഥാനത്തെ പ്പറ്റി അവിടെ പരാമർശിക്കുന്നില്ല.

വളരെയധികം കർമശക്തിയുള്ള വ്യക്തിയായിരുന്നു അയാൾ. എന്നാൽ സ്വഭാവദൃഢതയില്ലായ്മ ഒരു കുറവായിരുന്നു. അദ്ദേഹത്തിന്റെ പാണ്ഡിത്യവും കഴിവുകളും സമകാലീനരേക്കാൾ കൂടുതലായിരുന്നിരിക്കാം. അദ്ദേഹം സ്റ്റോയിക് തത്വശാസ്ത്രം ധാരാളം പഠിച്ചിരുന്നെന്ന് സിപ്രിയാൻ പറയുന്നു (ലേഖനം, 55.24). അതുപോലെ പ്രഭാഷണകലയിലും അദ്വിതീയനായിരുന്നു. അദ്ദേഹം സഭയിൽ നിന്നിരുന്നെങ്കിൽ 'ഒരു അമൂല്യപാത്രം ആകുമായിരുന്നു' എന്ന് 'നൊവേഷ്യന്' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് പറയുന്നു. റോമാസഭയിലെ എഴുത്തുകാരുടെ കൂട്ടത്തിൽ ആദ്യമായി ലത്തീനിൽ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചത് നൊവേഷ്യൻ ആണ്. റോമൻ ദൈവശാസ്ത്രത്തിന്റെ ആരംഭകനായും അയാളെ കണക്കാക്കാം.

## കൃതികൾ

നൊവേഷ്യന്റെ കുറേ കൃതികളുടെ പട്ടിക ജറോമിൽ കാണുന്നു (മഹദ്.70): ത്രിത്വത്തെക്കുറിച്ച്, യൂദന്മാരുടെ ആഹാരത്തെപ്പറ്റി, കാഴ്ചകൾ, അടക്കത്തിന്റെ ഗുണങ്ങൾ, ലേഖനങ്ങൾ, പെസഹായെപ്പറ്റി, സാബതിനെപ്പറ്റി, പരിച്ഛേദനത്തെപ്പറ്റി, പൗരോഹിത്യത്തെപ്പറ്റി, പ്രാർഥനയെപ്പറ്റി, തീക്ഷ്ണതയെപ്പറ്റി, അത്താലൂസിനെപ്പറ്റി.

### 1. ത്രിത്വത്തെക്കുറിച്ച്

ഈ കൃതി 250-നു മുമ്പ് എഴുതപ്പെട്ടു. ലത്തീൻ ഭാഷയിൽ റോമിൽ പ്രത്യക്ഷപ്പെട്ട ആദ്യത്തെ ഏറ്റവും വലിയ ദൈവശാസ്ത്ര കൃതിയാണിത്. തെർത്തുല്യന്റെ 'പ്രാക്സെയാസിനെതിരെ'(*അദ്വേർസുസ് പ്രാക്സെയാൻ*) എന്ന കൃതിയുടെ ചുരുക്കമാണിതെന്ന ജറോമിന്റെ പ്രസ്താവന (മഹദ്.70) മുഖവിലയ്ക്ക് എടുക്കേണ്ടതില്ല. നൊവേഷ്യന് ദൈവശാസ്ത്രജ്ഞൻ എന്ന പേരു സമ്പാദിച്ചുകൊടുത്ത വിശിഷ്ടകൃതിയാണിത്. ഒരിജന്റെ 'ആദ്യതത്വങ്ങൾ'എന്ന കൃതിയോടു കിടപിടിക്കത്തക്ക പൂർണതയും വേദപുസ്തക തെളിവുകളും പിൻതലമുറകളുടെ മേലുള്ള സ്വാധീനവും ഈ കൃതിക്കുണ്ട്. അന്ത്യോക്യയിലെ തെയോഫിലസ്, ജസ്റ്റിൻ, ഐറേനിയസ്, ഹിപ്പോളിറ്റസ്, തെർത്തുല്യൻ എന്നിവരുടെ ത്രിത്വസംബന്ധമായ പഠനങ്ങളെല്ലാം ഒന്നിച്ചു കൂട്ടി സ്വതസിദ്ധമായ ശൈലിയിൽ അദ്ദേഹം ഒരു കൃതിയെഴുതി. നേരത്തെയുള്ള എഴുത്തുകാരേക്കാൾ കൃത്യമായും വിശദമായും അദ്ദേഹം ചർച്ച ചെയ്യുന്നു. ത്രിത്വം എന്ന വാക്ക് ഉപയോഗിക്കുന്നില്ലെങ്കിലും കൃതി ത്രിത്വത്തെ പറ്റിയാണ് പുരാതന റോമൻ വിശ്വാസപ്രമാണത്തെ ആധാരമാക്കിയാണ് ചർച്ച. വിശ്വാസപ്രമാണത്തിന്റെ മൂന്നു പ്രധാന വിശ്വാസസത്യങ്ങളുടെ അപഗ്രഥനം നടത്തുന്നു. സ്രഷ്ടാവായ ദൈവത്തെപ്പറ്റി വിവരിക്കുന്നിടത്ത് സ്റ്റോയിക് തത്വശാസ്ത്രത്തിന്റെ സ്വാധീനം കാണാം.

ഒന്നാംഭാഗം (അധ്യാ.1–8): ആദ്യത്തെ അധ്യായം, മനുഷ്യസൃഷ്ടി, അരൂപികളുടെ സൃഷ്ടി എന്നിവ ചർച്ച ചെയ്യുന്നു. രണ്ടുമുതൽ എട്ടു വരെയുള്ള അധ്യായങ്ങൾ ദൈവികസത്ത, ദൈവികലക്ഷണങ്ങൾ എന്നിവ വിവരിക്കുന്നു. രണ്ടാംഭാഗം (9–28) ദൈവപുത്രനും മനുഷ്യപുത്രനുമായ യേശുക്രിസ്തുവിന്റെ രണ്ടു സ്വഭാവങ്ങളുടെ യോജിപ്പിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നു. യേശുക്രിസ്തു പഴയനിയമത്തിൽ വാഗ്ദാനം ചെയ്യപ്പെട്ടവനും പുതിയനിയമത്തിൽ കാണപ്പെട്ടവനുമത്രേ. ഡോസെറ്റിസം, എബിയൊണിറ്റിസം, ദത്തെടുക്കൽവാദം, മോഡലിസം, പിതൃഘാതകവാദം (*പാത്രിപാസ്സിയനിസം*) എന്നീ അബദ്ധോപദേശങ്ങളെ ഈ ഭാഗത്ത് ഖണ്ഡിക്കുന്നു. മൂന്നാംഭാഗം (29) പരിശുദ്ധാത്മാവിനെപ്പറ്റിയും ക്രിസ്തുവിന്റെ വധുവായ സഭയ്ക്ക് അവിടുന്ന് നല്കുന്ന ദാനങ്ങളെപ്പറ്റിയും സഭയിലെ അവിടുത്തെ പ്രവർത്തനങ്ങളെപ്പറ്റിയും ചർച്ച ചെയ്യുന്നു. നാലാംഭാഗം (30–31) ദൈവത്തിന്റെ ഏകത്വത്തെപ്പറ്റി വിവരിക്കുന്നു. പുത്രന്റെ ദൈവത്വം ദൈവത്വത്തിന്റെ ഏകത്വത്തിന് എതിരല്ല എന്നു തെളിയിക്കുന്നു. അവസാനത്തെ അധ്യായം പുത്രനു പിതാവിനോടുള്ള നിത്യമായ ബന്ധത്തെ സംബന്ധിച്ച് വിവിധ പാഷണ്ഡികൾക്കെതിരെ ചർച്ച ചെയ്യുന്നു.

**2. യൂദരുടെ ആഹാരത്തെപ്പറ്റി**

യൂദർക്കെതിരെ കത്തിന്റെ രൂപത്തിൽ മൂന്നു കൃതികൾ എഴുതിയ തിൽ ഇതു മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളൂ. മറ്റുള്ളവ പരിച്ഛേദനം, സാബത് എന്നിവയാണ് (ജറോം, മഹദ്. 70). പഴയനിയമത്തിലെ ആഹാര നിയമങ്ങളും അത്തരത്തിലുള്ള മറ്റു നിയമങ്ങളും ആത്മീയാർഥത്തിൽ മനസ്സിലാക്കണമെന്നു വാദിക്കുന്നു. എല്ലാം നല്ലതെന്നു കണ്ട ദൈവം എല്ലാറ്റിനേയും അനുഗ്രഹിച്ചു. അവയിൽ ചിലത് നല്ലതെന്നും ചിലത് ചീത്തയെന്നും പറയുന്നതു ദൈവത്തിന്റെ നന്മയുമായി യോജിച്ചു പോകുന്നതല്ല. അവയ്ക്ക് ആത്മീയാർത്ഥം നൽകുന്നതിന് യൂദന്മാർ ശ്രദ്ധിച്ചില്ല; അതിനാൽ അവർക്കു തെറ്റുപറ്റി.

മനുഷ്യസ്വഭാവവും മാനുഷികപ്രവൃത്തികളുമാണ് ഈ മൃഗങ്ങളിലൂടെ സൂചിതമായിരിക്കുന്നത്, 'അയവിറക്കുന്നത്' എന്നതിന്റെ അർത്ഥം 'ദൈവപ്രമാണം ആഹാരം പോലെ കരുതുന്നവർ' എന്നത്രേ. നിഷ്കളങ്കരായി നീതിയുടെ ഉറച്ച പാതയിലൂടെ സുകൃതം അഭ്യസിക്കുന്നവരാണ് 'ഇരട്ടക്കുളമ്പുള്ളവർ.' നകുലത്തെ ഭക്ഷിക്കരുതെന്ന് കൽപ്പിക്കുന്നതുവഴി മോഷ്ടിക്കരുതെന്നാണ് നിയമം അനുശാസിക്കുന്നത്. കഴുകൻ, പരുന്ത്, രാജാളി ആദിയായവ പിടിച്ചുപറിക്കുന്ന ക്രൂരന്മാരായ മനുഷ്യരെ സൂചിപ്പിക്കുന്നു. കുരികിൽ മിതത്വം ഇല്ലായ്മയേയും മൂങ്ങാ സത്യപ്രകാശത്തിൽനിന്ന് അകലുന്നവരേയും കൊക്ക് അഹങ്കാരികളേയും നരിച്ചീറ് നിശയുടെ കൂരിരുട്ടിനേയും തെറ്റിനേയും ഇഷ്ടപ്പെടുന്നവരേയും സൂചിപ്പിക്കുന്നു.

ഇപ്രകാരം അല്ലെഗോറിക്കൽ അർഥം നൽകി ഭക്ഷ്യനിയമങ്ങളെ അദ്ദേഹം വിശദീകരിക്കുന്നു. അലക്സാണ്ഡ്രിയൻ ചുറ്റുപാടിൽ ഇത്തരം ഭാഷ്യരീതികൾ സാധാരണമായിരുന്നു. ഫീലോയും ബർണാബാസിന്റെ ലേഖനവും ഇത്തരം ഭാഷ്യം നൽകി. എന്നാൽ നൊവേഷ്യനു മുമ്പ് ഒരെഴുത്തുകാരനും ഇത്ര വ്യാപകമായ രീതിയിൽ ഭക്ഷ്യനിയമങ്ങൾ വ്യാഖ്യാനിച്ചിട്ടില്ല.

### 3. കാഴ്ചകൾ

പൊതുകളിസ്ഥലത്തും മല്ലരംഗത്തും പോകുന്നവരെ നൊവേഷ്യൻ കുറ്റപ്പെടുത്തുന്നു. അത്തരം സ്ഥലങ്ങളിൽ അധാർമികതയും ക്രൂരതയും മനുഷ്യത്വമില്ലായ്മയും നടമാടിയിരുന്നതിനാലത്രേ അവിടെ പോകുന്നത് കർശനമായി വിലക്കുന്നത്. അവിടെ നടക്കുന്നത് വിഗ്രഹാരാധനയാണ്. അത് ക്രിസ്ത്യാനികൾക്ക് വിലക്കപ്പെട്ടതുമാണ് (അധ്യാ.1–3). റോമിൽ അക്കാലത്ത് നടന്നിരുന്ന വിവിധതരം വെറിക്കൂത്തുകളെപ്പറ്റി അദ്ദേഹം ഒരു വിവരണം നൽകുന്നു (4–8). താല്പര്യമുണ്ടെങ്കിൽ, ക്രിസ്ത്യാനികൾക്ക് അവയേക്കാൾ ശ്രേഷ്ഠതരമായ കാഴ്ചകളുണ്ടെന്ന് (9) അദ്ദേഹം പറയുന്നു: 'ഈ ദൃശ്യപ്രപഞ്ചവും വി. ഗ്രന്ഥവും ക്രിസ്ത്യാനികൾക്ക് മതിവരുവോളം ആസ്വദിക്കാനുതകുന്ന വസ്തുക്കൾ ഉൾക്കൊള്ളുന്നു; വിശ്വസ്തരായ ക്രൈസ്തവർക്ക് ദൈവിക കർമങ്ങൾ കാഴ്ചവസ്തുക്കളാകട്ടെ എന്ന് ഞാൻ പറയുന്നു; ഇവയോടു താരതമ്യപ്പെടുത്താവുന്ന ഏതു തിയേറ്ററാണ് മനുഷ്യൻ നിർമിച്ചിരിക്കുന്നത്?' (9).

### 4. അടക്കത്തിന്റെ ഗുണങ്ങൾ

സുവിശേഷാധിഷ്ഠിത ജീവിതം നയിക്കാൻ അദ്ദേഹം കൃതിയിലൂടെ ഉപദേശിക്കുന്നു; ശുദ്ധത പാലിച്ച് ദൈവത്തിന് പ്രിയപ്പെട്ടവരായി വ്യാപരിക്കണം: 'ശുദ്ധത ശരീരത്തിന് മഹത്വമാണ്; ധാർമികതയുടെ ആഭരണമാണ്; ലൈംഗികതയുടെ പരിശുദ്ധിയാണ്; വിനയത്തിന്റെ കണ്ണിയാണ്; വിശുദ്ധിയുടെ ഉറവിടമാണ്; ഭവനത്തിന്റെ സമാധാനവും പരസ്പര സ്നേഹത്തിന്റെ കിരീടവും നിഷ്കളങ്കതയുടെ മാതാവും ഇതുതന്നെയാകുന്നു.' അടക്കമില്ലായ്മയുടെ ദോഷഫലങ്ങളും അദ്ദേഹം ചർച്ചചെയ്യുന്നു: കന്യാത്വത്തിനും അടക്കത്തിനും തുല്യമായി ഒന്നുമില്ല. കന്യാത്വം മനുഷ്യരെ മാലാഖമാർക്കു തുല്യരാക്കുന്നു; ഒരു വിധത്തിൽ പറഞ്ഞാൽ മാലാഖമാരേക്കാൾ ശ്രേഷ്ഠരാക്കുന്നു; യൗസേപ്പും സൂസന്നയും ശുദ്ധതയുടെ മഹനീയ മാതൃകകളാണ്. അവർ പരീക്ഷണങ്ങളെ ജയിക്കുകയും പ്രതിഫലം പ്രാപിക്കുകയും ചെയ്തു. സുഖം പരിത്യജിക്കയാണ് ഏറ്റവും വലിയ സുഖം. സ്വന്തം ആഗ്രഹങ്ങളെ ജയിക്കുന്നതിനേക്കാൾ വലിയ വിജയം ഇല്ല. ആഗ്രഹങ്ങളെ ജയിക്കുന്നവൻ ഭയത്തെ ജയിക്കുന്നു;

പാപത്തെ ജയിക്കുന്നു; നിത്യമായ ശാന്തിയിൽ ജീവിക്കുന്നു. പരിപൂർണ സ്വാതന്ത്ര്യം അനുഭവിക്കുന്നു.' ശുദ്ധതയ്ക്കും അടക്കത്തിനും എതിരെയുള്ള പ്രലോഭനങ്ങളെയും പരീക്ഷണങ്ങളെയും പറ്റി അവസാന ഭാഗം ചർച്ച ചെയ്യുന്നു. മൊത്തം 14 അധ്യായങ്ങളാണ് ഇതിനുള്ളത്. തെർത്തുല്യന്റെയും സിപ്രിയാന്റെയും കൃതികളിൽ നിന്ന് ആശയങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

**5. ലേഖനങ്ങൾ**

നൊവേഷ്യൻ നിരവധി കത്തുകൾ എഴുതിയിരുന്നു. സിപ്രിയാന്റെ കത്തുകളുടെ കൂടെ ചില കത്തുകൾ ലഭിച്ചിട്ടുണ്ട്.

## ദൈവശാസ്ത്രം

ഐറേനിയസ്, ജസ്റ്റിൻ, തെയോഫിലസ്, ഹിപ്പോളിറ്റസ്, തെർത്തുല്യൻ ആദിയായവരുടെ ത്രിത്വപഠനങ്ങളുടെ പാതയിലൂടെയാണ് നൊവേഷ്യനും യാത്ര ചെയ്യുന്നത്. വചനം എപ്പോഴും പിതാവിനോടുകൂടെ ഉണ്ടായിരുന്നു. ലോകസൃഷ്ടിയോടുകൂടി മാത്രമേ വചനം പിതാവിൽനിന്ന് പുറപ്പെട്ടുള്ളൂ. അതുവരെ പിതാവിൽ മറഞ്ഞിരുന്നു.

ക്രിസ്തുവിനെ വെറും മനുഷ്യനായി കാണുന്ന ദത്തെടുക്കൽ സിദ്ധാന്തം അദ്ദേഹം അംഗീകരിക്കുന്നില്ല. പിതാവിന്റെ മറ്റൊരു രൂപമാണ് പുത്രൻ എന്നു പറയുന്ന 'മോഡലിസം'എന്ന അബദ്ധോപദേശവും തള്ളിക്കളയുന്നു. ദൈവത്തിന്റെ ഏകത്വം സ്ഥാപിക്കാൻ ശ്രദ്ധിക്കുന്നതിനിടയിൽ ത്രിത്വം (*ത്രിയാസ്-ത്രിനിതാസ്*) എന്ന പദം ഉപയോഗിക്കാൻ പോലും അദ്ദേഹം മറന്നുപോയി.

ക്രിസ്തു പിതാവിനാൽ അയയ്ക്കപ്പെട്ടവനാണ്. പിതാവിന്റെ വലിയ ആലോചനയുടെ ദൂതനാണ് അവിടുന്ന്. എപ്പോഴും അവിടുന്ന് പിതാവിന് കീഴ്പ്പെട്ടിരുന്നു. പിതാവിനേക്കാൾ താഴ്ന്ന പടിയിലാണ് അവിടുന്ന്. പിതാവിൽ നിന്ന് വിശുദ്ധീകരണം പ്രാപിക്കുന്നയാൾ പിതാവിനേക്കാൾ ചെറിയവനായിരിക്കണം (ത്രിത്വം. 27). പിതാവ് ദൈവമാണ്; ക്രിസ്തു ദൈവവും ദൂതനുമാണ്. ഹാഗാറിനോടു മരുഭൂമിയിൽ വച്ചു സംസാരിച്ചത് (ഉല്പ.21:17) പിതാവല്ല, ക്രിസ്തുവാണ്. ദൈവികരഹസ്യങ്ങളും ദൈവികാലോചനകളും വെളിപ്പെടുത്തുന്ന ഭുജം കൂടെയാണവിടുന്ന് (18). ക്രിസ്തു പിതാവിന്റെ ദാസനാണ്. പിതാവിന്റെ കല്പനകൾ അവിടുന്ന് എപ്പോഴും അനുസരിക്കുന്നു. സ്വന്ത ഇഷ്ടത്താൽ അവിടുന്ന് ഒന്നും ചെയ്യാതെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നതിൽ തല്പരനായിരിക്കുന്നു. ദൈവമായിരുന്നിട്ടും, പിതാവിനെ എപ്പോഴും അനുസരിക്കുന്നതുവഴി ദൂതനെന്നുള്ള തന്റെ ദൗത്യം അവിടുന്ന് നിർവഹിക്കുന്നു. ഏകദൈവത്തിൽ നിന്നാണ് ക്രിസ്തുവിന് അസ്തിത്വമുണ്ടായത് (31). വചനം ഒരു താല്കാലികവും നൈമിഷികവുമായ

യാഥാർഥ്യമാണെന്ന് ധ്വനിപ്പിക്കുന്ന പ്രയോഗങ്ങൾ നൊവേഷ്യനിൽ അവിട വിടെ കാണാം. അവസാനം 'വചനം' എല്ലാ അധികാരവും പിതാവിനു സമർപ്പിക്കും. ഇറങ്ങിപ്പോകുന്ന തിരമാലപോലെ അവിടുന്ന് പിതാവിൽ തിരികെയെത്തും (31).

പുത്രൻ പിതാവിനേക്കാൾ കുറഞ്ഞവനായിരിക്കുന്നതുപോലെ പരിശുദ്ധാത്മാവ് പുത്രനേക്കാൾ ഒരു പടി താഴ്ന്ന നിലയിലാണ്; പാറക്ലീത്താ പുത്രനിൽ നിന്നാണ് തന്റെ ദൗത്യം സ്വീകരിക്കുന്നത്. അപ്പോൾ ക്രിസ്തു അവനേക്കാൾ വലിയവനാണെന്നു വ്യക്തമാണല്ലോ (18). പരിശുദ്ധാത്മാവിന്റെ വ്യക്തിത്വത്തെപ്പറ്റി നൊവേഷ്യൻ വ്യക്തമായി പഠിപ്പിക്കുന്നില്ല. അതുപോലെ പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനുള്ള ബന്ധവും വിശദീകരിക്കുന്നതേയില്ല. പരിശുദ്ധാത്മാവ് പ്രവാചകരിലൂടെ പ്രവർത്തിച്ചു. ശ്ലീഹന്മാരിലൂടെയും സഭയിലൂടെയും അവിടുന്ന് സ്ഥിരമായി പ്രവർത്തിക്കുന്നു. പരിശുദ്ധാത്മാവ് സഭയിൽ ദാനങ്ങൾ വിതറി, സഭയെ അനുഗ്രഹ സമൃദ്ധയാക്കുന്നു. അവളെ നിത്യകന്യകയും പരിശുദ്ധയുമായി നിരന്തരം കാത്തുസൂക്ഷിക്കുന്നു (29). ക്രിസ്തു വഴിയാണ് നമുക്കു പരിശുദ്ധാത്മാവിനെ ലഭിക്കുന്നത്. സ്നാനത്തിൽ പരിശുദ്ധാത്മാവ് നമ്മിൽ നവസൃഷ്ടി നടത്തുന്നു. ജലത്തിൽ നിന്നുള്ള രണ്ടാംജനനം പരിശുദ്ധാത്മകർമമാണ്.

നൊവേഷ്യന്റെ ത്രിത്വപ്രബോധനം കറതീർന്നതല്ല. എന്നാൽ ലത്തീൻ ഭാഷയിൽ ആദ്യമായി ത്രിത്വത്തെപ്പറ്റി എഴുതിയ ആളെന്ന നിലയ്ക്ക് അയാളുടെ ശ്രമത്തെ വിലയിടിച്ചു കാണിക്കുന്നതു ശരിയല്ല. ലത്തീൻ ഭാഷയിൽ പുതിയ ദൈവശാസ്ത്ര പദപ്രയോഗങ്ങൾ ഉണ്ടാക്കുന്നതിന് തെർത്തുല്യനെപ്പോലെ അയാളും യത്നിച്ചു. ക്രിസ്തുവിനെ പിതാവിനേക്കാൾ താഴ്ന്ന പടിയിൽ ചിത്രീകരിച്ചതും പരിശുദ്ധാത്മാവിനെ അതിലും താഴ്ന്ന പടിയിൽ സങ്കൽപ്പിച്ചതും നൊവേഷ്യന്റെ ത്രിത്വസംബന്ധമായ പ്രബോധനങ്ങളിലെ പാളിച്ചകളായിരുന്നു. അവ ഒരിക്കലും സ്വീകാര്യമല്ല.

ഒരു വലിയ ദൈവശാസ്ത്രജ്ഞൻ ആയിരുന്നെങ്കിലും, സഭാനേതൃത്വത്തോട് എതിർത്തു വേറൊരു സഭ സ്ഥാപിച്ച്, സഭയിൽ ശീശ്മയുണ്ടാക്കാൻ നൊവേഷ്യൻ ഇറങ്ങിപ്പുറപ്പെട്ടത് ഒട്ടും നന്നായില്ല. എത്ര പണ്ഡിതൻ ആയാലും ക്രിസ്തുവിന്റെ സഭയ്ക്ക് അതു ചേർന്നതല്ല. കുറേക്കാലം നൊവേഷ്യന്റെ പിൻഗാമികൾ നിലനിന്നെങ്കിലും കാലക്രമത്തിൽ ചിതറിക്കപ്പെട്ട് ഇല്ലാതായിപ്പോയി.

അധ്യായം 15

# തെർത്തുല്യൻ

## ആമുഖം

ആഫ്രിക്കയിൽ നിന്നുള്ള ഒരു ക്രൈസ്തവ സാഹിത്യകാരനാണ് ക്വിൻതുസ് സെപ്തീമിയുസ് ഫ്ളോറെൻസ് തെർത്തുല്യാനുസ്. റോമൻ സാമ്രാജ്യത്തിൽ 'ആഫ്രിക്ക'എന്ന സംജ്ഞ കൊണ്ട് വിവക്ഷിക്കുന്നത് നിഷ്കൃഷ്ടാർഥത്തിൽ ആഫ്രിക്കൻ വൻകരയുടെ ഏതാണ്ട് വടക്കു പടിഞ്ഞാറ് ഭാഗത്തുണ്ടായിരുന്ന 'ആഫ്രിക്ക പ്രോകോൺസുളാരിസ്' എന്ന റോമൻ പ്രവിശ്യയാണ്. തെർത്തുല്യൻ ജനിച്ചത് ഈ റോമൻ പ്രവിശ്യയിലെ പ്രധാന നഗരമായ കാർത്തേജിലത്രേ. ഉത്തര ആഫ്രിക്കയിലെ മറ്റു റോമൻ പ്രോവിൻസുകൾ താഴെപ്പറയുന്നവയാണ്. മൗരിതാനിയ ചെസാറിയെൻസിസ്, മൗരിതാനിയ സിത്തിഫെൻസിസ്, നുമീഡിയ, ബിസസേന, ത്രിപ്പൊള്ളിത്താനിയ, സിറെനായ്ക, ലിബിയ. ഇവയെയും പ്രോകോൺസുളാർ ആഫ്രിക്കയെയും ഉൾപ്പെടുത്തി ആഫ്രിക്കൻ രൂപത എന്ന് ഒരുകാലത്ത് വിളിച്ചിരുന്നു. ആഫ്രിക്കൻ വൻകരയിലെ മറ്റൊരു രൂപതയാണ് ഈജിപ്റ്റ്. എന്നാൽ ആഫ്രിക്ക എന്ന സംജ്ഞയിൽ ഈജിപ്റ്റ് ഉൾപ്പെട്ടിരുന്നില്ല. ഇന്നത്തെ ലിബിയയുടെ ഭാഗം, ടുണീഷ്യ, അൾജീറിയ, മറോക്കോയുടെ ഭാഗം എന്നിവ ചേർന്നതാണ് ആഫ്രിക്ക എന്ന രൂപത. റോമൻ ഭരണ കാലത്ത് ആ പ്രദേശത്തെ പ്രധാനപ്പെട്ട പട്ടണങ്ങൾ താഴെപ്പറയുന്നവയാണ്: സൈറീൻ, തൊളെമായിസ്, ലെപ്തിസ് മീനോർ, ഹഡ്റുമെത്തും, ഹിപ്പോ, മിലിയേവ്, കാർത്തേജ്, ലംബെസിസ്, ചെടിയാസ്, ചിർത, തഗാസ്തെ, മദൗരോസ്, സിക്ക.

ആഫ്രിക്കൻ സഭയെപ്പറ്റി വൈകിയാണ് കേൾക്കാനിടയാകുന്നത്. റോമൻ കുടിയേറ്റക്കാരോടൊപ്പം കടൽത്തീരത്തുള്ള പ്രധാന പട്ടണങ്ങളിൽ യൂദന്മാർ കുടിയേറിപ്പാർത്തിരുന്നു. റോമിനോട് വ്യാപാര സംബന്ധമായി ഈ പ്രദേശം അടുത്ത ബന്ധം പുലർത്തിവന്നു. റോമിൽ നിന്നുള്ള മിഷനറി

മാരാണ് ഈ പ്രദേശത്ത് സുവിശേഷം പ്രചരിപ്പിച്ചത്. അങ്ങനെ റോമൻ സഭയുടെ തണലിലാണ് ആഫ്രിക്കൻ സഭ വളർന്നത്. റോമിലെപ്പോലെ ആദ്യം ഗ്രീക്കിലും പിന്നെ ലത്തീനിലുമാണ് ഇവിടേയും സുവിശേഷം വ്യാപിച്ചത്. നിഖ്യാസുനഹദോസിനു മുമ്പുതന്നെ (325) പ്രഗത്ഭരായ പല ക്രൈസ്തവ ചിന്തകരും ആഫ്രിക്കയിൽ ഉണ്ടായി. തെർത്തുല്യൻ അവരിൽ മുൻപന്തിയിൽ നില്ക്കുന്നു. രക്തസാക്ഷിയും മെത്രാനുമായ സിപ്രിയാൻ, അർനോബിയുസ്, ലക്താൻസ്യൂസ് എന്നിവരും ആഫ്രിക്കൻ സഭയിലെ ദൈവശാസ്ത്രജ്ഞന്മാരാണ്.

ആഫ്രിക്കയിൽ നിന്നുള്ള ആദ്യത്തെ ക്രൈസ്തവ ലത്തീൻരേഖ ഷില്ലിയിലെ രക്തസാക്ഷികളുടെ വിവരണമാണ്. 180, ജൂലൈ 17-നു കൊല്ലപ്പെട്ട ഈ രക്തസാക്ഷികളുടെ പക്കൽ പുതിയ നിയമത്തിന്റെ കുറെ ഭാഗങ്ങളുടെ ലത്തീൻ വിവർത്തനം ഉണ്ടായിരുന്നു. തെർത്തുല്യന്റെ കാലമായപ്പോഴേക്കും വേദപുസ്തകം മുഴുവൻ ലത്തീനിൽ ആഫ്രിക്കയിൽ ഉണ്ടായിരുന്നു (പ്രാക്സെയാസിനെതിരെ,5; ഏകഭാര്യത്വം,11). ഔദ്യോഗിക പതിപ്പ് 250-ഓടുകൂടി പുറത്തുവന്നു. ആഫ്രിക്കയിലെ ആദ്യകാല ആരാധനക്രമം റോമിലേതുപോലെ ഗ്രീക്കായിരുന്നു. റോം ലത്തീൻ സ്വീകരിക്കുന്നതിനു മുമ്പുതന്നെ ആഫ്രിക്കൻ സഭ ലത്തീൻ ആരാധനാ ഭാഷയാക്കി.

നിരവധി രക്തസാക്ഷികൾ ഈ സഭയിലുണ്ടായി. സഭയ്ക്കകത്തു നിന്നു പാഷണ്ഡികളും പുറത്തുനിന്നു റോമാക്കാരും സഭയെ പീഡിപ്പിച്ച തിന്റെ സാക്ഷ്യം അക്കാലത്തെ കൃതികളിൽ നിന്ന് വ്യക്തമാണ്. വിവിധ ഗ്നോസ്റ്റിക് വിഭാഗക്കാർ - വലന്റീനിയൻ, മാർസ്യനീത്തർ - മോണ്ടനിസ്റ്റുകൾ, നൊവേഷ്യർ, സബെല്ലിയനിസ്റ്റുകാർ ആദിയായവരെല്ലാം ആഫ്രിക്കൻ സഭയിൽ കോളിളക്കം സൃഷ്ടിച്ചു.

തികച്ചും പാശ്ചാത്യമായിരുന്നു ആഫ്രിക്കൻ സഭ. അലക്സാണ്ഡ്രി യായും കാർത്തേജും ആഫ്രിക്കൻ വൻകരയിലാണെങ്കിലും ആദ്യത്തേ തിനെ പൗരസ്ത്യസഭകളുടേയും രണ്ടാമത്തേതിനെ പാശ്ചാത്യസഭകളു ടേയും ഗണത്തിലത്രേ ഉൾപ്പെടുത്തുന്നത്. അലക്സാണ്ഡ്രിയാക്കാർ വചനമായ ദൈവത്തെ കേന്ദ്രീകരിച്ച് ദൈവശാസ്ത്രം പടുത്തുയർത്തി. വചനമായ ദൈവം മനുഷ്യന് എന്തുചെയ്തെന്ന് അവർ ചിന്തിച്ചു. കാർത്തേ ജിലെ ചിന്തകരാകട്ടെ, 'ക്രിസ്തു നേടിത്തന്ന രക്ഷ ഓരോ വ്യക്തിയും എപ്രകാരം സ്വന്തമാക്കണം' എന്നതിനെപ്പറ്റി ചിന്തിച്ചു. ക്രിസ്ത്യാനി പാപ ത്തിൽ നിന്നകലുകയും പുണ്യം അഭ്യസിക്കുകയും വേണം. അതുപോലെ, മറ്റനേക കാര്യങ്ങളിൽ കിഴക്കും പടിഞ്ഞാറും തമ്മിൽ അന്തരമുണ്ട്. ആഫ്രിക്കൻ ദൈവശാസ്ത്രത്തിൽ ഈ വ്യത്യാസം പ്രകടമാണ്.


www.malankaralibrary.com

## ജീവചരിത്രം

ആഫ്രിക്കൻ സഭയിലെ തലയെടുപ്പുള്ള ആദ്യത്തെ എഴുത്തുകാര നാണ് തെർത്തുല്യൻ. അദ്ദേഹം 155-ൽ കാർത്തേജിൽ ജനിച്ചു. മാതാപിതാക്കൾ ക്രൈസ്തവരായിരുന്നില്ല. തെർത്തുല്യൻ നിയമം പഠിക്കുകയും റോമിൽ അഭിഭാഷകവൃത്തി നടത്തുകയും ചെയതു. 193-നോടുകൂടി ക്രിസ്ത്യാനിയായി. കാർത്തേജിൽ തിരിച്ചെത്തിയ ശേഷം തന്റെ താത്വിക ജ്ഞാനമെല്ലാം വിശ്വാസം ആഴമായി ഗ്രഹിക്കാൻ ഉപയോഗിച്ചു. വി. ജറോമിന്റെ അഭിപ്രായത്തിൽ അദ്ദേഹം ആഫ്രിക്കൻ സഭയിലെ ഒരു പുരോഹിതനായിത്തീർന്നു (മഹദ്. 53). തെർത്തുല്യൻ അതേപ്പറ്റി ഒന്നും പറയുന്നില്ല. എന്നാൽ കാർത്തേജിലെ സഭയിൽ അദ്ദേഹത്തിന് സുപ്രധാന സ്ഥാനമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സാഹിത്യസൃഷ്ടി നടന്നത് 195-നും 220-നും ഇടയ്ക്കാണ്. അദ്ദേഹത്തിന്റെ ചിന്താസരണി പിൽക്കാല ക്രൈസ്തവ ദൈവശാസ്ത്രത്തിൽ സാരമായ സ്വാധീനം ചെലുത്തി; എന്നാൽ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ കൂടുതൽ കർക്കശമായ ക്രൈസ്തവ ജീവിതത്തിന്റെ വക്താവായി മാറി; 220-ൽ മരിച്ചു.

തത്വശാസ്ത്രം, നിയമം, ലത്തീൻ, ഗ്രീക്ക്, ഭാഷകളിലുള്ള ജ്ഞാനം എന്നിവ ഓജസ്സുറ്റ ശൈലിയിലൂടെ പുറത്തുവന്നപ്പോൾ ലത്തീൻ ക്രൈസ്തവസാഹിത്യത്തിൽ തെർത്തുല്യന് തുല്യരായി ആരുമില്ലെന്ന നിലവന്നു. നാലാം നൂറ്റാണ്ടിൽ വി. അഗസ്റ്റിൻ ഉയർന്നു വന്നതുവരെ ഒന്നാം സ്ഥാനം അദ്ദേഹത്തിന് തന്നെയായിരുന്നു. അദ്ദേഹം സത്യത്തെ സ്നേഹിക്കുകയും സത്യമെന്ന് ബോധ്യമുണ്ടായിരുന്നവയുടെ സംരക്ഷക നായി മാറുകയും ചെയ്തു. എതിരാളികളെ എല്ലാവിധേനയും തറപറ്റിക്കുന്ന താർക്കികനെയാണ് തെർത്തുല്യന്റെ എല്ലാ കൃതികളിലും കാണുക. ക്രിസ്തീയ രക്തസാക്ഷികളുടെ ധീരതയായിരിക്കാം അദ്ദേഹത്തെ സഭയിലേക്കാകർഷിച്ചത്. സത്യം എന്ന ആശയം അദ്ദേഹത്തിന്റെ മനസ്സിൽ ആഞ്ഞു പതിച്ചു. ആ സത്യം ക്രിസ്തീയ സഭയിൽ കണ്ടെത്തി: 'സത്യമെന്തിന് ലജ്ജിക്കുന്നു' എന്ന് തെർത്തുല്യൻ ചോദിക്കുന്നു. എതിരാളികളിൽ സത്യത്തിന്റെ അംശമുണ്ടോ എന്നത് അദ്ദേഹത്തിന് പ്രസക്തമല്ല. ഒരു കൃതിയിൽ സത്യമെന്ന പദം 162 പ്രാവശ്യം ആവർത്തിച്ചിട്ടുണ്ട്.

'ക്രിസ്തുമതം സത്യമതമാണ്. യേശുക്രിസ്തു സത്യമതം സ്ഥാപിച്ചു. അതുവഴി എല്ലാവരും രക്ഷ പ്രാപിക്കണം. ക്രിസ്തീയ ദൈവം സത്യദൈവ മാണ്. അവിടുത്തെ കണ്ടെത്തുന്നവർ സത്യം കണ്ടെത്തുന്നു. പിശാചുക്കൾ സത്യത്തെ വെറുക്കുന്നു. പുറജാതികൾ അതു നിരസിക്കുന്നു; ക്രിസ്ത്യാനികൾ സഹിക്കയും മരിക്കയും ചെയ്യുന്നതെല്ലാം സത്യത്തിനു വേണ്ടി യാണ്'- ഈ പ്രസ്താവനകളിൽ തെർത്തുല്യന്റെ തികഞ്ഞ ആത്മാർഥത കാണാൻ കഴിയും.

വിശ്വാസത്തിനുവേണ്ടി മരിക്കാൻകൂടി അദ്ദേഹം സന്നദ്ധനായിരുന്നു. 'അപ്പോളജി' എന്ന ഗ്രന്ഥം അത് വ്യക്തമാക്കുന്നു. മതപീഡനങ്ങളിൽ ഓടി ഒളിക്കാൻ പാടില്ല എന്ന ചിന്താഗതിക്കാരനായിരുന്നു അദ്ദേഹം. തന്റെ കുറവു കളെപ്പറ്റി അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. ക്ഷമയെപ്പറ്റി എഴുതു മ്പോൾ അദ്ദേഹം പറയുന്നു: 'ക്ഷമയില്ലായ്മ എന്ന പനിയാൽ ഞാൻ രോഗാർ ത്തനാണ്.' ഒരു വക്കീൽ വാദിക്കുന്നതുപോലെ എതിരാളിയെ അടിച്ചമർത്താ നുള്ള എല്ലാ വാദഗതികളും അദ്ദേഹം നിരത്തിവയ്ക്കും. എതിരാളി നിശ്ശ ബ്ദനായെന്നും വരാം. എന്നാൽ വാദത്തിലൂടെ അവനെ നേടിയോ എന്ന് അദ്ദേഹം ചിന്തിക്കുന്നില്ല. അതായിരുന്നു അദ്ദേഹത്തിന്റെ വലിയ കുറവ്.

മറ്റുള്ളവർ പറയുന്നതിലും സത്യത്തിന്റെ അംശമുണ്ടാകാം. ഭാഗിക മായി സത്യം അവരിലും കാണാം. അവർ സത്യത്തോടു വളരെ അടുത്തായി രിക്കാം എന്നു കരുതാതിരുന്ന ചിന്താസരണി പിൽക്കാല ലത്തീൻ ദൈവ ശാസ്ത്രത്തിന്റെ നട്ടെല്ലായിത്തീർന്നു. അരിസ്റ്റൊട്ടേലിയൻ പദപ്രയോഗങ്ങൾ ക്കുള്ളിൽ ക്രിസ്തുരഹസ്യത്തെ വെട്ടിയൊതുക്കി അതിൽ ഒതുങ്ങാത്ത തൊക്കെ ത്യാജ്യമെന്ന ചിന്താസരണി എത്ര നൂറ്റാണ്ടുകൾ പാശ്ചാത്യ ദൈവ ശാസ്ത്രത്തിൽ നിഴലിച്ചു നിന്നില്ല! വ്യക്തിയെ ത്യാജ്യ കോടിയിൽ തള്ളി ക്കളഞ്ഞിട്ട് ആശയത്തിന് പ്രാധാന്യം കൊടുത്തു. ആശയം നേടി, വ്യക്തി നഷ്ടപ്പെട്ടു. ഇക്കഴിഞ്ഞ രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ മണ്ഡല ത്തിൽ ഒരു പൊളിച്ചെഴുത്തു നടത്തി. 'ദൈവം സത്യം ഭൂമിയിൽ വിതറി, സത്യത്തിന്റെ പൂർണത ക്രിസ്തുവിന്റെ കത്തോലിക്കാസഭയിലാ ണെങ്കിലും മറ്റു മതങ്ങളിലും സത്യത്തിന്റെ അംശമുണ്ട്' എന്ന പുതിയ ചിന്താസരണി രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടിയാണ് കൂടുതൽ വ്യാപകമായത്. സംഭാഷണം വഴി വ്യക്തികളേയും സമൂഹങ്ങളേയും ക്രിസ്തുവിലേക്ക് അടുപ്പിക്കണം എന്ന ചിന്താരീതി ഉയർന്നു വന്നു.

**ശൈലി**

ജനനംകൊണ്ടും ശിക്ഷണം കൊണ്ടും തെർത്തുല്യൻ കാർത്തേജിലെ പണ്ഡിതസദസ്സിൽപ്പെട്ട ആളായിരുന്നു. അപ്പൂളെയോയുടെ ലത്തീൻ ശൈലിയും ഏഷ്യാറ്റിക് സ്കൂളുകാരുടെ പ്രഭാഷണകലയും അദ്ദേഹത്തിന് നല്ല വശമായിരുന്നു. തന്റെ കാലത്തിന്റെ ശൈലി അദ്ദേഹം സ്വീകരിച്ചു. ചെറിയ വാചകങ്ങൾ ഒന്നിനു പുറകേ ഒന്നായി നിരത്തിവയ്ക്കുക, ചോദ്യങ്ങളുടെ ഒരു പ്രവാഹം എന്നിവയുള്ള ഏഷ്യാറ്റിക് ശൈലിയായിരുന്നു അദ്ദേഹത്തിന്റേത്. ആശയങ്ങൾ തിങ്ങിനിറഞ്ഞ തെർത്തുല്യൻ സ്വന്തമായി വാക്കുകൾ നിർമിക്കാനും മടിച്ചില്ല. ലത്തീൻ സാഹിത്യത്തിൽ ടാസിറ്റസിനു ശേഷം ആരും അതിന് ഉദ്യമിച്ചിരുന്നില്ല. തെർത്തുല്യൻ ഉപയോഗിച്ച നിരവധി വാക്കുകളും പ്രയോഗങ്ങളും പിൽക്കാല ലത്തീൻ ദൈവശാസ്ത്രം സ്വീക

രിച്ചു. ദൈവശാസ്ത്രത്തിൽ അവയിൽ പലതിനും ചിരപ്രതിഷ്ഠ ലഭിച്ചിട്ടുണ്ട്. സഭാലത്തീന്റെ പിതാവെന്നു ചിലർ ഇദ്ദേഹത്തെ വിളിക്കുന്നു.

## കൃതികൾ

ജീവിതാന്ത്യം വരെ ക്ഷീണമെന്തെന്നറിയാത്ത കരങ്ങളായിരുന്നു തെർത്തുല്യന്റേത്. അദ്ദേഹത്തിന്റെ സ്വതസിദ്ധ ശൈലിയിലൂടെ ഓരോരോ സന്ദർഭങ്ങളിൽ ഗ്രന്ഥങ്ങൾ രചിച്ചു. കൃതികളെ മൂന്നായി തരംതിരിക്കാം: 1.അപ്പോളജെറ്റിക്കൽ കൃതികൾ. 2. താർക്കിക കൃതികൾ. 3. ശിക്ഷണക്രമം, ധാർമികക്രമം, ആധ്യാത്മികം എന്നിവ സംബന്ധിച്ച കൃതികൾ.[29]

### 1. അപ്പോളജെറ്റിക്കൽ കൃതികൾ

1. ജാതികളോട് (ആദ് നാസ്യോണെസ്). 2. അപ്പോളജി (അപ്പോളൊജെറ്റികും). 3. ആത്മാവിന്റെ സാക്ഷ്യം (ദെ തെസ്തിമോണിയോ ആനിമേ). 4. സ്കാപ്പുളയ്ക്ക് (ആദ് സ്കാപുളാം). 5. യൂദർക്കെതിരെ (അദ്വേർസുസ് യൂദെയോസ്).

#### (1) ജാതികളോട്

'ജാതികളോട്', 'അപ്പോളജി' എന്നിവ തമ്മിൽ ബന്ധമുണ്ട്. അദ്ദേഹം ഇവ രണ്ടും രചിച്ചത് 197-ലാണ്. ഒരേ വിഷയമാണ് രണ്ടിലും പ്രതിപാദിക്കുന്നത്. ആദ്യമെഴുതിയത് *ജാതികളോട്* ആകാനാണിട. അതിന് രണ്ട് ഭാഗങ്ങളുണ്ട്. 1) 'ക്രിസ്ത്യാനികൾക്കെതിരായി റോമൻ സർക്കാർ നടപടി നടത്തുന്നത് ശരിയല്ല; അതു യുക്തിക്കു നിരക്കാത്തതുമാണ്. തികഞ്ഞ അജ്ഞതയാണ് റോമാക്കാരെ ഇതിനു പ്രേരിപ്പിക്കുന്നത്. എന്താണവർ ചെയ്യുന്നതെന്ന് അവർ അറിയുന്നില്ല.' ക്രിസ്ത്യാനികൾക്കെതിരായി ഉന്നയിക്കപ്പെടുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നു തെളിയിക്കുന്നു (7-19). ആരോപണങ്ങൾ വാസ്തവമാണെങ്കിൽ തന്നെയും, ക്രിസ്ത്യാനികളെ വിധിക്കാൻ റോമാക്കാർക്കവകാശമില്ല. കാരണം, റോമാക്കാർ ഏറ്റവും വലിയ തിന്മകൾ പ്രവർത്തിക്കുന്നവരാണ്. 2) രണ്ടാം ഭാഗത്ത് പേഗൻ മതത്തിന്റെ അധാർമികതയും റോമൻ ദേവന്മാരുടെ പൊള്ളത്തരങ്ങളും തുറന്നു കാട്ടുന്നു. ദൈവമെന്ന ആശയത്തെ അപഗ്രഥിച്ച്, റോമൻ ദേവന്മാർ മനുഷ്യസൃഷ്ടികളാണെന്നു തറപ്പിച്ച് സ്ഥാപിക്കന്നു.

#### (2) അപ്പോളജി

തെർത്തുല്യന്റെ ഏറ്റവും പ്രധാനപ്പെട്ട ഗ്രന്ഥമാണിത്. ഉള്ളടക്കത്തിൽ 'ജാതികളോട്' യോജിക്കുമെങ്കിലും പ്രതിപാദനരീതി വ്യത്യസ്തമാണ്. നിയമവശത്തിനു കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട്, റോമൻ ഭരണാധികാരികളെ കടന്നാക്രമിക്കയും ക്രൈസ്തവാസ്തിത്വം അർത്ഥവത്താണെന്നു സ്ഥാപിക്കയുമാണ് അദ്ദേഹം. അജ്ഞതകൊണ്ടു മാത്രമാണ് ക്രിസ്ത്യാനികളെ റോമാക്കാർ പീഡിപ്പിക്കുന്നത്.

'താൻ ഭൂമിയിൽ പരദേശിയാണെന്നു സത്യത്തിനറിയാം; മറ്റു കൂട്ടായ്മയിലുള്ള മനുഷ്യരുടെ ഇടയിൽ അവൾക്കു ധാരാളം ശത്രുക്കൾ ഉണ്ടാകുന്നു. അവളുടെ വർഗവും വീടും പ്രത്യാശയും അഭയവും ബഹുമാനവും സ്വർഗത്തിലാണ്. എന്നാൽ ഒരു കാര്യത്തിൽ അവൾ ദത്തശ്രദ്ധയാണ്: അറിയപ്പെടാതെ വിധിക്കപ്പെടാതിരിക്കാൻ. ഓരോ തലത്തിലുള്ള നിയമങ്ങൾ ആ തലത്തിൽ പ്രാമാണ്യമേറിയവയാണ്. എന്നാൽ സത്യത്തെ ശ്രവിച്ചാൽ അവയ്ക്കെന്തു കുറവാണു വരാൻ പോകുന്നത്?'(1,2). 'കോടതി നടപടികളിൽ നീതിയുടെ കണികയില്ല. ക്രിസ്ത്യാനി എന്ന നാമം ഇത്ര വെറുക്കത്തക്കതാകാൻ കാരണമെന്ത്? അധാർമികതകൊണ്ടോ? എങ്കിൽ ഏറ്റവും നന്നായി ജീവിക്കുന്നവർ ക്രിസ്ത്യാനികളാണ്. റോമാക്കാർ തന്നെയും വെറുക്കുന്ന ദുഷ്ടരാജാക്കന്മാരാണ് ക്രിസ്ത്യാനികൾക്കെതിരെ നിയമം ഉണ്ടാക്കിയിട്ടുള്ളത്'(5,5). 'ക്രിസ്ത്യാനികൾക്കെതിരായ ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണ്. ഇക്കാലമത്രയും കേട്ടുകേൾവിയല്ലാതെ, ക്രിസ്ത്യാനികളുടെ തിന്മകളെപ്പറ്റി നിങ്ങൾക്കൊന്നും തെളിയിക്കാൻ കഴിഞ്ഞിട്ടില്ല' (7,13). 'രാജ്യത്തെ ദേവന്മാരെ ആരാധിക്കാത്തതാണോ കുറ്റം? അവർ ചത്തു മണ്ണടിഞ്ഞ മനുഷ്യർ അത്രേ. തിയേറ്ററുകളിൽ അവർ അവമതിക്കപ്പെടുന്നില്ലേ? ക്രിസ്ത്യാനികൾ ലോകസ്രഷ്ടാവായ ദൈവത്തെയാണ് ആരാധിക്കുന്നത്; അവൻ സ്വയം വെളിപ്പെടുത്തിയവനാണ്. ക്രിസ്ത്യാനികളെ നിരീശ്വരന്മാരെന്നു വിളിക്കുന്നത് അനീതിയാണ്. റോമാക്കാരുടെ ദേവന്മാർ യഥാർഥത്തിൽ ദൈവമല്ല' (24, 1–2).

'ഏതു മനുഷ്യനും മനസ്സാക്ഷിയനുസരിച്ച് ഏതു മതവും സ്വീകരിക്കാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. നിർബന്ധിച്ച് എങ്ങനെ മതവിശ്വാസം സ്വീകരിക്കാനാവും? അതു റോമാക്കാർക്കു നിരക്കുന്നതാണോ? ഈജിപ്റ്റിൽ ചീങ്കണ്ണികളേയും പക്ഷികളേയും ആരാധിക്കാൻ റോമാക്കാർ അനുവാദം നല്കി. ഓരോ പ്രോവിൻസിനും അതിന്റേതായ ദേവനുണ്ട്. അവർക്കെല്ലാം സ്വാതന്ത്ര്യവുമുണ്ട്. ക്രിസ്ത്യാനികൾക്കു മാത്രമെന്താണ് തങ്ങളുടെ മതവിശ്വാസം പാലിക്കാൻ സ്വാതന്ത്ര്യമില്ലാത്തത്? റോമൻ ദേവന്മാരെ ആരാധിക്കാത്തതിനാൽ ഞങ്ങൾ റോമാക്കാരല്ലപോലും! സത്യദൈവം ഒഴിച്ചു മറ്റെല്ലാറ്റിനും റോമൻ സാമ്രാജ്യത്തിൽ സ്ഥാനമുണ്ട്. ഇതെന്തു വിരോധാഭാസം' എന്നു പോകുന്നു തെർത്തുല്യന്റെ വാദഗതി (24, 6–10).

റോമാക്കാർ ദേവാരാധന നടത്തുന്നതിനാലാണ് ലോകത്തെ ഭരിക്കാൻ സാധിക്കുന്നത് എന്ന ആശയത്തെ അടുത്തതായി തെർത്തുല്യൻ എതിർക്കുന്നു: 'സത്യദൈവം തനിക്കിഷ്ടമുള്ളവർക്കു ലോകത്തിന്റെ ആധിപത്യം നൽകുന്നു. ദേവന്മാർക്കു മനുഷ്യരെ രക്ഷിക്കാനാവില്ല. സത്യദൈവമാകട്ടെ നിരന്തരം മനുഷ്യരെ പരിപാലിക്കുന്നു. അവനെ ആരാധിക്കുന്നത് എങ്ങനെ രാജ്യദ്രോഹക്കുറ്റമാകും?'


www.malankaralibrary.com

ക്രിസ്തീയ കൂട്ടായ്മ നിയമവിരുദ്ധമാണെന്ന റോമൻ മനഃസ്ഥിതി ക്കെതിരെ തെർത്തുല്യൻ പറയുന്നു: 'ഒരു പൊതുമതാത്മക വികാരവും ശിക്ഷണത്തിലൈക്യവും പ്രത്യാശയുടെ പൊതുബന്ധവും ഉള്ള സമൂഹ മാണ് ഞങ്ങളുടേത്. പ്രാർഥനയിൽ ദൈവത്തെ സമീപിക്കാൻ ഞങ്ങൾ സമൂഹമായും സഭയായും ഒന്നിച്ചു കൂടുന്നു. ഒരു കൂട്ടമായി അവനു ചുറ്റും ഒന്നിച്ചുകൂടാൻവേണ്ടിയാണിത്. ഇതു ദൈവത്തിനു പ്രീതികരമാണ്. രാജാക്കന്മാർക്കും അവരുടെ സഹായികൾക്കും അധികാരത്തിലിരിക്കുന്ന എല്ലാവർക്കും ലോകത്തിന്റെ സുരക്ഷിതത്വത്തിനും ലോകശാന്തിക്കും കാലാന്ത്യം നീട്ടിത്തരുന്നതിനും ഞങ്ങൾ പ്രാർത്ഥിക്കുന്നു' (29,1-7). ക്രിസതുമതം ഒരു പുതിയ തത്വശാസ്ത്രമാണെന്ന ആരോപണത്തെ അവസാനഭാഗത്ത് ഖണ്ഡിക്കുന്നു (46-50). അതു മനുഷ്യർ ആരംഭിച്ചതല്ല, പിന്നെയോ ദൈവികവെളിപാടിന്റെ ഫലമാണ്.

ഈ കൃതിയുടെ ധാരാളം കൈയെഴുത്തു പ്രതികളുണ്ട്. തെർത്തുല്യൻ ലത്തീനിൽ പ്രസിദ്ധീകരിച്ച ഉടൻ തന്നെ ഇതു ഗ്രീക്കിലേക്കു വിവർത്തനം ചെയ്തെന്ന് എവുസേബിയസ് സാക്ഷിക്കുന്നു. 36 കൈയെഴുത്തു പ്രതികളിൽ ലത്തീൻപതിപ്പ് കിട്ടിയിട്ടുണ്ട്. 'വൾഗേറ്റ്' പതിപ്പ് എന്ന പേരി ലാണ് ഈ 36-ഉം അറിയപ്പെടുന്നത്. അവയുടെയെല്ലാം മൂലം ഒന്നുതന്നെ ആകാനാണിട. ഏകദേശം ഒരേ വാചകങ്ങളും ഒരേ തെറ്റുകളും ഒരേ വിശദീകരണങ്ങളും ഒരേ വിട്ടുകളയലുകളും ഇവയിൽ കാണാം. ഈ വൾഗേറ്റ് പതിപ്പിൽ നിന്നു വ്യത്യസ്തമായ കൈയെഴുത്തു പാരമ്പര്യമുണ്ട്. വൾഗേറ്റിൽനിന്ന് ഏതാണ്ട് 900 ഭാഗത്ത് ഇതിൽ വ്യത്യാസങ്ങളുണ്ട്. ചില ഭാഗത്തു നേരെ എതിർ പ്രയോഗങ്ങളുമുണ്ട്. ഈ രണ്ടിൽ ഏതാണ് കൂടുതൽ ശരിയെന്ന് പറയാൻ വിഷമമാണ്.

**(3) ആത്മാവിന്റെ സാക്ഷ്യം**

മറ്റൊരു അപ്പോളൊജെറ്റിക്കൽ കൃതിയാണ് ആത്മാവിന്റെ സാക്ഷ്യം. ഒരു താത്വികപഠനവും കൂടാതെ കളങ്കരഹിതവും നിർമലവുമായ ആത്മാവ് ദൈവത്തിന്റെ അസ്തിത്വം പ്രഘോഷിക്കുന്നു, 'എന്റെ ദൈവമേ, ദൈവം എല്ലാം കാണുന്നുണ്ട്, എല്ലാം ഞാൻ ദൈവത്തിൽ സമർപ്പിക്കുന്നു, എല്ലാം കാണുന്ന ദൈവം പ്രതിഫലം നൽകും' എന്നു തുടങ്ങി സർവസാധാരണ മായി മാനുഷികാധരങ്ങളിൽ ഉള്ള ദൈവനാമോ ച്ചാരണം ആത്മാവിന്റെ സ്വരമാണ്. വിദ്യാഭ്യാസത്താൽ മലിനമാകാത്ത ആത്മാവു ദൈവാസ്തിത്വ ത്തിനും മരണാനന്തര ജീവിതത്തിനും വലിയ സാക്ഷിയാണ്. താൻ ദൈവ ഛായയാണെന്ന് അരൂപിയറിയുന്നു. കണ്ണു തുറന്നു നോക്കുമ്പോൾ പ്രകൃതി യത് വ്യക്തമാക്കുന്നു.

ഗ്രീക്കു തത്വശാസ്ത്രത്തിൽ പ്രബലമായിരുന്ന ഈ ചിന്താധാര

അദ്ദേഹം സ്വായത്തമാക്കി. തത്വശാസ്ത്രത്തിന്റെ വഴിപിഴച്ച പാതകളെ നിശിതമായി വിമർശിക്കുകയും ചെയ്യുന്നു. കറതീണ്ടാത്ത പ്രകൃതി ഉറക്കെ വിളിച്ചുപറയുന്ന 'എന്റെ ദൈവമേ' എന്ന ശബ്ദം എത്ര വലിയ തത്വശാസ്ത്ര മാണ്. എല്ലാ ജ്ഞാനത്തിലും വലുത് ശുദ്ധവും ഋജുവുമായ പ്രകൃതിയുടെ ഈ സ്വരമാണ്. 'അപ്പോളജെറ്റിക്കും' എഴുതിയ വർഷം തന്നെയാണിതും എഴുതിയത് (197). ഇതിന് ആറ് അധ്യായങ്ങളേയുള്ളു.

### (4) സ്കാപ്പുളായ്ക്ക്

ആഫ്രിക്കയിലെ പ്രോകോൺസുളായിരുന്ന സ്കാപ്പുള (211-213) ക്രിസ്ത്യാനികളെ പീഡിപ്പിക്കയും വന്യമൃഗങ്ങൾക്ക് ഇട്ടുകൊടുക്കുകയും ജീവനോടെ കത്തിക്കയും മറ്റും ചെയ്ത സാഹചര്യത്തിൽ അയാൾക്കു തെർത്തുല്യൻ എഴുതിയതാണ് ഈ കൃതി. ഇതിന് അഞ്ചധ്യായങ്ങളുണ്ട്. മനുഷ്യന്റെ അടിസ്ഥാനാവകാശവും പ്രകൃതിയുടെ വിശേഷാവകാശവു മാണു മനസ്സാക്ഷിയനുസരിച്ച് ഈശ്വരാരാധന നടത്തുകയെന്നത്. നിർബ ന്ധിച്ച് മതാരാധന നടത്തുന്നത് മതമെന്ന പേരിനർഹമല്ല: 'രാജാവിനും അധികാരികൾക്കും കീഴ്‌വഴങ്ങി ജീവിക്കുന്ന ക്രിസ്ത്യാനികളെ പീഡിപ്പിക്കു ന്നത് ദൈവശിക്ഷ വിളിച്ചുവരുത്തുകയാണ്.' നാലാമധ്യായം തുടങ്ങുന്നത് ഇപ്രകാരമാണ്: 'ഭയമില്ലാത്തവരായ ഞങ്ങൾ താങ്കളെ ഭയപ്പെടുത്താനല്ല ഇതു പറയുന്നത്; ദൈവത്തോടു യുദ്ധത്തിനു മുതിരാതെ എല്ലാവരും രക്ഷപ്രാപിക്കണമെന്നുള്ള താല്പര്യം കൊണ്ടു മാത്രമാണ്.' 'ഭീകരവാഴ്ച നീണ്ടുനില്ക്കില്ല. മർദനം കൊണ്ട് ഒന്നും അടിച്ചമർത്താനാവില്ല. അതു വിശ്വാസികളുടെ സംഖ്യ വർദ്ധിപ്പിക്കുകയേയുള്ളു. അതുകൊണ്ട്, ജീവനുള്ള ദൈവത്തെപ്രതി കാർത്തേജിലെ പാവപ്പെട്ട ക്രിസ്ത്യാനികളെ വെറുതെ വിട്ടേക്കുക' എന്ന് അദ്ദേഹം അപേക്ഷിക്കുന്നു.

### (5) യൂദർക്കെതിരെ

ഒരു യഹൂദനും ക്രിസ്ത്യാനിയും തമ്മിൽ ഒരു ദിവസം മുഴുവൻ നീണ്ടു നിന്ന ചർച്ച നടന്നു. ചർച്ചയുടെ അവസാനം കാര്യങ്ങൾ കൂടുതൽ അവ്യക്ത മായിത്തന്നെ നിലകൊണ്ടു; അവ വ്യക്തമാക്കാനുള്ള സംരംഭമാണിതിൽ. 'ക്രിസ്തു പഴയതു മാറ്റി പുതിയതു സ്ഥാപിച്ചു. പഴയനിയമം ഇപ്പോൾ പ്രാബല്യത്തിലില്ല. ഛേദനാചാരവും സാബതാചരണവും ബലികളുമെല്ലാം കർത്താവു നീക്കിക്കളഞ്ഞു. പഴയനിയമ പ്രവചനങ്ങളെല്ലാം ക്രിസ്തുവി ലാണ് പൂവണിഞ്ഞിരിക്കുന്നത്' എന്നിങ്ങനെ പോകുന്നു അദ്ദേഹത്തിന്റെ വാദങ്ങൾ

## 2. താർക്കിക കൃതികൾ

1. അബദ്ധോപദേശകർക്കെതിരെ (ദെ പ്രെസ്ക്രിപ്സിയോണെ ഹെരെത്തിക്കോരും). 2. മാർസ്യനെതിരെ (അദ്വേർസുസ് മാർചിയോണെം).

3. ഹെർമോജെനസിനെതിരെ (അദ്വേർസുസ് ഹെർമോഗെനെസ്). 4. വലന്റീനിയർക്കെതിരെ (അദ്വേർസുസ് വലന്റീനിയാനോസ്). 5. മാമോദീസായെപ്പറ്റി (ദെ ബാപ്തിസ്മാ). 6. തേളിന്റെ കുത്തിനെതിരെ (സ്കോർപിയാചെ). 7. ക്രിസ്തുവിന്റെ ശരീരത്തെപ്പറ്റി (ദെ കാർണെ ക്രിസ്തി). 8. ശരീരത്തിന്റെ ഉയർപ്പ് (ദെ റിസുറെക്സിയോണെ കാർണിസ്). 9. പ്രാക്സെയാസിനെതിരെ (അദ്വേർസുസ് പ്രാക്സെയാൻ). 10. ആത്മാവിനെപ്പറ്റി (ദെ ആനിമ).

**(1) അബദ്ധോപദേശകർക്കെതിരെ**

ഈ കൃതിയിൽ (ക്രി.വ.200) തെർത്തുല്യന്റെ നിയമപാണ്ഡിത്യം വ്യക്തമാണ്. കത്തോലിക്കരും പാഷണ്ഡികളും തമ്മിലുള്ള എല്ലാ വാദപ്രതിവാദങ്ങളും അവസാനിപ്പിക്കാനുള്ള ഉദ്ദേശത്തിലാണ് ഇതെഴുതിയിരിക്കുന്നത്. നിയമവശത്തിലൂടെയാണ് അദ്ദേഹം ഇതു സാധിക്കുന്നത്. സഭയും പാഷണ്ഡികളും തമ്മിലുള്ള തർക്കം വേദപുസ്തകത്തെ ആധാരമാക്കിയാണല്ലോ. തെർത്തുല്യന്റെ ചിന്തയും വാദഗതിയും അനുസരിച്ച്, അബദ്ധോപദേശകർ വേദപുസ്തകം ഉപയോഗിക്കാനേ പാടില്ല. കാരണം, വേദപുസ്തകം അവരുടേതല്ല, വിശ്വാസികളുടെ ഗ്രന്ഥമാണ്. അദ്ദേഹം 21-ാം അധ്യായത്തിൽ രണ്ട് 'പ്രെസ്ക്രിപ്സിയോണെസ്' നിരത്തിവയ്ക്കുന്നു. അതുവഴി അബദ്ധോപദേശകരുടെ അടിത്തറ ഇളക്കാമെന്നാണ് നിയമവിദഗ്ധനായ അദ്ദേഹം കരുതുന്നത്: (1) 'ക്രിസ്തു സുവിശേഷ പ്രസംഗത്തിന് തന്റെ ശ്ലീഹന്മാരെ അയച്ചു; ഇക്കാരണത്താൽ ക്രിസ്തു അയച്ചവരെ അല്ലാതെ ആരെയും പ്രസംഗകരായി സ്വീകരിച്ചുകൂടാ.' (2) 'ശ്ലീഹന്മാർ സുവിശേഷം പ്രസംഗിച്ച് സഭകൾ സ്ഥാപിച്ചു. ഈ സുവിശേഷം മറ്റുള്ളവർക്ക് നൽകാൻ അവർ അധികാരം നല്കി. ക്രിസ്തു വെളിപ്പെടുത്തിയതും ശ്ലീഹന്മാർ പ്രസംഗിച്ചതും, ശ്ലീഹന്മാർതന്നെ നേരിട്ടു സ്ഥാപിച്ച സഭകളിലാണ് തേടേണ്ടത്. ഈ സഭകളിൽ നിന്ന് വ്യത്യസ്തമായി, ഇവയ്ക്കെതിരെ പഠിപ്പിക്കുന്ന സകല ഉപദേശങ്ങളും അബദ്ധങ്ങളാണെന്ന് വിധിക്കപ്പെടണം.' - കത്തോലിക്കാ സഭയുടെ തത്വങ്ങൾ ശ്ലൈഹിക പാരമ്പര്യത്തിൽ നിന്ന് ഉടലെടുത്തതാണ്. ശ്ലീഹന്മാർ ക്രിസ്തുവിൽനിന്ന് അത് പ്രാപിച്ചു. ശ്ലൈഹികസഭകളുടെ വിശ്വാസമുള്ളവർ ക്രിസ്തുവിന്റെ സഭയിലാണ്. അവർ മാത്രമേ ക്രിസ്തുവിന്റെ സഭയിലുള്ളൂ.

ഈ വാദം കേസുതന്നെ തള്ളിക്കളയാൻ മതിയായ കാരണമാണ്: അബദ്ധോപദേശകരോട് തർക്കിക്കേണ്ട കാര്യമേയില്ല. ശ്ലൈഹിക സഭകളുടെ പ്രബോധനത്തിൽ നിന്ന് മാറിയവരാണോ, അവരിൽ നിന്നകന്നു മാറിയേക്കുക. എങ്കിലും എതിർകക്ഷിക്ക് വാദിക്കാൻ തെർത്തുല്യൻ അവസരം കൊടുക്കുന്നു. എന്നിട്ട് അബദ്ധോപദേശകരുടെ രണ്ടു വാദങ്ങൾ എടുത്തിടുന്നു: (1) 'ശ്ലീഹന്മാർ അവികലമായി സത്യം കൈമാറിക്കാണില്ല; കാരണം, ചില കാര്യങ്ങളിലെങ്കിലും അവർ അജ്ഞരായിരുന്നു; അഥവാ

അറിയാമായിരുന്നവ തന്നെ പൂർണമായി കൈമാറിക്കാണില്ല.' (2) 'വിശ്വാസ നിക്ഷേപം പകർന്നു കൊടുക്കുന്നതിൽ സഭകൾ എന്നും വിശ്വസ്തമായി വർത്തിച്ചെന്നു പറയാനാവില്ല' അതിന് തെർത്തുല്യന്റെ മറുപടി ഇപ്രകാര മാണ്: 'ഇത്രകാലം സുവിശേഷം വികലമായിരുന്നെന്നോ? അതിന് സഭ ഒരബദ്ധോപദേശകന്റെ വരവ് നോക്കിയിരുന്നെന്നോ? സത്യമാണാദ്യം വിതയ്ക്കപ്പെട്ടത്. അസത്യം പിന്നെ വിതയ്ക്കപ്പെട്ടതാണ്. പാഷണ്ഡികളുടെ ഉത്ഭവത്തിനു മുമ്പേ സത്യം നിലനിന്നു.' – ഈ വാദത്തിലൂടെ ഇവിടേയും എതിരാളികളെ അദ്ദേഹം മുട്ടുകുത്തിക്കുന്നു. ഓരോരോ പാഷണ്ഡരെയും കുറിച്ച് വെവ്വേറെ ചർച്ച ചെയ്യാനുള്ള ഒരാമുഖമായിട്ടാണ് അദ്ദേഹം ഈ കൃതി രചിച്ചത്. ഗ്രന്ഥാവസാനം 32 പാഷണ്ഡികളുടെ പേരുകൾ നല്കുന്നു.

**(2) മാർസ്യനെതിരെ**

ഇതാണ് തെർത്തുല്യന്റെ ഏറ്റവും വലിയ കൃതി. മാർസ്യനെ കുറിച്ച് വളരെയധികം അറിവ് ഇതിൽ നിന്ന് ലഭിക്കുന്നു. അഞ്ചു പുസ്തകങ്ങളിലായി മാർസ്യനെ ഖണ്ഡിക്കുന്നു. പഴയ നിയമ ദൈവവും പുതിയനിയമ ദൈവവും തമ്മിൽ അന്തരമുണ്ടെന്ന മാർസ്യൻ സിദ്ധാന്തത്തെ ഒന്നാംപുസ്തകം ഖണ്ഡിക്കുന്നു. ദൈവത്വം എന്ന ആശയത്തിനു തന്നെ നിരക്കാത്തതാണ് ഈ വേർതിരിക്കൽ. ലോകസ്രഷ്ടാവ്, നല്ലവനായ ദൈവം തന്നെയാണെന്ന ആശയം രണ്ടാം പുസ്തകത്തിൽ വിശദമാക്കുന്നു. മൂന്നാമത്തേതു മാർസ്യന്റെ ക്രിസ്തുശാസ്ത്രം വിവരിക്കുന്നു. പഴയനിയമം വാഗ്ദാനം ചെയ്തിരുന്ന രക്ഷകനല്ല വന്നത് എന്നായിരുന്നു മാർസ്യന്റെ വാദം. അതല്ല, 'നിയമവും പ്രവാചകന്മാരും പ്രവചിച്ചവൻ തന്നെയാണ് നസ്രായനേശു അവനെ സ്രഷ്ടാവായ ദൈവമാണ് അയച്ചത്.' നാലും അഞ്ചും ഗ്രന്ഥങ്ങൾ മാർസ്യന്റെ പുതിയനിയമത്തിന്റെ വിമർശനമാണ്. പഴയനിയ മവും പുതിയനിയമവും തമ്മിൽ വൈരുധ്യമില്ല, പ്രത്യുത മാർസ്യന്റെ പുതിയ നിയമത്തിൽ നിന്നുതന്നെ അയാളുടെ അബദ്ധോപദേശങ്ങളുടെ പൊള്ളത്തരം കാട്ടാൻ സാധിക്കുമെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.– നമുക്കു ലഭിച്ചിരിക്കുന്നത് പ്രസ്തുത കൃതിയുടെ മൂന്നാമത്തെ പതിപ്പാണ്. തെർത്തുല്യൻ ആദ്യമൊന്ന് പ്രസിദ്ധീകരിച്ചു. അതു വളരെ ചെറുതായി തോന്നിയതിനാൽ രണ്ടാമതൊന്നെഴുതി. അതാരോ മോഷ്ടിച്ച് വളരെയധികം തെറ്റുകളോടു കൂടെ പ്രസിദ്ധീകരിച്ചു. ഇതറിഞ്ഞ് കുറേക്കൂടി വിപുലമായി മൂന്നാമതൊരു പതിപ്പ് പ്രസിദ്ധീകരിച്ചു.

**(3) ഹെർമോജെനസിനെതിരെ**

കാർത്തേജിലെ ഒരു പെയിന്ററും ഗ്നോസ്റ്റിക്കുമായിരുന്നു ഹെർമോ ജെനസ്. പദാർഥം നിത്യമാണെന്നും ദൈവത്തെപ്പോലെ സ്ഥിതിചെയ്യുന്ന താണെന്നും അതിൽ നിന്നാണ് ദൈവം ലോകം നിർമിച്ചതെന്നുമാണ്

ഹെർമോജെനസിന്റെ വാദം. സൃഷ്ടിയെ സംബന്ധിച്ച് അയാൾ പുലർത്തിയിരുന്ന വാദഗതികളെ നാലധ്യായങ്ങളിലായി 200-ൽ തെർത്തുല്യൻ ഖണ്ഡിക്കുന്നു. ദൈവം എന്ന ആശയം തന്നെ നിത്യമായ പദാർഥത്തിന്റെ അസ്തിത്വം അംഗീകരിക്കുന്നില്ലെന്ന് തെളിയിച്ചു.

**(4) വലന്റീനിയർക്കെതിരെ**

ഐറേനയിസ്, ജസ്റ്റിൻ, മിൽതിയാദെസ്, പ്രോക്ലുസ് എന്നിവരുടെ കൃതികളെ ആധാരമാക്കി വലന്റീനിയൻ ഗ്നോസ്റ്റിക്കുകാർക്ക് എതിരായിട്ടാണ് 39 അധ്യായങ്ങളുള്ള ഈ ഗ്രന്ഥം. ഈ വിഷയം സംബന്ധിച്ച് വിപുലമായ മറ്റൊരു കൃതി എഴുതാൻ പദ്ധതിയുണ്ടെന്ന് ഇതിന്റെ അവസാനം അദ്ദേഹം പറയുന്നു.

**(5) മാമോദീസായെപ്പറ്റി**

ക്വിൻടില്ല എന്ന സ്ത്രീ ക്രിസ്തീയ സ്നാനത്തിനെതിരെ പ്രചരണം നടത്തി അനേകരെ വഴിതെറ്റിക്കാൻ കാർത്തേജിൽ ഇറങ്ങിത്തിരിച്ചു. അവൾക്ക് നിരവധി ആരാധ കരും ഉണ്ടായിരുന്നു. 20 അധ്യായങ്ങളുള്ള ഒരു ലഘുലേഖ വഴി (ക്രി.വ.198-200) തെർത്തുല്യൻ അവളെ നിശ്ശബ്ദയാക്കി. 'സ്നാനത്തോടൊപ്പമുള്ള പാവനകർമമാണ് പാവനമാക്കുന്നത്. വെറും സ്നാനം ശാരീരിക മാലിന്യം കഴുകുന്നു. എന്നാൽ മാമോദീസാ എന്ന കൂദാശ ആത്മാവിനെ കഴുകുന്നു. സ്നാനത്തിനു ശേഷം പരിശുദ്ധാത്മാവിന്റെ ആവാസത്തിനായി റൂശ്മായുണ്ട്. കൈവെപ്പിന്റേതായ ആ റൂശ്മാവഴി പരിശുദ്ധാത്മാവിനെ ലഭിക്കുന്നു. ചെങ്കടൽ കടന്നതും പാറയിൽ നിന്നു വെള്ളം ഒഴുകിയതും സ്നാപകൻ സ്നാനം നൽകിയതും ക്രൈസ്തവ സ്നാനത്തിന്റെ മുൻകുറികളായിരുന്നു.' അബദ്ധോപദേശകയുടെ വാദഗതികളെ ഒന്നൊന്നായി അദ്ദേഹം ഖണ്ഡിക്കുന്നു. നിഖ്യാസൂനഹദോസിനു മുമ്പ് സ്നാനത്തെപ്പറ്റി ചർച്ച ചെയ്യുന്ന സുപ്രധാന രേഖയാണിത്.[30]

**(6) തേളിന്റെ കുത്തിനെതിരെ**

ഗ്നോസ്റ്റിക് ചിന്തകരെ തേളിനോടാണ് തെർത്തുല്യൻ ഉപമിക്കുന്നത്: അവർ രക്തസാക്ഷിത്വത്തെ എതിർക്കുന്നു. അവരുടെ വാദങ്ങളിൽ കഴമ്പില്ല. വിശ്വാസത്തിനുവേണ്ടി ജീവൻ ഹോമിക്കുക ശ്രേഷ്ഠതരമാണ്. വലിയ മതപീഡനത്തിന്റെ പശ്ചാത്തലത്തിൽ ആയിരിക്കാം (213-ൽ) അദ്ദേഹം ഇത് രചിച്ച്, രക്തസാക്ഷിത്വത്തിനുള്ള ആഹ്വാനം നടത്തുന്നത്.

**(7) ക്രിസ്തുവിന്റെ ശരീരത്തെപ്പറ്റി**

ഗ്നോസ്റ്റിക് ചിന്തകർ ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യം നിഷേധിച്ചു. മാർസ്യൻ, അപ്പെല്ലെസ്, ബസിലിദെസ്, വലെന്തീനസ് എന്നിങ്ങനെ നാലുപേരെ ഇതിൽ എതിർക്കുന്നു. ഇവിടെ പ്രശ്നം ക്രിസ്തുവിന്റെ

ശരീരമാണ്. മൂന്നു ചോദ്യങ്ങൾക്കുത്തരം കിട്ടണം: (1) ക്രിസ്തുവിന്റെ ശരീരം എപ്പോഴെങ്കിലും സ്ഥിതി ചെയ്തിരുന്നോ? (2) എവിടെ നിന്ന് ക്രിസ്തുവിന് തന്റെ ശരീരം കിട്ടി? (3) എന്തു തരം ശരീരമായിരുന്നു അത്? ആ മൂന്നു ചോദ്യങ്ങൾക്കും അദ്ദേഹം ഉത്തരം നൽകുന്നു: 'ക്രിസ്തു യഥാർഥമായി പിറന്നു, മനുഷ്യനായി ജീവിച്ചു, മരിച്ചു. അവൻ മാലാഖമാരിൽ നിന്നല്ല ശരീരമെടുത്തത്; നക്ഷത്രങ്ങളിൽ നിന്നുമല്ല, മറ്റെന്തെങ്കിലും അരൂപികളിൽ നിന്നുമല്ല. പാപമൊഴികെ അവൻ നമ്മെപ്പോലെയായി. അവിടുന്ന് മനുഷ്യസ്ത്രീയിൽനിന്ന് ജഡമെടുത്തു. എന്നാൽ ഒന്നാമത്തെ ആദത്തിനും രണ്ടാമത്തെ ആദത്തിനും ഭൗമികപിതാക്കന്മാർ ഇല്ലായിരുന്നു.' അന്മാർഥത ഇല്ലാത്ത ഗ്നോസ്റ്റിക്കുകൾക്കെതിരെ തെർത്തുല്യൻ ക്രിസ്തുവിന്റെ മനുഷ്യ ശരീരത്തിന്റെ യാഥാർഥ്യം ഉയർത്തിക്കാട്ടുകയും കന്യകയിൽ നിന്നുള്ള ജനനം പ്രഖ്യാപിക്കയുമാണ്.

**(8) ശരീരത്തിന്റെ ഉയർപ്പ്**

മുൻകൃതിയുമായി ബന്ധപ്പെട്ടതാണിത്. യഹൂദർ, വിജാതിയർ, അബദ്ധോപദേശകർ എന്നിവർ ശരീരത്തിന്റെ ഉയർപ്പ് നിഷേധിക്കയും ആഫ്രിക്കൻ സഭയിൽ കലക്കമുണ്ടാക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഇതെഴുതിയത്. പുതിയനിയമത്തിലും പഴയനിയമത്തിലും ശരീരത്തിന്റെ ഉയർപ്പിനെപ്പറ്റി പ്രതിപാദിക്കുന്ന ഭാഗങ്ങളെല്ലാം എടുത്തു ചർച്ചചെയ്ത് ക്രൈസ്തവ വിശ്വാസം ആവർത്തിച്ചുറപ്പിക്കുന്നു.

**(9) പ്രാക്സെയാസിനെതിരെ**

മോഡലിസ്റ്റ് അബദ്ധോപദേശകനയിരുന്നു പ്രാക്സെയാസ്: 'നിത്യനായ പിതാവുതന്നെ കന്യകയിൽ നിന്നു ജഡമെടുത്തു മനുഷ്യനായി, ജീവിച്ചു, കുരിശിൽ മരിച്ചു' എന്ന ആശയമാണ് മോഡലിസം. പിതാവും ക്രിസ്തുവും ഒരാൾ തന്നെ. ത്രിത്വത്തിലെ മൂന്നാളുകളെ ഈ അബദ്ധോപദേശകൻ നിഷേധിക്കുന്നു. തെർത്തുല്യൻ പ്രാക്സെയാസിനെതിരെ ത്രിത്വത്തെ സംബന്ധിച്ചുള്ള സത്യവിശ്വാസം ഉയർത്തിക്കാട്ടി. നിഖ്യാസൂനഹദോസിൽ തെർത്തുല്യന്റെ ഈ കൃതി വളരെയധികം സ്വാധീനം ചെലുത്തി. ഹിപ്പോളിറ്റസ്, നൊവേഷ്യൻ, അലക്സാണ്ഡ്രിയായിലെ ദിവന്നാസ്യോസ് എന്നിവരുടെ ത്രിത്വപഠനങ്ങളുടെ ഉറവിടം തെർത്തുല്യൻ ആണ്. വി. അഗസ്റ്റിൻ പോലും ത്രിത്വത്തെ സംബന്ധിച്ചുള്ള പഠനത്തിൽ തെർത്തുല്യനോട് കടപ്പെട്ടിട്ടുണ്ട്. ഏകദൈവത്തിലെ മൂന്നാളുകൾ തമ്മിലുള്ള വ്യത്യാസം വഴി അവർ മൂവരായിരിക്കുന്നു. ത്രിത്വം (ത്രിനിതാസ്) എന്ന പദം ലത്തീൻ ദൈവശാസ്ത്രത്തിൽ ആദ്യമായുപയോഗിച്ചത് അദ്ദേഹമാണ്.

### (10) ആത്മാവിനെപ്പറ്റി

ആത്മാവിനെ സംബന്ധിച്ച് അബദ്ധോപദേശം പഠിപ്പിച്ചവർക്കെതിരെ ആത്മാവിനെപ്പറ്റി ശരിയായ ജ്ഞാനം നൽകാനാണ് ഈ കൃതി. ആത്മാവും ശരീരവും ഒന്നിച്ച് ഉരുവാകുന്നു. ദൈവമാണ് ആത്മശരീരങ്ങൾക്കു ജീവൻ കൊടുക്കുന്നത്. മനുഷ്യസ്വാതന്ത്ര്യത്തെ എതിർക്കുന്നവരേയും ഈ കൃതിയിലൂടെ തറപറ്റിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. മാർസ്യനെതിരെ എന്ന കൃതി കഴിഞ്ഞാൽ തെർത്തുല്യന്റെ വലിയ കൃതിയാണിത്. ഈ കൃതിക്ക് മൂന്നു ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗം (അധ്യാ. 4–22) ആത്മാവിന്റെ അഭൗമിക സ്വഭാവത്തെപ്പറ്റി ചർച്ച ചെയ്യുന്നു. ആത്മാവ് ദൈവത്തിന്റെ ശ്വാസത്തിൽ നിന്നുരുവാകുന്നെങ്കിലും കാലത്തിൽ ഉത്ഭവിക്കുന്നു; ആത്മാവിന് ഒരുതരം ഭൗതിക സ്വഭാവമുണ്ടെന്ന് തെർത്തുല്യൻ പറയുന്നു. സ്റ്റോയിക് താത്വികരുടെ ശൈലിയിൽ ആത്മാവ് ഒരു ശാരീരിക പദാർഥമാണെന്ന് പറയുന്നതിനും അദ്ദേഹം മടിക്കുന്നില്ല. അങ്ങനെയാണെങ്കിലും ആത്മാവ് അദൃശ്യമാണ്. രണ്ടാം ഭാഗം (23–37,4) ആത്മാവിന്റെ ഉത്ഭവത്തെപ്പറ്റി ആരായുന്നു. മനുഷ്യാത്മാക്കൾ നേരത്തെ സ്ഥിതി ചെയ്തിരുന്നു എന്ന പ്ളറ്റോണിക് ചിന്തയെ അദ്ദേഹം എതിർക്കുന്നു. ആത്മാവും ശരീരവും ഒന്നിച്ചാണ് ഉരുവാകുന്നത് (27). ജനനപ്രക്രിയ ആത്മാവിനേയും ശരീരത്തേയും ഉൽപ്പാദിപ്പിക്കുന്നു. ഓരോ മനുഷ്യാത്മാവിനേയും ദൈവം സൃഷ്ടിക്കുന്നു എന്ന സിദ്ധാന്തത്തിന് എതിരാണ് തെർത്തുല്യന്റെ ചിന്ത. പിത്തഗോറസ്, പ്ലേറ്റോ, എംപദോക്ലെസ് ആദിയായവർ പഠിപ്പിച്ചിരുന്ന പുനർജന്മ സിദ്ധാന്തത്തെയും അദ്ദേഹം എതിർക്കുന്നു. മൂന്നാം ഭാഗം (37, 5–58) ആത്മാവിന്റെ വളർച്ച, പുരുഷത്വം, പാപം, നിദ്ര, സ്വപ്നം, മരണം, മരണാന്തരജീവിതം എന്നിവ ചർച്ചാവിഷയമാക്കുന്നു. രക്തസാക്ഷികളുടെ ആത്മാക്കളൊഴിച്ച് മറ്റെല്ലാവരുടേതും ഉത്ഥാനദിവസം വരെ പാതാളത്തിൽ അടയ്ക്കപ്പെട്ടിരിക്കുന്നു. പറുദീസാ തുറക്കാനുള്ള ഏക താക്കോൽ നിങ്ങളുടെ സ്വന്തം രക്തം മാത്രമാകുന്നു (55) എന്ന് അദ്ദേഹം പറയുമ്പോൾ, രക്തസാക്ഷിത്വത്തിന്റെ മഹനീയത ഉയർത്തിക്കാട്ടുകയത്രേ ചെയ്യുക. പാതാളത്തിലായിരിക്കുമ്പോഴും ആത്മാക്കൾ സന്തോഷവും ദുഃഖവും അനുഭവിക്കുന്നു.

## 3. ശിക്ഷണക്രമം, ധാർമികക്രമം, ആധ്യാത്മികം എന്നിവയെ സംബന്ധിച്ച കൃതികൾ

1. രക്തസാക്ഷികളോട് (ആദ് മർതീരാസ്). 2. കാഴ്ചകളെപ്പറ്റി (ദെ സ്പെക്താകുളിസ്). 3. സ്ത്രീകളുടെ വസ്ത്രധാരണത്തെപ്പറ്റി (ദെ കുൾതു ഫെമിനാരും). 4. പ്രാർഥനയെപ്പറ്റി (ദെ ഒറാസിയോണെ). 5. ക്ഷമയെപ്പറ്റി (ദെ പാസിയെൻസിയ). 6. അനുതാപത്തെപ്പറ്റി (ദെ പെനിതെൻസിയ). 7. ഭാര്യയോട് (ആദ് ഉക്സോരെം). 8. ശുദ്ധതയെ സംബന്ധിച്ചുള്ള ഉപദേശം

(ദെ എക്സ്ഹൊർതാസിയോണെ കാസ്തിത്താത്തിസ്). 9. ഏകഭാര്യാത്വം (ദെ മോണോഗമിയ). 10. കന്യകകൾ തലമൂടുന്നതിനെപ്പറ്റി (ദെ വിർജി നിബുസ് വെലാൻദിസ്). 11. കിരീടം (ദെ കൊറോണ). 12. മതപീഡനത്തിൽ ഓടിപ്പോകുന്നതിനെ സംബന്ധിച്ച് (ദെ ഫൂഗാ ഇൻ പേർസെക്കുസിയോണെ). 13. വിഗ്രഹാരാധനയെക്കുറിച്ച് (ദെ ഇദൊളൊലാത്രിയ). 14. ഉപവാസത്തെക്കു റിച്ച് (ദെ യെയൂണിയോ). 15. അടക്കത്തെക്കുറിച്ച് (ദെ പുദിചീസിയ). 16. പാലിയത്തെക്കുറിച്ച് (ദെ പാല്ലിയോ)

**(1) രക്തസാക്ഷികളോട്**

തെർത്തുല്യന്റെ സാഹിത്യജീവിതത്തിന്റെ ആദ്യഭാഗത്തുള്ള (197–ൽ) ഒരു കൃതിയാണിത്. ഇതിന് ആറധ്യായങ്ങളേയുള്ളു. ഉത്തമ ക്രൈസ്തവ ജീവിതത്തിലേക്ക് അത്യധികം താല്പര്യപൂർവം ഉറ്റുനോക്കുന്ന ആത്മാർ ഥത നിറഞ്ഞ ഒരു ക്രിസ്ത്യാനിയെ ഇതിൽ കാണാൻ കഴിയും. ഋജുവായ ശൈലിയിലാണ് ഇതെഴുതിയിരിക്കുന്നത്. ക്രിസ്തുവിന്റെ നാമത്തെപ്രതി ജയിലിൽ അടയ്ക്കപ്പെട്ട സഹവിശ്വാസികളെ ഇതിലൂടെ അദ്ദേഹം ഉത്തേജി പ്പിക്കുന്നു. മനുഷ്യന്റെ വേദനകളേയും കുറവുകളേയും സംബന്ധിച്ച് ശരി യായ ജ്ഞാനമുള്ള സഹാനുഭൂതി നിറഞ്ഞ വ്യക്തിയെ ഇതിൽ കാണാൻ കഴിയും. ജയിലിൽ അടയ്ക്കപ്പെട്ടവർ സ്നാനാർഥികളാണ്. അവർക്ക് ഉറപ്പാവശ്യമാണ്; അവരെ സാന്ത്വനപ്പെടുത്താനും ധൈര്യം പകർന്നു കൊടു ക്കാനും അദ്ദേഹം ശ്രമിക്കുന്നു.

**(2) കാഴ്ചകളെപ്പറ്റി**

അന്നു റോമൻ സാമ്രാജ്യത്തിലുടനീളം നടമാടിയിരുന്ന ക്രൂരമായ വിനോദങ്ങൾക്ക് എതിരായിട്ടാണ് ഇതെഴുതിയത്. സ്റ്റേഡിയം, ആംഫിതി യേറ്റർ, ഗുസ്തിമത്സരം, മറ്റു വിനോദങ്ങൾ എന്നിവയെല്ലാം വിഗ്രഹാരാധ നയുടെ രംഗങ്ങളാണ്. അവ വികാരങ്ങളെ ഇളക്കിവിടാൻ പര്യാപ്തമാണ്. മാമോദീസായിൽ ക്രിസ്തുവിനെ ധരിച്ചവർ ഇവയിൽ നിന്നെല്ലാം ഓടിയക ലണമെന്ന് അദ്ദേഹം വാദിച്ചു. തെർത്തുല്യൻ തന്നെ ഈ കൃതി ഗ്രീക്കിലേക്ക് ഭാഷാന്തരം ചെയ്തിട്ടുണ്ടെന്ന് കിരീടത്തെപ്പറ്റി എന്ന കൃതിയിൽ പറയുന്നു.

**(3) സ്ത്രീകളുടെ വസ്ത്രധാരണത്തെപ്പറ്റി**

ക്രിസ്ത്യാനികൾ ജ്ഞാനസ്നാനത്തിൽ പേഗനിസം ഉപേക്ഷിക്കുന്നു. അതുമാത്രം പോരാ, അനുദിന ജീവിതത്തിൽ ക്രിസ്തുവിന്റെ ചൈതന്യം നിറഞ്ഞുതുളുമ്പി നിൽക്കണം. സ്ത്രീകൾ പുറജാതികളെ അനുകരിക്കു ന്നവർ ആകരുത്. അവർ വിനയത്തിന്റേയും ശാലീനതയുടേയും മാതൃക കളായിരിക്കണം. തത്സംബന്ധമായി രണ്ടു ചെറുകൃതികൾ തെർത്തുല്യൻ രചിച്ചു: *ദെ ഹാബിതു മുളിയെരി, ദെ കുൾതു ഫെമിനാരും.* ഈ കൃതികളിൽ വസ്ത്രത്തെപ്പറ്റിയും ആഭരണങ്ങളെപ്പറ്റിയും തെർത്തുല്യൻ ചർച്ച


www.malankaralibrary.com

ചെയ്യുന്നു: 'മനുഷ്യൻ ദൈവത്തിന്റെ ആലയമായതിനാൽ ദേവാലയത്തിന് യോജിച്ച രീതിയിൽ വേണം വസ്ത്രധാരണം ചെയ്യാൻ. മോടിയിൽ അഹങ്കരിക്കുന്നത് മൗഢ്യമാണ്; ഒരു തരത്തിലുള്ള ആഭരണവും പാടില്ല. അതുപോലെ മഷികളും ചായങ്ങളും ഉപയോഗിച്ച് ശരീരം മോടിപിടിപ്പിക്കുന്ന രീതികളും ക്രിസ്ത്യാനികൾക്ക് ചേർന്നതല്ല. സമീപസ്ഥമായിരിക്കുന്ന മത പീഡനം സഹിക്കാൻ ത്രാണി കിട്ടണമെങ്കിൽ കഠിനമായ ജീവിത പരിശീലനം ആവശ്യമാണ്. ലൗകിക സുഖസൗകര്യങ്ങളും ആഡംബരങ്ങളും തേടി, കണ്ണിൽ മഷിയും ചുണ്ടിൽ ചായവും തേച്ചിരുന്നാൽ, മതപീഡനത്തിൽ ഞാൻ അവനെ അറിയില്ലെന്നു വിളിച്ചു പറയും' എന്ന് തെർത്തുല്യൻ മുന്നറിയിപ്പ് നൽകുന്നു.

### (4) പ്രാർഥനയെപ്പറ്റി

മാമോദീസാ സ്വീകരിക്കാൻ ഒരുങ്ങുന്നവർക്കുവേണ്ടി 193-200 ൽ തെർത്തുല്യൻ എഴുതിയ ചെറിയ കൃതിയാണ് പ്രാർഥനയെപ്പറ്റി എന്നത്. പഴയനിയമത്തിന് അജ്ഞാതമായ ഒരു പ്രാർഥനാശൈലി പുതിയനിയമം വരച്ചുകാട്ടുന്നു എന്ന ആമുഖത്തോടുകൂടി ഗ്രന്ഥം ആരംഭിക്കുന്നു. ദൈവത്തോടു എപ്രകാരം പ്രാർഥിക്കണം എന്നതിന്റെ മാതൃക കർതൃപ്രാർഥനയിൽ കാണാം. കർതൃപ്രാർഥനയുടെ ഒരു പ്രാചീനഭാഷ്യം ഈ കൃതിയിലുണ്ട്. (അധ്യാ.2-9). സഹോദരങ്ങളോട് രമ്യപ്പെട്ടിട്ടേ പ്രാർഥിക്കാനായി ദൈവസമക്ഷം അണയാവൂ എന്ന് അദ്ദേഹം കർശനമായി ഉപദേശിക്കുന്നു (10-12). കൈകൾ കഴുകുന്നതല്ല, ഹൃദയത്തിന്റെ വിശുദ്ധിയാണ് അത്യന്താപേക്ഷിതമായിട്ടുള്ളത് (13-14). പ്രാർഥനാശുശ്രൂകളിൽ മേൽവസ്ത്രം എടുത്തുമാറ്റുന്നതും പ്രാർഥന കഴിയുമ്പോൾ ഇരിക്കുന്നതും അപലപനീയമായി അദ്ദേഹം കരുതുന്നു (15-16). നാം നിന്നുകൊണ്ട് കൈകളുയർത്തി, താഴ്ന്ന സ്വരത്തിലത്രേ പ്രാർഥിക്കേണ്ടത് (17). വിനയവും അടക്കവുമുള്ള ശാരീരിക നിലപാട് സ്വീകരിക്കണം.

പ്രാർഥനയുടെ അവസാനമുള്ള സമാധാനചുംബനം ആരും ഉപേക്ഷിക്കരുത്; പ്രാർഥനയുടെ പൂർത്തീകരണമത്രേ അത്. ദുഃഖവെള്ളിയാഴ്ച മാത്രം സമാധാനചുംബനം നൽകേണ്ടതില്ല. അന്ന് ആരും ഭക്ഷണം കഴിക്കാറില്ല (18). ഉപവാസദിവസങ്ങളിൽ ഉപവസിക്കുന്നവർ കുർബാന സ്വീകരിക്കുന്നതുകൊണ്ട് ഉപവാസഭംഗം വരുന്നില്ല. കുർബാന വീട്ടിൽ കൊണ്ടുപോയി ഉപവാസം തീരുമ്പോൾ മാത്രം സ്വീകരിക്കേണ്ട കാര്യമില്ല (19). ദേവാലയത്തിൽ എത്തുന്ന കന്യകകൾ തല മൂടുകതന്നെ വേണം (20-22). ഉപവാസദിവസങ്ങളിൽ മുട്ടുകുത്തുമെങ്കിലും, ഉയർപ്പിനും പെന്തക്കോസ്തിക്കും മുട്ടുകുത്താൻ പാടില്ല (23). സ്രഷ്ടാവിനോടുള്ള വിധേയത്വം ഏറ്റുപറയാൻ എല്ലാ സ്ഥലങ്ങളും സ്വീകാര്യമാണ് (24). പ്രാർഥിക്കാൻ പ്രത്യേക

www.malankaralibrary.com

സമയത്തിന്റെ ആവശ്യമില്ല. എന്നാൽ മൂന്നാംമണി, ആറാംമണി, ഒൻപതാം മണി എന്നീ സമയങ്ങളിൽ പ്രാർഥനാനിരതരായിരിക്കണം. ഒരു പ്രാർഥന ചൊല്ലാതെ വിശ്വാസികൾ ഭക്ഷിക്കുകയോ കുളിക്കുകയോ ഇല്ല; കാരണം ശരീരത്തിന്റെ പോഷണത്തിനും പരിചരണത്തിനും മുമ്പ് ആത്മാവ് പോഷിപ്പിക്കപ്പെടണം. ഭൗമിക കാര്യങ്ങൾക്കു മുമ്പ് സ്വർഗീയ കാര്യങ്ങളിൽ നാം ശ്രദ്ധപതിപ്പിക്കണം (25). പ്രാർഥന കൂടാതെ അതിഥിയെ സ്വീകരിക്കയോ, ഒരാളെ വേർപിരിയുകയോ ചെയ്യരുത്. ഹല്ലേലൂയ്യാ കൊണ്ടോ, ഒരു സങ്കീർത്തന വാക്യം കൊണ്ടോ എല്ലാ പ്രാർഥനകളും അവസാനിപ്പിക്കണം (26–27). പ്രാർഥന ആധ്യാത്മിക ബലിയാണ്; അതിന്റെ ശക്തി അവാച്യമാണ് (28–29). (മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *പ്രാർഥന സഭയിൽ,* കോട്ടയം,1993,പേജ്,9–36).[31]

**(5) ക്ഷമയെപ്പറ്റി**

ഈ കൃതിയെഴുതാൻ (ക്രി.വ.200–203) താൻ തികച്ചും അയോഗ്യനാണെന്ന് അദ്ദേഹം ആദ്യമേതന്നെ സമ്മതിക്കുന്നു. കാരണം, ക്ഷമയില്ലായ്മ എന്നത് തന്റെ സ്വഭാവത്തിന്റെ ഭാഗമാണത്രേ. ദൈവമാണ് ക്ഷമയുടെ മാതൃക. അവൻ ദുഷ്ടരുടെമേലും ശിഷ്ടരുടെ മേലും മഴ പെയ്യിക്കുന്നു. കർത്താവിന്റെ ക്ഷമ എല്ലാവർക്കും പാഠമാകണം. അനുദിന ജീവിതത്തിൽ നമുക്കുണ്ടാകുന്ന എല്ലാ ബുദ്ധിമുട്ടുകളും ക്ഷമാപൂർവം സഹിക്കണം.

**(6) അനുതാപത്തെപ്പറ്റി**

സ്നാനം സ്വീകരിക്കുന്നതിനു മുമ്പുള്ള അനുതാപം ഒന്ന്, അതിനു ശേഷമുള്ളത് മറ്റൊന്ന്. രണ്ടിനെപ്പറ്റിയും അദ്ദേഹം ചർച്ചചെയ്യുന്നു. രണ്ടാമത്തേതു സഭയിലെ കുമ്പസാരത്തെപ്പറ്റിയാണെന്ന് വ്യക്തമാണ്. രണ്ടാമത്തെ അനുതാപം ഒരിക്കലേ പാടുള്ളൂ എന്ന് അദ്ദേഹം ചിന്തിച്ചിരുന്നു. വെസൂവിയസ് അഗ്നിപർവതം പൊട്ടിയതിനെപ്പറ്റി (ക്രി.വ.203) അധ്യായം 12 –ൽ പരാമർശമുള്ളതിനാൽ 203 – ലായിരിക്കാം ഇതെഴുതിയത്.

**(7) ഭാര്യയോട്**

തന്റെ മരണശേഷം തന്റെ ഭാര്യ പുനർവിവാഹം ചെയ്യരുതെന്ന് ഇതിലൂടെ അദ്ദേഹം ശക്തിയായി ഉപദേശിക്കുന്നു. രണ്ടാംവിവാഹം സുകൃതജീവിതത്തിനു തടസ്സമായിട്ടാണ് അദ്ദേഹം കാണുന്നത്. അതുപോലെ ക്രിസ്ത്യാനികളും അക്രൈസ്തവരും തമ്മിലുള്ള വിവാഹത്തെയും നിരാകരിക്കുന്നു.

**(8) ശുദ്ധതയെ സംബന്ധിച്ചുള്ള ഉപദേശം**

തെർത്തുല്യന്റെ ഒരു സുഹൃത്തിനു ഭാര്യ നഷ്ടപ്പെട്ടു. പുനർവിവാഹം നടത്തരുതെന്ന് അയാളെ ഇതിലൂടെ ഉപദേശിക്കുന്നു. ഭാര്യയോട് എന്ന


www.malankaralibrary.com

കൃതിയിൽ ക്രിസ്തീയ വിവാഹത്തെ മാന്യമായി കാണുന്നുണ്ടെങ്കിലും ഈ കൃതിയിൽ കർക്കശവും ഏകപക്ഷീയവുമായ ചിന്തകൾ നിഴലിക്കുന്നുണ്ട്. കന്യാത്വത്തെ ഇതിൽ വളരെയേറെ സ്തുതിക്കുന്നു.

**(9) ഏകഭാര്യത്വത്തെപ്പറ്റി**

ഈ കൃതിയിലും വിവാഹവും പുനർവിവാഹവുമാണ് ചർച്ചാവിഷയം. ഭാര്യയോട് എന്ന കൃതിയുടെ കർത്താവായ തെർത്തുല്യനിൽ നിന്നു വ്യത്യസ്തനായ വ്യക്തിയായിട്ടാണ് അദ്ദേഹം ഇവിടെ കാണപ്പെടുന്നത് ഒരു വശത്ത്, വിവാഹമേ പാടില്ല എന്ന ഗ്നോസ്റ്റിക് ചിന്തയെ അദ്ദേഹം എതിർക്കുന്നു. മറുവശത്ത്, പുനർവിവാഹം അനുവദിക്കുന്ന സഭയുടെ ചിന്താഗതിയും ശരിയല്ലെന്നു കരുതുന്നു. അതു താന്തോന്നിത്തമാണ്. താൻ ഇതിന്റെ മധ്യത്തിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് അദ്ദേഹം അവകാശപ്പെടുന്നു. ഒരു ദൈവമുണ്ട്. അതുപോലെ ഒരൊറ്റ വിവാഹം മാത്രമേ പാടുള്ളൂ. രണ്ടാംവിവാഹം വ്യഭിചാരത്തിന്റെ വക്കുവരെ എത്തുന്നു. വി. പൗലോസ് ശ്ലീഹായുടെ സാക്ഷ്യം അദ്ദേഹം ഉദ്ധരിക്കുന്നു. തന്റേതായ ഒരു പാതയിലൂടെയാണ് ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ സഞ്ചാരം. അതു സഭയുടെ പാതയല്ല. മോണ്ടനിസ്റ്റ് സ്വാധീനത്തിൽ, കടുത്ത കാർക്കശ്യം അദ്ദേഹത്തെ ഈ ചിന്താഗതിയിൽ എത്തിച്ചു.

**(10) കന്യകകൾ തല മൂടുന്നതിനെപ്പറ്റി**

കന്യകകൾ ദേവാലയത്തിൽ തല മൂടുന്നത് ഉചിതമാണെന്ന് ഇതിൽ സമർഥിക്കുന്നു. 'നാട്ടുനടപ്പനുസരിച്ച് പലപ്പോഴും പൊതുസ്ഥലങ്ങളിൽ പോലും ഇതു ചെയ്യുന്നെങ്കിൽ എന്തുകൊണ്ട് ദേവാലയത്തിനകത്തു പാടില്ല? കിഴക്കൻ സഭകളും ഈ രീതി അനുവർത്തിക്കുന്നുണ്ടല്ലോ' എന്ന് അദ്ദേഹം പറയുന്നു. ക്രി. വ. 207-ൽ ആയിരിക്കാം ഇത് വിരചിതമായത്.

**(11) കിരീടം**

ഒരിക്കൽ ഒരു പട്ടാളക്കാരൻ സൈന്യത്തിൽ തൊപ്പി ധരിക്കാൻ വിസമ്മതിച്ചു. ചോദ്യം ചെയ്യപ്പെട്ടപ്പോൾ താനൊരു ക്രിസ്ത്യാനിയാണെന്നും തനിക്കിതു നിഷിദ്ധമാണെന്നും അവൻ അറിയിച്ചു. നിയമാനുസരണം അവനെ ജയിലിലടച്ചു. അവൻ അവിടെ മരണം കാത്തുകിടന്നപ്പോൾ അവന്റെ ചെയ്തികളെപ്പറ്റി പലതരം അഭിപ്രായങ്ങളുയർന്നു. തെർത്തുല്യൻ അവനെ നീതികരിക്കാൻ *കിരീടത്തെപ്പറ്റി* എന്ന ശീർഷകത്തിൽ(212-ൽ) ഒരു ചെറുഗ്രന്ഥമെഴുതി. ക്രിസ്ത്യാനികൾക്ക് സൈന്യസേവനമേ പാടില്ല എന്ന് അദ്ദേഹം പ്രസ്താവിച്ചു. പട്ടാളത്തിൽ എന്തുകൊണ്ട് തലപ്പാവ് ധരിച്ചുകൂടാ? എന്നു ചോദിച്ച മറ്റാളുകളേയെല്ലാം അദ്ദേഹം വിമർശിച്ചു. അക്കൂട്ടത്തിൽ മറ്റു കത്തോലിക്കരും ഉൾപ്പെടുന്നു. രക്തസാക്ഷിത്വത്തിനുള്ള ഒരവസരവും പാഴാക്കരുതെന്ന ചിന്താഗതി അദ്ദേഹം പുലർത്തി. നാം രക്തസാക്ഷിത്വം

ക്ഷണിച്ചു വരുത്തരുത് എന്നായിരുന്നു സഭയുടെ ഔദ്യോഗിക നിലപാട്: തലപ്പാവ് ധരിക്കുന്നതിൽ വിശേഷിച്ചു പ്രത്യേകത ഒന്നുമില്ല. എന്നാൽ അദ്ദേഹം ആ വീക്ഷണം സ്വീകരിച്ചില്ല. ഇവിടെയും അദ്ദേഹം സഭാവീക്ഷണത്തിൽ നിന്ന് വ്യത്യസ്തമായി ചിന്തിച്ച് കാർക്കശ്യം പുലർത്തി.

### (12) മതപീഡനത്തിൽ ഓടിപ്പോകുന്നതിനെ സംബന്ധിച്ച്

മതപീഡനാവസരം ഒളിച്ചോടാമോ? ഓടാം എന്ന ചിന്താഗതിയാണ് ഭാര്യയോട്, ക്ഷമയെപ്പറ്റി എന്നീ കൃതികളിൽ തെർത്തുല്യൻ പുലർത്തിയത്. എന്നാൽ ഒരിക്കലും ഓടിപ്പോകരുത് എന്ന കർക്കശ മനഃസ്ഥിതിയാണു തെർത്തുല്യൻ ഈ കൃതിയിൽ (ക്രി.വ.212) പ്രകടിപ്പിക്കുന്നത്.

### (13) വിഗ്രഹാരാധനയെക്കുറിച്ച്

'ക്രിസ്ത്യാനിക്കു സൈന്യസേവനം പാടില്ല' എന്ന് കിരീടം എന്ന കൃതിയിൽ തെർത്തുല്യൻ പറഞ്ഞുവച്ചല്ലോ. ഒരു പടികടന്ന്, വിഗ്രഹാരാധനയുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടവയെല്ലാം ക്രിസ്ത്യാനിക്കു നിഷിദ്ധമാണെന്ന് അദ്ദേഹം ഈ കൃതിയിൽ (ക്രി.വ.211) പ്രസ്താവിക്കുന്നു: 'കണക്കുവാധ്യാന്മാർ, സ്കൂളധ്യാപകർ, സാഹിത്യം പഠിപ്പിക്കുന്നവർ, മല്ലന്മാരെ ഒരുക്കുന്നവർ, സുഗന്ധദ്രവ്യവ്യാപാരികൾ, ലക്ഷണം പറയുന്നവർ എന്നിവർക്കൊന്നും സഭയിൽ സ്ഥാനമില്ല.' പിന്നെങ്ങനെ ജീവിക്കും എന്നു ചോദിച്ചാൽ, 'വിശ്വാസം പട്ടിണിയെ ഭയപ്പെടുന്നില്ല' എന്നായിരുന്നു തെർത്തുല്യന്റെ മറുപടി. പഠിപ്പിക്കൽ നിഷിദ്ധമെങ്കിൽ വിദ്യാഭ്യാസം എങ്ങനെ നടക്കും എന്നു ചോദിച്ചാൽ, 'പഠിക്കുന്നതു നിഷിദ്ധമല്ല; പഠിപ്പിക്കുന്നതേ നിഷിദ്ധമാകൂ' എന്നാണ് മറുപടി.

### (14) ഉപവാസത്തെക്കുറിച്ച്

തെർത്തുല്യന്റെ ജീവിതസായാഹ്നത്തോടടുത്ത് എഴുതിയ കൃതിയാണിത്. അവസാനകാലത്ത് തെർത്തുല്യൻ കൂടുതൽ കാർക്കശ്യനിലപാടുകൾ എടുത്തു. മറ്റുള്ളവർ അവ പാലിക്കണമെന്ന് നിർബന്ധം പിടിക്കുകയും ചെയ്തു. ഔദ്യോഗികസഭ എല്ലാറ്റിലും മിതത്വം ആവശ്യപ്പെട്ടു. അതികാർക്കശ്യക്കാരെ വിലക്കി; അതിരു കടന്ന കാർക്കശ്യം അബദ്ധോപദേശത്തിൽ എത്തിക്കുമെന്നും പറഞ്ഞു. തെർത്തുല്യന് അതൊട്ടും പിടിച്ചില്ല. ഉടനെ, തന്നെ ശാസിച്ചവരുടെ നേർക്കു ആക്രമണം തിരിച്ചുവിട്ടു.

### (15) അടക്കത്തെക്കുറിച്ച്

അനുതാപത്തെപ്പറ്റി എന്ന കൃതിയിൽ നിന്ന് വ്യത്യസ്തമായ മനോഭാവം ഈ കൃതിയിൽ ദൃശ്യമാണ്. സ്നാനാനന്തരമുള്ള വ്യഭിചാരം, കൊലപാതകം, വിഗ്രഹാരാധന എന്നീ മൂന്നു പാപങ്ങൾ ഒരിക്കലും ക്ഷമിക്കാൻ

പാടില്ല എന്ന ചിന്താഗതി ഇതിൽ കാണാം. ഇതിനെതിരെ നിന്നവരെ എതിർക്കാനും മുതിർന്നു. ഔദ്യോഗിക സഭയെയും ഭത്സിക്കുന്ന ഒരു പ്രവണത ഇതിൽ ദൃശ്യമാണ്. മോണ്ടനിസ്റ്റ് സ്വാധീനത്തിലാണ് ഇത് രചിച്ചത്.

### (16) പാലിയത്തെക്കുറിച്ച്

തെർത്തുല്യൻ ധരിച്ചിരുന്ന ടോഗ മാറ്റി ഒരു പാലിയം ധരിക്കാൻ തുടങ്ങിയപ്പോൾ ചിലർ അതിനെ വിമർശിച്ചു. ഉടനെ അവർക്കെതിരെ എഴുതിയതാണിത്. വസ്ത്രത്തെച്ചൊല്ലി ആളുകൾ എന്തിനാണ് ഒച്ചപ്പാട് ഉണ്ടാക്കുന്നതെന്ന് അദ്ദേഹം ചോദിക്കുന്നു.[32]

## 4. നഷ്ടപ്പെട്ട കൃതികൾ

തെർത്തുല്യന്റെ നിരവധി ഗ്രന്ഥങ്ങൾ നഷ്ടപ്പെട്ടു. അത്തരത്തിൽപ്പെട്ടവയാണ് ഗ്രീക്കിലെഴുതിയ കൃതികളെല്ലാം: കാഴ്ചകളെപ്പറ്റി, സ്നാനത്തെപ്പറ്റി, കന്യകകൾ തല മൂടുന്നതിനെപ്പറ്റി, മോണ്ടനിസ്റ്റ് കാലഘട്ടത്തിൽ ഹർഷോന്മാദത്തെപ്പറ്റിയുള്ള ആറു വാല്യങ്ങൾ: മോണ്ടനിസത്തിന്റെ അപഗ്രഥനവും ന്യായീകരണവുമായിരിക്കാം അവസാനം പറഞ്ഞ കൃതി. മോണ്ടനിസത്തിനെതിരെ അപ്പൊള്ളോണിയുസ് എന്ന ഏഷ്യാറ്റിക് മെത്രാൻ ഒരു കൃതിയെഴുതിയതായി ജറോം സാക്ഷിക്കുന്നു. അതിനെതിരെ തെർത്തുല്യൻ എഴുതിയതാകാം *പെരി എക്സ്റ്റാസെയോസ്* എന്ന കൃതി. കത്തോലിക്കാസഭയിൽ നിന്നു പൂർണമായി മാറിയതിനു ശേഷമായിരിക്കാം 213-ൽ ഈ കൃതി എഴുതിയത്.

അപ്പൊള്ളോണിയുസിനെപ്പറ്റി ജറോം ഇപ്രകാരം പറയുന്നു: 'മൊണ്ടാനുസ്, പ്രിസ്കാ, മാക്സിമില്ല എന്നിവർക്കെതിരായി വളരെയധികം കഴിവുള്ള അപ്പൊള്ളോണിയുസ് എന്നയാൾ വളരെ നല്ല ദീർഘമായൊരു കൃതിയെഴുതി. മൊണ്ടാനുസും അവന്റെ ഭ്രാന്തി പ്രവാചകിമാരും കെട്ടിഞാന്നു ചത്തു എന്നു പ്രസ്തുത കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. മറ്റനവധി കാര്യങ്ങളുടെ കൂട്ടത്തിൽ പ്രിസ്കയെയും മാക്സിമില്ലയെയും സംബന്ധിച്ച് ഇപ്രകാരം പറയുന്നു: അവർ ഒരു സമ്മാനവും വാങ്ങിയിട്ടെല്ലെന്നു പറഞ്ഞാൽ, അപ്രകാരം വാങ്ങുന്നവർ പ്രവാചകരേ അല്ലെന്ന് അവർ പ്രഖ്യാപിക്കട്ടെ; അവർ സമ്മാനങ്ങൾ വാങ്ങിയെന്ന് ഒരായിരം സാക്ഷികളെക്കൊണ്ട് ഞാൻ തെളിയിച്ചുതരാം. സത്യപ്രവാചകരെ അവരുടെ മറ്റു ഫലങ്ങൾ കൊണ്ടത്രേ തിരിച്ചറിയേണ്ടത്. പറയൂ, പ്രവാചകൻ തലമുടി കറുപ്പിക്കാറുണ്ടോ? പ്രവാചകൻ മോടിയുള്ള വസ്ത്രങ്ങളും വിലയേറിയ രത്നങ്ങളും ധരിക്കാറുണ്ടോ? പ്രവാചകൻ ചൂതുകളിക്കാറു ണ്ടോ? അവൻ പലിശ വാങ്ങാറുണ്ടോ? ഇവ അനുവദിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് അവർ മറുപടി പറയട്ടെ. ഇതൊക്കെ അവർ ചെയ്യുന്നെന്നു ഞാൻ തെളിയിച്ചു തരാം' (ജറോം, മഹദ്.40).

വിശ്വാസികളുടെ പ്രതീക്ഷയെപ്പറ്റി, പറുദീസായെപ്പറ്റി, അപ്പെല്ലെസിന്റെ ശിഷ്യർക്കെതിരെ, ആത്മാവിന്റെ വിലയെപ്പറ്റി, വിധിയെപ്പറ്റി, താത്വികരുടെ സ്നേഹിതന്, അഹറോന്റെ വസ്ത്രങ്ങളെപ്പറ്റി, ശരീരത്തേയും ആത്മാവിനേയും കുറിച്ച് എന്നീ കൃതികളും നഷ്ടപ്പെട്ടു. മറ്റു ചില കൃതികൾ അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നെങ്കിലും അവ മറ്റുള്ളവരുടേതാണ്.

## ദൈവശാസ്ത്രം

പാശ്ചാത്യ ദൈവശാസ്ത്രത്തിന്റെ സ്ഥാപകനെന്ന് അദ്ദേഹം അറിയപ്പെടുന്നു. എങ്കിലും ഒരു ദൈവശാസ്ത്രശാഖ ശാസ്ത്രീയമായി വളർത്തിയെടുക്കാൻ അദ്ദേഹം മെനക്കെട്ടില്ല. വിശ്വാസത്തെ താത്വിക കുപ്പായം അണിയിക്കാൻ അദ്ദേഹത്തിന് ഒട്ടും ഇഷ്ടമില്ലായിരുന്നു. വിശ്വാസത്തിന്റെ പരമപ്രധാനമായ തത്വങ്ങൾ അബദ്ധാഭിപ്രായക്കാർ മായംചേർത്തു വില്പനയ്ക്ക് ഇറക്കിയപ്പോൾ വിശ്വാസത്തിന്റെ സംരക്ഷകനായി അരയും തലയും മുറുക്കി സ്വതസിദ്ധമായ ശൈലിയിൽ അദ്ദേഹം രംഗത്തിറങ്ങി. അനർഗളം പ്രവഹിക്കുന്ന ഒഴുക്കു പോലുള്ള ആ ശൈലി പ്രതിബന്ധങ്ങളെയോ എതിർപ്പുകളെയോ ഒട്ടും വകവച്ചില്ല.

### 1. തത്വശാസ്ത്രവും ദൈവശാസ്ത്രവും

തത്വശാസ്ത്രവും വിശ്വാസവും തമ്മിൽ ബന്ധമൊന്നുമില്ല എന്നുള്ള അടിസ്ഥാന ചിന്തയാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അലക്സാണ്ഡ്രിയൻ സ്കൂളുകാർ ഗ്രീക്കുതത്വചിന്തയിലെ നല്ല വശങ്ങൾ സ്വീകരിക്കാൻ തയ്യാറായി. എന്നാൽ തെർത്തുല്യൻ അതിനു നേരെ എതിരായിരുന്നു: 'ആഥൻസിസ് ജറുസലേമിനോട് എന്തു ബന്ധം? താത്വികരുടെ കളരിയും സഭയും തമ്മിലെന്തു ബന്ധം? അബദ്ധോപദേശകരും ക്രിസ്ത്യാനികളും തമ്മിലെന്തു ബന്ധം?' (അബദ്ധോപദേശ.7). ഗ്രീക്ക്ചിന്തയിൽ സത്യത്തിന്റെ കണികയുണ്ടെങ്കിൽ അത് പഴയനിയമത്തിൽനിന്ന് എടുത്തിട്ടുള്ളതാണ്. അവർ അവയെടുത്ത് തെറ്റായി വ്യാഖ്യാനിച്ചതിന്റെ ഫലമായിട്ടാണ് പാഷണ്ഡതകൾ ഉടലെടുത്തത്. ഈ ചിന്താശൈലി തന്നെയാണ് ഹിപ്പോളിറ്റസിനും ഉണ്ടായിരുന്നത്.

### 2. ദൈവശാസ്ത്രവും നിയമവും

തെർത്തുല്യന് നിയമത്തിൽ കൂടുതൽ വിശ്വാസമുണ്ടായിരുന്നു. മതപീഡകരുടെ നേർക്ക് നിയമത്തിന്റെ മൂർച്ചയുള്ള അമ്പുകൾ അദ്ദേഹം എയ്തുവിട്ടു. പാഷണ്ഡരുമായുള്ള സംവാദത്തിലും നിയമമാണ് അദ്ദേഹത്തെ സഹായിച്ചത്. അദ്ദേഹത്തിന്റെ *പ്രെസ്ക്രിപ്ഷൻ* അനുസരിച്ച് പാഷണ്ഡരുമായി ചർച്ചയേ ആവശ്യമില്ല കാരണം നവീകരണക്കാരായ അവരാണ് അവരുടെ പ്രാചീനത്വം തെളിയിക്കേണ്ടത്. അദ്ദേഹം നിയമത്തിൽ

നിന്ന് നിരവധി ആശയങ്ങൾ ദൈവശാസ്ത്രത്തിലേക്ക് കടത്തിവിട്ടു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം തന്നെയും നിയമത്തിന്റെ നൂലാമാലകളിൽക്കൂടി ചിത്രീകരിക്കാൻ ശ്രമിച്ചു: 'ദൈവം നിയമദാതാവാണ്' (അനുതാപം, 1). നിയമം നടപ്പാക്കുന്ന ന്യായാധിപനാണ് (2). 'സുവിശേഷം ക്രിസ്ത്യാനികളുടെ നിയമമാണ്' (ഏകഭാര്യത്വം. 8); 'നിയമത്തിന്റെ ലംഘനമാണ് പാപം; അതു ദൈവത്തെ ദ്രോഹിക്കുന്ന കുറ്റമാണ്' *(culpa or reatus*:അനുതാപം. 3;5;7;10;11). 'നന്മ ചെയ്യുക ദൈവത്തെ തൃപ്തിപ്പെടുത്തുകയാണ്' (*Satisfacere:*അതേകൃതി, 5;6;7). കാരണം, 'ദൈവം അതു കല്പിച്ചിരിക്കുന്നു' (*precepit*). 'നിയമദാതാവും വിധിയാളനുമായ ദൈവത്തോടുള്ള ആദരവ് രക്ഷയുടെ ആരംഭമാണ്' 'മനുഷ്യരുടെ സുകൃതം വഴി ദൈവം ശാന്തനാകുന്നു' (2,6) എന്നു പോകുന്നു തെർത്തുല്യന്റെ ചിന്ത.

പിൽക്കാല പാശ്ചാത്യ ദൈവശാസ്ത്രത്തിലെ നിയമത്തിന് മുൻതൂക്കം കൊടുത്തു കൊണ്ടുള്ള ചിന്താഗതിയുടെ തുടക്കമായി തെർത്തുല്യന്റെ ചിന്തയെ കാണുന്നതിൽ തെറ്റില്ല. ഇക്കഴിഞ്ഞ രണ്ടാം വത്തിക്കാൻ സുനഹദോസുവരെ പാശ്ചാത്യ ദൈവശാസ്ത്രത്തിൽ ഈ ചിന്താധാര മുഴച്ചുനിന്നു എന്നതിൽ നിന്ന് നിയമപണ്ഡിതനായ തെർത്തുല്യന്റെ സ്വാധീനം ഊഹിക്കാവുന്നതേയുള്ളൂ. വത്തിക്കാൻ സൂനഹദോസ് കഴിഞ്ഞിട്ടും ഇന്നും അനേകരിൽ തെർത്തുല്യൻ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു.

**3. ത്രിത്വം**

ദൈവശാസ്ത്രശാഖയിൽ വിശുദ്ധ ത്രിത്വത്തെ സംബന്ധിച്ച പഠനത്തിനും ക്രിസ്തുശാസ്ത്രത്തിനും തെർത്തുല്യൻ വലിയ സംഭാവന നല്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ചില പദപ്രയോഗങ്ങളും ശൈലികളും പാശ്ചാത്യ ദൈവശാസ്ത്രം അപ്പാടെ സ്വീകരിക്കയും ചെയ്തിട്ടുണ്ട്. ത്രിനിത്താസ് (*Trinitas* = ത്രിത്വം) എന്ന ലത്തീൻപദം ആദ്യമായുപ യോഗിച്ചത് തെർത്തുല്യൻ ആണ്: *Trinitas unius Divinitatis, Pater et Filius et Spiritus Sanctus* (അടക്കം,21). ദൈവത്തിന്റെ ഏകത്വവും ത്രിത്വവും ഒന്നിച്ചു പോകും. കാരണം, *Tres unius substantiae et unius status et unius potestatis* (അതേകൃതി, 2). ദൈവസ്വഭാവം ഒന്നുമാത്രം. ആളത്വം മൂന്നും. പിതാവിന്റെ സ്വഭാവവും പുത്രന്റെ സ്വഭാവവും ഒന്നുതന്നെ. പരിശുദ്ധാത്മാവ് പിതാവിൽനിന്നു പുത്രൻ വഴി പുറപ്പെടുന്നു: *Filium non aliunde deduco, sed de substantia Patris. Spiritum non aliunde deduco quam a Patre per Filium* (അതേകൃതി, 4). ആളത്വം (persona) എന്ന പദം ആദ്യമായി ഉപയോഗിച്ചതും തെർത്തുല്യൻ ആണ്. ആളത്വം എന്നതിലാണ് പുത്രൻ പിതാവിൽ നിന്ന് വ്യത്യസ്തനായിരിക്കുന്നത്, സ്വഭാവത്താൽ അല്ല (പ്രാക്സെ.12).

എന്നാൽ തെർത്തുല്യന്റെ ചില കൃതികളിൽ ത്രിത്വത്തെ സംബന്ധിച്ച് ചില അബദ്ധാഭിപ്രായങ്ങളുണ്ട്. ഒന്നുകിൽ ദൈവശാസ്ത്രം വികസിക്കാത്ത ആ ഘട്ടത്തിൽ അദ്ദേഹം അപ്രകാരം കുത്തിക്കുറിച്ചതാകാം. അല്ലെങ്കിൽ ശത്രുക്കൾ കുത്തിത്തിരുകിയതാകാം. ഏതായാലും സഭ അവ സ്വീകരിക്കുന്നില്ല: വചനം രണ്ടാമത്തെ ആൾ ആണെങ്കിലും, സ്വഭാവത്തിന്റെ ഗുണവിശേഷത്താൽ സൃഷ്ടികൾക്കു മുമ്പുള്ളവനാണെങ്കിലും, സ്വയമേ നിത്യനല്ല (ഹെർമോജെനസ്, 3). പിതാവിന് സത്തയുടെ പൂർണതയുണ്ട്. പുത്രൻ അതിന്റെ ബഹിർസ്ഫുരണവും പൂർണതയുടെ ഭാഗവുമാണ്. സൂര്യനിൽ നിന്ന് രശ്മിയെങ്ങനെയോ, പുത്രനങ്ങനെ; ഉറവയിൽ നിന്ന് അരുവി എങ്ങനെയോ, പുത്രനങ്ങനെ. തായ്‌വേരിൽ നിന്ന് കാണ്ഡം എങ്ങനെയോ, പുത്രനങ്ങനെ (പ്രാക്സെ, 8). ത്രിത്വരഹസ്യം ഒരു വലിയ നിഗൂഢ യാഥാർഥ്യമാണ്. പുത്രനെ പിതാവിൽനിന്ന് ഒരുപടി താഴ്ന്ന നിലയിൽ മാത്രമേ തെർത്തുല്യന് കാണാൻ കഴിഞ്ഞുള്ളു. അക്കാരണത്താൽ സബോർഡിനേഷനിസം എന്ന അബദ്ധോപദേശത്തിന് അദ്ദേഹവും ഒരു പരിധിവരെ വിധേയനായിരുന്നു. വിശ്വാസ സമർഥകർ ഉണ്ടാക്കിയ വ്യത്യാസം – ദൈവത്തിൽ വസിക്കുന്ന വചനം, സംസാരിക്കപ്പെട്ട വചനം (*ലോഗോസ് എൻദിയാതെറ്റോസ്, ലോഗോസ് പ്രൊഫൊറികോസ്*) – തെർത്തുല്യനേയും സ്വാധീനിച്ചിരുന്നു. ദൈവികജനനം പടിപടിയായിട്ടാണ് സംഭവിക്കുന്നത് എന്നു ചിന്തിക്കാൻ ഈ വ്യത്യാസം തെർത്തുല്യനെ പ്രേരിപ്പിച്ചു. വിജ്ഞാനവും വചനവും അദ്ദേഹത്തിന് ഒന്നുതന്നെയാണ്. പ്രപഞ്ച സൃഷ്ടിക്കു മുമ്പുള്ള വിജ്ഞാനം സൃഷ്ടിയുടെ അവസരം പൂർണജനനംവഴി വചനമായിത്തീരുന്നു എന്നു രണ്ടാമത്തെ ആളിനെപ്പറ്റി അദ്ദേഹം ചിന്തിക്കുന്നു. ദൈവത്തിൽനിന്ന് പുറപ്പെടുമ്പോഴാണ് വചനത്തിന് പൂർണമായ ജനനമുണ്ടായത്. പ്രകാശം ഉണ്ടാകട്ടെ എന്നു ദൈവം പറഞ്ഞപ്പോഴാണ് ഇതു സംഭവിച്ചത്. അങ്ങനെ അവൻ സർവസൃഷ്ടികളുടേയും ആദ്യജാതൻ ആയിത്തീർന്നു.

ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന ധാരണ വളരെ വ്യക്തമാണ്. ത്രിത്വത്തിലെ രണ്ടാമത്തെ ആളായ വചനമായ ദൈവത്തിന് ദൈവസ്വഭാവം ഉണ്ട്. ദൈവസ്വഭാവത്തോടു കൂടിയ വചനമാകുന്ന ആൾ കന്യകയിൽ നിന്നു ജഡമെടുത്തു. അതായത് മാനുഷിക സ്വഭാവംകൂടി സ്വീകരിച്ചു. അപ്പോൾ, അവതരിച്ച ക്രിസ്തു എന്ന ഏകയാളിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉണ്ട്. അവൻ പൂർണമനുഷ്യനും പൂർണദൈവവുമാണ് (പ്രാക്സെ.27). 451–ൽ കൽക്കദോനിയ സൂനഹദോസിന്റെ വാക്കുകൾ ഏതാണ്ട് തെർത്തുല്യന്റെ പ്രയോഗങ്ങൾ തന്നെയായിരുന്നു.

### 4. കന്യകമറിയം

ക്രിസ്തുവിന്റെ മനുഷ്യസ്വഭാവത്തെ ഊന്നിപ്പറയാൻ തെർത്തുല്യൻ ശ്രമിച്ചു. അവന്റെ ശരീരം മാലാഖമാരിൽ നിന്നല്ല, കന്യകമറിയത്തിൽ

നിന്നാണ്. അവളെ രണ്ടാമത്തെ ഹവ്വായായിട്ടാണ് അദ്ദേഹം കാണുന്നത്. 'കന്യകയായ ഹവ്വായിൽ വഞ്ചനയുടെ വചനം പ്രവേശിക്കയും മരണത്തിന്റെ ഗോപുരം അവൾ പണിയുകയും ചെയ്തു. അപ്രകാരം, ഒരു കന്യകയിൽ തന്നെ ജീവൻ പകരേണ്ട ദൈവവചനവും പ്രവേശിക്കണം. സ്ത്രീവർഗ ത്താൽ തകർക്കപ്പെട്ടത് സ്ത്രീവർഗത്താൽ തന്നെ രക്ഷയ്ക്കു ഹേതുവായി ഉയർത്തപ്പെടണം. ഹവ്വാ പാമ്പിനെ വിശ്വസിച്ചു; മറിയം മാലാഖയെ വിശ്വസിച്ചു. വിശ്വാസത്താൽ ഒരാൾ തെറ്റിൽ വീണു; വിശ്വാസത്താൽ മറ്റൊരാൾ അതു മായിച്ചുകളഞ്ഞു' (ക്രിസ്തുവിന്റെ ശരീരം,17).

കന്യകമറിയത്തിന്റെ നിത്യകന്യത്വം ഗ്രഹിക്കാൻ അദ്ദേഹത്തിന് സാധി ച്ചില്ല. കന്യകയായി വചനം സ്വീകരിച്ചെങ്കിലും പ്രസവത്തിലും അതിനു ശേഷവും അവൾ കന്യകയല്ലായിരുന്നു എന്നാണ് അദ്ദേഹത്തിന്റെ ചിന്ത. അതുപോലെ കർത്താവിന്റെ സഹോദരന്മാർ കന്യകമറിയത്തിന്റെ മറ്റു മക്കളാണെന്ന ധാരണയാണ് അദ്ദേഹം പുലർത്തിയത്. ക്രിസ്തുവിന്റെ ശരീരം യഥാർഥമല്ല, മായയാണെന്ന് ചിലർ പഠിപ്പിച്ചിരുന്നു. കന്യകമറിയം നിത്യകന്യകയാണെന്നു പറഞ്ഞാൽ അതു മേൽപ്പറഞ്ഞ അബദ്ധോപദേശ കരുടെ കൈയിൽ ഒരു വടിയായി തീരുമെന്നു കണ്ടാണ് തെർത്തുല്യൻ മറിയത്തിന്റെ നിത്യകന്യത്വം നിഷേധിച്ചത്. എന്നാൽ ഇതു സംബന്ധിച്ച് തെർത്തുല്യന്റെ അഭിപ്രായം സഭ സ്വീകരിക്കുന്നില്ല. മറിയം എന്നും കന്യക യായിരുന്നു എന്നു സഭ പഠിപ്പിക്കുന്നു. തെർത്തുല്യന് മുമ്പുതന്നെ സഭാ പിതാക്കന്മാർ നിത്യകന്യത്വത്തെപ്പറ്റി പഠിപ്പിച്ചിട്ടുണ്ട്.

### 5. സഭാശാസ്ത്രം

സഭയെ അമ്മയെന്നും റാണിയെന്നും തെർത്തുല്യൻ വിളിക്കുന്നു (രക്തസാക്ഷി.1). അദ്ദേഹം പല കൃതികളിലും ഈ ആശയം പ്രസ്പഷ്ട മാക്കിയിട്ടുണ്ട് (പ്രാർഥന, 2; സ്നാനം, 20): 'ആദത്തിന്റെ വാരിയെല്ലിൽ നിന്നു ഹവ്വാ പുറപ്പെട്ടതുപോലെ ക്രിസ്തുവിന്റെ പാർശ്വത്തിൽ നിന്നു സഭയു ണ്ടായി. ആദം ക്രിസ്തുവിന്റെ മുൻകുറിയായിരുന്നു. അവന്റെ നിദ്ര ക്രിസ്തു വിന്റെ മരണത്തെ സൂചിപ്പിക്കുന്നു. അവൻ മരണനിദ്രയിൽ അമർന്നപ്പോൾ ഹവ്വാ രൂപീകരിക്കപ്പെട്ടതുപോലെ, ക്രിസ്തുവിന്റെ ക്ഷതമേല്ക്കപ്പെട്ട പാർശ്വത്തിൽ നിന്ന് ജീവനുള്ളവരുടെ യഥാർഥ മാതാവായ സഭയുണ്ടായി. ഹവ്വാ സഭയുടെ മുൻകുറിയായിരുന്നു' (ആത്മാവ്, 5,14). സഭ വിശ്വാസ ത്തിന്റെ ഭണ്ഡാഗാരവും കാവൽക്കാരിയുമാണ്. സഭ മാത്രം അവികലമായ സത്യം കാത്തുസൂക്ഷിക്കുന്നു. സത്യവേദപുസ്തകം സഭയിൽ മാത്രമേ യുള്ളൂ. അതേപ്പറ്റി സംസാരിക്കാൻ പാഷണ്ഡികൾക്ക് അവകാശമില്ല. ശ്ലീഹ ന്മാരുടെ പ്രബോധനം സഭയിലേയുള്ളൂ. അവൾ മാത്രമേ ശ്ലീഹന്മാരിൽ നിന്ന് അത് ഏറ്റു വാങ്ങിയിട്ടുള്ളൂ. അതുകൊണ്ട് ക്രിസ്തുവിന്റെ സന്ദേശം പഠിപ്പി ക്കാൻ അവൾക്കേ അധികാരമുള്ളൂ.

തെർത്തുല്യൻ തന്റെ ജീവിതാവസാനത്തിൽ മോണ്ടനിസ്റ്റ് സ്വാധീനത്തിൽ സഭയെപ്പറ്റി ചില അബദ്ധാഭിപ്രായങ്ങൾ വച്ചുപുലർത്തി. അവ സഭ സ്വീകരിക്കുന്നില്ല. എന്നാൽ അപ്പസ്തോലിക പ്രബോധനങ്ങളിൽ അടിയുറച്ച് അദ്ദേഹം പഠിപ്പിച്ച നല്ല കാര്യങ്ങൾ ത്യജിക്കുന്നുമില്ല: പാപമോചനത്തെ സംബന്ധിച്ച് ആരംഭകാലത്ത് അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ജ്ഞാനസ്നാനത്തിനുശേഷം ഒരേ ഒരനുതാപം മാത്രം നിലവിലിരുന്നെന്ന് *അനുതാപത്തെപ്പറ്റി* എന്ന കൃതിയിൽ അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. പാപമോചനത്തെപ്പറ്റി വ്യക്തമായും സ്പഷ്ടമായും പഠിപ്പിക്കുന്ന രേഖയാണിത്. ഹെർമാസിന്റെ ഇടയനിൽ അക്കാര്യം ഇത്രയും വ്യക്തമല്ല. എന്നാൽ *അടക്കത്തെക്കുറിച്ച്* എന്ന പില്ക്കാല കൃതിയിൽ, പൊറുക്കപ്പെടാത്ത മൂന്നു പാപങ്ങളെപ്പറ്റി പറയുന്നു. വ്യഭിചാരം, കൊലപാതകം, വിഗ്രഹാരാധന എന്നിവ പൊറുക്കാൻ ഹയരാർക്കിക്ക് അധികാരമില്ലെന്നു വരെ അദ്ദേഹം പറഞ്ഞുവച്ചു. ആത്മീയ മനുഷ്യർക്കേ അതു പൊറുക്കാൻ സാധിക്കൂ. അദ്ദേഹത്തിന്റെ ഈ മോണ്ടനിസ്റ്റ് ചിന്താരീതി സഭ സ്വീകരിക്കുന്നില്ല.

സത്യത്തോടുള്ള അദമ്യമായ സ്നേഹത്താൽ ഉള്ളിൽ തട്ടിയവ പറഞ്ഞു വിടുന്ന തെർത്തുല്യൻ പറയുമ്പോൾ അല്പം കടത്തി പറഞ്ഞിരുന്നു. എന്നാൽ വേദപുസ്തകത്തിനും അപ്പസ്തോലിക പ്രബോധനത്തിനും സഭയുടെ പൊതുവായ അധ്യാപനത്തിനും എതിരായിട്ടുള്ളതൊന്നും സഭ സ്വീകരിക്കുന്നില്ല.

തെർത്തുല്യൻ പറഞ്ഞ നല്ല കാര്യങ്ങൾ ത്യാജ്യകോടിയിൽ തള്ളേണ്ടവയല്ല. ഒരു വലിയ ചിന്താസരണിക്ക് അടിത്തറയിട്ട അദ്ദേഹം ഒരു വലിയ ചിന്തകൻ തന്നെയായിരുന്നു; ദൈവശാസ്ത്രത്തിനു നൽകിയ സംഭാവനകൾ വിലപ്പെട്ടവയാണ്. ക്രിസ്ത്യാനിക്കും നന്നായി ലത്തീൻ എഴുതാൻ അറിയാമെന്നു സ്പഷ്ടമായി അദ്ദേഹം കാണിച്ചുകൊടുത്തു. നിയമം നിലവിലിരുന്ന റോമാസാമ്രാജ്യത്തിലെ അധികാരികളെ നിയമത്തിന്റെ മൂർച്ചയുള്ള അസ്ത്രം കൊണ്ട് വാക്കുമുട്ടിച്ചു. അതിനുത്തരമായി അവർ പിന്നെയും ക്രിസ്ത്യാനികളെ പീഡിപ്പിച്ചു.

അധ്യായം 16

# വി. സിപ്രിയാൻ (+258)

ആഫ്രിക്കയിലെ രണ്ടാമത്തെ ദൈവശാസ്ത്രജ്ഞനാണ് സിപ്രിയാൻ. തെർത്തുല്യന്റെ കൃതികൾ വളരെയധികം സിപ്രിയാനെ സ്വാധീനിച്ചിട്ടുണ്ടെങ്കിലും, തെർത്തുല്യന്റെ സ്വഭാവത്തിൽ കാണുന്ന കർക്കശമനഃസ്ഥിതിയോ, ക്ഷമയില്ലായ്മയോ സിപ്രിയാനെ തീണ്ടിയിട്ടില്ല. അതുപോലെ തെർത്തുല്യനോളം സിപ്രിയാൻ ഒരു വലിയ ബുദ്ധിരാക്ഷസനും ആയിരുന്നില്ല. എന്നാൽ മനസ്സിന്റേയും ഹൃദയത്തിന്റേയും അനേകം വിശിഷ്ട ഗുണങ്ങൾ നിറഞ്ഞ ഒരു വ്യക്തിയായിരുന്നു അദ്ദേഹം. സ്നേഹം, ശാന്തത, വിവേകം ആദിയായ ഗുണങ്ങൾ അദ്ദേഹത്തിൽ നിഴലിച്ചുനിന്നു. ഒരു ദൈവശാസ്ത്രജ്ഞൻ എന്ന നിലയിൽ സിപ്രിയാൻ തെർത്തുല്യനെ പൂർണമായി ആശ്രയിച്ചിരുന്നു. തെർത്തുല്യന്റെ കൃതികൾ വായിക്കാത്ത ഒരൊറ്റ ദിവസംപോലും സിപ്രിയാൻ കടത്തിവിട്ടിരുന്നില്ലെന്നു ജറോം രേഖപ്പെടുത്തിയിരിക്കുന്നു (മഹദ്. 53). സിപ്രിയാന്റെ ജീവിതത്തെപ്പറ്റി വ്യക്തമായി അറിയാൻ പല സ്രോതസ്സുകളുണ്ട്: (1) സിപ്രിയാന്റെ തന്നെ കൃതികളും കത്തുകളും. (2) പ്രോകോൺസുളാർ നടപടി മരണത്തെയും രക്തസാക്ഷിത്വത്തെയും പറ്റി വസ്തുനിഷ്ഠമായി പ്രതിപാദിക്കുന്നു. (3) പോൺസ്യൂസ് എന്ന ഡീക്കൻ എഴുതിയ സിപ്രിയാന്റെ ജീവചരിത്രം എന്ന ഗ്രന്ഥം. സിപ്രിയാന്റെ മരണം വരെ പോൺസ്യൂസ് അദ്ദേഹത്തോടുകൂടെ ഉണ്ടായിരുന്നെന്ന് ജറോം പറയുന്നു. വസ്തുനിഷ്ഠമായ ഒരു ജീവചരിത്രഗ്രന്ഥം എന്നതിനേക്കാൾ സിപ്രിയാനെ സ്തുതിച്ചുകൊണ്ട് എഴുതിയിരിക്കുന്നതാണിത്.

താഷിയൂസ് ചെച്ചീലിയുസ് സിപ്രിയാനുസ് 200-നും 210-നും ഇടയ്ക്ക് കാർത്തേജിൽ ജനിച്ചു. മാതാപിതാക്കൾ ധനികരും സംസ്കാര സമ്പന്നരുമായിരുന്നു. പ്രഭാഷണകലയിൽ വൈദഗ്ദ്ധ്യം നേടിയ അദ്ദേഹം കാർത്തേജിലാകെ പ്രസിദ്ധനായിരുന്നു. അക്രൈസ്തവ മാതാപിതാക്കളിൽ നിന്നു പിറന്ന സിപ്രിയാൻ വളരെനാൾ അക്രൈസ്തവനായി ജീവിച്ചു. പൊതുജീവിതത്തിന്റെ വിവിധ രംഗങ്ങളിലെ അസാന്മാർഗികതയും അഴിഞ്ഞാട്ട

ങ്ങളും അദ്ദേഹത്തെ ലൗകിക മുന്നേറ്റങ്ങളിൽ നിന്നകറ്റി. ചെച്ചീലിയൂസ് എന്ന വൈദികന്റെ സ്വാധീനത്താൽ അദ്ദേഹം ക്രിസ്ത്യാനിയായി. ചെച്ചീലിയൂസിന്റെ പേരുമെടുത്തു. അന്നുമുതൽ ചെച്ചീലിയൂസ് സിപ്രിയാൻ എന്ന് അദ്ദേഹം അറിയപ്പെട്ടു. അദ്ദേഹം സർവതും പാവങ്ങൾക്കായി പങ്കിട്ടു കൊടുത്തു. അധികം താമസിയാതെ അദ്ദേഹം കാർത്തേജിലെ ഒരു വൈദിക നായി ഉയർത്തപ്പെട്ടു. 248/9-ൽ കാർത്തേജിലെ ജനങ്ങളെല്ലാം കൂടി അദ്ദേ ഹത്തെ മെത്രാനായി തിരഞ്ഞെടുത്തു. നൊവാത്തുസ് എന്ന വൈദി കന്റെ നേതൃത്വത്തിൽ ചില വൈദികർ എതിർത്തെങ്കിലും അദ്ദേഹം മെത്രാ നായി അവരോധിക്കപ്പെട്ടു.

സിപ്രിയാൻ മെത്രാനായി അധികനാൾ കഴിയുന്നതിനു മുമ്പ് (250-ൽ) ഡേഷ്യസിന്റെ മതമർദനം ആരംഭിച്ചു. റോമാസാമ്രാജ്യത്തിലുള്ള സകല ക്രൈസ്തവരേയും അതു ബാധിച്ചു. ബിംബങ്ങൾക്ക് ബലിയർപ്പിക്കാൻ ജന ങ്ങളെയെല്ലാം നിർബന്ധിച്ചുകൊണ്ട് സാമ്രാജ്യത്തിലാകമാനം റോമൻ സർ ക്കാർ ഭീകരാക്രമണം അഴിച്ചുവിട്ടു. ഒരൊളിസ്ഥലത്തിരുന്നുകൊണ്ട് സിപ്രി യാൻ ജനങ്ങളെ നയിച്ചു (ലേഖനം,14;15). എന്നാൽ അദ്ദേഹം ഒളിച്ചോടിയത് പലരും ന്യായീകരിച്ചില്ല (ലേഖനം,5, ജീവചരിത്രം,7). റോമാമെത്രാൻ ഫാബി യൻ രക്തസാക്ഷിയായി. ഉടനെ റോമൻ സഭയിലെ വൈദികരും ശെമ്മാശ്ശ ന്മാരും കൂടി ഫാബിയനെപ്പറ്റിയുള്ള വിവരം എല്ലാവരെയും അറിയിച്ചു. സിപ്രി യാന്റെ നടപടിയിൽ അവർ അത്ഭുതം പ്രകടിപ്പിച്ചു. സിപ്രിയാനാകട്ടെ തന്റെ നടപടിയെ ന്യായീകരിച്ചുകൊണ്ട് താൻ ജനങ്ങൾക്കയച്ച 13 കത്തുകളുടെ കോപ്പികൾ ഉടനെ റോമിലേക്ക് അയച്ചുകൊടുത്തു.

മതമർദനം അവസാനിച്ചപ്പോൾ രൂക്ഷമായ ഒരു പ്രശ്നമുയർന്നു. മതപീഡനകാലത്ത് വിശ്വാസം ത്യജിച്ചവരെ എന്തു ചെയ്യണം? അവരെ തിരികെ സഭയിൽ പ്രവേശിപ്പിക്കണമോ? ചില വിശ്വാസസാക്ഷികൾ വിശ്വാസം ഉപേക്ഷിച്ചവർക്കുവേണ്ടി വാദിച്ചു (ലേഖനം,20). ഉടനെ തന്നെ അവരെ തിരികെയെടുക്കണം എന്ന ആശയം അപ്പാടെ സ്വീകരിക്കാൻ സിപ്രിയാൻ കൂട്ടാക്കിയില്ല. ഫെലിച്ചീസിമൂസ് എന്ന ഡീക്കന്റെ നേതൃത്വ ത്തിൽ വിശ്വാസസാക്ഷികളും വിശ്വാസം ത്യജിച്ചവരും ഒന്നിച്ച് സിപ്രിയാ നെതിരെ ഒരു ഗ്രൂപ്പുണ്ടാക്കി. അഞ്ചു വൈദികരും അവരുടെ കൂടെക്കൂടി (ലേഖനം,41,42,43). സിപ്രിയാന്റെ തെരഞ്ഞെടുപ്പു സമയത്ത് എതിർത്തവർ ആയിരുന്നു ഈ അഞ്ചുപേരും. അവരിൽ നൊവാത്തൂസ് എന്നയാളും ഉൾപ്പെടുന്നു. ഇയാൾ റോമിൽ ചെന്ന് നൊവേഷ്യനോടൊത്ത് കൊർണേ ലിയുസ് പാപ്പായ്ക്കെതിരെ പ്രവർത്തിച്ചു.

സിപ്രിയാൻ ഒളിസ്ഥലത്തുനിന്ന് 251-ൽ കാർത്തേജിലെത്തിയ ഉടൻ തന്നെ ഒരു ഇടയലേഖനം എഴുതി. ആഫ്രിക്കൻ സഭയിൽ പ്രസിദ്ധപ്പെ ടുത്തി. *വീണവരെപ്പറ്റി* എന്നാണതിന്റെ പേര്. വിശ്വാസത്യാഗികളെയാണ്

വീണവർ (*ലാപ്സി*) എന്നു പറയുന്നത്. വിഗ്രഹാരാധന നടത്തിയെന്ന് തെളിയിക്കുന്ന ഏതെങ്കിലും തരത്തിലുള്ള സർട്ടിഫിക്കറ്റ് വാങ്ങിയവരെല്ലാം (*ചെർതിഫിക്കാത്തി*/ലിബെല്ലാത്തിച്ചി) വീണവരിൽ ഉൾപ്പെട്ടിരുന്നു. വിഗ്രഹങ്ങൾക്ക് ധൂപം അർപ്പിച്ചവരെ *തൂരിഫിക്കാത്തി* എന്നും ബലി അർപ്പിച്ചവരെ *സാക്രിഫിക്കാത്തി* എന്നും വിളിച്ചിരുന്നു. വിഗ്രഹാരാധന നടത്താതെ തന്നെ സർട്ടിഫിക്കറ്റ് സമ്പാദിച്ചവരും ഉണ്ടായിരുന്നു.

കാർത്തേജിൽവച്ച് 251-മെയ് മാസത്തിൽ ആഫ്രിക്കൻ മെത്രാന്മാരുടെ ഒരു സിനഡു കൂടി. അതിന്റെ അധ്യക്ഷനെന്ന നിലയിൽ സിപ്രിയാൻ ചെയ്ത പ്രസംഗമാണ് *കത്തോലിക്കാസഭയുടെ ഐക്യം* എന്ന പേരിൽ അറിയപ്പെടുന്ന രേഖ. സിപ്രിയാനെതിരെ ശീശ്മയുണ്ടാക്കിയവരെ പ്രസ്തുത സിനഡ് മുടക്കി. വീണവരെയെല്ലാം അനുതാപത്തിലേക്ക് തിരിച്ചു വിടണമെന്നും കുറഞ്ഞപക്ഷം മരണസമയത്തെങ്കിലും സഭയിലേക്കു തിരികെ എടുക്കണമെന്നും അനുതാപത്തിന്റെ കാലഘട്ടം തെറ്റിന്റെ വലിപ്പത്തെ ആശ്രയിച്ചിരിക്കുമെന്നും സിനഡ് തീരുമാനിച്ചു.

മറ്റൊരു ദുഃസ്ഥിതി ആയിടയ്ക്ക് വന്നു ഭവിച്ചു. ആഫ്രിക്കയിലെങ്ങും ഒരു പകർച്ചവ്യാധി പടർന്നു പിടിച്ചു. ക്രിസ്ത്യാനികൾ ദേവന്മാരുടെ കോപം ആളിക്കത്തിച്ചിരിക്കുന്നു എന്നായി പുറജാതികൾ! സിപ്രിയാന്റെ സ്നേഹവും സേവനവും സഹാനുഭൂതിയും അവരുടെ രോഷം അല്പം കുറച്ചു.

വേറൊരു പ്രശ്നം അക്കാലത്ത് ആഫ്രിക്കയിൽ പൊന്തിവന്നു. പാഷണ്ഡികൾ നല്കുന്ന സ്നാനം വാസ്തവമാണോ എന്ന പ്രശ്നം അവിടെ കോളിളക്കമുണ്ടാക്കി. ആഫ്രിക്കൻ ചിന്താഗതി അനുസരിച്ച് പാഷണ്ഡരുടെ മാമോദീസാ കൂദാശയേ അല്ലായിരുന്നു. സ്നാനത്തെക്കുറിച്ചുള്ള കൃതിയിൽ തെർത്തുല്യൻ അതു പഠിപ്പിച്ചിട്ടുള്ളതാണ്. അഗ്രിപ്പീനുസ് എന്ന മെത്രാന്റെ നേതൃത്വത്തിൽ കാർത്തേജിൽ കൂടിയ സിനഡ് 220-ൽ അതംഗീകരിച്ചിരുന്നു. സിപ്രിയാൻ അധ്യക്ഷനായുള്ള സിനഡുകൾ 255-ലും 256-ലും അതാവർത്തിച്ചുറപ്പിച്ചു. ഇതറിഞ്ഞ റോമൻ പാപ്പാ സ്റ്റീഫൻ ഈ തീരുമാനത്തെ ശക്തിയായി എതിർത്തു. പാരമ്പര്യത്തിനെതിരായി പുതുതായൊന്നും തുടങ്ങിക്കൂടാ എന്ന് സ്റ്റീഫൻ താക്കീതു ചെയ്തു. എന്താണ് പാരമ്പര്യം? റോമൻ പാരമ്പര്യത്തിന്റെ കാര്യമാണ് സ്റ്റീഫൻ പറഞ്ഞത്. ആഫ്രിക്കയിൽ മറ്റൊരു പാരമ്പര്യം നിലവിലിരുന്നു. അതായത്,പാഷണ്ഡികൾ നൽകുന്ന മാമോദീസാ ആഫ്രിക്കൻസഭ കൂദാശയായി അംഗീകരിച്ചിരുന്നില്ല. കേസറിയായിലെ ഫിർമീലിയനും ഈ മനോഭാവം പുലർത്തിയിരുന്നു. രണ്ടു പ്രധാന സഭകളിലെ അധ്യക്ഷന്മാർ തമ്മിലുള്ള അഭിപ്രായവ്യത്യാസം - അതും സുപ്രധാന കാര്യത്തെക്കുറിച്ച് - സഭയുടെ ഐക്യത്തെ തകർക്കുന്നതിന്റെ വക്കോളമെത്തി. അത് മൂർഛി

ക്കുന്നതിന് മുമ്പുതന്നെ വലേറിയൻ ചക്രവർത്തി ക്രിസ്ത്യാനികൾ ക്കെതിരെ ഒരു നിയമം പുറപ്പെടുവിച്ചു. തുടർന്നുണ്ടായ മതമർദനത്തിൽ സ്റ്റീഫൻ രക്തസാക്ഷിയായി; സിപ്രിയാൻ നാടുകടത്തപ്പെട്ടു. പിന്നീട് കാർത്തേജിനടുത്തുവച്ച് 258 സെപ്റ്റംബർ 14-ന് വധിക്കപ്പെടുകയും ചെയ്തു. അങ്ങനെ അദ്ദേഹം ആഫ്രിക്കൻ മെത്രാന്മാരുടെ ഇടയിൽ ആദ്യത്തെ രക്തസാക്ഷിയായിത്തീർന്നു.

## കൃതികൾ

സിപ്രിയാന്റെ കൃതികളെല്ലാം പ്രായോഗിക ചായ്‌വുള്ളവയായിരുന്നു. ഓരോരോ പ്രശ്നങ്ങൾ വരുമ്പോൾ അവയെ തരണം ചെയ്യാൻ വേണ്ടി എഴുതപ്പെട്ടവയാണ് കൃതികളും എഴുത്തുകളും. താത്വികചിന്തകളേക്കാൾ രക്ഷയ്ക്കുതകുന്ന പ്രായോഗിക ചിന്തകളിലാണ് അദ്ദേഹം ശ്രദ്ധിച്ചിരുന്നത്. തെർത്തുല്യന്റെ അഗാധജ്ഞാനമോ, ധിഷണാവിലാസമോ, പ്രകടനപാട വമോ, വികാരതീവ്രതയോ അദ്ദേഹത്തിന് ഇല്ലായിരുന്നു. അദ്ദേഹത്തിന്റെ ശൈലി ഋജുവും കാര്യമാത്രപ്രസക്തവും പ്രസന്നവുമായിരുന്നു. തെർത്തു ല്യന്റെ തിയോളജി സിപ്രിയാന്റെ കൃതികളിലുടനീളം കാണാം. പ്രാചീനർ മറ്റു ക്രൈസ്തവ ചിന്തകരുടെ കൃതികളേക്കാൾ ഇവ ഇഷ്ടപ്പെട്ടിരുന്നു. അനേകം കൈയെഴുത്തു പ്രതികളിൽ അവ ലഭിച്ചിട്ടുണ്ട്. കൃതികളുടെ മൂന്നു പട്ടിക പഴയകാലത്ത് പ്രസിദ്ധീകൃതമായിട്ടുണ്ട്: (1) പോൺസ്യൂസ് എഴുതിയ ജീവചരിത്രം ഏഴാം അധ്യായത്തിൽ ഉള്ള പട്ടിക. (2) 359-ലെ ഒരു പട്ടിക (3) വി. അഗസ്റ്റിന്റെ ഒരു പ്രസംഗത്തിൽ കാണുന്ന പട്ടിക. പ്രതിപാദനങ്ങ ളെന്നും ലേഖനങ്ങളെന്നും കൃതികളെ തിരിക്കാം.

### പ്രതിപാദനങ്ങൾ

1. ഡൊണാത്തുസിന് (ആദ് ഡൊണാത്തും). 2. കന്യകകളുടെ വസ്ത്രം (ദെ ഹാബിതു വിർജിനും) 3. വീണവരെക്കുറിച്ച് (ദെ ലാപ്സിസ്) 4. കത്തോ ലിക്കാസഭയുടെ ഐക്യം (ദെ എക്ലേസിയേ ഊണിത്താത്തെ). 5. കർതൃപ്രാർഥന (ദെ ദൊമിനിക്കാ ഒറാസ്യോണെ). 6. ദെമെത്രിയാന് (ആദ് ദെമെത്രിയാനും). 7. മർത്യത (ദെ മോർതാലിതാതെ). 8. സത്പ്രവൃത്തികളും ദാനങ്ങളും (ദെ ഓപെരെ എത് എലൈമോസിനി). 9. ക്ഷമയുടെ ഗുണങ്ങൾ (ദെ ബോനോ പാസിയെൻസിയേ). 10. അസൂയയും കുശുമ്പും (ദെ സേലോ എത് ലിവോരെ). 11. രക്തസാക്ഷിത്വത്തിനുള്ള ആഹ്വാനം(ആദ് ഫോർതുണാത്തും). 12. കിരീനസിസ് (ആദ് കിരീനും). 13. വിഗ്രഹങ്ങൾ ദൈവമല്ല (ക്വോദ് ഈദൊള ദിയി നോൺ സിൻത്).

### (1) ഡൊണാത്തൂസിന്

തന്റെ സ്നേഹിതനായ ഡൊണാത്തൂസിന് തന്റെ മാനസാന്തരത്തെ പ്പറ്റി വിവരിച്ചുകൊണ്ട് സിപ്രിയാൻ എഴുതുന്നതാണ് ഈ കൃതി. ദൈവിക

കൃപാവരത്തിന്റെ അത്ഭുതാവഹമായ പ്രവർത്തനം എങ്ങനെ ഫലമണിഞ്ഞെന്നും എപ്രകാരം മൃത്യുവിൽ നിന്ന് തന്നെ രക്ഷിച്ചെന്നും ഇതിൽ വിവരിക്കുന്നു. അദ്ദേഹത്തിന്റെ കുറവുകളും ബലഹീനതകളും വിവരിക്കുന്ന ഈ ഗ്രന്ഥം ഒരു ആത്മകഥയാണ്.സ്നാനം സ്വീകരിച്ചശേഷം (246) അധികം താമസിയാതെ ഇതെഴുതി. സിപ്രിയാനെത്തന്നെ ശ്രവിക്കാം: 'എന്റെ മുൻകാല ജീവിതത്തിന്റെ ഒരായിരം തെറ്റുകളിൽ ഞാൻ ബന്ധിതനായിരുന്നു. അവയിൽനിന്നു വിമുക്തി പ്രാപിക്കാമെന്ന് ഞാനൊട്ടും കരുതിയില്ല; കാരണം, ഞാനത്രയ്ക്ക് അവയുടെ അടിമയായിരുന്നു... തിന്മയിൽ ഞാൻ അത്രമാത്രം സന്തുഷ്ടനായിരുന്നു. അവയെന്റെ സന്തതസഹചാരികളുമായി. എന്നാൽ എന്റെ മുൻകാല ജീവിതത്തിന്റെ എല്ലാ കറകളിൽ നിന്നും പുനർജന്മജലം എന്നെ കഴുകി വെടിപ്പാക്കി; ഉയരത്തിൽ നിന്ന് എന്റെ ഹൃദയത്തിലേക്കു വീശിയ ദിവ്യപ്രകാശം എല്ലാവിധ നശ്വരതയിൽ നിന്നും എന്നെ ശുദ്ധീകരിച്ചു. ഉയരത്തിൽ നിന്നാഗതമായ അരൂപി പുനർജന്മത്തിൽ എന്നെ ഒരു പുതിയ വ്യക്തിയാക്കി. അത്ഭുതകരമായ രീതിയിൽ ഉടൻ തന്നെ സംശയത്തിന്റെ സ്ഥാനത്ത് ഉറപ്പ് സ്ഥാനം പിടിച്ചത് ഞാൻ ദർശിച്ചു.' - തന്റെ മാനസാന്തരത്തെ ന്യായീകരിക്കാനും ഇതുപോലെ മാനസാന്തരത്തിലേക്കു വരാൻ അനേകർക്കു പ്രേരണ ലഭിക്കാനും വേണ്ടിയാണ് അദ്ദേഹം ഇത് രചിച്ചത്.

### (2) കന്യകകളുടെ വസ്ത്രം

കന്യകകൾ എപ്രകാരം വസ്ത്രധാരണം ചെയ്യണമെന്ന് ചൂണ്ടിക്കാട്ടുന്നു. തെർത്തുല്യന്റെ *സ്ത്രീകളുടെ വസ്ത്രധാരണം* എന്ന കൃതിയുടെ തണലിൽ ഒരിടയന്റെ ശൈലിയിലാണ് അദ്ദേഹം ഇതെഴുതുന്നത്. കന്യകകളെ വിവിധ നാമങ്ങളാൽ അദ്ദേഹം വിശേഷിപ്പിക്കുന്നു. ക്രിസ്തുവിന് സ്വയം സമർപ്പിക്കപ്പെട്ട കന്യകകൾക്ക് ലോകത്തിൽ നിന്നുണ്ടാകാവുന്ന അപകടങ്ങളെപ്പറ്റി അദ്ദേഹം അവരെ അനുസ്മരിപ്പിക്കുന്നു: 'ക്രിസ്തുവിന്റെ മണവാട്ടി മോടിയായ വസ്ത്രങ്ങൾ കൂടാതെയും പൊയ്മുഖം വയ്ക്കാതെയും വ്യാപരിക്കണം. സുഗന്ധദ്രവ്യങ്ങളോ, സ്വർണാഭരണങ്ങളോ ഒന്നും കന്യകകൾക്കു പാടില്ല. ധനമുണ്ടെങ്കിൽ ദരിദ്രരുടെയിടയിൽ ചെലവാക്കണം. കന്യകകൾ വിവാഹാഘോഷങ്ങളിലും പൊതുകളിസ്ഥലങ്ങളിലും പോകാൻ പാടില്ല. കാത്തിരിക്കുന്ന പ്രതിഫലത്തെ ലക്ഷ്യമാക്കി വ്യാപരിക്കണം' എന്ന് അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു.

### (3) വീണവരെക്കുറിച്ച്

മതപീഡനാനന്തരം ഒളിസ്ഥലത്തു നിന്ന് തിരിച്ചെത്തിയ സിപ്രിയാൻ 251-ൽ എഴുതിയതാണിത്. സമാധാനം പുനഃസ്ഥാപിക്കപ്പെട്ടതിന് ദൈവ ത്തി

നു നന്ദിപറയുകയും ലോകത്തെ നിസാരമാക്കി, ജീവൻ നേടിയ രക്ത സാക്ഷികളെ സ്തുതിക്കയും ചെയ്തുകൊണ്ട് ഇത് ആരംഭിക്കുന്നു. എന്നാൽ വിശ്വാസം ത്യജിച്ചവരെപ്പറ്റി ഓർക്കുമ്പോൾ ഹൃദയം ദുഃഖപൂരിതമാകുന്നു എന്നു സിപ്രിയാൻ പറയുന്നു: 'ആരും നിർബന്ധിക്കാതെ തന്നെ ദേവന്മാർക്കു ബലി കഴിച്ചവരുണ്ട്. കുഞ്ഞുങ്ങളെ ഇതിലേക്കു വലിച്ചിഴച്ച മാതാപിതാക്കളുണ്ട്. ലൗകിക സ്നേഹത്താൽ വസ്തുവകകളെ പ്രതി വിശ്വാസം വിലയ്ക്ക് വിറ്റവരുണ്ട്. അവരോടു വേഗത്തിൽ ക്ഷമിക്കാൻ സാധ്യമല്ല.' അവർക്കു വേണ്ടി മധ്യസ്ഥത വഹിക്കുന്ന വിശ്വാസ സാക്ഷികളെ അദ്ദേഹം താക്കീതു ചെയ്യുന്നു: 'നാം കൂടുതൽ അയഞ്ഞ മനഃസ്ഥിതി കാട്ടിയാൽ അവർ വേണ്ടവണ്ണം അനുതപിക്കയില്ല. എന്നാൽ വലിയ പീഡനങ്ങൾക്കു ശേഷം ഒരാൾ ബലഹീനതയാൽ വീണുപോയാൽ അവന്റെ തെറ്റിന്റെ കാഠിന്യം കുറയും. ഏതായാലും എല്ലാവരും അനുതപിക്കണം. ഏതെങ്കിലും രീതിയിൽ ഒരു സർട്ടിഫിക്കറ്റ് (*ലിബെല്ലുസ്*) വാങ്ങിയവരെല്ലാം അനുതപിക്കയും പ്രായശ്ചിത്തം ചെയ്യുകയും വേണം.' കാർത്തേജിൽ കൂടിയ സൂനഹദോസിൽ(251) ഈ കൃതി വായിക്കുകയും ആഫ്രിക്കയിലെ ശിക്ഷണക്രമത്തിന്റെ പൊതുതത്വമായി അംഗീകരിക്കുകയും ചെയ്തു.

### (4) കത്തോലിക്കാസഭയുടെ ഐക്യം

സിപ്രിയാന്റെ വ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്ന ഏറ്റവും പ്രധാന കൃതിയാണിത്. നൊവേഷ്യൻ ഇളക്കിവിട്ട ശീശ്മ സഭയിൽ ഉണ്ടാക്കിയ കോളിളക്കത്തെ നേരിടാനാണ് ഇതെഴുതിയത്. കാർത്തേജിൽ കൂടിയ സൂനഹദോസിന്റെ (251) അധ്യക്ഷൻ എന്ന നിലയിൽ സിപ്രിയാൻ ചെയ്ത പ്രസംഗമാണിത്: 'ശീശ്മയും പാഷണ്ഡതയും പിശാചിന്റെ പണികളാണ്. മതപീഡകരേക്കാൾ അപകടകാരികളാണ് ശീശ്മക്കാരും പാഷണ്ഡികളും. ശീശ്മ വിശ്വാസികളുടെ ഇടയിലെ ഐക്യം തകർക്കുന്നു. അത് വിശ്വാസം നശിപ്പിക്കുകയും സത്യം വളച്ചൊടിക്കുകയും ചെയ്യുന്നു. സഭയ്ക്ക് പുറത്ത് രക്ഷയില്ല. സഭയെ തന്റെ മാതാവായി കാണാൻ കഴിയാത്തവന് ദൈവത്തെ പിതാവായി കരുതാൻ കഴിയില്ല; നോഹയുടെ പെട്ടകത്തിന് പുറത്തുള്ളവർ രക്ഷ പ്രാപിച്ചെങ്കിൽ, സഭയ്ക്ക് പുറത്തുള്ളവരും രക്ഷ പ്രാപിക്കും. സഭയ്ക്ക് പുറത്ത് സഭയുടെ രക്തസാക്ഷികളില്ല. രണ്ടോ മൂന്നോ പേർ എന്ന് കർത്താവ് പറഞ്ഞത് സഭയിലുള്ളവരെ പറ്റിയാണ്' എന്നു പോകുന്നു സിപ്രിയാന്റെ പ്രസംഗം. നാലാം അധ്യായത്തിന് രണ്ട് പതിപ്പുകളുണ്ട്. ഒന്ന് പിൽക്കാലത്തുള്ള കുത്തിത്തിരുകലാണെന്നും അതല്ല സിപ്രിയാൻ തന്നെ പില്ക്കാലത്ത് എഴുതിയതാണെന്നും രണ്ടഭിപ്രായമുണ്ട്. [33]

### (5) കർതൃപ്രാർഥന

സഭൈക്യത്തെപ്പറ്റി എഴുതി കഴിഞ്ഞയുടനെ ഏതാണ്ട് 251–ലോ 252–ലോ എഴുതിയതാണ് ഈ കൃതി. ഇതിലും തെർത്തുല്യന്റെ പ്രാർഥന

യെപ്പറ്റിയുള്ള കൃതിയുടെ സ്വാധീനമുണ്ട്. തെർത്തുല്യന്റെ കൃതിയുടെ നാലിലൊന്നു വലിപ്പമേ ഇതിനുള്ളൂ. ഇവിടെ കർതൃപ്രാർഥനയാണ് ചർച്ചാവിഷയം. പ്രാർഥനയെപ്പറ്റി ആമുഖത്തിൽ ചുരുക്കിപ്പറഞ്ഞ ശേഷം കർതൃപ്രാർഥനയുടെ വ്യാഖ്യാനത്തിലേക്ക് സിപ്രിയാൻ കടക്കുന്നു. അദ്ദേഹം കർതൃപ്രാർഥനയിൽ വിശ്വാസത്തിന്റെ രത്നച്ചുരുക്കം ദർശിക്കുന്നു. വിവിധ യാമങ്ങളിൽ പ്രാർഥിക്കണമെന്നും പലപ്പോഴും ഏകാഗ്രമായിരിക്കണമെന്നും ഉപദേശിക്കുന്നു. ക്രിസ്ത്യാനി രാപകൽ പ്രാർഥനയുടെ വ്യക്തിയായിരിക്കണം. തെർത്തുല്യൻ ഉപയോഗിച്ചതിൽ നിന്ന് വ്യത്യസ്തമായ ഒരു വേദപുസ്തക പതിപ്പാണ് സിപ്രിയാൻ ഉപയോഗിച്ചതെന്ന് ഈ കൃതി സൂചിപ്പിക്കുന്നു. (മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *പ്രാർഥന സഭയിൽ*, കോട്ടയം,1993,പേജ്,37-66).[34]

**(6) ദെമെത്രിയാന്**

അക്കാലത്തുണ്ടായ ആപത്തുകൾക്കെല്ലാം കാരണക്കാർ ക്രിസ്ത്യാനികളാണെന്ന് ഏതോ ദെമെത്രിയാൻ പറഞ്ഞു പരത്തി. അതിന് മറുപടിയായിട്ടാണിത്: 'ഭൂമിയിൽ എക്കാലവും ഒരുപോലെ വിളവുണ്ടാകുകയില്ല. ഭൂമിയുടെ ഫലപുഷ്ടി കുറയുമ്പോൾ ഫലം കുറയും. സൃഷ്ടിയുടെ ആരംഭത്തിൽ വിളവുണ്ടായതുപോലെ ഇപ്പോഴുണ്ടാകാത്തതിന് ക്രിസ്ത്യാനികളാണോ കാരണക്കാർ? ഭൂമി ഫലശൂന്യമായി തീരുന്നതിനുള്ള യഥാർഥ കാരണം വിജാതിയരുടെ അസാന്മാർഗിക ജീവിതമാണ്. കുത്തഴിഞ്ഞ ജീവിതം ദൈവകോപം ക്ഷണിച്ചു വരുത്തുന്നു. ബിംബാരാധന, ക്രിസ്ത്യാനികളെ പീഡിപ്പിക്കൽ എന്നിവ ഇതിന് ആക്കം കൂട്ടുന്നു. ഇതിന് പ്രതിവിധി സന്മാർഗത്തിലേക്ക് തിരിച്ചു വരുക മാത്രമേയുള്ളൂ' എന്നു തുടങ്ങി നിരവധി കാര്യങ്ങൾ പ്രസ്തുത കൃതിയിൽ സിപ്രിയാൻ പറയുന്നു. സിപ്രിയാനു മുമ്പ് തെർത്തുല്യൻ ശക്തമായ ഭാഷയിൽ തന്നെ പുറജാതികളെ നിശബ്ദരാക്കിയതാണ്. എങ്കിലും സിപ്രിയാന്റെ ശൈലി തികച്ചും ശ്രേഷ്ഠമാണ്. സിപ്രിയാനുശേഷം ലക്തൻസ്യൂസ്, വി. അഗസ്റ്റിൻ എന്നിവരും ക്രിസ്ത്യാനികൾക്കുവേണ്ടി അപ്പോളജികൾ എഴുതിയിട്ടുണ്ട്.

**(7) മർത്യത**

ഡേഷ്യസിന്റെ മതപീഡനത്തിലും തുടർന്നുള്ള പകർച്ചവ്യാധിയിലും അനേകർ മരിച്ചു. മരണം ഒരു സന്തതസഹചാരിയായി കാണപ്പെട്ട നാട്ടിൽ, മരണത്തിന് അർഥം കാണാൻ അദ്ദേഹം ശ്രമിക്കുന്നു. വിജാതിയരും ക്രിസ്ത്യാനികളും തമ്മിൽ ഇക്കാര്യത്തിൽ എന്താണ് വ്യത്യാസം? മരണത്തെ എങ്ങനെ വീക്ഷിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും വ്യത്യാസമെന്ന് പഠിപ്പിക്കയാണ് അദ്ദേഹം: 'ക്രിസ്ത്യാനികൾക്കിവിടെ വീടില്ല. മരിക്കുന്നവർ നമുക്കു മുമ്പേ വീടുപറ്റുന്നു. അതുകൊണ്ട് ആരും മരണത്തിന്റെ കാര്യമോർത്ത് ഒട്ടും ദുഃഖിക്കരുത്.' ഈ കൃതിയിൽ

www.malankaralibrary.com

സിസറോയുടെ സ്വാധീനം ദൃശ്യമാണ്. എന്നാൽ അമർത്യതയിലേക്കുള്ള കവാടമാണ് മരണം എന്ന ആശയം സിസറോയ്ക്കും അപ്പുറത്ത് സിപ്രിയാനെ നിർത്തുന്നു.

**(8) സത്പ്രവൃത്തികളും ദാനധർമങ്ങളും**

പടർന്നുപിടിച്ച പകർച്ചവ്യാധിയിൽ അനേകർ ദരിദ്രരായിത്തീർന്നു. പലർക്കും സർവതും നഷ്ടപ്പെട്ടു. ഈ പശ്ചാത്തലത്തിൽ ദാനധർമത്തിനും സത്പ്രവൃത്തികൾക്കും പ്രേരണ നൽകിക്കൊണ്ട് എഴുതിയതാണിത്. 'ധാരാളമായ കൃപയാൽ നമ്മെ അനുഗ്രഹിച്ച ദൈവത്തിനു പ്രതിനന്ദി കാണിക്കേണ്ടതു സത്പ്രവൃത്തികളും ദാനധർമങ്ങളും വഴിയാണ്. കൊടുത്താൽ ഒരിക്കലും കുറഞ്ഞുപോകില്ല. കുഞ്ഞുങ്ങളെ യഥാർഥമായി സ്നേഹിക്കുന്നവരും അവർക്കു നന്മ വരണമെന്ന് ആഗ്രഹിക്കുന്നവരും ദാനധർമങ്ങളിൽ മുന്നിട്ടു നിൽക്കണം.' - പ്രാചീനരുടെ ഇടയിൽ ഈ കൃതി വളരെയധികം മാനിക്കപ്പെട്ടിരുന്നു. ഇന്നും അപ്രകാരം തന്നെ. എഫേസോസ് സൂനഹദോസ്(431) ഇതിൽനിന്ന് ഉദ്ധരിക്കുന്നു.

**(9) ക്ഷമയുടെ ഗുണങ്ങൾ**

തെർത്തുല്യന്റെ കൃതിയെ ആശ്രയിച്ചാണ് ഇതു എഴുതിയിരിക്കുന്നത്. എന്നാൽ ഭാഷാശൈലി തികച്ചും വ്യത്യസ്തമാണ്. ക്ഷമയുടെ മഹനീയ മാതൃക കാട്ടിയ ക്രിസ്തുവിനെ അനുകരിച്ച് ക്രിസ്ത്യാനികൾ വിനയത്തിന്റേയും ക്ഷമയുടേയും വിശിഷ്ട മാതൃകകളായിരിക്കണമെന്നു സിപ്രിയാൻ ഉപദേശിക്കുന്നു.

**(10) അസൂയയും കുശുമ്പും**

അസൂയ, കുശുമ്പ് എന്നിവയ്ക്കെതിരെ അദ്ദേഹം തന്റെ ജനത്തെ ഉപദേശിക്കുന്നു: 'ക്രിസ്ത്യാനികൾ അസൂയയിൽനിന്നും കുശുമ്പിൽ നിന്നും അകന്നു ജീവിക്കണം. ആകാശത്തിൽ നിന്നു വീഴ്ചയുണ്ടായത് അസൂയ മൂലമാണ്. ഇതിനാൽ തന്നെയാണ് വീണവൻ മനുഷ്യരെയും വീഴ്ത്തിയത്. ഈ തിന്മ മറ്റനേകം തിന്മകളിലേക്കു വഴിതുറക്കുന്നു. സഭയുടെ ഐക്യത്തിനിത് വലിയ തടസ്സമാണ്. ഇതിനാൽ കർതൃസമാധാനത്തിന്റെ ശൃംഖല തകർക്കപ്പെടുന്നു; സഹോദരസ്നേഹം ഭഞ്ജിക്കപ്പെടുന്നു; സത്യം വ്യഭിചരിക്കപ്പെടുന്നു; ഐക്യം വിഭജിക്കപ്പെടുന്നു; മനുഷ്യർ ശീശ്മയിലേയ്ക്കും പാഷണ്ഡതയിലേക്കും വഴുതി വീഴുന്നു. വൈദികർ അപഹസിക്കപ്പെടുന്നു; മെത്രാന്മാർ നിന്ദിക്കപ്പെടുന്നു' (6). 'ഇതിനൊരു മരുന്നേയുള്ളൂ. സഹോദരസ്നേഹം! അസൂയ മാരകരോഗമാണ്. മുമ്പ് നിങ്ങൾ ആരെയെങ്കിലും വെറുത്തിരുന്നെങ്കിൽ, അവരെ സ്നേഹിക്കുകയും അടിസ്ഥാനമില്ലാത്ത ആരോപണങ്ങളാൽ നിങ്ങൾ ദ്വേഷിച്ചിരുന്നവർക്ക് ഉപകാരം ചെയ്യുകയും ചെയ്യുക. നിങ്ങൾക്കു കഴിയുമെങ്കിൽ നല്ല മനുഷ്യരെ

അനുകരിക്കുക. അതിനു കഴിയില്ലെങ്കിൽ അവരോടൊത്ത് സന്തോഷിക്കുക; നിങ്ങളേക്കാൾ നല്ലവരെ അഭിനന്ദിക്കുക; സ്നേഹത്താൽ അവരോടുകൂടെ നിങ്ങളേയും ഭാഗഭാക്കാക്കുക; സാഹോദര്യത്തിന്റെ കൂട്ടുകെട്ടിലും ഐക്യത്തിലും അവരുടെ പങ്കാളിയാകുക' (17).

**(11) രക്തസാക്ഷിത്വത്തിനുള്ള ആഹ്വാനം**

ഫോർതുണാത്തുസ് എന്നയാൾ ആവശ്യപ്പെട്ടതനുസരിച്ച് തയാറാക്കിയതാണിത്. മതപീഡനത്തിൽ ക്രിസ്ത്യാനികൾക്ക് ശക്തി നൽകാൻ ഉതകുന്ന വേദപുസ്തക ഭാഗങ്ങൾ പലയിടത്തുനിന്നും ശേഖരിച്ച് പന്ത്രണ്ട് തലക്കെട്ടിൽ ഇതിൽ കൊടുത്തിരിക്കുന്നു.

**(12) ക്വിരീനസിന്**

ഫോർതുണാത്തുസിന് എഴുതി അയച്ചതുപോലെ, വിവിധ തലക്കെട്ടുകളിൽ വേദപുസ്തകഭാഗങ്ങൾ ഒന്നിച്ചു ചേർത്തു വച്ചിരിക്കുന്ന സമാഹാരമാണിത്. മൂന്നു ഗ്രന്ഥങ്ങളിലായിട്ടാണിത്.

**(13) വിഗ്രഹങ്ങൾ ദൈവമല്ല**

വിജാതിയരുടെ ദേവന്മാർ ചത്ത മനുഷ്യരാണ്. മൺമറഞ്ഞ രാജാക്കന്മാരെ പില്ക്കാലത്ത് ചിലർ ദേവസ്ഥാനത്ത് കയറ്റിയിരുത്തി. അവർ ദൈവമല്ല. ചരിത്രത്തിൽ നിന്ന് ഇതു തെളിയിക്കാൻ സാധിക്കും. ഒരു ദൈവം മാത്രമേ ഉള്ളൂ. അവൻ അദൃശ്യനും അഗ്രാഹ്യനുമാണ് എന്നു തുടങ്ങി വിഗ്രഹാരാധനയ്ക്കെതിരെ എഴുതിയതാണിത്. ഇത് സിപ്രിയാന്റേതാണോ എന്നു സംശയിക്കുന്നവരുണ്ട്.

**ലേഖനങ്ങൾ**

മൂന്നാം നൂറ്റാണ്ടിലെ ആഫ്രിക്കൻ സഭാജീവിതം സംബന്ധിച്ച് വളരെയധികം വെളിച്ചം വീശുന്നവയാണ് സിപ്രിയാന്റെ കത്തുകൾ. സിപ്രിയാൻ, നൊവേഷ്യൻ, കൊർണേലിയൂസ്, സ്റ്റീഫൻ, കേസറിയായിലെ ഫിർമീലിയൻ തുടങ്ങിയവരുടെ വാക്കുകൾ അവയിൽ പ്രതിധ്വനിക്കുന്നു. ആഫ്രിക്കൻ ക്രിസ്ത്യാനികളുടെ പ്രതീക്ഷകളും ഭയാശങ്കകളും ജീവന്മരണ പോരാട്ടങ്ങളുമെല്ലാം ഈ കത്തുകൾ വ്യക്തമാക്കുന്നു. സിപ്രിയാൻ തന്നെയും ആശയമനുസരിച്ച് അവ ക്രോഡീകരിക്കുകയും സഹമെത്രാന്മാർക്കു കോപ്പികൾ അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ആധുനിക കാലത്തുള്ള പതിപ്പുകളിൽ 81 കത്തുകൾ ഉൾക്കൊള്ളുന്നു. 59 എണ്ണം സിപ്രിയാന്റേതും ആറെണ്ണം കാർത്തേജിലെ സിനഡിന്റേതും പതിനാറെണ്ണം മറ്റുള്ളവരുടേതുമാണ്. റോമിലെ വൈദിക സമൂഹമയച്ച കത്തുകൾ, നൊവേഷ്യൻ, കൊർണേലിയുസ് തുടങ്ങിയവരുടെ കത്തുകൾ എന്നിവ ഇവയിൽ ഉൾപ്പെടുന്നു. മതപീഡനകാലത്തും നൊവേഷ്യന്റെ ശീശ്മയുടെ

കാലത്തും സ്നാനം സംബന്ധിച്ച തർക്കത്തിന്റെ കാലത്തും എഴുതപ്പെട്ട താണ് മിക്കവയും. ഒന്നുരണ്ട് ലേഖനങ്ങൾ ഇവിടെ അപഗ്രഥിക്കാം:

ലേഖനം 4: ഡയനീഷ്യാനായിലെ (ബിസസേന) മെത്രാനായ പൊംപോണിയുസിന് സിപ്രിയാൻ, ചെച്ചീലിയസ്, വിക്ടർ, സെഡാത്തുസ്, തെർത്തുല്ലുസ് എന്നിവർ സന്നിഹിതരായ മറ്റു വൈദികരോടുകൂടി എഴുതുന്നതാണ് ഈ കത്ത്. ഇതിൽ ഒരു നടപടിക്രമം വിശദീകരിക്കുന്നു: 'അർപ്പിതജീവിതം നയിച്ച ചില കന്യകകൾ ചില പുരുഷന്മാരുടെ കൂടെ താമസിക്കുന്നതായി സിപ്രിയാൻ അറിഞ്ഞു. അവരുടെ കൂട്ടത്തിൽ ഒരു ഡീക്കനുമുണ്ടായിരുന്നു. വിവാഹിതരായി കഴിഞ്ഞാൽ ആ കന്യകകൾ പിന്നെ കന്യകകളേയല്ല; ഇതു സംബന്ധിച്ചാണ് ഈ കത്ത്. ദൈവത്തിനു സമർപ്പിച്ചവർ പുരുഷന്മാരുടെ കൂടെ താമസിക്കാനേ പാടില്ല, മാനുഷിക ബലഹീനത പരിഗണിച്ചാണ് താനിതു പറയുന്നതെന്ന് സിപ്രിയാൻ രേഖപ്പെടുത്തുന്നു. 'അപകടത്തിന് അടുത്തിരിക്കുന്നവർ അധികനാൾ സുരക്ഷിതരല്ല; ശിക്ഷണരഹിതമായ വേഴ്ചകൾ വഴി നിരവധി കന്യകകൾ വഴിപിഴച്ചു പോകാൻ ഇടയുണ്ട്. ക്രിസ്തുവിന് സമർപ്പിച്ചവരാണെങ്കിൽ അതനുസരിച്ചു ജീവിക്കാൻ ദത്തശ്രദ്ധരായിരിക്കണം. അതിനു സാധ്യമ ല്ലെങ്കിൽ, വിവാഹം കഴിക്കട്ടെ; അങ്ങനെ സഭയിൽനിന്ന് ഇടർച്ച നീക്കി ക്കളയട്ടെ. നിത്യജീവനിലേക്കുള്ള പാത ഇടുങ്ങിയതും പ്രയാസ പൂർണവ ുമാണ്; ദൈവത്തിന് സമർപ്പിച്ചവർ വൈദികർക്ക് ഒരു ഭാരവും സഭയ്ക്ക് അപമാനവുമായി തീരാതിരിക്കട്ടെ. അവർ യാതൊരു സംശയത്തിനും ഇടകൊടുക്കരുത്.'

ലേഖനം 33: സിപ്രിയാന്റെ സഭാശാസ്ത്രം ഗ്രഹിക്കാൻ ഈ കത്ത് സഹായകമാണ്. മത്താ.16:18-19 ഉദ്ധരിച്ചുകൊണ്ട് പറയുന്നു: 'നമ്മുടെ കർത്താവിന്റെ കൽപ്പനകൾ നാം ഭയപ്പെടുകയും പാലിക്കുകയും വേണം. മെത്രാന്റെ സ്ഥാനവും തന്റെ സഭയ്ക്കുവേണ്ടിയുള്ള പദ്ധതിയും നടപ്പാക്കിക്കൊണ്ട് അവിടുന്ന് സുവിശേഷത്തിൽ സംസാരിക്കുകയും പത്രോസിനോടു പറയുകയും ചെയ്യുന്നു: ഞാൻ നിന്നോടു പറയുന്നു, നീ പത്രോസാകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. നരകവാതിലുകൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിൽ അഴിക്കപ്പെട്ടിരിക്കും. സമയത്തിന്റെയും പിൻതുടർച്ചയുടെയും മാറ്റങ്ങൾ വഴി മെത്രാന്മാരുടെ പട്ടവും സഭയുടെ സംഘടനയും മുൻപോട്ടു പോകുന്നു; സഭ മെത്രാന്മാരിലാണ് ഉറപ്പിക്കപ്പെട്ടിരിക്കുന്നത്. സഭയിലെ എല്ലാ കാര്യങ്ങളും ഈ മെത്രാന്മാർ ഭരിക്കുന്നു.'

ലേഖനം 43: ഫെലിച്ചീസിമൂസിന്റെ ശീശ്മയെപ്പറ്റിയാണ് ഈ ലേഖനം. ഫെലിച്ചീസിമൂസും കൂട്ടരും സഭൈക്യം നശിപ്പിച്ചത് കടുത്ത പാതക


www.malankaralibrary.com

മാണെന്ന് അദ്ദേഹം ഇതിൽ വ്യക്തമാക്കുന്നു. 'തങ്ങളുടെ പക്കൽ സമാധാനമോ, സഭയോ ഇല്ലാത്തവർ ഇപ്പോൾ സമാധാനം ആശംസിക്കുന്നു. സഭയിൽനിന്നു വിട്ടുമാറിയവർ വീണവരെ തിരികെ വിളിക്കയും തിരിച്ചു വരാൻ അനുവദിക്കയും ചെയ്യുന്നു. ദൈവം ഒരുവൻ, ക്രിസ്തു ഒരുവൻ, സഭ ഒന്ന്, കർതൃശബ്ദത്താൽ പത്രോസിന്മേൽ സ്ഥാപിതമായ സിംഹാസനം ഒന്ന്. ഈ ഏകപൗരോഹിത്യത്തിനും ഏകബലിപീഠത്തിനും എതിരെ മറ്റൊരു ബലിപീഠമോ, പുതിയൊരു പൗരോഹിത്യമോ സ്ഥാപിക്കാൻ സാധ്യമല്ല. മറ്റെവിടേയെങ്കിലും കൂട്ടിച്ചേർക്കുന്നവൻ ചിതറിക്കുന്നു. ദൈവിക പദ്ധതിയെ മാനിക്കാതെ മാനുഷിക വിഭ്രാന്തിമൂലം സ്ഥാപിക്കപ്പെട്ട തൊക്കെ വേശ്യാവൃത്തിയും അഭക്തിയും ദൈവദൂഷണവും അത്രേ. ഇത്തരക്കാരുമായുള്ള സംസർഗത്തിൽ നിന്ന് അകന്നു മാറുക; ക്യാൻസറും പകർച്ച വ്യാധിയും എന്നു കരുതി അവരുടെ സംസാരത്തിൻ നിന്ന് പറന്ന കലുക. സഹോദരങ്ങളേ, കർതൃപാതയിൽ നിന്ന് നിങ്ങളെ ആരും വഴിതെറ്റിക്കാതിരിക്കട്ടെ. ക്രിസ്തുവിന്റെ സുവിശേഷത്തിൽ നിന്ന് ക്രിസ്ത്യാനികളായ നിങ്ങളെ ആരും തട്ടിക്കൊണ്ട് പോകാതിരിക്കട്ടെ. സഭയിൽ നിന്നു സഭാസന്താനങ്ങളെ ആരും അപഹരിക്കാതിരിക്കട്ടെ. നശിക്കാൻ ആഗ്രഹിക്കുന്നവർ സ്വയം നശിക്കട്ടെ; സഭയിൽ നിന്നു മാറിയവർ മാത്രം സഭയ്ക്കു പുറത്തു നിൽക്കട്ടെ. മെത്രാന്മാർക്കെതിരെ മത്സരിച്ചവർ മാത്രം മെത്രാന്മാരെ കൂടാതെ കഴിയട്ടെ.'– സഭയെ ഉപേക്ഷിച്ച് വിഘടിതസമൂഹങ്ങൾ സ്ഥാപിക്കുന്നവർക്കു സിപ്രിയാൻ നൽകുന്ന ശക്തിയായ താക്കീതാണിത്.

ലേഖനം 46: മാക്സിമസ്, നിക്കോസ്ട്രാത്തുസ് തുടങ്ങിയ വിശ്വാസ സാക്ഷികൾക്ക്: ഐക്യത്തിലേക്കും സാഹോദര്യത്തിലേക്കും യോജിപ്പിലേക്കും തിരിഞ്ഞുവരാൻ സിപ്രിയാൻ അവരെ ക്ഷണിക്കുന്നു. 'ദൈവിക ക്രമീകരണത്തിനും സുവിശേഷനിയമത്തിനും കത്തോലിക്കാസഭയുടെ ഐക്യത്തിനും എതിരായി നിന്നു മറ്റൊരു മെത്രാനെ വാഴിക്കാൻ നിങ്ങൾ സമ്മതിച്ചതിൽ ഞാൻ അതിയായി ദുഃഖിക്കുന്നു. മറ്റൊരു സഭ സ്ഥാപിക്കാനും ക്രിസ്തുവിന്റെ ശരീരത്തെ കീറിമുറിക്കാനും കർത്താവിന്റെ അജഗണത്തിന്റെ ഏകമനസ്സും, ഏകശരീരവും വിഭജനമാത്സര്യം കൊണ്ടു കുത്തിത്തുളയ്ക്കാനും ശ്രമിക്കുന്നത് അനുവദനീയമല്ല; ദൈവികനിയമത്താൽ തന്നെ ശരിയുമല്ല.'

ലേഖനം 55: നുമീഡിയായിലെ മെത്രാനായ അന്തോണിയാനുസിന് സിപ്രിയാൻ: നൊവേഷ്യന്റെ ശീശ്മ മൂലം നുമീഡിയൻ മെത്രാൻ അല്പം വിഷമത്തിലായിരുന്നു. സഭയുടെ ഐക്യവും മെത്രാന്മാരുടെ യോജിപ്പും ഈ കത്തിൽ വിശദീകരിക്കുന്നു. കൊർണേലിയൂസിന്റെ സ്വഭാവത്തെപ്പറ്റിയും തെരഞ്ഞെടുപ്പിനെ പറ്റിയും സിപ്രിയാൻ വിവരിക്കുന്നു: 'ദൈവമാണ് അദ്ദേഹത്തെ മെത്രാനാക്കിയത്. മെത്രാനാകാൻ ആഗ്രഹിക്കുകയോ

അതിനായി ചരടുവലികൾ നടത്തുകയോ ചെയ്യാത്ത പരിശുദ്ധനായിരുന്നു അദ്ദേഹം. ദൈവത്തിന്റേയും മിശിഹായുടേയും നിശ്ചയത്താലും വൈദിക വൃന്ദത്തിന്റെ സാക്ഷ്യത്താലും സന്നിഹിതരായ ജനങ്ങളുടെ സമ്മതത്താലും ഭാഗ്യവാന്മാരായ മെത്രാന്മാരുടെ സമൂഹത്താലും നല്ല മനുഷ്യരാലും അത്രേ കൊർണേലിയൂസ് മെത്രാനായി വാഴിക്കപ്പെട്ടത്. ഫാബിയന്റെ സ്ഥാനത്ത്, അതായത് പത്രോസിന്റെ സ്ഥലവും മെത്രാസന സ്ഥാനവും ഒഴിഞ്ഞു കിടന്നപ്പോൾ, ആരും വാഴിക്കപ്പെടുന്നതിനു മുമ്പേ അത്രേ അദ്ദേഹം വാഴിക്കപ്പെട്ടത്.'

### അയാഥാർഥ കൃതികൾ

സിപ്രിയാന്റെ കൃതികൾ സാർവത്രികമായി ആദരിക്കപ്പെട്ടിരുന്നു. അക്കാരണത്താൽ അനേകം കൃതികൾ അദ്ദേഹത്തിന്റെ പേരിൽ പ്രചരിക്കാൻ തുടങ്ങി: 1. കാഴ്ചകളെപ്പറ്റി. 2. അടക്കത്തിന്റെ ഗുണത്തെക്കുറിച്ച്. 3. നൊവേഷ്യന്. 4.വീണ്ടുംസ്നാനത്തെപ്പറ്റി (ദെ റേബാപ്തിസ്മാതെ). 5. അലയത്തോരസിനെതിരെ. 6. വൈദികരുടെ ഒറ്റയ്ക്കുള്ള ജീവിതത്തെപ്പറ്റി. 7. ഉയർപ്പു കണക്കുകൂട്ടൽ. 8. യൂദർക്കെതിരെ. 9. രക്തസാക്ഷിത്വത്തിന്റെ ശ്രേഷ്ഠത. 10. സീനായ് മലയും സെഹിയോൻ മലയും. 11. അനുതാപത്തിനുള്ള ആഹ്വാനം. 12. സിപ്രിയാന്റെ വിരുന്ന് – ആധുനിക പഠനങ്ങളുടെ വെളിച്ചത്തിൽ സിപ്രിയാന്റെ കൃതികളെ മറ്റുള്ളവയിൽനിന്ന് വേർതിരിക്കാൻ സാധിച്ചിട്ടുണ്ട്.

## ദൈവശാസ്ത്രം

വിവിധ പാഷണ്ഡരുമായുള്ള ഏറ്റുമുട്ടലിൽ തെർത്തുല്യൻ ദൈവ ശാസ്ത്രത്തിന്റെ വിവിധ വശങ്ങളെ താത്വികമായും ചിട്ടയായും ചർച്ച ചെയ്യാൻ ശ്രമം നടത്തി. സിപ്രിയാൻ ഒരു പ്രായോഗിക വ്യക്തിയായിരുന്നു; തെർത്തുല്യനെപ്പോലെ ബുദ്ധിരാക്ഷസനും അല്ലായിരുന്നു. എന്നാൽ പാശ്ചാത്യലോകത്ത് അഗസ്റ്റിനു മുമ്പുള്ള ദൈവശാസ്ത്രജ്ഞന്മാരിൽ സർവാദരണീയനായിരുന്നു സിപ്രിയാൻ. വേദപുസ്തകത്തോടു കൂടെ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും സൂക്ഷിച്ചിരുന്നു. മധ്യകാലഘട്ടങ്ങളിലും അദ്ദേഹത്തിന്റെ കൃതികൾ പരക്കെ പ്രചരിച്ചിരുന്നു. നിയമപണ്ഡിതനായ തെർത്തുല്യന്റെ പിൻഗാമിയായ സിപ്രിയാൻ കാനൻ നിയമത്തിൽ ചെലു ത്തിയ സ്വാധീനവും സാരവത്താണ്. സഭാശാസ്ത്രം സംബന്ധിച്ചാണ് സിപ്രിയാൻ ഏറ്റവുമധികം പ്രകീർത്തിക്കപ്പെടുന്നത്.

### 1. സഭാശാസ്ത്രം

സഭയാണ് രക്ഷാമാർഗമെന്ന് സിപ്രിയാൻ വിശ്വസിച്ചിരുന്നു. സഭയ്ക്കു പുറത്തു രക്ഷയില്ല (ലേഖനം, 73, 21). സഭയെ മാതാവായി കാണാത്തവന്

ദൈവത്തെ പിതാവായി കാണാൻ കഴിയില്ല (സഭൈക്യം, 6). അതുകൊണ്ട് സഭയിൽ അംഗമായിരിക്കുക അവശ്യാവശ്യമായ കാര്യമത്രേ. സഭ ക്രിസ്തുവിന്റെ വധുവാണ്, അവൾ വ്യഭിചാരിണി അല്ല. അവൾക്കൊരു വിവാഹക്കിടക്കയേ ഉള്ളൂ; സഭയിൽ നിന്നകലുന്നവൻ വേശ്യകളോടു കൂടി സംസർഗം ചെയ്യുന്നു; സഭയുടെ വാഗ്ദാനങ്ങൾക്ക് അവനവകാശിയാകില്ല, അവൻ അന്യനും അശുദ്ധനും ശത്രുവുമായിത്തീരുന്നു. സഭയുടെ അടിസ്ഥാന സ്വഭാവം ഐക്യമാണ് എന്ന ആശയം സിപ്രിയാന്റെ ഉള്ളിൽ വളരെ ആഴത്തിൽ പതിഞ്ഞിരുന്നു. സഭൈക്യം വിശദീകരിക്കാൻ വിവിധാലങ്കാരങ്ങളും ഉപമകളും അദ്ദേഹം ഉപയോഗിക്കുന്നു. കർത്താവിന്റെ അങ്കി കീറാതിരുന്നതു പോലെയാണ് സഭയിലെ ഐക്യം (സഭൈക്യം).

നോഹയുടെ പെട്ടകത്തോടു സഭയെ താരതമ്യപ്പെടുത്തുന്നു. പെട്ടകത്തിന് പുറത്തുള്ളവരാരും രക്ഷ പ്രാപിച്ചില്ല. അതുപോലെയാണ് സഭയും (സഭൈക്യം, 6). അനേകം ഗോതമ്പുമണികളിൽ നിന്ന് ഓരോസ്തി ഉണ്ടാക്കുന്നതു പോലെയാണ് സഭ (ലേഖനം, 63, 13). മെത്രാൻ കപ്പിത്താനായുള്ള കപ്പലാണ് സഭ (ലേഖനം, 59,6). എന്നാൽ സിപ്രിയാന്റെ ഏറ്റവും പ്രിയങ്കരമായ ഉപമ അമ്മയുടേതാണ്. മുപ്പതിലേറെ പ്രാവശ്യം അദ്ദേഹം ഈ ഉപമ സഭൈക്യം എന്ന ഗ്രന്ഥത്തിൽ ഉപയോഗിക്കുന്നു. തന്റെ കുഞ്ഞുമക്കളെയെല്ലാം മാറോടണയ്ക്കുന്ന മാതാവാണ് സഭ (സഭൈക്യം, 23); അവളിൽ നിന്നകലുന്നവർ മരണത്തിനായി വിധിക്കപ്പെട്ടിരിക്കുന്നു.

സഭൈക്യത്തിന്റെ ശൃംഖലകളെ തകർക്കുന്ന ശീശ്മയും പാഷണ്ഡതയും പൊട്ടിപ്പുറപ്പെട്ടപ്പോൾ ഐക്യത്തിന്റെ ശ്രേഷ്ഠത ഊന്നിപ്പറയേണ്ടി വന്നു: 'മെത്രാനോടുള്ള യോജിപ്പ് സുപ്രധാന സംഗതിയാണ്. മെത്രാൻ സഭയിലാണ്; സഭ മെത്രാനിലും. മെത്രാനോടു കൂടെയല്ലാത്തവൻ സഭയിലല്ല (ലേഖനം, 66,8). മെത്രാന്മാർ ശ്ലീഹന്മാരുടെ പിൻഗാമികളാണ്. ശ്ലീഹന്മാരാണ് ആദ്യത്തെ മെത്രാന്മാർ (ലേഖനം, 3,3). സഭ അവരിൽ പണിയപ്പെട്ടിരിക്കുന്നു. അവരുടെ പിൻഗാമികളായ മെത്രാന്മാർ ഒന്നിച്ചൊരു സംഘമായി സഭയെ ഭരിക്കുന്നു; ഐക്യം പാലിക്കുന്നു. അക്കാലത്ത് മെത്രാന്മാരുടെ തെരഞ്ഞെടുപ്പ് എപ്രകാരമായിരുന്നെന്ന് സിപ്രിയാനിൽ നിന്ന് ഗ്രഹിക്കാം: 'ആരു മെത്രാനാകണം എന്നത് ദൈവമാണ് നിശ്ചയിക്കുന്നത്. ജനങ്ങൾ തെരഞ്ഞെടുക്കുന്നു; മെത്രാന്മാർ പട്ടം കൊടുക്കുന്നു. ദൈവത്തിന്റെ വിധി പ്രാദേശികസഭയുടെ അംഗീകാരത്തിൽ അടങ്ങിയിരിക്കുന്നു. മെത്രാന്മാരുടേയും വൈദികരുടേയും സാന്നിധ്യത്തിൽ മെത്രാൻ തെരഞ്ഞെടുക്കപ്പെടണം' (ലേഖനം, 33,1;54,1;68,5;66,8).

### 2. റോമാസഭയുടെ അധ്യക്ഷസ്ഥാനം

മെത്രാൻ ദൈവതിരുമുമ്പാകെ മാത്രമേ കണക്കു ബോധിപ്പിക്കേണ്ടതുള്ളൂ എന്ന ആശയമായിരുന്നു സിപ്രിയാന്. പരസ്പരം യോജിച്ചും കത്തോ

ലിക്കാ സഭയുടെ പരിപാവനമായ ഐക്യം കാത്തുസൂക്ഷിച്ചും ഇരിക്കുന്നിടത്തോളം കാലം ഓരോരുത്തരുടേയും പ്രവൃത്തികളെ അവനവൻ തന്നെ വിധിക്കുന്നു; എന്നാൽ ഒരു ദിവസം ദൈവമുമ്പാകെ കണക്കു കൊടുക്കേണ്ടതാണെന്നുള്ള ബോധ്യം ഉണ്ടായിരിക്കണം (ലേഖനം, 55, 21).

യോജിച്ചിരിക്കുമ്പോൾ ഇതുമതി. യോജിക്കാതിരുന്നാൽ, സഭൈക്യത്തിന് കോട്ടം തട്ടുന്ന പ്രവൃത്തികൾ ഒരാൾ ചെയ്താൽ, എന്തു ചെയ്യണം? അവനവൻ തന്നെ വിധിച്ചാൽ പോരാ; ദൈവത്തിന്റെ മുമ്പാകെയുള്ള കണക്ക് മാത്രമല്ല; ഭൂമിയിൽ തന്നെ ചോദിക്കാൻ ആളുകളുണ്ട്. യോജിച്ചു ഭരിക്കുന്ന സാഹചര്യത്തിൽ ഒരുത്തനും മറ്റൊരുത്തന്റെ മേൽ ആധിപത്യത്തിന് മുതിരാൻ പാടില്ലെന്ന ചിന്തയാണ് സിപ്രിയാനുണ്ടായിരുന്നത്. 256 സെപ്റ്റംബറിൽ കൂടിയ ആഫ്രിക്കൻ സിനഡിൽ അദ്ദേഹം അത് പ്രഖ്യാപിക്കുകയും ചെയ്തു: 'ഞങ്ങളുടെ ഇടയിൽ ആരുംതന്നെ മെത്രാന്മാരുടെ മെത്രാനായി സ്വയം അവരോധിക്കാറില്ല; ഭീകരഭരണത്താലോ, ഉരുക്കുമുഷ്ടിയാലോ, നിർബന്ധിച്ചുള്ള വിധേയത്വത്തിന് കൂടെയുള്ളവരെ ഞങ്ങളിലാരും നിർബന്ധിക്കാറില്ല. ഓരോരുത്തർക്കും തങ്ങളുടെ ചെയ്തികളെ സംബന്ധിച്ച് സ്വാതന്ത്ര്യം ഉള്ളതിനാലും ആരും പരസ്പരം വിധിക്കാത്തതി നാലും ഞങ്ങൾ സ്വാതന്ത്ര്യത്തെ വിലമതിക്കുന്നു; നാമെല്ലാവരും കർത്താവിന്റെ ന്യായവിധിയെ പാർത്തിരിക്കണം. സഭാഭരണത്തിൽ നമ്മെ നിയമിക്കാനും നമ്മുടെ പ്രവൃത്തികളെ വിധിക്കാനും അവനു മാത്രമേ അധികാരമുള്ളൂ.'

'പത്രോസിനുണ്ടായിരുന്ന അധികാരങ്ങൾ മറ്റ് ശ്ലീഹന്മാർക്കെല്ലാവർക്കുമുണ്ടായിരുന്നു: പത്രോസ് എന്തായിരുന്നുവോ, അത് മറ്റ് ശ്ലീഹന്മാരും ആയിരുന്നു. എന്നാൽ സഭയിലെ ഐക്യം സ്പഷ്ടമാക്കാൻ ഒരുവനിൽ അവൻ ആരംഭം കുറിച്ചു' (സഭൈക്യം, 4). 'പത്രോസ് തന്നെയും സർവജ്ഞാനിയെന്ന് അവകാശപ്പെട്ടില്ല; കർത്താവ് പത്രോസിനെ തിരഞ്ഞെടുക്കുകയും അവനിൽ സഭ പണിയുകയും ചെയ്തു; എന്നാൽ ഛേദനാചാരം സംബന്ധിച്ച് പൗലോസ് അവനോടു തർക്കിച്ചപ്പോൾ, തന്റെ പ്രത്യേകാധികാരങ്ങളെ പറ്റിയൊന്നും പറഞ്ഞില്ല. സ്വേച്ഛാധിപത്യചിന്തകൾ പുലർത്തിയില്ല; അധ്യക്ഷസ്ഥാനമുണ്ട്, അതുകൊണ്ട് എല്ലാവരും അനുസരിക്കണമെന്നും പറഞ്ഞില്ല.' (ലേഖനം, 71,3).

റോമാസഭയോട് സിപ്രിയാന് വളരെ ബഹുമാനമായിരുന്നു. സഭൈക്യത്തിന്റെ കണ്ണിയായി അദ്ദേഹം റോമാസഭയെ കാണുന്നു. അതുപോലെ സത്യവിശ്വാസം കളങ്കരഹിതമായി നിലനിൽക്കുന്നതും ആ സഭയിലാണ്. 'അവരുടെ വിശ്വാസം ശ്ലീഹാ പ്രകീർത്തിച്ചിട്ടുള്ളതാണ്. അവരുടെയിടയിൽ വിശ്വാസത്തിന് എതിരായി ഒന്നും പ്രവേശിച്ചിട്ടില്ല' (ലേഖനം, 59,19). പത്രോസിന്റെ സിംഹാസനം പ്രധാന സഭയും പൗരോഹിത്യ സംബന്ധമായ ഐക്യത്തിന്റെ സ്രോതസ്സുമാണ്. സഭൈക്യത്തെ സംബന്ധിച്ചുള്ള ഗ്രന്ഥം വായിച്ചാൽ സിപ്രിയാന് റോമാസഭയോടുള്ള ബഹുമാനം വളരെ വ്യക്തമാണ്.


www.malankaralibrary.com

പിന്നെന്തുകൊണ്ട് പാഷണ്ഡരുടെ സ്നാനം സംബന്ധിച്ച് പോപ്പ് സ്റ്റീഫനെ സിപ്രിയാൻ എതിർത്തു? സിപ്രിയാന്റെ വീക്ഷണ ഗതിയിൽ, ഓരോ സഭയുടേയും പ്രാദേശിക കാര്യങ്ങളിൽ മറ്റു സഭയിൽ പെട്ടവർ ഇടപെടാൻ പാടില്ല. റോമാമെത്രാൻ പത്രോസിന്റെ പിൻഗാമിയായി പ്രധാന സിംഹാസന ത്തിൽ ഇരിക്കുന്നെങ്കിലും, ഓരോരോ സഭകളിലെ പാരമ്പര്യം മാനിക്കപ്പെ ടണം. ആഫ്രിക്കൻ സഭയിൽ പാഷണ്ഡരുടെ മാമോദീസാ കൂദാശയായി പരിഗണിച്ചിട്ടില്ലായിരുന്നു. അതായിരുന്നു ആദിമുതലുള്ള പാരമ്പര്യം. തെർത്തുല്യൻ അതു പഠിപ്പിച്ചു; സിപ്രിയാൻ അത് ആവർത്തിച്ചു; ആഫ്രിക്കൻ സിനഡുകൾ അതു നിയമമായി പ്രഖ്യാപിച്ചു. ഈ സാഹചര്യ ത്തിൽ റോമാമെത്രാനെ എതിർക്കുക സ്വാഭാവികമാണ്. കൂടാതെ ഇന്നത്തെ പ്പോലെ സാർവത്രിക സൂനഹദോസുകൾ കൂടി വിശ്വാസപ്രമാണം സ്പഷ്ട മായി തീരുമാനിക്കപ്പെട്ടിരുന്നുമില്ല.

റോമാമെത്രാനെ അറിയിക്കേണ്ട കാര്യങ്ങളെപ്പറ്റി സിപ്രിയാന് നല്ല ബോധ്യമുണ്ടായിരുന്നു. ഫോർത്തുണാത്തുസ് എന്ന മെത്രാനെ സിപ്രിയാൻ വാഴിച്ചു. റോമിനോട് ആലോചിക്കാതെയാണിതു ചെയ്തത്. പോപ്പ് കൊർണേലിയുസ് ഇതു സംബന്ധിച്ച് സിപ്രിയാനോടു എഴുതി ചോദിച്ചു. ഗൗരവമേറിയ ഏതു പ്രശ്നവും റോമാമെത്രാനു സമർപ്പിക്കേണ്ട തന്റെ കടമയെപ്പറ്റി മറുപടിക്കത്തിൽ സമ്മതിക്കുന്നു (ലേഖനം, 59,9). ഇതുതന്നെ മറ്റൊരവസരത്തിലും സ്പഷ്ടമായി കാണാം. പോപ്പ് ഫാബിയൻ മതപീഡനത്തിൽ മരിച്ചു. സിപ്രിയാൻ അപ്പോൾ ഒളിവിലായിരുന്നു. സിപ്രിയാന്റെ ചെയ്തികളെ സംബന്ധിച്ച് റോമൻ വൈദിക സമൂഹമാണ് സിപ്രിയാനെ കുറ്റപ്പെടുത്തുന്നത്. ഉടനെ തന്നെ തന്റെ ചെയ്തികളെ ന്യായീകരിച്ചുകൊണ്ട് സിപ്രിയാൻ അവർക്കെഴുതി എന്നു മാത്രമല്ല വീണവരെ സംബന്ധിച്ചുള്ള റോമൻ നടപടി സ്വീകരിക്കുകയും ചെയ്തു.

### 3. മാമോദീസാ

പാഷണ്ഡരുടെ മാമോദീസാ അസാധുവാണെന്ന് വിശ്വസിച്ചിരുന്ന ആളാണ് സിപ്രിയാൻ. ശിശുസ്നാനത്തിനുവേണ്ടി അദ്ദേഹം വാദിച്ചു. ക്രിസ്തുവിനെ അറിയാൻ പ്രായമായിട്ട് സ്നാനം സ്വീകരിച്ചാൽ മതി എന്നായിരുന്നു തെർത്തുല്യന്റെ ചിന്താഗതി (സ്നാനത്തെപ്പറ്റി, 18). ജനിച്ചാൽ എത്രയും വേഗം മാമോദീസാ നൽകണമെന്ന് സിപ്രിയാൻ പഠിപ്പിച്ചു (ലേഖനം, 64). ജലംകൊണ്ടുള്ള മാമോദീസായേക്കാൾ ഉപരിയായ ഒന്നിനെ പ്പറ്റിയും അദ്ദേഹം പറയുന്നു. അത് രക്തം കൊണ്ടുള്ളതാണ്. അതായത്, ക്രിസ്തുവിനു വേണ്ടി രക്തസാക്ഷിയാകുക (ലേഖനം, 73).

### 4. അനുതാപം

മാമോദീസായ്ക്കുശേഷം ഉള്ള അനുതാപവും പാപമോചനവും

സിപ്രിയാൻ അംഗീകരിക്കുന്നു. യഥാർഥമായി അനുതപിച്ച പാപികളെ സഭയുടെ ഐക്യത്തിൽ സ്വീകരിക്കാമെന്ന് അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ നിന്ന് വ്യക്തമാണ്. ഈ കാര്യത്തിൽ അദ്ദേഹം ഒരു മധ്യമാർഗമാണ് സ്വീകരിച്ചത്. പാപികളെ സഭയിൽ സ്വീകരിക്കാനേ പാടില്ല എന്നു നൊവേഷ്യൻ അബദ്ധോപദേശകർ ശാഠ്യംപിടിച്ചു. വേണ്ട അനുതാപം ഇല്ലെങ്കിലും പാപികളെ ഉടനെതന്നെ ചേർക്കണമെന്നു തന്റെ വൈദിക ഗണത്തിൽപ്പെട്ട നൊവാത്തുസും കൂട്ടരും വാദിച്ചു. രണ്ടിനുമിടയി ലുള്ള മാർഗം സിപ്രിയാൻ അവലംബിച്ചു.

**5. ദൈവജനം ഒരു നിഗൂഢയാഥാർഥ്യം**

ജനങ്ങളും വൈദികരും മെത്രാന്മാരും ഉൾപ്പെട്ട സമൂഹമാണ് സഭ. മെത്രാന്മാർ ശ്ലീഹന്മാരുടെ പിൻഗാമികളാണ്. അപ്പസ്തോലിക പിൻതുടർച്ച വഴി മെത്രാന്മാർ സഭാശുശ്രൂഷ നിർവഹിക്കുന്നു. സഭ മെത്രാനിലാണ്; മെത്രാൻ സഭയിലുമാണ്. 'മെത്രാൻ സഭയിലാണ്, സഭയ്ക്കുപരിയല്ല' എന്നത് സിപ്രിയാന്റെ ഒരടിസ്ഥാന ചിന്തയാണ്.

സഭ ദൈവത്തിന്റെ ജനമാണെന്നുള്ള ആശയം സിപ്രിയാൻ വിശദീകരിക്കുന്നു. ഇസ്രായേൽ ദൈവത്തിന്റെ സഭയായിരുന്നു. അവരിൽ നിന്നു രക്ഷ പുറജാതികളുടെ ഇടയിലേയ്ക്കു കടന്നു. സഭ പുതിയ ഇസ്രായേലാണ്; പുതിയ ജനമാണ്. പഴയജനം യാഹ്‌വേയുമായും പുതിയനിയമസഭ ക്രിസ്തുവുമായും ബന്ധപ്പെട്ടിരിക്കുന്നു.

സഭ ഒരു നിഗൂഢ യാഥാർഥ്യമാണെന്നുള്ളത് സിപ്രിയാന്റെ ഒരടിസ്ഥാന ചിന്തയാണ്. സഭയുടെ നിഗൂഢതയുടെ ആഴം പൂർണമായി ഗ്രഹിക്കുക ഈ ഭൂമിയിൽവച്ച് വിഷമമാണ്. സഭ മാതാവും വധുവുമാണ്. തന്റെ കുഞ്ഞുങ്ങളെ മാറോടണയ്ക്കുകയും പ്രസവത്താൽ കുടുംബത്തിന്റെ വലിപ്പം വർദ്ധിപ്പിക്കുകയും ചെയ്യുന്ന അമ്മയാണ് സഭ. ദൈവജനത്തിന്റെ ഘടന ഒരു രഹസ്യമായി നിലകൊള്ളുന്നു. ഉത്ഭവത്തിലും വളർച്ചയിലും സഭ നിഗൂഢ യാഥാർഥ്യമാണ്.

**6. സഭയും ത്രിത്വവും**

സഭയുടെ ഐക്യം ത്രിത്വത്തിൽ നിന്നു വരുന്നതാണ്. ഐക്യത്തിന്റെ ആധാരം ത്രിത്വമാണ്. ഏകനാണ് ദൈവം; എന്നാൽ ദൈവം ത്രിത്വമാണ്. സഭ ത്രിത്വത്തിൽനിന്നു പുറപ്പെടുന്നു. ത്രിത്വത്തിന്റെ മാതൃകയിൽ ത്രിത്വത്തിൽ ഭാഗഭാഗിത്വം സ്വീകരിക്കുന്ന യാഥാർഥ്യമാണ് സഭ.

പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും സ്നേഹത്തിൽ ദൈവജനം ഒന്നിച്ച് ചേർക്കപ്പെടുന്നു. പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ നാമും ഒരു ജനമായി ഐക്യത്തിൽ വസിക്കണം. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നാകുന്നു. മൂന്നും ഒന്നാകുന്നുവെന്ന്


www.malankaralibrary.com

ത്രിത്വത്തെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നു. സഭയുടെ ഐക്യം ത്രിത്വത്തിന്റെ ഐക്യത്തിൽ രൂപീകരിക്കപ്പെട്ടിരിക്കുന്നു (സഭൈക്യം,6). സഭയുടെ ഐക്യം ഉന്നതത്തിൽനിന്ന്, അതായത് പിതാവിൽനിന്ന്, വരുന്നതാണ് (7). 'ഞാനും പിതാവും ഒന്ന്' (യോഹ.10:30) എന്നു പറഞ്ഞ് ക്രിസ്തു സഭയെ സ്ഥാപിച്ചു. ഒരാട്ടിൻകൂട്ടവും ഒരിടയനും ഉണ്ടാകുവാൻ വേണ്ടിയാണത് (ലേഖനം,69,5). ഏകദൈവത്തെപ്പോലെയാണ് ഏകസഭയും. സഭയുടെ ഐക്യത്തെപ്പറ്റി സംസാരിക്കുമ്പോഴാണ് സിപ്രിയാൻ ഏറ്റവും വാചാല നായിത്തീരുന്നത്. അദ്ദേഹത്തിന്റെ സഭാശാസ്ത്രമാണ് കൃതികളിലുടനീളം നിഴലിച്ചു നിൽക്കുന്നത്. സഭയെ വെട്ടിക്കീറുന്ന പ്രശ്നങ്ങൾക്കിട യിൽ ജീവിച്ച സിപ്രിയാൻ പിളർപ്പിന്റെ തിക്തഫലങ്ങളെ മുന്നിൽ കണ്ടു. സഭ ഏകവും അവിഭാജ്യവും ആയിരിക്കണമെന്നാണ് അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസം. ആഫ്രിക്കൻ- റോമൻ സഭകളിൽ മാത്രമല്ല, സാർവത്രിക സഭ മുഴുവനും സ്വാധീനം ചെലുത്തത്തക്ക ചിന്താസരണിയാണ് അദ്ദേഹം വെട്ടിത്തുറന്നത്.

### 5. കുർബാന

ലേഖനം 63 കുർബാനയെപ്പറ്റി പ്രതിപാദിക്കുന്നു. നിഖ്യായ്ക്കുമുമ്പ് കുർബാനയെപ്പറ്റി വിശദമായി ചർച്ച ചെയ്യുന്ന സുപ്രധാന രേഖയാണിത്. കുർബാന ബലിയാണെന്ന ആശയം ഇതിൽ മുന്നിട്ടുനിൽക്കുന്നു. കർത്താവ് അന്ത്യത്താഴത്തിൽ പിതാവിന് യാഗമായി സ്വയം അർപ്പിച്ചു. അതിന്റെ ആവർത്തനമാണ് വൈദികൻ അർപ്പിക്കുന്ന ബലി. കുരിശിലെ ബലിയുടെ കൗദാശികാവർത്തനമാണിത്. പാഷണ്ഡരുടെ മാമോദീസാ വാസ്തവം അല്ലാത്തതുപോലെ, കത്തോലിക്കാ സഭയ്ക്കു പുറത്ത് വച്ച് നടത്തുന്ന ബലി വാസ്തവമല്ല (ലേഖനം, 72).

അധ്യായം 17

# അർനോബിയുസും ലക്താൻസ്യൂസും

## 1. അർനോബിയുസ്

സിക്കായിലെ അർനോബിയുസിന്റെ ജീവചരിത്രം അധികമൊന്നും നമുക്കറിയില്ല. രാജ്യങ്ങൾക്കെതിരെ (*അദ്വേർസുസ് നാസിയോണെസ്*) എന്ന ഒരു ഗ്രന്ഥം അദ്ദേഹത്തിന്റേതായി കൈവന്നിട്ടുണ്ട്. ആഫ്രിക്കയിൽ സിക്ക എന്ന സ്ഥലത്ത് പ്രഭാഷണകലയുടെ അധ്യാപകനായിരുന്നു അദ്ദേഹം. ലക്താൻസ്യൂസ് അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു (ജറോം, മഹദ്.80; ലേഖനം,70,5). അക്രൈസ്തവനായിരുന്ന അർനോബിയുസ് വളരെനാൾ ക്രിസ്തുമതത്തെ എതിർത്തു ജീവിച്ചു. എന്നാൽ ക്രിസ്തുമതത്തെപ്പറ്റി കൂടുതൽ അറിഞ്ഞപ്പോൾ ക്രിസ്ത്യാനി ആകാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഉടനെ സ്ഥലത്തെ മെത്രാൻ അദ്ദേഹത്തോടു മാനസാന്തരത്തിന് തെളിവാവശ്യപ്പെട്ടു. തദവസരം (311–ൽ) അദ്ദേഹം ഒരു ഗ്രന്ഥം തയ്യാറാക്കി. വളരെ ധൃതിയിൽ എഴുതിയതിന്റെ ലക്ഷണങ്ങൾ ഇതിൽ കാണാനുണ്ട്. അതുപോലെ ക്രിസ്തുമത വിശ്വാസസംബന്ധമായി വളരെക്കുറച്ച് അറിവു മാത്രമേ ഗ്രന്ഥകർത്താവിന് ഉണ്ടായിരുന്നുള്ളൂ. പുറജാതികളുടെ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും പറ്റി ഗ്രഹിക്കാൻ ഇത് ഉപകരിക്കും.

ക്രിസ്ത്യാനികൾക്കെതിരെ അക്രൈസ്തവർ പരത്തുന്ന ദൂഷണം തികച്ചും അടിസ്ഥാനരഹിതമാണ്. നാട്ടിൽ കഷ്ടതയുണ്ടാകുന്നത് ക്രിസ്ത്യാനികൾ മൂലമല്ല എന്നെല്ലാം അദ്ദേഹം പ്രഖ്യാപിച്ചു. ക്രിസ്ത്യാനികൾ വെറുമൊരു മനുഷ്യനെ ആരാധിക്കുന്നു എന്ന ആശയത്തേയും അദ്ദേഹം എതിർക്കുന്നു. ഗ്രേക്കോ– റോമൻ കൃതികളെ കൂടുതലായി ആധാരമാക്കിയാണ് ഏഴ് പുസ്തകങ്ങളായി അദ്ദേഹം തന്റെ കൃതി തയ്യാറാക്കിയത്. പ്ലേറ്റോ, അരിസ്റ്റോട്ടൽ, സൊഫോക്ലെസ്, പത്താറായിലെ മ്നാസെയാസ്,


www.malankaralibrary.com

മിർട്ടില്ലൂസ്, പൊസിഡിപ്പൂസ്, വാറോ എന്നിവരേയാണ് അദ്ദേഹം പ്രധാനമായി ഉദ്ധരിക്കുന്നത്. ഒരു ക്രൈസ്തവ സാഹിത്യകാരനേയും ഉദ്ധരിച്ചിട്ടില്ല. എന്നാൽ ക്ലെമെന്റ്, തെർത്തുല്യൻ, മിനൂചിയൂസ് ഫേലിക്സ് എന്നിവരുടെ കൃതികൾ വായിച്ചിട്ടുള്ളതിന്റെ ലക്ഷണങ്ങൾ അവിടവിടെ കാണാം.

ക്രിസ്ത്യാനികൾ മൂലമാണ് നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് എന്ന ആരോപണത്തെ ഒന്നാം പുസ്തകം ഖണ്ഡിക്കുന്നു. വിജാതിയർ ക്രിസ്തുനാമം വെറുക്കുന്നതിന്റെ കാരണം രണ്ടാം പുസ്തകം വ്യക്തമാക്കുന്നു. ദൈവത്തെപ്പറ്റി അവർക്കുള്ള തെറ്റായ ആശയങ്ങളെ മൂന്നാം പുസ്തകത്തിൽ അപലപിക്കുന്നു. നാലാം പുസ്തകം ദൈവത്തെ പറ്റിയുള്ള ഗ്രേക്കോ – റോമൻ ഐതിഹ്യങ്ങളെയും കെട്ടുകഥകളെയും കളിയാക്കുന്നു. അഞ്ചാം പുസ്തകം ഐതിഹ്യങ്ങൾക്കു താത്വികർ നല്കിവന്ന രൂപകാർഥങ്ങളെ വിമർശിക്കുന്നു. ആറാം പുസ്തകം റോമൻ അമ്പലങ്ങൾക്കും വിഗ്രഹങ്ങൾക്കും എതിരായ ഒരാക്രമണമാണ്. ഏഴാം പുസ്തകം പേഗൻ ബലികൾക്ക് എതിരെയുള്ള പ്രതിപാദനമാണ്. ആദ്യനൂറ്റാണ്ടുകളിലെ പിതാക്കന്മാരിൽ ജറോം മാത്രമേ ഈ കൃതിയെപ്പറ്റി പരാമർശിക്കുന്നുള്ളൂ. ജലാസിയൻ ഡിക്രി ഇതിനെ അപ്പോക്രീഫൽ സാഹിത്യത്തിൽ ഉൾപ്പെടുത്തുന്നു.

ദൈവം വളരെ വിദൂരതയിൽ വസിക്കുന്നെന്ന് അദ്ദേഹം ചിന്തിച്ചിരുന്നു. അവിടുന്ന് ആദ്യകാരണവും എല്ലാറ്റിന്റേയും നിയന്താവുമാണ്. മനുഷ്യാത്മാവ് സ്വഭാവത്താൽ തന്നെ ദൈവത്തെ അറിയാൻ കഴിവുറ്റതാണ്. അർനോബിയുസ് വരച്ചുകാട്ടുന്ന ദൈവചിത്രം തികച്ചും കറ തീർന്നതല്ല. വികാരരഹിതനും പ്രപഞ്ചത്തിൽ താല്പര്യം ഇല്ലാത്തവനുമായിട്ടത്രേ അദ്ദേഹം ദൈവത്തെ കാണുക. കോപിക്കുന്നവനും ബലഹീനനും ദൈവമല്ല എന്നാണ് അദ്ദേഹത്തിന്റെ വാദം. പഴയനിയമത്തിൽ നിന്ന് എന്നതിനേക്കാൾ എപ്പിക്കൂരിയൻ തത്വങ്ങളിൽ നിന്നും സ്റ്റോയിക് തത്വങ്ങളിൽ നിന്നുമാണ് അദ്ദേഹം ആശയം സ്വീകരിച്ചിരിക്കുന്നത്.

ഗ്രേക്കോ – റോമൻ ദേവന്മാർ പിശാചുക്കളാണെന്നു പറയാൻ അദ്ദേഹം തത്രപ്പെടുന്നില്ല. ആത്മാവിന്റെ സൃഷ്ടിയെ അദ്ദേഹം നിഷേധിക്കുന്നു. ബലഹീനമായ ആത്മാവിന്റെ സ്രഷ്ടാവാണ് ദൈവം എന്നു പറയുന്നത് ദൈവത്തിന് ചേർന്നതല്ല. ദൈവത്തേക്കാൾ താഴ്ന്ന പടിയിലുള്ള ഏതോ ജീവികളുടെ സൃഷ്ടിയാണ് മനുഷ്യാത്മാക്കൾ. വേദപുസ്തകം പഠിപ്പിക്കുന്നത് അദ്ദേഹം ത്യജിക്കുകയും പ്ലേറ്റോ തിമെയൂസിൽ പഠിപ്പിച്ച ആശയങ്ങൾ ക്രിസ്തുവിന്റേതായി ചിത്രീകരിക്കുകയും ചെയ്യുന്നു (ജാതികൾക്കെതിരെ, 2,36).

നിത്യമരണത്തെപ്പറ്റിയുള്ള ഭയവും അമർത്യതയ്ക്കുള്ള അന്തർദാഹവുമാണ് അദ്ദേഹത്തെ ക്രിസ്ത്യാനിയാക്കിയത് (2,24). കാര്യമായ

വേദപുസ്തകജ്ഞാനമോ, സഭാസംബന്ധമായ ആഴമായ അറിവോ അദ്ദേഹത്തിന് ഇല്ലായിരുന്നു. ഗ്രീക്കു വിശ്വാസസമർഥകരുടെ കൃതികളോടൊപ്പം *ജാതികൾക്കെതിരെ* എന്ന കൃതിയെ ഗണിക്കാവുന്നതാണ്.

## 2. ലക്താൻസ്യൂസ്

അർനോബിയുസിന്റെ ശിഷ്യനായിരുന്നു ലൂചിയുസ് ചേളിയൂസ് ഫിർമിയാനുസ് ലക്താൻസ്യൂസ്. ഗുരുവിനേക്കാൾ വലിയ ശിഷ്യനായിത്തീർന്ന അദ്ദേഹം ആഫ്രിക്കയിൽ ജനിച്ച്, അവിടെ തന്നെ വിദ്യാഭ്യാസം നടത്തി. ആദ്യകൃതിയായ *സദ്യ* ആഫ്രിക്കയിൽ വച്ചെഴുതി. ഡയോക്ലിഷൻ ചക്രവർത്തി (284-304) ലക്താൻസ്യൂസിനെ നിക്കോമേദിയായിലേക്കു ക്ഷണിച്ചു. അവിടെ കുറേനാൾ ലത്തീൻ പ്രഭാഷണകല പഠിപ്പിച്ചു. അതൊരു ഗ്രീക്കുനഗരം ആയിരുന്നതിനാൽ ലത്തീൻ പഠനത്തിന് കുട്ടികളെ കിട്ടിയില്ലെന്ന് ജറോം സാക്ഷിക്കുന്നു (മഹദ്. 80). തുടർന്ന് അദ്ദേഹം ഗ്രന്ഥങ്ങൾ രചിക്കാൻ തുടങ്ങി. ക്രിസ്ത്യാനിയായി തീർന്ന ശേഷം, മതപീഡനം തുടങ്ങിയപ്പോൾ ഉദ്യോഗം രാജിവച്ച് 305/306-ൽ നിക്കൊമേദിയ വിട്ടു. കോൺസ്റ്റൻടൈൻ ചക്രവർത്തി അദ്ദേഹത്തെ 317-ൽ ഗോളിൽ ത്രേവെസിലേക്കു ക്ഷണിച്ചു. അവിടെ ചക്രവർത്തിയുടെ മൂത്തമകനായ ക്രിസ്പൂസിന്റെ ഗുരുവായി. അദ്ദേഹത്തിന്റെ പില്ക്കാല ജീവിതത്തെപ്പറ്റി വളരെയൊന്നും നമുക്കറിവില്ല.

സിസറോയുടെ ശൈലിയിലാണ് ലക്താൻസ്യൂസ് ഗ്രന്ഥരചന നടത്തിയത്. അക്കാരണത്താൽ ക്രൈസ്തവ സിസറോ എന്ന് അദ്ദേഹം അറിയപ്പെട്ടു. എന്നാൽ ഭാഷയ്ക്കു തക്ക ആഴമായ ചിന്തയില്ലായിരുന്നു. ക്രിസ്തുമതം പണ്ഡിതരുടെ ഇടയിൽ വേരുറയ്ക്കണമെങ്കിൽ പണ്ഡിതോചിത ശൈലിയിൽ ഗ്രന്ഥരചന നടത്തണമെന്ന് അദ്ദേഹം ചിന്തിച്ചു. ലത്തീൻ സാഹിത്യം, പ്രത്യേകിച്ച് സിസറോയുടെ കൃതികൾ, അദ്ദേഹം ധാരാളം വായിച്ചിരുന്നു. ഗ്രീക്കുഭാഷയിലും ഗ്രീക്കുസാഹിത്യത്തിലും അദ്ദേഹത്തിന് ആഴമായ അറിവില്ലായിരുന്നു; ദൈവശാസ്ത്ര കൃതികൾ കൂടുതലായി വായിച്ച ലക്ഷണവും കാണുന്നില്ല. എങ്കിലും താൻ ജീവിച്ച കാലഘട്ടത്തിലെ ഒരു തലയെടുപ്പുള്ള നേതാവായി അദ്ദേഹം എണ്ണപ്പെട്ടി രുന്നു. അദ്ദേഹം സ്പഷ്ടമായും മനോഹരമായും ആശയങ്ങൾ അവതരിപ്പിച്ചിരുന്നു. താഴെപ്പറയുന്നവയാണ് പ്രധാന കൃതികൾ:

### (1) ദൈവത്തിന്റെ ശില്പവൈദഗ്ധ്യം

ഈ കൃതി മനുഷ്യസൃഷ്ടിയിലെ ദൈവികവൈഭവം വ്യക്തമാക്കുന്നു. ഇതൊരു താത്വിക പ്രതിപാദനമാണ്. സിസറോയുടെ *റിപ്പബ്ലിക്ക്* നാലാം പുസ്തകത്തിന്റെ ഒരനുബന്ധമാണ് ഇതെന്ന് അദ്ദേഹം തന്നെ പറയുന്നു. ദെമെത്രിയാനുസ് എന്ന ഒരു പൂർവവിദ്യാർത്ഥിക്ക് എഴുതിയതാണിത്.


www.malankaralibrary.com

മൃഗങ്ങളിലും ശക്തി കുറഞ്ഞവനാണ് മനുഷ്യനെങ്കിലും ബുദ്ധിശക്തിയിൽ മൃഗങ്ങളേക്കാൾ മുൻപന്തിയിൽ നിൽക്കുന്നു. മനുഷ്യശരീരം ശ്രേഷ്ഠമാണെന്നും എല്ലാം തികഞ്ഞവനിൽ നിന്നു മാത്രമേ ഇതുണ്ടാകാൻ സാധിക്കൂ എന്നും അദ്ദേഹം സമർഥിക്കുന്നു. ശരീരഘടന, മനഃശാസ്ത്രം ആദിയായവ ഇതിൽ ചർച്ചചെയ്യുന്നു.

### (2) ദൈവികസ്ഥാപനങ്ങൾ

ഏഴു പുസ്കങ്ങളായി എഴുതിയിരിക്കുന്ന ഇതാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രധാന കൃതി. ക്രിസ്തീയ തത്വങ്ങളുടെ രത്നച്ചുരുക്കം ലത്തീൻ ഭാഷയിൽ എഴുതാനുള്ള ആദ്യസംരംഭം എന്ന നിലയിൽ ഈ കൃതി പ്രത്യേകം പരിഗണാർഹമാണ്. വിഗ്രഹാരാധനയുടെ പൊള്ളത്തരങ്ങൾ, സത്യാരാധനയുടെ വിവിധ വശങ്ങൾ എന്നിവ ഇതിൽ ചർച്ച ചെയ്യുന്നു. ഇതെഴുതാൻ ആരംഭിച്ചത് 304-ലാണ്. ആറാം പുസ്തകം 311-ന് മുമ്പ് എഴുതിത്തീർത്തു. ഏഴാം പുസ്തകം 313-ലെ മിലാൻ വിളംബരത്തിനു ശേഷമാണ് എഴുതിയത്. ഒരിജന്റെ ആദ്യതത്വങ്ങൾ എന്ന കൃതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ കൃതിക്ക് ആഴവും വ്യാപ്തിയും കുറയും. സിസറോ, വിർജിൽ എന്നിവരിൽനിന്നും സിബിലിന്റെ വെളിപാടുകൾ, ഹെർമെറ്റിക് സാഹിത്യം എന്നിവയിൽ നിന്നും ധാരാളം ഉദ്ധരണികൾ ഇതിൽ കാണാനുണ്ട്.

ഗ്രന്ഥകർത്താവ് വേദപുസ്തകം വളരെക്കുറച്ചേ ഉപയോഗിച്ചിട്ടുള്ളൂ. മിക്ക ഉദ്ധരണികളും സിപ്രിയാന്റെ *ആദ് കിരീനും* എന്ന കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ്. ക്രിസ്തുമതത്തിനു വേണ്ടി അടരാടിയവരായി തനിക്ക് അറിയാവുന്നവരുടെ പേരുകൾ അദ്ദേഹം നൽകുന്നു: മിനൂചിയുസ് ഫേലിക്സ്, തെർത്തുല്യൻ, സിപ്രിയാൻ. തന്റെ ഗുരുവായ അർനോബിയൂസിനെപ്പറ്റി ഒന്നും പറയുന്നില്ല. അതുപോലെ ഒറ്റ ഗ്രീക്കു ക്രൈസ്തവ ചിന്തകനേയും അദ്ദേഹം ഉദ്ധരിക്കുന്നില്ല. ക്രിസ്തുമതത്തിന്റെ എല്ലാ എതിരാളികളേയും - ഇന്നുള്ളതും വരാനിരിക്കുന്നതും - തറപറ്റിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം (5,4,1). ഗ്രീക്കുകാരും റോമാക്കാരും ആരാധിക്കുന്ന ദേവന്മാർ ആരംഭത്തിൽ മനുഷ്യരായിരുന്നു. പില്ക്കാലത്ത് അവരെ ദേവന്മാർ എന്നു വിളിക്കയും പൂജിക്കയും ചെയ്തു. ദൈവം എന്ന ആശയം ഏകൻ എന്ന ആശയം ഉൾക്കൊള്ളുന്നു.

### (3) എപ്പിറ്റോം (സംഗ്രഹം)

എപ്പിറ്റോം, ദൈവികസ്ഥാപനത്തിന്റെ ഒരനുബന്ധമായിട്ടാണ് മിക്ക കൈയെഴുത്തു പ്രതികളിലും കാണുന്നത്. 314-ന് ശേഷം എഴുതപ്പെട്ടതാണിത്. 18-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് ഇതിന്റെ ഒരു സമ്പൂർണ കൈയെഴുത്തുപ്രതി കണ്ടെടുക്കപ്പെട്ടത്.

## (4) ദൈവകോപം

ദൈവം നിർഗുണനല്ല, കർമനിരതനാണ് എന്ന് കാണിക്കുകയാണ് ദൈവകോപം എന്ന കൃതി. ദൈവം ലോകത്തിൽ നിന്ന് വളരെ വിദൂരസ്ഥനാണെന്ന് എപ്പിക്കൂരിയന്മാർ പഠിപ്പിച്ചു. അർനോബിയുസും ഇപ്രകാരം അഭിപ്രായപ്പെട്ടിരുന്നു. ലക്താൻസ്യൂസ് ഇതിനെ ഖണ്ഡിക്കുന്നു. ദൈവമുണ്ടെങ്കിൽ കർമനിരതനായിരിക്കണം. ലോകം പരിപാലിക്കുക എന്നതാണ് ദൈവത്തിന്റെ ജോലി (17, 4). ദൈവം കോപിഷ്ഠനുമാണ്, കോപമില്ലെങ്കിൽ പരിപാലനയില്ല. തിന്മ ചെയ്യുന്നവരോടു കോപിക്കുക അവശ്യാവശ്യമാണ്. നന്മ ചെയ്യുന്നവരെ അവൻ സ്നേഹിക്കുന്നു; തിന്മ ചെയ്യുന്നവരെ ദ്വേഷിക്കുന്നു (5,9).

## (5) പീഡകരുടെ മരണം

ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നവർക്ക് വരാനിരിക്കുന്ന ഭീകര യാഥാർഥ്യങ്ങളെപ്പറ്റി പീഡകരുടെ മരണം ചർച്ച ചെയ്യുന്നു. ക്രി. വ. 321-ന് മുമ്പ് ഇതെഴുതപ്പെട്ടു. മാക്സിമിൻ ഡയാ (313), ഡയോക്ലീഷൻ (316) എന്നിവരുടെ മരണവും ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തുമതത്തിന്റെ ഉത്ഭവം, നീറോ, ഡൊമിഷ്യൻ, ഡേഷ്യസ്, വലേറിയൻ, ഔറേലിയൻ എന്നിവർക്കു സംഭവിച്ച കാര്യങ്ങൾ എന്നിവ ആദ്യത്തെ അധ്യായങ്ങളിൽ (2-6) ചർച്ച ചെയ്യുന്നു. തന്റെ കാലത്തുണ്ടായ പീഡനങ്ങളുടെ ഒരു സജീവ ചിത്രവും വരച്ചു കാട്ടുന്നു. ഡയോക്ലിഷൻ, മാക്സിമിയൻ, ഗലേരിയുസ്, സെവേരൂസ്, മാക്സിമീനുസ് എന്നിവർ ക്രൈസ്തവ സഭയ്ക്കെതിരെ കാട്ടിയ ക്രൂരതകളും അവരുടെ അന്ത്യവും 313-ൽ ലിചീനിയൂസിനുണ്ടായ വിജയവും വിവരിക്കുന്നു. ക്രിസ്തു വിജയിക്കും, തന്റെ ശത്രുക്കൾ പരാജിതരാകും എന്ന ശുഭപ്രതീക്ഷ ഗ്രന്ഥകാരനുണ്ട്. ഡയോക്ലിഷന്റെ കാലത്തെ മതപീഡനത്തെപ്പറ്റി ഗ്രഹിക്കാൻ ഈ കൃതി സഹായകമാണ്.

## (6) ഫീനിക്സ് പക്ഷി

ഫീനിക്സിനെപ്പറ്റി എന്ന കൃതി ഒരു കഥയാണ്. ഉന്നതത്തിൽ നിന്ന് മന്നിൽ വന്ന് മർത്യകുലത്തെ വീണ്ടെടുത്ത ദൈവപുത്രനെ ഒരു കഥയിലൂടെ വരച്ചു കാണിച്ചിരിക്കുന്നു. ലക്താൻസ്യൂസിന് മുമ്പ് റോമിലെ ക്ലെമെന്റും തെർത്തുല്യനും ഈ പ്രതീകം ഉപയാഗിച്ചിരുന്നു. ഫീനിക്സ് പക്ഷി ഉയർപ്പിന്റെ പ്രതീകമാണ്. നിരവധി ക്രൈസ്തവ ചിന്തകർ ഈ പ്രതീകം ഉപയോഗിച്ച് ഉയർപ്പിനെ വിശദീകരിക്കാൻ ശ്രമിച്ചു.

## (7) നഷ്ടപ്പെട്ട കൃതികൾ

ലക്താൻസ്യൂസിന്റെ കൃതികൾ വളരെയധികം വിലമതിക്കപ്പെട്ടിരുന്നു. അനേകം കൈയെഴുത്തു പ്രതികളിൽ അവ ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ


www.malankaralibrary.com

അനേകം കൃതികൾ നഷ്ടപ്പെട്ടുപോയി. അവയുടെ പേരുകൾ മാത്രമേ നമുക്കറിവുള്ളൂ: സദ്യ, യാത്ര, വ്യാകരണം, അസ്ക്ലെപ്പിയാദസിന്, പ്രോബുസിനുള്ള ലേഖനങ്ങൾ, സെവേരൂസിനുള്ള ലേഖനങ്ങൾ, ദെമെത്രിയൂസിനുള്ള ലേഖനം. ഇവ കൂടാതെ മറ്റു ചില ഗ്രന്ഥങ്ങൾ കൂടി ലക്താൻസ്യൂസിന്റെ പേരിൽ പ്രചരിച്ചിരുന്നെങ്കിലും അവയൊന്നും അദ്ദേഹത്തിന്റേതല്ല എന്നാണ് പൊതുവായ അഭിപ്രായം. (ജറോം,മഹദ്.80). ലക്താൻസ്യൂസ് വലിയ ദൈവശാസ്ത്രജ്ഞൻ ആയിരുന്നില്ല. അതിനുള്ള അറിവും കഴിവും അദ്ദേഹത്തിനില്ലായിരൂന്നു, തത്വശാസ്ത്ര സംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിലാണ് അദ്ദേഹം ശ്രദ്ധിച്ചിരുന്നത്. ദൈവ ശാസ്ത്രവുമായുള്ള പരിചയക്കുറവും, ലത്തീൻ സാഹിത്യവുമായുള്ള കൂടുതൽ പരിചയവും അത്രേ ഇതിനു കാരണം. വിജാതിയരെ വിമർശിക്കുന്നതിലാണ് അദ്ദേഹം കൂടുതൽ ശ്രദ്ധിച്ചത്.

## ദൈവശാസ്ത്രം

### 1. ദ്വൈതവാദം

ലോകസൃഷ്ടിക്കു മുമ്പ് ദൈവം തന്റെ പുത്രനായ അരൂപിയെ ജനിപ്പിച്ചു. എല്ലാ ദൈവികപൂർണതയും അവനുണ്ടായിരുന്നു. അവൻ ദൈവത്തിനു തുല്യനായിരുന്നു. പിന്നീട് ദൈവം മറ്റൊരരൂപിയെ പുറപ്പെടുവിച്ചു. എന്നാൽ പ്രസ്തുത അരൂപി നന്മയിൽ നിലനിന്നില്ല. അവന് പുത്രനോടു അസൂയ തോന്നി. അവൻ തന്റെ സ്വതന്ത്രമനസ്സ് ഉപയോഗിച്ച് നന്മയിൽ നിന്ന് തിന്മയിലേക്ക് മാറി. അതാണ് പിശാച് (ദൈവസ്ഥാപനം, 2,8). അവൻ ദൈവത്തിന്റെ ശത്രുവും തിന്മയുടെ ഹേതുവും ദൈവത്തിന്റെ എതിരാളിയും ആയിത്തീർന്നു. അങ്ങനെ ഉത്ഭവത്തിലുള്ള രണ്ടു തത്വങ്ങളെപ്പറ്റി അദ്ദേഹം സംസാരിക്കുന്നു. സൃഷ്ടിയിലുടനീളം ഈ ശത്രുത ദൃശ്യമാണ്. ആകാശവും ഭൂമിയും ഇതിന്റെ ഫലമാണ്. ഉന്നതത്തിൽ ദൈവം വസിക്കുന്നു. മരണത്തിന്റേയും തമസ്സിന്റേയും തലമായ ഭൂമിയിൽ മനുഷ്യർ വസിക്കുന്നു. ഭൂമിയിൽ തന്നെയും കിഴക്കും തെക്കും ദൈവികസാന്നിധ്യം ഉള്ളിടമാണ്. വടക്കും പടിഞ്ഞാറും ദുഷ്ടാരൂപികൾ വസിക്കുന്നു. പരസ്പരം മത്സരിക്കുന്ന ഘടകങ്ങൾ കൊണ്ട് നിർമിക്കപ്പെട്ടവരാണ് മനുഷ്യർ. നന്മയോ, തിന്മയോ ജയിക്കുന്നതനുസരിച്ച് മനുഷ്യന് പ്രതിഫലമോ, ശിക്ഷയോ നിത്യമായി ലഭിക്കുന്നു (2,12,7). ധാർമികതയുടേയും അമർത്യതയുടേയും ഉറവിടം ഈ ദ്വൈതവാദത്തിലത്രേ അദ്ദേഹം ഉറപ്പിക്കുന്നത്. സർവശക്തൻ ആയതിനാൽ തിന്മയെ തുടച്ചുനീക്കാൻ ദൈവത്തിന് സാധിക്കും. എങ്കിലും അവിടുന്ന് അപ്രകാരം പ്രവർത്തിക്കയില്ല (എപ്പിറ്റോം, 24).

**2. പരിശുദ്ധാത്മാവ്**

പരിശുദ്ധാത്മാവിന്റെ ആളത്വത്തെ സംബന്ധിച്ച് ലക്താൻസ്യൂസിന് കൃത്യമായ ആശയം ഇല്ലായിരുന്നു (ജറോം, ലേഖനം, 84,7; ഗലാത്യലേഖനം 4:6 ന്റെ ഭാഷ്യം).

**3. ആത്മാവിന്റെ സൃഷ്ടിയും അമർത്യതയും**

ദൈവത്തേക്കാൾ താഴ്ന്ന പടിയിലുള്ള അരൂപികളല്ല, ലോകം സൃഷ്ടിച്ച ദൈവം തന്നെയാണ് മനുഷ്യാത്മാക്കളെ സൃഷ്ടിച്ചത്. ആത്മാവും ശരീരവും ദൈവസൃഷ്ടിയാണ്; രണ്ടും അവിടുത്തെ സ്വന്തമാണ്. മാതാപിതാക്കന്മാരല്ല മനുഷ്യാത്മാവിന് ജന്മം നൽകുന്നത്; പിന്നെയോ ദൈവമാണ്. ഗർഭപാത്രത്തിൽ ഉരുവാകുമ്പോൾ തന്നെ ദൈവം ആത്മാവിനെ ശരീരത്തിൽ നിവേശിപ്പിക്കുന്നു. ചില താത്വികർ പഠിപ്പിക്കുന്നതുപോലെ, കുറേ കഴിഞ്ഞല്ല (ദൈവത്തിന്റെ ശില്പ.17,7). സ്വഭാവത്താലേ മനുഷ്യാത്മാവ് അമർത്യമാണ്: ദൈവം എന്നും ജീവിക്കുന്നതിനാൽ മനുഷ്യാത്മാവും എന്നും ജീവിക്കുന്നു. ദുഷ്ടത പ്രവർത്തിക്കുന്നവർ ശൂന്യരായി തീരുന്നില്ല. പിന്നെയോ, നിത്യശിക്ഷ അവകാശമാക്കുന്നു.

**4. യുഗാന്ത്യം**

ദൈവികസ്ഥാപനങ്ങൾ എന്ന ഗ്രന്ഥത്തിൽ (അധ്യാ.14–26) സഹസ്രാബ്ദവാഴ്ചയെ പറ്റിയുള്ള പ്രബോധനം കാണാം. ലോകത്തിന് 6000 വർഷത്തെ ആയുസ്സേയുള്ളൂ. 6000 വർഷം തികയുമ്പോൾ ലോകാന്ത്യമായി (7.14). ലോകം അവസാനിക്കാൻ 200 വർഷങ്ങൾ കൂടിയേയുള്ളൂവെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു: 'അതു തികയുമ്പോൾ ദൈവപുത്രൻ സകലരേയും വിധിക്കാനായി പ്രത്യക്ഷപ്പെടും. അനീതിയെ നശിപ്പിച്ച്, തന്റെ വിധി നടപ്പാക്കും. നീതിമാന്മാരെ ജീവനിലേക്കു തിരികെ വിളിക്കും. ഒരായിരം വർഷം തന്റെ വിശുദ്ധരോടൊത്ത് അവിടുന്ന് വസിക്കും. നീതി നിറഞ്ഞ കല്പനകളോടുകൂടെ അവിടുന്ന് അവരെ ഭരിക്കും. എല്ലാ തിന്മകളുടേയും ഉറവിടമായ ദുഷ്ടനെ ഇതിനോടകം ചങ്ങലകളിൽ ബന്ധിക്കും. ലോകത്തിൽ നീതി നടപ്പാക്കുന്ന സഹസ്രാബ്ദവാഴ്ചയുടെ സാബതിൽ ദുഷ്ടൻ ബന്ധിതനായിരിക്കും. ദൈവത്തിന്റെ ജനങ്ങൾക്കെതിരെ ഇക്കാലത്ത് ഒന്നും ചെയ്യാൻ അവന് സാധിക്കയില്ല. കർത്താവ് തന്റെ നീതിമാന്മാരെ ഈ ലോകത്തു നിന്നു ശേഖരിക്കും. വിധി പ്രസ്താവിക്കപ്പെട്ടു കഴിയുമ്പോൾ ഭൂമധ്യത്തിൽ വിശുദ്ധ നഗരം സ്ഥാപിക്കപ്പെടും. ദൈവമായിരിക്കും അതിന്റെ പണിക്കാരൻ. അവൻ തന്റെ വിശുദ്ധരുടെ മധ്യേ വസിക്കയും ചെയ്യും. സൂര്യന് ഏഴിരട്ടി പ്രകാശം ഉണ്ടാകും; സമൃദ്ധമായ വിളവുണ്ടാകും; പാറക്കെട്ടുകളിൽനിന്ന് തേനൊഴുകും; അരുവികളിലൂടെ വീഞ്ഞൊഴുകും. ലോകം മുഴുവൻ നവീകരിക്കപ്പെട്ട് ആനന്ദതുന്ദിലമാകും. ദുഷ്ടന്റെ

അധികാരത്തിൽ നിന്നും തെറ്റിൽ നിന്നും അഭക്തിയിൽ നിന്നും വിടുതലാക്കപ്പെട്ട ലോകം സ്വാതന്ത്ര്യത്തിന്റെ ആനന്ദം ആസ്വദിക്കും' (7,24).

'ആയിരം വർഷം പൂർത്തിയാകുന്നതിനു മുമ്പ് പിശാചിനെ സ്വതന്ത്രനാക്കും. വിശുദ്ധ നഗരത്തിനെതിരെ യുദ്ധം ചെയ്യാൻ എല്ലാ രാജ്യങ്ങളേയും അവൻ ഒന്നിച്ചുകൂട്ടും. അവർ അതിനെ വളയും. അപ്പോൾ ദൈവകോപം അവരെയെല്ലാം സംഹരിച്ചുകളയും. ഈ ലോകം മുഴുവൻ കത്തിച്ചാമ്പലായിത്തീരും. നാശത്തിന്റെ ഈ മൂന്നു ദിവസങ്ങൾ ദൈവം തന്റെ ജനത്തെ ഗുഹകളിൽ ഒളിപ്പിക്കും. നാശം കഴിയുമ്പോൾ നാശക്കൂമ്പാരം കാണാൻ അവർ ഗുഹകളിൽ നിന്നു പുറത്തുവരും. ആയിരം വർഷം പൂർത്തിയായി കഴിയുമ്പോൾ ഈ ലോകം നവീകരിക്കപ്പെട്ടു കഴിയും. ആകാശം ചുരുട്ടി മാറ്റപ്പെടും; ഭൂമിക്ക് മാറ്റം സംഭവിച്ചിരിക്കും. മനുഷ്യർ മാലാഖമാരെപ്പോലെ ആയിത്തീരും. അപ്പോൾ പൊതുവായ പുനരുത്ഥാനം ഉണ്ടാകും. അനീതി പ്രവർത്തിക്കുന്നവർ നിത്യശിക്ഷയ്ക്ക് വിധിക്കപ്പെടും' (7,26).

അധ്യായം 18

# പന്തേനൂസും ക്ലെമെന്റും

## ആമുഖം

പന്തേനൂസും ക്ലെമെന്റും അലക്സാണ്ഡ്രിയായിലെ ആദ്യത്തെ ദൈവ ശാസ്ത്രജ്ഞന്മാരാണ്. അപ്പസ്തോലിക കാലത്തുതന്നെ ഈജിപ്റ്റിലെ അലക്സാണ്ഡ്രിയായിൽ സഭ വേരുറച്ചു. ഈജിപ്റ്റിലെ പ്രമുഖ പട്ടണവും റോമൻ സാമ്രാജ്യത്തിലെ രണ്ടാമത്തെ പ്രധാന നഗരമായിരുന്നു അത്. ബി. സി. 331-ൽ മഹാനായ അലക്സാണ്ടറാണ് ഈ നഗരം പണിതത്. മനുഷ്യസംസ്കാരത്തിന്റെ ആരംഭം മുതൽ പണിതുയർത്തിയ ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ അവകാശിയായി അത് ഉയർന്നുവന്നു. റോമിനോടു കിടപിടിക്കത്തക്ക പൗരസ്ത്യ നഗരമായിരുന്നത്. ക്രിസ്തുമതം അവിടെ പ്രവേശിക്കുന്നതിനു മുമ്പുതന്നെ അത് പണ്ഡിതരുടെ കേന്ദ്രമായിരുന്നു. ഗ്രീക്ക്, ഈജിപ്ഷ്യൻ, പൗരസ്ത്യം എന്നീ മൂന്നു സംസ്കാരങ്ങൾ സമ്മേളിച്ച് ഉണ്ടായ ഹെല്ലനിസം അവിടെ ആഴത്തിൽ വേരോടി. വളർച്ചയ്ക്കു പറ്റിയ മണ്ണായി യൂദസംസ്കാരവും അതിനെ കണ്ടു. യഹൂദചിന്തയിൽ ഏറ്റവും കൂടുതൽ ഗ്രീക്കുസ്വാധീനം ഉണ്ടായതും ഹീബ്രു വേദപുസ്തകത്തിന്റെ ഗ്രീക്കുവിവർത്തനം ഉണ്ടായതും അവിടെയാണ്. ബൈബിളും ഗ്രീക്കു ചിന്തയും കോർത്തിണക്കാൻ അലക്സാണ്ഡ്രിയൻ യൂദൻ ഫീലോ പരിശ്രമിച്ചു. അത് ക്രിസ്തുമതത്തിനും പറ്റിയ വളക്കൂറുള്ള മണ്ണായിത്തീ ർന്നു.

ഈജിപ്റ്റിൽ പ്രവേശിച്ച സഭ അവിടെയുള്ള എല്ലാ സാംസ്കാരിക പാരമ്പര്യങ്ങളുമായി ബന്ധം പുലർത്താൻ തുടങ്ങി. പുതിയ സുവിശേഷം അവിടെ അനേകരെ ഉത്തേജിപ്പിച്ചു. ക്രൈസ്തവ വിശ്വാസത്തിന്റെ വെളിച്ചത്തിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഒരാവേശം അന്നുണ്ടായി. അവിടെ ഒരു ക്രൈസ്തവ ദർശനം രൂപം പ്രാപിച്ചു. അങ്ങനെ ക്രൈസ്തവ

സഭയിലെ ആദ്യത്തെ വിദ്യാകേന്ദ്രം എന്നറിയപ്പെടുന്ന അലക്സാണ്ഡ്രിയൻ ദൈവശാസ്ത്ര പാഠശാല ഉടലെടുത്തു. നിരവധി പ്രഗത്ഭരായ ഗുരുക്കന്മാരും ശിഷ്യന്മാരും ഈ പാഠശാലയിൽ ഉണ്ടായിട്ടുണ്ട്. അവരിൽ പന്തേനൂസ്, ക്ലെമെന്റ്, ഒരിജൻ, ദിവന്നാസ്യോസ്, പിയേരിയൂസ്, പീറ്റർ, അത്തനാസ്യോസ്, ദിദിമൂസ്, തെയോഫിലസ്, സിറിൽ എന്നിവർ പ്രമുഖരാണ്.

ഈ കലാലയത്തിന് ഇതിന്റേതായ പ്രത്യേകതകൾ ഉണ്ടായിരുന്നു. ഇതിന്റെ താത്വികാടിത്തറ പ്ലേറ്റോയുടെ തത്വചിന്തയായിരുന്നു. വിശ്വാസത്തിന്റെ അതിനിഗൂഢ രഹസ്യങ്ങളിലേക്കു ഗ്രീക്കു തത്വചിന്തയുമായി അവർ കടന്നുചെന്നു. വിശ്വാസത്തെ അവിടുത്തെ പുതിയ സംസ്കാരത്തിന്റെ അവകാശികൾക്ക് വ്യാഖ്യാനിച്ചു കൊടുത്തു. വേദപുസ്തകത്തിന്റെ വാച്യാർഥത്തിന് പുറമേ ഗൂഢാർഥങ്ങളിലേക്ക് അലക്സാണ്ഡ്രിയാക്കാർ ആഴത്തിൽ ഇറങ്ങിച്ചെല്ലാൻ പരിശ്രമിച്ചു. വി. ഗ്രന്ഥത്തിലുള്ള വ്യംഗ്യാർഥങ്ങൾ വെളിച്ചത്തു കൊണ്ടുവന്നു. അവരുടെ വ്യാഖ്യാനരീതിയുടെ പേര് രൂപകാർഥഭാഷ്യം അഥവാ അല്ലെഗോറിക്കൽ വ്യാഖ്യാനം എന്നാണ്. ഗ്രീക്കു സാഹിത്യത്തിലെ പുരാണങ്ങളും ഐതിഹ്യങ്ങളും വ്യാഖ്യാനിക്കാൻ ഗ്രീക്കു ചിന്തകന്മാർ ഈ വ്യാഖ്യാനരീതി നേരത്തെതന്നെ ഉപയോഗിച്ചിരുന്നു. ആന്റിസ്തെനെസ്, പ്ലേറ്റോ, പിത്തഗോറസ്, സെനോഫനസ് തുടങ്ങിയവർ ഗ്രീക്കു ഐതിഹ്യങ്ങളിൽ ആഴമായ അർഥം കണ്ടു. സ്റ്റോയിക് ചിന്തകർക്ക് ഈ രീതി സ്വീകാര്യമായി തോന്നി. യഹൂദന്മാരായ അരിസ്റ്റെയാസ്, ഫീലോ, അരിസ്റ്റോബുളൂസ് എന്നിവർ പഴയനിയമ വ്യാഖ്യാനങ്ങൾക്ക് ഈ രീതി സ്വീകരിച്ചു. ബൈബിളിന് വാച്യാർഥം ശരീരത്തിന് നിഴലെന്ന പോലെയാണന്ന് അവർ പഠിപ്പിച്ചു. രൂപകാർഥമാണ് സംഗതികളുടെ യാഥാർഥ്യം ശരിയായി ഗ്രഹിക്കാൻ സഹായിക്കുക. വാച്യാർഥം നിഴലും ഗൂഢാർഥം പൊരുളും ആണ്. അലക്സാണ്ഡ്രിയായിലെ ക്രൈസ്തവചിന്തകരും ഈ രീതി സ്വീകരിച്ചു. പലപ്പോഴും വേദപുസ്തകത്തിന്റെ വാച്യാർഥം ദൈവത്തിന് ചേർന്നതല്ല. അപരിമേയനായ ദൈവത്തിന് ചേരുന്നത് രൂപകാർഥമാണ്. ക്ലെമെന്റ് ഈ രീതി സ്വീകരിച്ചെങ്കിലും ഒരിജനാണ് ഇതിനെ ഒരു ചിന്താധാരയായി വളർത്തിയെടുത്തത്. പുരാതനസഭയിലും പിൻതലമുറയിലും ഈ വിദ്യാപാഠശാലയുടെ സ്വാധീനം ശ്രദ്ധേയമാണ്.

## പന്തേനൂസ്

അലക്സാണ്ഡ്രിയൻ കലാലയത്തിന്റെ സ്ഥാപകനും അറിയപ്പെടുന്ന ആദ്യത്തെ പ്രധാനാധ്യാപകനും പന്തേനൂസ് ആണ്. സിസിലിയാണ് ജന്മസ്ഥലം. ഒരു സ്റ്റോയിക് താത്വികനായിരുന്ന പന്തേനൂസ് ക്രിസ്ത്യാനി ആയപ്പോൾ അലക്സാണ്ഡ്രിയായിൽ ഒരു കലാലയം സ്ഥാപിക്കുകയും അവിടെ അധ്യാപകനായിത്തീരുകയും ചെയ്തു. പന്തേനൂസ് ഇന്ത്യയിൽ

വന്ന് സുവിശേഷ സംബന്ധമായി ബ്രാഹ്മണരോടു ചർച്ചകൾ നടത്തിയെന്നും ക്രൈസ്തവ വിശ്വാസം പ്രചരിപ്പിച്ചെന്നും പറയപ്പെടുന്നു. ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ പക്കൽ വി. മത്തായി എഴുതിയ സുവിശേഷത്തിന്റെ ഹീബ്രൂ (സുറിയാനി) കൈയെഴുത്തുപ്രതി ആദ്ദേഹം ദർശിക്കയുണ്ടായി. ഇതേപ്പറ്റി എവുസേബിയസും (സഭാ. 5.10–1) ജറോമും (ലേഖനം, 70) സാക്ഷിക്കുന്നു. 190–ലാണ് ഈ യാത്രയെന്നു കരുതപ്പെടുന്നു.

എവുസേബിയസിന്റെ സാക്ഷ്യം: 'പന്തേനൂസ് എന്ന പേരോടുകൂടി പ്രശസ്തനും ഉന്നത സാംസ്കാരിക നിലവാരം പുലർത്തിയവനുമായിരുന്നു അലക്സാണ്ഡ്രിയൻ ക്രിസ്തീയ കലാലയാധ്യക്ഷൻ... അക്കാലത്തെ ഏറ്റവും പ്രമുഖ വ്യക്തിയായിരുന്നദ്ദേഹം. സ്റ്റോയിക് തത്വശാസ്ത്രത്തിൽ അദ്ദേഹത്തിന് പരിശീലനം സിദ്ധിച്ചിരുന്നു. ദൈവവചനത്തിലുള്ള സജീവ തീക്ഷ്ണതയാലും ആത്മധൈര്യത്താലും അദ്ദേഹം പൗരസ്ത്യ ദേശങ്ങളിൽ ക്രിസ്തുവിന്റെ ദൗത്യവാഹകൻ ആകുകയും ഇന്ത്യവരെ അയക്കപ്പെടുകയും ചെയ്തു എന്നു പറയപ്പെടുന്നു. അവിടെ ക്രിസ്തുവിനെ അറിഞ്ഞവരുടെ ഇടയിൽ അദ്ദേഹം മത്തായിയുടെ സുവിശേഷം കണ്ടെന്നും പറയപ്പെടുന്നു.'

ജറോമിന്റെ സാക്ഷ്യം: 'സ്റ്റോയിക് വിഭാഗത്തിൽപ്പെട്ട തത്വജ്ഞാനിയായിരുന്നു പന്തേനൂസ്. വിവേകിയും വിജ്ഞാനിയും വിശുദ്ധ ഗ്രന്ഥത്തിലും സാഹിത്യത്തിലും വിശ്രുതനുമായ അദ്ദേഹത്തെ അലക്സാണ്ഡ്രിയായിലെ ദിമെത്രിയൂസ് മെത്രാൻ ഇന്ത്യയിലേക്കയച്ചു.' ഏതാണ്ട് 200–നോടടുത്ത് പന്തേനൂസ് മരിച്ചു.

## ക്ലെമെന്റ് (+215)

തീത്തുസ് ഫ്ളാവിയൂസ് ക്ലെമെൻസ് (ക്ലീമീസ്) 150–ൽ അക്രൈസ്തവ മാതാപിതാക്കളിൽനിന്നു ജനിച്ചു. ജന്മസ്ഥലമായ ആഥൻസിൽ തന്നെ പ്രാഥമിക വിദ്യാഭ്യാസം നിർവഹിച്ചു. ഏറ്റവും പ്രശസ്തനായ ക്രൈസ്തവ പണ്ഡിതനെ ശ്രവിക്കാനായി ഇറ്റലി, സിറിയ, പലസ്തീന എന്നിവിടങ്ങളിലെല്ലാം അദ്ദേഹം ചുറ്റിസഞ്ചരിച്ചു. ഭാഗ്യവാന്മാരും ശ്രേഷ്ഠരുമായ ആളുകളുടെ പ്രഭാഷണങ്ങൾ ശ്രവിക്കുവാൻ ഭാഗ്യമുണ്ടായി എന്നു ക്ലെമെന്റു തന്നെ സാക്ഷിക്കുന്നു (സ്ട്രോമാറ്റ,1,1,11). അവസാനം അദ്ദേഹം അലക്സാണ്ഡ്രിയായിൽ എത്തി. അവിടെ വച്ച് യാത്ര അവസാനിപ്പിച്ചു. പന്തേനൂസിന്റെ വിജ്ഞാനവും വ്യക്തിത്വവും ക്ലെമെന്റിനെ അദ്ദേഹത്തിന്റെ ശിഷ്യനാക്കി. അവിടെ പഠിച്ച്, പന്തേനൂസിന്റെ സഹപ്രവർത്തകനായി. ക്രി.വ. 200–ഓടുകൂടി വിദ്യാപാഠശാലയുടെ പ്രധാനാധ്യാപകനായി. ഒന്നു രണ്ടു വർഷങ്ങൾക്കുശേഷം സെപ്തീമിയുസ് സെവേരൂസ് ചക്രവർത്തിയുടെ

മതമർദനകാലത്ത് ഒളിവിൽ കഴിഞ്ഞു. അവസാനം തന്റെ പ്രിയ ശിഷ്യനായ അലക്സാണ്ടറുമൊത്തു കപ്പഡോഷ്യായിൽ അഭയം തേടി. അലക്സാണ്ടർ പിന്നീട് ജറുസലേമിലെ മെത്രാനായി. ക്ലെമെന്റ് വീണ്ടും ഈജിപ്റ്റ് കാണാൻ സാധിക്കാതെ 215-ൽ കപ്പഡോഷ്യായിൽ വച്ചു മരിച്ചു.

## കൃതികൾ

ക്ലെമെന്റിന്റെ ജീവിതത്തെക്കുറിച്ച് വളരെ കുറച്ചേ നമുക്കറിയൂ. എങ്കിലും അദ്ദേഹത്തിന്റെ കൃതികളിൽ നിന്നു മഹത്തായ ആ വ്യക്തിത്വത്തെപ്പറ്റി ഒട്ടൊക്കെ ഗ്രഹിക്കാൻ സാധിക്കും. താൻ ജീവിക്കുന്ന കാലഘട്ടത്തിന്റെ സംഭാവനകളെല്ലാം വചനത്തിന്റെ ശുശ്രൂഷയ്ക്ക് അദ്ദേഹം ഉപയോഗിച്ചു. തത്വശാസ്ത്രം, സംഗീതം, സാഹിത്യം, പുരാണം, ഇതിഹാസം എന്നിവകളിലെല്ലാം അദ്ദേഹത്തിന് നല്ല അറിവുണ്ടായിരുന്നു. വി. ഗ്രന്ഥം, ആദിമ അപ്പസ്തോലിക കൃതികൾ, പാഷണ്ഡരുടെ കൃതികൾ എന്നിവയും അദ്ദേഹം പഠിച്ചിരുന്നു. പഴയനിയമത്തിൽ നിന്ന് 1500-ഉം പുതിയ നിയമത്തിൽ നിന്ന് 2000-ഉം ഭാഗങ്ങൾ അദ്ദേഹം പരാമർശിക്കുന്നു.

ലോകത്തിന്റെ ഗുരുവും മാതാവുമായ സഭയ്ക്ക് ഗ്രീക്കു തത്വചിന്തയെ കണ്ടില്ലെന്നു നടിക്കാനാവില്ല എന്നു ക്ലെമെന്റ് ഗ്രഹിച്ചു. ശാസ്ത്രീയമായി ഒരു ക്രിസ്തീയ തത്വചിന്ത രൂപീകരിക്കാൻ അദ്ദേഹത്തിന്റ താത്വിക വിദ്യാഭ്യാസം സഹായിച്ചു. വിശ്വാസവും തത്വശാസ്ത്രവും, സുവിശേഷവും ശാസ്ത്രീയ ജ്ഞാനവും ശത്രുക്കളല്ല, കൈകോർത്തു പോകേണ്ട സ്നേഹിതരാണെന്ന് അദ്ദേഹം തെളിയിച്ചു. താത്വിക പഠനങ്ങളെല്ലാം ദൈവശാസ്ത്രത്തിനു സഹായകമാണ്. വിവിധ തത്വചിന്തയിൽ കാണുന്നവയുടെയെല്ലാം പൂർണതയും മകുടവും ക്രിസ്തുമതം ആണെന്ന് അദ്ദേഹം പഠിപ്പിച്ചു. താഴെപ്പറയുന്നവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ:

**(1) ഗ്രീക്കുകാരോടുള്ള ഉപദേശം**

മാനസാന്തരത്തിനുള്ള ഉപദേശമാണ് ഈ കൃതി *(പ്രൊത്രെപ്തിക്കോസ് പ്രോസ് ഹെല്ലേനാസ്)*. അർഥമില്ലാത്ത വിഗ്രഹാരാധനയുടെ പിന്നാലെ പാഞ്ഞുനടക്കുന്നവർ, ലജ്ജാവഹങ്ങളായ പ്രവൃത്തികൾ വിട്ട് വചനത്തിന്റെ ശുശ്രൂഷകരായി മാറണം. പണ്ട് പ്രവാചകന്മാർ വചനത്തെപ്പറ്റി പ്രവചിച്ചു. കാലാന്ത്യത്തിൽ വചനം ക്രിസ്തുവായി അവതരിച്ചു. മനുഷ്യന്റെ അന്തരംഗത്തിലെ തീവ്രാഭിലാഷങ്ങളുടെ പൂർത്തീകരണത്തിലേക്കു നയിക്കുന്ന ജീവിതം അവിടുന്നു വാഗ്ദാനം ചെയ്യുന്നു. അവൻ നിത്യതയും രക്ഷയും വിടുതലും നൽകുന്നു. തന്റെ 'ഉപദേശത്തിന്റെ ചുരുക്കം' ഗ്രന്ഥത്തിന്റെ അവസാനം ക്ലെമെന്റ് രേഖപ്പെടുത്തിയിരിക്കുന്നു: 'എന്റെ ഉപദേശം എന്താണ്? നിങ്ങൾ രക്ഷ പ്രാപിക്കാൻ ഞാൻ നിങ്ങളെ പ്രേരിപ്പിക്കുന്നു. അവിടുന്നു നിങ്ങൾക്കു സൗജന്യമായി ജീവൻ നൽകുന്നു. അവിടുന്ന്

ആരാണ്? ചുരുക്കമായി ഗ്രഹിപ്പിൻ.... സത്യവചനം; മനുഷ്യനെ സത്യത്തിലേക്കു നയിച്ചുകൊണ്ട് അവനെ ജനിപ്പിക്കുന്ന അമർത്യതയുടെ വചനം; രക്ഷയിലേക്ക് പ്രേരിപ്പിക്കുന്ന ശക്തി; അവൻ നാശത്തെ നീക്കുകയും മരണത്തെ മാറ്റുകയും ചെയ്യുന്നു; മനുഷ്യരിൽ വസിക്കാൻ മനുഷ്യരിൽ ദേവാലയം നിർമിക്കുന്നവനാണ് ദൈവം' (11,117,3–4).

ക്ലെമെന്റ് വിശ്വാസസമർഥകരുടെ ശൈലിയിലാണ് ഇതെഴുതിയിരിക്കുന്നത്. അവരുടെ ചില കൃതികൾ ഒരുപക്ഷേ അദ്ദേഹത്തിന് സുപരിചിതമായിരിക്കാം. മനുഷ്യകുലത്തിന് പ്രബോധനം നൽകുന്നതിൽ വചനത്തിനുള്ള അദ്വിതീയ സ്ഥാനം അദ്ദേഹം പ്രഖ്യാപിക്കുന്നു. ഉന്നത തത്വചിന്തയിലേക്കു വരുന്നതിനും ഉന്നതജ്ഞാനം സമ്പാദിക്കുന്നതിനും മനുഷ്യരെ ക്ഷണിച്ചുകൊണ്ട് 'ഉപദേശങ്ങൾ' എഴുതുന്ന പതിവ് ഗ്രീക്കുകാർക്ക് ഉണ്ടായിരുന്നു. അരിസ്റ്റോട്ടൽ, എപ്പിക്കൂരുസ്, സ്റ്റോയിക് ക്ലെയാൻതസ്, ക്രിസിപ്പുസ്, പൊസെയ്ദോണിയുസ് എന്നിവരൊക്കെ 'ഉപദേശങ്ങൾ' എഴുതിയിട്ടുണ്ട്. സിസറോയുടെ ഹൊർതെൻസിയൂസും ഈ ഗണത്തിൽ ഉൾപ്പെടുന്നു. പ്രസ്തുത ശൈലിയാണ് ക്ലെമെന്റും സ്വീകരിച്ചിരിക്കുന്നത്.

**(2) ഗുരു** (പൈദഗോഗൊസ്)

ഒന്നാമത്തെ കൃതിയിലെ ഉപദേശം ശ്രദ്ധിച്ചവർക്കുള്ളതാണിത്. മാനസ്സാന്തരപ്പെട്ടവർ എങ്ങനെ ജീവിതം കരുപ്പിടിപ്പിക്കണമെന്ന് വചനം ഗുരുവായി വന്നു ശിക്ഷണം നൽകുകയാണ്. ഇതിന് മൂന്നു ഭാഗങ്ങളുണ്ട്. ഒന്നാംഭാഗം പൊതുവായി, വചനത്തിന്റെ പ്രബോധകദൗത്യത്തെപ്പറ്റി സംസാരിക്കുന്നു. സുകൃതജീവിതത്തിലേക്കു നയിക്കുകയാണ് വചനത്തിന്റെ ദൗത്യം (1,1,1,4). പ്രബോധകവിദ്യ പൈതങ്ങളുടെ ശിക്ഷണമാണ് (1,5,12,1). ആരാണ് പൈതങ്ങൾ? ഗ്നോസ്റ്റിക് അബദ്ധോപദേശകർ പറയുന്നതുപോലെ, ക്രിസ്തീയ ജ്ഞാനത്തിൽ താഴെക്കിടയിൽ നിൽക്കുന്നവരല്ല പൈതങ്ങൾ. സ്നാനംവഴി രക്ഷ പ്രാപിച്ചവരെല്ലാം ദൈവത്തിന്റെ പൈതങ്ങളാണ്. 'സ്നാനംവഴി നാം പ്രബുദ്ധരാകുന്നു; പ്രബുദ്ധരായി, മക്കളാകുന്നു; മക്കളായി പൂർണരാകുന്നു; പൂർണരായി അമർത്യരാകുന്നു' (1,6,26,1). സ്നേഹം എന്ന മാധ്യമം ഉപയോഗിച്ച് വചനം നമ്മെ പരിശീലിപ്പിക്കുന്നു. എന്നാൽ നല്ലൊരു ഗുരുവിനെപ്പോലെ അവിടുന്ന് ശിക്ഷിക്കുകയും ചെയ്യുന്നു. അവിടുന്ന് നല്ലവനും നീതിമാനും ആകുന്നു. പഴയനിയമത്തിലെ ദൈവവും പുതിയ നിയമത്തിലെ ദൈവവും ഒന്നു തന്നെ (1,9,83,2–84,3).

തുടർന്ന് അനുദിനജീവിതത്തിന്റെ ബഹുവിധ പ്രശ്നങ്ങളെ പരാമർശിക്കുന്നു. ഭക്ഷണം, പാനീയം, ഭവനം, ഉപകരണങ്ങൾ, സംഗീതം, ഡാൻസ്, ഉല്ലാസം, കളി, വിനോദം, എണ്ണ, പെരുമാറ്റം, വിവാഹജീവിതം എന്നിവയെപ്പറ്റിയെല്ലാം രണ്ടും മൂന്നും ഭാഗങ്ങളിൽ ചർച്ച ചെയ്യുന്നു. അലക്സാണ്ഡ്രി


www.malankaralibrary.com

യൻ പട്ടണത്തിലെ അനുദിനജീവിതത്തിൽ ഉടനീളം കാണുന്ന സമൃദ്ധിയുടെ ദോഷഫലങ്ങളെപ്പറ്റിയും ക്ലെമെന്റ് വിവരിക്കുന്നു. ക്രിസ്ത്യാനി കൾ അത്തരം തിന്മകളിൽ നിന്നൊഴിഞ്ഞിരിക്കണം. ലോകത്തിൽ നിന്ന് ഓടിയൊളിക്കണമെന്നല്ല, പിന്നെയോ അരൂപിയിലുള്ള ദാരിദ്ര്യമത്രേ പ്രധാനം. അലക്സാണ്ഡ്രിയായിലെ നാഗരികതയ്ക്ക് ക്രൈസ്തവാരൂപി നൽകാൻ ക്രിസ്ത്യാനികൾക്ക് കടമയുണ്ട് എന്നിങ്ങനെ അദ്ദേഹം ഉപദേശി ക്കുന്നു. രക്ഷകനായ ക്രിസ്തുവിനോടുള്ള സ്തുതിഗീതം കൊണ്ട് അവ സാനിപ്പിക്കുന്നു.

**(3) കയററുപായ്** (സ്ട്രോമറ്റെയ്സ്)

ഒരുപദേഷ്ടാവിന്റെ ദൗത്യനിർവഹണം നടത്തണം എന്ന ലക്ഷ്യമാണ് ഈ ഗ്രന്ഥത്തിൽ ക്ലെമെന്റിനുണ്ടായിരുന്നത്. അതായത് ആദ്യഗ്രന്ഥത്തിൽ ഉപദേശം, രണ്ടാമത്തേതിൽ പരിശീലനം, ഇതിൽ പ്രബോധനം. എന്നാൽ അദ്ദേഹത്തിനതു സാധിച്ചില്ല. അതുകൊണ്ട് എഴുത്തിന്റെ രീതി മാറ്റി ഇതിനു 'കയറ്റുപായ്' എന്നു പേരിട്ടു. ആ കാലഘട്ടത്തിൽ ഇത്തരം തലക്കെട്ടിൽ താത്വികർ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. കൃത്യമായ അടുക്കും ചിട്ടയും കൂടാതെ ധാരാളം കാര്യങ്ങൾ പൊടിപ്പും തൊങ്ങലും വച്ച് എഴുതാൻ ഈ സാഹിത്യശൈലി അനുവദിച്ചിരുന്നു. അത്തരത്തിൽ പെട്ടവയാണ് പുൽത്തകിടി, സദ്യ, മധുകോശം തുടങ്ങിയ പേരുകൾ.

എട്ടു പുസ്തകങ്ങളായിട്ടാണ് ഇതെഴുതിയിരിക്കുന്നത്. ക്രൈസ്തവ വിശ്വാസവും ഗ്രീക്കു തത്വചിന്തയും തമ്മിലുള്ള ബന്ധം ഇവിടെ ചർച്ച ചെയ്യുന്നു. യഹൂദർക്കു നിയമം ലഭിച്ചതുപോലെ ഗ്രീക്കുകാർക്കു തത്വചിന്ത ലഭിച്ചു. രണ്ടിന്റേയും കർത്താവ് ദൈവമായിരുന്നു. വിശ്വാസത്തിന്റെ ആഴത്തിലേക്ക് ആഴ്ന്നിറങ്ങാൻ തത്വചിന്ത നിശ്ചയമായും സഹായിക്കും (1,5,28). വിശ്വാസസ്വീകരണത്തിനു കളമൊരുക്കാൻ തത്വചിന്തയ്ക്കു കഴിയും. എന്നാൽ വിശ്വാസത്തിനു പകരം നിൽക്കാൻ അതിനൊരിക്കലും സാധ്യമല്ല (2,2,8,4). എല്ലാ വിജ്ഞാനത്തിന്റേയും അടിസ്ഥാനം വിശ്വാസ മാണ്. എഴുതി വന്നപ്പോൾ പിന്നെയും പിന്നെയും ധാരാളം ആശയങ്ങൾ പൊന്തിവന്നു. അതുകൊണ്ട് അടുത്ത ഗ്രന്ഥത്തിൽ അവ ചർച്ച ചെയ്യാമെന്ന് പറഞ്ഞെങ്കിലും (7,18,111,4) അതിനുമുമ്പ് അദ്ദേഹം മരിച്ചു. (സ്ട്രോമാറ്റയിൽ പ്രാർഥനയെപ്പറ്റി പറഞ്ഞിരിക്കുന്നതിന്റെ മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *പ്രാർഥന സഭയിൽ*,കോട്ടയം,1993,പേജ്,188-201).

**(4) തെയൊഡോട്ടസിൽ നിന്നുള്ള ഉദ്ധരണികൾ**

തെയൊഡോട്ടസ് എന്ന ഗ്നോസ്റ്റിക് താത്വികന്റെ കൃതികളിൽ നിന്നുള്ള ഉദ്ധരണികൾ ക്ലെമെന്റ് സമാഹരിച്ചിരുന്നു. അവ ക്ലെമെന്റിന്റെ കൃതികളുടെ കൈയെഴുത്തു പ്രതികളുടെ കൂടെ കാണുന്നുണ്ട്. അവയും തൽസംബന്ധ

മായി ക്ലെമെന്റ് നടത്തിയ പഠനങ്ങളും ഒന്നിച്ചു കിടക്കുന്നതിൽ നിന്നു ക്ലെമെന്റിന്റെ വാക്കുകൾ വേർതിരിച്ചെടുക്കാൻ പ്രയാസമാണ്.

### (5) രക്ഷിക്കപ്പെടുന്ന ധനവാനാര്?

ഈ കൃതി മർക്കോസ് 10:17–31 ന്റെ ഒരു വ്യാഖ്യാനമാണ്. കർതൃവചനം വെറും വാച്യാർഥത്തിൽ അല്ല എടുക്കേണ്ടത്. രക്ഷ പ്രാപിക്കാൻ നമുക്കുള്ള തെല്ലാം വിൽക്കണമെന്നില്ല. പ്രത്യുത, ലൗകിക വസ്തുക്കളിൽ നിന്നു മന സ്സിനെ അകറ്റി പണത്തിനുള്ള അമിതാഗ്രഹത്തിൽ നിന്നൊഴിഞ്ഞു ജീവി ക്കണമെന്നാണ് കർത്താവ് അർഥമാക്കിയത്. എല്ലാ ക്രൈസ്തവരും ഉള്ള തെല്ലാം വിറ്റാൽ പാവപ്പെട്ടവരെ ആരു പരിപാലിക്കും? ഒരുവൻ പണക്കാര നോ, പാവപ്പെട്ടവനോ എന്നതല്ല കാര്യം. മനസ്സിന്റെ മനോഭാവമത്രേ പ്രധാനം. ധനമല്ല, ദുർവികാരങ്ങളാണ് നാം തള്ളിക്കളയേണ്ടത്; നമ്മെ സ്വർഗരാജ്യ ത്തിൽ നിന്ന് അകറ്റുന്നത് പാപമാണ്.

### (6) നഷ്ടപ്പെട്ട കൃതികൾ

*ബൈബിൾ ഭാഷ്യം (ഹ്യുപ്പൊത്യുപ്പോസെസ്)* : വേദപുസ്തകത്തിലെ എല്ലാ ഗ്രന്ഥങ്ങൾക്കും ബർണബാസിന്റെ ലേഖനം, പത്രോസിന്റെ വെളിപാട് എന്നിവയ്ക്കും ക്ലെമെന്റ് വ്യാഖ്യാന മെഴുതി. ചില ഭാഗങ്ങളുടെ വ്യാഖ്യാനം മാത്രമേ ഇതിൽ ഉണ്ടായിരുന്നുള്ളൂ എന്ന് ചിലർ കരുതുന്നു. ഏതായാലും എട്ടു പുസ്തകങ്ങളിലായി എഴുതപ്പെട്ട ഈ കൃതി കിട്ടിയിട്ടില്ല. ഇതേപ്പറ്റി എവുസേബിയസും ഫോസിയസും സംസാരിക്കുന്നു. *പെസഹായെ സംബ ന്ധിച്ച്* : പെസഹായെ സംബന്ധിച്ച് അന്നുവരെയുള്ള പാരമ്പര്യങ്ങൾ കുറി ച്ചിടാൻ സ്നേഹിതർ പ്രേരിപ്പിച്ചെന്നും അക്കാരണത്താലാണ് ഇതെഴുതുന്ന തെന്നും ആമുഖത്തിൽ പറഞ്ഞിട്ടുണ്ട്. സാർദിസിലെ മെലിറ്റോയുടെ പെസഹാ പ്രസംഗവും മറ്റും അദ്ദേഹം വായിച്ചിരുന്നു (എവു.സഭാ. 6,13,9). സഭാകാനൻ, ദൈവപരിപാലന, ഉപവാസത്തെപ്പറ്റി, പരദൂഷണത്തെപ്പറ്റി, ആമോസ് പ്രവാചകനെപ്പറ്റി എന്നിവയും നഷ്ടപ്പെട്ടയിൽ ഉൾപ്പെടുന്നു.

## ദൈവശാസ്ത്രം

താത്വിക ദൈവശാസ്ത്രത്തിന്റെ സ്ഥാപകൻ എന്നു ക്ലെമെന്റിനെ വിളിക്കുന്നവരുണ്ട്. അദ്ദേഹത്തിന്റെ സംഭാവന തികച്ചും സാരവത്തും അമൂല്യവുമായിരുന്നു. തത്വശാസ്ത്രം ഉപയോഗിച്ച് വിശ്വാസത്തിന്റെ വേരുകൾ ആഴത്തിലോടിക്കാൻ അദ്ദേഹം മുന്നോട്ടിറങ്ങി. ഐറേനിയസ് പാരമ്പര്യത്തിന്റെ വക്താവായിരുന്നു. താത്വിക സ്വാധീനങ്ങൾ വിശ്വാസ ത്തിൽ കലർപ്പുണ്ടാക്കുമെന്ന് അദ്ദേഹം കരുതി. എന്നാൽ മറിച്ചൊരു ധാരണ യ്ക്ക് ആരംഭമിടാൻ ക്ലെമെന്റിന് കഴിഞ്ഞു. ഹെല്ലനിസത്തിന്റെ അപാകത കൾ കാണാതെയല്ല അദ്ദേഹം ഇതു ചെയ്തത്. ഗ്നോസ്റ്റിക് അബദ്ധോപ

ദേശകരെ തറപറ്റിക്കാൻ അദ്ദേഹത്തിന്റെ തൂലികയ്ക്കു കഴിഞ്ഞു. ആ പീഠത്തിൽ നിന്നുകൊണ്ട് യഥാർഥവിജ്ഞാനം പണിതുയർത്തി.

**1. വചനം**

ജസ്റ്റിൻ, തെയോഫിലസ്, ഹിപ്പോളിറ്റസ് എന്നിവരെപ്പോലെ വചനത്തെ ആരംഭവും അടിസ്ഥാനവും ആക്കിക്കൊണ്ട് ദൈവശാസ്ത്രം കെട്ടിപ്പടുക്കാൻ ക്ലെമെന്റ് ശ്രമിച്ചു. പ്രപഞ്ച സ്രഷ്ടാവാണ് വചനം. 'അവൻ വഴി എല്ലാം സൃഷ്ടിക്കപ്പെട്ടു. പഴയ ഉടമ്പടിയിൽ നിയമത്തിലൂടെ ദൈവത്തെ വെളിപ്പെടുത്തിയത് അവിടുന്നാണ്. ഗ്രീക്കു തത്വചിന്തയിലൂടെയും കാലാന്ത്യത്തിൽ കന്യകയിലൂടെയും കാണപ്പെട്ടതു വചനമാണ്. അവൻ പിതാവിനോടും പരിശുദ്ധാത്മാവിനോടും ചേർന്ന് ഏകത്രിത്വം ആകുന്നു. വചനം വഴി നാം പിതാവിനെ അറിയുന്നു' (സ്ട്രോമാറ്റ, 5:12, 82).

വചനം സത്താപരമായി പ്രാപഞ്ചിക പ്രബോധകനും മനുഷ്യകുലത്തിന്റെ നിയമദാതാവുമാണ്. എന്നാൽ അവിടുന്നു മനുഷ്യകുലത്തിന്റെ രക്ഷകനും പുതിയ ജീവിതത്തിന്റെ സ്ഥാപകനുമാണ്. വിശ്വാസം വഴി ആ ജീവിതമാരംഭിക്കുന്നു. അതിന്റെ പാത ജ്ഞാനവും സമാധിയുമാണ്. അതു സ്നേഹത്തിലൂടെയും സഹോദര്യത്തിലൂടെയും അമർത്യതയിലേക്കും നിത്യജീവനിലേക്കും നയിക്കുന്നു. അവതരിച്ച വചനമായ ക്രിസ്തു ദൈവവും മനുഷ്യനുമാണ്; നാം ദൈവിക ജീവനിലേക്കുയർന്നത് അവൻ വഴിയാണ്. അവൻ നീതിസൂര്യനാണ്:

'പ്രകാശമേ, സ്വാഗതം! അന്ധകാരത്താൽ മൂടപ്പെട്ടിരുന്ന, മരണനിഴലിൽ അടയ്ക്കപ്പെട്ടിരുന്ന ഞങ്ങളിൽ സ്വർഗത്തിൽ നിന്ന് സൂര്യനേക്കാൾ ശോഭയുള്ളതും താഴെയുള്ള ജീവനേക്കാൾ ശ്രേഷ്ഠതരവുമായ പ്രകാശം ഉദിച്ചിരിക്കുന്നു. ആ പ്രകാശം നിത്യജീവനാണ്. അതിൽ പങ്കുപറ്റുന്നവൻ ജീവിക്കുന്നു. എന്നാൽ രാത്രി പ്രകാശത്തെ ഭയപ്പെടുന്നു. വിറയലോടെ സ്വയം ഒളിക്കുന്നു. കർതൃദിവസത്തിന് അത് വഴിമാറിക്കൊടുക്കുന്നു. മങ്ങിപ്പോകാത്ത പ്രകാശം എല്ലാവരിലും ഉദയം ചെയ്തു. അസ്തമയം ഉദയത്തിന് സാക്ഷ്യം വഹിച്ചിരിക്കുന്നു. നവസൃഷ്ടിയുടെ അർത്ഥം ഇതാണ്. എല്ലാവർക്കും ഉപരിസ്ഥനായി തന്റെ രഥം ഓടിക്കുന്ന നീതിസൂര്യൻ മനുഷ്യവർഗം മുഴുവനിലും വ്യാപരിക്കുന്നു. എല്ലാവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കുന്ന പിതാവിനെ പോലെയാണവൻ. അവൻ സത്യത്തിന്റെ പനിമഞ്ഞ് സകലരിലും വർഷിക്കുന്നു. അവൻ അസ്തമയത്തെ ഉദയമാക്കി മാറ്റി. തന്റെ കുരിശിനാൽ മരണത്തെ ജീവനായി പകർത്തി. മനുഷ്യനെ നാശത്തിൽ നിന്ന് വിടുവിച്ചു വാനോളമുയർത്തി. അവൻ മരണത്തെ അമർത്യതയായും ഭൂമിയെ സ്വർഗമായും മാറ്റി' (ഉപദേശം, 11, 88, 114).

## 2. സഭാശാസ്ത്രം

ദൈവം ഏകനാകുന്നു. വചനം ഏകനാകുന്നു; ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവ് ഏകനാകുന്നു. അതുകൊണ്ട് സാർവത്രികസഭ ഏകമാകുന്നു. തെർത്തുല്യൻ,ഐറേനിയസ്,സിപ്രിയാൻ എന്നിവരെപ്പോലെ ക്ലെമെന്റും സഭയെ അമ്മയെന്നു വിളിക്കുന്നു. സഭ കന്യകയും മാതാവുമാണ്. ദൈവവചനമാകുന്ന പാൽ തന്ന് അമ്മ നമ്മെ വളർത്തുന്നു: 'ഓ അത്ഭുതരഹസ്യം! എല്ലാവരുടേയും പിതാവേകൻ, വചനം ഒരുവൻ; കന്യകയും മാതാവുമായവളും ഒന്നു മാത്രം. അവളെ ഞാൻ സഭയെന്നു വിളിക്കാൻ ആഗ്രഹിക്കുന്നു. അവൾക്കു മാത്രം മുലപ്പാലില്ല; കാരണം, അവൾ മാത്രം സ്ത്രീയായി തീർന്നില്ല. എന്നാൽ അവൾ കന്യകയും അമ്മയുമാണ്. അവൾ കന്യകയെപ്പോലെ കളങ്കരഹിതയാണ്. അമ്മയെപ്പോലെ കാരുണ്യമുള്ളവളുമാണ്. മക്കളെ തന്റെ പക്കലേക്ക് മാടിവിളിച്ച് വചനമാകുന്ന പാൽ അവരെ കുടിപ്പിക്കുന്നു' (ഗുരു,1,6,42,1).

'അമ്മ കുഞ്ഞുങ്ങളെ തന്റെ പക്കലേക്ക് അടുപ്പിക്കുന്നു; നാം സഭയാകുന്ന അമ്മയെ തിരക്കുന്നു (ഗുരു, 1,5,21,1). സഭ ഗുരുവിന്റെ വധുവാണ്. യേശുക്രിസ്തു അധ്യാപകനായുള്ള കലാലയമാണ് സഭ (3,12,98,1). അവന്റെ കീഴിൽ ശിക്ഷണം ലഭിച്ച ബിരുദധാരികളേ, സഭയുടെ മുഖശോഭ നമ്മുടെ സാന്നിധ്യത്താൽ പൂർണമാക്കാം, പൈതങ്ങളെപ്പോലെ നല്ല അമ്മയുടെ പക്കലേക്ക് ഓടിയടുക്കാം' (3,12,98,1). സഭ പാഷണ്ഡതകളിൽ നിന്നു തികച്ചും വ്യത്യസ്തയാണ്. അവളിൽ ഐക്യം വസിക്കുന്നു. വിഷം കലർത്തിയ വെള്ളമാണ് അബദ്ധോപദേശം. സത്യത്തിന്റെ ഛായ ഉണ്ടെങ്കിലും അതിൽ സത്യമില്ല.

സത്യസഭ ഏകമാണ്. സഭയുടെ ഏകത്വവും പൂർണതയും കത്തോലിക്കാസഭയിൽ മാത്രമേയുള്ളൂ. അബദ്ധോപദേശകർ യൂദരുടേയും വിജാതിയരുടേയും സഭാപ്രവേശനത്തെ തടസ്സപ്പെടുത്തുന്നു. എന്നാൽ അത് ഗണ്യമാക്കാതെ, രക്ഷ പ്രാപിക്കാൻ ആഗ്രഹമുള്ളവരെല്ലാം സഭയിലേക്ക് ഓടിയടുക്കണം.

വേദപുസ്തകം ദൈവവചനമാണ്. അബദ്ധോപദേശകർ ദൈവവചനത്തെ മാറ്റിമറിക്കുന്നതുവഴി അനേകരെ വഴിതെറ്റിക്കുന്നു. അവർ ബൈബിളിലെ എല്ലാ പുസ്തകങ്ങളും ഉപയോഗിക്കുന്നില്ല. ഉദ്ധരിക്കുന്നതു തന്നെ ഭാഗികമായി മാത്രം. അതും സന്ദർഭത്തിൽനിന്നു മാറ്റി തങ്ങളുടെ ഇഷ്ടാനുസരണമത്രേ. സഭയിൽ മെത്രാന്മാർ, വൈദികർ, ശെമ്മാശ്ശന്മാർ എന്നു മൂന്നു സ്ഥാനങ്ങളാണുള്ളത് (സ്ട്രോമാറ്റ, 6,13-10). മാലാഖമാരുടെ ക്രമം പോലെയാണ് സഭയിലേതും. മാലാഖമാർ ദൈവസമക്ഷം നമ്മുടെ പ്രാർഥനകൾ എത്തിക്കുന്നു. അവർ നമ്മുടെ ഹൃദയവിചാരങ്ങൾ ഗ്രഹി

ക്കുന്നു. അവരുടെ ഗ്രഹണശക്തിക്കു ചിന്തപോലെ വേഗതയുണ്ട്. മാലാഖമാർ അരൂപികളാണ്.

**3. മാമോദീസാ**

മാമോദീസാ വീണ്ടുംജനനമാണ്: 'രക്ഷകനെ ശ്രവിക്കൂ ഈ ലോകത്തിൽ മരണത്തിനായി പിറന്ന നിങ്ങളെ ഞാൻ വീണ്ടും ജനിപ്പിച്ചു. നിങ്ങളെ ഞാൻ സ്വതന്ത്രരാക്കി. നിങ്ങളെ ഞാൻ സുഖപ്പെടുത്തി; നിങ്ങളെ ഞാൻ വീണ്ടെടുത്തു. അന്ത്യമില്ലാത്തതും നിത്യവും അതിസ്വാഭാവികവുമായ ജീവൻ നിങ്ങൾക്കു ഞാൻ തരും; നല്ല പിതാവായ ദൈവത്തിന്റെ മുഖം നിങ്ങളെ ഞാൻ കാണിക്കും; ഭൂമിയിൽ ആരെയും നിങ്ങൾ പിതാവെന്ന് വിളിക്കരുത്... നിങ്ങളെപ്രതി ഞാൻ മരണത്തോടു മല്ലിട്ടു; ദൈവസമക്ഷമുള്ള നിങ്ങളുടെ വിശ്വാസരാഹിത്യത്തിനും പാപത്തിനും നിങ്ങൾ അർഹിച്ച മരണത്തിനും ഞാൻ പലിശ കൊടുത്തു' (രക്ഷിക്കപ്പെടുന്ന ധനവാനാര്, 23,1). സ്നാനത്തെ മുദ്ര, പ്രകാശം, കുളി, പൂർണത, രഹസ്യം എന്നൊക്കെ ക്ലെമെന്റ് വിളിക്കുന്നു. മുദ്ര എന്ന് വിളിക്കുന്നത് പുരാതന സഭയിൽ സാധാരണമായിരുന്നു. ഉദാ. ക്ലെമെന്റിന്റെ പേരിൽ അറിയപ്പെടുന്ന രണ്ടാംലേഖനം, ഇടയൻ, തോമായുടെ നടപടി, അബേർചിയുസിന്റെ ശിലാലിഖിതം എന്നീ രേഖകളിൽ മുദ്ര എന്നു കാണുന്നു. പ്രകാശം എന്ന് ജസ്റ്റിനും മറ്റു പലരും പ്രയോഗിച്ചിട്ടുണ്ട്.

ദൈവം നവസൃഷ്ടിയുടെ ഈ കൂദാശയിൽ നമ്മെ തന്റെ മക്കളായി ദത്തെടുക്കുന്നു. ക്ലെമെന്റ് മാമോദീസായുടെ ഫലങ്ങൾ ഇപ്രകാരം വിവരിക്കുന്നു (ഗുരു,1,6,26): 'മാമോദീസാവഴി നാം പ്രകാശിതരാകുന്നു; പ്രകാശിതരായി നാം ദൈവമക്കളായി തീരുന്നു. ദൈവമക്കളാകുന്നതു മൂലം നാം പൂർണരാക്കപ്പെടുന്നു. പൂർണരാക്കപ്പെടുന്നതിനാൽ നാം അമർത്യരാക്കപ്പെടുന്നു. നിങ്ങൾ ദേവന്മാരും അത്യുന്നതന്റെ മക്കളുമാകുന്നു എന്നു ഞാൻ പറഞ്ഞു എന്ന് അവിടുന്ന് അരുളിച്ചെയ്യുന്നു (സങ്കീ.81:6). ഈ കർമം കൃപ, പ്രകാശിപ്പിക്കൽ, പൂർത്തീകരണം, കുളി എന്നൊക്കെ വിവിധ പേരുകളാൽ വിളിക്കപ്പെടുന്നു. ഇതിനാൽ നമ്മുടെ പാപങ്ങൾ കഴുകപ്പെടുന്നതിനാൽ കുളിയാണിത്, നമ്മുടെ അതിക്രമങ്ങൾ മൂലം കുന്നുകൂടുന്ന ശിക്ഷയ്ക്കു മാപ്പു കൊടുക്കലാകയാൽ കൃപയാണിത്; രക്ഷയുടെ വലിയ ദീപത്തെ ഇതുവഴി നാം ദർശിക്കുന്നതിനാൽ ഇതു പ്രകാശിപ്പിക്കലാണ്. അതായത് ഇതുവഴിയാണ് നാം വ്യക്തമായി ദൈവത്തെ കാണുന്നത്. ഇതിന് ഒന്നും ആവശ്യമില്ലാത്തതിനാൽ പൂർണത എന്നു നാം വിളിക്കുന്നു. ദൈവത്തെ അറിയുന്നവന് എന്താണ് ആവശ്യമായിരിക്കുന്നത്? പൂർണമല്ലാത്ത ഒന്നിനെ ദൈവദാനം എന്നു വിളിക്കുന്നത് വാസ്തവത്തിൽ രാക്ഷസതുല്യമാണ്.'

**4. കുർബാന**

വിജാതിയരുടെ രക്തബലികൾ ദൈവത്തെ സംബന്ധിച്ചുള്ള ക്രൈസ്തവാശയവുമായി യോജിച്ചു പോകാത്തതാണ്. അതു ദൈവത്തിനു സ്വീകാര്യമല്ല. ഗ്രീക്കു വിശ്വാസസംരക്ഷകരുടെ ശൈലിയിലാണ് ക്ലെമെന്റ് സംസാരിക്കുന്നത് (സ്ട്രോമാറ്റ,7,3,14-15). യൂദരുടേയും വിജാതിയരുടേയും അർത്ഥശൂന്യമായ രക്തബലികൾക്കു പകരം രക്തരഹിതമായ ആത്മീയ ബലിയെപ്പറ്റി ക്ലെമെന്റ് സംസാരിക്കുന്നു. 'ദൈവത്തിനു സ്വയം സമർപ്പിക്കുന്നതാണ് ഏറ്റവും സാരവത്തായ ബലി' എന്ന് അദ്ദേഹം കരുതുന്നു (7,6, 32). സഭയിലെ യഥാർഥ ബലിയെപ്പറ്റി അദ്ദേഹം ഒരിടത്തു പറയുന്നു. പാഷണ്ഡികളെപ്പറ്റി ചർച്ച ചെയ്യുമ്പോഴാണ് ഇക്കാര്യം വ്യക്തമാക്കുക; കുർബാനയ്ക്ക് ചിലർ അപ്പവും വെള്ളവും ഉപയോഗിക്കുന്നു. അതു സഭയുടെ കാനൻ അനുസരിച്ചല്ല. സഭാകാനൻ അനുസരിച്ച് അപ്പവും വീഞ്ഞുമാണ് വേണ്ടത്. മൽക്കീസദേക്ക് അർപ്പിച്ച അപ്പവീഞ്ഞുകൾ ഇതിന്റെ മുൻകുറിയായിരുന്നു (1,19,96;4,25). വി. കുർബാന ബലിയും വിശ്വാസികൾക്ക് ഭക്ഷണവുമാണ്. എന്നാൽ 'എന്റെ ശരീരം ഭക്ഷിക്കുക, എന്റെ രക്തം കുടിക്കുക' (യോഹ.5:53) എന്ന കർതൃവചനത്തിന് ഒരു രൂപകാർഥവും ക്ലെമെന്റ് നൽകുന്നു: 'ശരീരം രൂപകാർഥത്തിൽ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു. രക്തം നമുക്കു വചനത്തെ ചൂണ്ടിക്കാട്ടുന്നു. സമൃദ്ധമായ രക്തംപോലെ വചനം ജീവനിലേക്കു കലർത്തപ്പെടുന്നു. അവയുടെ രണ്ടിന്റേയും ഐക്യമാണ് ശിശുക്കളുടെ ഭക്ഷണമായ നാഥൻ-അരൂപിയും വചനവുമായ കർത്താവ്' (ഗുരു,1,6,42,3-43,2).

ക്രിസ്തുവിന്റെ ഭൗമികരക്തത്തേയും കുർബാനയിലെ രക്തത്തേയും ക്ലെമെന്റ് വേർതിരിക്കുന്നു: 'തന്റെ ഭൗമികരക്തം വഴി നാം രക്ഷിക്കപ്പെടുന്നു. ആത്മീയരക്തം വഴി നാം അഭിഷിക്തരായി. കർത്താവിന്റെ രക്തം കുടിക്കുക എന്നതിന്റെ അർത്ഥം കർത്താവിന്റെ അമർത്യതയിൽ ഭാഗഭാഗിത്വം ലഭിക്കുക എന്നതാണ്. വീഞ്ഞും വെള്ളവും കൂടിക്കലരുന്നതുപോലെ അരൂപി മനുഷ്യനുമായി ചേരുന്നു. കുർബാനസ്വീകരണം ആത്മശരീരങ്ങളെ വിശുദ്ധീകരിക്കുന്നു' (ഗുരു, 2,2,19,4-20,1).

**5. പാപവും പാപമോചനവും**

ദൈവത്തിൽനിന്ന് പ്രബോധനം സ്വീകരിക്കാൻ ആദാം കൂട്ടാക്കിയില്ല. അതാണ് ആദ്യപാപം. അതു മനുഷ്യകുലം മുഴുവനിലേക്കും വ്യാപിച്ചിരിക്കുന്നു. ജന്മംകൊണ്ടല്ല, പിന്നെയോ ഒന്നാമത്തെ മനുഷ്യന്റെ ദുർമാതൃക വഴി പിൻതലമുറകളിലേക്ക് അത് പടർന്നു പിടിക്കുന്നു. വ്യക്തിപരമായ കർമത്തിനു മാത്രമേ ആത്മാവിനെ കളങ്കപ്പെടുത്താൻ സാധിക്കൂ. പാപത്തിനുള്ള ശിക്ഷ ശുദ്ധീകരണത്തിനു വേണ്ടിയാണ് (ഗുരു,1,8,67). എന്നാൽ ഈ വ്യാഖ്യാനം നരകത്തിനു ബാധകമാണെന്ന് ഒരിടത്തും


www.malankaralibrary.com

ക്ലെമെന്റ് പറയുന്നില്ല. മാമോദീസാ സ്വീകരണത്തിൽ പാപമോചനമുണ്ട്. എന്നാൽ മനുഷ്യന്റെ ബലഹീനതയും ദൈവത്തിന്റെ ദയയും പരിഗണിക്കുമ്പോൾ രണ്ടാമത് ഒരനുതാപത്തിനു കൂടി സ്ഥാനമുണ്ട് (സ്ട്രോമാറ്റ, 2,13,56–57,4). ഹെർമാസും ഇപ്രകാരം പഠിപ്പിക്കുന്നു. എന്നാൽ മനഃപൂർവം ദൈവത്തിൽ നിന്ന് അകന്നുമാറുകയും അനുതപിക്കാതിരിക്കുകയും ചെയ്യുന്നവർക്കു മോചനത്തിനു സാധ്യതയില്ല.

**6. വിവാഹവും കന്യാത്വവും**

വിവാഹത്തെ താറടിച്ച ഗ്നോസ്റ്റിക് ചിന്താഗതിയെ ക്ലെമെന്റ് ശക്തിയായി അപലപിക്കുന്നു. വിവാഹമേ പാടില്ലെന്ന് പഠിപ്പിച്ച പാഷണ്ഡികൾക്കെതിരെ വിവാഹത്തിന്റെ ഔന്നത്യം അദ്ദേഹം ഉയർത്തിക്കാട്ടി. രാജ്യത്തിന്റെ ശ്രേയസ്സും ലോകപുരോഗതിയും സന്താനലാഭവും പരിഗണിക്കുമ്പോൾ എല്ലാവരും വിവാഹം കഴിക്കണമെന്നാണ് അദ്ദേഹം പറയുന്നത്: 'രാജ്യസ്നേഹികളായ എല്ലാവരുടേയും കടമയാണ് കുഞ്ഞുങ്ങളെ ജനിപ്പിക്കുക എന്നുള്ളത്. സ്രഷ്ടാവിന്റെ സൃഷ്ടികർമത്തിൽ പങ്കെടുക്കുന്ന ഈ കർമം ശ്രേഷ്ഠമാണ്' (ഗുരു,2,10,83,2). സന്താനങ്ങളെ ജനിപ്പിക്കുക മാത്രമല്ല, പരസ്പര സ്നേഹവും പരസ്പര സഹായവും വിവാഹത്തിന്റെ ലക്ഷ്യങ്ങളാണ്. ഒരിടത്ത് അദ്ദേഹം പറയുന്നു: 'രണ്ടോ മൂന്നോ പേർ ക്രിസ്തുവിന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ അവരുടെ മധ്യേ താനുണ്ട് എന്നു പറഞ്ഞിരിക്കുന്നത് ആരെപ്പറ്റിയാണ്? പുരുഷനും സ്ത്രീയും ശിശുവും അല്ലേ അവർ? കാരണം, പുരുഷനെയും സ്ത്രീയെയും യോജിപ്പിക്കുന്നത് ദൈവമാണ്.' ലൈംഗിക ബന്ധത്തേക്കാൾ ഉപരിസ്ഥമായ തലത്തിലത്രേ അദ്ദേഹം വിവാഹത്തെ കാണുന്നത്. ആത്മീയവും മതപരവുമായ ഒരു ഐക്യമാണിത്. വിവാഹജീവിതം തികച്ചും പാവനമാണെന്ന് അദ്ദേഹം സാക്ഷിക്കുന്നു (സ്ട്രോമാറ്റ,3,12,84). മരണംപോലും പുരുഷനേയും സ്ത്രീയേയും പൂർണമായി വേർതിരിക്കുന്നില്ല. അക്കാരണത്താൽ രണ്ടാം വിവാഹത്തിന് അദ്ദേഹം അനുവാദം നൽകുന്നില്ല (3,12,82).

വിവാഹത്തെപ്പറ്റി ഇത്ര ഉന്നതചിന്തകൾ പുലർത്തിയിരുന്നെങ്കിലും, കർത്താവിനോടുള്ള സ്നേഹം നിമിത്തം ക്ലെമെന്റ് അവിവാഹിതനായി ജീവിച്ചു (3,7,59). 'നാം കന്യാത്വത്തേയും ദൈവത്തിൽ നിന്ന് അതു ലഭിച്ചവരേയും പുകഴ്ത്തുന്നു' എന്ന് അദ്ദേഹം ഇടയ്ക്കിടെ പറയാറുണ്ടായിരുന്നു. (3,1,4). 'കർതൃശുശ്രൂഷയ്ക്കു വേണ്ടി ഏകനായി കഴിയുന്നയാൾ തീർച്ചയായും സ്വർഗീയമഹത്വം പ്രാപിക്കും' (3, 12, 82). എന്നാൽ 'വിവാഹജീവിതം നയിക്കുന്ന ആളെയും ഏകനായി ജീവിക്കുന്ന ആളെയും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ, വിവാഹിതൻ തന്നെയാണ് ശ്രേഷ്ഠൻ' എന്ന ചിന്തയാണ് അദ്ദേഹത്തിനുള്ളത് (7, 12,70).

അധ്യായം 19

# ഒരിജൻ (+253)

ഒരിജൻ ക്രൈസ്തവ മാതാപിതാക്കളിൽനിന്ന് അലക്സാണ്ഡ്രിയായിൽ പിറന്നു. കുടുംബത്തിലെ മൂത്ത സന്താനമായിരുന്ന ഒരിജന് ബൈബിളിലും ശാസ്ത്രവിഷയങ്ങളിലും ശിക്ഷണം ലഭിക്കുന്നതിൽ പിതാവായ ലെയോണിദാസ് ശ്രദ്ധിച്ചിരുന്നു. സെവേരൂസിന്റെ മതമർദനത്തിൽ (202-ൽ) ലെയോണിദാസ് രക്തസാക്ഷിയായി. പിതാവിനെ പോലെ രക്തസാക്ഷിയാകാൻ ഒരിജനും വെമ്പൽ പൂണ്ടു. എന്നാൽ ഒരിജന്റെ അമ്മ തടഞ്ഞുകളഞ്ഞു. സർക്കാർ അവരുടെ വസ്തുവകകൾ കണ്ടുകെട്ടി. പിന്നീട് അധ്യാപകവൃത്തി വഴി കുടുംബം പുലർത്തി; പതിനെട്ടാം വയസ്സിൽ അദ്ദേഹം അലക്സാണ്ഡ്രിയൻ വിദ്യാപാഠശാലയുടെ പ്രധാനാധ്യാപകനായി.

അലക്സാണ്ഡ്രിയൻ കലാലയം കീർത്തിയുടെ പാരമ്യത്തിലെത്തിയത് അദ്ദേഹത്തിന്റെ കാലത്താണ്. ക്ലെമെന്റിന്റെ പിൻഗാമിയായി അദ്ദേഹം കലാലയത്തിന്റെ ചുമതല ഏറ്റെടുത്തു. വളരെക്കാലം അവിടെ നേതൃത്വം നൽകി. പ്രഗത്ഭനായൊരധ്യാപകൻ, ആദിമസഭയിലെ പ്രശസ്തനായൊരു പണ്ഡിതൻ, കറതീർന്ന വ്യക്തിത്വത്തിന്റെ ഉടമ, ഒരു വിശ്വവിജ്ഞാനകോശം, ലോകം കണ്ടിട്ടുള്ള ബുദ്ധിരാക്ഷസന്മാരിൽ ഒരുവൻ - ഇതൊക്കെയായിരുന്നു ഒരിജൻ. എവുസേബിയസ് തന്റെ സഭാചരിത്രം ആറാം പുസ്തകത്തിന്റെ അധികപങ്കും ഒരിജനുവേണ്ടി നീക്കിവച്ചു. അത്ഭുതപ്രവർത്തകനായ വി. ഗ്രിഗോറിയസ് പലസ്തീനയിലെ കലാലയത്തിൽ നിന്ന് ഒരിജനെ വേർപിരിഞ്ഞ അവസരം ചെയ്ത പ്രസംഗത്തിൽ നിന്ന് അദ്ദേഹത്തെപ്പറ്റി വളരെയധികം നമുക്കു ഗ്രഹിക്കാനാവും.

എവുസേബിയസിന് ഒരിജനെ വലിയ മതിപ്പായിരുന്നു. 'അദ്ദേഹത്തിന്റെ വാക്കു പോലെയായിരുന്നു ജീവിതവും; ജീവിതം പോലെ വാക്കും. ഇക്കാരണത്താൽ ദിവ്യശക്തിയുടെ സഹകരണത്തോടെ അനേകരെ തന്റെ തീക്ഷ്ണതയിൽ അദ്ദേഹം പങ്കുകാരനാക്കി' (സഭാ,6,3,7). അവനെ 'ഉരുക്കു മനുഷ്യൻ' എന്നാണ് എവുസേബിയസ് വിളിക്കുന്നത്: 'ഏറ്റവും താത്വിക

മായ രീതിയിലത്രേ അദ്ദേഹം ജീവിച്ചിരുന്നത്. ചിലപ്പോൾ ഉപവാസത്തിൽ ആയിരിക്കാം അദ്ദേഹം സ്വയം പരിശീലിപ്പിക്കുന്നത്; മറ്റുചിലപ്പോൾ ജാഗരണത്തിലായിരിക്കാം. അദ്ദേഹം തറയിലല്ലാതെ ഒരിക്കലും കട്ടിലിൽ കിടന്നിട്ടില്ല. രണ്ടു വസ്ത്രങ്ങളോ, രണ്ടുജോഡി ചെരുപ്പുകളോ പാടില്ല, ഭാവിയെപ്പറ്റിയുള്ള ചിന്തയാൽ ആകുലചിത്തരാകേണ്ട എന്നു തുടങ്ങിയ കർതൃപ്രബോധനങ്ങൾ ശരിയായി പാലിക്കണമെന്ന് അദ്ദേഹത്തിന് നിഷ്കർഷയുണ്ടായിരുന്നു' (6,3,9–10).

അധ്യാപകൻ എന്ന നിലയിൽ ഒരിജന്റെ ജീവിതത്തെ രണ്ടായി തിരിക്കാം: ഒന്നാം ഭാഗം അലക്സാണ്ഡ്രിയായിൽ (230–231); രണ്ടാം ഭാഗം കേസറിയായിൽ (231–253). കീർത്തിയിൽ നിന്നു പ്രശസ്തിയിലേക്കും, പ്രശസ്തിയിൽനിന്നു പെരുമയിലേക്കും, പെരുമയിൽനിന്നു ഉന്നതിയിലേക്കു മുള്ള കുതിച്ചു കയറ്റമായിരുന്നു അത്. ഗ്രീക്ക് തത്വചിന്ത, താത്വിക ദൈവശാസ്ത്രം, ഡയലെക്റ്റിക്സ്, ഫിസിക്സ്, കണക്ക്, ഭൂമിശാസ്ത്രം, വാനശാസ്ത്രം എന്നിവയുടെ പ്രാരംഭ പാഠങ്ങളായിരുന്നു അദ്ദേഹം ആദ്യം പഠിപ്പിച്ചിരുന്നത്. എന്നാൽ കുറേ കഴിഞ്ഞപ്പോൾ പ്രാരംഭപാഠങ്ങളെല്ലാം ശിഷ്യനായ ഹെരാക്ലസിനെ ഏല്പ്പിച്ചിട്ട്, കുറേക്കൂടി ഗൗരവമേറിയ വിഷയങ്ങൾ അദ്ദേഹം കൈകാര്യം ചെയ്തു. തന്റെ തിരക്കേറിയ ജീവിതത്തിനിടയിലും നെയോ പ്ലറ്റോണിക് താത്വികനായ അമ്മോണിയൂസ് സാക്കാസിന്റെ പ്രസംഗങ്ങൾ കേൾക്കാൻ അദ്ദേഹം പതിവായി പൊയ്ക്കൊണ്ടിരുന്നു എന്നു പറയപ്പെടുന്നു.

ഒരിജൻ അനേകം യാത്രകൾ ചെയ്തിട്ടുണ്ട്. 'അതിപ്രാചീനമായ റോമാ സഭയെ കാണാൻ'212–ൽ അദ്ദേഹം റോമിലേക്കു പോയി (സഭാ.6,14,10). ഇതു സെഫറീനുസ് പാപ്പായുടെ കാലത്താണ്. അവിടെവച്ച് ഹിപ്പോളിറ്റസിനെ കാണാനും പരിചയപ്പെടാനും സാധിച്ചു. 215–ൽ അദ്ദേഹത്തെ നാം അറേബ്യയിൽ കാണുന്നു. റോമൻ ഗവർണർക്ക് ഉപദേശം നൽകാനാണ് പോയത്. പിന്നൊരിക്കൽ അന്ത്യോക്യയിലെ രാജസദസിൽ രാജമാതാ ജൂലിയാ മാമെയായോടു പ്രസംഗിക്കുന്നതായി കാണുന്നു.

കരക്കള്ള ചക്രവർത്തി 216–ൽ മതപീഡനം നടത്തിയപ്പോൾ പലസ്തീനയിലേക്കു പോകാൻ ഒരിജൻ തീരുമാനിച്ചു. കേസറിയാ, ജറുസലേം, മറ്റു പലസ്തീനിയൻ നഗരങ്ങൾ എന്നിവിടങ്ങളിലെ മെത്രാന്മാർ അദ്ദേഹത്തെ പ്രസംഗിക്കാൻ ക്ഷണിച്ചു. അദ്ദേഹം പ്രസംഗങ്ങൾ നടത്തി. ഒരു വൈദികൻ അല്ലാതിരിക്കെ മെത്രാന്മാരുടെ സന്നിധിയിൽ പ്രസംഗിച്ചതിനെ അലക്സാണ്ഡ്രിയൻ മെത്രാൻ ദെമെത്രിയൂസ് എതിർത്തു. ഒരിജനെ ഉടനെ തിരികെ വിളിച്ചു. അദ്ദേഹം അത് അനുസരിക്കുകയും ചെയ്തു. 15 വർഷങ്ങൾക്കുശേഷം ഗ്രീസിലേക്ക് പോയ വഴി കേസറിയായിൽ വച്ച് ജറുസലേം മെത്രാൻ അലക്സാണ്ടറും കേസറിയാ മെത്രാൻ തെയോക്റ്റിറ്റസും

ചേർന്ന് അദ്ദേഹത്തിന് വൈദികപട്ടം നല്കി. ഇത് ദെമെത്രിയൂസിനെ രോഷാകുലനാക്കി. കാരണം, ഒരിജൻ 202/3-ൽ മത്തായി 19:12-നെ വാച്യാർഥത്തിലെടുത്ത് സ്വയം ഷണ്ഡനാക്കിയിരുന്നു. അപ്രകാരമുള്ള യാളിന് സഭാനിയമം അനുസരിച്ചു പട്ടം നൽകാൻ പാടില്ലെന്നു ദെമെത്രിയൂസ് വാദിച്ചു. ഒരിജന്റെ പ്രശസ്തി കണ്ട് മെത്രാൻ മാനുഷിക ബലഹീനതകൾക്ക് കീഴ്പ്പെട്ടു പോകയാണ് ചെയ്തത്. (എവു.സഭാ. 6,8,4). ദെമെത്രിയൂസ് ഒരു സിനഡ് വിളിച്ചുകൂട്ടി അദ്ദേഹത്തെ അലക്സാണ്ഡ്രിയൻ സഭയിൽനിന്നു പുറത്താക്കി. മറ്റൊരു സിനഡ് (231) അദ്ദേഹത്തിന്റെ പട്ടവും എടുത്തു കളഞ്ഞു. ഉടനെ ഒരിജൻ അവിടം വിട്ടുപോയി. ദെമെത്രിയൂസ് മരിച്ചപ്പോൾ (232) ഒരിജൻ അലക്സാണ്ഡ്രിയായിലെത്തി. എന്നാൽ ശിഷ്യനും പിൻഗാമിയുമായ ഹെരാക്ലസ് മുടക്കാവർത്തിച്ചു.

ഇനിയും ജീവിതത്തിന്റെ രണ്ടാം ഭാഗത്തേക്കു കടക്കാം: ഒരിജൻ അലക്സാണ്ഡ്രിയാ വിട്ടു കേസറിയായിലെത്തി. അവിടുത്തെ മെത്രാൻ അലക്സാണ്ഡ്രിയൻ മുടക്കുകൾ അവഗണിച്ച് ഒരിജനെ സ്വീകരിച്ചു. ഒരു വിദ്യാപാഠശാല തുടങ്ങാൻ അനുവദിച്ചു. അവിടെ 20 വർഷം അദ്ദേഹം അധ്യാപകനായിരുന്നു. ഈ പാഠശാലയിൽ വച്ചാണ് അത്ഭുതപ്രവർത്തക നായ ഗ്രിഗോറിയോസ് ഒരിജനെ സ്തുതിച്ചു പ്രസംഗിച്ചത്. അലക്സാണ്ഡ്രിയൻ വിദ്യാപീഠംപോലെ ഇതും പ്രശസ്തിയിലേക്ക് ഉയർന്നു. അറേബ്യയിൽ ഉടലെടുത്ത അബദ്ധോപദേശകരെ മാനസാന്തരപ്പെടുത്താൻ 244-ൽ അദ്ദേഹം അവിടേക്കു പോയി (എവു.സഭാ.6.33). ടയറിൽ വച്ച് 69-ാം വയസിൽ (253-ൽ) മതപീഡനം സഹിച്ച് അദ്ദേഹം മരിച്ചു.

ക്രിസ്തുവിനു വേണ്ടി അദ്ദേഹം സഹിച്ച പീഡനങ്ങളെപ്പറ്റി എവുസേബിയസ് വിവരിക്കുന്നു (സഭാ.6:39,5). ജീവിതകാലത്തും മരണശേഷവും അദ്ദേഹം വിരുദ്ധതയുടെ അടയാളമായിരുന്നു. ഈ കാര്യത്തിൽ അദ്ദേഹം ക്രൂശിതനെ പൂർണമായി അനുകരിച്ചു. ഇത്രയും സ്നേഹിതരും ഇത്രയും ശത്രുക്കളും ഉണ്ടായിരുന്ന ഒരാളും ഉണ്ടായിട്ടില്ല. എപ്പോഴും സത്യവിശ്വാസി ആയിരിക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ തീവ്രാഭിലാഷം. 'സഭാപരവും ശ്ലൈഹികവുമായ പാരമ്പര്യത്തിൽ നിന്ന് വ്യത്യാസമില്ലാത്തതു മാത്രമേ സത്യമായി അംഗികരിക്കാവൂ' എന്ന് അദ്ദേഹം തന്റെ പ്രധാന കൃതിയുടെ ആമുഖത്തിൽ പറയുന്നു (ആദ്യതത്വങ്ങൾ, ആമുഖം,2). അതനുസരിച്ചു ജീവിക്കുവാൻ ശ്രമിച്ചു; സ്വന്ത രക്തംകൊണ്ട് അതുറപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ക്ലെമെന്റിന് ഗ്രീക്കു തത്വചിന്തയോട് ഉണ്ടായിരുന്നത്ര ആഭിമുഖ്യം ഒരിജനില്ലായിരുന്നു. ഗ്രീക്കുതത്വചിന്ത ക്രിസ്തുവിലേക്കുള്ള വഴികാട്ടിയാണെന്നും അദ്ദേഹം ഏറ്റുപാടിയില്ല: 'തത്വശാസ്ത്രം പ്രാരംഭപഠനം മാത്രം;

വി. ഗ്രന്ഥപഠനമത്രേ പ്രധാനം എന്നാൽ പ്ലറ്റോണിക് തത്വചിന്തയെ സ്നേഹിച്ച ഒരിജൻ അതിന്റെ സ്വാധീനം ദൈവശാസ്ത്രത്തിലേക്കു കടത്തിവിട്ടു. ഒരിജൻ മരിച്ചയുടനെ തർക്കങ്ങളുയർന്നു. 300, 400, 550 എന്നീ വർഷങ്ങളിൽ വലിയ വാഗ്വാദങ്ങളുണ്ടായി. ആദ്യം ഫിലിപ്പിയിലെ മെത്തോഡിയസും അലക്സാണ്ഡ്രിയായിലെ പീറ്ററും ഒരിജനെ എതിർത്തു. അന്നു കേസറിയായിലെ പംഫീലസ് ഒരിജന്റെ വക്താവായിരുന്നു. 400-ൽ സലാമിസിലെ എപ്പിഫാനിയസും അലക്സാണ്ഡ്രിയായിലെ തെയോഫിലസും എതിർത്തു.

## കൃതികൾ

ഒരിജന്റെ മരണശേഷം ഉടലെടുത്ത കോലാഹലങ്ങൾ അനേകം കൃതികൾ നശിക്കാനിടയാക്കി. ശേഷിച്ചവ പലതും ലത്തീൻ വിവർത്തനങ്ങളിൽ മാത്രമേ കിട്ടിയിട്ടുള്ളു. എവുസേബിയസ് ഒരു സമ്പൂർണ പട്ടിക തയ്യാറാക്കിയെങ്കിലും അതു കണ്ടെടുത്തിട്ടില്ല. ഈ പട്ടിക ഉപയോഗിച്ച് ജറോം പറയുന്നത് ഒരിജൻ 2000 കൃതികൾ എഴുതിയിട്ടുണ്ടെന്നാണ് (റുഫീനസിനെതിരെ, 2,22). മൊത്തം 6000-ഓളം വരുമെന്നാണ് എപ്പിഫാനിയസ് പറയുന്നത് (പാഷ.64,63). പൗളാ എന്ന ശിഷ്യയ്ക്ക് ജറോം അയച്ച കത്തിൽ നിന്ന് 800 കൃതികളുടെ പേരുകൾ നമുക്കറിയാം (ലേഖനം, 33). ഒരിജനെ സഹായിക്കാൻ പണക്കാരായ പല സ്നേഹിതരും ഉണ്ടായിരുന്നു. ഒരേസമയം ഏഴിലേറെ ചുരുക്കെഴുത്തുകാർ അദ്ദേഹത്തിന്റെ അടുത്ത് ഉണ്ടായിരുന്നു. ചുരുക്കി എഴുതുന്നവരും, പകർത്തി എഴുതുന്നവരുമായി അനേകം സ്ത്രീപുരുഷന്മാർ അദ്ദേഹത്തിന് ഉണ്ടായിരുന്നു (എവു.സഭാ.6,23,1-2). അദ്ദേഹത്തിന്റെ കൃതികളെ അഞ്ചായി തിരിക്കാം: 1. ഹെക്സപ്ലാ. 2. ഭാഷ്യകൃതികൾ. 3. വിശ്വാസസമർഥന കൃതികൾ. 4. താത്വിക കൃതികൾ. 5. പ്രായോഗിക കൃതികൾ.

### (1) ഹെക്സപ്ലാ

ഗ്രീക്കു പഴയനിയമത്തിന് ഒരു വിമർശന പതിപ്പ് (*ക്രിട്ടിക്കൽ ടെക്സ്റ്റ്*) ഉണ്ടാക്കാൻ ആദ്യമായി പരിശ്രമിച്ചത് ഒരിജനാണ്. 'ഹെക്സപ്ലാ' എന്നാണ് കൃതിയുടെ പേര്. അദ്ദേഹം തന്റെ ജീവിതം മുഴുവൻ ഇതിനായി ചിലവഴിച്ചു. അത്ര ബൃഹത്തായ ജോലിയായിരുന്നത്. ആറ് സമാന്തര കോളങ്ങളുണ്ടാക്കി: ഹീബ്രൂ ടെക്സ്റ്റ് ഹീബ്രൂ അക്ഷരത്തിൽ, ഹീബ്രൂടെക്സ്റ്റ് ഗ്രീക്കക്ഷരത്തിൽ, യൂദനായ അക്വിലായുടെ ഗ്രീക്കുവിവർത്തനം, മറ്റൊരു യൂദനായ സിമ്മാക്കുസിന്റെ ഗ്രീക്കുവിവർത്തനം, സെപ്ത്വജിന്ത് വിവർത്തനം, യൂദനായ തിയഡോഷ്യന്റെ ഗ്രീക്കുവിവർത്തനം എന്നിങ്ങനെ ആറു കോളങ്ങളിൽ നിരത്തിയെഴുതി. സെപ്ത്വജിന്തിന്റെ ക്രിട്ടിക്കൽ ടെക്സ്റ്റ് നിർണയിക്കാൻ വേണ്ടിയായിരുന്നിത്. അഞ്ചാം കോളത്തിലാണ് 'ക്രിട്ടിക്കൽ ടെക്സ്റ്റ്'

നിർണയിച്ചത്. അതായത് 'സെപ്ത്വജിന്തിൽ' ഹീബ്രൂമൂലവുമായുള്ള ബന്ധം, വ്യത്യാസം എന്നിവയെല്ലാം അതിൽ രേഖപ്പെടുത്തി. + (ഒബേലുസ്) കൂട്ടിച്ചേർക്കലിനെ കുറിക്കുന്നു. * മറ്റു പതിപ്പുകളിൽനിന്ന് (കൂടുതലും തിയഡോഷ്യന്റെ പതിപ്പിൽ നിന്ന്) എടുത്ത് സെപ്ത്വജിന്തിലെ കുറവു നികത്തുന്നതിനെ കുറിക്കുന്നു. തത്തുല്യമായ ഹീബ്രൂമൂലം ഇല്ലാത്ത ഭാഗങ്ങൾക്കു ഗ്രീക്കു മാത്രമുള്ള ടെട്രപ്ലായും (മുന്നുകോളം), ചില സങ്കീർത്തനങ്ങൾക്കു കൂടുതൽ കോളങ്ങളുള്ള 'എന്നെയപ്ലായും' (ഒൻപതു കോളം) അദ്ദേഹം തയാറാക്കി. ഈ ബൃഹത്തായ കൃതിയുടെ ചില ഭാഗങ്ങൾ മാത്രമേ കിട്ടിയിട്ടുള്ളൂ. പഴയനിയമത്തിനു മുഴുവൻ ക്രിട്ടിക്കൽ ടെക്സ്റ്റ് ഉണ്ടാക്കിയോ എന്ന് ചിലർ സംശയിക്കുന്നു. വളരെക്കാലം ഈ കൃതി കേസറിയായിലെ ഗ്രന്ഥശേഖരത്തിൽ ഉണ്ടായിരുന്നു.

**(2) ഭാഷ്യകൃതികൾ**

ഒരിജൻ വി. ഗ്രന്ഥത്തിന് മൂന്നുതരം ഭാഷ്യങ്ങൾ ഉണ്ടാക്കി: 1. സ്കോളിയ. 2. ഹൊമിലിയ. 3. തോമോയ്.

1. സ്കോളിയാ: ബൈബിളിലെ വളരെ പ്രയാസമുള്ള ഭാഗങ്ങളുടെ ചുരുങ്ങിയ വിശദീകരണമാണ് സ്കോളിയാ. അത്തരം ധാരാളം സ്കോളിയാകൾ അദ്ദേഹം എഴുതിയിട്ടുണ്ട്. പുറപ്പാട്, ലേവ്യ, ഏശായാ, സങ്കീ.1-15, സഭാപ്രസംഗി, യോഹന്നാന്റെ സുവിശേഷം എന്നിവയ്ക്ക് സ്കോളിയാ എഴുതി. (ജറോം, ലേഖനം, 33).

2. ഹൊമിലിയാ: ചില അധ്യായങ്ങളേയോ, വാക്യങ്ങളേയോ സംബന്ധിച്ച് ആരാധനക്രമത്തിനിടയിൽ ചെയ്ത പ്രസംഗങ്ങളാണിവ; മിക്കവാറും സുവിശേഷ വായനയ്ക്കു ശേഷമുള്ള പ്രസംഗങ്ങൾ. അത്തരം 574 ഹൊമിലികളിൽ ഗ്രീക്കു മൂലത്തിൽ 20 എണ്ണമേ കിട്ടിയിട്ടുള്ളൂ. 388 എണ്ണത്തിനു ലത്തീൻ വിവർത്തനം പോലുമില്ല. ഒരിജൻ എല്ലാ ബുധനാഴ്ചയും വെള്ളിയാഴ്ചയും പ്രസംഗിച്ചിരുന്നെന്ന് സൊക്രാട്ടസ് പറയുന്നു, (സഭാ.5,22). ഒരിജൻ മിക്കവാറും എല്ലാദിവസവും പ്രസംഗിച്ചിരുന്നെന്ന് പംഫീലസ് പറയുന്നു. ഹോമിലികൾ സാധാരണക്കാരെ ഉദ്ദേശിച്ചാണ്. അവയ്ക്ക് സംസാരശൈലിയാണ്.

3. തോമോയ്: ശാസ്ത്രീയപ്രതിപാദനങ്ങളാണ് തോമോയ്. ശബ്ദശാസ്ത്രം സംബന്ധിച്ചും മൂലപാഠത്തെ സംബന്ധിച്ചും നിരുക്തി സംബന്ധിച്ചുമുള്ള വിശദീകരണങ്ങളും, ചരിത്രപരവും ദൈവശാസ്ത്ര പരവും താത്വികവുമായ വ്യാഖ്യാനങ്ങളും ഇതിൽപ്പെടുന്നു. അല്ലെഗോറിക്കൽ രീതി ഉപയോഗിച്ച് ആന്തരികാർഥത്തിലേക്ക് ഒരിജൻ ഇറങ്ങിച്ചെല്ലുന്നു. വാച്യാർഥത്തിന് തീരെ പ്രസക്തിയില്ലെന്നു പറയാനാവില്ല. എന്നാൽ ഇത്തരം ഭാഷ്യങ്ങളിൽ ഒന്നുപോലും പൂർണമായി കിട്ടിയിട്ടില്ല. മത്തായി

യുടെ സുവിശേഷത്തിന്റെ വ്യാഖ്യാനം, യോഹന്നാന്റെ സുവിശേഷത്തിന്റെ വ്യാഖ്യാനം, ലൂക്കാഭാഷ്യം, റോമാലേഖനഭാഷ്യം എന്നിവയുടെ കുറേ ഭാഗങ്ങൾ കിട്ടിയിട്ടുണ്ട്. ഉത്തമഗീതത്തിന് ഒരിജൻ ചമച്ച വ്യാഖ്യാനമത്രേ ഏറ്റവും മനോഹരം എന്നാണ് ജറോമിന്റെ അഭിപ്രായം.[35] ഉൽപ്പത്തി പുസ്തകത്തിന് 13 ഗ്രന്ഥങ്ങളിലായും ഏശായായ്ക്ക് 30 ഗ്രന്ഥങ്ങളിലായും അദ്ദേഹം ഭാഷ്യങ്ങൾ എഴുതി (സഭാ.6,24, 2). 291 ഭാഷ്യങ്ങളിൽ 275-ഉം ഗ്രീക്കിൽ നഷ്ടപ്പെട്ടു. വളരെക്കുറച്ച് കൃതികളുടെ ലത്തീൻ വിവർത്തനങ്ങളുണ്ട്. (ഒരിജന്റെ മൂന്നു ഗ്രന്ഥങ്ങളുടെ മലയാളവിവർത്തനത്തിന്: ജി.ചേടിയത്ത്, *ഉത്തമഗീതഭാഷ്യം,* കോട്ടയം,1986; *യോഹന്നാന്റെ സുവിശേഷം-ഒരിജന്റെ ഭാഷ്യം,* തിരുവനന്തപുരം, 2005; *ഒരിജൻ-ലൂക്കാഭാഷ്യം*, തിരുവനന്തപുരം, 2005).

### (3) വിശ്വാസസമർഥന കൃതികൾ

ഏറ്റവും പ്രധാനപ്പെട്ട അപ്പോളജെറ്റിക്കൽ കൃതി ചെൽസൂസിനെതിരെ (*കത്ത കെൽസു- കോന്ത്രാ ചെൽസും*) എന്ന കൃതിയാണ്. ചെൽസൂസിന്റെ 'സത്യവചനം' (*അലേഥേസ് ലോഗോസ്*) എന്ന കൃതിയുടെ ഖണ്ഡനമാണിത്. എട്ടു പുസ്തകങ്ങളായിട്ടാണ് അദ്ദേഹമിത് പ്രസിദ്ധീകരിച്ചത്. ചെൽസൂസ് ക്രിസ്ത്യാനികൾ ക്കെതിരെ 178-ൽ എഴുതിയ കൃതി ലഭിച്ചിട്ടില്ല. എന്നാൽ ഒരിജന്റെ കൃതിയിൽ നിന്ന് ചെൽസൂസിന്റെ കൃതിയെപ്പറ്റി നമുക്കു ഗ്രഹിക്കാം. ഒരിജന്റെ കൃതിയുടെ നാലിൽ മൂന്നു ഭാഗവും ചെൽസൂസിന്റെ കൃതിയിൽ നിന്നുള്ള ഉദ്ധരണികളാണ്: സഭയിൽനിന്ന് ആളുകളെ പേഗനിസത്തിലേക്ക് തിരികെ കൊണ്ടുപോകാൻ ചെൽസൂസ് പരിശ്രമിച്ചു. അയാൾ സഭയെപ്പറ്റി കുറേയൊക്കെ പഠിച്ചു; അതിനുശേഷം വി. ഗ്രന്ഥവും ഗ്നോസ്റ്റിസിസവും പഠിച്ചു. ആദ്യം ഒരു യൂദന്റെ വീക്ഷണത്തിൽ നിന്നുകൊണ്ട് സഭയെ ആക്രമിക്കുന്നു. പിന്നീട് യൂദമതത്തെയും ക്രിസ്തുമതത്തെയും തകർത്തു തരിപ്പണമാക്കുന്നതിന് പ്ലറ്റോണിക് താത്വികന്റെ വേഷമണിഞ്ഞ് രംഗപ്രവേശം ചെയ്യുന്നു. ഗ്രീക്കു തത്വചിന്തയും ഗ്രീക്ക് ആരാധനാരീതിയുമാണ് ക്രിസ്ത്യാനികളുടേതിനേക്കാൾ ശ്രേഷ്ഠമെന്ന് പറഞ്ഞുകൊണ്ട് അയാൾ സഭയെ ആക്രമിക്കുന്നു.

എന്നാൽ ആ ഗ്രന്ഥം ശ്രോതാക്കളിൽ ഒരു പ്രതികരണവും ഉണ്ടാക്കിയില്ല. ഒരിജൻ തന്നെ ഇതേപ്പറ്റി കേൾക്കാനിടയായത് തന്റെ സ്നേഹിതനായ അംബ്രോസ് പറഞ്ഞപ്പോഴാണ്. ആദ്യം ഒരിജൻ മറുപടി എഴുതാൻ മടിച്ചു. 'നമ്മുടെ രക്ഷകനും കർത്താവുമായ യേശുക്രിസ്തുവിനെതിരെ കള്ളസാക്ഷികൾ രംഗത്തു വന്നപ്പോൾ അവിടുന്ന് മൗനമായി നിന്നതേയുള്ളൂ. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടപ്പോഴും അവിടുന്ന് മറുപടി പറഞ്ഞില്ല. യഹൂദരുടെ ഇടയിലെ തന്റെ ജീവിതം ശ്രേഷ്ഠമായ മറുപടിയായിരുന്നു. പിന്നെന്തിനു സുഹൃത്തേ, നീ എന്നെ

www.malankaralibrary.com

നിർബന്ധിക്കുന്നു?' എന്നാണ് ഒരിജൻ ചോദിക്കുന്നത് (ചെൽസൂസിനെതിരെ, ആമുഖം, 1) ഏതായാലും മറുപടിയെഴുതാൻ ഒരിജൻ നിർബന്ധിതനായി. 'വിശ്വാസത്തിൽ ശിശുക്കളായവരെ ഉദ്ദേശിച്ച്, അവർ ഇളകിപ്പോകാതിരിക്കാനാണ് ഇതെഴുതുന്നത്' എന്ന് പ്രസ്താവിച്ചുകൊണ്ട് ചെൽസൂസിനെതിരെ അറുപതുകളിൽ തൂലികയെടുത്തു. ആ തൂലികയിൽ നിന്ന് മഷി കുടുകുടെ ചാടി. ആ മഷിയിൽ ചെൽസൂസിന്റെ *സത്യവചനം* നനഞ്ഞലിഞ്ഞുപോയി (എവു.സഭാ.6, 36.1).[36]

## (4) താത്വിക കൃതികൾ

1. ആദ്യതത്വങ്ങൾ. 2. ഹെരാക്ലിദെസുമായുള്ള ചർച്ച. 3. ഉയർപ്പിനെക്കുറിച്ച്. 4. കയറ്റുപായ് (സ്ട്രോമാറ്റ).

### 1. ആദ്യതത്വങ്ങൾ (പെരി ആർക്കോൻ)[37]

ഒരിജന്റെ ഏറ്റവും പ്രധാനപ്പെട്ട കൃതിയാണിത്. അലക്സാണ്ഡ്രിയായിൽ വച്ച് 202-നും 230-നും ഇടയ്ക്ക് എഴുതി. ദൈവം, ലോകം, സ്വാതന്ത്ര്യം, വെളിപാട് എന്നിങ്ങനെ നാലു ശീർഷകങ്ങളിൽ ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന തത്വങ്ങൾ സമ്യക്കായി വിവരിക്കുന്ന ആദ്യത്തെ ഗ്രന്ഥമാണിത്. ഇതിനോട് കിടപിടിക്കത്തക്ക മറ്റൊന്ന് ആദ്യനൂറ്റാണ്ടുകളിൽ ഉണ്ടായിട്ടില്ല. ക്രിസ്തീയ തത്വങ്ങളുടെ സ്രോതസ്സ് ബൈബിളും പാരമ്പര്യവുമാണ്. അപ്പസ്തോലന്മാർ പഠിപ്പിച്ചതിൽ അടിസ്ഥാന തത്വങ്ങളെല്ലാം അടങ്ങിയിരിപ്പുണ്ടെങ്കിലും അവ്യക്തമായ പലതും വിശദീകരിക്കേണ്ടതുണ്ട്. ആ തലത്തിൽ ദൈവശാസ്ത്രം കടന്നുവരുന്നു. സജീവശരീരത്തെപ്പോലെ വളർച്ചയുള്ളതാണ് ക്രൈസ്തവ ദൈവശാസ്ത്രം. ബൈബിളിലും പാരമ്പര്യത്തിലും അടിയുറച്ചുകൊണ്ട് അത് വളർന്നുകൊണ്ടിരിക്കണം. ദൈവശാസ്ത്രത്തെപ്പറ്റി ആമുഖമായി ഇത്രയും പറഞ്ഞിട്ട് ഗ്രന്ഥത്തിന്റെ പ്രധാന ഭാഗത്തേക്ക് കടക്കുന്നു.

ഒന്നാം പുസ്തകം അതിസ്വാഭാവിക ലോകത്തെപ്പറ്റി ചർച്ച ചെയ്യുന്നു. ദൈവത്തിന്റെ ഏകത്വം, മൂന്നാളുകൾ തമ്മിലുള്ള ബന്ധം, സൃഷ്ടികളോടുള്ള ബന്ധം, മാലാഖമാരുടെ ഉത്ഭവം, വീഴ്ച എന്നിവയാണ് പ്രധാന വിഷയങ്ങൾ. രണ്ടാം പുസ്തകം ഭൗതികലോകസംബന്ധമായ കാര്യങ്ങളാണ്: മാലാഖമാരുടെ വീഴ്ചയ്ക്കുശേഷം ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നത്, ആദത്തിന്റെ പാപം, വചനത്തിലൂടെയുള്ള രക്ഷ, ഉയർപ്പ്, അന്ത്യവിധിയും അനന്തരജീവിതവും ചർച്ച ചെയ്യുന്നു. മൂന്നാം പുസ്തകം സ്വാതന്ത്ര്യത്തെപ്പറ്റിയാണ്. ശരീരത്തിൽ അടയ്ക്കപ്പെട്ടെങ്കിലും വിജയിക്കാൻ ആത്മാവിന് കഴിയും. മാലാഖമാർ പോരാട്ടത്തിൽ ആത്മാവിനെ സഹായിക്കുന്നു. ദുഷ്ടാരൂപികൾ മനുഷ്യപുരോഗതി തടയുന്നു. നാലാം പുസ്തകം അടിസ്ഥാന തത്വങ്ങളെല്ലാം സമാഹരിച്ച് ചർച്ച ചെയ്യുന്നു.


www.malankaralibrary.com

വേദപുസ്തകം വിശ്വാസത്തിന്റെ ഉറവിടമാണ്. അതു ദൈവനിവേശിതമാണ്.

ഇത് ആദ്യകൃതി ആയതുകൊണ്ട് ചില്ലറ കുറവുകളുണ്ട്. ധാരാളം ആവർത്തനങ്ങളും അടുക്കും ചിട്ടയുമില്ലായ്മയും കാണാൻ കഴിയും. ഇത് പെട്ടെന്ന് എഴുതിത്തീർക്കാൻ ഗ്രന്ഥകാരൻ ധൃതി പിടിച്ചില്ല. എഴുതി വരുമ്പോൾ ചർച്ച ചെയ്യണമെന്ന് തോന്നിയതൊന്നും വിട്ടുകളഞ്ഞുമില്ല. പ്ലറ്റോണിക് തത്വചിന്തയുടെ സ്വാധീനം ഉടനീളം കാണാം. ഇങ്ങനെയൊക്കെ ആണെങ്കിലും ഈ ഗ്രന്ഥം ക്രിസ്തുമത ചരിത്രത്തിൽ നവയുഗത്തിന്റെ നാന്ദിയായിരുന്നു.

## 2. ഹെരാക്ലിദെസുമായുള്ള ചർച്ച

ഒരിജനും ഹെരാക്ലിദെസുമായി നടന്ന ചർച്ച എഴുതി വച്ചിരിക്കുന്നതാണിത്. ഹെരാക്ലിദെസിന് ത്രിത്വത്തെ സംബന്ധിച്ച് ചില അഭിപ്രായങ്ങളുണ്ടായിരുന്നു. സഹമെത്രാന്മാർക്ക് അവ മനസ്സിലാക്കാൻ പ്രയാസമായി തോന്നി. അവർ ഒരിജനെ വിളിച്ചു. അറേബ്യയിലുള്ള ഒരു പള്ളിയിൽ വച്ച് ജനങ്ങളുടേയും മെത്രാന്മാരുടേയും സാന്നിദ്ധ്യത്തിൽ 245-ൽ ചർച്ച നടന്നു. ഒരിജന്റെ ചുരുക്കെഴുത്തുകാർ അതു കുറിച്ചെടുത്തു.

ഒരിജൻ ത്രിത്വസംബന്ധമായ പ്രബോധനം സാവധാനം വിശദീകരിച്ചു. കൂടിയിരുന്നവർ ചോദിച്ച ചോദ്യങ്ങൾക്കെല്ലാം വിശദീകരണം നല്കി. രണ്ടാളുകൾ, ഒരു സ്വഭാവം; പിതാവും പുത്രനും രണ്ടാളുകൾ, എന്നാൽ ഒരു ദൈവത്വം എന്ന തത്വം എല്ലാവരും അംഗീകരിച്ചു പിരിഞ്ഞു. ചർച്ചയ്ക്കിടയ്ക്ക് ചോദിച്ച ചോദ്യങ്ങളും ഒരിജൻ നല്കിയ ഉത്തരങ്ങളും ഇതിലുണ്ട്. ഹെരാക്ലിദെസാണ് ആദ്യം സംസാരിക്കാൻ ആരംഭിച്ചത്. ഒരിജൻ ഹെരാക്ലിദെസിനെ ചോദ്യം ചെയ്യുന്നു. പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് തനിക്കുള്ള ആശയം വ്യക്തമാക്കുന്നു. ഇത്തരം പ്രയാസമുള്ള പ്രശ്നങ്ങളിൽ നാം അനുവർത്തിക്കേണ്ട മനോഭാവം എന്തെന്ന് തുടർന്നു വിശദീകരിക്കുന്നു. ഇത്രയും ഒന്നാം ഭാഗം. സന്നിഹിതരായിരുന്നവരുടെ ചോദ്യങ്ങളും അവയ്ക്ക് ഒരിജൻ നല്കിയ മറുപടിയുമാണ് രണ്ടാം ഭാഗം.

'രണ്ടു ദൈവങ്ങൾ'എന്ന ഒരിജന്റെ പദപ്രയോഗം ഹെരാക്ലിദെസിനു ഇഷ്ടപ്പെട്ടില്ലെന്ന് ചർച്ച സൂചിപ്പിക്കുന്നു. ഒരിജൻ പറയുന്നു: 'രണ്ടു ദൈവങ്ങൾ എന്ന പദപ്രയോഗം നമ്മുടെ സഹോദരന്മാർക്ക് ഇടർച്ചയുണ്ടാക്കിയെങ്കിൽ, ഈ വിഷയം കരുതലോടുകൂടി ചർച്ച ചെയ്യേണ്ടതാണ്.' 'രണ്ട്' ഏതർഥത്തിൽ 'ഒന്ന്' ആകാൻ സാധിക്കും എന്ന് വേദപുസ്തകത്തിൽനിന്ന് ഒരിജൻ തെളിയിക്കുന്നു. ആദാമും ഹവ്വായും രണ്ടാണ്. എന്നാൽ അവർ ഒരു ജഡമാണ് (ഉല്പ.2.24). നീതിമാനും ദൈവവും തമ്മിലുള്ള ബന്ധം വി. പൗലോസ് വിശദമാക്കുന്നത്, 'കർത്താവിനോടു ചേർന്നിരിക്കു

ന്നവൻ അവനോടുകൂടെ ഒരരൂപിയാണ്' എന്നാണ് (1 കൊറി. 6:17). അവസാനമായി ക്രിസ്തുവിനെ തന്നെ അവൻ സാക്ഷിയായി കൊണ്ടുവരുന്നു. ഞാനും എന്റെ പിതാവും ഒന്നാകുന്നു. ഒന്നാമത്തേതിൽ ശാരീരികമായ ഒന്നിപ്പാണ്. രണ്ടാമത്തേതിൽ ആത്മീയമായ ഐക്യമാണ്. മൂന്നാമത്തേതിൽ ദൈവികവും. ഒരിജൻ പറയുന്നു: നമ്മുടെ കർത്താവും രക്ഷകനുമായവൻ തന്റെ പിതാവും പ്രപഞ്ചത്തിന്റെ ദൈവവുമായവനുമായുള്ള ബന്ധത്തിൽ ഒരു ശരീരമല്ല; ഒരു അരൂപിയുമല്ല; ശരീരത്തിനും അരൂപിക്കും ഉപരി സ്ഥമായി ഒരു ദൈവമാണ്. ഒരിജന്റെ ചോദ്യവും ഹെരാക്ലിദെസിന്റെ ഉത്തരവും ശ്രദ്ധേയമാണ്:

ഒരിജൻ : പിതാവ് ദൈവമല്ലേ?

ഹെരാക്ലിദെസ് : അതെ.

ഒരിജൻ : പുത്രൻ പിതാവിൽനിന്ന് മറ്റൊന്ന് (*ഹെതെരോസ്*) അല്ലേ?

ഹെരാക്ലിദെസ് : അവിടുന്ന് എങ്ങനെയാണ് ഒരേസമയം പിതാവും പുത്രനും ആയിരിക്കുക?

ഒരിജൻ : പിതാവിൽനിന്ന് മറ്റൊന്നായിരിക്കുന്ന പുത്രൻ ദൈവം തന്നെയല്ലേ?

ഹെരാക്ലിദെസ് : അവനും ദൈവം തന്നെയാണ്

ഒരിജൻ : അങ്ങനെയെങ്കിൽ രണ്ടുദൈവം ഒരു ദൈവമാകില്ലേ?

ഹെരാക്ലിദെസ് : അതെ.

ഒരിജൻ : നമ്മൾ അതുകൊണ്ട് രണ്ടുദൈവത്തിൽ വിശ്വസിക്കുന്നുവോ?

ഹെരാക്ലിദെസ് : അതെ. എന്നാൽ ശക്തി ഒന്നുമാത്രം.

മറ്റു വാക്കുകളിൽ 'ദുവോ തെയോയ്' (രണ്ടു ദൈവം), 'ഡുനാമിസ് മിയാ'(ഒരു ശക്തി) എന്ന പ്രഖ്യാപനം ഇരുകൂട്ടർക്കും സ്വീകാര്യമായി. പിൽക്കാല ദൈവശാസ്ത്രത്തിലെ, 'രണ്ടാളുകൾ' എന്നാൽ 'ഒരു സ്വഭാവം' എന്ന പ്രഖ്യാപനം തന്നെയാണിത്

3. **ഉയർപ്പിനെക്കുറിച്ച്** : ഇതിന്റെ ചില ഭാഗങ്ങളേ നമുക്കു കിട്ടിയിട്ടുള്ളൂ.

4. **കയറ്റുപായ്**

പത്തു പുസ്തകങ്ങളിലായി എഴുതിയ ഈ കൃതിയും നഷ്ടപ്പെട്ടു. ക്ലെമെന്റിന്റെ 'കയറ്റുപായ്' പോലെ അനേകം സംഗതികൾ ഒന്നിച്ച് ചർച്ച ചെയ്തിരിക്കുന്നു (ജറോം, ലേഖനം, 70,4).

**(5) പ്രായോഗിക കൃതികൾ**

1. പ്രാർഥനയെക്കുറിച്ച്. 2. രക്തസാക്ഷികളോടുള്ള ഉപദേശം.


www.malankaralibrary.com

3. പെസഹായെക്കുറിച്ച്. 4. കത്തുകൾ.

**1. പ്രാർഥനയെക്കുറിച്ച്**

അംബ്രോസ് എന്ന സ്നേഹിതന്റെയും ഭാര്യ താസ്യാനായുടെയും ആവശ്യപ്രകാരമാണ് ഒരിജൻ ഈ കൃതി (233/4-ൽ) രചിച്ചത്. ഇതിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗം (അധ്യാ.3-17) പ്രാർഥനയെപ്പറ്റി പൊതുവായും, രണ്ടാംഭാഗം (18-30) കർതൃപ്രാർഥനയെപ്പറ്റി പ്രത്യേകിച്ചും ചർച്ച ചെയ്യുന്നു. അനുബന്ധം (31-33). പ്രാർഥനാവസരങ്ങളിൽ ആത്മശരീരങ്ങളുടെ നില, ആംഗ്യങ്ങൾ, പ്രാർഥിക്കാൻ പറ്റിയ സ്ഥലം, ആരോടു പ്രാർഥിക്കണം, വിവിധയിനം പ്രാർഥനകൾ ആദിയായ കാര്യങ്ങൾ വിവരിക്കുന്നു: 'പിന്നൊരവസരം കുറേക്കൂടി വിപുലമായി ഒരു കൃതിയെഴുതാം; ഇപ്പോൾ ഇതുകൊണ്ട് തൃപ്തിപ്പെടണം' എന്നു തന്റെ സുഹൃത്തിനെ ഒരിജൻ അറിയിക്കുന്നു. എന്നാൽ തന്റെ വാഗ്ദാനം അദ്ദേഹം പൂർത്തിയാക്കിയില്ല.

ഒരിജന്റെ ആധ്യാത്മിക ജീവിതത്തിന്റെ ആഴം അറിയാൻ ഈ കൃതി വളരെയധികം സഹായിക്കുന്നു. ക്രൈസ്തവ പ്രാർഥനയെ സംബന്ധിച്ചുള്ള മനോഹരമായ ശാസ്ത്രീയ പ്രതിപാദനമാണിത്. 'മനുഷ്യന് അസാധ്യമായവ ദൈവകൃപയാലും ക്രിസ്തുവിന്റേയും പരിശുദ്ധാത്മാവിന്റേയും സഹായത്താലും എളുപ്പമാണ്' എന്നു പറഞ്ഞുകൊണ്ടാണ് ആമുഖം തുടങ്ങുന്നത്. പ്രാർഥനയുടെ കാര്യത്തിൽ അങ്ങനെയാണ്. 'എവുക്കേ,' 'പ്രൊസെവുക്കേ' (അധ്യാ.3-4) ആദിയായ വേദപുസ്തകപദങ്ങൾ അപഗ്രഥിച്ചിട്ട് പ്രാർഥനയുടെ പ്രയോജനവും ആവശ്യവും (5) വിശദമാക്കുന്നു.

ദൈവവുമായുള്ള അനുസ്യൂത സംഭാഷണം മനുഷ്യന്റെ സമ്പൂർണാസ്തിത്വത്തെ സ്പർശിക്കുന്നതാണ്. കർത്താവിന്റെ അരൂപിയുമായി ഐക്യപ്പെടാൻ പ്രാർഥന നമ്മെ സഹായിക്കുന്നു. ദൈവത്തെ സ്വാധീനിക്കുക എന്നതല്ല, തന്റെ ദൈവികജീവനിൽ ഭാഗഭാക്കാകുക. സ്വർഗവുമായി സമ്പർക്കത്തിൽ ഏർപ്പെടുക എന്നതാണ് പ്രാർഥനയുടെ ലക്ഷ്യം. നമ്മുടെ ശ്രേഷ്ഠപുരോഹിതനായ ക്രിസ്തുവാണ് നമ്മുടെ മാതൃക. മാലാഖമാരുടേയും പ്രത്യേകിച്ച് കാവൽമാലാഖമാരുടേയും പരേതരുടേയും പ്രാർഥനകളോടുകൂടെ നമ്മുടെ പ്രാർഥനകൾ ചേർത്ത് ദൈവത്തിന് നമ്മുടെ ആരാധന അവിടുന്ന് അർപ്പിക്കുന്നു. പ്രലോഭനങ്ങളിൽ പ്രാർഥന ആത്മാവിനെ ബലവത്താക്കുന്നു; ദുഷ്ടാരൂപികളെ ഓടിച്ചുകളയുന്നു. അതുകൊണ്ട് ദിവസത്തിന്റെ നിശ്ചിതയാമങ്ങളിൽ നാം പ്രാർഥിക്കണം. യഥാർഥത്തിൽ നമ്മുടെ ജീവിതം മുഴുവൻ പ്രാർഥനയായിരിക്കണം. ദൈവവുമായി സംസർഗം ചെയ്യുമ്പോൾ വെറും നൈമിഷിക കാര്യങ്ങളല്ല. ശ്രേഷ്ഠമായ സ്വർഗീയ കാര്യങ്ങളാണ് നാം ആവശ്യപ്പെടേണ്ടത്. തുടർന്ന് നാലുതരം പ്രാർഥനകൾക്ക് വേദപുസ്തകത്തിൽനിന്ന് ഉദാഹരണങ്ങൾ നൽകുന്നു:

യാചന, ആരാധന, അപേക്ഷ, കൃതജ്ഞത. ആരാധന ദൈവത്തിനു മാത്രം നൽകേണ്ടതാണ്. ക്രിസ്തു തന്നെയും പിതാവിനെ ആരാധിക്കാനാണ് നമ്മെ പഠിപ്പിച്ചത്. നാം യേശുവിന്റെ നാമത്തിൽ പ്രാർഥിക്കണം. പുത്രനിലൂടെ പരിശുദ്ധാത്മാവിൽ പിതാവിനെ ആരാധിക്കണം. കർതൃപ്രാർഥനയുടെ വ്യാഖ്യാനം വളരെ മനോഹരമാണ്. നമ്മുടെ ജീവിതം മുഴുവൻ സ്വർഗീയം ആയിരുന്നെങ്കിലേ ഇപ്രകാരം പറയാൻ സാധിക്കൂ. പഴയനിയമത്തിന് ഇത് അജ്ഞാതമായിരുന്നു. ദത്തുപുത്രരായി തീർന്നവർക്കേ ദൈവത്തെ പിതാവേ എന്നു വിളിക്കാൻ കഴിയൂ.

ക്രിസ്ത്യാനികൾ കിഴക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ടാണ് പ്രാർഥിക്കേണ്ടത്. ക്രിസ്തു ആകുന്ന നീതിയുടേയും രക്ഷയുടേയും യഥാർഥ സൂര്യന്റെ ഉദയത്തിലേക്ക് ആത്മാവ് തിരിഞ്ഞിരിക്കുന്നു എന്നു കാണിക്കാനാണിത്.

കൃതിയിലുടനീളം ആന്തരികമായ ഒരുക്കത്തിന് ഒരിജൻ പ്രാധാന്യം നൽകുന്നു. ശുദ്ധഹൃദയം ഉണ്ടെങ്കിലേ പ്രാർഥിക്കാൻ സാധിക്കൂ. പാപത്തിൽ നിന്ന് അകന്നിരിക്കണമെന്നു സാരം. അമിതമായ ജഡിക ചാച്ചിലുകളിൽ നിന്ന് അകന്നിരുന്നെങ്കിലേ പാപം കൂടാതെ വ്യാപരിക്കാൻ ശക്തി ലഭിക്കയുള്ളൂ. വികാരങ്ങളെ നിയന്ത്രിക്കണം. സഹോദരങ്ങളുമായി പരിപൂർണമായി രമ്യപ്പെട്ടവർക്കു മാത്രമേ ദൈവത്തോടു സംസാരിക്കാൻ സാധിക്കയുള്ളൂ. വികാരങ്ങളെയും ഭാവനകളേയും നിയന്ത്രിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കൂടുതൽ ആന്തരികമായി ഒരുങ്ങിയവരുടെ പ്രാർഥനകൾ വേഗം കേൾക്കപ്പെടും. പ്രാർഥന പരിശുദ്ധാത്മാവിന്റെ ദാനമാണ്. അവിടുന്ന് നമ്മിൽ വസിച്ചുകൊണ്ട് പ്രാർഥനയിലേക്കു നമ്മെ നയിക്കുന്നു.

പ്രാചീനസഭയിൽ, പ്രത്യേകിച്ച് ഈജിപ്റ്റിലെ സന്യാസികളുടെയിടയിൽ ഈ കൃതിക്ക് വളരെ സ്വാധീനമുണ്ടായിരുന്നു. (ഇതിന്റെ മലയാളവിവർത്തനത്തിന്: *പ്രാർഥന സഭയിൽ*, കോട്ടയം,1993,പേജ്,67-188).[38]

**2. രക്തസാക്ഷികളോടുള്ള ഉപദേശം**

മാക്സിമിൻ ചക്രവർത്തി മതപീഡനം അഴിച്ചുവിട്ട സാഹചര്യത്തിൽ കേസറിയായിൽ വച്ച് 235-ലാണ് രക്തസാക്ഷികളോടുള്ള ഉപദേശം എഴുതിയത്. ഒരിജന് ഏറ്റവും പ്രിയങ്കരമായ ഒരു വിഷയമായിരുന്നു രക്തസാക്ഷിത്വം. ഇത് അദ്ദേഹത്തിന്റെ വ്യക്തിത്വം വ്യക്തമാക്കുന്നു. വളരെ ചെറുപ്പമായിരുന്നപ്പോഴേ രക്തസാക്ഷിത്വം വരിക്കാനുള്ള അദ്ദേഹത്തിന്റെ അടങ്ങാത്ത അഭിവാഞ്ഛ ഒരിക്കലും മങ്ങിപ്പോയില്ല; മരണസമയത്ത് അത് തെളിയിക്കപ്പെടുകയും ചെയ്തു. ക്രിസ്ത്യാനികളുടെ ധൈര്യം, വിശ്വാസത്തോടുള്ള വിധേയത്വം, രക്ഷകനോടുള്ള അടങ്ങാത്ത സ്നേഹം എന്നിവയെല്ലാം ഇതിൽ കാണാം. ഇവ ഒരിജനെ വഴി നടത്തിയിരുന്നു.

 www.malankaralibrary.com

**3. പെസഹായെക്കുറിച്ച് :** ഇതിന്റെ ചില ഭാഗങ്ങൾ മാത്രമേ കൈവന്നിട്ടുള്ളൂ.

**4. കത്തുകൾ**

കേസറിയയിലെ ലൈബ്രറിയിൽ ഒരിജന്റെ കത്തുകളുടെ നാല് സമാഹാരങ്ങൾ ഉണ്ടായിരുന്നു. അതിലൊരു സമാഹാരത്തിൽ ഒൻപതു വാല്യങ്ങളിലായി നൂറിലേറെ കത്തുകളുണ്ടായിരുന്നു (എവു.സഭാ.6,36,3). ഇവയിൽ വെറും രണ്ടു കത്തുകൾ മാത്രമേ പൂർണമായി കിട്ടിയിട്ടുള്ളൂ. എവുസേബിയസിൽ നിന്ന് വിവിധ കത്തുകളെപ്പറ്റി വിവരം ലഭിച്ചിട്ടുണ്ട്.

## ദൈവശാസ്ത്രം

**1. ത്രിത്വം**

ദൈവം എന്ന അടിസ്ഥാന തത്വത്തിൽ അധിഷ്ഠിതമാണ് ഒരിജന്റെ ദൈവശാസ്ത്രം. ക്ലെമെന്റാണെങ്കിൽ എല്ലാ അറിവിന്റേയും സ്രോതസ്സായ 'വചന'ത്തിലാണ് ദൈവശാസ്ത്രത്തിന് അടിസ്ഥാനം കണ്ടെത്തിയത്. ഒരിജൻ തന്റെ 'ആദ്യതത്വങ്ങൾ' എന്ന കൃതി തുടങ്ങുന്നതു തന്നെ 'ദൈവം അരൂപിയാണ്, ദൈവം പ്രകാശമാണ്' എന്ന പ്രസ്താവനയോടു കൂടിയാണ് (1,1,1). ദൈവം മാത്രം ജനിച്ചവനല്ല; അവനിൽ പദാർഥത്തിന്റെ കണിക ഒട്ടുമില്ല. ദൈവം സജീവനും കർമനിരതനുമാണ്. അവൻ സ്രഷ്ടാവും പരിപാലകനും ഭരണകർത്താവുമാണ്. പിതാവായ ദൈവം അഗ്രാഹ്യമായ പരമയാഥാർഥ്യമാണ്. വചനംവഴി അവനെ നാം ഗ്രഹിക്കുന്നു. വചനം ക്രിസ്തു ആണ്. സൃഷ്ടികൾ വഴിയും അവനെ അറിയാൻ കഴിയും (1,1,1). ദൈവം മാറ്റത്തിന് അതീതനാണ്. ത്രിത്വം എന്ന പദം ഒരിജന് സുപരിചിതമാണ്. മൂന്നാളുകൾ തമ്മിൽ ആളത്വത്തിലാണ് വ്യത്യാസമെന്ന് അദ്ദേഹം പഠിപ്പിക്കുകയും അബദ്ധോപദേശങ്ങളെ ഖണ്ഡിക്കുകയും ചെയ്യുന്നു. 'ആളത്വത്തിൽ വ്യത്യാസമില്ല, ഒരു ദൈവം തന്നെ വിവിധ രൂപത്തിൽ പ്രത്യക്ഷപ്പെട്ടതാണ് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്' എന്ന മോഡലിസം അദ്ദേഹം നിരാകരിക്കുന്നു. 'പിതാവിനേക്കാൾ പുത്രൻ താഴ്ന്ന പടിയിലാണ്' എന്ന് പഠിപ്പിക്കുന്ന സബോർഡിനേഷനിസം അദ്ദേഹം പഠിപ്പിച്ചെന്നും (ജറോം) ഇല്ലെന്നും (അത്ഭുതപ്രവർത്തകനായ ഗ്രിഗോറി യോസ്, അത്തനാസ്യോസ്) അഭിപ്രായപ്പെടുന്നവരുണ്ട്.

ഒരു വിഭജനപ്രക്രിയ വഴിയല്ല, പ്രത്യുത, ബുദ്ധിയിൽ നിന്നു ഇച്ഛ പുറപ്പെടുന്നതുപോലെ (1,2,6) ആത്മീയപ്രവൃത്തി വഴിയാണ് പുത്രൻ പിതാവിൽ നിന്ന് പുറപ്പെടുന്നത്. ദൈവത്തിൽ എല്ലാം നിത്യമാകയാൽ പുത്രൻ ജനിക്കുന്ന പ്രക്രിയയും നിത്യമാണ് (1,2,4). അക്കാരണത്താൽ പുത്രനും ആരംഭമില്ല. 'അവൻ ഇല്ലാതിരുന്ന അവസ്ഥ ഉണ്ടായിട്ടില്ല (*ഊക്*

*എസ്തിൻ ഹോട്ടേ ഊക് എൻ*: 1,2,9). അതായത് പുത്രൻ നിത്യനാണ്. ഇതിന് നേരേ വിപരീതമാണ് പാഷണ്ഡിയായ ആരിയസ് പഠിപ്പിച്ചത്: "അവൻ ഇല്ലാതിരുന്ന അവസ്ഥ ഉണ്ടായിരുന്നു-*എൻ ഹോട്ടേ ഊക് എൻ*").

യേശുക്രിസ്തു ദത്തെടുക്കൽ വഴിയല്ല, സ്വഭാവത്താലേ ദൈവപുത്രനാണ് (1,2,4). പിതാവിന്റേയും പുത്രന്റേയും സത്ത ഒന്നുതന്നെ: 'സത്തയിൽ ഐക്യമുണ്ട്.' ഒരിജനുപയോഗിച്ച വാക്ക് *ഹോമോഉസിയോസ്* എന്നാണ്. നിഖ്യാ സൂനഹദൊസിൽ (325) ഈ വാക്ക് വലിയ സ്വാധീനം ചെലുത്തി. വചനത്തെ സംബന്ധിച്ചുള്ള പ്രബോധനത്തിൽ രണ്ടുതരം ചിന്താരീതികൾ ഒരിജനിൽ ദൃശ്യമാണ്. ഒന്ന്, വചനത്തിന്റെ ദൈവത്വം ഉറപ്പായി പ്രഖ്യാപിക്കുന്നു; മറ്റത്, വചനത്തെ 'രണ്ടാംദൈവം' എന്നു വിളിക്കുന്നു. പിതാവു മാത്രമേ 'ഔട്ടോ തെയോസ്' ആയിട്ടുള്ളൂ. പിതാവ് നന്മയുടെ പൂർണതയാണ്. പുത്രൻ നന്മയുടെ ഛായയാണ് (ചെൽസൂസിനെ തിരെ, 5,39; ആദ്യതത്വങ്ങൾ, 1,2,13). പുത്രൻ പിതാവിനു താഴെയാണ്; ദൃശ്യപ്രപഞ്ചം സ്രഷ്ടാവിന്റെ കീഴിലാണെന്ന് പറയുന്നതു വഴി നാമിത് അംഗീകരിക്കുകയാണ്. പിതാവിനും സൃഷ്ടികൾക്കും ഇടയിലുള്ള മധ്യസ്ഥരായും അദ്ദേഹം പുത്രനേയും പരിശുദ്ധാത്മാവിനേയും ചിത്രീകരിക്കുന്നുണ്ട്. ഇക്കാരണത്താലത്രേ 'സബോർഡിനേഷനിസം' എന്ന അബദ്ധാഭിപ്രായം ഒരിജനിൽ ആരോപിക്കുന്നത്.

**2. ക്രിസ്തുശാസ്ത്രം**

യേശുക്രിസ്തുവിനെ ദൈവമനുഷ്യൻ (*തെആൻത്രോപ്പോസ്*) എന്ന് ആദ്യമായി വിളിച്ചത് ഒരിജനാണ് (എസക്കിയേൽ പ്രസംഗം,3,3). പരിശുദ്ധാത്മപ്രവർത്തനത്താൽ കന്യകമറിയത്തിൽ നിന്നാണ് ക്രിസ്തു പിറന്നത്. അവിടുത്തെ മനുഷ്യാത്മാവ് മറ്റുള്ളവരുടെ ആത്മാവു പോലെയായിരുന്നു. പക്ഷേ ക്രിസ്തുവിന്റെ മനുഷ്യാത്മാവ് പാപത്തിന് അതീതമായിരുന്നു. യേശുക്രിസ്തുവിന്റെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും തമ്മിൽ ഏറ്റവും അടുത്തു യോജിച്ച് വസിച്ചു. രണ്ടു സ്വഭാവങ്ങളുണ്ടെങ്കിലും ആളത്വം ഒന്നു മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് രണ്ടുസ്വഭാവങ്ങളുടെ പ്രവർത്തനങ്ങളും യേശുക്രിസ്തുവിന്റെ പ്രവർത്തനങ്ങളാണ്.

സമസ്തവും ദൈവപുത്രനിലൂടെ സൃഷ്ടിക്കപ്പെട്ടു. അവൻ യേശുക്രിസ്തു എന്നും മനുഷ്യപുത്രൻ എന്നും വിളിക്കപ്പെടുന്നു. മരിക്കാവുന്ന സ്വഭാവത്തോടു ബന്ധപ്പെടുത്തി 'ദൈവപുത്രൻ മരിച്ചു' എന്നു പറയാം. 'വിശുദ്ധ മാലാഖമാരോടുകൂടെ പിതാവിന്റെ മഹത്വത്തിൽ വരാനിരിക്കുന്നവൻ' എന്ന് അറിയപ്പെടുന്നവൻ മനുഷ്യപുത്രൻ എന്നും വിളിക്കപ്പെടുന്നു. ഇക്കാരണത്താൽ വിശുദ്ധ ഗ്രന്ഥത്തിൽ ഉടനീളം ദൈവസ്വഭാവം മാനുഷിക വാക്കുകളിൽ പറയപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യസ്വഭാവം ദൈവമഹത്വ

ത്തിന് അനുസ്യൂതമായ പേരുകളാൽ അലംകൃതമാണ് (ആദ്യതത്വ.2,6,3). *ഫ്യൂസിസ്* (സ്വഭാവം) *ഹ്യൂപ്പോസ്റ്റസിസ്* (അസ്തിത്വം) *തെആൻത്രോപ്പോസ്* (ദൈവമനുഷ്യൻ) തുടങ്ങിയ പദങ്ങൾ ഗ്രീക്കു ദൈവശാസ്ത്രത്തിനു കൊടുത്തത് ഒരിജനാണ്.

**3. കന്യകമറിയം**

കന്യകമറിയത്തിന്റെ ദൈവമാതൃത്വത്തെ കുറിക്കാൻ 'തെയോത്തോക്കോസ്' (ദൈവമാതാവ്) എന്ന പദം ഒരിജൻ ഉപയോഗിച്ചെന്ന് സൊസോമൻ പറയുന്നു (സഭാ.7,32). നെസ്തോറിയൻ തർക്കകാലത്ത് സത്യവിശ്വാസത്തിന്റെ ഉരകല്ലായിരുന്നു ആ പദം. എഫേസോസ് സൂനഹദോസ് 431-ൽ അത് ഔദ്യോഗികമാക്കി. കന്യകമറിയത്തിന്റെ സാർവത്രിക മാതൃത്വവും ഒരിജൻ അംഗീകരിക്കുന്നു. അവൾ യേശുക്രിസ്തുവിന്റെ അമ്മ മാത്രമല്ല, എല്ലാവരുടേയും അമ്മയാണ്.

**4. സഭാശാസ്ത്രം**

യേശുക്രിസ്തുവിന്റെ ശരീരമാണ് സഭ. അവനാണ് അവളുടെ ജീവതത്വം. ആത്മാവ് ശരീരത്തിൽ എന്നവണ്ണം വചനം സഭയിൽ വസിക്കുന്നു. ഭൂമിയിലെ ദൈവനഗരമാണ് സഭ. ഇക്കാലത്ത് ലൗകിക സാമ്രാജ്യത്തോടു കൂടിക്കഴിയുന്നു. എന്നാൽ സാമ്രാജ്യങ്ങൾക്ക് അപ്പുറത്തേക്ക് അവൾ പടർന്നു വികസിക്കും. അരൂപി അവളെ ഉന്നതിയിലേക്ക് ആനയിക്കും. വചനത്താൽ പ്രകാശിതമായി, സഭ ലോകങ്ങളുടെ ലോകം ആയിത്തീരും (*കോസ്മോസ് തൂ കോസ്മു*). സഭയെ കൂടാതെ രക്ഷയില്ല. ക്രിസ്തുവിന്റെ രക്തത്തിന്റെ ഫലം സഭയിലാണ്. അവിടെയാണ് സത്യവിശ്വാസം. സഭയ്ക്കു പുറത്തു സത്യവിശ്വാസമില്ല. അതായത്, വിശ്വാസത്തിന്റെ പൂർണതയില്ല. പാഷണ്ഡരുടെ വിശ്വാസം സത്യവിശ്വാസമല്ല.

**5. ഉത്ഭവപാപവും മാമോദീസായും**

ഉത്ഭവപാപം ജന്മനാ കിട്ടുന്നു. അതു മാറ്റാൻ ശിശുക്കളെ സ്നാനപ്പെടുത്തുന്നത് അപ്പസ്തോലന്മാരിൽ നിന്നു കിട്ടിയ പാരമ്പര്യമാണ് (ലേവ്യപുസ്തകം: പ്രസംഗം, 8,3).

**6. പാപമോചനം**

പാപമോചനത്തിനു മാമോദീസായാണ് മാർഗം. മാമോദീസാ സ്വീകരണാനന്തരം ചെയ്യപ്പെടുന്ന തെറ്റുകൾക്ക് മോചനം കിട്ടാൻ സപ്തമാർഗങ്ങൾ ഒരിജൻ നിർദ്ദേശിക്കുന്നു. പ്രാർഥന, രക്തസാക്ഷിത്വം, ദാനധർമം, തെറ്റുകാരോടു ക്ഷമിക്കൽ, പാപിയുടെ മാനസാന്തരത്തിനായി പരിശ്രമിക്കൽ, പരസ്നേഹം, വൈദികന്റെ പക്കലുള്ള പാപം ഏറ്റുപറച്ചിൽ. അതായത് വൈദികന്റെ പക്കൽ പാപം ഏറ്റുപറഞ്ഞ് മോചനം ലഭിക്കുന്ന

പതിവ് അദ്ദേഹത്തിന് അറിവുണ്ടായിരിന്നു എന്നാണ് ഇത് തെളിയിക്കുന്നത്. പാപം പരസ്യമായി ഏറ്റുപറയണമോ, രഹസ്യമായി മതിയോ എന്നു തീരുമാനിക്കുന്നത് വൈദികനാണ് (സങ്കീ.പ്രസംഗം 37,2,5). എല്ലാ പാപ ങ്ങളും ക്ഷമിക്കത്തക്കതാണോ? ഒരിജന്റെ ചിന്താഗതി എന്താണെന്ന് വ്യക്ത മല്ല. മാരകമായ ചില പാപങ്ങൾ പൊറുക്കത്തക്കതല്ല എന്നൊരു ധ്വനി ഒരിടത്തു കാണുന്നു (പ്രാർഥന, 28). പ്രസ്തുത വാചകത്തിന്റെ വ്യാഖ്യാനം അനുസരിച്ച്, വെറും പ്രാർഥന കൊണ്ടുമാത്രം വിഗ്രഹാരാധന, വ്യഭിചാരം, അശുദ്ധി എന്നീ പാപങ്ങൾ പൊറുക്കപ്പെടുന്നില്ല. അവയുടെ പരിഹാരത്തി നായി സഭ നിശ്ചയിച്ചിരിക്കുന്ന കർമപരിപാടികൾ നടത്തണം. സഭ കൽപ്പിക്കുന്നവ ചെയ്തു കഴിയുമ്പോൾ അവരെ സഭയിൽ പ്രവേശിപ്പിക്കാം (ചെൽസൂ. 3,50).

**7. കാലാന്ത്യം**

കാലാന്ത്യത്തെ സംബന്ധിച്ച് ഒരിജൻ പഠിപ്പിക്കുന്ന സിദ്ധാന്തം *അപ്പൊകതാസ്തസിസ്* (സാർവത്രികോത്ഥാനം) എന്നറിയപ്പെടുന്നു: കാലാന്ത്യത്തിൽ എല്ലാ വസ്തുക്കളും അവയുടെ ആദി പരിശുദ്ധാവസ്ഥയി ലാകും. പാപം ചെയ്ത ആത്മാക്കൾ മരണാനന്തരം ശുദ്ധീകരണാഗ്നിയുടെ അടുത്തേക്കും നല്ലവർ പറുദീസായിലേക്കും ആനീതരാകും. പറുദീസാ പരിശീലനകേന്ദ്രമാണ്. അവിടെ ഭൂമിയിലുള്ള എല്ലാ പ്രശ്നങ്ങളും ദൈവം പരിഹരിക്കും. നിത്യമായ നരകയാതനയെപ്പറ്റി ചിന്തിക്കാനാവില്ല. എല്ലാ പാപികളും രക്ഷ പ്രാപിക്കും. വചനം പിശാചുക്കളെയും സാത്താനെയും പവിത്രീകരിക്കും. കർത്താവ് രണ്ടാമത് വരുമ്പോൾ മനുഷ്യരെല്ലാം ഉയർത്ത് ഇതെല്ലാം സംഭവിക്കും. അന്നു ദൈവം എല്ലാറ്റിലും എല്ലാമായി രിക്കും (ആദ്യതത്വങ്ങൾ, 1,6,1; ചെൽസൂ. 8,72). ഈ സാർവത്രികോത്ഥാനം ലോകാന്ത്യമല്ല; കടന്നുപോകുന്ന ഒന്നു മാത്രമാണ്. ഈ ലോകത്തിനുമുമ്പ് അനേക ലോകങ്ങൾ ഉണ്ടായിരുന്നു; ഇത് മാറിപ്പേകുന്നതിനു മുമ്പ് പുതിയ ലോകം ഉടലെടുക്കും.

ഭൂമിയിൽ പിറക്കുന്ന മനുഷ്യാത്മാക്കളെല്ലാം നേരത്തേ അരൂപികളായി ജീവിച്ചവരാണ്. അവരുടെ തെറ്റുമൂലം അവർ പദാർഥത്തിൽ ബന്ധിതരായി. കഴിഞ്ഞ ലോകത്തിൽ ചെയ്ത തെറ്റിന്റെ വലിപ്പമനുസരിച്ചാണ് ഇവിടെ ഈ ലോകത്തിലുള്ള വ്യത്യാസങ്ങൾ. ഈ പ്രക്രിയ ആവർത്തിച്ചുകൊണ്ടിരിക്കും. ഇങ്ങനെ ഒരുതരം പുനർജന്മ സിദ്ധാന്തത്തിൽ ഒരിജൻ വിശ്വസിച്ചിരുന്നെന്ന് ചിലർ കരുതുന്നു. 'ഒരിജനിസം' എന്നറിയപ്പെടുന്ന അബദ്ധോപദേശത്തിലെ ഒരു ഘടകമാണ് ആത്മാക്കളുടെ പ്രിസ്ഥിതിയും പുനർജന്മവും. സഭ ഇവ രണ്ടും ത്യജിക്കുന്നു. എന്നാൽ ഇവയൊക്കെ ഒരിജൻ പഠിപ്പിച്ചു എന്ന് ഖണ്ഡിതമായി പറയാൻ സാധ്യമല്ല.

## മിസ്റ്റിസിസം

സഭാരംഭകാലത്ത് ജീവിച്ചിരുന്ന ഒരു വലിയ മിസ്റ്റിക്കായിരുന്നു ഒരിജൻ. ഒരഗാധ പണ്ഡിതൻ, വാഗ്മി, താത്വികൻ എന്നതിലുപരി ആഴമേറിയ ക്രൈസ്തവജീവിതം സ്വായത്തമാക്കിയിരുന്ന ഒരു താപസ്സൻ എന്ന നിലയിൽ ഒരിജൻ അധികമൊന്നും അറിയപ്പെട്ടിട്ടില്ല.

ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. കഴിവുള്ളിടത്തോളം ദൈവവുമായി താദാത്മ്യം പ്രാപിക്കുന്നതാണ് ഏറ്റവും വലിയ കാര്യമെന്ന് ഒരിജൻ കരുതിയിരുന്നു. അതിനു കൃപാവരവും നമ്മുടെ സഹകരണവും അത്യാവശ്യമാണ്. യേശുക്രിസ്തുവിനെ അനുകരിക്കു ന്നതുവഴി നാം പൂർണതയിലേക്കു കുതിക്കും (ആദ്യതത്വങ്ങൾ,3,6,1). ചിലർ ഈ പരിപൂർണതയ്ക്ക് പ്രത്യേകം വിളിക്കപ്പെടുന്നു. ക്ലെമെന്റിനും ഈ വീക്ഷണം ഉണ്ടായിരുന്നു. വിളിക്കപ്പെട്ടവർ ആദ്യം ആത്മജ്ഞാനം പ്രാപി ക്കണം. നാം ചെയ്യേണ്ടതും ചെയ്യരുതാത്തതും തിരിച്ചറിയാൻ, കാത്തു സൂക്ഷിക്കേണ്ടതും മെച്ചപ്പെടുത്തേണ്ടതും എന്തെന്നറിയാൻ, ആത്മജ്ഞാനം വേണം.

പൂർണതയിൽനിന്ന് നമ്മെ തടയുന്ന സുപ്രധാന ഘടകം പാപമാണ്. ആത്മജ്ഞാനവും ധ്യാനവും വഴി നാമതു ഗ്രഹിക്കും. ദുർവികാരങ്ങൾക്കെതിരെ ആയുധമെടുക്കണം. പാപത്തിലേക്കു ചായിക്കുന്ന ലൗകിക പ്രേരണകൾക്കെതിരെ സമരം ചെയ്യണം. ദുർവികാരങ്ങളിൽ നിന്നുള്ള പരിപൂർണ വിമുക്തിയാണ് നമ്മുടെ ലക്ഷ്യം. അതു സാധിക്കാൻ ശരീരത്തെ നിയന്ത്രിക്കണം. ശാരീരിക താല്പര്യങ്ങളെ കടിഞ്ഞാണിടാതെ കയറൂരി വിടാൻ പാടില്ല. ബ്രഹ്മചര്യവും അവിവാഹിത ജീവിതവും ഇതിനേറ്റം പറ്റിയവയാണ് (സംഖ്യാപ്രസംഗം, 24.2). ലോകത്തിലേക്കു കന്യാത്വം ഇറക്കി കൊണ്ടുവന്നത് ക്രിസ്തുവാണ്. പരിപൂർണതയുടെ മാതൃക കന്യാത്വത്തിൽ അദ്ദേഹം കാണുന്നു (ഉത്തമഗീതം, 2,155).

ലൗകികാഗ്രഹങ്ങൾ, വസ്തുവകകൾ, ബന്ധുക്കൾ തുടങ്ങിയ എല്ലാറ്റിൽ നിന്നും ആന്തരികമായ അകൽച്ച ഉണ്ടെങ്കിലേ ക്രിസ്തുവിനെ അനുകരിക്കുന്നതു പൂർണമാകൂ. എങ്കിലേ പൂർണമായി ഹൃദയകവാടം ദൈവത്തിനായി തുറക്കാനും ഹൃദയത്തിൽ പീഠമൊരുക്കാനും സാധിക്കൂ (പുറപ്പാട് പ്രസംഗം, 8,4,226). ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന താപസകർമങ്ങൾ കൊണ്ടേ പൂർണമായി ലൗകിക വ്യഗ്രതകളിൽ നിന്ന് അകലാൻ സാധിക്കൂ. കൂടെക്കൂടെയുള്ള ജാഗരണം, ഉപവാസം, രാപകൽ ഉള്ള വേദപുസ്തകപഠനം എന്നിവ ഇവയെ ത്വരിതപ്പെടുത്തും. ജാഗരണം ശാരീരികവ്യഗ്രതകളെ കുറയ്ക്കും (അതേ കൃതി, 13,5). ഉപവാസം അതിനെ മെരുക്കും (സങ്കീ. 34:13). വേദപുസ്തകപഠനം ദൈവകാര്യങ്ങൾ ധ്യാനിക്കു

വാൻ ശക്തി തരും (ഉല്പത്തി പ്രസംഗം,10,3). ആശ്രമജീവിതത്തിന്റെ ഉപജ്ഞാതാവായി ഒരിജനെ നമുക്കിവിടെ കാണാൻ കഴിയും.

എളിമയെ അത്യധികം ഉയർത്തിക്കാട്ടാൻ അദ്ദേഹം ശ്രമിച്ചു. പരിപൂർണനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരിലും അവസാനത്തവനായി സ്വയം കരുതണം (ജറമിയ പ്രസംഗം. 8,4). എല്ലാ പാപങ്ങളുടെയും തിന്മകളുടെയും മൂലകാരണം അഹന്തയാണ്. ലൂസിഫർ വീണതും അതുകൊണ്ടുതന്നെ (എസക്കിയേൽ പ്രസംഗം, 9,2).

ലൗകികവ്യഗ്രതകളിൽനിന്ന് വിടുതൽ പ്രാപിച്ച ആത്മാവിന്റെ ആന്തരികപുരോഗതിയെപ്പറ്റി അദ്ദേഹം വിവരിക്കുന്നു: 'ഈ ലോകത്തിലെ മർത്യജീവിതം തികച്ചും നൈമിഷികമാണ്. ഇതു മനസ്സിലാക്കിയവൻ ഒന്നാമത്തെ പടി കടന്നുകഴിഞ്ഞു. അതിനുശേഷം, പുണ്യസമ്പാദനാർഥം പിശാചിനും അവന്റെ ശക്തികൾക്കും എതിരായി നന്നായി പോരാടേണ്ടിയിരിക്കുന്നു. പുരോഗതിയുടെ സമയം എപ്പോഴും അപകടത്തിന്റെ സമയവുമാണ്. ഈജിപ്റ്റിൽനിന്ന് പുറപ്പെട്ടെങ്കിലും പ്രലോഭനം അവസാനിക്കുന്നില്ല. ചെങ്കടലിന്റെ തീരത്തുവച്ച് അവ തലയുയർത്തുന്നു. ഇവയിലെല്ലാം വിജയം വരിക്കുമ്പോൾ പുതിയ പ്രലോഭനങ്ങളെ നേരിടേണ്ടി വരും. മനുഷ്യന്റെ ഉള്ളിൽ നിന്നുതന്നെ ഉള്ള പ്രലോഭനങ്ങളാണിവ.'

'ഓരോ പടി കയറുമ്പോഴും അവ കൂടെ വന്നുകൊണ്ടിരിക്കും. അതിൽ അത്ഭുതപ്പെടാനോ വിഷമിക്കാനോ ഇല്ല. പ്രലോഭനങ്ങൾ മനുഷ്യസഹജമാണ്. മനുഷ്യപുത്രനും അതിന് അപവാദമായിരുന്നില്ല. പ്രലോഭനങ്ങളിൽ നാം അവനെ അനുകരിക്കുന്നു. അവൻ പ്രലോഭനങ്ങളിൽ വിജയിച്ചു. നമ്മുടെ പ്രത്യാശയും അവനിലാകുന്നു. നമ്മളും അവനിൽ വിശുദ്ധരായി ത്തീരണം.' (ലൂക്കാ പ്രസംഗം,29). എന്നാൽ പ്രലോഭനം വർദ്ധിക്കുന്നതനുസരിച്ച് ആശ്വാസവും വർദ്ധിക്കും. സ്വർഗീയ കാര്യങ്ങളെ സംബന്ധിച്ചുള്ള തീവ്രമായ ആഗ്രഹം ഉള്ളിൽ ഉണ്ടാകും. യേശുക്രിസ്തുവിനെ പ്രാപിക്കാനുള്ള ഒടുങ്ങാത്ത അന്തർദാഹം വളർന്നുകൊണ്ടിരിക്കും. എല്ലാ വിഷമതകളും പ്രലോഭനങ്ങളും സഹിക്കാൻ അത് ശക്തി പകരും.

ഇപ്രകാരം വളർന്ന ആത്മാവിന് ദിവ്യദർശനങ്ങൾ ഉണ്ടാകും. വളരെ വ്യക്തമായും സ്പഷ്ടമായും ഒരിജൻ അവയെപ്പറ്റി പറയുന്നു. പ്രാർഥിക്കുമ്പോഴും വേദപുസ്തകം വായിക്കുമ്പോഴും ഒരാന്തരിക പ്രകാശം നമുക്ക് ഉണ്ടാകുകയും ദിവ്യരഹസ്യങ്ങളിലേക്ക് ആഴത്തിലിറങ്ങാൻ നമ്മെ സഹായിക്കുകയും ചെയ്യും. അനുസ്യൂതം ഇതു വളർന്നുകൊണ്ടിരിക്കും (ഉല്പത്തി പ്രസംഗം, 1,7). ഭാവിയിൽ ഉണ്ടാകുന്ന പ്രലോഭനങ്ങളിൽ ശക്തി പകരുക എന്നതാണ് ഈ ദാനങ്ങളുടെ ലക്ഷ്യം. വേദനകളുടേയും പ്രലോഭനങ്ങളുടേയും മരുഭൂമിയിലുള്ള മലർവാടിയാണ് ദിവ്യദർശനങ്ങൾ. അത്തരം

നിമിഷങ്ങൾക്കായി കാത്തിരിക്കുന്നതു ശരിയല്ല; അവയിലാണ് പൂർണത യെന്നു കരുതുന്നതും നല്ലതല്ല.

അടുത്തപടി വചനവുമായുള്ള മിസ്റ്റിക്കൽ ഐക്യമാണ്. ആത്മാവിൽ ക്രിസ്തു പിറന്നു വളരുന്നു. ക്രിസ്തുവിനെ കൊണ്ട് അവൻ നിറയുന്നു. അവൻ പൂർണനായി തീരുന്നു. മറ്റു വാക്കുകളിൽ, വചനവും ആത്മാവും തമ്മിലുള്ള മിസ്റ്റിക്കൽ വിവാഹം നടക്കുന്നു. അതു നടന്നുകഴിയുമ്പോൾ തന്റെ ഏറ്റവും നിഗൂഢ രഹസ്യങ്ങൾ പോലും അവൻ അവളോടു പറയുന്നു: അവൾ അവന്റെ മാർവിൽ ആനന്ദം അനുഭവിക്കുന്നു. കുരിശിന്റെ പാതയി ലൂടെയാണ് ആ ഐക്യം പൂർണമാകുക. ക്രൂശിതനും അവന്റെ കുരിശും കൂടാതെ ഐക്യമില്ല. ക്രിസ്തുവിന്റെ യഥാർഥ ശിഷ്യൻ രക്തസാക്ഷിയാണ്. എന്നാൽ അതിനു സാധ്യത ഇല്ലാത്തവൻ താപസജീവിതം നയിക്കട്ടെ. ഇരുവരുടേയും ലക്ഷ്യം ഒന്നുതന്നെ.

മഹാനായ ഒരിജന്റെ സ്വാധീനം വളരെ വലുതായിരുന്നു. 'പറയുന്നതു പോലെ പ്രവർത്തിക്കുക, പ്രവർത്തിക്കുന്നതു പോലെ പറയുക.' ഒരിജന്റെ ജീവിതത്തെപ്പറ്റി മറ്റുള്ളവർക്കുള്ള അഭിപ്രായം ഇതാണ്. ഒരിജൻ ധാരാള മെഴുതി. അലക്സാണ്ഡ്രിയൻ വിദ്യാപാഠശാലയുടെ തലപ്പത്ത് തലയു യർത്തി നിന്ന ആ പ്രധാനാധ്യാപകൻ ക്രൈസ്തവ ദൈവശാസ്ത്ര ത്തിന്റെ ഊടും പാവും വിരിച്ചു. അന്നത്തെ പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് ഇത്രമാത്രം എഴുതാൻ ചങ്കൂറ്റം കാണിച്ച ആ മഹാപണ്ഡിതനെ നാം സ്മരിക്കേണ്ടതാണ്. അഭിപ്രായ വ്യത്യാസമുള്ള പല കാര്യങ്ങളും ഒരിജന്റെ കൃതികളിൽ കാണുന്നുണ്ട്. തന്റെ ജീവിതകാലത്തും പില്ക്കാ ലത്തും നിശിതമായ വിമർശനങ്ങൾക്ക് അദ്ദേഹം വിധേയനായി. ദൈവ ശാസ്ത്രം വളർന്നു വികസിക്കാത്ത സാഹചര്യത്തിൽ, അബദ്ധ പ്രബോധ കർ സത്യത്തിൽ മായം ചേർത്ത സാഹചര്യത്തിൽ, ഒരിജനിൽ കാണുന്നവ മറ്റുള്ളവർ കൂട്ടിച്ചേർത്തതായി ചിന്തിക്കുന്നവരുണ്ട്.

അധ്യായം 20

# ആറ് അലക്സാണ്ഡ്രിയൻ ചിന്തകന്മാർ

## 1. അമ്മോണിയുസ്

ഒരിജന്റെ ഒരു സമകാലീനനായിരുന്നു അമ്മോണിയുസ്. 'യേശുവും മോശയും തമ്മിലുള്ള സാമ്യം' എന്നൊരു കൃതി അദ്ദേഹം എഴുതിയിട്ടുണ്ട് (എവു.സഭാ.6,19,10). പഴയനിയമവും പുതിയ നിയമവും തമ്മിലുള്ള ഐക്യം വ്യക്തമാക്കാനാണ് ഇതെഴുതിയത്.

## 2. ദിവന്നാസ്യോസ്

ഒരിജന്റെ ശിഷ്യന്മാരിൽ പ്രമുഖനായിരുന്നു ദിവന്നാസ്യോസ്. ഒരിജൻ അലക്സാണ്ഡ്രിയ വിട്ടപ്പോൾ ഹെരാക്ലസ് വിദ്യാപാഠശാലയുടെ അധ്യക്ഷനായി. അലക്സാണ്ഡ്രിയൻ മെത്രാൻ ദെമെത്രിയൂസ് മരിച്ചപ്പോൾ ഹെരാക്ലസ് മെത്രാനായി. ഹെരാക്ലസിന്റെ പിൻഗാമിയായി കലാലയാധ്യക്ഷനും മെത്രാനും ആയതു (248–265) ദിവന്നാസ്യോസ് ആയിരുന്നു. അക്രൈസ്തവ മാതാപിതാക്കന്മാരിൽ നിന്നു പിറന്ന ദിവന്നാസ്യോസ് വായനയും പഠനവും വഴി സത്യവിശ്വാസം സ്വീകരിച്ചു. ഡേഷ്യസിന്റെ മതമർദനം നിമിത്തം കുറേനാൾ ഒളിവിൽ കഴിയേണ്ടിവന്നു. ഡേഷ്യസ് മരിച്ചപ്പോൾ തിരിച്ചെത്തിയെങ്കിലും വലേറിയന്റെ ഭരണകാലത്ത് ഈജിപ്തിലുള്ള മരെയോട്ടിസ് എന്ന സ്ഥലത്തേക്കു നാടുകടത്തപ്പെട്ടു. തിരിച്ചു വന്നശേഷവും അദ്ദേഹത്തിന് ബഹുവിധ പ്രതിബന്ധങ്ങളെ നേരിടേണ്ടി വന്നു. ആഭ്യന്തര കലാപങ്ങളും പകർച്ചവ്യാധികളും നാട്ടിൽ പടർന്നു പിടിച്ചു. അന്ത്യോക്യൻ സിനഡിന്റെ കാലത്ത് (264–265) മരിച്ചു.

 www.malankaralibrary.com

അദ്ദേഹത്തിന്റെ ധൈര്യവും സഹനവും മറ്റും കണ്ട് പിൻതലമുറ 'മഹാനായ ദിവന്നാസ്യോസ്' എന്ന് അദ്ദേഹത്തെ വിളിക്കുന്നു. അക്കാലത്തെ തലയെടുപ്പുള്ള സഭാനേതാക്കന്മാരിൽ ഒരുവനായിരുന്നു അദ്ദേഹം. ധാരാളം കൃതികളുടെ കർത്താവാണദ്ദേഹം. അക്കാലത്തെ പ്രധാന താത്വിക പ്രശ്നങ്ങളിലെല്ലാം അദ്ദേഹം പങ്കെടുത്തിരുന്നെന്ന് കത്തുകൾ തെളിയിക്കുന്നു. അദ്ദേഹത്തെ പറ്റി നാം കൂടുതലായി അറിയുന്നത് എവുസേബിയസിൽ നിന്നാണ്. എവുസേബിയസ് സഭാചരിത്രം ഏഴാം പുസ്തകം ദിവന്നാസ്യോസിനാണ് സമർപ്പിച്ചിരിക്കുന്നത്.

**കൃതികൾ**

(1) പ്രകൃതിയെപ്പറ്റി

തന്റെ പുത്രനായ തിമോതിയോസിനുള്ള കത്തിന്റെ രൂപത്തിലാണിത് എഴുതിയിരിക്കുന്നത്. ഇതിൽ എപ്പിക്കൂരിയൻ ഭൗതികവാദത്തെ എതിർക്കുകയും പ്രപഞ്ച സൃഷ്ടിയെ സംബന്ധിച്ചുള്ള ക്രൈസ്തവ വീക്ഷണം അവതരിപ്പിക്കുകയും ചെയ്യുന്നു (എവു.സുവിശേഷത്തിനൊരുക്കം,14, 23-27).

(2) വാഗ്ദാനങ്ങളെപ്പറ്റി

ഈ കൃതി നെപ്പോസ് എന്ന മെത്രാന്റെ അബദ്ധാഭിപ്രായങ്ങൾക്ക് എതിരായി എഴുതിയതാണ്. നെപ്പോസ് ഈജിപ്റ്റിൽ ആർസിനോയിലെ മെത്രാനായിരുന്നു. വെളിപാടു പുസ്തകത്തെ ആധാരമാക്കിയാണ് നെപ്പോസ് തന്റെ തത്വങ്ങൾ പടുത്തുയർത്തിയത്. എന്നാൽ അവ തെറ്റെന്നു കണ്ട ദിവന്നാസ്യോസ് ആർസിനോയിൽ ചെന്ന് വിജയപ്രദമായി ചർച്ച നടത്തി. അലക്സാണ്ഡ്രിയായിൽ തിരിച്ചെത്തിയശേഷം വാഗ്ദാനങ്ങളെപ്പറ്റി എന്ന പേരിൽ രണ്ടു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു (എവു.സഭാ.7,24,1-3).

(3) അപ്പോളജി

നാലു പുസ്തകങ്ങളിലായി അന്നത്തെ റോമാമെത്രാൻ ദിവന്നാസ്യോസിനാണ് (259-268) ഇതെഴുതിയിരിക്കുന്നത്. ത്രിത്വത്തെ സംബന്ധിച്ച് അലക്സാണ്ഡ്രിയായിലെ ദിവന്നാസ്യോസിന്റെ വിശ്വാസം എന്തെന്നു വ്യക്തമാക്കാൻ റോമാമെത്രാൻ അദ്ദേഹത്തെ റോമിലേക്കു ക്ഷണിച്ചു. ദിവന്നാസ്യോസ് തന്റെ അപ്പോളജി വഴി അതിനു മറുപടി നൽകി സത്യവിശ്വാസം വെളിപ്പെടുത്തി. ആ മറുപടികൊണ്ട് റോമിലെ സംശയം നീങ്ങി. എവുസേബിയസും അത്തനാസ്യോസും ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നു.

'ദൈവം പിതാവല്ലാതിരുന്ന ഒരു നിമിഷവും ഇല്ലായിരുന്നു. പുത്രനു തന്നിൽ നിന്നു തന്നെയല്ല അസ്തിത്വം, പ്രത്യുത പിതാവിൽ നിന്നാണ്. എല്ലാം സൃഷ്ടിച്ചതിനു ശേഷമല്ല പുത്രനെ ജനിപ്പിച്ചത് നിത്യപ്രകാശത്തിന്റെ ശോഭയാകയാൽ അവനും സത്താപരമായും അത്യന്തിക

മായും നിത്യനാണ്. കാരണം, വെളിച്ചം സദാ ഉണ്ടായിരുന്നെങ്കിൽ, ശോഭയും സദാ ഉണ്ടായിരിക്കണം. കാരണം, വെളിച്ചത്തെപ്പറ്റി നാം ഗ്രഹിക്കുന്നത് ശോഭ വഴിയാണ്. അതുപോലെ വെളിച്ചത്തിന് ശോഭിക്കാതിരിക്കാൻ കഴിയുകയില്ല. നമുക്ക് ഒരിക്കൽ കൂടി ഉദാഹരണത്തിലേക്കു തിരിയാം. സൂര്യനുണ്ടെങ്കിൽ ദിവസവുമുണ്ട്; ദിവസമില്ലെങ്കിൽ സൂര്യൻ അവിടെ ഉണ്ടായിരിക്കുക അസാധ്യമാണ്. സൂര്യൻ നിത്യനാണെങ്കിൽ, പകലൊരി ക്കലും അവസാനിക്കയില്ല; എന്നാൽ യാഥാർഥ്യം അങ്ങനെ അല്ലല്ലോ. സൂര്യൻ ഉദിക്കുന്നതോടുകൂടി പകൽ ആരംഭിക്കുന്നു. സൂര്യൻ അസ്തമിക്കു മ്പോൾ പകലും അവസാനിക്കുന്നു. എന്നാൽ ദൈവം നിത്യവെളിച്ചമാണ്. അവിടുത്തേക്ക് ആരംഭമില്ല, അന്ത്യവുമില്ല. അതുകൊണ്ട് അവിടുത്തെ നിത്യശോഭ അവിടുത്തെ മുമ്പിൽ പ്രകാശിക്കുന്നു; 'എന്നിലാണവൻ സന്തുഷ്ടനായത്; എല്ലാ നാഴികയിലും അവന്റെ മുമ്പാകെ ഞാൻ അവന്റെ സന്തുഷ്ടി ആയിരുന്നു (സുഭാ.8.30) എന്നു പറയുന്ന വിജ്ഞാനവും അവിടുന്നാകുന്നു. നിത്യനായ പിതാവിനെപ്പോലെ പുത്രനും നിത്യനാണ്. വെളിച്ചത്തിൽ നിന്നുള്ള വെളിച്ചമാണ്. ജനിപ്പിക്കുന്നവൻ ഉണ്ടെങ്കിൽ ജനിച്ചവനുണ്ട്. ജനിച്ചവനില്ലെങ്കിൽ എങ്ങനെ അവിടുന്ന് ജനിപ്പിക്കുന്നവ നാകും? എന്നാൽ രണ്ടുമുണ്ട്; എപ്പോഴുമുണ്ട്. ദൈവം വെളിച്ചമാണ്, ക്രിസ്തു ശോഭയാണ്.'

(4) കത്തുകൾ

ദിവന്നാസ്യോസിന്റെ കത്തുകൾക്ക് കുറെയൊക്കെ സ്വാധീനമുണ്ടായി രുന്നു. എവുസേബിയസ് സഭാചരിത്രത്തിൽ ചില കത്തുകൾ ഉദ്ധരിക്കുന്നു. പൂർണ രൂപത്തിലുള്ള രണ്ടു കത്തുകളേ കിട്ടിയിട്ടുള്ളൂ:

1. നൊവേഷ്യനുള്ള കത്ത്: നൊവേഷ്യൻ റോമിൽ എതിർപാപ്പാ ആയിരുന്നപ്പോൾ, നൊവേഷ്യന്റെ തിരിച്ചു വരവിനായി ദിവന്നാസ്യോസ് പല കത്തുകളും എഴുതി. അതിലൊന്ന് ഇപ്രകാരമാണ്: 'ദിവന്നാസ്യോസ്: സഹോദരനായ നൊവേഷ്യന് ആശംസകൾ! താങ്കൾ പറയുന്നതുപോലെ സ്വന്തം ഇഷ്ടം കൂടാതെയാണ് ഇതിലേക്ക് ആനീതനായതെങ്കിൽ, പിൻമാറി അതു തെളിയിക്കേണ്ടതാണ്. ദൈവത്തിന്റെ സഭയെ പിളർക്കാതിരിക്കാൻ ഒരാൾ എന്തു സഹിച്ചാലും അധികമാകില്ല. ശീശ്മ ഒഴിവാക്കാൻ രക്തസാക്ഷിത്വം വരിക്കുന്നത്, വിഗ്രഹാരാധന ഒഴിവാക്കാൻ രക്തസാ ക്ഷിത്വം വരിക്കുന്നതിലും മഹനീയമായി ഞാൻ കരുതുന്നു. ഒന്നിൽ ഒരാൾ തന്റെ ആത്മാവിനെ പ്രതി മാത്രം രക്തസാക്ഷിയാകുന്നു; മറ്റതിൽ സഭ മുഴുവനും വേണ്ടിയാണ്. താങ്കൾ ഇപ്പോഴെങ്കിലും സഹോദരങ്ങളെ ഐക്യത്തിനു പ്രേരിപ്പിച്ചാൽ, താങ്കളുടെ എഴുന്നേൽപ് വീഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ ഉന്നതമായിരിക്കും. ആദ്യത്തേത് ആരും ഓർക്കുകയില്ല; രണ്ടാമത്തേത് പ്രകീർത്തിക്കപ്പെടുകയും ചെയ്യും. എന്നാൽ


www.malankaralibrary.com

അവർ താങ്കളെ അനുസരിക്കാതിരിക്കുകയോ, അവരെ അനുസരിപ്പിക്കാൻ താങ്കൾക്കു സാധിക്കുകയില്ലെന്നു തോന്നുകയോ ചെയ്താൽ, താങ്കളുടെ ആത്മാവിനെ എങ്കിലും രക്ഷിക്കുക. താങ്കൾ ആരോഗ്യവാൻ ആയിരിക്കാനും കർത്താവിന്റെ സമാധാനത്തോടു ചേർന്നിരിക്കാനും ഞാൻ പ്രാർഥിക്കുന്നു' (എവു.സഭാ.6,45).

2. ബസിലിദെസിനുള്ള കത്ത്: പെന്റാപ്പൊളീസിലെ മെത്രാനായിരുന്ന ബസിലിദെസിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരമായിട്ടാണ് ഈ കത്ത്. ഗ്രീക്കുസഭ കാനോനിക സമാഹാരത്തിൽ ഇതു ചേർത്തിട്ടുണ്ട്.

3. ഫാബിയുസിനുള്ള കത്ത്: അന്ത്യോക്യയിലെ മെത്രാനായ ഫാബിയുസിന് അയച്ചതാണിത്. കുർബാന, പാപമോചനം എന്നിവയെ സംബന്ധിച്ച് ഇതിൽ ചർച്ച ചെയ്യുന്നു. വിശ്വാസത്യാഗികളെ സഭയിൽ തിരികെ എടുക്കുന്നതിനെ പറ്റിയും പരാമർശമുണ്ട്.

4. തിരുനാൾ ലേഖനങ്ങൾ: ഒൻപതാം നൂറ്റാണ്ടുവരെ അലക്സാണ്ഡ്രിയൻ മെത്രാന്മാർ ഉയർപ്പു തീയതിയും അതിനു മുമ്പുള്ള ഉപവാസാരംഭവും പ്രഖ്യാപിച്ചുകൊണ്ട് ഈജിപ്റ്റ് മുഴുവൻ ലേഖനങ്ങൾ അയക്കുന്ന പതിവുണ്ടായിരുന്നു. നോമ്പുകാലം നന്നായി അനുഷ്ഠിക്കണമെന്നും ഉയർപ്പുകാലം നന്നായി കൊണ്ടാടണമെന്നും നിർദേശിച്ചു കൊണ്ടുള്ള ഇടയലേഖനങ്ങളായിരുന്നു അവ. അപ്രകാരം ആദ്യമായി ലേഖനമെഴുതിയത് ദിവന്നാസ്യോസായിരുന്നു (സഭാ. 7,20). ഉയർപ്പു കൂടാതെ പ്രധാനപ്പെട്ട കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യാനും അദ്ദേഹം ഈ അവസരങ്ങൾ ഉപയോഗിച്ചിരുന്നു. എന്നാൽ അവയെപ്പറ്റി എവുസേബിയസ് പറയുന്നതല്ലാതെ നമുക്ക് മററിവില്ല.

## 3. തെയൊഗ്നോസ്റ്റസ്

ദിവന്നാസ്യോസിന്റെ പിൻഗാമിയായി അലക്സാണ്ഡ്രിയൻ വിദ്യാപാഠശാലയെ 265 മുതൽ 268 വരെ നയിച്ചത് തെയൊഗ്നോസ്റ്റസാണ്. 'ഹ്യൂപ്പോതിപ്പോസെയിസ്' എന്നൊരു കൃതിയെപ്പറ്റി ഫോസിയസ് രേഖപ്പെടുത്തുന്നു. ഒരിജന്റെ ചിന്താരീതിയോടു സാമ്യമുള്ള ഒരു താത്വിക ഗ്രന്ഥമായിരുന്നു അത്. എവുസേബിയസും ജറോമും അദ്ദേഹത്തെപ്പറ്റി പറയുന്നില്ല. അത്തനാസ്യോസ് അദ്ദേഹത്തെപ്പറ്റി ബഹുമാനപുരസരം അനുസ്മരിക്കുന്നു.

## 4. പിയേരിയുസ്

തെയൊഗ്നോസ്റ്റസിന്റെ പിൻഗാമിയായി അലക്സാണ്ഡ്രിയൻ കലാലയത്തെ നയിച്ചത് പിയേരിയുസ് ആയിരുന്നു. ദാരിദ്ര്യത്തെ സ്നേഹിച്ചിരുന്ന ഇദ്ദേഹം തത്വശാസ്ത്രത്തിൽ അഗാധപാണ്ഡിത്യം സമ്പാദിച്ചിരുന്നു (സഭാ.7,32,27). അക്കാലത്തെ അലക്സാണ്ഡ്രിയൻ

മെത്രാൻ തെയൊനാസ് ആയിരുന്നു. വിവിധ വിഷയങ്ങളെ പുരസ്കരിച്ച് പിയേരിയുസ് എഴുതിയിട്ടുണ്ട്. 'ജൂനിയർ ഒരിജൻ' എന്ന് ചിലർ അദ്ദേഹത്തെ വിളിക്കുന്നു. മതപീഡനത്തിനുശേഷമുള്ള കാലം റോമിൽ കഴിച്ചുകൂട്ടി (ജറോം, മഹദ്. 76). 'പ്രവാചകനായ ഹോശിയായെപ്പറ്റി അദ്ദേഹം ഒരു കൃതി എഴുതി. ഒരു പെസഹാപ്രസംഗമായിരുന്നു അത്. മറ്റു ചില കൃതികളുടെ പേരുകളല്ലാതെ മറ്റൊന്നും നമുക്കറിവില്ല. അത്തരത്തിൽപ്പെടുന്നവയാണ് 'ലൂക്കോസിന്റെ സുവിശേഷത്തെപ്പറ്റി,' 'പംഫീലസിന്റെ ജീവചരിത്രം,' 'കൊറിന്തോസുകാർക്കെഴുതിയ ലേഖനം'എന്നിവ.

# 5. പീറ്റർ

പീറ്റർ 300-നുശേഷം അലക്സാണ്ഡ്രിയൻ മെത്രാനായിത്തീർന്നു. ആദ്യം അദ്ദേഹം കലാലയത്തിൽ അധിപനായിരുന്നിരിക്കാം. ഡയോക്ലിഷന്റെ മതപീഡനകാലത്ത് പീറ്റർ ഒളിവിൽ കഴിഞ്ഞു. 311-ൽ രക്തസാക്ഷിയായി മരിച്ചു. എവുസേബിയസ് പീറ്ററിനെ വളരെ പുകഴ്ത്തി എഴുതിയിട്ടുണ്ട്. വലിയ താപസജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത് (സഭാ. 7, 32,31). പീറ്ററിന്റെ അഭാവത്തിൽ ലിക്കോപ്പൊളീസിലെ മെലീഷ്യസ് മെത്രാൻ അലക്സാണ്ഡ്രിയൻ രൂപതയിൽ അനധികൃതമായി കൈയേറി. 305/306-ലെ അലക്സാണ്ഡ്രിയൻ സിനഡ് മെലീഷ്യസിനെ സ്ഥാനഭ്രഷ്ടനാക്കി (അത്തനാസ്യോസ്, ആരിയർക്കെതിരെയുള്ള അപ്പോളജി, 59). അപ്പോൾ മെലീഷ്യസ് ഒരു ശീശ്മസഭ തുടങ്ങി. മെലീഷ്യൻ ശീശ്മ. ഏകദേശം ഒരു നൂറ്റാണ്ടോളം അത് നിലനിന്നു. രക്തസാക്ഷികളുടെ സഭ എന്ന് അവർ സ്വയം വിളിച്ചു. നിഖ്യാസൂനഹദോസ് പരിശ്രമിച്ചിട്ടു പോലും ഈ ശീശ്മ അവസാനിപ്പിക്കാൻ സാധിച്ചില്ല. ആരിയുസ് ഈ ഗ്രൂപ്പിൽപ്പെട്ട ആളായിരുന്നു. ഇവരിൽ നിന്ന് ആരിയൂസിന് ധാരാളം അനുയായികളെ കിട്ടി.

**കൃതികൾ**

1. ദൈവത്വത്തെപ്പറ്റി: യേശുക്രിസ്തുവിന്റെ ദൈവത്വത്തെപ്പറ്റിയാണ് ഈ കൃതി. 'വചനം മാംസമായി; അവൻ മനുഷ്യനെപ്പോലെ കാണപ്പെട്ടു; എന്നാൽ അവന്റെ ദൈവത്വം അവനെ വേർപിരിഞ്ഞില്ല; അതായത് യേശുക്രിസ്തു സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനുമാണ്' തുടങ്ങിയവ ഇതിൽ ചർച്ചചെയ്യുന്നു.

2. കർത്താവിന്റെ വരവിനെപ്പറ്റി: യേശുക്രിസ്തുവിന്റെ ഇരുസ്വഭാവങ്ങളെയും ഇതിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. 'ഇവയും ഇതുപോലുള്ളവയും - കാണിച്ച അടയാളങ്ങളും അത്ഭുതങ്ങളും - വഴി അവിടുന്ന് മനുഷ്യനായിത്തീർന്ന ദൈവമാണെന്ന് തെളിയുന്നു. അവിടുന്ന് സ്വഭാവത്താലേ ദൈവവും മനുഷ്യനുമാണെന്ന് സ്പഷ്ടമാകുന്നു' (ലെയോൺസ്യൂസ്, നെസ്തോറിയർക്കും എവുത്തീക്കിയർക്കുമെതിരെ, 1).

3. ആത്മാവിനെപ്പറ്റി: ആത്മാവിനെ പറ്റിയുള്ള ഒരിജന്റെ വീക്ഷണങ്ങളെ ഇതിൽ ഖണ്ഡിക്കുന്നു.

4. അനുതാപത്തെപ്പറ്റി: പീറ്ററിന്റെ പേരിൽ പൗരസ്ത്യസഭകളുടെ കാനോനിക സമാഹാരത്തിൽ പതിന്നാലു കാനോനകളുണ്ട് ഇത് 306-ൽ എഴുതപ്പെട്ടു.

5. ഉയർപ്പിനെപ്പറ്റി: ഒരിജന്റെ സിദ്ധാന്തങ്ങൾക്കെതിരെ എഴുതപ്പെട്ടതാണിത്.

6. പെസഹായെപ്പറ്റി: ഉയിർപ്പുകാലത്തെ ലേഖനമായിരിക്കാമിത്.

7. മെലീഷ്യസിനെ സംബന്ധിച്ച് അലക്സാണ്ഡ്രിയാക്കാർക്കുള്ള കത്ത്: മെലീഷ്യൻ ശീശ്മ തുടങ്ങിയപ്പോൾ എഴുതിയാണ് ഈ കത്ത്. നേരത്തെ ഹെസീക്കിയൂസ്, പക്കോമിയുസ്, ഫീലെയാസ്, തിയഡോറൂസ് എന്നീ നാലു മെത്രാന്മാർ മെലീഷ്യസിനെ താക്കീത് ചെയ്ത് ഒരു കത്തയച്ചിരുന്നു. അവരുടെ രൂപതകളിലും മെലീഷ്യസ് അനധികൃതമായി കടക്കുകയും മേല്പട്ടക്കാരനടുത്ത ശുശ്രൂഷകൾ നിർവഹിക്കുകയും ചെയ്തു. മെലീഷ്യസിനെ നേരിൽ കണ്ട് സംഗതികൾ ചർച്ചചെയ്ത് തീരുമാനിക്കുന്നതുവരെ ആരും അയാളോട് സഹകരിക്കരുതെന്നാണ് പീറ്ററിന്റെ കത്തിന്റെ ചുരുക്കം.

## 6. ഹെസീക്കിയൂസ്

പഴയനിയമത്തിന്റേയും സുവിശേഷങ്ങളുടേയും ഗ്രീക്കുഭാഷ നവീകരിക്കാൻ അദ്ദേഹം ഒരു ശ്രമം നടത്തി. പ്രസ്തുത ശ്രമത്തിനിടയിൽ പല തെറ്റുകളും അദ്ദേഹം വരുത്തിവച്ചു എന്ന് ജറോം പറയുന്നു. അദ്ദേഹം പരിഷ്കരിച്ച വേദപുസ്തക പതിപ്പാണ് നാലാം നൂറ്റാണ്ടിൽ ഈജിപ്റ്റിൽ ഉപയോഗിച്ചിരുന്നത്. ഡയോക്ലിഷന്റെ മതപീഡനകാലത്ത് ഹെസീക്കിയൂസ് രക്തസാക്ഷിയായി മരിച്ചു.

അധ്യായം 21

# ഒരിജന്റെ നാലു സ്നേഹിതന്മാർ

ഒരിജൻ അലക്സാണ്ഡ്രിയായിൽ നിന്ന് 232-ൽ ബഹിഷ്കൃതനായപ്പോൾ പലസ്തീനയിലെ കേസറിയായിൽ അഭയം പ്രാപിച്ചു. അദ്ദേഹം അവിടെ തുടങ്ങിയ വിദ്യാപാഠശാല അദ്ദേഹത്തിന്റെ മരണശേഷവും ഒരു പഠനകേന്ദ്രമായി നിലനിന്നു. അദ്ദേഹത്തിന്റെ കൃതികൾ ഒരു ഗ്രന്ഥശേഖരത്തിന്റെ ആരംഭം കുറിച്ചു. പംഫീലസ് അത് വളർത്തിയെടുത്തു. ഒരിജന്റെ പാരമ്പര്യം മുമ്പോട്ടു കൊണ്ടുപോകുവാൻ അദ്ദേഹം പരിശ്രമിച്ചു. അത്ഭുതപ്രവർത്തകനായ ഗ്രിഗോറിയോസ്, കേസറിയായിലെ എവുസേബിയസ്, വി. ഗ്രിഗറി നസ്യാൻസൻ എന്നിവർ അലക്സാണ്ഡ്രിയൻ ദൈവശാസ്ത്രം സ്വായത്തമാക്കിയത് ഈ പാഠശാല യിൽ വച്ചാണ്. ഒരിജന്റെ ചില ശിഷ്യന്മാരെപ്പറ്റിയും ആരാധകരെപ്പറ്റിയും ചുരുക്കി വിവരിക്കാം.

## 1. അത്ഭുതപ്രവർത്തകനായ ഗ്രിഗോറിയോസ്

പോന്തുസിലെ നെയോ ചെസാറിയായിൽ അക്രൈസ്തവ മാതാപിതാക്കളിൽ നിന്ന് 213-ൽ ഗ്രിഗോറിയോസ് ജനിച്ചു. ആദ്യനാമം തിയഡോർ എന്നായിരുന്നു. ജ്ഞാനസ്നാനാവസരം ഗ്രിഗോറിയോസ് എന്ന പേര് സ്വീകരിച്ചു. പ്രസംഗകലയും നിയമവും സ്വന്തനഗരത്തിൽ തന്നെ പഠിച്ചു. ഉന്നതവിദ്യാഭ്യാസത്തിനു ഫിനീഷ്യയ്ക്കു പോകാൻ തീരുമാനിച്ചിരിക്കെ, അദ്ദേഹത്തിന്റെ സഹോദരി പലസ്തീനയിലെ കേസറിയായിലേക്കു ക്ഷണിച്ചു. അവളുടെ ഭർത്താവ് സ്ഥലത്തെ ഗവർണരായിരുന്നു. അവിടെവച്ച് ഗ്രിഗോറിയോസ് ഒരിജനുമായി പരിചയപ്പെടുകയും ശിഷ്യനാകുകയും ചെയ്തു. അതേപ്പറ്റി ഗ്രിഗോറിയോസ് തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്:

'എന്റെ ആത്മാവിന്റെ ഉള്ളറയിൽ ഒരു സ്ഫുലിംഗം പ്രകാശിക്കുന്നതുപോലെ അവിടുത്തോടു എന്റെ സ്നേഹം പ്രകാശി ക്കുകയും ജ്വലിക്കുകയും ചെയ്തു. അവാച്യമായ അവന്റെ സൗന്ദര്യ ത്താൽ അവൻ

എല്ലാറ്റിനേക്കാളും കാമ്യനാണ്. വചനമാകട്ടെ പരിശുദ്ധവും പരിപൂർണമായി സ്നേഹയോഗ്യവും; അതുപോലെ അവിടുത്തെ സ്നേഹിതനും പ്രവാചകനുമായ ഈ മനുഷ്യനോടും എനിക്കു സ്നേഹം തോന്നി. ഈ സംഗതികളാൽ വലിച്ചടുപ്പിക്കപ്പെട്ട ഞാൻ പഠനം, മറ്റുകാര്യങ്ങൾ, എനിക്കു പ്രിയപ്പെട്ട നിയമപഠനം, വീട്, അവിടെയുള്ള ബന്ധുക്കൾ, എന്റെ സഹജർ, എന്നുവേണ്ട എനിക്കു പ്രിയങ്കരം എന്നു തോന്നിയവയെല്ലാം അവഗണിക്കാൻ തുടങ്ങി. ഒന്നു മാത്രം പ്രിയങ്കരവും കാമ്യവുമായി എനിക്കു തോന്നി: തത്വശാസ്ത്രവും ഗുരുവായ ഈ ദിവ്യമനുഷ്യനും'(വിടവാങ്ങൽ പ്രസംഗം,6).

അഞ്ചുവർഷം ഗ്രിഗോറിയോസ് ഒരിജനുമൊത്ത് കേസറിയായിൽ താമസിച്ചു. ഒരിജനിൽനിന്ന് വേർപിരിഞ്ഞ അവസരം ഗ്രിഗോറിയോസ് ചെയ്ത പ്രസംഗം പൂർണരൂപത്തിൽ കിട്ടിയിട്ടുണ്ട്. ഒരിജന്റെ വ്യക്തി പരമായ ജീവിതത്തെയും പ്രബോധന രീതികളെയും സംബന്ധിച്ച് പലതും അതിൽനിന്ന് ഗ്രഹിക്കാം.

കുറേ വർഷങ്ങൾക്കുശേഷം അമാസെയായിലെ ഫേഡിമുസ് എന്ന മെത്രാൻ ഗ്രിഗോറിയോസിനെ നെയോ ചെസാറിയായിലെ ഒന്നാമത്തെ മെത്രാനായി നിയമിച്ചു. പോന്തുസ് മുഴുവൻ ചുറ്റിനടന്ന് ഗ്രാമങ്ങളിലും നഗരങ്ങളിലും വാചാലതയോടെ അദ്ദേഹം പ്രസംഗിച്ചു. 265-ലെ അന്ത്യോക്യൻ സിനഡിൽ അദ്ദേഹം സംബന്ധിച്ചു. ഔറേലിയന്റെ വാഴ്ചയുടെ കാലത്ത് (270-5) മരിച്ചു. കപ്പഡോഷ്യയിൽ സഭ സ്ഥാപിച്ചത് ഗ്രിഗോറിയോസ് ആണെന്ന് കരുതപ്പെടുന്നു. നീസ്സായിലെ വി. ഗ്രിഗോറിയോസ് അദ്ദേഹത്തിന്റെ ജീവചരിത്രം എഴുതിയിട്ടുണ്ട്. മരണാനന്തരം 'അത്ഭുതപ്രവർത്തകൻ' (*തൗമതുർഗോസ്*)എന്ന പേര് ഗ്രിഗോറിയോസിനു കിട്ടി. കപ്പഡോഷ്യൻ പിതാക്കന്മാർ വളരെ ബഹുമാനത്തോടു കൂടിയാണ് അദ്ദേഹത്തെ സ്മരിക്കുന്നത്. ഗ്രിഗോറിയോസ് ഒരു പ്രായോഗിക മനുഷ്യൻ ആയിരുന്നതിനാൽ, വളരെയൊന്നും എഴുതിയിട്ടില്ല. എഴുതിയവ തന്നെയും പ്രായോഗിക ചായ്‌വുള്ളവയാണ്:

1. വിടവാങ്ങൽ പ്രസംഗം: ഒരിജന്റെ കലാലയത്തിലെ പഠനം പൂർത്തിയാക്കി സ്വന്ത നാട്ടിൽ പോകുന്നതിനു മുമ്പ് ചെയ്ത പ്രസംഗമാണിത്.

2. വിശ്വാസപ്രമാണം:[39] ത്രിത്വത്തെ സംബന്ധിച്ചുള്ള ചുരുങ്ങിയ വിവരണമാണിത്. നീസ്സായിലെ ഗ്രിഗോറിയോസ് ഇത് ജീവചരിത്രത്തിൽ ചേർത്തിട്ടുണ്ട്: 'സജീവനായ വചനത്തിന്റെ പിതാവായ ദൈവം ഏകനാകുന്നു. വചനം അവനിൽ വസിക്കുന്ന വിജ്ഞാനവും ശക്തിയും നിത്യഛായയുമാണ്. പരിപൂർണ പുത്രന്റെ പരിപൂർണ ജനകൻ, ഏകജാതന്റെ പിതാവ്, ഒരു കർത്താവ്, അതുല്യനിൽ നിന്നുള്ള അതുല്യൻ,

ദൈവത്തിൽ നിന്നുള്ള ദൈവം, ദൈവത്വത്തിന്റെ ഛായയും സാദൃശ്യവും, പ്രവർത്തനക്ഷമമായ വചനം, എല്ലാറ്റിന്റേയും ഘടനയറിയുന്ന വിജ്ഞാനം, സർവസൃഷ്ടികളെയും രൂപീകരിക്കുന്ന ശക്തി, സത്യപിതാവിന്റെ സത്യപുത്രൻ, അദൃശ്യനിൽ നിന്നുള്ള അദൃശ്യൻ, അനശ്വരനിൽ നിന്നുള്ള അനശ്വരൻ, അമർത്യനിൽ നിന്നുള്ള അമർത്യൻ, നിത്യനിൽ നിന്നുള്ള നിത്യൻ, ഒരു പരിശുദ്ധാത്മാവേയുള്ളൂ. അവൻ പിതാവിൽനിന്നു തന്റെ അസ്തിത്വം സ്വീകരിക്കുന്നു. പുത്രൻ വഴി മനുഷ്യർക്ക് അറിയപ്പെടുന്നു; പുത്രന്റെ ഛായ, പരിപൂർണ ഛായയുടെ പരിപൂർണ ഛായ, ജീവൻ, ജീവന്റെ ഹേതു, പരിശുദ്ധമായ ഉറവ, പരിശുദ്ധി, പരിശുദ്ധിയുടെ ദാതാവ് അല്ലെങ്കിൽ നേതാവ്, അവനിൽ പിതാവ് വെളിപ്പെടുത്തപ്പെടുന്നു. അവൻ എല്ലാറ്റിനും ഉപരിയും എല്ലാറ്റിനുള്ളിലും ആകുന്നു. ദൈവമായ പുത്രനിൽ എല്ലാം സ്ഥിതിചെയ്യുന്നു. മഹത്വത്തിലും നിത്യതയിലും രാജത്വത്തിലും, വിഭജിക്കപ്പെടാതെയും വേർതിരിക്കപ്പെടാതെയും ഇരിക്കുന്ന പരിപൂർണ ത്രിത്വം ഏകമാകുന്നു. അതുകൊണ്ട് ത്രിത്വത്തിൽ സൃഷ്ടിക്കപ്പെട്ടതോ, തുല്യമല്ലാത്തതോ ഒന്നുമില്ല. മുമ്പില്ലാതിരുന്നതും പിന്നീട് ചേർന്നതുമായി ത്രിത്വത്തിൽ കൂട്ടിച്ചേർക്കാനുമില്ല. പിതാവിനെ കൂടാതെ പുത്രനില്ല; പുത്രനെ കൂടാതെ പരിശുദ്ധാത്മാവില്ല. എന്നാൽ ഒരേ ത്രിത്വം മാറ്റവും ഭേദവും കൂടാതെ എന്നും സ്ഥിതിചെയ്യുന്നു.'

3. കാനോനികലേഖനം: ഏതോ മെത്രാന്റെ സംശയങ്ങൾക്കുള്ള മറുപടിയായിട്ടാണ് ഇതെഴുതിയത്. ഗ്രീക്കുസഭ കാനോനിക സമാഹാരത്തിൽ ഇതും ചേർത്തിട്ടുണ്ട്. ഡേഷ്യസിന്റെ പരാജയത്തിനുശേഷം (251) ബൊറാഡികളും ഗോത്യരും കൂടി പോന്തുസും ബിത്തീനിയായും ആക്രമിക്കയും കൊലയും കൊള്ളിവയ്പും നടത്തുകയും ചെയ്തു. അവർ സ്ത്രീകളെ ബലാൽസംഗം ചെയ്തു; അനേകരെ അടിമകളായി കൊണ്ടുപോയി. ചിലരെ തിരികെ വിട്ടു. പേഗൻ ഭക്ഷണം കഴിച്ചതിൽ നിന്ന് ചിലർക്കു സംശയങ്ങളുണ്ടായി. ചില ക്രിസ്ത്യാനികൾ ഈ അപരിഷ്കൃതരോടു ചേർന്ന് സഹക്രിസ്ത്യാനികളെ ഒറ്റിക്കൊടുത്തു. ധനികരുടെ വീടുകൾ കാണിച്ചു കൊടുക്കുകയും ഗോത്യരുടെ പട്ടാളത്തിൽ ചേരുകയും ചെയ്തു. ഇത്തരം പ്രശ്നങ്ങൾക്കു പരിഹാരം നിർദേശിച്ചു കൊണ്ടാണ് ഗ്രിഗോറിയോസ് തന്റെ സുഹൃത്തായ മെത്രാന് ഈ ലേഖനം അയച്ചത്. തെറ്റിൽ വീണവർ അനുതപിക്കണം, പ്രായശ്ചിത്തം ചെയ്യണം. അവസാനത്തെ കാനൻ വിവിധതരം അനുതാപികളെപ്പറ്റി വിവരിക്കുന്നു:

'ദേവാലയവാതിലിനു പുറത്തുവച്ച് 'കരച്ചിൽ' നടക്കുന്നു: തെറ്റുകാരൻ അവിടെ നിന്നുകൊണ്ട്, പ്രാർഥനയ്ക്കായി ദേവാലയത്തിലേക്കു കയറുന്ന വിശ്വാസികളോട്, തനിക്കുവേണ്ടി പ്രാർഥിക്കണമെന്ന് അപേക്ഷിക്കുന്നു. 'ദൈവവചനശ്രവണം' വരാന്തയിൽ വച്ചാണ്. സ്നാനാർഥികൾ പിരിഞ്ഞു


www.malankaralibrary.com

പോകുന്നതുവരെ തെറ്റുകാരൻ അവിടെ നിൽക്കണം. അതിനുശേഷം അവനും പിരിഞ്ഞുപോകാം. 'അവൻ വി. ഗ്രന്ഥവും തത്വങ്ങളും ശ്രവിച്ചിട്ട് പുറത്ത് തള്ളപ്പെടട്ടെ. പ്രാർഥിക്കാൻ അയോഗ്യനായി കരുതപ്പെടുകയും ചെയ്യട്ടെ' എന്നു പറയപ്പെട്ടിരിക്കുന്നു. 'പ്രണാമം'ദേവാലയത്തിന്റെ വാതിലിനുള്ളിലാണ്. അവർ സ്നാനാർഥികളോടു കൂടെ പിരിഞ്ഞു പോകുന്നു. വിശ്വാസികളോടുകൂടെയുള്ള സംസർഗമാണ് 'ഉദ്ധാരണം'; അത്തരക്കാർ സ്നാനാർഥികളോടു കൂടെ പുറത്തു പോകുന്നില്ല. എല്ലാറ്റിനും അവസാനമാണ് വിശുദ്ധ രഹസ്യങ്ങളിലുള്ള 'സംസർഗം'.

4. സഭാപ്രസംഗിയുടെ ചുരുക്കം: ഇത് ഗ്രിഗറി നസ്യാൻസന്റേതാണെന്ന് പലരും കരുതുന്നെങ്കിലും, ഇദ്ദേഹത്തിന്റേതാണെന്ന് ജറോം പറയുന്നു.

5. ദൈവം സഹനത്തിന് വിധേയനാണോ?: ഗ്രിഗോറിയോസും തെയോപോംപുസ് എന്നയാളും തമ്മിലുള്ള ചർച്ചയാണിത്. സുറിയാനി യിൽ മാത്രമേ ഇത് കിട്ടിയിട്ടുള്ളൂ.

ഇവയ്ക്ക് പുറമേ മറ്റനേകം കൃതികളും ഗ്രിഗോറിയസിന്റെ പേരിൽ പ്രചരിച്ചിരുന്നു. അദ്ദേഹത്തിന്റെ ചില കൃതികൾ നഷ്ടപ്പെട്ടെന്ന് ഗ്രിഗറി നസ്യാൻസനിൽ നിന്നും ജറോമിൽ നിന്നും ഗ്രഹിക്കാം.

## 2. കേസറിയായിലെ ഫിർമീലിയൻ

കപ്പഡോഷ്യായിൽ കേസറിയായിലെ മെത്രാനായിരുന്നു ഫിർമീലിയൻ, അത്ഭുതപ്രവർത്തകനായ ഗ്രിഗോറിയോസിന്റെ സമകാലീനനായിരുന്നു അദ്ദേഹം. ഗ്രിഗോറിയോസിനോടൊപ്പം ഒരിജന്റെ പ്രസംഗങ്ങൾ അദ്ദേഹം ശ്രവിച്ചിരുന്നു. ഒരിജനെ അദ്ദേഹം വളരെയധികം ബഹുമാനിച്ചിരുന്നു. ചിലപ്പോൾ ഒരിജനെ കേസറിയായിൽ വിളിച്ച് ദേവാലയങ്ങളിൽ പ്രസംഗിപ്പിച്ചിരുന്നു. മറ്റു ചിലപ്പോൾ ഒരിജനെ കാണാൻ അദ്ദേഹം പലസ്തീനായിൽ പോയിരുന്നു (എവു. സഭാ. 6, 27). അന്ത്യോക്യൻ മെത്രാൻ സാമോസാട്ടക്കാരൻ പൗലോസിന്റെ അബദ്ധോപദേശങ്ങളെ ശപിച്ച് തള്ളിയ രണ്ട് അന്ത്യോക്യൻ സിനഡുകളിലും ഫിർമീലിയൻ സംബന്ധിച്ചു. 268-ൽ മരിച്ചു. അക്കാലത്തെ എണ്ണപ്പെട്ട മെത്രാന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. അബദ്ധോപദേശകരെ തിരികെ എടുക്കുമ്പോൾ വീണ്ടും സ്നാനം നല്ക ണമോ, വേണ്ടയോ എന്ന പ്രശ്നം സംബന്ധിച്ചുള്ള ചർച്ചയിൽ അദ്ദേഹം സിപ്രിയാന്റെ പക്ഷത്തായിരുന്നു. 'സ്നാനം നൽകുക തന്നെവേണം' എന്നായിരുന്നു ഫിർമീലിയന്റേയും വീക്ഷണം. ഇക്കാര്യത്തിൽ പോപ്പ് സ്റ്റീഫനെ അദ്ദേഹം വിമർശിക്കുകയും ചെയ്തു. അദ്ദേഹം സിപ്രിയാനയച്ച ഒരു കത്ത് സിപ്രിയാന്റെ കത്തുകളുടെ കൂടെ കൈവന്നിട്ടുണ്ട് (ലേഖനം.75). 256-ൽ ആയിരിക്കാം ഇതെഴുതപ്പെട്ടത്.

## 3. ജൂലിയസ് ആഫ്രിക്കാനുസ്

ആഫ്രിക്കാനുസ് ജനിച്ചത് ജറുസലേമിലാണ്. സൈന്യസേവനമായിരുന്നു പ്രധാന തൊഴിൽ. പല സ്ഥലങ്ങളിൽ ചുറ്റി സഞ്ചരിക്കുന്നതിനും അനേകരുമായി പരിചയപ്പെടുന്നതിനും മറ്റും അദ്ദേഹത്തിന് സാധിച്ചു. അലക്സാണ്ഡ്രിയായിൽ വച്ച് ഒരിജന്റെ ശിഷ്യനായ ഹെരാക്ലസിന്റെ പ്രസംഗങ്ങൾ കേട്ട്, ഒരിജന്റെ ആരാധനകനായിത്തീർന്നു. ചക്രവർത്തിക്കു വേണ്ടി റോമിൽ ഒരു വലിയ ഗ്രന്ഥശേഖരം ഉണ്ടാക്കി. പിന്നീട് പലസ്തീനായിൽ എമ്മാവുസിൽ പോയി താമസിക്കുകയും 240-ൽ മരിക്കുകയും ചെയ്തു. അദ്ദേഹം എമ്മാവുസിലെ മെത്രാനായിരുന്നെന്ന് ചിലർ പറയുന്നെങ്കിലും അതിന് അടിസ്ഥാനമില്ല. അദ്ദേഹം അവിടെ ഒരു ഗ്രന്ഥശേഖരം വളർത്തിയെടുത്തു. അദ്ദേഹത്തിന്റെ കൃതികൾ :

1. കാലാനുസൃത വിവരണം: (*ക്രോണോഗ്രാഫിയായ്*) സൃഷ്ടി മുതൽ 221 വരെയുള്ള ചരിത്രം ക്രമമായി കുറിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ കണക്കനുസരിച്ച് ലോകസൃഷ്ടി ബി.സി. 5500-ലായിരുന്നു. ലോകമാകെ 6000 വർഷമേ നിലനിൽക്കൂ. അപ്പോൾ, ക്രിസ്തു ജനിച്ച് 500 വർഷം കഴിയുമ്പോൾ ലോകത്തിന്റെ സാബതായി. ക്രിസ്തുവിന്റെ രാജ വാഴ്ച ആരംഭിക്കുകയായി. അഞ്ചു ഭാഗങ്ങളായിട്ടാണിത് എഴുതിയിരിക്കു ന്നത്.

2. കെസ്തോയ് (അലങ്കാരധോരണി): അനേകം കാര്യങ്ങൾ 24 ഗ്രന്ഥങ്ങളിലായി ചർച്ച ചെയ്യുന്ന ഈ കൃതി അലക്സാണ്ടർ വേരൂസ് ചക്രവർത്തി ക്കാണ് സമർപ്പിച്ചിരിക്കുന്നത്. ഭൗതിക ശാസ്ത്രങ്ങൾ, കൃഷി, യുദ്ധതന്ത്ര ങ്ങൾ, വൈദ്യശാസ്ത്രം, കൺകെട്ടുവിദ്യകൾ ആദിയായവയുടെ ഒരു വിജ്ഞാനകോശമാണിത്.

3. രണ്ടു കത്തുകൾ: ഒന്ന് 240-ൽ ഒരിജന് എഴുതിയത്; മറ്റൊന്ന് അരിസ്തിദെസിന് എഴുതിയത്. ഒന്നാമത്തേതിൽ 'സൂസന്നാ'യുടെ ചരിത്രത്തിന്റെ വാസ്തവികതയെ ചോദ്യം ചെയ്യുന്നു. രണ്ടാമത്തേത് മത്തായിയിലും ലൂക്കോസിലും കാണുന്ന വംശാവലികൾ തമ്മിൽ പൊരുത്തപ്പെടുത്താൻ ശ്രമിക്കുന്നു. ഒന്നാമത്തേത് മുഴുവനായും രണ്ടാമത്തേത് ഭാഗികമായും ലഭിച്ചിട്ടുണ്ട്.

## 4. കേസറിയായിലെ പംഫീലസ്

ഒരിജന്റെ ഒരു വലിയ ആരാധകനും എവുസേബിയസിന്റെ ഗുരുവുമായിരുന്നു അദ്ദേഹം. 'പംഫീലസിന്റെ പുത്രൻ' എന്നയർത്ഥത്തിൽ 'ഹോ തൂ പംഫീലൂ' എന്ന് എവുസേബിയസ് സ്വയം വിളിച്ചിരുന്നു (സഭാ.7.32,25). ഫിനീഷ്യയിലെ ബെരീത്തൂസിലാണ് പംഫീലസ് പിറന്നത്. പ്രാരംഭ വിദ്യാഭ്യാസം സ്വന്തനഗരത്തിൽ നടത്തി. ഒരിജന്റെ പിൻഗാമിയായ

പിയേരിയൂസിന്റെ കീഴിൽ അലക്സാണ്ഡ്രിയൻ വിദ്യാപാഠശാലയിൽ ദൈവശാസ്ത്രം പഠിച്ചു. അവിടെ വച്ചാണ് പംഫീലസ് ഒരിജനെപ്പറ്റി ഗ്രഹിച്ചത്. പഠനാനന്തരം പലസ്തീനയിലെ കേസറിയായിൽ താമസിച്ചു. ബിഷപ്പ് അഗാപ്പിയുസ്, പംഫീലസിന് വൈദികപട്ടം നൽകി.

ഒരിജന്റെ പാരമ്പര്യങ്ങൾ തുടർന്നുകൊണ്ടുപോകാൻ പംഫീലസ് ഒരു വിദ്യാപാഠശാല തുറന്നു. കിട്ടാവുന്നത്ര ഗ്രന്ഥങ്ങൾ ശേഖരിച്ച്, ഒരിജൻ തുടങ്ങിവച്ച ജോലി പൂർത്തിയാക്കി. അനേക നാളത്തേക്ക് പംഫീലസിന്റെ ഈ ഗ്രന്ഥശേഖരം ഒരു വലിയ ഭണ്ഡാഗാരമായി നിലനിന്നു. എവുസേബിയസും ജറോമും ഇതു ധാരാളമായി ഉപയോഗിച്ചു. വിലയ്ക്കു വാങ്ങാൻ സാധിക്കാത്ത കൈയെഴുത്തു പ്രതികൾ പംഫീലസ് തന്നെ പകർത്തിയെടുത്തു. എവുസേബിയസിനെ സഭാചരിത്ര രചനയിലേക്കു കൈകൊടുത്ത് ഉയർത്തിയത് ഗുരുവായ ഇദ്ദേഹമാണ്. മാക്സിമിൻ ഡയായുടെ മതപീഡനത്തിൽ 307-ൽ പംഫീലസ് മർദിക്കപ്പെടുകയും ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്തു. ക്രി. വ. 309/310 ഫെബ്രുവരി 16 ന് അദ്ദേഹം രക്തസാക്ഷി മകുടം ചൂടി.

1. ഒരിജനു വേണ്ടിയുള്ള അപ്പോളജി: ക്രി. വ. 307 മുതൽ 309/310 വരെ ജയിലിൽ കഴിഞ്ഞ കാലത്ത് ഒരിജനെ ന്യായീകരിച്ചുകൊണ്ട് പംഫീലസ് അഞ്ചു ഗ്രന്ഥങ്ങളെഴുതി. എവുസേബിയസ് ആറാമതൊന്ന് ഇതിനോടു ചേർത്തു.

2. വേദപുസ്തകത്തിന്റെ കോപ്പികൾ: ഒരിജന്റെ 'ഹെക്സപ്ലാ'യിൽ നിന്ന് അനേകം ബൈബിൾ കോപ്പികൾ പംഫീലസ് ഉണ്ടാക്കി. ഒരിജന്റെ പരിഷ്കാരങ്ങളോടും ഭേദഗതികളോടും കൂടിയുള്ള ഗ്രീക്കു ബൈബിൾ പലസ്തീനയിലെ പല സഭകളും ഉപയോഗിക്കാൻ ഇടയായി.

അധ്യായം 22

# മൂറത്തോറിയൻ രേഖാശകലം

പുതിയനിയമഗ്രന്ഥങ്ങളുടെ പട്ടിക ഉൾക്കൊള്ളുന്ന ഏറ്റവും പ്രാചീന രേഖാശകലമാണിത്. എൽ. എ. മൂറത്തോറി 1740-ൽ മിലാനിലെ അംബ്രോസിയൻ ഗ്രന്ഥശേഖരത്തിൽ നിന്ന് ഈ രേഖ കണ്ടെടുക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. അതുകൊണ്ട് മൂറത്തോറിയൻ രേഖാശകലം എന്ന് ഇതിന് പേരുണ്ടായി. ആരാണ് ഈ രേഖയുടെ കർത്താവെന്ന് കൃത്യമായി പറയാൻ സാദ്ധ്യമല്ല. ഗായൂസ്, ഹെജെസിപ്പൂസ്, ക്ലെമെന്റ്, മെലിറ്റോ, പോളിക്രാട്ടസ്, ഹിപ്പോളിറ്റസ് ആദിയായവരുടെ പേരുകളെല്ലാം ഇതോടു ബന്ധപ്പെടുത്തി പറഞ്ഞു കേൾക്കുന്നു. 'ഹെർമാസിന്റെ ഇടയൻ' എഴുതപ്പെട്ടതിനു ശേഷവും 200-നുമുമ്പും ഇത് വിരചിതമായി.

മിലാനിൽ നിന്നു കിട്ടിയ കൈയെഴുത്തു പ്രതി എട്ടാം നൂറ്റാണ്ടിലേതാണ്. ഇതിന്റെ 11/12 നൂറ്റാണ്ടിലെഴുതിയ മറ്റു നാലു കൈയെഴുത്തു പ്രതികൾ മോന്തേ കസീനോയിൽ നിന്ന് ലഭിക്കയുണ്ടായി. അംബ്രോസിയൻ ഗ്രന്ഥ ശേഖരത്തിലേതു ബോബിയോ ആശ്രമത്തിൽ നിന്ന് വന്നിട്ടുള്ളതാണ്.

ഈ രേഖയുടെ ആരംഭവും അവസാനവും ഇല്ല. മർക്കോസിന്റെ സുവിശേഷത്തെ പറ്റിയുള്ള ഒരു പരാമർശം കൊണ്ട് ഒരു വാചകത്തിന്റെ മധ്യത്തിൽ ഇത് തുടങ്ങുന്നു. കയ്യെഴുത്തുപ്രതിക്ക് മൊത്തം 85 വരികളുണ്ട്. പുതിയനിയമത്തിലെ വിവിധ ഗ്രന്ഥങ്ങളുടെ പേരുകൾ, അവയുടെ ശ്ലൈഹികോത്ഭവം, കർതൃത്വം, വാസ്തവികത എന്നിവയെ പറ്റിയെല്ലാം രേഖ ചർച്ച ചെയ്യുന്നു. യോഹന്നാന്റെ സുവിശേഷത്തെ പറ്റിയുള്ള പരാമർശം ശ്രദ്ധേയമാണ്. സുവിശേഷങ്ങൾക്കുശേഷം ശ്ലീഹന്മാരുടെ നടപടി, പൗലോസിന്റെ 13 ലേഖനങ്ങൾ, യോഹന്നാന്റെയും യൂദായുടെയും ലേഖനങ്ങൾ, യോഹന്നാന്റെയും പത്രോസിന്റെയുമായി രണ്ടു വെളിപാടു കൃതികൾ എന്നിവയെപ്പറ്റി സംസാരിക്കുന്നു. എബ്രായർക്കുള്ള ലേഖനം, യാക്കോബിന്റെ ലേഖനം, പത്രോസിന്റെ ലേഖനം എന്നിവയെപ്പറ്റി രേഖ


www.malankaralibrary.com

മൗനം അവലംബിക്കുന്നു. പൗലോസിന്റെ പേരിൽ വ്യാജമായി അറിയപ്പെട്ടിരുന്ന 'ലവദീക്യർക്കുള്ള ലേഖനം,' 'അലക്സാണ്ഡ്രിയക്കാർക്കുള്ള ലേഖനം' എന്നിവ പാഷണ്ഡരുടെ കൃതികളാണെന്നാണ് രേഖയുടെ സാക്ഷ്യം. സോളമന്റെ കൂട്ടുകാർ രചിച്ച 'വിജ്ഞാനഗ്രന്ഥവും' ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഹെർമാസിന്റെ ഇടയൻ ഭക്തപാരായണത്തിനു പറ്റിയതാണ്, എന്നാൽ കാനോനിക ഗ്രന്ഥമല്ലെന്ന് രേഖ വ്യക്തമാക്കുന്നു. അവസാനഭാഗത്ത്, ത്യജിക്കേണ്ട വിവിധ കൃതികളെപ്പറ്റിയും സൂചന നൽകുന്നു.

റോമാ ആയിരിക്കാം ഉത്ഭവസ്ഥാനം. ഹെർമാസിനെപ്പറ്റി പരാമർശമുള്ളതിനാൽ പീയൂസിന്റെ കാലത്തിന് (142–155) തൊട്ടുപിൻപായിരിക്കാം ഇതെഴുതപ്പെട്ടത്. മൂലഭാഷ ഗ്രീക്കാണോ, ലത്തീനാണോ എന്നറിവില്ല. ഗ്രീക്കാകാനാണിട. ഇപ്പോഴുള്ളത് ലത്തീൻ ഭാഷയിലാണ്. ഇത് റോമാ സഭയുടെ ഔദ്യോഗിക രേഖ ആയിരിക്കാൻ ഇടയില്ല.

രേഖ തുടങ്ങുന്നത് ഒരപൂർണ വാക്യംകൊണ്ടാണ്; quibus tamen interfuit et ita posuit. മർക്കോസിന്റെ സുവിശേഷത്തെപ്പറ്റിയാണ് പ്രസ്തുത പരാമർശമെന്ന് പണ്ഡിതന്മാർ കരുതുന്നു. അവർ അത് പൂരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. 'സുവിശേഷങ്ങളിൽ രണ്ടാമത്തേത് മർക്കോസ് എഴുതിയതാണ്. അദ്ദേഹം കർത്താവിന്റെ ഒരു ശ്രോതാവോ, അനുഗാമിയോ ആയിരുന്നില്ല; എന്നാൽ പത്രോസിന്റെ സ്നേഹിതൻ ആയിരുന്നു. രക്ഷകന്റെ വാക്കുകളുടേയും പ്രവൃത്തികളുടേയും പരസ്പര ബന്ധിതമായ ഒരു വിവരണം തന്റെ പ്രസംഗങ്ങളിൽ പത്രോസ് നൽകിയില്ല. പിന്നെയോ, തന്റെ ശ്രോതാക്കളുടെ ആവശ്യാനുസരണം കർത്താവിനെ സംബന്ധിച്ച് ഓർമയിൽ നിന്നാണ് എപ്പോഴും പ്രസംഗിച്ചത്. മർക്കോസ് കർത്താവിനോടു കൂടെ ഉണ്ടായിരുന്നില്ലെങ്കിലും, പത്രോസ് അവിടുത്തെക്കുറിച്ച് തന്റെ പ്രസംഗങ്ങളിൽ സംസാരിച്ചു; അവിടെ അവൻ സന്നിഹിതനായിരുന്നു; അങ്ങനെ അവൻ എഴുതുകയും ചെയ്തു.'

രേഖ ആദ്യമായി മത്തായിയുടെ സുവിശേഷത്തെപ്പറ്റി വിവരിച്ചുകാണും. പ്രസ്തുത ഭാഗം നഷ്ടപ്പെട്ടു. പിന്നത്തെ ഭാഗം മർക്കോസിന്റെ സുവിശേഷത്തെപ്പറ്റിയാകാം. തുടർന്നുള്ള ഭാഗം ഇപ്രകാരമാണ്.

'...അവിടെ അവൻ സന്നിഹിതനായിരുന്നു; അങ്ങനെ അവൻ എഴുതുകയും ചെയ്തു. വിദഗ്ധ വൈദ്യനായ ലൂക്കോസിന്റേതാണ് മൂന്നാമത്തെ സുവിശേഷം. പൗലോസ് അദ്ദേഹത്തെ തന്റെ യാത്രയിൽ സഹചാരിയാക്കിയതുകൊണ്ട് പൗലോസിൽനിന്ന് പഠിച്ചതനുസരിച്ച്, തന്റെ തന്നെ നാമത്തിൽ ലൂക്കോസ് കർത്താവിന്റെ സ്വർഗാരോഹണത്തിനു ശേഷം അതെഴുതി; അവൻ കർത്താവിനെ ജഡത്തിൽ ദർശിച്ചില്ല; എന്നാൽ എഴുതാൻ സാധിച്ചതനുസരിച്ച്, യോഹന്നാന്റെ ജനനവിവരണം മുതൽ തുടങ്ങി.

നാലാമത്തെ സുവിശേഷം ശിഷ്യന്മാരിൽ ഒരാളായ യോഹന്നാന്റേതാണ്. സഹശിഷ്യരും മെത്രാന്മാരും നിർബന്ധിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഇന്നു മുതൽ മൂന്നു ദിവസം നിങ്ങൾ എന്നോടുകൂടെ ഉപവസിക്കുവിൻ; നമുക്കു വെളിപ്പെടുത്തപ്പെടുന്നത് പരസ്പരം അറിയിക്കാം. അവർ മനസിൽ ഓർക്കുന്നവയെല്ലാം യോഹന്നാൻ തന്റെ സ്വന്തം പേരിൽ എഴുതണമെന്ന് ആ രാത്രിയിൽ തന്നെ അന്ത്രയോസ് ശ്ലീഹായ്ക്കു വെളിപ്പെടുത്തപ്പെട്ടു. അതുകൊണ്ട് വിവിധ സുവിശേഷങ്ങൾ നിരവധി കാര്യങ്ങൾ പഠിപ്പിക്കുന്നു ണ്ടെങ്കിലും, വിശ്വാസികളുടെ വിശ്വാസത്തിന് ഒരു വ്യത്യാസവുമില്ല. ജനനം, പീഡാസഹനം, ഉയർപ്പ്, തന്റെ ശിഷ്യരുമായുള്ള സംഭാഷണം, തന്റെ രണ്ട് ആഗമനങ്ങൾ – പുറന്തള്ളലിന്റെ താഴ്മയോടു കൂടെയുള്ള ഒന്നാമത്തേത് കഴിഞ്ഞുപോയി; രാജകീയാധികാരത്തിന്റെ മഹത്വത്തിലുള്ള രണ്ടാമത്തേത് വരാനിരിക്കുന്നതേയുള്ളൂ – എന്നിവയെ സംബന്ധിച്ച് അവയിലെല്ലാം എല്ലാ കാര്യങ്ങളും പറയപ്പെട്ടിരിക്കുന്നത് ഒരേ അരൂപിയുടെ നിയന്ത്രണത്തിൻ കീഴിലാണ്. യോഹന്നാൻ തന്റെ ലേഖനങ്ങളിലും നിരന്തരം ഈ സംഗതികളിലേക്ക് തിരിയുന്നതിൽ അത്ഭുതപ്പെടാനില്ല. അവൻ പറയുന്നു: 'ഞങ്ങൾ ഞങ്ങളുടെ കണ്ണുകൊണ്ടു കണ്ടതും ഞങ്ങളുടെ ചെവികൊണ്ട് കേട്ടതും ഞങ്ങളുടെ കൈകൾ കൊണ്ട് സ്പർശിച്ചതും നിങ്ങൾക്കെഴുതി യിരിക്കുന്നു (1 യോഹ. 1:1). ഇപ്രകാരം താൻ ഒരു ദൃക്സാക്ഷി മാത്രമല്ല, ശ്രോതാവും അതിനേക്കാളുപരി, കർത്താവിന്റെ മഹനീയ സംഗതികൾ സംഭവിച്ചതുപോലെ എഴുതിയ എഴുത്തുകാരനും ആണെന്ന് അവൻ പരസ്യമായി പ്രഖ്യാപിക്കുകയാണ്.

ശ്ലീഹന്മാരുടെ നടപടികൾ അതിശ്രേഷ്ഠനായ തെയോഫിലസിനെ അഭിസംബോധന ചെയ്തു ലൂക്കോസ് ഒരു പുസ്തകത്തിൽ രേഖപ്പെടുത്തി; തന്റെ സാന്നിധ്യത്തിലാണ് ഇവ നടന്നതെന്ന് അവൻ വ്യക്തമാക്കുന്നു. കാരണം, പത്രോസിന്റെ പീഡാനുഭവവും നഗരത്തിൽനിന്ന്[40] സ്പെയിനി ലേക്കുള്ള പൗലോസിന്റെ യാത്രയും അവൻ വിട്ടുകളയുന്നു.

പൗലോസിന്റെ ലേഖനങ്ങൾ ഏത് സ്ഥലത്തു നിന്നാണ് എഴുതപ്പെട്ട തെന്നും എന്തു കാര്യത്തിനാണ് അയക്കപ്പെട്ടതെന്നും മനസിലാക്കാൻ ആഗ്രഹിക്കുന്നവർക്ക് അവയിൽ നിന്നുതന്നെ ഗ്രഹിക്കാവുന്നതാണ്. ശീശ്മ ഉണ്ടാക്കുന്ന അഭിപ്രായങ്ങളെ തടയാൻ അദ്ദേഹം കൊറിന്തോസുകാർക്ക് എഴുതി; പിന്നീട് രണ്ടാമത് ഒന്നുകൂടി അയച്ചു; പരിച്ഛേദനത്തെ സംബന്ധിച്ച് ഗലാത്യർക്ക്; ഗ്രന്ഥങ്ങളുടെ ക്രമം സംബന്ധിച്ചും അവയിൽ ക്രിസ്തുവാണ് ഏറ്റവും പ്രമുഖനെന്ന് കാണിക്കുന്നതിനു വേണ്ടിയും ദീർഘമായി അവൻ റോമാക്കാർക്കെഴുതി; ഭാഗ്യവാനായ പൗലോസ് ശ്ലീഹാ തന്റെ മുൻഗാമിയായ യോഹന്നാന്റെ ക്രമം പിൻതുടരുകയും പേരു പറഞ്ഞ് ഏഴു സഭകൾക്കു മാത്രം എഴുതുകയും ചെയ്തതിനാൽ ഓരോന്നിനെപ്പറ്റി പ്രത്യേകം

പ്രത്യേകം വിവരിക്കേണ്ട ആവശ്യമില്ല. ഈ ക്രമത്തിലാണവ: ഒന്നാമത് കൊറിന്തോസുകാർക്ക്; രണ്ടാമത് എഫേസോസുകാർക്ക്; മൂന്നാമത് ഫിലിപ്പിയർക്ക്; നാലാമത് കൊളോസിയർക്ക്; അഞ്ചാമത് ഗലാത്യർക്ക്; ആറാമത് തെസ്സലോനിക്കർക്ക്; ഏഴാമത് റോമാക്കാർക്ക്. അദ്ദേഹം കൊറിന്തോസുകാരുടേയും തെസ്സലോനിക്കരുടേയും തിരുത്തലിനുവേണ്ടി യഥാർഥത്തിൽ വീണ്ടും അവർക്ക് എഴുതുന്നുണ്ടെങ്കിലും ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന സഭ ഒന്നാണെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു; കാരണം, 'വെളിപാടിൽ' സംസാരിക്കുന്ന യോഹന്നാനും ഏഴു സഭകൾക്കു മാത്രമായിട്ടാണ് എഴുതുന്നതെങ്കിലും എല്ലാവരോടുമാണ് സംസാരിക്കുന്നത്. ഇവ കൂടാതെ വാത്സല്യത്തോടും സ്നേഹത്തോടുംകൂടെ ഫിലമോന് ഒന്ന്, തീത്തൂസിന് ഒന്ന്, തിമോത്തിക്ക് രണ്ട്; എങ്കിലും കത്തോലിക്കാ സഭയിൽ സഭാശിക്ഷണം ക്രമപ്പെടുത്തുന്നതിൽ അവ വിശുദ്ധമായി കരുതപ്പെടുന്നു.

മാർസ്യന്റെ പാഷണ്ഡതയ്ക്കുവേണ്ടി പൗലോസിന്റെ നാമത്തിൽ കൃത്രിമമായി ഉണ്ടാക്കിയ ലവദീക്യക്കാർക്കും അലക്സാണ്ഡ്രിയാക്കാർക്കുമുള്ള രണ്ടു ലേഖനങ്ങൾ പ്രചരിച്ചിട്ടുണ്ട്; സഭയ്ക്കു സ്വീകരിക്കാൻ സാധിക്കാത്ത മറ്റനേകം കൃതികളുണ്ട്. കാരണം, മധുവിനോടുകൂടെ കയ്പുകലർത്തുന്നത് ഉചിതമല്ലല്ലോ.

യൂദായുടെ ലേഖനവും യോഹന്നാന്റെ പേരിലുള്ള രണ്ടു ലേഖനങ്ങളും കത്തോലിക്കാ സഭ സ്വീകരിക്കുന്നു. സോളമന്റെ ബഹുമാനാർഥം അദ്ദേഹത്തിന്റെ സ്നേഹിതന്മാർ എഴുതിയ വിജ്ഞാനവും, യോഹന്നാന്റെയും പത്രോസിന്റെയും വെളിപാടുകളും ഞങ്ങൾ സ്വീകരിക്കുന്നു; ഞങ്ങളിൽ ചിലർ അവയിൽ അവസാനത്തേത് പള്ളിയിൽ വായിക്കാൻ ആഗ്രഹിക്കുന്നില്ല.

റോമാപട്ടണത്തിലെ സഭയുടെ സിംഹാസനത്തിൽ പീയൂസ് മെത്രാൻ ആരൂഢനായിരുന്നപ്പോൾ അവന്റെ സഹോദരനായ ഹെർമാസ് റോമാപട്ടണത്തിൽ വച്ച് നമ്മുടെ ഈ വളരെ അടുത്ത കാലത്ത് ഇടയൻ എന്നൊരു കൃതിയെഴുതി. അതുകൊണ്ട് അതും നിശ്ചയമായും വായിക്കപ്പെടേണ്ടതാണ്; എന്നാൽ സഭയിൽ പരസ്യമായി ജനങ്ങളുടെ മുൻപാകെ വായിക്കാൻ പാടില്ല. കാരണം അതു പ്രവാചകന്മാരിലും ശ്ലീഹന്മാരിലും ഉൾപ്പെട്ടതല്ല; അവരുടെ സംഖ്യ കാലാന്ത്യത്തോളം പൂർണമാണല്ലോ.

വലന്റീനസ് എന്നു വിളിക്കപ്പെടുന്ന അർസീനൂസിൽ നിന്നും മിൽത്തിയാദെസിൽ നിന്നും ഞങ്ങൾ ഒന്നും തന്നെ സ്വീകരിക്കുന്നില്ല. ആസിയയിലെ കത്തഫ്രീജിയരുടെ സ്ഥാപകനായ മാർസ്യനുവേണ്ടി പുതിയ സങ്കീർത്തനപുസ്തകം എഴുതിയവരേയും ബസിലിദെസിനോടുകൂടെ......'

അധ്യായം 23

# നാലു രേഖകൾ

## 1. ഡിഡസ്ക്കാലിയ

'നമ്മുടെ രക്ഷകന്റെ പന്ത്രണ്ടു ശ്ലീഹന്മാരുടേയും വിശുദ്ധ ശിഷ്യന്മാരുടേയും കാതോലിക പ്രബോധനം' എന്നാണ് പൂർണനാമം. ഉത്തര സിറിയായിൽ വച്ച് മൂന്നാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത്, വിജാതിയരിൽ നിന്ന് മാനസാന്തരപ്പെട്ടവർക്കുവേണ്ടി, മെത്രാനായ ഒരു യൂദയോ ക്രിസ്ത്യൻ ഗ്രീക്കിൽ ഇതെഴുതി. എന്നാൽ പൂർണമായി ഒരു സുറിയാനി വിവർത്തനത്തിൽ മാത്രമേ ഇത് ലഭിച്ചിട്ടുള്ളൂ. ലത്തീനിലും വളരെയധികം ഭാഗങ്ങൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഇത് സഭാനടപടിക്രമം ചർച്ച ചെയ്യുന്നു; എന്നാൽ നിയമങ്ങളൊന്നും നൽകുന്നില്ല. അജപാലക പ്രധാനമായ ഉപദേശങ്ങളാണ് ഉള്ളടക്കം. പൊതുവായി എല്ലാ തരത്തിലുള്ളവർക്കും ഗ്രന്ഥകർത്താവ് ഉപദേശം നൽകുന്നു. അക്കാലത്തെ ക്രിസ്തീയ ജീവിതം വരച്ചു കാട്ടുന്നു. അനുതാപവും പാപമോചനവും മുഖ്യചർച്ചാവിഷയമാണ്. എല്ലാ പാപങ്ങളും ക്ഷമിക്കപ്പെടും എന്ന മനഃസ്ഥിതി പുലർത്തുന്നു. ഗ്രന്ഥകാരനുവി. ഗ്രന്ഥത്തിൽ നല്ല പാണ്ഡിത്യം ഉണ്ടായിരുന്നു. പത്രോസിന്റെ സുവിശേഷം, സിബിലിന്റെ വെളിപാടുകൾ, ജസ്റ്റിന്റെ അപ്പോളജി, ഇഗ്നേഷ്യസിന്റെ ലേഖനങ്ങൾ എന്നിവയും ഗ്രന്ഥകാരനു സുപരിചിതമായിരുന്നു (മലയാളവിവർത്തനത്തിന്, ജി.ചേടിയത്ത്, *ഡിഡസ്കാലിയ*, കോട്ടയം,1987).

## 2. അപ്പസ്തോലിക സഭാക്രമം

ഈജിപ്റ്റിൽ വച്ചോ,സിറിയായിൽ വച്ചോ നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ എഴുതപ്പെട്ട ഒരു സഭാനിയമമാണിത്. 1843-ൽ ജെ. ഡബ്ലിയൂ. ബിക്കെൽ 'അപ്പസ്തോലിക സഭാക്രമം' എന്ന പേരിൽ ഇതിന്റെ ഗ്രീക്കു മൂലം പ്രസിദ്ധീകരിച്ചു. 'വിശുദ്ധ ശ്ലീഹന്മാരുടെ സഭാനിയമങ്ങൾ' എന്നാണ്

ഇതിന്റെ യഥാർഥ പേര്. കർതൃനിർദേശപ്രകാരം പന്ത്രണ്ട് ശ്ലീഹന്മാർ എഴുതിയെന്ന് കൃതിയിൽ ഒരിടത്ത് പറയുന്നു. അധ്യായം 1-4 ഡിഡാക്കെയുടെ മറ്റൊരു പതിപ്പാണ്. മെത്രാന്മാർ, വൈദികർ, ശെമ്മാശ്ശന്മാർ, വായനക്കാർ, എന്നിവരെ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ചുള്ള നിയമങ്ങൾ ഇതിൽ കാണാം. അധ്യായം 4-14 ധാർമിക നിയമങ്ങളും 15-29 കാനോനികനിയമ സംഹിതയുമാണ്. 'ഇരുപാതതത്വ മാധ്യമം' ഉപയോഗിച്ച്, ഡിഡാക്കെയുടെ ശൈലിയിലാണ് ആദ്യഭാഗത്തെ പ്രതിപാദനം. ഈജിപ്റ്റിൽ ഇതിനു വലിയ സ്ഥാനമുണ്ടായിരുന്നു.പൗരസ്ത്യ ഭാഷകളിൽ ഇതിന്റെ നിരവധി കയ്യെഴുത്തു പ്രതികൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.[41]

## 3. അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷൻസ്

സിറിയായിൽ നാലാം നൂറ്റാണ്ടിന്റെ രണ്ടാംഭാഗത്ത് എട്ടു പുസ്തകങ്ങളിലായി എഴുതപ്പെട്ട സഭാനിയമ സമാഹാരമാണിത്. 'ക്ലെമെന്റുവഴി വിശുദ്ധ ശ്ലീഹന്മാരുടെ കല്പനകൾ' എന്നാണ് പൂർണനാമം. പുസ്തകം 1-6 ഡിഡെസ്ക്കാലിയായെ ആധാരമാക്കിയുള്ളതാണ്. ഏഴാം പുസ്തകം (1-32) ഡിഡാക്കെയെ ആധാരമാക്കിയാണ്: 8:1-2 ആത്മീയ ദാനങ്ങളെ സംബന്ധിച്ച് ഹിപ്പോളിറ്റസുമായി ബന്ധിക്കാവുന്നതാണ്; 8:3-27 അന്ത്യോക്യൻ ആരാധന ക്രമത്തിന്റെ ഒരു വിപുലമായ പതിപ്പാണ്. 8:28-46 കാനോനകളാണ് (85 എണ്ണം). അവ ശ്ലീഹന്മാരിൽ ആരോപിക്കപ്പെട്ടിരി ക്കുന്നു. കാനോനകൾ പിന്നീട് കൂട്ടിച്ചേർത്തതാകാം. അക്കാലത്തെ മതപരമായ ചടങ്ങുകളും ആചാരനുഷ്ഠാനങ്ങളും അറിയാൻ ഇത് സഹായകമാണ്. (കാനോനകളുടെ മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *പ്രാചീന സന്യാസനിയമങ്ങൾ*, കോട്ടയം, 2006,പേജ്,52-64).[42]

## 4. കർത്താവിന്റെ വിൽപ്പത്രം

സഭാനടപടിക്രമങ്ങൾ ചർച്ചചെയ്യുന്ന രേഖയാണിത്. കർത്താവു തന്നെ പറയുന്ന രീതിയിലാണ് അവതരണം. ഗ്രീക്കാണ് മൂലഭാഷ. നാലോ അഞ്ചോ നൂറ്റാണ്ടുകളിലാണ് എഴുതപ്പെട്ടത്. എന്നാൽ ഏഴാം നൂറ്റാണ്ടിൽ എഡേസ്സയിലെ യാക്കോബുണ്ടാക്കിയ സുറിയാനി വിവർത്തനത്തിൽ മാത്രമേ ഇത് ലഭിച്ചിട്ടുള്ളു. അപ്പസ്തോലിക പാരമ്പര്യം, അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷൻസ് എന്നിവയുമായി പലതിലും ഇതിനു സാമ്യമുണ്ട്.[43]

# അനുബന്ധം

## 1. വി. ജസ്റ്റിന്റെ രക്തസാക്ഷിത്വം

'വിഗ്രഹാരാധനയെ ന്യായീകരിച്ച ദുഷ്ടമനുഷ്യർ വ്യർഥവിഗ്രഹങ്ങൾക്ക് അർപ്പണം നടത്താൻ ഭക്തക്രിസ്ത്യാനികളെ നിർബന്ധിക്കുന്നതിന് നഗരത്തിലും നാട്ടുമ്പുറത്തും അവർക്കെതിരായി ഭക്തിരഹിത ഡിക്രികൾ പുറപ്പെടുവിച്ചു. അതിന്റെ ഫലമായി വിശുദ്ധരെ പിടിച്ച് റുസ്തിക്കൂസ് എന്നു പേരുള്ള റോമൻ പ്രീഫെക്ടിന്റെ മുമ്പിൽ ഹാജരാക്കി. അവരെ ന്യായാസനത്തിൻ മുമ്പാകെ ഹാജരാക്കിയപ്പോൾ പ്രീഫെക്ട് റുസ്തിക്കൂസ് ജസ്റ്റിനോടു കല്പിച്ചു: 'ഒന്നാമതായി, ദേവന്മാരെ അനുസരിക്കൂ: രാജാക്കന്മാർക്കു വിധേയരായിരിക്കൂ.'

ജസ്റ്റിൻ പറഞ്ഞു: 'ഞങ്ങളുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ കല്പനകൾ അനുസരിക്കുന്നത് ആക്ഷേപാർഹമോ കുറ്റകരമോ അല്ല.'

പ്രീഫെക്ട് റുസ്തിക്കൂസ് ചോദിച്ചു: 'എന്തു തത്വങ്ങളാണ് നീ മുറുകെപ്പിടിക്കുന്നത്?

ജസ്റ്റിൻ പറഞ്ഞു: 'ഞാൻ എല്ലാ തത്വങ്ങളും പഠിക്കാൻ ശ്രമിച്ചിട്ടുണ്ട്. അന്ധവിശ്വാസങ്ങൾ വച്ചുപുലർത്തുന്നവർക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, ക്രിസ്ത്യാനികളുടെ സത്യപ്രബോധനങ്ങൾ ഞാൻ സ്വീകരിച്ചു.'

പ്രീഫെക്ട് റുസ്തിക്കൂസ് : 'നികൃഷ്ട മനുഷ്യാ, ഈ പ്രബോധനങ്ങൾ നിന്നെ സന്തുഷ്ടനാക്കുന്നുണ്ടോ?'

ജസ്റ്റിൻ:'അതെ. കാരണം, ഈ വിശ്വാസം ശരിയായിട്ടുള്ളതാണ്; വിശ്വാസമനുസരിച്ച് ഞാൻ അതിനെ പിൻചെല്ലണം.'

പ്രീഫെക്ട് റുസ്തിക്കൂസ്: 'എന്തു വിശ്വാസമാണ് നീ അർത്ഥമാക്കുന്നത്?'

ജസ്റ്റിൻ: 'ക്രിസ്ത്യാനികളുടെ ദൈവത്തെ സംബന്ധിച്ച് ഭക്തിപൂർവം ഞങ്ങൾ ഏറ്റുപറയുന്ന കാര്യം: ദൃശ്യാദൃശ്യങ്ങളായ സൃഷ്ടി മുഴുവന്റേയും നിർമാതാവും പണിക്കാരനും ആരംഭം മുതലേ സ്ഥിതി ചെയ്യുന്നവനുമായ ഏകദൈവമായ അവനിൽ ഞങ്ങൾ വിശ്വസിക്കുന്നു. അതുപോലെ ദൈവപുത്രനായ ഞങ്ങളുടെ കർത്താവേശുക്രിസ്തുവിനെ സംബന്ധിച്ച്: യഥാർഥ ശിഷ്യരുടെ ഗുരുവായും രക്ഷയുടെ അറിയിപ്പുകാരനായും മനുഷ്യകുലത്തിന്റെ പക്കലേക്ക് വരാനിരിക്കുന്നവൻ എന്ന് പ്രവാചകന്മാർ അവിടുത്തെപ്പറ്റി മുൻകൂട്ടി പ്രഘോഷി


www.malankaralibrary.com

ച്ചിരുന്നു. അവിടുത്തെ അനന്തമായ ദൈവത്വവുമായി താരതമ്യപ്പെടുത്തുമ്പോൾ, വെറുമൊരു മനുഷ്യനായ ഞാൻ പറയുന്നത് നിസ്സാരമാണ്. എന്നാൽ പ്രവചനത്തിന് ശക്തിയുണ്ട്, അത് ഞാൻ അംഗീകരിക്കുന്നു. ദൈവപുത്രനെന്ന് ഞാൻ ഇപ്പോൾ പറഞ്ഞ ആളിനെപ്പറ്റി നേരത്തെതന്നെ പ്രവചനം നടന്നിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ മനുഷ്യരുടെ ഇടയിലേക്കുള്ള അവിടുത്തെ വരവിനെ സംബന്ധിച്ച് ആരംഭം മുതലേ പ്രവാചകന്മാർ പ്രവചിച്ചിരുന്നെന്ന് നമുക്ക് അറിയാം'.

പ്രീഫെക്ട് റുസ്തിക്കൂസ് : 'എവിടെയാണ് നിങ്ങൾ ഒന്നിച്ചുകൂടുന്നത്?'

ജസ്റ്റിൻ: 'തിമോതിയുടെ കടവിനടുത്ത് മാർട്ടിന്റെ വീടിനു മുകളിലാണു ഞാൻ താമസിക്കുന്നത്. റോമിലെ എന്റെ രണ്ടാമത്തെ സന്ദർശനമാണിത്. ഇക്കാലമെല്ലാം അവന്റെ വീടല്ലാതെ മറ്റൊരു സമ്മേളന സ്ഥലത്തെപ്പറ്റി എനിക്കറിവില്ല. എന്റെ പക്കൽ ആരെങ്കിയും വരാനാഗ്രഹിച്ചാൽ, സത്യവചനം ഞാൻ അവർക്ക് പകർന്നു കൊടുത്തിരുന്നു'.

പ്രീഫെക്ട് റുസ്തിക്കൂസ് : 'കാര്യത്തിലേക്കു കടക്കാം; നീയൊരു ക്രിസ്ത്യാനിയാണോ?'

ജസ്റ്റിൻ: 'അതെ, ഞാനൊരു ക്രിസ്ത്യാനിയാണ്.

പ്രീഫെക്ട് റുസ്തിക്കൂസ് കരിതോനോടു ചോദിച്ചു: 'കരിതോൻ, എന്നോടു പറയുക: നീയും ഒരു ക്രിസ്ത്യാനി ആണോ?

കരിതോൻ: 'ദൈവകല്പനയാൽ ഞാനൊരു ക്രിസ്ത്യാനിയാണ്.

പ്രീഫെക്ട് റുസ്തിക്കൂസ് കരിതോയോടു : 'കരിതോ, നീയെന്തു പറയുന്നു?

കരിതോ: 'ദൈവകൃപയാൽ ഞാനൊരു ക്രിസ്ത്യാനിയാണ്.

പ്രീഫെക്ട് റുസ്തിക്കൂസ് എവുഎൽപിസ്തുസിനോടു ചോദിച്ചു : 'നീ ആരാണ്?

സീസറിന്റെ ഭൃത്യനായ എവുഎൽപിസ്തുസ് മറുപടി പറഞ്ഞു: 'ഞാനും ഒരു ക്രിസ്ത്യാനിയാണ്. ക്രിസ്തു എന്നെ സ്വതന്ത്രനാക്കി; ക്രിസ്തുവിന്റെ കൃപയാൽ അതേ പ്രത്യാശയിൽ ഞാൻ പങ്കുകാരനായി.

പ്രീഫെക്ട് റുസ്തിക്കൂസ് ഹിയരാക്സിനോടു ചോദിച്ചു: 'നീയും ഒരു ക്രിസ്ത്യാനിയാണോ?'

ഹിയെരാക്സ് പറഞ്ഞു: 'അതേ ഞാൻ ക്രിസ്ത്യാനിയാണ്. കാരണം, അതേ ദൈവത്തെ ഞാൻ പൂജിക്കുകയും ആരാധിക്കുകയും ചെയ്യുന്നു'.

പ്രീഫെക്ട് റുസ്തിക്കൂസ് : 'ജസ്റ്റിൻ നിങ്ങളെ ക്രിസ്ത്യാനികളാക്കിയോ?

ഹിയെരാക്സ് പറഞ്ഞു: 'ഞാൻ ഒരു ക്രിസ്ത്യാനിയായിരുന്നു. എന്നും ആയിരിക്കുകയും ചെയ്യും.'

പേയോൻ എന്നു പേരുള്ള ഒരാൾ എഴുന്നേറ്റു പറഞ്ഞു: 'ഞാനും ഒരു

ക്രിസ്ത്യാനിയാണ്.'

പ്രീഫെക്ട് റുസ്തിക്കൂസ് : 'ആര് നിന്നെ പഠിപ്പിച്ചു?'

പേയോൻ: 'എന്റെ മാതാപിതാക്കളിൽ നിന്ന് ഈ നല്ല വിശ്വാസം എനിക്കു കിട്ടി.'

എവുഎൽപിസ്തുസ് പറഞ്ഞു: 'ഞാൻ സന്തോഷപൂർവം ജസ്റ്റിന്റെ വാക്കുകൾ ശ്രവിച്ചിട്ടുണ്ട്. എന്നാൽ എന്റെ മാതാപിതാക്കളിൽ നിന്നാണ് ഞാൻ ക്രിസ്തുമതം സ്വീകരിച്ചത്.'

പ്രീഫെക്ട് റുസ്തിക്കൂസ് : 'എവിടെയാണ് നിന്റെ മാതാപിതാക്കൾ?'

എവുഎൽപിസ്തുസ് പറഞ്ഞു: 'കപ്പഡോഷ്യയിൽ.'

റുസ്തിക്കൂസ് ഹിയരാക്സിനോടു ചോദിച്ചു: 'എവിടെയാണ് നിന്റെ മാതാപിതാക്കൾ?'

അവൻ ഉത്തരമായി പറഞ്ഞു: 'ഞങ്ങളുടെ യഥാർഥപിതാവ് ക്രിസ്തുവും ഞങ്ങളുടെ മാതാവ് അവനിലുള്ള ഞങ്ങളുടെ വിശ്വാസവുമാണ്. എന്റെ ഭൗമിക മാതാപിതാക്കൾ മരിച്ചുപോയി. ഇവിടെ വരുന്നതിനു മുമ്പ്, ഫ്രീജിയായിലെ ഇക്കോണിയത്തിൽ നിന്ന് ഞാൻ വലിച്ചിഴയ്ക്കപ്പെട്ടു.'

പ്രീഫെക്ട് റുസ്തിക്കൂസ് ലിബേരിയനോടു ചോദിച്ചു: നീ എന്തു പറയുന്നു? നീ ക്രിസ്ത്യാനിയാണോ? മറ്റുള്ളവരെപ്പോലെ നീയും അവിശ്വാസിയാണോ?

ലിബേരിയൻ: 'ഞാനും ഒരു ക്രിസ്ത്യാനിയാണ്; കാരണം ഞാൻ വിശ്വാസിയാണ്; ഏകസത്യദൈവത്തെ ഞാൻ ആരാധിക്കുന്നു.'

പ്രീഫെക്ട് റുസ്തിക്കൂസ് ജസ്റ്റിനോടു പറഞ്ഞു: 'പണ്ഡിതനെന്നു കരുതപ്പെടുകയും സത്യപ്രബോധനം ലഭിച്ചവനെന്ന് ചിന്തിക്കുകയും ചെയ്യുന്ന മനുഷ്യാ, കേൾക്കുക: നിന്നെ പ്രഹരിച്ച ശേഷം നിന്റെ തല വെട്ടിയാൽ നീ സ്വർഗത്തിലേക്കു കയറുമെന്നു കരുതുന്നുണ്ടോ?'

ജസ്റ്റിൻ പറഞ്ഞു : 'ഞാൻ ഈ കാര്യങ്ങൾ സഹിച്ചാൽ അവന്റെ ദാനങ്ങൾ എനിക്കു കിട്ടുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. അപ്രകാരം ജീവിക്കുന്ന എല്ലാവർക്കും സർവലോകത്തിന്റേയും അവസാനം വരെ ദൈവത്തിന്റെ സൗജന്യദാനം ലഭിക്കുമെന്ന് എനിക്കറിയാം.'

പ്രീഫെക്ട് റുസ്തിക്കൂസ് ചോദിച്ചു : അപ്പോൾ ഏതോ പ്രതിഫലം വാങ്ങാൻ നീ സ്വർഗത്തിലേക്കു കയറുമെന്ന് നീ ചിന്തിക്കുന്നുണ്ടോ?

ജസ്റ്റിൻ: 'ഞാൻ ചിന്തിക്കുകയല്ല, പിന്നെയോ, എനിക്കറിയാം, എനിക്കു പൂർണബോധ്യമുണ്ട്.'

പ്രീഫെക്ട് റുസ്തിക്കൂസ്: 'നമുക്കിപ്പോൾ ചെയ്യേണ്ട അത്യാവശ്യകാര്യത്തിലേക്കു കടക്കാം. നിങ്ങൾ യോജിച്ച് ഏകയോഗമായി ദേവന്മാർക്ക് ബലിയർപ്പിക്കുക.'

ജസ്റ്റിൻ: 'സുബുദ്ധിയുള്ളവരാരും സത്യവിശ്വാസത്തിൽ നിന്ന് തെറ്റായ വിശ്വാസത്തിലേക്കു പിൻതിരിയാറില്ല.'

പ്രീഫെക്ട് റുസ്തിക്കൂസ്: 'നിങ്ങൾ അനുസരിച്ചില്ലെങ്കിൽ, ദയാരഹിതമായി ശിക്ഷിക്കപ്പെടും.''

ജസ്റ്റിൻ: 'ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിനുവേണ്ടി ശിക്ഷിക്കപ്പെടുകയാണെങ്കിൽ, രക്ഷിക്കപ്പെടുമെന്ന് ഞങ്ങൾക്കു പ്രതീക്ഷയുണ്ട്. കാരണം, ലോകത്തെ മുഴുവൻ വിധിക്കുന്ന നമ്മുടെ കർത്താവും രക്ഷിതാവുമായ അവിടുത്തെ ഭയങ്കര ന്യായാസനത്തിൽ മുൻപാകെ ഇതായിരിക്കും ഞങ്ങളുടെ രക്ഷയും ആത്മധൈര്യവും.'

മറ്റ് രക്തസാക്ഷികളും അപ്രകാരം തന്നെ പറഞ്ഞു: 'നിനക്കിഷ്ടമുള്ളത് ചെയ്യുക. ഞങ്ങൾ ക്രിസ്ത്യാനികളാണ്. ഞങ്ങൾ വിഗ്രഹങ്ങൾക്കു ബലിയർപ്പിക്കയില്ല.

പ്രീഫെക്ട് റുസ്തിക്കൂസ് വിധി പ്രസ്താവിച്ചു: 'ദേവന്മാർക്കു ബലിയർപ്പിക്കുകയും ചക്രവർത്തിയുടെ കല്പനയ്ക്ക് വിധേയരാകുകയും ചെയ്യാത്തവരെ ദണ്ഡിപ്പിച്ച് നിയമമനുസരിച്ച് തലവെട്ടി കൊല്ലാനായി കൊണ്ടുപോകട്ടെ.'

വിശുദ്ധ രക്തസാക്ഷികൾ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് കൊലക്കളത്തിലേക്കു പോയി. തങ്ങളുടെ രക്ഷകനെ ഏറ്റുപറഞ്ഞുകൊണ്ട് അവർ സാക്ഷ്യം പൂർത്തിയാക്കി. വിശ്വാസികളിൽ ചിലർ രഹസ്യമായി അവരുടെ ശരീരമെടുത്ത് സൗകര്യപ്രദമായ സ്ഥലത്ത് മറവുചെയ്തു: നമ്മുടെ കർത്താവേശുക്രിസ്തുവിന്റെ കൃപ അവരോടുകൂടെ പ്രവർത്തിച്ചിരുന്നു; അവിടുത്തേയ്ക്ക് എന്നുമെന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ. ആമ്മീൻ.

## 2. ഷില്ലിയിലെ രക്തസാക്ഷികളുടെ നടപടികൾ

ക്ലൗഡിയന്റെയും അപ്പോൾ രണ്ടാംപ്രാവശ്യം കോൺസുളായ പ്രേസെൻസിന്റെയും കോൺസുളേറ്റു കാലത്ത് ജൂലൈ 17-ന്, കാർത്തേജിലെ കൗൺസിൽ ചേമ്പറിലേക്ക് വിസ്തരിക്കപ്പെടാനായി സ്പെരാത്തുസ്, നർത്സാലുസ്, ചിത്തീനുസ്, ഡൊണാത്ത, സെക്കുൻദാ, വെസ്തിയാ എന്നിവർ ആനീതരാക്കപ്പെട്ടു. പ്രോകോൺസുൾ സതുർണീനുസ് അവരോടു പറഞ്ഞു: 'നിങ്ങൾ സുബുദ്ധിയിലേക്കു മടങ്ങിവന്നാൽ, നമ്മുടെ നാഥനായ രാജാവിന്റെ ആനുകൂല്യത്തിന് നിങ്ങൾ അർഹരാവും'.

സ്പെരാത്തുസ് പറഞ്ഞു: 'ഞങ്ങൾ ആർക്കും ഒരുപദ്രവവും ചെയ്തിട്ടില്ല; ഞങ്ങൾ ദുഷ്ടതയ്ക്ക് ഞങ്ങളെത്തന്നെ കയ്യാളിച്ചിട്ടില്ല; ആരെപ്പറ്റിയും ദൂഷണം പറഞ്ഞിട്ടില്ല; പിന്നെയോ, അവഹേളിക്കപ്പെട്ടപ്പോൾ നന്ദി പറയുകയാണ് ചെയ്തത്; എന്തുകൊണ്ടെന്നാൽ ഞങ്ങൾ നമ്മുടെ ചക്രവർത്തിയെ സംപൂജ്യമായി കരുതുന്നു.'

പ്രോകോൺസുൾ സതുർണീനുസ് പറഞ്ഞു: 'ഞങ്ങളും മതാത്മക ചിന്തയുള്ളവരാണ്; ഞങ്ങളുടെ മതം ലളിതമാണ്; നമ്മുടെ നാഥനായ ചക്രവർത്തിയുടെ അമാനുഷിക ശക്തിയുടെ നാമത്തിൽ ഞങ്ങൾ ശപഥം ചെയ്യുന്നു; അദ്ദേഹത്തിന്റെ സുരക്ഷിതത്വത്തിനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു; നിങ്ങളും അപ്രകാരം ചെയ്യണം.'

സ്പെരാത്തുസ് പറഞ്ഞു: 'അങ്ങ് എന്നെ ശാന്തമായി ശ്രവിച്ചാൽ, ലാളിത്യത്തിന്റെ രഹസ്യം പറഞ്ഞുതരാം.'

പ്രോകോൺസുൾ സതുർണീനുസ് പറഞ്ഞു: 'ഞങ്ങളുടെ പുണ്യകർമങ്ങളെ ദുഷിച്ചുപറയാൻ തുടങ്ങിയാൽ ഞാൻ നിന്നെ ശ്രവിക്കയില്ല; നമ്മുടെ നാഥനായ ചക്രവർത്തിയുടെ അമാനുഷിക ശക്തിയുടെ നാമത്തിൽ ശപഥം ചെയ്യുക.'

സ്പെരാത്തുസ് പറഞ്ഞു: 'ഞാൻ ഈ ലോകത്തിലെ സാമ്രാജ്യത്തെ അംഗീകരിക്കുന്നില്ല; പിന്നെയോ, ഒരു മനുഷ്യനും കണ്ടിട്ടില്ലാത്ത, കാണാൻ കഴിയാത്ത ദൈവത്തെ ഞാൻ സേവിക്കുന്നു. ഞാൻ മോഷ്ടിച്ചിട്ടില്ല; ഞാൻ എന്തെങ്കിലും വാങ്ങുന്നെങ്കിൽ, നികുതി കൊടുക്കുന്നു; എന്തുകൊണ്ടെന്നാൽ, രാജാക്കന്മാരുടെ രാജാവും എല്ലാ ജനതകളുടെയും ചക്രവർത്തിയുമായ എന്റെ നാഥനെ ഞാൻ അംഗീകരിക്കുന്നു.'

പ്രോകോൺസുൾ സതുർണീനുസ് മറ്റുള്ളവരോടു പറഞ്ഞു: 'നിങ്ങൾ ഇതിൽ നിന്നു പിൻമാറുവിൻ.'

സ്പെരാത്തുസ് പറഞ്ഞു: 'ഞങ്ങൾ കൊലപാതകം ചെയ്യണമെന്നോ, കള്ളസാക്ഷി പറയണമെന്നോ പറയുന്നതാണ് തെറ്റ്'.

പ്രോകോൺസുൾ സതുർണീനുസ് പറഞ്ഞു: 'ഈ വിഭ്രാന്തിയിൽ നിങ്ങൾ പങ്കാളികളാകരുത്.'

ചിത്തീനുസ് പറഞ്ഞു: 'സ്വർഗസ്ഥനായ ഞങ്ങളുടെ ദൈവമായ കർത്താവിനെ അല്ലാതെ മറ്റാരെയും ഞങ്ങൾക്കു ഭയക്കാനില്ല'.

ഡൊണാത്താ പറഞ്ഞു: 'സീസർ എന്നുള്ള നിലയിൽ സീസറിനുള്ള ബഹുമാനം കൊടുക്കുവിൻ; എന്നാൽ ദൈവത്തെ ഭയപ്പെടുക'.

വെസ്തിയാ പറഞ്ഞു: 'ഞാനൊരു ക്രിസ്ത്യാനിയാണ്.'

സെക്കുൻദാ പറഞ്ഞു: 'ഞാൻ ആയിരിക്കുന്നതല്ലാതെ മറ്റൊന്നും ആകാൻ ആഗ്രഹിക്കുന്നില്ല.'

പ്രോകോൺസുൾ സതുർണീനുസ് സ്പെരാത്തുസിനോടു ചോദിച്ചു: 'ക്രിസ്ത്യാനി ആയിരിക്കുന്നതിൽ നീ ഉറച്ചു നിൽക്കുന്നുവോ?'

സ്പെരാത്തുസ് പറഞ്ഞു: 'ഞാൻ ഒരു ക്രിസ്ത്യാനിയാണ്'.

മറ്റുള്ളവരെല്ലാം അതംഗീകരിച്ചു.

പ്രോകോൺസുൾ സതുർണീനുസ്: 'പുനർവിചിന്തനത്തിന് നിങ്ങൾക്കു സമയം വേണോ?'

സ്പെരാത്തുസ്: 'ശരിയായത് എന്തെന്ന് വ്യക്തമാകുമ്പോൾ, പുനർവിചിന്തനം ആവശ്യമില്ല'

പ്രോകോൺസുൾ സതുർണീനുസ്: 'നിങ്ങളുടെ പെട്ടിയിൽ എന്താണ്?'

സ്പെരാത്തുസ്: 'ഗ്രന്ഥങ്ങളും പൗലോസ് എന്ന ഒരു നീതിമാന്റെ ലേഖനങ്ങളും.'

പ്രോകോൺസുൾ സതുർണീനുസ്: 'മുപ്പതു ദിവസത്തെ സമയമെടുത്ത് പുനർവിചിന്തനം നടത്തുക'

സ്പെരാത്തുസ് വീണ്ടും പറഞ്ഞു: 'ഞാൻ ഒരു ക്രിസ്ത്യാനിയാണ്.' മറ്റുള്ളവരെല്ലാം ഏകസ്വരത്തിൽ അവനോടു ചേർന്നു.

പ്രോകോൺസുൾ സതുർണീനുസ് തന്റെ നോട്ടുബുക്കിൽനിന്ന് വിധിവാചകം വായിച്ചു: സ്പെരാത്തുസ്, നർത്സാലുസ്, ചിത്തീനുസ്, ഡൊണാത്താ, വെസ്തിയാ, സെക്കുൻദാ എന്നിവരും ബാക്കിയുള്ളവരും, ക്രിസ്ത്യാനികളുടെ മതപരമായ കർമങ്ങളനുസരിച്ച് ജീവിക്കുന്നുവെന്ന് ഏറ്റുപറഞ്ഞിരിക്കുന്നു. റോമാക്കാരുടെ രീതിയിലേക്കു തിരികെ വരാൻ ഒരവസരം നൽകിയിട്ടും അവർ തങ്ങളുടെ മർക്കടമുഷ്ടിയിൽ ഉറച്ചു നിന്നതിനാൽ, അവർ വാൾകൊണ്ട് കൊല്ലപ്പെടണമെന്ന് നാം പ്രഖ്യാപിക്കുന്നു.

സ്പെരാത്തുസ്: 'ദൈവത്തിനു നന്ദി.'

നർത്സാലുസ്: 'ഇന്നു ഞങ്ങൾ സ്വർഗത്തിൽ രക്തസാക്ഷികളാണ്; ദൈവത്തിനു നന്ദി.'

ഇതേപ്പറ്റി വിളംബരം പ്രസിദ്ധീകരിക്കാൻ പ്രോകോൺസുൾ സതുർണീനുസ് കല്പിച്ചു: 'സ്പെരാത്തുസ്, നർത്സാലുസ്, ചിത്തീനുസ്, വെതൂരിയുസ്, ഫേലിക്സ്, അക്വിലീനുസ്, ലെതാൻസ്യുസ്, ജാനുവാരിയാ, ജെനെറോസാ, വെസ്തിയാ, ഡൊണാത്താ, സെക്കുൻദാ എന്നിവരെ കൊലയ്ക്കു കൊണ്ടുപോകാൻ ഞാൻ കല്പിച്ചിരിക്കുന്നു.'

അവർ എല്ലാവരും പറഞ്ഞു: 'ദൈവത്തിനു നന്ദി.'

അവരെല്ലാം ഒന്നിച്ച് രക്തസാക്ഷിമകുടം ചൂടി പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടും കൂടെ എന്നുമെന്നേക്കും വാഴുന്നു. ആമ്മീൻ.

## 3. വി. സിപ്രിയാന്റെ പ്രോകോൺസുളാർ നടപടികൾ

ചക്രവർത്തിമാരായ വലേറിയൻ, ഗള്ളിയേനുസ് എന്നിവരുടെ കോൺസുളേറ്റു കാലത്ത് – വലേറിയൻ നാലാം പ്രാവശ്യവും ഗള്ളിയേനുസ്

മൂന്നാം പ്രാവശ്യവും - ആഗസ്റ്റ് 30-ന് കാർത്തേജിൽ വച്ച്, പ്രോകോൺസുൾ പതേർണുസ് തന്റെ രഹസ്യമുറിയിൽ വച്ച് മെത്രാനായ സിപ്രിയാനോടു പറഞ്ഞു: അതിപരിശുദ്ധ ചക്രവർത്തിമാരായ വലേറിയനും ഗള്ളിയേനുസും എനിക്കൊരു കത്തയക്കുന്നതു ഉചിതമെന്നു കരുതി. അതിൽ, റോമാക്കാരുടെ മതം അനുഷ്ഠിക്കാത്തവർ, റോമൻ രീതികൾ അംഗീകരിക്കണമെന്ന് അവർ കല്പിച്ചിട്ടുണ്ട്. അതുകൊണ്ട് ഞാൻ താങ്കളെപ്പറ്റി അന്വേഷണം നടത്തി. താങ്കൾക്ക് എന്നോടു എന്ത് മറുപടി പറയാനുണ്ട്?

മെത്രാനായ സിപ്രിയാൻ പറഞ്ഞു: 'ഞാനൊരു ക്രിസ്ത്യാനിയും ഒരു മെത്രാനുമാണ്. ആകാശവും ഭൂമിയും കടലും അവയിലുള്ള സർവവും ഉണ്ടാക്കിയ ഏകസത്യദൈവത്തെ അല്ലാതെ മറ്റൊരു ദൈവത്തെ എനിക്കറിയില്ല. ക്രിസ്ത്യാനികളായ ഞങ്ങൾ ഈ ദൈവത്തെയാണ് സേവിക്കുന്നത്. ഞങ്ങൾക്കുവേണ്ടിയും എല്ലാ മനുഷ്യർക്കു വേണ്ടിയും ചക്രവർത്തിമാരുടെ തന്നെ സുരക്ഷിതത്വത്തിനു വേണ്ടിയും ഈ ദൈവത്തോടാണ് ഞങ്ങൾ രാപകൽ പ്രാർഥിക്കുന്നത്.'

പ്രോകോൺസുൾ പതേർണുസ്: 'ഇതിൽ താങ്കൾ ഉറച്ചു നിൽക്കുകയാണോ?'

സിപ്രിയാൻ: 'ദൈവത്തെ അറിയുന്ന സന്മനസ്സിനെ മാറ്റാൻ സാധ്യമല്ല.'

പ്രോകോൺസുൾ പതേർണുസ്: 'അപ്പോൾ, വലേറിയുസിന്റേയും ഗള്ളിയേനുസിന്റെയും കല്പന അനുസരിച്ച് കുറൂബിസ് നഗരത്തിലേക്ക് വിപ്രവാസത്തിൽ പോകാമോ?'

സിപ്രിയാൻ: 'ഞാൻ പോകാം'

പ്രോകോൺസുൾ പതേർണുസ്: 'മെത്രാന്മാരെക്കുറിച്ചു മാത്രമല്ല വൈദികരെക്കുറിച്ചും എനിക്കെഴുതുന്നത് ഉചിതമെന്ന് അവർക്കുതോന്നി. അതുകൊണ്ട് ഈ പട്ടണത്തിൽ പാർക്കുന്ന വൈദികർ ആരൊക്കെയാ ണെന്ന് എന്നെ അറിയിക്കണം.'

സിപ്രിയാൻ: 'വിവരം നൽകുന്നത് നിരോധിച്ചിരിക്കുന്നത് നിങ്ങളുടെ നിയമത്തിലെ ശ്രേഷ്ഠവും പ്രയോജനകരവുമായ ഒരു വകുപ്പാണ്. അതുകൊണ്ട് അവരെ വെളിപ്പെടുത്താനോ അവരെപ്പറ്റി വിവരം നൽകാനോ എനിക്കു പറ്റുകയില്ല. അവർ അവരുടെ പട്ടണങ്ങളിൽ തന്നെ കാണും.'

പ്രോകോൺസുൾ പതേർണുസ്: 'ഇന്നു തന്നെ അവരെ അന്വേഷിച്ച് ഇവിടെ വരുത്തും'.

സിപ്രിയാൻ: 'തേടിച്ചെല്ലാതെ ഓടിച്ചെല്ലുന്നതു ഞങ്ങളുടെ നിയമം വിലക്കുന്നു. അത് നിങ്ങളുടെ തത്വങ്ങളുമായി ഒത്തുപോകാത്തതുമാണ്. അതിനാൽ എനിക്കു റിപ്പോർട്ടു ചെയ്യാൻ പറ്റാത്തതുപോലെ, അവർക്കു സ്വയം

വന്നുചേരാനും സാധ്യമല്ല. എന്നാൽ നീ അവരെ അന്വേഷിച്ചിറങ്ങിയാൽ അവരെ കണ്ടെത്തിയെന്നു വരാം'.

പ്രോകോൺസുൾ പതേർണുസ്: 'ഞാൻ അവരെ കണ്ടുപിടിക്കും'. അയാളിതും കൂട്ടിച്ചേർത്തു: 'ഒരു സ്ഥലത്തും യോഗം ചേർന്നുകൂടാ എന്ന് ചക്രവർത്തിമാർ നിർദേശം തന്നിട്ടുണ്ട്; ആരും ശവക്കോട്ടകളിലും കയറിക്കൂടാ. പ്രയോജനപ്രദമായ ഈ നിർദേശങ്ങൾ അനുസരിക്കാതിരിക്കുന്നവർ മരണവിധേയരാകും.'

സിപ്രിയാൻ: 'നിനക്കു കിട്ടിയ നിർദേശം പോലെ നീ ചെയ്യുക.'

ഉടനെ ഭാഗ്യവാനായ സിപ്രിയാനെ നാടുകടത്താൻ പ്രോകോൺസുൾ പതേർണുസ് കല്പിച്ചു. അദ്ദേഹം ദീർഘകാലം വിപ്രവാസത്തിലായിരുന്നു. പ്രോകോൺസുൾ പതേർണുസിന്റെ പിൻഗാമിയായി കോൺസുളായി ഗലേരിയുസ് മാക്സിമുസ് വന്നു. നാടുകടത്തിയിടത്തു നിന്നു സിപ്രിയാനെ തിരികെ വരുത്തി തന്റെ മുമ്പിൽ ഹാജരാക്കാൻ അയാൾ കല്പിച്ചു.

അസ്പാസിയുസിന്റെ കല്പനയാൽ കുറുബിസിലേക്കു നാടുകടത്തപ്പെട്ടവനും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനുമായ വിശുദ്ധ രക്തസാക്ഷി സിപ്രിയാൻ അവിടെ നിന്ന് തിരികെ വന്നപ്പോൾ, ദൈവിക കല്പനയാൽ തന്റെ സ്വന്തം ഉദ്യാനത്തിൽ തന്നെ തങ്ങി. അവനെ കാണിച്ചതുപോലെ, അവിടെ നിന്ന് വിളിക്കപ്പെടുമെന്ന് അവൻ ഓരോ ദിവസവും പ്രതീക്ഷിച്ചു. അവൻ അവിടെത്തന്നെ കഴിയവേ, പെട്ടെന്ന് സെപ്റ്റംബർ 13-ന് ടുസ്ക്കുസിന്റെയും ബാസ്സുസിന്റെയും കോൺസുളേറ്റു കാലത്ത് രണ്ട് ഉന്നത ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തിന്റെ പക്കലെത്തി. ഒരാൾ പ്രോകോൺസുൾ ഗലേരിയുസ് മാക്സിമുസിന്റെ സ്റ്റാഫിലെ അശ്വപാലകനും മറ്റേയാൾ അതേ സ്റ്റാഫിൽപ്പെട്ട വേറൊരാളും - അതായത് അംഗരക്ഷകരിലെ അശ്വപാലകനും - ആയിരുന്നു. അവർ അദ്ദേഹത്തെ പൊക്കിയെടുത്ത് വണ്ടിയിൽ വച്ച് അവരുടെയിടയിൽ ഇരുത്തി; സെക്സ്റ്റസിന്റെ വീട്ടിലേക്ക് വണ്ടിയോടിച്ചുപോയി. അവിടെയാണ്, തന്റെ ആരോഗ്യം വീണ്ടെടുക്കാൻ പ്രോകോൺസുൾ ഗലേരിയുസ് മാക്സിമുസ് താമസിച്ചിരു ന്നത്.

സിപ്രിയാനെ പിറ്റേ ദിവസത്തേക്ക് അവിടെ പാർപ്പിക്കാൻ പ്രോകോൺസുൾ ഗലേരിയുസ് മാക്സിമുസ് കല്പിച്ചു. താല്കാലികമായി, ഗാർഡിന്റെ മേൽനോട്ടത്തിൽ ഭാഗ്യവാനായ സിപ്രിയാൻ ഒരുന്നതോദ്യോഗസ്ഥന്റെ ഭവനത്തിലേക്കു പിൻവാങ്ങി. അവനോടൊപ്പം അവന്റെ ഭവനത്തിൽ സാറ്റേൺസ് എന്നു വിളിക്കപ്പെടുന്ന തെരുവിൽ താമസിച്ചു. മഹനീയനായ പ്രോകോൺസുൾ ഗലേരിയുസ് മാക്സിമുസിന്റെ സ്റ്റാഫിൽപെട്ട ഒരു ഉദ്യോഗസ്ഥനായിരുന്നു അയാൾ. വീനസിന്റെ അമ്പലത്തിന്റെയും പൊതുജനാരോഗ്യാമ്പലത്തിന്റെയും ഇടയ്ക്കായിരുന്നു ആ തെരുവ്. സഹോദരന്മാരുടെ സമൂഹം മുഴുവൻ അവിടെ കൂടി; ഇതറിഞ്ഞ വി. സിപ്രിയാൻ, യുവതികളെ പ്രത്യേകം സംരക്ഷിച്ചു കൊള്ളണമെന്ന് നിർദേശം നല്കി; കാരണം, ഉദ്യോഗസ്ഥന്റെ വീടിന്റെ വാതിലിനു മുമ്പിൽ

തെരുവിൽ എല്ലാവരും തടിച്ചു കൂടിയിരുന്നു.

പിറ്റേദിവസം, അതായത് സെപ്റ്റംബർ 14-ന്, പ്രോകോൺസുൾ ഗലേരിയുസ് മാക്സിമുസിന്റെ കല്പനയാൽ സെക്സ്റ്റസിന്റെ ഭവനത്തിൽ രാവിലെ തന്നെ വലിയൊരു ജനാവലി വന്നുചേർന്നിരുന്നു. പ്രോകോൺസുൾ ഗലേരിയുസ് മാക്സിമുസ് താനിരുന്ന സൗചിയോളും എന്ന ഹാളിൽ തന്റെ മുമ്പാകെ സിപ്രിയാൻ മെത്രാനെ രാവിലെ ഹാജരാക്കാൻ കല്പിച്ചു. അദ്ദേഹത്തെ ഹാജരാക്കിയപ്പോൾ പ്രോകോൺസുൾ ഗലേരിയുസ് മാക്സിമുസ് ചോദിച്ചു: 'താനാണോ താഷിയുസ് സിപ്രിയാൻ?'

സിപ്രിയാൻ: 'ഞാനാണ്.'

പ്രോകോൺസുൾ ഗലേരിയുസ് മാക്സിമുസ്: 'ദേവനിന്ദാപരമായ അഭിപ്രായങ്ങൾ പുലർത്തുന്നവരുടെ പാപ്പാസ്ഥാനം നീ ഏറ്റെടുത്തിരിക്കുകയാണോ?'

സിപ്രിയാൻ: 'അതെ.'

പ്രോകോൺസുൾ ഗലേരിയുസ് മാക്സിമുസ്: 'അർപ്പണം നടത്താൻ അതിപാവനരായ ചക്രവർത്തിമാർ നിന്നോടു കല്പിച്ചിരുന്നു.'

സിപ്രിയാൻ: 'ഞാൻ നിരസിക്കുന്നു.'

പ്രോകോൺസുൾ ഗലേരിയുസ് മാക്സിമുസ്: 'നീ നിന്റെ കാര്യത്തിൽ ശ്രദ്ധിക്കൂ.'

സിപ്രിയാൻ: 'നിന്നോടു പറഞ്ഞതുപോലെ നീ ചെയ്യുക. വളരെ വ്യക്തമായ സംഗതിക്ക് പുനർവിചിന്തനം ആവശ്യമില്ല.'

പ്രോകോൺസുൾ ഗലേരിയുസ് മാക്സിമുസ് തന്റെ കൗൺസിലുമായി ആലോചിച്ച് താഴെപ്പറയുംവിധം പ്രയാസപ്പെട്ടും മനസ്സില്ലാ മനസ്സോടെയും വിധി പ്രസ്താവിച്ചു: 'ദൈവദൂഷണപരമായ അഭിപ്രായങ്ങൾ പുലർത്തിക്കൊണ്ട് നീ ദീർഘനാൾ ജീവിച്ചു. മ്ലേച്ഛമായ ഗൂഢാലോചന നടത്തിയ വളരെയധികം ആളുകളെ നീ നിന്റെ കൂടെ ചേർത്തു. റോമിന്റെ ദേവന്മാരു ടേയും മതപരമായ നിർദേശങ്ങളുടേയും ശത്രുവായി നീ സ്വയം പ്രഖ്യാപിച്ചു. നിന്നെ അവരുടെ അനുഷ്ഠാനങ്ങളിലേക്കു കൊണ്ടുവരാൻ ഭക്തരും ഏറ്റവും പൂജ്യരും അഗസ്റ്റസുമാരുമായ വലേറിയൻ, ഗള്ളിയേനുസ് എന്നീ ചക്രവർത്തിമാർക്കും അതിശ്രേഷ്ഠനായ സീസർ വലേറിയനും കഴിഞ്ഞില്ല. അതുകൊണ്ട് ഏറ്റവും ഹീനമായ തെറ്റുകളുടെ സൂത്രധാരകനും തലവനും നീയാണെന്ന് കുറ്റം വിധിക്കപ്പെട്ടിരിക്കുന്നതിനാൽ, നിന്റെ ദുഷ്ടതയിൽ നിന്നോടുകൂടെ നീ ചേർത്തവർക്ക് നീയൊരു ദൃഷ്ടാന്തമായിരിക്കട്ടെ: നിന്റെ രക്തത്തിൽ നീ ശിക്ഷാവിധി അനുഭവിക്കണം.' ഇത്രയും പറഞ്ഞിട്ട് ഫലകത്തിൽനിന്ന് അയാൾ ഇപ്രകാരം വായിച്ചു: 'താഷിയുസ് സിപ്രിയാനെ തലവെട്ടിക്കൊല്ലാൻ നാം

 www.malankaralibrary.com

കല്പിക്കുന്നു.'

സിപ്രിയാൻ: 'ദൈവത്തിനു നന്ദി.'

'അദ്ദേഹത്തോടൊപ്പം ഞങ്ങളുടേയും തലവെട്ടിക്കളയുക' എന്ന് ഈ വാചകം കേട്ടപ്പോൾ സഹോദരന്മാരുടെ സമൂഹം നിലവിളിച്ചു. സഹോദരന്മാരുടെ ഇടയിൽ ബഹളം ഉണ്ടായി. വലിയൊരു ജനാവലി അദ്ദേഹത്തെ അനുഗമിച്ചു. സെക്സ്റ്റസിന്റെ പറമ്പിലേക്ക് അവർ സിപ്രിയാനെ നയിച്ചു. അവിടെ അദ്ദേഹം തന്റെ പുറങ്കുപ്പായം മാറ്റിവച്ചു; നിലത്തു മുട്ടുകുത്തി കർത്താവിനോടു പ്രാർഥിക്കാനായി കുനിഞ്ഞു. അപ്പോൾ തന്റെ പുറങ്കുപ്പായം ഡീക്കന്മാരെ ഏല്പിച്ചു; തന്റെ ലിനൻ വസ്ത്രം മാത്രം ധരിച്ച് ആരാച്ചാരെ കാത്തുനിന്നു. ആരാച്ചാർ വന്നപ്പോൾ അയാൾക്ക് 25 സ്വർണനാണയങ്ങൾ കൊടുക്കാൻ തന്റെ സ്നേഹിതരെ അദ്ദേഹം ചുമതലപ്പെടുത്തി. സഹോദരന്മാർ കൈത്തൂവാലകളും തുണിക്കഷണങ്ങളും അദ്ദേഹത്തിന്റെ മുമ്പിൽ വിരിച്ചു. അതിനു ശേഷം ഭാഗ്യവാനായ സിപ്രിയാൻ തന്നെ തന്റെ കണ്ണുകൾ കെട്ടി; എന്നാൽ തനിയെ തൂവാലയുടെ അറ്റം കെട്ടാൻ കഴിയാതെ വന്നപ്പോൾ അദ്ദേഹത്തിനുവേണ്ടി ജൂലിയാനുസ് എന്ന വൈദികനും ജൂലിയാനുസ് എന്ന സബ്ഡീക്കനും കൂടി അത് മുറുക്കി കെട്ടി.

അങ്ങനെ ഭാഗ്യവാനായ സിപ്രിയാൻ മരിച്ചു. പുറജാതികളുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്താനായി അദ്ദേഹത്തിന്റെ ശരീരം അവിടെ മരവിച്ചു കിടന്നു. വിശ്വാസികൾ രാത്രിയിൽ അത് അവിടെ നിന്ന് നീക്കി, പന്തങ്ങളോടും വിളക്കുകളോടും കൂടെ പ്രാർഥനാപൂർവം ആഘോഷ സമേതം പ്രൊകുറേറ്ററായ മക്രോബിയുസ് കാൻദിദിയാനുസിന്റെ ശവക്കോട്ടയിലേക്കു കൊണ്ടുപോയി. മീൻകുളത്തിനടുത്തുള്ള മപ്പാലിയൻ വഴിയിലാണത്. കുറേ ദിവസങ്ങൾക്കുശേഷം പ്രോകോൺസുൾ ഗലേരിയുസ് മാക്സിമുസ് മരിച്ചു.

നമ്മുടെ കർത്താവ് യേശുക്രിസ്തുവിന്റെ ഭരണകാലത്ത് വലേറിയന്റെയും ഗള്ളിയേനുസിന്റെയും കീഴിൽ സെപ്റ്റംബർ 14-ന് അതിഭാഗ്യവാനായ സിപ്രിയാൻ രക്തസാക്ഷിമകുടം ചൂടി. നമ്മുടെ കർത്താവിന് എന്നുമെന്നേക്കും ബഹുമാനവും മഹത്വവും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## ആമുഖത്തിന്റെ അടിക്കുറിപ്പുകൾ

1. ജോൺപോൾ രണ്ടാമൻ മാർപാപ്പാ, *പാത്രെസ് എക്ലേസിയേ*,ജനുവരി 2, 1980: *AAS*. 72 (1980)5-6.

2. പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വം,12.2; എവുസേബിയസ്,സഭാചരിത്രം,5.4.2; സിപ്രിയാൻ,ലേഖനം,30.

3. ബേസിൽ, ലേഖനം,140,2.

4. ജോൺ പോൾ മാർപാപ്പാ, *പാത്രെസ് എക്ലേസിയേ.*

5. ജോൺ പോൾ മാർപാപ്പാ അഗസ്റ്റീനിയൻ ഓഡിറ്റോറിയത്തിൽ 1983 മെയ് 7-ന് ചെയ്ത പ്രസംഗം: *Augustinianum* 23,1-2 (1989),7-13 (=പ്രസംഗം):9-10.

6. ജോൺ ക്രിസൊസ്തോം, കൊളോസ്യലേഖനഭാഷ്യം,9.1: *PG*. 11.361.

7. അഗസ്റ്റിൻ, ആത്മകഥ,11.2.3: *PL*. 32. 810.

8. ജസ്റ്റിൻ, ട്രീഫോയുമായുള്ള സംവാദം,65.

9. അഗസ്റ്റിൻ, ഫൗസ്തുസിനെതിരെ,11.5.

10. ജെ.നടുവിലേഴം, ബൈബിൾ വിജ്ഞാനീയത്തിൽ സഭാപിതാക്കന്മാരുടെ സംഭാവന: *മതവും ചിന്തയും* 61/6 (1981) 536-537.

11. അതേലേഖനം, 538-539.

12. അതേലേഖനം, 5640-542: പ്രതീകാത്മകവ്യാഖ്യാനം (typological interpretation): പഴയനിയമത്തിലെ വ്യക്തികൾ, സംഭവങ്ങൾ, പ്രവൃത്തികൾ എന്നിവയെ പുതിയ നിയമത്തിലെ വ്യക്തികൾ,സംഭവങ്ങൾ,പ്രവൃത്തികൾ, എന്നിവയുമായി ബന്ധിപ്പിച്ച് പഴയവയുടെ പൂർത്തീകരണം പുതിയവയിൽ നടന്നു എന്ന് ഈ രീതി കാട്ടുന്നു. ക്രിസ്തുവിന്റെയും തന്റെ പെസഹാരഹസ്യത്തിന്റെയും സഭയുടെയും കൂദാശകളുടെയും സഭാജീവിതത്തിന്റെയും പ്രതീകങ്ങൾ പഴയനിയമത്തിൽ കണ്ടെത്താനുള്ള പ്രവണതയാണ് ഇവിടെ. ചെങ്കടൽ മാമോദീസാ തൊട്ടിയുടെയും മേഘം പരിശുദ്ധാത്മാവിന്റെയും മോശ ക്രിസ്തുവിന്റെയും പ്രതീകങ്ങളാണ്. ഒരു വശത്ത് വാഗ്ദാനവും (promise) രൂപവും (type) ഛായയും (image), മറുവശത്ത് പൂർത്തീകരണവും (fulfilment) പ്രതിരൂപവും (antitype) യാഥാർഥ്യവും (reality) ദർശിക്കാൻ പിതാക്കന്മാർക്ക് സാധിക്കുന്നു. അന്തർജ്ഞാനീയവ്യാഖ്യാനം (intuitive interpretation) എന്നും തെയൊറിയാ (theoria- intuition) എന്നും ഇതിനെ വിളിക്കാം. തിയഡോറും മറ്റ് അന്ത്യോക്യൻ ചിന്തകരും ഇതിന്റെ വക്താക്കളാണ്.

അല്ലെഗോറിക്കൽ-അനഗോഗിക്കൽ അർഥം (രൂപകാർഥം, ആന്തരികാർഥം, ഉപരിയായ അർഥം, യുഗാന്ത്യോന്മുഖാർഥം: allegorical ,anagogical, eschatological

 www.malankaralibrary.com

interpretation): വിശുദ്ധ ഗ്രന്ഥത്തിന്റെ വാച്യാർഥത്തിനു പുറമേ അന്തർലീനമായിരിക്കുന്ന ആന്തരികാർഥത്തിലേക്ക് ഈ വ്യാഖ്യാനം വിരൽ ചൂണ്ടുന്നു. അല്ലെഗറി ടെക്സ്റ്റിന് ക്രിസ്തോന്മുഖാർഥം നൽകുന്നു. പഴയനിയമസംഭവങ്ങൾ ക്രിസ്തുവിൽ യാഥാർഥ്യമായെന്ന് അല്ലെഗറി പഠിപ്പിക്കുന്നു. ഒരിജനും മറ്റ് അലക്സാണ്ട്രിയൻ ചിന്തകരുമാണ് ഇതിന്റെ വക്താക്കൾ. ഉത്തമഗീതം ക്രിസ്തുവും സഭയും തമ്മിലുള്ള മിസ്റ്റിക്കൽ വിവാഹത്തെ സൂചിപ്പിക്കുന്നു. ഭാവിജീവിതത്തിന്റെ പ്രതീകമായി ടെക്സ്റ്റ് വ്യാഖ്യാനിക്കുന്നതിനെ *അനഗോഗിക്കൽ* എന്നു പറയാം. അതായത്, ടെക്സ്റ്റിന്റെ യുഗാന്ത്യോന്മുഖഭാഷ്യം. ഭാവിലോകത്തിൽ സംഭവിക്കാനിരിക്കുന്നതിനെ പറ്റിയുള്ള വിവരണം. അതുപോലെ ക്രിസ്തുവിലും സഭയിലും പൂർത്തീകരിക്കപ്പെടുന്ന മാനത്തെ കുറിക്കുന്നത്. ക്രിസ്തുവിന്റെ രണ്ടാം വരവുമായി ബന്ധപ്പെട്ടതും അനഗോഗിക്കൽ എന്നുപറയാം.

13. അതേ ലേഖനം.

14. ജോൺപോൾ മാർപാപ്പാ, *പ്രസംഗം*,10.

15. അഗസ്റ്റിൻ, മനിക്കേയൻ ലേഖനത്തിനെതിരെ,5.6: *PL*.42.176.

16. അഗസ്റ്റിൻ, ഫൗസ്തുസിനെതിരെ,28. 2. *PL*.42.486.

17. ജോൺപോൾ മാർപാപ്പാ, പ്രസംഗം,10-11.

18. അത്തനാസ്യോസ്, *ദെ സിനൊദിസ്*, 51: *PG*. 26. 784.

19. ഗ്രിഗറി നസ്യാൻസൻ, ക്ലെദോണിയസിനുള്ള ലേഖനം, 101.

20. അഗസ്റ്റിൻ, പ്രസംഗം, 293. 7.

21. സഭ ആധുനികലോകത്തിൽ, 22.

## ടെക്സ്റ്റിന്റെ അടിക്കുറിപ്പുകൾ

1. Library of the Jerusalem Monastery of the Most Holy Sepulcre.

2. thusia

3. *FC*.1,65-76.

4. *ANF*.8,55-66.

5. *ANF*.8,223-346.

6. The Ten books of Recognition.

7. *ANF*. 8,73-212.

8. Opou an phanei o episkopos,ekei to plethos esto, osper opou an ei Christos Iesous, ekei he Katholike Ekklesia.

9. *Adversus Haereses*: *ANF*.1,315-578.

10. Proof of the Apostolic Preaching: *ACW* 16.

11. Ad hanc enim ecclesiam propter potiorem principalitatem necesse est omnem convenire ecclesiam, hoc est, eos qui sunt undique fideles,in qua semper ab his,qui sunt undique,conservata est ea quae est ab apostolis traditio: *PG.*7,849.

12. *ANF.*8,657-665; G.Howard (tr.), *The Teaching of Addai*, Chico, 1981; The Teaching of Addai: in A. Voobus, *The Synodicon of the West Syrian Tradition*, I, Louvain, 1975 (*CSCO* 363, p.187-197).

13. M.R.James, *The Apocryphal New Testament*, Oxford, 1924; ANF.8.

14. Sibyl means legendary prophetess or woman visionary. There were ten known Sibyls.They are: Chaldean (Sambethe from the family of Noah), Libiyan, Delphian, Italian, Erithrean, Samian, Kumean ,Hellespontian, Phrygian, and Tiburthian : J.H.Charlesworth,ed.The Old Testament Pseudepigrapha, I: Apocalyptic Literature and Testaments, London, 1983.

15. A.Fremantle, *A Treasury of Early Christianity*, New York,1953.

16. E.Assemani, *Acta sanctorum et martyrum*, I.Rome 1748; P.Bedjan, *Acta martyrum et sanctorum*, vol.2-3, Leipzig, 1891.1894; O. Braun, *Ausgewaelte Akten persischer Maertyrer*, Kempten-Muenchen, 1965; O.de Urbina, *Patrologia Syriaca*, Rome, 1965, p.193-199; W.Cureton, *Ancient Syriac Documents*, London, 1864, p.41-72.

17. Willy Rordorf,et alli, *The Eucharist of the Early Christians*, (tr.by M.J.O'Connel), New York, 1978, p.7ff.; Anton Haengi-Irmgard Pahi, *Prex Eucharistica*, Friburg, 1968, p.68-75.

18. The Montanists were called Phrygians or Kathaphrygians.

19. *താ ത്രൊപ്പായ*: ശത്രുവിന്മേൽ വിജയം വരിച്ച് ജയഭേരി മുഴക്കുന്ന ജേതാക്കൾ, ശത്രുവിന്റെ ആയുധമെടുത്ത് ജനങ്ങൾ കാൺകെ മരത്തിലോ, തൂണിലോ തൂക്കിയിടുന്ന പതിവുണ്ടായിരുന്നു. ത്രൊപ്പായ്യോൺ തൂക്കിയിടാൻ ശത്രു അനുവദിച്ചാൽ പരാജയപ്പെട്ടു എന്നർഥം. പത്രോസിനെയും പൗലോസിനെയും സംബന്ധിച്ച് ഈ വാക്ക് ഉപയോഗിക്കുന്നതിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള ബഹുമാനാദരവുകൾ പ്രസ്തുത സ്ഥലങ്ങളിൽ ഉണ്ടായിരുന്നിരിക്കാം.

20. J.Quasten, *Patrology*,I,p.26; J.N.D.Kelly, *Early Christian Creeds*, London 1972. p.114.

21. Kelly, *op.cit.*102-103.

22. *Ibid.*114-115.

23. *Ibid.*115-119.


www.malankaralibrary.com

24. *Ibid*.369.

25. *Ibid*.369-370.

26. *Ibid*.183-184.

27. The imporant Greek Translations of the Old Testament were the folowing: Septuagint; the translations of Symmachus (contemporary of Septimius Severus:193-211), Theodotian (2.c.), and Aquila (contemporary of Hadrian:117-138).

28. *ANF*.7,391-505.

29. *ANF*.vols.3-4.

30. *ANF*.3, 669-679.

31. *ANF* 3.681-691.

32. Toga was the outer garment of the ancient Romans.Pallium was a large rectangular cloak or mantle worn by men chiefly among the Greeks, especially by philosophers, ascetics and others in the early Christian period.

33. *ANF*.5,421-429.

34. *ANF*.5,447-457.

35. *ACW*.26.

36. *ANF*.4, 395-669.

37. *ANF*.4,237-382.

38. *ACW* 19.

39. A.Hahn-G.L.Hahn, *Bibliothek der Symbole und Glaubensregeln der alten Kirche, Hildesheim, 1962*, p.253-255.

40. *ab Urbe* means from Rome.

41. The Apostolic Church Order.

42. Apsotolic Constitutions: *ANF*,7;

43. *Testamentum Domini*: A.Voobus,*The Synodicon in the West Syrian Church*, I,Louvain,1975 (*CSCO* 368/Syr.162)27ff.

## ചുരുക്കെഴുത്തുകളുടെ പൂർണരൂപം

| | | |
|---|---|---|
| ഐറേനിയസ്, പാഷ. | = | പാഷണ്ഡതകൾക്കെതിരെ (Adversus Haereses) |
| എപ്പിഫാനിയസ്, പാഷ. | = | പാഷണ്ഡതകൾ (Haereses- Panarion) |
| എവു. സഭാ. | = | എവുസേബിയസ്, സഭാചരിത്രം |
| ജറോം, മഹദ്. | = | മഹദ്‌വ്യക്തികൾ |
| സഭാ. | = | സഭാചരിത്രം |
| ഹിപ്പോളിറ്റസ്, ഫിലൊ. | = | ഫിലൊസൊഫുമെന |
| *ACW* | = | Ancient Christian Writers |
| *ANF* | = | Ante Nicene Fathers |
| *BO* | = | Bibliotheca Orientalis, 3 vols. J.S. Assemani, Rome, 1718-1728. |
| *CSCO* | = | Corpus Scriptorum Christianorum Orientalium, Louvain. |
| *FC* | = | Fathers of the Church |
| *PG* | = | Patrologia Graeca |
| *PL* | = | Patrologia Latina |

## സഹായകഗ്രന്ഥങ്ങൾ

A.d'Ales, *La Theologie de Tertullien*, Paris, 1974.

Audet,J.P., *La Didache.Instruction des Apotres*, Paris, 1958.

Barnard , L.W., *Studies in the Apostolic Fathers and their Background*, Oxford, 1966.

Barnes,T.D.,*Tertullian- A Historical and Literary Study*, Oxford, 1971.

Charlesworth, J.H.,ed. *The Old Testament Pseudepigrapha*, I: Apocalyptic Literature and Testaments, London, 1983.

Cross, F.L. - Livingstone, E.A., *The Oxford Dictionary of the Christian Church*, London, 1974.

Fremantle, A., *A Treasury of Early Christianity*, New York,1953.

Guillaumont, A.et alii, *The Gospel according to Thomas*, Leiden, 1976.

Howard,G.(tr.), *The Teaching of Addai*,Chico,1981.


*www.malankaralibrary.com*

James,M.R., *The Apocryphal New Testament*, Oxford,1924.

Jurgens, W.A., *The Faith of the Early Fathers*, Vol.1. Collegeville, Minnesota, 1970.

Kelly, J.N.D., *The Early Christian Creeds*, London, 1972.

Metzger,B.M., *The Early Versions of the New Testament*, Oxford, 1977.

Osiek,C., *Rich and Poor in the Shepherd of Hermas*, Washington D.C. 1983.

Quasten, J., *Patrology, I, II*, Utrect - Antwerp, 1950, 1953.

Schoedel,W.R., *Ignatius of Antioch*, Philadelphia,1985.

Voobus,A., *Liturgical Traditions in the Didache*, Stockholm,1968.

Voobus, A., *The Synodicon of the West Syrian Tradition*,I, Louvain 1975(CSCO 368/Syr.162).

ചേടിയത്ത്, ജി., *അപ്പസ്തോലിക പിതാക്കന്മാർ*, കോട്ടയം, 1996.

ചേടിയത്ത്, ജി., *ആദിമസഭാപിതാക്കന്മാർ*, കോട്ടയം,1993.

ചേടിയത്ത്, ജി., *എവുസേബിയസ്-തിരുസഭാചരിത്രം*, കോട്ടയം, 1998.

ചേടിയത്ത്, ജി., *ഒരിജൻ-ഉത്തമഗീതഭാഷ്യം*, കോട്ടയം, 1986.

ചേടിയത്ത്, ജി., *ഒരിജൻ-ലൂക്കാഭാഷ്യം*, തിരുവനന്തപുരം, 2005.

ചേടിയത്ത്, ജി., *ഐറേനിയസ്-അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്*, കോട്ടയം, 2003.

ചേടിയത്ത്, ജി., *ഡിഡസ്കാലിയ*, കോട്ടയം, 1987.

ചേടിയത്ത്, ജി., *പട്രിസ്റ്റിക് ക്വിസ്*, കോട്ടയം, 2001.

ചേടിയത്ത്, ജി., *പ്രാചീന സന്യാസനിയമങ്ങൾ*, കോട്ടയം, 2006.

ചേടിയത്ത്, ജി., *പ്രാർഥന സഭയിൽ*, കോട്ടയം, 1993.

ചേടിയത്ത്, ജി., *മാർ അപ്രേം-സുവിശേഷഭാഷ്യം*, കോട്ടയം, 2002.

ചേടിയത്ത്, ജി., *മാർ തോമായുടെ നടപടികൾ*, കോട്ടയം, 1998.

ചേടിയത്ത്, ജി., *യോഹന്നാന്റെ സുവിശേഷം-ഒരിജന്റെ ഭാഷ്യം,* തിരുവനന്തപുരം, 2005.

ചേടിയത്ത്, ജി., *ലത്തീൻ സഭാപിതാക്കന്മാർ*, കോട്ടയം, 1992.

ചേടിയത്ത്, ജി., *സഭാപിതാക്കന്മാർ, വാല്യം-3*, കോട്ടയം, 2000.

ചേടിയത്ത്, ജി., *ഹെർമാസിന്റെ ഇടയൻ*, കോട്ടയം, 1992.

# General Index

Abercius 106 - 108
Abgar Ukkama 148
Acts of Martyrs 110-113
Agripa Castor 159
Alexander of Alexandria 68
Alexander of Jerusalem 254
Allegorical Interpretation189.242.257
Ambrose friend of Origen 258.262
Ambrose, St. 14ff.167
Ammonius 271
Ammonius Saccas 254
Anacletus Papa 149.166
Andriessen, P. 65.117
Anicetus Papa 146
Antonianus 226
Antoninus Pius 129
Apocatastasis 267
Apocryphal Literature 79-100
Apollinaris (Hierapolis) 123.158
Apollonius 112.210
Apologists 114-127
Apostolic Fathers 30-55
Appelles 152
Appion 159
Aprem St. 122.148
Aquarii 153
Aquila Jew 256
Aristides of Athens 48.64.281
Aristion 54
Aristo of Pella 119
Arnobius 233-235
Athanagoras of Athens 123
Athanasios St. 14ff.60
Augustine St. 14ff.167
Augustus Emperor 67
Baptism 24.37.135.220.230.250.266
Bardaisan 148
Barnabas 56.86
Basilides 145
Basilides of Pentapolis 274
Boisonade 106
Cainites 153
Calderon 105
Callixtus Papa 163.177.185
Candidus 159
Caracalla Emperor 148.254
Carpocrates 149
Catholic Church 43
Cecilius 175.216
Celsus 115.119.258
Cerdon 150
Certificati 218
Charlemagne 173
Cherinthus 88.154
Christology 183.265
Clement of Alexandria 243
Clement of Rome 32ff.
Commodus Emperor 112.123
Connolly, R.H. 64
Constantine Emperor 105.235
Cornelius Papa 163.186.224.230
Cotelier J.B. 30
Cyprian 216-232.294
Dante 96
Decius Emperor 237
Demetrian heretic 222
Demetrius of Alexandria 163.271
Demiurge 151.156
Diakonoi 26.35
Diatessaron 121
Didache 23-29
Diocletian Emperor 237
Diognetus 64-66
Dionysius of Alexandria 203.271
Dionysius of Corinth 152.164
Dionysius of Rome 163.272
Docetists 42.43.153.165
Donatus 219
Dositheus 144
Easter Controversy 50.68.70.160
Ecclesiology 27.75.184.214.227.249.266
Eleutherios Papa 70.160
Encratites 153
Epiphanes 149
Epiphanius 86ff.
Episcopoi 35

Eschatology 28.78.142.239.267
Eucharist 24.76.135.232.251
Eugenicos 167
Eusebius 14ff
Evodios 40
Fabian Papa 163.230
Fabius of Antioch 274
Felicissimus 225
Felicitas 112
Felix Papa 163
Firmilian 224.280
Florinus 69
Florinus Gnostic 147
Fortunatus 224.230
Fronto 115
Gaius 162
Galerius 298
Gelasian Decree 84.87
Gnosticism 70ff.114ff.
Gregory of Elvira 180
Gregory of Tours 70
Gregory Naziansen 14
Gregory Thaumturgos 253.277
Gundaphar 92
Hadrian Emperor 117.118.130.154
Haggada 36
Halaka 36
Harmonius Gnostic 148
Hegesippus 165
Heraclas 254.255.271.281
Heracleon Gnostic 147
Heraclides 260
Hermas 60-64.217.284.286
Hermias 127
Hermogenes Gnostic 201
Hesichius 275
Hexapla 256
Higinus Papa 146.150
Hippolytus 146.170.177-186
Homiletic Haggada 36
Hypostasis 266
Ichtus 105.108
Ignatius of Antioch 40-49
Irenaeus 69-78
Isidore Gnostic 146
Jason 119
Jerome St.14ff.
John Chrysostom St. 14ff.
John(Elder) 54
Judaeo-Christian 29.59.63
Julia Mamea 254
Julius Africanus 281
Julius Cassian 153
Justine 111.128-142.289
Kathaphrygians 162.286
Katharoi 186
Lactantius 235ff.
Leonidas 253
Leukios Karinos 92
Lucian of Samosata 115
Lucius Papa 163
Lucius Verus Emperor 112
Maranata 29
Marcion 150ff.201
Marcus Aurelius 67.111.112.123
Mariology 134.213.266
Markus Gnostic 149
Maximilla 157.210
Maximin Dia Emperor 237.263
Melitian Schism 275
Melitius of Lycopolis 275
Melito 67.247
Menander 144
Michael Angelo 105
Millenarism 53-55.57.80.142.148.239
Milthiades 122
Minucius Felix 175f.
Modalism 190.203
Montanism 143.157-162
Montanus 157.210
Muratori L.A. 283
Muratorian Fragment 60.283
Musanus 159
Naag Hammadi 155
Nepos 272
Nero 162.237
Novatian 186-191.217.224.231.273
Novatus 217.231
Octavius 175
Origen 253-270
Pamphilus 257.281
Pantaenus 241
Papias 53-55
Papiscus 119

www.malankaralibrary.com

Patripassionism 188
Paula 256
Pectorius 108-109
Perennis Prefect 112
Perpetua 112
Peter of Alexandria 275
Philip 54
Philip Apostle 86
Philip of Gortyna 152.159.164
Philo 58.241
Philotheos Bryennios 23
Phoenix 35.237
Photinus of Lyons 70.111
Photius 65
Physis 266
Pierius 274
Pinitus of Gnosus 164
Pirminius St. 172
Pitra J.P. 108
Pius Papa 144
Plato 204.242
Polycarp of Smyrna 49-53
Polycrates 67.160
Pomponius 225
Pontian Papa 163.177
Pontius 164
Praxeas 203
Presbyteroi 35
Priatus 163
Primus 165.166
Prisca (Prishilla) 157.210
Proclus 68
Proclus Montanist 162
Prophets 26
Pseudo-Clementines 39
Ptolemy 147
Pythagoras 204.242
Quadratus 65.117
Quintilla 202
Rabbula 121
Raphael 105
Recapitulation 74.75.154
Rendel Harris 118
Robinson J.A. 118
Rodon 152.158.159
Roman Church 45-47.75.228
Rufinus 167
Rusticus 111.129
Sabellius 162
Sacrificati 218
Saturninus 111.154
Scapula 199
Seneca 100
Septimius Severus 164
Serapion of Antioch 164
Sextus 105
Sibyl 103.287
Simon Magus 90.144
Sixtus Papa 159.163
Socrates 186ff.
Soter Papa 160
Soteriology 78.184
Stephen Papa 163.224
Subordinationism 183.191
Susanna 179
Symmachus Jew 256
Syneisaktoi 39.225
Tatian 119-122
Tatiana 262
Tertullian 192-215
Theanthropos 205.266
Theoctitus of Caesarea 254
Theodotian Jew 279.253
Theodotus Gnostic 149.246
Theognostos 274
Theophilos of Antioch 126
Thomas Aquinas 105
Thusia 26.141
Trajan 40
Trias 73.127
Trinitas 212
Trinity 73.212.264
Trypho 131
Turificati 218
Urban Papa 177
Urbicus 130
Valentinus Gnostic 146ff.
Valerian Emperor 237
Victor Papa 67.70.160
Zepharinus Papa158.160


www.malankaralibrary.com

## OIRSI PUBLICATIONS - RECENT BOOKS

| | | |
|---|---|---|
| 273. | Dr. Paul Pallath, | Important Roman Documents, 2003, p. 280, Rs. 100.00 |
| 274. | Dr. G. Chediath, | വി.അഗസ്റ്റിൻ, ക്രിസ്മസ്-ദനഹാപ്രസംഗങ്ങൾ 2004, p.160, Rs. 35.00 |
| 275. | Dr. G. Chediath, | വി.ജോൺ ഡമീഷൻ, സത്യവിശ്വാസം, 2004, p.200, Rs.50.00 |
| 276. | Dr. G. Chediath, | വി.ജോൺ ക്രിസൊസ്തോം, മതാധ്യാപനപ്രസംഗങ്ങൾ, 2004, p. 200, Rs.50.00 |
| 277. | Dr. G. Chediath, | ഐറേനിയസ് - അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്, 2004, p. 78, Rs.20.00 |
| 278. | Dr. Geo thadikkatt, | Liturgical Identity of the Mar Thoma Nazrani Church , 2004, p.400, Rs. 200.00 |
| 279. | Dr. James Puliurumbil, | പണ്ടാരി ശീശ്മ, 2004, p.240, Rs.115.00 |
| 280. | Mar Abraham Mattam, | The Church of St. Thomas Christians' Missionary Enterprises before the 16th Century, 2004, p.98, Rs.35.00. |
| 281. | Dr. Charles Payngott, | നിധീരിയച്ചൻ ചരിത്രരേഖകളിൽ, 2004, p.160, Rs.80.00 |
| 282. | Dr. T. Mannooramparambil, | സീറോ-മലബാർ സഭയുടെ കുർബാന ഒരു പഠനം വാല്യം 1. 2004², p.514, Rs. 200.00 |
| 283. | Dr. T. Mannooramparambil, | Theological Dimensions of Christian Orient, 2005, p.256, Rs. 175.00 |
| 284. | Dr. Scaria Kanniyakonil, | Living Organ Donation and Transplantation: A Medical, Legal, and Moral Theological Appraisal, 2005, p. 408, Rs. 250.00 |
| 285. | Dr. Paul Pallath | The Provincial Councils of Goa and the Church of St.Thomas Christians, 2006, p. 206, Rs. 100.00 |
| 286. | Sr. Tez Maria, | The Holy Qurbana; The Divine Human Encounter, 2006, p. 418, Rs. 395.00 |
| 288. | Dr. G. Chediath | പട്രോളജി - വാല്യം 1, 2006. |
| 289. | Dr. G. Chediath | പട്രോളജി - വാല്യം 2, 2006. |
| 290. | Dr. G. Chediath | ജോൺ ക്രിസൊസ്തോം: ക്രിസ്തുശാസ്ത്രം, ബാബിലാസിന്റെ ചരിത്രം, 2006 p.124, Rs. 40.00 |

Manager, OIRSI Publication, P.B. No.1
Vadavathoor, Kottayam - 686 010